സുറിയാനി ഓർത്തഡോക്സ് സഭയുടെ
വിശുദ്ധ വിശ്വാസപ്രമാണം

ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ

FRIENDS OF ANTIOCH
FAITH STUDY SERVICE

ܒܝܬ ܡܪܕܘܬܐ

ܕܡܠܦܢܐ ܓܘܪܓܝܣ ܒܪ ܐܢܛܘܢ ܕܒܝܬ ܟܝܪܐܙ

Ex Libris

Beth Mardutho Library

The Malphono George Anton Kiraz Collection

ܟܠ ܐܢܫ ܕܫܐܠ ܠܗ ܠܟܬܒܐ ܗܢܐ ܡܢ ܒܝܬ ܐܪ̈ܒܐ
ܐܘ ܦܣܩ ܡܢܗ ܡܕܡ ܢܗܘܐ ܡܫܬܐܠ ܩܕܡ ܒܝܡ̈ܐ
ܕܕܝܢܐ ܡܢ ܒܢ̈ܝ ܡܠܟܘܬܐ ܘܫܡܝܐ ܕܢܫܡܗ ܢܦܠ ܐܘ
ܟܠ ܠܗ ܫܒܪܐ ܟܠ ܕܫܡܗ ܢܗܘܐ ܠܗ ܫܒܪܐ ܟܠ
ܒܚܘ̈ܒܘܗܝ ܕܒܪܐ ܕܢܗܦܘܟ ܠܗ ܠܕܘܟܬܗ܀

Anyone who asks for this volume, to read, collate, or copy from it, and who appropriates it to himself or herself, or cuts anything out of it, should realize that (s)he will have to give answer before God's awesome tribunal as if (s)he had robbed a sanctuary. Let such a person be held anathema and receive no forgiveness until the book is returned. So be it, Amen! And anyone who removes these anathemas, digitally or otherwise, shall himself receive them in double.

Religion: Theology
Beth Mardutho Library

ി ഓർത്തഡോക്സ് സഭയുടെ
ാ വിശ്വാസപ്രമാണം

ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ
കണിയാമ്പറമ്പിൽ

പ്രസാധകർ
ഫ്രണ്ട്സ് ഓഫ് ആന്റ്യോക്

വിതരണം
മോർ ആദായി സ്റ്റഡി സെന്റർ
ചീരംചിറ, ചങ്ങനാശ്ശേരി 686 106

Syrian Orthodox Sabhayude
Viswasa Pramanam (Malayalam)
Author: **V.Rev. Dr. Kurian Archcorepiscopa** (Malankara Malpan)
First published by the Author (2006)
Second Edition by **Friends of Antioch** (2017)
Distribution: **Mor Adai Study Centre,**
Cheeranchira, Changanassery,
Kerala, 686 106 India
Tel. +944 620 3002
email: moolelachen@yahoo.com
Website: moradaistudycenter.org
Printed in India at : Print Solutions, Kottayam.
printsolutionsktm@gmail.com
Price: ₹ **50.00** (Subsidised)
Cover: Hagia Sophia Church (Synod Church), Istambul

ഉള്ളടക്കം

പ്രവേശിക

മോർ ആദായി സ്റ്റഡി സെന്റർ

ആമുഖം

വിശ്വാസപ്രമാണം

1. പ്രാരംഭ ചിന്തകൾ 15
2. ദൈവം 18
3. ദൈവവും ദൈവാരാധനയും 27
4. വിശ്വാസികളുടെ ചുമതലകൾ 33
5. നാലാം നൂറ്റാണ്ടിനു മുമ്പുണ്ടായ ചില വേദവിപരീതികൾ 38
6. വിശുദ്ധ ത്രിത്വം 42
7. ദൈവം പിതാവ് 53
8. ദൈവത്തിന്റെ ഏക പുത്രൻ 56
9. മറിയാമിന്റെ ജനനത്തിന്റെ സുവിശേഷം 70
10. മനുഷ്യാവതാരത്തിലെ സുപ്രധാന സംഭവങ്ങൾ 116
11. പരിശുദ്ധാത്മാവ് 136
12. വിശുദ്ധ സഭ 140
13. വിശുദ്ധ മാമൂദീസാ 168
14. മരിച്ചവരുടെ ഉയിർപ്പ് 189
15. വരുവാനുള്ള ലോകത്തിലെ പുതിയ ജീവൻ 207

പ്രവേശിക

ദിവംഗതനായ വന്ദ്യ കണിയാംപറമ്പിൽ ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ പ്രസിദ്ധീകരിച്ച സുറിയാനി സഭയുടെ 'വിശുദ്ധ വിശ്വാസപ്രമാണ പഠനം' എന്ന കൃതിയുടെ കോപ്പികൾ ലഭ്യമല്ലാതായിട്ട് കുറേ നാളുകളായി. സഭാ വിശ്വാസ പഠിതാക്കൾക്ക് ഈ പുസ്തകം ലഭ്യമാക്കുക എന്ന സദുദ്ദേശ്യത്തോടുകൂടി ഫ്രണ്ട്സ് ഓഫ് ആന്റിയോക് എന്ന സംഘടന മോർ ആദായി സ്റ്റഡി സെന്ററുമായി സഹകരിച്ച് വീണ്ടും ഇതു പ്രസിദ്ധീകരിക്കുകയാണ്. നാമമാത്രമായ വില മാത്രം നിശ്ചയിച്ചിരിക്കുന്നത് ഏവർക്കും ഈ പുസ്തകം ലഭ്യമാക്കുന്നതിനുവേണ്ടിയാണ്. ഇക്കാര്യത്തിൽ ഫ്രണ്ട്സ് ഓഫ് ആന്റിയോക് എന്ന സംഘടനയുടെ ഉദാരമായ സമീപനം പ്രശംസാർഹമാണ്. ദൈവം അനുഗ്രഹിക്കട്ടെ.

ഓർത്തഡോക്സ് (സത്യവിശ്വാസ) വിശ്വാസത്തിന്റെ അടിത്തറ വിശ്വാസപ്രമാണമാണ്. അത് ദൈനംദിനം ഉരുവിട്ടു പ്രാർത്ഥിക്കുന്നതുകൊണ്ട് യാന്ത്രികത കുറേയൊക്കെ ബാധിച്ചിട്ടുണ്ട്. ആഴമായി പഠിക്കുകയും വിചിന്തന ധ്യാനം നടത്തുകയും ചെയ്യുവാൻ സഭാംഗങ്ങളെ പ്രേരിപ്പിക്കുവാൻ സഭ ഉത്സാഹിക്കേണ്ടതുണ്ട്. വിശ്വാസ പ്രമാണത്തിലെ ഓരോ അക്ഷരവും മാറ്റിച്ചേർക്കുവാൻ സാധ്യമല്ലാത്തവിധം ദൈവാശ്രയത്തിൽ പരിശുദ്ധ പിതാക്കന്മാർ ക്രോഡീകരിച്ചിരിക്കുന്നു. പുതിയനിയമ ഗ്രന്ഥങ്ങൾ ക്രോഡീകരിക്കുന്ന കാലത്തിനു മുമ്പുതന്നെ (325-ൽ) വിശ്വാസപ്രമാണം ക്രോഡീകരിച്ചിരുന്നു. സഭയുടെ എല്ലാ വിശ്വാസ സംഹിതകളുടെയും ഉരകല്ല് വിശ്വാസപ്രമാണമാണ്.

ഈ പശ്ചാത്തലത്തിലാണ് ഈ കൃതിയുടെ ലഭ്യത ഉറപ്പാക്കുവാൻ മുൻകൈ എടുക്കുന്നത്. വന്ദ്യ ആർച്ച്കോർഎപ്പിസ്കോപ്പായുടെ അവസാന കൃതികളിൽ ഒന്നാണിത്. വന്ദ്യ ആർച്ച്കോർഎപ്പിസ്കോപ്പായുടെ പാവന സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വന്ദ്യ ചിറപ്പുറത്ത് ജീസസ് കോർഎപ്പിസ്കോപ്പാ പ്രഗത്ഭനായ പ്രസംഗകനും വിശ്വാസ പ്രചാരകനും ആരാധനാ സൗകുമാര്യത്തിനുടമയും സഭയുടെ എക്കാറാ വിദഗ്ധനും ആയിരുന്നു. വിശ്വാസ പഠന ക്ലാസുകൾക്കു ശ്രേഷ്ഠ നേതൃത്വം നൽകിയിട്ടുള്ള പണ്ഡിതനുമാണ്. വന്ദ്യ ജീസസ് കോർഎപ്പിസ്കോപ്പായുടെ അനുഗ്രഹീത സ്മരണയ്ക്കായി ഈ കൃതി സമർപ്പിക്കുന്നു.

സഭാ വിശ്വാസ മഹത്വത്തിനായി ഈ പരിശ്രമം പ്രയോജനപ്പെടട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ മൂലയിൽ

ചീരംചിറ

എട്ടുനോമ്പ് 2017

മോർ ആദായി സ്റ്റഡി സെന്റർ

സിറിയൻ ഓർത്തഡോക്സ് സഭാവിജ്ഞാനീയപഠനങ്ങൾക്കും പ്രചാരണങ്ങൾക്കും മുഖ്യലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ചിരിക്കുന്ന ഒരു സ്വമേധയാ സംഘമാണ് ഈ പഠനകേന്ദ്രം. 2001 ജനുവരിയിൽ സത്യവിശ്വാസ പഠനങ്ങൾ എന്ന കൃതിയോടുകൂടി ആരംഭം കുറിച്ച ഈ പ്രസ്ഥാനം ആത്മസംതൃപ്തി നൽകുന്ന അനേകം കൃതികൾ പ്രസിദ്ധീകരിക്കുകയുണ്ടായി. എളിയ രീതിയിൽ ഈ സഭാ സേവനം തുടരുവാൻ ആത്മാർത്ഥമായി സഹകരിച്ച്, ഡയറക്ടർ ബോർഡ് അംഗത്വം സൗമനസ്യത്തോടെ സ്വീകരിച്ച് സഹായിച്ച മാന്യസഹകാരികൾക്കും ബുക്ക് ക്ലബ്ബ് അംഗത്വം സ്വീകരിച്ച സഹൃദയർക്കും സർവോപരി ആയുസ്സും ആരോഗ്യവും നല്കി അനുഗ്രഹിക്കുന്ന ദൈവകൃപയ്ക്കും നന്ദിയും കൃതജ്ഞതയും അർപ്പിക്കുന്നു.

ഡയറക്ടർ ബോർഡ് അംഗത്വം

ഈ പഠനകേന്ദ്രത്തിന്റെ ഡയറക്ടർ ബോർഡ് അംഗത്വം അധികാരങ്ങളോ അവകാശങ്ങളോ ഭരണച്ചുമതലയോ അധികമായുള്ള ഒരാകർഷണ സ്ഥാനം എന്നതിനെക്കാൾ ഈ പ്രസ്ഥാനത്തോടുള്ള കൂറും സഹകരണവും എന്ന നിലയിലാണ് എല്ലാവരും സമീപിച്ചിട്ടുള്ളത്. ഇവരുടെ ആത്മാർത്ഥമായ സഹകരണം ഇല്ലാതെ ഈ പ്രസ്ഥാനം മുന്നോട്ടുപോവുകതന്നെ അസാധ്യമാണ്. വ്യക്തമായ ദിശാബോധം നൽകി ഞങ്ങളെ നയിക്കുവാനും പുതിയ പ്രവർത്തനമേഖല വികസിപ്പിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കുവാനും കൂടുതൽ വ്യക്തികൾ പതിനായിരം രൂപയിൽ കുറയാത്ത സംഭാവന നൽകി ഈ രംഗത്ത് മുന്നോട്ടുവരും എന്ന് പ്രത്യാശിക്കുന്നു. ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് പഠനകേന്ദ്രം വക എല്ലാ കൃതികളും സൗജന്യമായി ലഭിക്കുന്നതാണ്. തപാൽ ചെലവ് സ്വയം വഹിക്കേണ്ടതാണ്.

ബുക്ക് ക്ലബ്ബ് പ്രീമിയർ അംഗത്വം

പഠനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന എല്ലാ കൃതികളും തികച്ചും സൗജന്യമായി ലഭിക്കുന്ന ഈ വിശിഷ്ടാംഗത്വം സ്വീകരിക്കുന്ന അംഗങ്ങൾക്ക് ലോകത്തെവിടെയും സെന്റർ പ്രസിദ്ധീകരണങ്ങൾ എത്തിച്ചുകൊടുക്കുന്നതാണ്. 5,000 രൂപാ അടച്ച് അംഗത്വം എടുക്കാവുന്നതാണ്. തപാൽ ചെലവ് സ്വയം വഹിക്കേണ്ടതാണ്.

Board of Directors

H.H. Ignatius Aphrem II Patriarch of Antioch and all the East

H.B. Basalius Thomas I Catholicose

H.G. Mor Gregoriose Joseph

H.G. Mor Theethose Yeldho

H.G. Mor Aprem Mathew

H.G. Dr. Mor Coorilose Geevarghese

H.G. Zachariah Mor Polycarpos

V. Rev. Dr. Abraham Thomas Corepiscopa Vazhayil

V. Rev. Mathews Corepiscopa Edathara, Augusta

V. Rev. Mathews Corepiscopa Kavumkal, Velloor

V. Rev. Sabu T. Chorattil Corepiscopa, Los Angeles

V. Rev. Varkey Mundackal Corepiscopa, New York

Rev. Fr. Dr. Biji Chirathilattu, England

Rev. Fr. Eldose Chirangara

Rev. Prof. Joseph Kulathramannil

Rev. Fr. Martin Babu Vadakkedath, Houston

Rev. Fr. Mathew Varghese, Karuthalackal, Chicago
Rev. Fr. Shyjan Maruthala, Wynad
Rev. Dr. Varghese P. Manikkatt, MaryLand
Rev. Dn. Anup Kuruvilla, Boston
Rev. Dn. Moncy Jacob, Boston
Rev. Dn. T.S. Varghese, Houston
Mr. Abraham Eapen, Mineapolis
Comdr. Dr. E.C. Abraham Edathara, Arkansas
Chev. Babu Jacob, New York
Chev. Babu Mathew, Muscat
Mr. Biju K. Mathew Puthupally, New Jersey
Mr. Biju Cherian Parochalil, New York
Chev. Cherian Venkadath, Chicago
Chev. K.J. Daniel, Doha
Dr. Jacob Mathew Pullolickal, Ohio
Chev. C.K. Joy, New Jersey
Mr. George Varghese, Malaysia
Mr. Jacob Varghese, Mannakuzhiyil, Thadiyoor
Comdr. T. John, Ex. Minister, Bangalore
Mr. Jose Jacob, Chicago
Dr. Kurian Mani, Los Angeles
Mr. M.A. Kuriakose, Bahrain
Dr. Leena George, Kuwait
Chev. Dr. Mathews Abraham, Sharjah
Mr. Mathews Mancha, New Jersey
Dr. Mathew Varghese, Mary Land
Mr. Mathew Ninan, Tampa
Mr. Ninan T. Varghese, Philadelphia
Comdr. Philip Jacob, Houston
Mr. Paul P. John, Tampa
Mr. Paul Philipose, Dallas
Mr. Perumanoo I. Mathew, New Jersey
Mr. Raju Varghese, Canada
Comdr. Dr. Roy P. Thomas, Chicago
Mr. Sabu Jacob Pukadiyil, Philadelphia
Mr. Shaji Peter, South Carolina
Mr. Shibin Philipose
Mr. Shinu Jesus Abraham, Kuwait
Mr. Suresh Ittoop Pukadiyil, Saudi Arabia
Mr. Thomas Chandy, Houston
Mr. & Mrs. Thomas George, Kelachandra
Dr. Thomas Joseph, Los Angeles
Mr. Vinod Abraham, Chicago
Comdr. Varghese Chamathil, Dallas
Chev. Varghese Parambath, Philadelphia
Mr. Varghese K. Paruthuvayalil, New York
Malphono d' Mardutho Dr. Kuriakose Corepiscopa Moolayil (Executive Director)

പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങൾ

1. *സത്യവിശ്വാസപാഠങ്ങൾ* ₹ 100.00
   - ഡോ. ഗീവർഗീസ് മോർ കൂറിലോസ് &
   - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
2. *വിധി നടത്തൽ ഹർജി - വിധിയും വിശകലനവും**
   - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
3. *കാഴ്ചപ്പാടുകൾ - സഭയും സമൂഹവും**
   - ഡോ.ഗീവർഗീസ് മോർ കൂറിലോസ്
4. *മലങ്കരസഭയുടെ കാൽനൂറ്റാണ്ട്**** ₹ 350.00
   - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
5. *The Indian Church of St. Thomas**** - E.M.Philip ₹ 500.00
6. *Four Historic Documents**
   - Dr. Kuriakose Corepiscopa Moolayil (Editor)
7. *The Eucharist Service of the Jacobite Syrian Christians* ₹ 250.00
   - Dr. Poulose Mor Athanasius Metropolitan Kadavil
8. *The Book of Common Prayers for Ordinary, Great Lent and Holy Week Days* ₹ 50.00
   - Dr. Kuriakose Corepiscopa Moolayil (Editor) 8A. *Malayalam Version* ₹ 35.00
9. *Morning Prayers for Sundays (Sleeba)** (English Translation in Syriac Tunes)
   - Dr. Kurian Archcorepiscopa Kaniamparampil
10. *സുറിയാനിസഭാ ചരിത്രം* ₹ 350.00
    - ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്
11. *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം**** ₹ 200.00
    - പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ
12. *പൂർവിക പിതാക്കന്മാരും പൊതുസുന്നഹദോസുകളും* ₹ 200.00
    - പുതുശേരി യൗസേഫ് ശെമ്മാശൻ
13. *A Guide to the Altar Assistants* ₹ 75.00
    - Dr. Kuriakose Corepiscopa Moolayil
14. *The Syrian Orthodox Church:Its Religion and Philosophy* ₹ 200.00
    - Dr. Paulose Mor Athanasius Metropolitan Kadavil
15. *പൗരസ്ത്യ കാതോലിക്കാസ്ഥാപനത്തിന്റെ യഥാർത്ഥനില**
    - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ (എഡിറ്റർ)
16. *ജീവന്റെ അപ്പം**** (വി.കുർബാനാ വ്യാഖ്യാനം) ₹ 100.00
    - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
17. *മതോപദേശപാലനങ്ങൾ**
    - ഇ.എം.ഫിലിപ്പ്
18 *Quintessence of Religious Doctrines**
    - Vattasseril Geevarghese Mor Dionasius ; Prof. O.M. Mathew (Editor)
19. *വിശുദ്ധ ഗ്രന്ഥവായനക്കുറിപ്പ് ****
    - ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
20. *മതോപദേശസാരങ്ങൾ* ₹ 60.00
    - വട്ടശ്ശേരിൽ ഗീവർഗീസ് മോർ ദീവന്നാസ്യോസ്
21. *Trilingual Eucharist Service Book of the Syrian Orthodox Church **
    - Dr. Kuriakose Corepiscopa Moolayil (Editor)

22. *ജീവജലം** ₹ 200.00
- മോർ ക്രിസോസ്റ്റമോസ് മോശ സലാമ
23. *ഭാഗ്യനിക്ഷേപം** ₹ 75.00
- മോർ ക്രിസോസ്റ്റമോസ് മോശ സലാമ
24. *മഹാപരിശുദ്ധനായ മഞ്ഞിനിക്കര ബാവാ* ₹ 150.00
- ഡോ.കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
25. *വിശുദ്ധനാട് സന്ദർശനങ്ങൾ* ₹ 350.00
- ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
26. *പൗരസ്ത്യ സന്യാസപിതാക്കന്മാരുടെ മൊഴിമുത്തുകൾ**
- ഫാ. ഡോ. സ്റ്റീഫൻ പ്ലാത്തോട്ടം
27. *ചിതറിയ മുത്തുകൾ : സുറിയാനി ഭാഷാ-സാഹിത്യപഠനങ്ങൾ* ₹ 500.00
- പ.ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ്
- ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ *(പരിഭാഷ)*
28. *ഇന്ത്യയിലെ സുറിയാനി സഭാചരിത്രം**** ₹ 300.00
- പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ്
- ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ *(പരിഭാഷ)*
29. *വി. കുർബാന തക്സ (19 ക്രമങ്ങൾ)***
30. ***The Blessed Virgin Mary*** - Sara Knight ₹ 100.00
31. ***The Syrian Orthodox Church of Kerala and The Church Missionary Society*** – Prof. O.M.Mathew ₹ 100.00
32. *വൈദിക ഗൈഡ്* ₹ 100.00
- തകിടിയിൽ യാക്കോബ് കശീശ
33. ***A Collection of Articles by H.H.Ignatius Zakka I*** ₹ 150.00
34. *വിശ്വാസസംരക്ഷകൻ ലേഖനങ്ങൾ* ₹ 100.00
- ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
35. *സമ്പൂർണ്ണ സുറിയാനി ബൈബിൾ (Syriac Peshitta Bible)* ₹ 1500.00
36. *സമുദായക്കേസിലെ സാക്ഷിമൊഴികൾ* ₹ 800.00
- ഡോ. കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ
37. *വി. ലൂക്കോസിന്റെ സുവിശേഷം: വഞ്ചിപ്പാട്ട്* ₹ 100.00
- സി. റ്റി. വർഗീസ്, നീണ്ടൂർശ്ശേരിൽ
38. *വീക്ഷണങ്ങൾ വിചിന്തനങ്ങൾ* ₹ 100.00
- റവ. പ്രൊഫ. ജോസഫ് കുളത്രാമണ്ണിൽ
39. ***The Syrian Christians in India*** – Dr. Claudius Buchanan and ***Were the Syrian Christians Nestorians?*** – Archbishop Mor Ivanios ₹ 200.00
40. *പരിശുദ്ധാത്മാവ്: സുറിയാനി മാമോദീസാ ക്രമങ്ങളിൽ* ₹ 250.00
- ഡോ. സെബാസ്റ്റ്യൻ ബ്രോക് ഓക്സ്ഫോഡ്
- ജേക്കബ് വർഗീസ് മാന്നാക്കുഴിയിൽ *(പരിഭാഷ)*
41. *സുറിയാനി ഓർത്തഡോക്സ് സഭയുടെ വിശുദ്ധ വിശ്വാസപ്രമാണം* ₹ 50.00
- ആർച്ച്കോർഎപ്പിസ്കോപ്പാ ഡോ. കുര്യൻ കണിയാമ്പറമ്പിൽ
42. *കുരിശിന്റെ പ്രതീകങ്ങൾ: പൂർവിക സുറിയാനിപിതാക്കന്മാരുടെ രചനകളിൽ* ₹ 50.00
- പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ

* സ്റ്റോക്കില്ല (ആവശ്യക്കാർക്ക് പുസ്തക രൂപത്തിൽ ഫോട്ടോ കോപ്പി എടുത്തുകൊടുക്കുന്നതാണ്.) ** അച്ചടിയിൽ *** ജെ.എസ്.സി. പബ്ലിക്കേഷൻസ്

available online - www.moradaistudycenter.org

പുസ്തകങ്ങൾക്കും ബുക്ക്ക്ലബ് അംഗത്വത്തിനും ബന്ധപ്പെടുക *

ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ
ചീരംചിറ, ചങ്ങനാശ്ശേരി 686 106
Mob: 944 620 3002
email: moolelachen@yahoo.com
w.w.w.moradaistudycenter.org

** സഭയുടെ എല്ലാ പുസ്തകശാലകളിലും കോപ്പികൾ ലഭ്യമാണ്.*

ആമുഖം

സത്യ വിശ്വാസപ്രമാണത്തിന്റെ വിശ്വാസപരവും ചരിത്രപരവും ധ്യാനപരവുമായ വിശദീകരണം സഭാജീവിത പുരോഗമനത്തിന് ആവശ്യമാണ് എന്നുള്ള ചിന്തയാണ് ഈ ഗ്രന്ഥനിർമ്മാണത്തിന് എന്നെ പ്രേരിപ്പിച്ചത്. ക്രിസ്തുവിലുള്ള വിശ്വാസം മാത്രം മതിയാകയില്ല. താൻ ശ്ലീഹന്മാരെ പഠിപ്പിച്ചതും (മത്താ. 28, അ.പ്ര - 1:2) ശ്ലീഹന്മാർ പിൻഗാമികളെ പഠിപ്പിച്ചതും ജനം ആചരിക്കണമെന്ന് നമ്മുടെ കർത്താവ് ആഗ്രഹിച്ചതുമായ വിശ്വാസ സത്യങ്ങളുടെ ക്രോഡീകരണമാണ് ശ്ലൈഹിക പിൻഗാമിത്വമുള്ള വി. പിതാക്കന്മാർ വഴി നമുക്കു ലബ്ധമായിരിക്കുന്നതെന്ന് കാണിക്കൽ മാത്രമാണ് ഈ ഗ്രന്ഥോദ്ദേശ്യം.

94-ാം വയസ്സിലും കൈവിറയൽ കൂടാതെ എന്റെ പരിശുദ്ധസഭയ്ക്കുവേണ്ടിയുള്ള ഈ 71-ാം പുസ്തകം എഴുതുവാൻ ശക്തി നൽകിയ ദൈവത്തിനു മഹത്വം. എന്റെ ഗ്രന്ഥരചനയുടെ ഉദ്ദേശ്യങ്ങൾ: (1) നമ്മുടെ കർത്താവിന്റെ ശരീരമാകുന്ന സഭയുടെ ചരിത്രം, വിശ്വാസം, എന്നിവയും ജനങ്ങളിൽ വിശുദ്ധ ജീവിതാഗ്രഹവും പരിശുദ്ധ അന്ത്യോക്യ സിംഹാസനത്തിന്റെ പ്രാഥമ്യവും ആ സിംഹാസനത്തോടു നമുക്കുള്ള ബന്ധവും കാണിക്കുവാനാണ് ഞാൻ പത്രാധിപരായിരുന്ന നാലഞ്ചു മാസികകളിൽകൂടിയും നൂറു നൂറു ലേഖനങ്ങളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും പരിശ്രമിച്ചിട്ടുള്ളത്. പണത്തിനുവേണ്ടി ഞാനെഴുതിയിട്ടില്ല എന്നത് അവിശ്വസനീയമായി തോന്നിയേക്കാം. എന്നാൽ ദൈവം എനിക്കു തന്ന താലന്ത് തൂവാലയിൽ പൊതിഞ്ഞാൽ ദുഷ്ടദാസാ എന്ന് എന്റെ കർത്താവ് എന്നെ വിളിക്കും. (2) എന്റെ മരണത്തോടുകൂടി ആ താലന്തുകൾ മണ്ണിനടിയിലാകും. ഇതു രണ്ടും സംഭവിക്കാതിരിക്കാൻ മാത്രമാണ് ഞാനെഴുതിയിട്ടുള്ളത്.

ഈ ഗ്രന്ഥം ജനമദ്ധ്യത്തിൽ അവതരിപ്പിക്കുന്ന വിജ്ഞാനം, വിശുദ്ധി, വിനയം, വാഗ്മിത്വം ആദിയായവയുടെ മൂർത്തീകരണമായ അഭിവന്ദ്യ പിതാവ് ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിയോടുള്ള നിഷ്കളങ്ക ഭക്തി കാഴ്ച വെച്ചുകൊള്ളുന്നു.

അനുദിനം എന്നെ അനുഗ്രഹിച്ചു നടത്തുന്ന നമ്മുടെ കർത്താവിന് അനവരതമായ മഹത്വം.

കണിയാമ്പറമ്പിൽ **കുര്യൻ ആർച്ച്കോർഎപ്പിസ്കോപ്പാ**

കാഞ്ഞിരമറ്റം

29-9-2006

വിശ്വാസപ്രമാണം

സർവശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു.)

ദൈവത്തിന്റെ ഏക പുത്രനും സർവലോകങ്ങൾക്കും മുമ്പെ പിതാവിൽനിന്നു ജനിച്ചവനും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യ ദൈവത്തിൽനിന്നുള്ള സത്യ ദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായ പ്രകാരം സ്വർഗ്ഗത്തിൽനിന്നിറങ്ങി,+ വിശുദ്ധ റൂഹായിൽനിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കു വേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടു,+ കഷ്ടതയനുഭവിച്ചു, മരിച്ചു, അടക്കപ്പെട്ടു, തിരുമനസ്സായ പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗത്തിലേക്കു കരേറി+ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടി വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിന് മാമോദീസാ ഒന്നു മാത്രമെയുള്ളു എന്നു ഞങ്ങൾ ഏറ്റുപറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.

ആമീൻ.

ബാറെക്മോർ: സ്തൗമെൻകാലോസ്.

കുറിയേലായിസോൻ.

\+ കുമ്പിടണം (കുരിശ് വരയ്ക്കണം)

1
വിശുദ്ധ സഭയുടെ വിശ്വാസപ്രമാണം

-പ്രാരംഭ ചിന്തകൾ-

ദൈവപുത്രനും നമ്മുടെ രക്ഷകനുമായ യേശുമിശിഹായാൽ സ്ഥാപിതവും (മത്തായി 16:18) അതിന്റെ ഭരണചുമതല വി.പത്രോസിനും (യോഹ.21) വി.കുർബാനാർപ്പണം, വി.മാമോദീസാ (മത്താ. 28), പാപമോചനാധികാരം, പഠിപ്പിക്കുവാനുള്ള അധികാരം ആദിയായവ വി.ശ്ലീഹന്മാർക്ക് നൽകിയതും "എന്റെ സഭ" എന്ന് കർത്താവ് നാമകരണം ചെയ്തതും (മത്താ. 16) കർത്താവിന്റെ ശരീരം മുതലായ അത്യുന്നത വിശേഷണങ്ങളാൽ ശ്ലീഹന്മാർ പ്രകീർത്തിച്ചതും-അപ്പോസ്തല പ്രവൃത്തികൾ എന്ന ഗ്രന്ഥത്തിൽ അതിന്റെ പ്രാരംഭകാല ചരിത്രം ഉല്ലേഖനം ചെയ്തിട്ടുള്ളതും അറിയപ്പെടുന്ന മഹാനഗരങ്ങളായ അന്ത്യോക്യാ, റോമാ, അലക്സാൻഡ്രിയ നഗരങ്ങളിൽ ഭരണ കേന്ദ്രങ്ങൾ ഉണ്ടായിരുന്നതും വിശുദ്ധ ഗ്രന്ഥത്തിലെ അംഗീകൃത പുസ്തകങ്ങൾ ഏവയെല്ലാമെന്ന് അന്തിമമായി നിശ്ചയിച്ചതും വി.പുത്രനും പരിശുദ്ധാത്മാവിനുമെതിരായ വേദവിപരീതങ്ങളെ ഉന്മൂലനം ചെയ്തതും (വിശദമായി പിന്നാലെ) ആയ വി.സഭയ്ക്ക് ഒരു വിശ്വാസ പ്രമാണമുണ്ട്. അത് ശ്ലീഹന്മാരാലും അവരുടെ യഥാർത്ഥ പിൻഗാമികളാലും പരിശുദ്ധാത്മ നടത്തിപ്പുള്ള വി.സുന്നഹദോസുകളാലും നിക്യാ (325), കുസ്തന്തിനോപ്പോലീസ് (381), എഫെസോസ് (431) നിശ്ചിതവും രൂപീകൃതവുമാണ്. പഴയനിയമ സഭയ്ക്ക് പഞ്ചഗ്രന്ഥവും പത്തു കല്പനകളും പ്രമാണങ്ങളുമായിരുന്നതുപോലെ, വ്യത്യാസപ്പെടുത്തുവാൻ ആർക്കും അധികാരമില്ലാതിരുന്നതുപോലെ പുതിയനിയമ സഭയിലെ ആർക്കും വ്യത്യാസം വരുത്തുവാൻ അധികാരമില്ലാത്ത പ്രമാണമാണ് - വിശ്വാസപ്രമാണം.

ഇതിന്റെ പ്രാധാന്യവും പ്രാമാണ്യവും സർവ്വ പുരാതന സഭകളും പൂർണ്ണമായി അംഗീകരിച്ച് എല്ലാ പ്രാർത്ഥനകളിലും കൂദാശകളിലും വി.കുർബാനയിലും എല്ലാ ശുശ്രൂഷകളിലും പ്രാർത്ഥനകളിലും മുടങ്ങാതെ ഉപയോഗിച്ചു വരുന്നു. സഭയുടെ വിശ്വാസ പ്രമാണങ്ങളിൽ കൂട്ടിച്ചേർക്കലൊ കുറയ്ക്കലൊ വരുത്തുവാൻ വ്യക്തിക്കൊ സമൂഹങ്ങൾക്കൊ സഭകൾക്കൊ അധികാരമില്ല എന്നതിൽനിന്നും വിശ്വാസപ്രമാണത്തിന്റെ ആധികാരികത, പ്രാഥമ്യം

പ്രാധാന്യം പ്രസ്പഷ്ടമാകുന്നു. ആധുനിക സമൂഹങ്ങൾക്ക് "എന്റെ സഭ" എന്നു കർത്താവ് നാമകരണം ചെയ്ത സഭയുടെ അംഗത്വം, പിൻതുടർച്ച ഇല്ലായ്കയാൽ അവർ നിർമ്മിക്കുന്ന നിയമങ്ങളാൽ അവർ ഭരിക്കപ്പെടുന്നു. അവയിൽ ഓരോന്നിന്റെയും ഉത്ഭവ ചരിത്രം യഥാസ്ഥാനത്തു കാണിക്കുന്നുണ്ട്. വി.പുത്രന്റെയും വി.റൂഹായുടെയും ദൈവത്വത്തെ പ്രസ്പഷ്ടമാക്കി കാണിച്ചത് വി. സഭയാണ് എന്നവർ വിസ്മരിച്ചുപോകുന്നു.

ദൈവം മനുഷ്യനെ സൃഷ്ടിച്ചു. സൃഷ്ടിയോടൊപ്പംതന്നെ അവൻ അനുവർത്തിക്കേണ്ട പ്രമാണവും നൽകി. മനുഷ്യനു ജീവനും ജോലിയും നൽകിയതോടൊപ്പംതന്നെ ജീവിതത്തിൽ ചെയ്യേണ്ടതും ചെയ്യരുതാത്തവയും ഏവ എന്നുള്ളതാണ് ഒന്നാമത്തെ പ്രമാണം. (ഉൽ.2:17) ആരംഭത്തിൽ സ്രഷ്ടാവാം ദൈവത്തിനു മനുഷ്യനും, മനുഷ്യനു അവന്റെ വികാരങ്ങളും കീഴ്പ്പെട്ടിരുന്ന കാലത്ത് - അവന് ജീവൻ - ഉള്ളവനായിരുന്നു. പ്രമാണലംഘനത്തോടൊപ്പം അതായത്, ദൈവനടത്തിപ്പില്ലാത്തവനായി. ദൈവവുമായി സമ്പർക്കം പുലർത്തിയിരുന്നവൻ ദൈവശബ്ദശ്രവണ മാത്രയിൽ ഒളിച്ചു. ദൈവം നൽകിയ പ്രമാണ ലംഘനത്താൽ അതിന്റെ ദുഷ്ഫലങ്ങൾ അനന്തര തലമുറകളിലേക്കും വ്യാപിച്ചു.

യഹൂദപ്രമാണങ്ങളെ മൂന്നായി തരം തിരിച്ചിരിക്കുന്നു. (1) വേദപരമായ പ്രമാണം. എബ്രായരുടെ അഭിപ്രായപ്രകാരം അതു 10 കല്പനകളാണ്. ഇവയുടെ മഹാത്മ്യം സ്പഷ്ടമാക്കുവാൻ ദൈവം തന്നെ അവയെ കല്പലകകളിൽ എഴുതി. ആദ്യത്തെ നാലെണ്ണം ദൈവവും മനുഷ്യനുമായുള്ളവയും ശേഷിച്ച ആറെണ്ണം മനുഷ്യനും മനുഷ്യനുമായുള്ളവയും ആണ്. അവയെ നമ്മുടെ കർത്താവ് രണ്ടായി സംഗ്രഹിച്ചു. ഇത് അനശ്വരമായ പ്രമാണമാണ്. (2) ആരാധനാപരമായ പ്രമാണം-ദൈവാലയം-പുരോഹിതന്മാർ, യാഗം, വഴിപാട്, ധൂപം, ഉപവാസം, പെരുനാളുകൾ സംബന്ധിച്ചുള്ള പ്രമാണങ്ങൾ. (3) രാഷ്ട്രീയ പ്രമാണം-ഭരണസംബന്ധമായ നിയമങ്ങൾ.

സമൂഹങ്ങൾ രണ്ടുതരമുണ്ട്. (1) CONTRACTUAL (2) ORGANIC ഒന്നാമത്തേതിന്റെ രൂപീകരണം 1) കുറെ വ്യക്തികൾ (Members) ഒരുമിച്ചു കൂടി ചില ഉദ്ദേശ്യങ്ങൾ (aims)മുൻ നിർത്തി ഒരു സംഘടന (society)രൂപീകരിക്കുകയും അതിന് Bye Laws or Articles of Association എഴുതിയുണ്ടാക്കുകയും ചെയ്യുന്നു. (2) ഭാരവാഹികളെ അവർ നിർദ്ദേശിക്കുന്നു. (3) വോട്ടിന്റെ ബലത്തിൽ അവരെ മാറ്റും. (4) ആവശ്യമനുസരിച്ച് നിയമങ്ങൾ മാറ്റാം. അതായത്, വ്യക്തികൾ ആദ്യം, രണ്ടാമത്, അവരാൽ ഉണ്ടാക്കപ്പെട്ട സംഘടന.

ORGANIC സംഘടനയാണ് കുടുംബം. കുടുംബത്തെ നാം ഉണ്ടാക്കുകയൊ മാതാപിതാക്കളെ നിശ്ചയിക്കുകയൊ അല്ല - നാം ആ കുടുംബത്തിൽ ജനിക്കുകയാണ്. സഭ ആദ്യം, അതിന്റെ വ്യക്തി കുടുംബത്തിന്റെ പൂർവ്വിക നിയമങ്ങൾ, പാരമ്പര്യങ്ങൾ പരിരക്ഷിക്കേണ്ടത് നമ്മുടെ ചുമതലായാണ്.

വിശ്വാസപ്രമാണത്തിൽ

1. ഏകദൈവവിശ്വാസം, 2. ത്രിത്വ വിശ്വാസം, 3. പിതാവിനെപ്പറ്റിയുള്ള വിവരണം, 4. പുത്രൻ പിതാവിനോട് സാരാംശത്തിൽ ഒന്നായിരിക്കുന്നവൻ, 5. നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി താൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി, 6. വി.റൂഹായിൽനിന്നും ദൈവമാതാവായ വി. കന്യാമറിയാമിൽനിന്നും ശരീരമെടുത്തു - മനുഷ്യനായി, 7. പൊന്തിയോസ് പീലാത്തോസിന്റെ ഭരണകാലത്തു കഷ്ടതയനുഭവിച്ചു മരിച്ചടക്കപ്പെട്ടു, 8. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു, 9. സ്വർഗ്ഗാരോഹണം, 10. പിതാവിന്റെ വലതുഭാഗത്ത് ഇരുന്നു, 11. ന്യായവിധിക്കുള്ള രണ്ടാം വരവ്, 12. പിതാവിൽനിന്നു പുറപ്പെടുന്ന റൂഹാ, 13. പിതാവിനോടും പുത്രനോടുംകൂടെ വന്ദിതൻ, 14. പ്രവാചകരിലും ശ്ലീഹന്മാരിലും കൂടെ സംസാരിച്ച ജീവനുള്ള വി. റൂഹാ, 15. നാലു സുപ്രധാന വൈശിഷ്ട്യം ഉള്ള ഏകസഭ, 16. മാമോദീസാ ഒന്നു മാത്രം, 17. മരിച്ചവരുടെ ഉയിർപ്പ്, 18. വരുവാനുള്ള ലോകത്തിൽ പുതിയ ജീവൻ എന്നീ സുപ്രധാന വിശ്വാസ സത്യങ്ങൾ അടങ്ങിയിരിക്കുന്നു.

തനിച്ചു പ്രാർത്ഥിക്കുമ്പോഴും "ഞങ്ങൾ" വിശ്വസിക്കുന്നു എന്നു പറയുന്നത് - അതു സഭയുടെ വിശ്വാസപ്രമാണമാണ്. തനിച്ചു പ്രാർത്ഥിക്കുമ്പോഴും, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ് എന്നല്ലാതെ 'എന്റെ പിതാവേ' എന്നു പറയുന്നില്ല. 9-ാം നൂറ്റാണ്ടിൽ റോമൻ കാത്തോലിക്ക സഭ പിതാവിൽനിന്നും എന്നതോടൂകൂടി 'പുത്രനിൽനിന്നും' എന്നു കൂട്ടിച്ചേർത്തു. ഗ്രീക്കു സഭയുമായുള്ള ബന്ധം വിച്ഛേദിക്കുവാൻ ഒരു കാരണം ഈ FILOQUE CLAUSE ആണ്.

2
ദൈവം

1. കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെ സ്രഷ്ടാവായ ജീവനും സത്യവുമുള്ള ദൈവം ഉണ്ട്. (ഉല്പ. 1:1, ഏശാ.44:24, ആവ. 5:7. അവൻ ഏക ദൈവമാകുന്നു (ഏശാ. 43:11, 45:5,6)
2. ദൈവം ആദിയില്ലാത്തവനും (ഏശാ. 41:4, 43:10) അശരീരിയും (യോഹ. 4:24) കാണപ്പെടാത്തവനും (1 തിമ. 6:16) സർവ്വശക്തനും (മത്താ. 19:26, ലൂ. 1:37) സർവ്വജ്ഞാനിയും (സങ്കീ. 146:5) സർവ്വ വ്യാപിയും നന്മയിൽ പൂർണ്ണനും (പുറ. 34:6) നിർണ്ണയാതീതനും (ഇയ്യോ. 11:7) സകലത്തെയും ഭരിക്കുന്നവനും ആകുന്നു.
3. ഈ ദൈവം ആളത്വമുള്ളവനും സർവ്വസൃഷ്ടിയും തന്റേതായുള്ളവനും അവൻ ഈ ലോകത്തിലും എല്ലായിടത്തും വ്യാപരിക്കുന്നവനും ആകുന്നു. താൻ സംരക്ഷിച്ചില്ലെങ്കിൽ ഒന്നിനും ഒരു നിമിഷം പോലും ഈ ലോകത്തിൽ സ്ഥിതി ചെയ്യുവാൻ സാധിക്കുന്നതുമല്ല. ഈ സത്യമായ ഒരു വിശ്വാസത്തിന് Theism എന്നു പറയുന്നു.

ദൈവമാണ് ലോകത്തിന്റെ സ്രഷ്ടാവെങ്കിലും സൃഷ്ടിയെക്കുറിച്ച് പ്രത്യേക കരുതലുള്ളവനൊ അവരുടെ പ്രാർത്ഥന വഴി തന്നെ സമീപിക്കാവുന്നവനൊ അല്ല. (Deism) ഈ ചിന്താഗതി നിരീശ്വരവാദത്തിലേക്കു (Atheism) നയിക്കുന്നു. കാരണം തന്നെ സ്നേഹിക്കുകയൊ തന്റെ പ്രാർത്ഥന കേൾക്കുകയൊ ചെയ്യാത്ത ഒരു ദൈവത്തിൽ തുടർന്നു വിശ്വസിപ്പാൻ മനുഷ്യനു സാദ്ധ്യമാകയില്ല.

മറ്റൊന്നു ബഹുദൈവവിശ്വാസമാണ്. ലോകത്തിലുള്ള സകലത്തിലും സ്ഥിതി ചെയ്തുകൊണ്ട് നിയന്ത്രിക്കുന്ന ഒരു ശക്തിവിശേഷമാണ് ദൈവമെന്നു ചിന്തിക്കുന്നവരുമുണ്ട്.

Deism is a denial of the providence of God. It asserts that after having created the World, God no longer concerned Himself with it. The God of the deists is a disinterested God. Pantheism is basically the doctrine which identifies the World, with God. For the Pantheists the material world has emanated from the divine substance. ദൈവമുണ്ടെന്നുള്ള വിശ്വാസം യുക്തിക്കു ചേരുന്നതാണോ? എന്ന പ്രശ്നം പലരിൽനിന്നും ഉണ്ടാകുന്നുണ്ട്. അതു യൗക്തികംതന്നെയാണ്. ക്രിസ്തുവിൽകൂടിയുള്ള ദൈവത്തിന്റെ വെളിപ്പെടുത്ത

ലുകൾ സത്യമെന്നു നാം വിശ്വസിക്കുന്നു. സഭയുടെയും നമ്മുടെ സ്വന്തവും ആയ അനുഭവങ്ങളിൽനിന്നും നാം അതു ശരിയെന്നു കാണുകയും ചെയ്യുന്നു. 'നസ്രേത്തിൽനിന്നു വല്ല നന്മയും' വരുമോ? എന്നു ചോദിച്ച നഥാനിയേലിനോട് ഫീലിപ്പോസ് യുക്തിവാദം ചെയ്യാതെ 'നീ വന്നു കാണുക' എന്നു പറഞ്ഞതു പോലെ സംശയാലുക്കൾ സഭയിൽ വന്നു വിശ്വാസത്തോടെ കാണട്ടെ. എന്നാൽ യുക്തിയും നമ്മുടെ ഭാഗത്താകയാൽ യൗക്തിക മായി നമ്മുടെ വിശ്വാസം സമർത്ഥിക്കുവാനും നമുക്കു കഴിയും.

1. ദൈവത്തിന്റെ സാർവ്വത്രികത (Universality)

അഥവാ പ്ലേറ്റോ പറയുന്നു Argument from General Consent പരിഷ്കാരവും കോട്ടകൊത്തളവുമൊന്നുമില്ലാത്ത വെറും കിരാത ന്മാരിലും ഏതെങ്കിലും തരത്തിലുള്ള ദൈവവിശ്വാസം കാണപ്പെ ടുന്നു. മനുഷ്യർ വിവിധ ആചാരവിശ്വാസമുള്ളവരാണെങ്കിലും എല്ലാവരും ദൈവമുണ്ട് എന്നുള്ള പ്രമാണത്തെ അംഗീകരിക്കുന്നു. വിദ്യാഭ്യാസവും വിവേകവുമില്ലാത്ത ജനങ്ങൾപോലും വനാന്തരങ്ങ ളിലെ കല്ല്, മണ്ണ്, മരം എന്നിവകൊണ്ട് രൂപങ്ങൾ നിർമ്മിച്ച് ദൈവ മായി ആരാധിക്കുന്നു. ദൈവത്തെക്കുറിച്ച് വേണ്ട അറിവ് ഇല്ലാത്ത അവർ പോലും ദൈവമില്ല എന്നു പറയുന്നില്ല. മനുഷ്യനിൽ ആരാ ധനയ്ക്കായി ഒരാഗ്രഹം മനുഷ്യന്റെ പ്രകൃതിയിൽ ഉള്ളതാണ്. ആ സ്ഥിതിക്ക് ആ ആഗ്രഹം നിറവേറ്റാനുള്ള മാർഗ്ഗം കൂടിയേ കഴിയൂ. ആരാധിക്കാൻ ഒരു ദൈവം മനുഷ്യന് ആവശ്യമെന്നുള്ള സാർവ്വ ത്രികമായ ആഗ്രഹം ദൈവത്തിന്റെ ആസ്തിക്യത്തിന്റെ തെളി വാണ്.

2. The Cosmological Argument

അഥവാ മൂലകാരണവാദം

കാരണമില്ലാതെ കാര്യമുണ്ടാവുകയില്ല. ലോകത്തിൽ പല വസ്തുക്കളും പദ്ധതികളും നിറഞ്ഞിരിക്കകൊണ്ട് അവയ്ക്കു തീർച്ച യായും ഒരു കാരണമുണ്ടായിരിക്കണം. ആ കാരണങ്ങളെ പുറകോട്ട് അന്വേഷിക്കുമ്പോൾ ആദ്യകാരണമായി ദൈവത്തെ കാണാം. ഏതു ഭവനവും ചമപ്പാൻ ഒരാൾ വേണം. സർവ്വവും ചമച്ചവനൊ ദൈവം തന്നെ (എബ്രാ. 3:4, റോമ. 1:20). ഇതിൽനിന്നും സ്രഷ്ടാവാം ദൈവ മുണ്ടെന്നു മാത്രമല്ല, തന്നെക്കുറിച്ചുള്ള പല വസ്തുതകളും നമുക്കു മനസ്സിലാകുന്നു. എന്തെന്നാൽ,

എല്ലാറ്റിന്റെയും മൂലകാരണമായവൻ കാരണമില്ലാത്തവനായിരി ക്കണം. താൻ ആളത്തമുള്ളവനാകുന്നു. കാരണം, ആളത്തമില്ലാ ത്തവന് ആളത്തത്തിന് കാരണമായിരിപ്പാൻ സാദ്ധ്യമല്ല.

3. The Teleological Argument

ഈ വിസ്തൃതമായ ലോകം ഏറ്റവും നല്ല ക്രമീകരണത്തോടു കൂടി നിർമ്മിക്കപ്പെട്ടിരിക്കകൊണ്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സർവ്വ വസ്തുക്കളും പരസ്പരം അനുയോജ്യമായും സഹായകമായും വർത്തിക്കുന്നതുകൊണ്ടും ഇതിന്റെ ചുമതലകൾ വഹിക്കുന്ന ഒരു ദൈവമുണ്ടെന്നു തെളിയുന്നു. ചരാചരങ്ങളുടെ ക്രമീകരണം യാദൃച്ഛികമായി ഉണ്ടായതായി പറയുന്നത് അജ്ഞതയാണ്. കുറെ അക്ഷരങ്ങൾ യാദൃച്ഛികമായി ചേർന്നാൽ ഷേക്സ്പിയർ കൃതിയാകയില്ലതന്നെ. ആ സ്ഥിതിക്ക് ഈ വിചിത്രമായ ലോകം പോരാ. സൗരയൂഥം ഇത്ര ക്രമാനുസൃതമായി ഒരുവനാൽ ഉണ്ടാക്കപ്പെടാതെ അതിനു സ്വയമേവ ക്രമപ്പെടുത്തുവാൻ കഴിയുമോ? യാദൃച്ഛികമായി യാതൊരു ക്രമീകരണവും സാദ്ധ്യമല്ലാത്തതിനാൽ സദാ ക്രമാനുവർത്തമായി സ്ഥിതി ചെയ്യുന്ന സൂര്യൻ, ചന്ദ്രൻ, ഭൂമി, നക്ഷത്രങ്ങൾ മുതലായവ വെറും യാദൃച്ഛിക സംഭവങ്ങളല്ല. പ്രത്യുത അപ്രമേയമായ ബുദ്ധിവൈഭവങ്ങളുള്ള ഒരുവനാൽ നിർമ്മിക്കപ്പെട്ടതായിരിക്കണം. അതാണു ദൈവം.

4. The Moral Argument

നമ്മുടെ മനസ്സിന്റെ സാക്ഷ്യംകൊണ്ടുതന്നെ ദൈവമുണ്ടെന്നു വ്യക്തമാകുന്നു. കുറ്റം ചെയ്യാൻ ആരംഭിക്കുമ്പോഴും ചെയ്ത ശേഷവും നമ്മുടെ മനസ്സിൽ ക്ഷോഭമുണ്ടാകയും മനഃസാക്ഷി നമ്മെ കുറ്റക്കാരും ശിക്ഷാർഹരുമെന്നു വിധിക്കുകയും ചെയ്യുന്നു. നമ്മുടെ സൽപ്രവൃത്തികളും സർവ്വസാക്ഷിയായ ഒരു ദൈവം കാണുന്നുണ്ടെന്നുള്ള ഒരു ബോധമാണതിനു കാരണം. സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരുടയവൻ ഇല്ലെങ്കിൽ കുറ്റത്തെക്കുറിച്ചുള്ള ഈ ഭയത്തിന് എന്താവശ്യം?

5. ജീവൻ നൽകുവാൻ ജീവനുള്ള ഒന്നിനു മാത്രമെ കഴിയൂ

ഇല്ലായ്മയ്ക്ക് ഉള്ള അവസ്ഥയെ സൃഷ്ടിക്കുവാൻ കഴിയില്ല. തന്നെത്താൻ ചലിക്കുന്നതിനു ശക്തിയില്ലാത്ത ഒന്നിനെ - മറ്റുള്ളവയെ ചലിപ്പിക്കാൻ കഴിയില്ല. Everything that moves is moved by another. ആകയാൽ ജീവനുള്ളവയെ സൃഷ്ടിക്കുവാൻ ഒരു ജീവനുള്ളവൻതന്നെ വേണം. അവനാണ് അമേയമായ ബുദ്ധിവൈഭവവും സർവ്വശക്തിയുമുള്ള അനാദിയായ ജീവനുള്ള ദൈവം.

6. ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു.

യുക്തി എന്നത് പരിമിതമാണ്. ഇന്ദ്രിയങ്ങൾ വഴിയായി മനുഷ്യനു ലഭിക്കുന്ന അറിവിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തി എടുക്കുന്ന

തീരുമാനങ്ങളെ അപ്പാടെ സ്വീകരിക്കുന്നതു യുക്തിഭംഗമായിരിക്കും. (1) ഒരു കാര്യത്തെ ശരിയായി വിശകലനം ചെയ്യണമെങ്കിൽ അതേപ്പറ്റി പൂർണ്ണവും കുറ്റമറ്റതുമായ അറിവുണ്ടായിരുന്നേ മതിയാവൂ. To judge a thing correctly you must know it entirely and take it as a whole. We say a thing is useless, because we do not know its use. (2) 1981ലെ ചിന്തകന്മാർപോലും പറയുന്നു, ഇന്ദ്രിയങ്ങൾ പലതുണ്ടെങ്കിലും ഇവയിലൂടെ മനസ്സിൽ കിട്ടുന്ന അറിവ് വളരെ പരിമിതവും വഴിതെറ്റിക്കുന്നതുമാണ്. (മനഃശാസ്ത്ര മാസിക. ഓഗ-81 പു. 12. കേരള യൂണിവേഴ്സിറ്റി മനഃശാസ്ത്ര വിഭാഗം പ്രൊഫ. ഡോ. ദേവദാസ് മേനോൻ)

8. അനുഭവത്തിൽനിന്നുള്ള അനുമാനവും തീരുമാനവും മുൻപറഞ്ഞ യുക്തിവാദങ്ങളെക്കാളെല്ലാം ശക്തമായത് വിശ്വാസവും അനുഭവവുമാകുന്നു. Only through God, God can be known. ആരും ഒരിക്കലും ദൈവത്തെ കണ്ടിട്ടില്ല. ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തി. (യോഹ. 1:14) വിശ്വാസനയനങ്ങൾകൊണ്ടേ നമുക്കു ദൈവത്തെ കാണുവാൻ കഴിയൂ. ജഡികനയനങ്ങൾകൊണ്ട് ദൈവം സൃഷ്ടിച്ചവയെ മാത്രമെ കാണാൻ സാധ്യമാകൂ. ദൈവത്തെ മനസ്സിലാക്കണമെങ്കിൽ വിശ്വാസംകൊണ്ടു മാത്രമെ സാദ്ധ്യമാകൂ. ദാവീദ് സങ്കീർത്തനത്തിൽ പറയുന്നു. ഞാനെന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു, നീ എന്റെ വഴികൾ അറിയുന്നുവല്ലോ. അഗാധമായ തത്വങ്ങളെക്കുറിച്ച് ചിന്തിച്ച് ജീവിതം പാഴാക്കുന്നതിനേക്കാൾ ഉത്തമം, പ. പിതാക്കന്മാർ നടന്നിട്ടുള്ള ആ പാതയിൽക്കൂടെ സുഖമായി യാത്ര ചെയ്യുന്നതാണ്. ദൈവാശ്രയത്തിലും വിശുദ്ധിയിലും വളരുന്ന ഒരുവന്റെ ആത്മാവുമായി ദൈവം സംസർഗ്ഗം ചെയ്യുന്നു.

9. പ. സഭാപിതാക്കന്മാരായ മോർ യാക്കോബ് (സീമോസോ എന്ന ഗ്രന്ഥത്തിലും) മോർ ഗ്രീഗോറിയോസ് ബാറെബ്രായ (സൽഗെ എന്ന ഗ്രന്ഥത്തിലും) എന്നിവർ പ്രസ്താവിക്കുന്നതിന്റെ ചുരുക്കം. സ്ഥിതി ചെയ്യുന്ന ആ ഒരുവൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നുവെങ്കിൽ മറ്റൊന്നിൽ നിന്നാവണം അവന്റെ ഉത്ഭവം. ആ മറ്റൊന്നിന് മറ്റൊന്ന് ഉത്ഭവകാരണമാകണം. അങ്ങനെ പുറകോട്ടു പോകുമ്പോൾ സ്വയസ്ഥിതനായ - അനാദിയായ ദൈവത്തെക്കാണുന്നു. ഒരു ഭവനം കാണുമ്പോൾ ഒരുനിർമ്മാതാവ് അതിനുണ്ടെന്നു നിശ്ചയമാകുന്നതുപോലെ അഖിലാണ്ഡത്തിന് ഒരു നിർമ്മാതാവ് ആവശ്യമാണ്. ലോകത്തിൽ പരസ്പരവിരുദ്ധ ശക്തിയുള്ളവയെ നാം കാണുന്നു. അതിൽനിന്നെല്ലാം അതീതനായ

ഒരുവൻ നിയന്ത്രിക്കുന്നതുമൂലമാണ് പരസ്പരം ഉപദ്രവം കൂടാതെ അവ സ്ഥിതി ചെയ്യുന്നത്.

10. ശ്രുതി, യുക്തി, അനുഭവം എന്നീ 3 കാര്യങ്ങളാണ് ഒരു കാര്യം വിശ്വസിക്കുന്നതിൽ പ്രധാനമായവ. ദൈവാസ്തികൃത്തിന് ഏറ്റവും വലിയ തെളിവ് യേശുക്രിസ്തുവാണ്. ക്രിസ്തുവിന്റെ സ്വഭാവവും ജീവതരീതിയും കാണുമ്പോൾ താൻ ഒരു വഞ്ചകനൊ ഭ്രാന്തനൊ എന്നു പറയുവാൻ വിവേകമുള്ള മനുഷ്യനു സാദ്ധ്യമല്ല. താൻ അസത്യവാദിയായിരുന്നെങ്കിൽ യഹൂദന്മാരുടെ ഇംഗിതത്തിനൊത്തുനിന്ന് പ്രശംസ സമ്പാദിക്കാമായിരുന്നു. തന്റെ ശത്രുക്കളാകട്ടെ വിധിച്ച ന്യായാധിപനാകട്ടെ, അടുത്തു പെരുമാറിയ ശിഷ്യന്മാരാകട്ടെ അസാന്മാർഗ്ഗികമായൊ നിന്ദ്യമായൊ താൻ ഒന്നും പറഞ്ഞതായൊ പ്രവർത്തിച്ചതായൊ കണ്ടിട്ടും കേട്ടിട്ടുമില്ല. തന്റെ മലപ്രസംഗത്തിനൊത്ത ഒരു ജീവിതം താൻ ജീവിച്ചു കാണിച്ചു. തന്റെ ഉപദേശത്തിൽ ദൈവത്തെപ്പറ്റി ധാരാളം പഠിപ്പിച്ചു. (മത്താ. 5:48, 6:26, 7:11, 21 യോഹ. 5:26, 37,43, 10:32, 36,37, 11:41, 12:27,28, 14:6, 9, 12, 13, 16, 21, 23, 24, 26, 31, 15:8, 24, 16:3,25,28, 17-ാം അദ്ധ്യായം)

ഇങ്ങനെ ദൈവാസ്തിക്യം ക്രിസ്തുവിന്റെ പ്രധാന വിഷയമായിരുന്നു. ഭാഷ പഠിപ്പിക്കുന്ന ഗുരുവിനെയും ചരിത്രകാരനെയും ജ്യോതിശാസ്ത്രജ്ഞനെയും പ്രകൃതി ശാസ്ത്രജ്ഞനെയും നാം വിശ്വസിച്ച് പ്രവർത്തിക്കുന്നുവെങ്കിൽ ദൈവത്തെക്കുറിച്ചും ദൈവത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും സംവിധാനത്തെക്കുറിച്ചും ക്രസ്തുവിനെപ്പോലെ കുറ്റമറ്റ സത്യവാൻ പഠിപ്പിക്കുന്നതിനെ എന്തുകൊണ്ട് വിശ്വസിച്ചുകൂടാ? സൂര്യൻ യാത്ര ചെയ്യുന്നതായും ഭൂമി നിശ്ചലമായി നിൽക്കുന്നതായും കാണുന്ന കാഴ്ചയ്ക്കെതിരായി പരിശോധന കൂടാതെ വിശ്വസിക്കുന്നതും പത്രത്തിൽ വന്ന വാർത്ത യാതൊരു പരിശോധനയും കൂടാതെ വിശ്വസിക്കുന്നതും ഭക്ഷ്യപേയങ്ങളുടെ കോമ്പസിഷനെക്കുറിച്ച് പരിശോധനയൊന്നും നടത്താതെ കണ്ണടച്ചു വിശ്വസിച്ചനുഭവിക്കുന്നതും മോശമല്ലെങ്കിൽ ക്രിസ്തുവിന്റെ വാക്കു വിശ്വസിക്കുന്നതിൽ അപാകതയൊന്നുമില്ല. അറിയാത്തതിനെ വിശ്വസിക്കയില്ല എന്ന യുക്തിവാദവും വിലപ്പോകുന്നതല്ല. കാരണം, പ്രതിദിനം ഉപയോഗിക്കുന്ന വാച്ച്, ലൈറ്റ് മുതലായവയെക്കുറിച്ചുപോലും 99 ശതമാനം അഭ്യസ്തവിദ്യർക്കുപോലും അറിഞ്ഞുകൂടെങ്കിൽ അപരിമേയനായ ദൈവത്തെ 0 വട്ടമുള്ള മസ്തിഷ്ക്കത്തിൽ ഒതുക്കാമെന്നു വിചാരിക്കുന്നതല്ലേ യുക്തിശൂന്യത?

യുക്തികൊണ്ടുതന്നെ ദൈവമുണ്ടെന്നു നമുക്കറിയാം. നമ്മുടെ ചുറ്റും കാണുന്ന ലോകം, സർവ്വജ്ഞനും സർവ്വശക്തനുമായ ഒരു സ്വയസ്ഥിതനെക്കൊണ്ടു മാത്രമെ അതുണ്ടാക്കുവാൻ സാദ്ധ്യമാകൂ എന്നതുതന്നെ. യുക്തിക്കും പുറമെ, പ്രകൃത്യാതീതമായ വെളിപാടു കൊണ്ടും അതായത്, വി. തിരുവെഴുത്തിലും പാരമ്പര്യത്തിലും നിന്നു നമുക്കു മനസ്സിലാക്കാം. കാരണം, അവ ദൈവംതന്നെ നമുക്കായി വെളിപ്പെടുത്തിയിട്ടുള്ളവയാണ്. പ്രകൃത്യാതീതമായ വെളിപാട് എന്നു പറഞ്ഞാൽ പ്രകൃതിയുടെ സാധാരണ ക്രമത്തിനതീനമായ മാർഗ്ഗങ്ങളിലൂടെ സൃഷ്ടിക്കായി ദൈവം വെളിപ്പെടുത്തിയിട്ടുള്ളവയാണ്. ഉദാഹരണമായി, ത്രിത്വം മനുഷ്യാലോചനയ്ക്ക് അതീതമായതാണ്. ദൈവം വെളിപ്പെടുത്തിയില്ലായിരുന്നെങ്കിൽ നമുക്കവയെ മനസ്സിലാകുകയില്ലായിരുന്നു. ദൈവത്തിന്റെ വെളിപ്പെടുത്തൽ ആദാംമുതൽ ആരംഭിച്ചു. പഴയ നിയമത്തിൽ ഉള്ള ദിവ്യ വെളിപാടിനെ മൂന്നായി തിരിക്കാം.

1. പൂർവ്വിക വെളിപാട് - ആദാം, ഹവ്വാ.
2. പൂർവ്വപിതാക്കൻമാരോടുള്ള വെളിപാട്, അബ്രഹാം, ലോത്ത്
3. മോശൈകവെളിപാട്-മോശ-ദീർഘദർശിമാർ.

ക്രിസ്ത്യൻ വെളിപാട് എന്നു പറഞ്ഞാൽ ക്രിസ്തു നേരിട്ടോ തന്റെ അപ്പോസ്തലന്മാർ മുഖാന്തരമൊ വെളിപ്പെടുത്തിയവയാണ്. തിരുവെഴുത്ത് അഥവാ വേദപുസ്തകം പരിശുദ്ധാത്മ നിശ്വാസപ്രകാരം, മനുഷ്യരാൽ എഴുതപ്പെട്ട ദൈവവചനമത്രെ. പഴയ പുതിയ നിയമങ്ങളായി അവ വേർതിരിക്കപ്പെട്ടിരിക്കുന്നു. ദൈവനിശ്വാസം എന്നു പറഞ്ഞാൽ - അവർ എഴുതണമെന്ന് ദൈവം തിരുവിഷ്ടപ്പെടുന്ന അക്കാര്യങ്ങൾ മാത്രം വിശുദ്ധ എഴുത്തുകാർ സത്യസന്ധമായി എഴുതുവാൻ അവരെ ദൈവം പ്രേരിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന കൃത്യമാകുന്നു. പാരമ്പര്യം എന്നു പറഞ്ഞാൽ ദൈവത്തിന്റെ എഴുതപ്പെടാത്ത വചനം. ശ്ലീഹന്മാർക്കു ദൈവം വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളതും എഴുതപ്പെടാതെ അവർ വാമൊഴിയായി പിൻതലമുറയെ ഏൽപ്പിച്ചിട്ടുള്ളവയും ആയ സത്യങ്ങൾ ആണ്. സഭാപിതാക്കന്മാർ പിൽക്കാലത്ത് രേഖപ്പെടുത്തിയ ഈ സത്യങ്ങൾ ഇന്നുവരെ നിലനിന്നു വരുന്നു. (യോഹ. 15:15, 21:25, 2 തെസ്സ. 2:15, 2 തീമോ. 3:16, എബ്രാ. 1:1 നോക്കുക)

കരുണയുള്ള പിതാവാം ദൈവവും ലോകത്തിലെ അസമത്വങ്ങളും ദുരിതങ്ങളും തമ്മിൽ എങ്ങനെ പൊരുത്തപ്പെടുന്നു എന്നത്

ഒരു സാധാരണ ചോദ്യമാണ്. വിശദമായ പ്രതിപാദനം ആവശ്യമാണ് എങ്കിലും സംക്ഷിപ്തമായി പറഞ്ഞാൽ:

1) ദൈവം മനുഷ്യനെ സൃഷ്ടിച്ചു; ആദാമിന്റെ സ്ഥിതി

1. സർവ്വോപരി ദൈവം. 2. ദൈവത്തിനു കീഴ്പെട്ട മനുഷ്യൻ 3. മനുഷ്യനു കീഴ്പ്പെട്ട വികാരങ്ങൾ അതായിരുന്നു ക്രമം. ആ ക്രമത്തെ മനുഷ്യൻ കീഴ്മേൽ മറിച്ചു. വികാരം മനുഷ്യനെ കീഴ്പ്പെടുത്തി, മനുഷ്യൻ ദൈവത്തിൽനിന്നകന്നു. അതോടെ ദുരിതസമ്പൂർണ്ണമായ ജീവിതത്തിലേക്കു മനുഷ്യൻ അധഃപതിച്ചു. ദൈവികക്രമത്തിലേക്കു മനുഷ്യൻ തിരികെ വരുന്നതുവരെ ഈ സ്വയംകൃതാനർഥത്തിന്റെ ഫലങ്ങൾ അനുഭവിക്കാതെ തരമില്ല.

2) ദൈവമഹത്വം കാംക്ഷിക്കാത്തതിനാൽ. റോമ. 1:18–32

നിരീശ്വരവാദം ശക്തിപ്പെട്ടിരിക്കുന്ന ആധുനികകാലത്തും ഗവേഷണചതുരരായ പേരെടുത്ത ശാസ്ത്രജ്ഞന്മാർപോലും ദൈവവിശ്വാസം യൗക്തികമെന്നു സമർത്ഥിക്കുന്നവരാകുന്നു.

"The father of modern experimental science, Sir Issac Newton wrote - the origin of the material world must be ascribed to the intelligence and wisdom of a potent Being, always existing and present everywhere who controls according to His good pleasure, all parts of the Universe, much more effectively than our soul controls by its will, the movements of the body united to it."

വാനശാസ്ത്രത്തിൽ സുപ്രസിദ്ധരായിരുന്ന കോപ്പർനിക്കസ്, നിക്കോളാസ് ഡിസൂസാ ഗലീലിയൊ മുതലായ നാല്പതോളം ശാസ്ത്രജ്ഞന്മാർ ദൈവവിശ്വാസികളായിത്തീരുന്നതിനും പുറമെ അവരിൽ പലരും പുരോഹിതരുമായിരുന്നു. വിദ്യുച്ഛക്തി സംബന്ധിച്ചാണെങ്കിൽ ഗാൻവാലി, വോൾട്ടാ, ആംപിയർ, മാർക്കോണി മുതലായവരും Chemistry, Physiology and Medicine, Mathematics and Physics, Minerology and Geography എന്നീ വിവിധ ശാസ്ത്രശാഖകളിൽ പ്രസിദ്ധരായിരുന്ന പണ്ഡിതരിലാരുംതന്നെ നിരീശ്വരവാദികളൊ യുക്തിവാദികളൊ ആയി അധഃപതിച്ചിട്ടില്ല. ബൈബിളിന്റെ വാസ്തവികതയെക്കുറിച്ച് പ്രസ്താവിക്കുന്നത്, It is true, scientific discoveries have seemed at first, to contradict the veracity of the Sacred Text, but when ardous labours of the Pioneers of science have led them deeper and finally revealed undeniable truths these alleged contradictions have vanished, Egypt, Chaldea and Assyria with their modern discoveries bear witness to the harmony between the Bible and Natural Science.

ദൈവവും ദൈവവിശ്വാസവും 1991-ലെ സെൻസസ് പ്രകാരം ലോകജനസംഖ്യയും മതങ്ങളും

ക്രിസ്ത്യാനികൾ	1644396500	-	32.9
റോമൻ കത്തോലിക്കർ	926194600	-	18.5
പ്രോട്ടസ്റ്റന്റ്	332016400	-	6.6
(ഗ്രീക്ക്) ഓർത്തഡോക്സ്	160063500	-	3.2
ആംഗ്ലിക്കർ	69971500	-	1.4
മറ്റുള്ളവർ	156150500	-	3.1
മുസ്ലിം	860388300	-	17.2
Non-religious (മതമില്ലാത്തവർ)	836327770	-	16.7
ഹിന്ദുക്കൾ	655695200	-	13.1
ബുദ്ധമതക്കാർ	309626100	-	6.2
നിരീശ്വരവാദികൾ	225126500	-	4.5
Chinese folk religionists	187517100	-	3.7
Non religionists	110706100	-	2.2
Tribal	94758750	-	1.9
യഹൂദന്മാർ	18075400	-	0.4
സിക്കുകാർ	16604150	-	0.3
Shamanist	12762200	-	0.2
Confucians	5914400	-	0.1
Bahais	4627900	-	0.1
Jains	3462820	-	0.1
Sinhalist	13403010	-	0.1
Other religionists	18216800	-	0.2
ലോകജനസംഖ്യ	4997609000	-	100.0

ജനസംഖ്യ 2004 ൽ 600 കോടി കവിഞ്ഞു.

മേലുദ്ധരിച്ച ലിസ്റ്റിൽനിന്നും നിരിശ്വരവാദികൾ കേവലം നാലര ശതമാനം മാത്രമാണെന്നും 95% ഏതെങ്കിലും വിധത്തിലുള്ള ദൈവ വിശ്വാസികളാണെന്നും സ്പഷ്ടം.

ക്രൈസ്തവർക്ക് ദൈവത്തക്കുറിച്ചുള്ള അറിവിനുള്ള മാർഗ്ഗം വി. ബൈബിളാണ്. 2-ാമത് നമ്മുടെ കർത്താവിന്റെ വെളിപ്പെടുത്തലുകളാണ്. ദൈവത്തെക്കുറിച്ച് താഴെക്കാണുന്നവ ദൈവം ആകുന്നു.

ആത്മാവ് - പ്രകാശം - സ്നേഹം - അദൃശ്യൻ - മരണമില്ലാത്തവൻ - സർവ്വശക്തൻ - സർവ്വവ്യാപി - സർവ്വശക്തൻ - അത്യുന്നതൻ - പൂർണ്ണൻ - വിശുദ്ധൻ - കൃപാലു - വിശ്വസ്തൻ - കരുണാപൂർണ്ണൻ - ദീർഘക്ഷമയുള്ളവൻ - അവനല്ലാതെ വേറൊരു ദൈവമില്ല - അവനല്ലാതെ നല്ലവൻ ആരുമില്ല (മത്താ. 19:17) അവനെ ആത്മാവിലും സത്യത്തിലും ആരാധിക്കണം (യോഹ 24:23). പ്രാർത്ഥനവഴി അന്വേഷിക്കണം (ദാനി 9:3). ദൈവാലയത്തിൽ (സങ്കീ. 27) എപ്പോഴും (105:4) കഷ്ടകാലത്തു (71:1) അന്വേഷിച്ചാൽ കണ്ടെത്തും (ആവ 4:29; സങ്കീ. 9:10). സമൃദ്ധിയുണ്ടാകും (34:10) നമ്മെ കേൾക്കും (34:15) അലക്ഷ്യമായി വിചാരിക്കുന്നവൻ ശിക്ഷിക്കപ്പെടും (ഏശാ. 31:1).

3
ദൈവവും ദൈവാരാധനയും

ആദാം കല്പന ലംഘനംവരെയും ദൈവത്തെ സ്നേഹിച്ചാരാധിച്ചു വന്നു. ദൈവം തിരുഹിത നിർവ്വഹണത്തിനു അവനെ അധികാരപ്പെടുത്തി (ഉൽ. 2:15). നോക്കിയാൽ ആദാമിന്റെ മഹിമ കാണാം. സങ്കീ. 8:5-9 തും നോക്കുക. അടുപ്പം മൂലമുണ്ടായിരുന്ന ആരാധനയിൽ അപരാധംമൂലം അകന്നവനായി അധഃപതിച്ചുവെങ്കിലും ദൈവത്തെ മറന്നില്ല. വി. യാക്കോബു പാടുന്നു.

ഏദനിൽനിന്നും ബഹിഷ്കൃതനാകാൻ കാരണം ആദാം മക്കളെ വിശദീകരിച്ചു ഗ്രഹിപ്പിച്ചതാണ്. ആദിയിലവനുണ്ടായിരുന്ന അധികാരം, പതനം, ബഹിഷ്കരണമതെല്ലാം അവരോടു ചൊല്ലി. ഹാബേലും കായേനും ദൈവത്തിനു യാഗാർപ്പണത്തിനു പോയത് ഇതുമൂലമായിരിക്കാം. ദൈവത്തിനുള്ള ഒന്നാം യാഗം. കായേൻ എന്ന പേരിടലിൽ ഹവ്വാ ദൈവത്തെ സ്മരിക്കുന്നുണ്ട്. ഹാബേലിനു ശേഷം ജാതനായ ശേത്തിന്റെ സന്തതിപരമ്പരയിൽപ്പെട്ട ഹാനോക്ക് ആരാധനയുള്ളവനായി ദൈവത്തോടുകൂടെ നടന്നവനായി കാണാം. കാലക്രമത്തിൽ ക്രമം തെറ്റിച്ചുള്ള ബാന്ധവംമൂലം ലോകജനത നോഹും കുടുംബവുമൊഴികെ പാപത്തിൽ പതിച്ചതും പ്രളയത്തിൽ നശിച്ചതും സുവിദിതമാണല്ലോ - പ്രളയശേഷമുള്ള നോഹയുടെ ബലിസമർപ്പണവും കാണുന്നു.

കാലത്തിന്റെ മുന്നേറ്റത്തോടുകൂടി. സത്യദൈവാരാധന കുറഞ്ഞു. ബഹുദൈവാരാധന നിറഞ്ഞു. അബ്രഹാമിന്റെ വിളിക്കുശേഷം ഏകദൈവാരാധനയിലേക്ക് ഒരു വലിയ സമൂഹം തിരികെ വന്നത്, ദൈവത്താൽ നിയുക്തനായ മോശയുടെ നേതൃത്വത്തിലുള്ള പുതുജീവൻ - ദൈവഹസ്തലിഖിതമായ കല്പനകൾ വഴി ഏകദൈവവിശ്വാസത്തിൽ മുന്നേറി. ആരാധനയ്ക്കു പ്രത്യേക സ്ഥലം, പ്രത്യേക രീതി എല്ലാം നിലവിൽ വന്നു. അങ്ങനെ താഴെപ്പറയുന്ന യാഗങ്ങളിലൂടെ ദൈവജനമായ ഇസ്രയേൽ ദൈവാരാധനയിൽ മുന്നേറി. പൗരോഹിത്യവും യാഗാർപ്പണവും നിർബന്ധിതമാക്കി.

1. ഹോമയാഗം - (പുറ 29:42, സംഖ്യ. 28:3,4)
2. ഭോജനയാഗം - (ലേവ്യ. 2:1)
3. സമാധാനയാഗം - ലേവ്യ. 3:1
4. പാപയാഗം ലേവ്യ. 4:3
5. പാനീയയാഗം പുറ. 29:40, ലേവ്യ 23:11.

ദൈവകല്പനകളും ദൈവാലയവും യാഗങ്ങളും ഉണ്ടായിരുന്നെങ്കിലും ഇന്നെന്നപോലെ അന്നും ധർമ്മത്തെക്കാൾ അധികമായി അധർമ്മവും ജനത്തെ ഗ്രസിച്ചിരുന്നു. ഓരോ കാലത്തും ദൈവം - പ്രവാചകന്മാർ വഴി ജനത്തിനു ദൈവാരാധനാബോധം നൽകിക്കൊണ്ടിരുന്നു (എബ്രായ 1:1).

ദൈവാരാധനയും ദൈവാലയവും

സർവ്വമതങ്ങൾക്കും വ്യത്യസ്ത പേരുകളിൽ ആരാധനാലയങ്ങൾ ഉണ്ട്. ദൈവവിശ്വാസവും ക്രമീകൃത ആരാധനയും അവിഭാജ്യ ഘടകങ്ങളാണ്.

1. ആരാധനാലയങ്ങൾ: ദൈവത്താൽ നിർദ്ദേശിക്കപ്പെട്ടവയാണ് പുറ. 25:8. ഞാൻ അവരുടെ ഇടയിൽ പാർക്കേണ്ടതിന് അവർ എനിക്കായി ഒരു വിശുദ്ധസ്ഥലം ഉണ്ടാക്കണം. ആ സ്ഥലത്തുവച്ച് ദൈവം മോശയുമായി സമ്പർക്കം പുലർത്തുമെന്ന് പുറ. 25:22-ൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ദൈവാലയത്തിലെ ദൈവസാന്നിദ്ധ്യത്തെപ്പറ്റി ദൈവം ശലോമോനോടു വാഗ്ദാനം ചെയ്തു.

പഴയനിയമത്തിലെ ദൈവാലയങ്ങളെക്കുറിച്ച് ഒരു സംക്ഷിപ്ത ചരിത്രം

1. സമാഗമന കൂടാരം - പുറ. 25.1-27, 30.1-31, 35.1-35
2. ശലോമോൻ പണിയിച്ച ദൈവാലയം
3. സെരൂബാബേൽ പണിയിച്ച ദൈവാലയം
4. ഹേരോദേസ് പണിയിച്ച ദൈവാലയം

ഇവ ഓരോന്നിനെക്കുറിച്ചും സംക്ഷിപ്ത വിവരണം മാത്രം.

ശലോമോന്റെ ദൈവാലയം

ഇതേപ്പറ്റി 1 രാജാ. 6.1-37, 7.13-51 കാണാം. പൂർത്തിയായപ്പോഴുള്ള ശലോമോന്റെ പ്രാർത്ഥന 1 രാജാ. 8.22-ൽ (2 ദിനവൃ. 6:12-42) ലും കാണുക. 1 രാജാ. 9:3 ലെ ദൈവത്തിന്റെ തിരുവചനങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

ദൈവാലയത്തിന്റെ മഹിമ കാണുക.

ഈ ദൈവാലയം 350 വർഷം നിലനിന്നു. ബി.സി. 536-ൽ നെബൂക്കദ്നേസർ അതിനെ നിലം പരിശാക്കി.

സെരൂബാബേലിന്റെ ദൈവാലയം

ബി.സി. 537 ൽ ബാബിലോൺ പ്രവാസത്തിൽനിന്നും തിരികെ വന്ന ചില എബ്രായർ ദൈവാലയം വീണ്ടും പണിയുന്നതിന്

ആരംഭിച്ചു. ഹഗ്ഗായി, സഖറിയ എന്ന പ്രവാചകന്മാർ ജനത്തിനു ജാഗ്രത നൽകി. അങ്ങനെ ബി.സി. 516-ൽ ആ ദൈവാലയം പുനഃരുദ്ധരിക്കപ്പെട്ടു. (ഈ ദൈവാലയത്തെക്കുറിച്ചുള്ള വിവരങ്ങൾ വി.ഗ്രന്ഥത്തിൽ കാണുന്നില്ല). സിറിയാ രാജാവായ അന്ത്യോക്കസ് എപ്പിപ്പാനിയോസ് ബി.സി. 168-ൽ ഈ ദൈവാലയത്തെ അശുദ്ധമാക്കി. ഈ അന്തിയോക്കസാണ് മർത്തശ്മൂനിയെയും ഏഴുമക്കളെയും ഗുരുവായ ഏലിയാസറിനെയും വധിച്ചത്. മക്കാബിയർ ഇയാളെ ഓടിച്ചു. ഈ ദൈവാലയം ഹേരോദേസിന്റെ കാലംവരെ നാനൂറോളം വർഷം നിലനിന്നു.

ഹേരോദേസിന്റെ ദൈവാലയം

ക്രി. 20-ൽ ഹേരോദേസ് പണി ആരംഭിച്ചു. പണി തീരുവാൻ വളരെ വർഷങ്ങൾ വേണ്ടിവന്നു (മത്താ. 24-1). എന്നാൽ നമ്മുടെ കർത്താവ് പ്രവചിച്ചിരുന്നതുപോലെ ക്രി.70-ൽ റോമൻ ജനറൽ തീത്തോസ് യരുശലേമിനെയും ദൈവാലയത്തെയും നിലംപരിശാക്കി. യഹൂദർ നാനാരാജ്യങ്ങളിലേക്കും ചിതറി. രാജ്യം - പൗരോഹിത്യം - പ്രവചനമെല്ലാം നഷ്ടീഭവിച്ചു.

ക്രൈസ്തവസഭയിലെ ഒന്നാമത്തെ ദൈവാലയം

1. നമ്മുടെ കർത്താവ് പെസഹ ഭക്ഷിച്ചതും
2. ഉയിർപ്പിനുശേഷം നമ്മുടെ കർത്താവ് രണ്ടു പ്രാവശ്യം ശ്ലീഹന്മാർക്കു കാണപ്പെട്ടതും
3. പെന്തക്കോസ്തി ദിനത്തിൽ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ മേൽ ഇറങ്ങി ആവസിച്ചതുമായ യറുശലേമിലെ ഭവനം, മാർക്കോസിന്റെ ഭവനം ആണ്. പെന്തക്കോസ്തിയുടെ പിറ്റെദിവസം ശ്ലീഹന്മാർ നമ്മുടെ കർത്താവിന്റെ കബറിൽനിന്നും എടുത്ത സുഗന്ധവസ്തുക്കളും ഒലിവ് എണ്ണയും ചേർത്ത് വി. മൂറോൻ ഉണ്ടാക്കിയെന്നും പിറ്റെ ദിവസം ഈ വി. മൂറോൻ അഭിഷേകം ചെയ്ത് ഒന്നാത്തെ പള്ളി കൂദാശ ചെയ്തെന്നും നമ്മുടെ കർത്താവിന്റെ സഹോദരൻ വി. യാക്കോബ് രചിച്ച വി.ക്രമം അനുസരിച്ച് ഒന്നാമത്തെ വി. കുർബാന അർപ്പിച്ചുവെന്നും പൂർവ്വിക സഭാ രേഖകളിൽ കാണാം. അന്നുമുതൽ ഇന്നുവരെയും ഈ വിശുദ്ധ ദൈവാലയം നമ്മുടെ (സുറിയാനിക്കാരുടെ) കൈവശമാണ്.

ദൈവാരാധനയും പൗരോഹിത്യവും

പഴയനിയമത്തിൽ ദൈവാരാധനയ്ക്ക് ദൈവം പുരോഹിതരെ നിയമിച്ചതായി നാം പഠിക്കുന്നു. തൽസംബന്ധമായ കാര്യങ്ങൾ വിശദമായി പുറപ്പാട് 25 മുതൽ 27 വരെയും-ലേവ്യപുസ്തകം മുഴുവനിലും സംഖ്യ പലസ്ഥലത്തും കാണാം. എല്ലാ മതങ്ങളിലും അവയുടെ ആദർശാനുസൃതമായ പൗരോഹിത്യം ഇന്നും നിലനിൽക്കുന്നു.

യഹൂദ പൗരോഹിത്യം ആദർശങ്ങൾ അവഗണിച്ച് അധഃപതിച്ച പലസന്ദർഭങ്ങളുണ്ട്. ഏശാ. 28.7, മീഖാ 3.11, മുതലായ ഭാഗങ്ങളിലും, പ്രത്യേകിച്ച് പുതിയനിയമത്തിലും അനേക പരാമർശങ്ങളുണ്ട്. നമ്മുടെ കർത്താവിൽനിന്നും അപ്പോസ്തലന്മാർ ക്രൈസ്തവ പൗരോഹിത്യം പ്രാപിച്ച വിവരം യോഹ. 20,21 ൽ കാണാം. പ്രസ്തുത പൗരോഹിത്യം ആരും സ്വയം ഏതെങ്കിലും മാർഗ്ഗേന എടുക്കുന്നതല്ല. പ്രത്യുത, വിളിച്ചു വേർതിരിക്കപ്പെട്ടവർക്കു അപ്പോസ്തലിക കൈവെപ്പുവഴി മാത്രം സിദ്ധിക്കുന്നുവെന്നും പൗരോഹിത്യസ്ഥാനികളുടെ പ്രവർത്തനങ്ങളെക്കുറിച്ചും വി. പൗലോസിന്റെ ലേഖനങ്ങളിലും സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു. പുരോഹിതൻ കർമ്മം ചെയ്യുന്നവൻ മാത്രമല്ല-ദൈവത്തെ-ആരാധനയെപ്പറ്റി പഠിപ്പിക്കുന്നവനുമാകുന്നു. ഏതു സന്ദർഭത്തിലും ദൈവകല്പനയ്ക്ക് പുരോഹിതൻ പ്രഥമസ്ഥാനം നൽകുകയല്ലാതെ - അഹരോൻ ഒരിക്കൽ ചെയ്തതുപോലെ (കാളക്കുട്ടി) ദൈവകല്പനയെ മറികടന്നു ജനത്തിന്റെ അഭിപ്രായങ്ങൾക്കു പ്രഥമസ്ഥാനം നൽകുവാൻ സാദ്ധ്യമല്ല. ജനത്തിന്റെ ആഗ്രഹങ്ങൾ മതത്തിന്റെ വെളിച്ചത്തിൽ നോക്കിക്കണ്ടു പ്രവർത്തിക്കണം. പൗരോഹിത്യത്തോടു മറുത്തുള്ള പ്രവർത്തനം ശിക്ഷാർഹമെന്ന് കോറഹ്, ദാഥാൻ, അബീറാം സംഭവം പ്രസ്പഷ്ടം നമ്മെ കാണിക്കുന്നു.

ഭരണപരമായ കാര്യങ്ങളിൽ ഉപദേശം കൊടുക്കുന്നത് തെറ്റല്ല എന്നു പുറ. 18-ൽ കാണാം. ഏകദൈവാരാധന കാലക്രമത്തിൽ ശുഷ്ക്കിക്കുവാൻ തുടങ്ങി. ഇസ്രയേൽ രാജാക്കന്മാർപോലും സത്യദൈവാരാധനക്കെതിരായി ശക്തിയായി പ്രവർത്തിക്കുകയും സത്യദൈവവിശ്വാസികളെ പീഡിപ്പിക്കുകയും ചെയിതിരുന്നു. അവരിൽ ചിലർ (2 ദിന. 14:7) യഹോഫാത്ത് (17.3,4) ഊസിയാ (26.5), ഹെസക്കിയ (31.21) യോശിയാ (34.3) മുതലായവർ.

എന്നാൽ ദൈവം തന്റെ ജനത്തെ തന്റെ പ്രവാചകർ വഴിയായി പഠിപ്പിച്ചുകൊണ്ടിരുന്നു.

1. ശമുവേൽ മുതൽ ഏലീശ വരെ. നാഥൻ. (2 ശമു 7:3) ആഹിയാ. (1 രാജാ. 11:29) ഗാദ്. (2 ശമു. 24:11) ഇദോ. (ദിന. 15:8) ഏലിയാ (1 രാജാ.) ഏലീശാ (2 രാജാ.).

മറ്റു പ്രവാചകരും ഏകദേശകാലവും

ആമോസ്	ബി.സി. 780-750	ഹോശയാ	ബി.സി. 750-737
ഏറമിയ	625	മീഖാ	720-692
സെഫന്യ	604	നാഹൂം	650
ഹബ്ക്കൂക്ക്	604	ഹസ്കിയേൽ	594-570
ഒബദ്യാ	586	ഹഗ്ഗായി	520
മലാഖി	430	യോവേൽ	400
യോനാ	810	ദാനിയേൽ	600

ദൈവവിശ്വാസികളുടെ ചുമതലകൾ

1. ദൈവത്തെ അറിയുക -ദൈവം ഉണ്ട് - എന്നറിയുകയല്ല. പ്രത്യുത ആ ദൈവത്തിൽ ആശ്രയിച്ച് - ജീവിതത്തിൽ അനുഭവമാക്കുക. ഭക്ഷണം ഉണ്ട് എന്നറിഞ്ഞാൽ വിശപ്പു മാറുകയില്ല. ദൈവത്തെ അറിഞ്ഞാശ്രയിച്ചവരുടെ നീണ്ട ചരിത്രം വി.വേദപുസ്തകം നമുക്കു തരുന്നുണ്ട്. അതുമൂലം അവർക്കുണ്ടായ അനുഭവങ്ങളും അനുഗ്രഹങ്ങളും എന്തെല്ലാം നമുക്കുണ്ടെങ്കിലും, നമ്മുടെ സുപ്രധാനങ്ങളായ - ആയുസ്സും - ആരോഗ്യവും ദൈവത്തിന്റെ കൈകളിലാണ്. നമ്മുടെ കർത്താവ് കല്പിച്ചു, "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും സാദ്ധ്യമല്ല, എന്ന്. ദൈവത്തെ അറിയാനുള്ള മാർഗ്ഗങ്ങൾ

1. വി. ഗ്രന്ഥം, 2. പ്രാർത്ഥന, 3. ധ്യാനം

വി. ഗ്രന്ഥം

1. വി. ഗ്രന്ഥം എന്നു പറഞ്ഞാൽ ഏതെങ്കിലും വേദപുസ്തകം എന്നല്ല അർത്ഥം. വി. സഭയാൽ അഗീകൃതമായിരിക്കണം. എന്തെന്നാൽ സഭയാണ് യഥാർത്ഥ വേദഗ്രന്ഥത്തിലെ പുസ്തകങ്ങൾ ഏവയെന്നു നിശ്ചയിച്ചത് എന്ന് (Oxford) Study of the Bible പറയുന്നു.
2. വി. വേദഗ്രന്ഥം സഭയുടേതാകയാൽ വി. സഭയ്ക്കു മാത്രമെ അതിനെ വ്യാഖ്യാനിക്കുവാനും പരിശോധിക്കുവാനും അധികാരമുള്ളൂ. ഉദാ. ഇന്ത്യയുടെ ഭരണഘടന ആത്യന്തികമായി ആധികാരികമായി വ്യാഖ്യാനിക്കുവാൻ സുപ്രീം കോടതി Constitution ബഞ്ചിനു മാത്രമാണധികാരം. 16-ാം നൂറ്റാണ്ടിലെ Luther ന്റെ വിപ്ലവം ഉണ്ടായശേഷം വ്യക്തികൾക്കു തോന്നിയതുപോലെയുള്ള പതിപ്പുകൾ ഒന്നിനൊന്നു വിരോധം - ഉണ്ടായി. മലയാളത്തിലെ

ബെയിലി ബൈബിൾ ഭാഷാന്തരത്തിന്റെ ഉദ്ദേശ്യവും മറ്റും വിശദമായി അറിയണമെന്നാഗ്രമുള്ളവർ "രക്ഷിക്കപ്പെടുവാൻ ഞാനെന്തു ചെയ്യണം"—എന്ന എന്റെ പുസ്തകം പഠിക്കുക. ദൈവം എന്നെക്കൊണ്ട് ഭാഷാന്തരം ചെയ്യിപ്പിച്ച വി. ഗ്രന്ഥത്തിലെ പുതിയ നിയമപുസ്തകങ്ങളിൽ ഓരോന്നിന്റെയും അവസാനം ചേർത്തിരിക്കുന്നവയും നോക്കുക.

പ്രാർത്ഥന എന്നു പറഞ്ഞാൽ എന്ത് - എങ്ങനെ എന്നു ചുരുക്കമായി പ്രസ്താവിക്കാം

പഠനസഹായകരമായ ചില വാക്യങ്ങൾ മാത്രം താഴെ ചേർക്കുന്നു. മത്തായി 4.10, അപ്പോ. 7.59, 2 തെസ്സ. 3.5, സങ്കീ. 99.6, 27.7, 34.6, വെളി. 5.8, റോമാ 8.15, 26, യാക്കോ 5.16, എഫേ 6.16, യാക്കോ. 1.5, സങ്കീ, 119.58, യോഹ 4.22, സങ്കീ. 17.145, 18, 27.7, 102.2, 108.6, 1 തീമോത്തി 5.5, 1 തെസ്സ. 5.17, 1 തീമോ 2.8 മത്താ 6.11, 6.33, യാക്കോ. 5.13, നിന്നുകൊണ്ട് - മർക്കോസ്. 11.25, മുട്ടുകുത്തി - അപ്പോ.പ്ര. 20.36, കവിണ്ണു വീണ് - മത്താ. 26.39, കൈകൾ മലർത്തി ഏശായ 1.15, സങ്കീ. 51:11, 39:12,13.

Less prayer - Less power, More prayer - More power,
No prayer - No power

4
വിശ്വാസികളുടെ ചുമതലകൾ

1. അറിഞ്ഞവനെ അറിയിക്കുക

പ്രവാചകന്മാർ, ശ്ലീഹന്മാർ (ഫീലിപ്പോസ്, നഥാനിയേലിനെ) - അവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു. സർവ്വജ്ഞനും സർവ്വവ്യാപിയുമെന്നറിഞ്ഞ് മെസ്രേമിലെ യൗസേപ്പിനെ അനുകരിച്ചു ജീവിക്കുക. ദാവീദിനെപ്പോലെ ദൈവം മാത്രമാണ് ആശ്രയം എന്ന വിധത്തിൽ ധൈര്യപ്പെടുക. ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു. "മനുഷ്യന് എന്നോട് എന്തു ചെയ്യാൻ കഴിയും?" എന്റെ സഹായക്കാരൻ എവിടെനിന്നു വരും! എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു സങ്കീർത്തനങ്ങളിൽ ദൈവാശ്രയത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്നു. അറിയിക്കുന്നതു വാക്കുകൾകൊണ്ടു മാത്രമല്ല. അതിലും അധികമായി ജീവിതംകൊണ്ട്.

2. ദൈവത്തെ സ്നേഹിക്കുക

1-ാം കല്പനയായി നമ്മുടെ കർത്താവ് കല്പിക്കുന്നു. നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുക. സ്നേഹിക്കുന്നവനെ (1) സന്തോഷിപ്പിക്കുന്നു. (2) വഞ്ചന ചെയ്കയില്ല. (3) അവനെ ബഹുമാനിച്ചു പ്രകീർത്തിക്കും. (4) ഏതു ത്യാഗവും അവനെപ്രതി സഹിക്കും. (5) അവനുവേണ്ടി പോരാട്ടം നടത്തും. നമ്മുടെ കർത്താവ് നമ്മോടും, വ്യക്തിയോട് കരുണ തോന്നി പ്രവർത്തിക്കുന്നവനാകുന്നു. ദൈവസ്നേഹത്തിൽനിന്നകന്നു പോകുന്ന സമൂഹത്തെ നോക്കി കരഞ്ഞു. ("യരുശലേമേ") കർത്താവിന്റെ സഭയെ പരമാവധി ദ്രോഹിച്ച ശൗൽ (പൗലോസ്) ചോദിക്കുന്നു. കർത്തൃസ്നേഹത്തിൽനിന്ന് എന്നെ അകറ്റുവാൻ ആർക്കു കഴിയും? "സ്നേഹിക്കുന്നവന്റെ" ലക്ഷണം - അവൻ കർത്തൃകല്പനകൾ ആചരിക്കും. എന്നെ സ്നേഹിക്കുന്നവനെ (പിന്നാലെ വരുന്നവനെ ഒരുനാളും ഞാനുപേക്ഷിക്കയില്ല) അവരെ അനാഥരായി ഉപേക്ഷിക്കയില്ല. അപ്പൻ മക്കളെ സ്നേഹിക്കുന്നതുപോലെ - ഭക്തന്മാരിൽ ദൈവം കൃപചെയ്യും. കോഴി കുഞ്ഞുങ്ങളെ ചിറകിൻ കീഴെ മറയ്ക്കുന്നതുപോലെ സംരക്ഷിച്ചുകൊള്ളും. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെ സ്നേഹിക്കും. 2-ാം കല്പനയായി കർത്താവ് ഇക്കാര്യം ഊന്നിപ്പറഞ്ഞിരിക്കുന്നു. വിശക്കുന്നവർക്ക്

ആഹാരമൊ അതിനുള്ളതൊ കൊടുക്കാത്തവൻ ഞങ്ങൾക്കാവശ്യമുള്ള ആഹാരം തരണേ എന്ന് ദൈവത്തോടു പ്രാർത്ഥിക്കുന്നത് എന്തിന്? വയൽ കർഷകന്റെ അടുത്തേക്കു വരികയല്ല. കർഷകൻ വയലിലേക്കു പോയി വാരി വിതറി കൊടുക്കുന്നതുപോലെ പട്ടിണിപ്പാവങ്ങൾക്കു ചെയ്യണമെന്നാണ് സ്രൂഗിന്റെ മോർ യാക്കോബിന്റെ നിർദ്ദേശം.

3. ദൈവേഷ്ടം പ്രവർത്തിക്കണം (5 കാര്യങ്ങൾ)

(1) യോഹന്നാൻ 6.40 : പുത്രനെ നോക്കിക്കൊണ്ട് ദൈവത്തിന്റെ ഇഷ്ടം. പുത്രനെ, ദൈവമായി സർവ്വശക്തനായി, കരുണയുള്ളവനായി, അത്ഭുതപ്രവർത്തകനായി, പാപികളുടെ രക്ഷകനായി എല്ലാ ക്രൈസ്തവരും നോക്കിക്കാണുന്നുണ്ട്. യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ വന്നു. എല്ലാ ക്രൈസ്തവരും ഒരുപോലെ പറയുന്നു. അതു പരമ സത്യമാണ്. എന്നാൽ 2000-ൽപരം വർഷങ്ങൾക്കു മുമ്പു സംഭവിച്ച ഈ സത്യവും ഞാനുമായുള്ള ബന്ധവും എന്തെന്നും അധികമാരും ചിന്തിക്കാറില്ല. വി. പൗലോസ് ഈ വാചകം എഴുതി ഫുൾസ്റ്റോപ്പ് ഇടുകയല്ല - പ്രത്യുത ആ പാപികളിൽ പ്രധാനി ഞാനാകുന്നു എന്നു തറപ്പിച്ചു പറയുന്നു. യേശു എന്റെ രക്ഷകൻ (my personal saviour) എന്ന രീതിയിലാണ്, പ്രത്യേകിച്ചും പുത്രനെ നോക്കി കാണേണ്ടത്. (1) അവന്റെ രക്തത്താൽ എന്നെ വിലയ്ക്കു വാങ്ങി ഞാൻ അവന്റേതാണ് എന്ന വിധത്തിൽ നോക്കിക്കാണണം. ആകയാൽ ഞാൻ അവന്റേതാണ്. (1) അനുതപിച്ച ഒരു ഭക്തൻ പറഞ്ഞു, my hands are bought (2)ബറബാസിനെക്കുറിച്ച് ഒരു ഐതീഹ്യമുണ്ട്. ബന്ധനവിമുക്തനായ അയാൾ തനിക്കു പകരമായി യേശു ക്രൂശിതനാവുകയാണെന്നറിഞ്ഞയുടനെ ഗോഗുൽത്തായിലേക്കോടി എന്നും ക്രൂശിതനായി മരിച്ച കർത്താവിനെ കണ്ടയുടനെ ക്രൂശോടു ചേർത്തു കാലുകൾ ചുംബിച്ചുകൊണ്ട് എന്റെ യേശുവേ! നീ എനിക്കായി മരിച്ചു ഇനിയും ഞാൻ നിനക്കായി ജീവിച്ചുകൊള്ളാം എന്നും പ്രതിജ്ഞ ചെയ്തത്രെ. **(2) ഞാൻ എന്നെത്തന്നെ അവനായി പ്രതിദിനം സമർപ്പിക്കണം.** (1) ആത്മശരീരമനസ്സുകളാണ് എന്നുടെ തിരുമുൽക്കാഴ്ച, നിങ്ങളുടെ കൈവശം എന്തുണ്ട് - എന്നു ചോദിച്ച കർത്തൃസന്നിധിയിൽ നമുക്കുള്ളവ സമർപ്പിക്കണം. **(3) അവനെ ഞാൻ അറിയിക്കണം.** (1) പ്രസംഗങ്ങൾ-പുസ്തകങ്ങൾ വഴി (2) അതിലുപരിയായി - എന്റെ ക്രൈസ്തവജീവിതം വഴിയായി അവനെ ഞാൻ അനുകരിക്കണം (3) ലൗകിക കാര്യങ്ങളിൽ ഒത്തുതീർപ്പു മനഃസ്ഥിതി (തലവരി പണം); അദ്ധ്യാത്മിക വിശ്വാസ കാര്യങ്ങളിൽ ഒത്തുതീർപ്പില്ലാത്ത സ്ഥൈര്യം (യോഹ. 6);

ലഭ്യമായ ശക്തി മനുഷ്യദ്രോഹത്തിനുപയോഗിക്കരുത്. (ശമറയെ ഗ്രാമം), സർവ്വോപരി അവൻ നിഷ്പാപനായിരുന്നതുപോലെ പാപ വിരക്തി (4) ദൈവത്തിന്റെ ഇഷ്ടമൊ - നിങ്ങളുടെ വിശുദ്ധീകരണം (ശുദ്ധീകരണമല്ല) (Sanctification) അത്രെ. ദുരാത്മാവ് ഇറങ്ങിപ്പോയപ്പോൾ ശുദ്ധീകരണമായി, പിന്നെങ്ങനെ 8 ഇരട്ടിയായി തിരിച്ചു കയറി? ഹൃദയത്തിലിരുന്ന അശുദ്ധാത്മാവിന്റെ സിംഹാസനത്തിന്മേൽ വിശുദ്ധാത്മാവിനെ പ്രതിഷ്ഠിച്ചില്ല. നാം ശുദ്ധീകൃതരായാൽ പോരാ, വിശുദ്ധീകൃതരാകണമെന്നാണ് ദൈവത്തിന്റെ ഇഷ്ടം (1 തെസ്സ. 4.3). **(4) 1 പത്രോ. നിങ്ങളുടെ സൽപ്രവൃത്തി. (5) എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ, ഇതല്ലോ ദൈവ ഇഷ്ടം** (1 തെസ്സ. 5.13 - 18) വായിച്ച് പ്രാവർത്തികവുമാക്കുക. ദൈവത്തിനു സ്തുതി.

4. ദൈവത്തെ ആരാധിക്കുക

സൃഷ്ടിയുടെ ആരംഭം മുതൽ ദൈവാരാധനയും ആരംഭിച്ചുവെന്ന് വ്യക്തമായിട്ടുണ്ടല്ലോ.

1. ശമര്യ സ്ത്രീയോടു കർത്താവ് പറയുന്നു, ആത്മാവിലും സത്യത്തിലും ആരാധിക്കണം. (ഇങ്ങനെയുള്ള ആരാധകരെയാണ് ദൈവം ആഗ്രഹിക്കുന്നത്. ഈ ജനം വാക്കുകൊണ്ട് ആരാധിക്കുന്നു. ഹൃദയമൊ എന്നിൽ നിന്നകന്നിരിക്കുന്നു. (2) ആരാധനയിൽ ആത്മിക അഹങ്കാരം നിഷിദ്ധമാകുന്നു. (പരീശനും ചുങ്കക്കാരനും) അതിനു പകരം ചുങ്കക്കാരനെപ്പോലെ പാപബോധവും കരുണയ്ക്കായുള്ള അപേക്ഷയുമാണ് ആവശ്യം. (3) ആരാധനയിൽ പ്രാർത്ഥനയാണ് പ്രധാന ഘടകം. ദാസിയെപ്പോൽ പ്രാർത്ഥിക്കുക ദിനന്തോറും. (4) ഉപവാസത്തോടെയുള്ള ആരാധനയുടെ വൈശിഷ്ഠ്യം വളരെയാണ്. മോശയുടെ മുഖം പ്രകാശിച്ചു. ഏലിയായും രഥത്തിൽ ആകാശത്തിലേക്കു കരേറി. എസ്തേറിന്റെയും മറ്റും ഉപവാസം, നിനുവയുടെ ഉപവാസം, പ്രതികൂല പരിതസ്ഥിതിയെ പാടെ മാറ്റി. വിശുദ്ധന്മാരുടെ ആരാധനയിൽ കുമ്പിടീൽ ഒരു പ്രധാന പരിപാടിയാണ്. (5) പഴയനിയമാരാധനയിൽ ദീപം തെളിക്കൽ - ധൂപാർപ്പണവും നിർബന്ധിതമായിരുന്നതുപോലെ-പരസ്യാരാധനയിൽ പിരിശുദ്ധ സഭ ഇവയ്ക്ക് പ്രാധാന്യം കൊടുക്കുന്നു. ആരാധനയാൽ നാം പ്രശോഭിതരാകണം. (6) ധൂപം പോൽ പ്രാർത്ഥന ഉയരത്തിലേക്കുയരണം (7) സംസാരശക്തിയില്ലാത്ത സൃഷ്ടികൾക്കു പകരമായി സംസാരശേഷിയുള്ള മനുഷ്യൻ ആരാധന നടത്തണമെന്ന് വി. യാക്കോബ് ഉദ്ബോധിപ്പിക്കുന്നു. (8) വി. യോഹന്നാനെപ്പോലെ ആരാധനയിൽ ആത്മവിവശരാകണം. (9) ആരാധന അത്യാവശ്യം രംഗങ്ങളിൽ, വ്യക്തിപരം, (2) കുടുംബാരാധന,

(3) സമൂഹാരാധന (4) സഭാപരമായ ആരാധന, അതിൽ പ്രത്യേകിച്ചും വി. കുർബാന ചലച്ചിത്രത്തിൽ കാണുകയും കേൾക്കുകയും ചെയ്യുന്നതുപോലെ വി കുർബാന കാണുകയും കേൾക്കുകയും ചെയ്താൽ പോര, അതിൽ സജീവമായി സംബന്ധിക്കണം. (10) ആരാധനയിൽ മനഃശുദ്ധി, ശരീരശുദ്ധി നിർബന്ധം. (11) പ്രശംസയ്ക്കായുള്ള ആരാധന ദൈവം-നമ്മുടെ കർത്താവ് വെറുക്കുന്നു (മത്തായി 5). (12) യഹൂദന്മാരുടെ ഉഗ്രമായ ശാബതാചരണവും നിർബന്ധിതമായ പൊതു ആരാധനയും നമുക്കു മാതൃകയാകണം. (13) ആരാധനയിലെ പ്രത്യേകഘടകങ്ങൾ - ദൈവത്തെ സ്തുതിക്കൽ (2) നന്മകൾക്കായി സ്തോത്രം (3) പാപമോചനത്തിനായുള്ള ആത്മാർത്ഥമായ പ്രാർത്ഥന (14) സത്യദൈവത്തെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കരുത്. (10 കല്പനകൾ) ജനത്തെ, വിഗ്രഹങ്ങളെ, മനുഷ്യരെ, (മനുഷ്യരെ ബഹുമാനിക്കാം. ആരാധന ദൈവത്തിനു മാത്രം (worship- Adoration-നും തമ്മിലുള്ള വ്യത്യാസം സൂക്ഷിക്കുക).

മനുഷ്യജീവിതോദ്ദേശ്യങ്ങളിൽ 5-ാമത്തേത് പ്രത്യേകം ശ്രദ്ധിക്കുക-ദൈവസന്നിധിയിൽ എത്തിച്ചേരുക

വാതിൽ ചെറുത് - വഴിയുമിടുങ്ങിയത് - സ്വർഗ്ഗപുരിയ്ക്കുള്ള യാത്രയതിൽ അല്പാലസ്യം മൂലമഹോ - പിഴ വഴി അവനെ നയിക്കുന്നു സ്വേഷ്ടത്താൽ - അനിത്യ ലോകത്തിൽനിന്നു നിത്യലോകത്തിലെത്തുകയാണ് മനുഷ്യജീവിതത്തിന്റെ സർവ്വ പ്രധാനമായ ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കുള്ള ഏകമാർഗ്ഗം വി. സഭയിലുള്ള സാന്മാർഗ്ഗിക ജീവിതമാണ്. ഈ ലക്ഷ്യം ചിലർക്കു അപ്രാപ്തമാണ്. താഴെക്കാണുക.

1. മാമോദീസാ ഏൽക്കാത്തവർ
2. നിങ്ങൾ ശിശുക്കളെപ്പോലെയാകുന്നില്ല എങ്കിൽ......
3. കർത്താവേ! കർത്താവേ! എന്നു എന്നെ വിളിക്കുന്നവൻ അല്ല. എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ ആയിരിക്കണം.
4. കർത്താവിന്റെ നാമത്തിൽ പ്രസംഗിക്കുകയും അത്ഭുതം പോലും പ്രവർത്തിക്കുകയും (സ്വമഹിമയ്ക്കായി) ചെയ്ത ചിലർ
5. സഹോദരസ്നേഹമില്ലാത്തവൻ (ധനവാൻ-ധനികനായ യുവാവ്) ഈ ചെറിയവരിൽ ഒരുത്തനു ചെയ്യേണ്ടത് ചെയ്യാത്തവർ
6. ഗലാത്യലേഖനം 5.19 ൽ പറയുന്നവർ
7. ദുഷ്ടന്മാർ പുറത്തുള്ള അന്ധകാരത്തിൽ
8. ഒരുക്കമില്ലാത്തവർ (5 ഭോഷികൾ)

എവിടെനിന്നു വന്നു നീ? എന്തിനായി വന്നു നീ? എന്തു ചെയ്തിതേവരെ? ചിന്ത ചെയ്യുക സന്തതം. ഇവിടെ നീയുണ്ടെത്ര നാൾ ? അതിനുശേഷമെവിടെ നീ? അതിനു വേണ്ടതൊരുക്കിയോ? - ചിന്ത ചെയ്യുക സന്തതം.

ദൈവഭക്തി

(സദൃശ്യ വാക്യങ്ങൾ 14.26 - 27)

ദൈവഭക്തി		തിന്മയെ വെറുക്കൽ	... സദൃ. 8.13
"	"	വിജ്ഞാനം	... സങ്കീ. 111.10
"	"	നിധി	... സദൃ. 15.16., ഏശാ 33.6
"	"	ജീവന്റെ ഉറവ	... സദൃ. 14.27
"	"	എന്നും നിലനിൽക്കും	... സങ്കീ. 19.9
"	"	ദൈവികം	... എബ്രാ. 12.28

താഴെപ്പറയുന്നവയിൽ ആവശ്യം

(1) ആരാധനയിൽ (2) ശുശ്രൂഷയിൽ (3) പാപത്തിൽ നിന്നും നഗരം കത്തു രക്ഷിക്കുവാൻ (4) സൽഭരണത്തിന് (5) നമ്മുടെ ക്രിസ്തീയ ജീവിത പൂർണ്ണതയ്ക്ക് (സങ്കീ. 5:7, 2.11, പുറ. 20:20, ശമു. 23:3, 2 ശമു. 7:1) നോക്കുക.

ദൈവഭക്തിയുടെ ഫലങ്ങൾ : സങ്കീ. 147:11, 103:13, അപ്പോ.പ്ര. 10:35. സങ്കീ. 145 19, സങ്കീ. 9:10, സദൃ. 10.27, സങ്കീ. 86:11, 15:15, 24-26)

5
നാലാം നൂറ്റാണ്ടിനു മുമ്പുണ്ടായ ചില വേദവിപരീതികൾ

1. ശീമോൻ അവന്റെ ക്ഷുദ്ര പ്രവർത്തനങ്ങളാൽ യഹൂദന്മാർക്കു പിതാവായും പുത്രനായും റൂഹായായും സ്വയം വിശദീകരിച്ചു. ഉയിർപ്പില്ലെന്നും പഠിപ്പിച്ചു. ഇവന്റെ ശിഷ്യൻ മന്ദ്രോസ് മാലാഖമാരെക്കാൾ വിശിഷ്ടമെന്നു പഠിപ്പിച്ചു.

2. ഈ ലോകത്തെ ഉണ്ടാക്കിയത് ഏഴു മാലാഖമാരായിരുന്നു. നാം നമ്മുടെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ ഉണ്ടാക്കുക എന്നു പറഞ്ഞത് അവരോടാണ്. പിശാചുക്കൾ ദുഷ്ടന്മാരെ സഹായിക്കുന്നതിനാൽ-ശിഷ്ടന്മാരെ സഹായിക്കുവാൻ മിശിഹാവന്നു.

4. അബിയൂന്യൻ - മ്ശീഹായുടെ ജനനം യൗസേപ്പിൽനിന്നും മറിയാമിൽ നിന്നും ആകുന്നു.

5. കുറിയാന്തോസ് - മാലാഖമാരാണ് ലോകസൃഷ്ടിപ്പിനെത്തിയത്. ഉയിർപ്പിനുശേഷം യരൂശലേമിൽ നാം 100 വർഷം ഇമ്പമോഹങ്ങൾ നിവർത്തിക്കുമെന്നും മ്ശീഹായുടെ ജനനം മനുഷ്യ നടപടി പ്രകാരമായിരുന്നുവെന്നും പഠിപ്പിച്ചു.

6. മർക്കിയാൻ - നല്ലവനും നീതിമാനും ദുഷ്ടനും ഇങ്ങനെ 3 ആദിമ സ്വരൂപങ്ങൾ ഉണ്ട്. അവരിൽ നീതിമാൻ - ജഡംകൊണ്ട് എല്ലാം സൃഷ്ടിച്ചു. പഴയനിയമത്തെ മനുഷ്യനു നൽകി. (എന്നാൽ സൃഷ്ടി ചെയ്തിരിക്കുന്ന നീതിമാൻമാരെ അടിമയിൽനിന്നും തന്നിൽ വശ്വസിക്കുന്നവരെ സ്വതന്ത്രമാക്കുവാൻ കഴിഞ്ഞില്ല). നല്ലവന്റെ പുത്രനായ യേശുമ്ശിഹാ ഇറങ്ങിവന്ന് താൻ മനുഷ്യനായി തീരുകയൊ, കഷ്ടമനുഭവിക്കുകയൊ ചെയ്യാതെ മായ കാഴ്ചയായി അപ്രകാരം കാണപ്പെട്ടതേയുള്ളൂ. പുതിയ നിയമം കൊടുത്തത് - നല്ലവനാകുന്നു. ഉയിർപ്പും ന്യായവിധിയുമില്ല.

7. മുന്തോസ് ഇവൻ - ആശ്വാസപ്രദനാകുന്നു എന്ന് സ്വയം പറഞ്ഞു.

8. ബർദൈസാൻ - അഗ്നി - പ്രകാശം - വെള്ളം - വായു - ഇങ്ങനെ 4 ആദിസ്വരൂപികൾ. ഇവയിൽനിന്നും ദേവന്മാരും ലോകങ്ങളും ഉണ്ടായി. മോശയോടും പ്രവാചകന്മാരോടും സംസാരിച്ചതു ദൈവമല്ല, മാലാഖയത്രേ മറിയം പ്രസവിച്ചത് ജഡത്തെയത്രെ മനുഷ്യനെ സൃഷ്ടിച്ചതു മാലാഖമാരും ഗ്രഹങ്ങളുംകൂടെയാകുന്നു.

9. എവ്റിഗാനോസ് – ത്രിത്വത്തിൽ വിശ്വാസമുണ്ടായിരുന്നില്ല. പഴയ പുതിയനിയമങ്ങൾക്കു വ്യാഖ്യാനം എഴുതിയെങ്കിലും വേദവിപരീതപരമായിരുന്നു.
10. നൊവെഷ്യൻ – മാമോദീസക്കുശേഷമുള്ള പാപങ്ങൾക്കു മോചനമില്ല. വി. ത്രിത്വമെന്നു പറയുന്നത് ഒരാൾതന്നെ. താൻ പഴയ നിയമത്തിൽ പിതാവായി പറയപ്പെടുകയും പുതിയ നിയമത്തിൽ പുത്രനായി ജന്മം ധരിക്കുകയും വി. റൂഹായുടെ സാദൃശ്യത്തിൽ ശ്ലീഹന്മാരിൽ സംസാരിക്കുകയും ചെയ്തു.
11. ശ്മിശ്നോയോക്കാരൻ പൗലെ – മ്ശീഹാ – സധാരണ മനുഷ്യൻ ദൈവകൃപായോഗ്യനായിത്തീർന്നു. തുടക്കം മറിയാമിൽനിന്ന്.
12. മാനി – ഇവൻ മ്ശിഹാ എന്നും വി. റൂഹാ എന്നും സ്വയം വിളിച്ചുവന്നു. നല്ലവനായ ദൈവവും, തിന്മപ്പെട്ട ജഡവും ഇങ്ങനെ ആദി സ്വരൂപികളുണ്ട്. അവസാനം നല്ലവനായ ദൈവം ജഡത്തെയും മാനിയിൽ വിശ്വസിക്കാത്തവരെയും അഗ്നിയിലിടും. ഉയിർപ്പില്ല. കർത്താവിന് ആത്മാവും ശരീരവുമുണ്ടായിരുന്നില്ല. മായക്കാഴ്ചയായിരുന്നു.
13. അറിയോസ് – മ്ശീഹാ പിതാവാം ദൈവത്തിന്റെ ആദ്യസൃഷ്ടിയാണ്. പുത്രനെക്കൊണ്ട് സകലത്തെയും സൃഷ്ടിപ്പിച്ചു. പുത്രനും പരിശുദ്ധാത്മാവും പിതാവിനോടു സമനല്ല.
14. നവാദി – അനേക ദേവന്മാരുണ്ട്. മാലാഖമാരെ സൃഷ്ടിച്ചത് ഒരു മാലാഖയാകുന്നു. ദൈവവും വിധിയിൻകീഴിലാകുന്നു. ദൈവവും തന്നോടുചേരുന്നവരും അവസാനം മാഞ്ഞുപോകും. മ്ശീഹാ സൃഷ്ടിയാകുന്നു. താൻ കഷ്ടമനുഭവിച്ചില്ല. കുരിശിൽ തറയ്ക്കപ്പെട്ടില്ല. അങ്ങനെ കാണപ്പെട്ടതേയുള്ളു. നമ്മുടെ ശരീരം തിന്മപ്പെട്ടവനിൽനിന്ന് ഉണ്ടായതത്രെ. ഉയിർപ്പ് ഇല്ല.
15. മക്കദോനിയോസ് – പുത്രൻ പിതാവിനു സമനെങ്കിലും പരിശുദ്ധ റൂഹാ പിതാവിനും പുത്രനും സമനല്ല.
16. എവ്നോമിയോസ് – ദൈവം സകലത്തിനും മുമ്പു പുത്രനെയും പുത്രൻ വി. റൂഹായെയും സൃഷ്ടിച്ചു. ത്രിത്വത്തിന്റെ നാമത്തിൽ മാമോദീസാ–ക്രിസ്തുവിന്റെ നാമത്തിൽ എന്നു വ്യത്യാസപ്പെടുത്തി.
17. എവ്തൂക്കാ–ത്രിത്വത്തിന്റെ സ്വഭാവം ഉണ്ടെങ്കിലും പിതാവ് വലിയവൻ. കർത്താവിന്റെ ശരീരം ആകാശത്തിനടുത്തതാണ്. ഉയിർപ്പിനുശേഷം ഭക്ഷണ പാനീയങ്ങളും വിവാഹവും ഉണ്ട്.
18. എവ്തൂക്കാ – വചനമായ ദൈവം കന്യകയിൽനിന്നും ഒന്നും എടുത്തില്ല. തന്റെ ശരീരം സ്വഭാവപ്രകാരമുള്ളതല്ല, എന്നാലോ സമ്മിശ്രമായതും പകരപ്പെട്ടതുമായ ഏകസ്വഭാവം.

19. മായക്കാഴ്ചക്കാരനായ യൂലിയാന നമ്മുടെ കർത്താവിന്റെ ശരീരം ഒന്നിപ്പുമൂലം ദൈവസ്വഭാവമായി തീർന്നുപോയി. താൻ ഭൂമിയിൽ ചെയ്യുന്നതെല്ലാം മായക്കാഴ്ചയായിരുന്നു. സത്യമായിട്ടുള്ളവയല്ല.

വേദവിപരീതങ്ങൾ അന്നും ഇന്നും അഹങ്കാരത്തിന്റെ ഫലമത്രെ. വേദത്തിലുള്ളവ സ്വയമായി വ്യാഖ്യാനിക്കുമ്പോൾ പരിമിത ബുദ്ധി - അബദ്ധത്തിൽ നിപതിക്കുന്നു. ദൈവത്തെയും ദൈവിക സത്യങ്ങളെയും നവീകരിക്കുന്നതു ശാപമാണ്. നിങ്ങളെ ഞങ്ങളറീച്ചതൊഴിച്ചി - ങ്ങൊരുവൻ വന്നറിയിച്ചാൽ - വാനവനെങ്കിലുമാദൂതൻ - താനേൽക്കും സഭയിൻ ശാപം - അപ്പോസ്തലന്മാർ കർത്താവിൽ നിന്നും സത്യം ഗ്രഹിച്ചു. അപ്പോ.പ്ര 1.1 ഉയിർപ്പിനുശേഷം താൻ ദൈവരാജ്യത്തെക്കുറിച്ച് ശ്ലീഹന്മാരെ പഠിപ്പിച്ചത് അവരുടെ പിൻഗാമികളെ പഠിപ്പിച്ചു - പ്രവർത്തിച്ചു കാണിച്ചു. അതത്രെ, ശ്ലൈഹിക പാരമ്പര്യം - അതിനനുസരണമാണ് അപ്പോസ്തലിക സഭകളുടെ ഉപദേശം. 17-ാം നൂറ്റാണ്ടു മുതലുള്ള അനേക വിശ്വാസങ്ങൾ വ്യക്തികളുടെ അഭിപ്രായമാണ്.

പരിശോധന കൂടാതെയുള്ള വിശ്വാസം അബദ്ധമല്ലേ?

ഇതാണ് ചില വിജ്ഞരായ ആധുനികരുടെ ചിന്താഗതി. ഉത്തരം അർഹിക്കുന്ന ചോദ്യം തന്നെ.

1. നാം കാണുന്നത് - ഭൂമി നിശ്ചലമായി നിൽക്കുന്നു. സൂര്യൻ 12 മണിക്കൂർ കിഴക്കുനിന്നു പടിഞ്ഞാറോട്ട് യാത്രചെയ്യുന്നു. അല്പം പഠിച്ചവനുൾപ്പെടെ നാം എല്ലാം വിശ്വസിക്കുന്നു. സൂര്യൻ നിശ്ചലം - ഭൂമിക്കാണ് ഭ്രമണം എന്ന് യാതൊരു ഗവേഷണവും കൂടാതെ ഏത് അഭ്യസ്ത വിദ്യനും - കാണുന്നതിനെതിരെ വിശ്വസിക്കുന്നു. ഭോഷത്വമാണോ?

2. ഭൂഗർഭത്തിൽ വെള്ളം ഭൂമിക്കുപരി വായു. ഇതൊന്നും നാം കണ്ടു വിശ്വസിക്കുകയല്ല - വായിച്ചറിഞ്ഞു വിശ്വസിക്കുന്നു. ഭോഷത്വമാണോ?

3. കൊല്ലം ഭാഗത്തു സുനാമി സംഭവമുണ്ടായി. നാമെങ്ങും പോയി കണ്ടില്ല. പത്രവാർത്ത വിശ്വസിച്ചു. കാരണം, Trust Worthiness of the Source (ഉത്ഭവസ്ഥാനത്തിന്റെ വിശ്വസനീയത) ഒരു പത്രത്തെ വിശ്വസിക്കാമെങ്കിൽ അനേകശതകങ്ങളായി ലോകത്തിലെ സർവ്വ പരിഷ്കൃതഭാഷകളിലും അച്ചടിച്ച പ്രസിദ്ധീകൃതവും ജനകോടികൾ ആദരപൂർവ്വം ആധാരമായി എടുത്തിരിക്കുന്നതുമായ വി. വേദഗ്രന്ഥത്തെ വിശ്വസിക്കുന്നതു മൗഢ്യമാണോ?

4. പ്രതിദിന ഉപയോഗവസ്തുവായ പഞ്ചസാര രുചിച്ചു പരിശോധിച്ചശേഷമല്ലല്ലോ പാനീയത്തിൽ ഇടുന്നത്, എന്തുകൊണ്ട്? - അനുഭവത്തിൽനിന്നുള്ള അനുമാനം - തീരുമാനം മൗഢ്യമാണോ? മറ്റൊന്ന് സ്വർഗ്ഗസ്ഥ പിതാവാണ്, കരുണാമയനാണ് ദൈവമെങ്കിൽ ലോകത്തിൽ ദുരിതമെങ്ങനെ? ഉദാഹരണരീതിയിൽ പറയാം. മേശപ്പുറത്ത് ഒരു ഗ്ലാസ്, അതിനുമുകളിൽ ഒരു ബുക്ക്, അതിനുമുകളിൽ ഒരു കണ്ണട എത്രകാലം വേണമെങ്കിലും അങ്ങനെയിരിക്കുകയില്ലേ? ഒരാൾ അറിഞ്ഞോ അറിയാതെയോ തട്ടി അതു ക്രമം തെറ്റിച്ചു. ഗ്ലാസ്സു പൊട്ടി കാലിൽ തറച്ചു കയറി - രോഗിയായി. ആദ്യം ക്രമത്തിൽ വച്ചയാൾ എന്തു തെറ്റു ചെയ്തു? ക്രമം തെറ്റിച്ചു? ദുരിതം ആരംഭിച്ചു. സർവ്വോപരി ദൈവം - ദൈവത്തിനു കീഴ്പ്പെട്ട മനുഷ്യൻ - മനുഷ്യനു കീഴ്പ്പെട്ട വികാരങ്ങൾ ഇതായിരുന്നു ക്രമം. വികാരം മനുഷ്യനെ അടിപ്പെടുത്തി. മനുഷ്യൻ ദൈവത്തെയും അതു മുതൽ ആനന്ദങ്ങളുടെ പറുദീസായിൽനിന്ന് ദുരിതത്തിലേക്ക്? സർവ്വലോകവും പിശാചിന്റെ ആധിപത്യത്തിലിരിക്കുന്നു എന്നാവർത്തിക്കുന്ന വാക്യവും സ്മരിക്കുക.

ആകയാൽ സൃഷ്ടി സ്രഷ്ടാവിന്റെ ഇഷ്ടം ചെയ്യുക.

1. യോഹ. 6.40 പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ടാകണമെന്നാണ് ദൈവത്തിന്റെ ഇഷ്ടം.
2. ദൈവത്തിന്റെ ഇഷ്ടമോ - നിങ്ങളുടെ വിശദീകരണം തന്നെ. തെസ്സ 4-3.
3. നിങ്ങളുടെ സൽപ്രവൃത്തികൾകൊണ്ട് മറ്റുള്ളവരുടെ ഭോഷ്കിനെ മിണ്ടാതാക്കണമെന്നാണ് ദൈവേഷ്ടം. 1 പത്രോ.
4. എല്ലാറ്റിനും സ്തോത്രം ചെയ്വിൻ. ഇതല്ലോ നിങ്ങളെക്കുറിച്ച് ദൈവേഷ്ടം 1 തെസ്സ. 4.17.
5. കർത്താവേ! എന്നു വിളിക്കുന്നവൻ അല്ല - ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവനുള്ളതാണ് സ്വർഗ്ഗം!

6
വിശുദ്ധ ത്രിത്വം

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ ജീവനും സത്യവുമുള്ള ഏക പിതാവുണ്ട്. എല്ലാറ്റിന്റെയും ആദികാരണമായ ഈ ദൈവമല്ലാതെ മറ്റു ദൈവമില്ല. താൻ അനാദ്യന്തനും നിത്യനും അദൃശ്യനും സർവ്വശക്തനും സർവ്വജ്ഞനും സർവ്വ വ്യാപിയും നന്മയിൽ പൂർണ്ണനും ഭേദമില്ലാത്തവനും സകലത്തെയും ഭരിക്കുന്നവനുമാകുന്നു. ഈ ദൈവത്വത്തിൽ പിതാവ്, പുത്രൻ, വി. റൂഹാ എന്ന മൂന്ന് ആളുകൾ ഉണ്ട്. അതായത്, ഏകത്വത്തിൽ ത്രിത്വം - ത്രിത്വത്തിൽ ഏകത്വം. തമ്മിൽ മുമ്പൊ പിമ്പൊ വലിപ്പച്ചെറുപ്പമൊ വ്യത്യാസമൊ ഇല്ല. ഈ മൂന്ന് ആളുകൾക്കും ഏക സാരാംശവും ഏകരാജത്വവും ഏക സ്വഭാവവും ഏക ഇഷ്ടവും ഏക നിരൂപണയും ഏക ശക്തിയും ഏക ശ്രേഷ്ഠതയും ഏക കർത്തവ്യവും ആകുന്നു. (മതസംഗതി) ആദ്യ. 1:1, ഏശാ 44:24, ആവ 5:26, യോഹ. 5:20, ദാനി 2:20 ഏശാ. 43:5, 6, 11, 41:4, യോഹ. 4:24, 1 തീമോ. 6.15, മത്താ. 19:26 ലൂക്കോ1:37, സങ്കീ. 146:5, 139:7, പുറ. 34:6, യാക്കോ. 1:17, ലൂക്കോ. 10:21 ആദ്യ. 1:26, മത്താ. 28:19, 3:16, 17, ഏശാ. 6:3.

(മേൽ വാക്യങ്ങളിൽ ലൂ. 10.21-ൽ കർത്താവ് പിതാവിനെ സ്തോത്രം ചെയ്യുന്നു. മത്താ. 28:19-ൽ കർത്താവ് ത്രിത്വനാമത്തിൽ മാമോദീസാ കൽപ്പിക്കുന്നു. ആദ്യ. 1:26-ൽ "നാം" "നമ്മുടെ" പദ പ്രയോഗങ്ങൾ)

2. ത്രിത്വത്തെപ്പറ്റി വേദഭാഗങ്ങൾ:

മത്താ. 3:16, 17; റോമ. 8:9, 1 കൊരി. 12.3,6; എഫേ. 4:4,6 1 പത്രോ. 1:2; യോഹ. 16:5-8; യൂദാ. 20:31.

ത്രിത്വം - പ്രവാചർക്ക് പ്രചോദനം നൽകുകയും (എബ്രാ 1:1 സഭയ്ക്കു സ്ഥാനികളെ നിയമിക്കുകയും 2 കൊരി. 13:13 ചെയ്യുന്നു.

രക്ഷ - ത്രിത്വത്തിന്റെ പ്രവർത്തനമാണ്. 2 തെസ്സ. 2:13; തീത്തോ. 3, 4-6; 1 പത്രോ. 1:2.

സ്നാനം ത്രിത്വനാമത്തിൽ - മത്താ. 28.19.

ആശീർവാദം ത്രിത്വനാമത്തിൽ - 2 കൊരി. 13.14 ത്രിത്വത്തെ പരീക്ഷിക്കുന്നത് പാപം-അ.പ്ര. 5:9 നമ്മുടെ കർത്താവിന്റെ മാമോദീസാ സമയത്ത് പുത്രനെപ്പറ്റി പിതാവിന്റെ വാക്കുകൾ.

പരിശുദ്ധാത്മാവിന്റെ ആവാസം

നമ്മുടെ കർത്താവ് പിതാവിനെയും പരിശുദ്ധാത്മാവിനെയുംപറ്റി അരുളിയ വാക്യങ്ങൾ ത്രിത്വോപദേശത്തെ പ്രസ്പഷ്ടമാക്കുന്നു. ആധുനിക കാലത്ത് 'യഹോവായുടെ സാക്ഷികൾ' ഒഴികെ മറ്റെല്ലാ സമൂഹങ്ങളും ത്രിത്വോപദേശം അംഗീകരിക്കുന്നു.

പുതിയനിയമസഭയുടെ ആരംഭകാലത്ത് ചില ത്രിത്വോപദേശവിരുദ്ധർ ഉണ്ടായിരുന്നു. അവരിൽ ശക്തമായി ആഞ്ഞടിച്ച അറിയോസ് - മക്കദോനിയോസ് - എന്നിവരെക്കുറിച്ചുള്ള വിവരണം പിന്നാലെ.

ത്രിത്വോപദേശം നിലനിർത്തിയ വി. സഭയെ ആധുനിക സമൂഹങ്ങൾ അധിക്ഷേപിക്കുന്നത് സങ്കടകരമാണ്. സത്യവിശ്വാസ സഭയിലെ അംഗങ്ങളായ നമുക്കു ദൈവത്തെ സ്തുതിക്കാം. ത്രിത്വത്തെക്കുറിച്ചു സഭയുടെ ഉപദേശം "ഏക സ്വഭാവം, ഏക സാരാംശം, ഏക അധികാരം, ഏകശക്തി, ഏക ഉണ്മ, ഏക ദൈവമായി ത്രിത്വം സ്ഥിതിചെയ്യുന്നു. 3 ക്നുമാകളായി അറിയപ്പെടുന്നു. ഏക ദൈവമായി വിശ്വസിക്കപ്പെടുന്നു. "ഒന്ന് മൂന്നും മൂന്ന് ഒന്നും പിതാവ് ഗ്രഹിക്കപ്പെടാവുന്നവനല്ല. പുത്രൻ വ്യാഖ്യാനാതീതനാണ്. റൂഹാ വിവരിക്കപ്പെടുന്നവനല്ല. പിതാവ് ജനകനും പുത്രൻ ജാതനും റൂഹാ പുറപ്പെടുന്നവനുമാകുന്നു. ഏകദൈവം വാഗ്മികളാൽ അവർണ്ണ്യനും വിജ്ഞരാൽ ശോധനീയനല്ലാത്തവനും വിദ്വാന്മാർക്ക് അപരിമിതനും താർക്കികൾക്കു പരിശോധിക്കാവതല്ലാത്തവനും ആണ്. ത്രിത്വമായി അറിയപ്പെടുകയും ഏകമായി വിശ്വസിക്കപ്പെടുകയും ചെയ്യുന്നു. അപരിമിതനായ പിതാവും പരിശോധനാതീതനായ പുത്രനും വ്യാഖ്യാനാതീതനായ റൂഹായുമായി സൃഷ്ടിയല്ലാത്ത മൂന്നു ക്നൂമാകളും മൂന്നു നാമവും ഭിന്നിക്കാത്ത ഏക സാരാംശവും സമ്മിശ്രമാകാത്ത ഏകസ്വഭാവവും ആയുള്ള ഏക ദൈവം സൃഷ്ടിയല്ലാത്തവനും അപരിമിതനും ഒന്നായും മൂന്നായും ആരാധിക്കപ്പെടുന്നവനും മൂന്നു ക്നുമാകൾ എന്നതിനാൽ ബഹുദൈവമാകാതെയും സ്ഥിതിചെയ്യുന്നവനും കാദിശ് എന്നു മൂന്നു പ്രാവശ്യം ഉച്ചരിക്കുന്നുണ്ടെങ്കിലും കാദീശ് എന്ന ഏകവചനംകൊണ്ട് -താൻ ത്രിയേക ദൈവം എന്നു വിശ്വസിച്ചാരാധിക്കപ്പെടുന്നു. (പെങ്കീസാ പ്രാർത്ഥനാക്രമം) പെന്തിക്കോസ്തി ശുശ്രൂഷയിൽ പുത്രനെപ്പറ്റി സുസ്പഷ്ട വിവരണമുള്ളതു താഴെ ചേർക്കുന്നു. അദൃശ്യനായ ദൈവം സ്വയംഭൂവും സ്വയം അറിയുന്നവനും സ്വയം പര്യാപ്തനുമാകുന്നു. അവൻ ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവും നിയന്താവും അനാദ്യന്തനും അപ്രമേയനുമാകുന്ന സ്വയംഭൂ ആണ്. അവൻ പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്ന ഏകസ്വഭാവത്തോടും ഏക അധികാരത്തോടും ഏകമനസ്സോടും

കൂടിയ സത്യൈക ദൈവമാകുന്നു. ക്നൂമാകൂടാതെ അവന് ഒരു നാമമില്ല. ഒരു ക്നൂമാ മറ്റൊരു ക്നൂമായെക്കാൾ ചെറുതോ പ്രായംകൂടിയതൊ അല്ല. പിതാവ് എന്നു പറഞ്ഞാൽ പുത്രനും റൂഹായും അവനിൽനിന്നുള്ളവരാകുന്നു. പുത്രൻ എന്നു പറഞ്ഞാൽ പിതാവും റൂഹായും അവൻ മൂലമാണ് അറിയപ്പെടുന്നത്. റൂഹാ എന്നുപറഞ്ഞാൽ പിതാവും പുത്രനും അവനിൽ പൂർത്തിയായിരിക്കുന്നു. പിതാവ് ജനകനാകുന്നു, ജനിച്ചവനല്ല. പുത്രൻ ജാതനാകുന്നു, ജനകനല്ല. വി. റൂഹാ പിതാവിൽനിന്നും പുറപ്പെടുന്നവനും പുത്രനിൽനിന്ന് എടുക്കുന്നവനും പിതാവിൽ സമസ്വഭാവിയും തുല്യ നിത്യതയുള്ളവനുമാകുന്നു.

ത്രിയേക ദൈവം

1. വിശ്വസ്തനാകുന്നു (2) കരുണാപൂർണ്ണനാകുന്നു (3) നീതിയുള്ളവനാകുന്നു. -1 കൊരി 1.9. സങ്കീ. 33.4/36.5/ 1 തീമോ-2.13/ സങ്കീ. 103.8, 25.16, 34.17, 32.16/ 51.1/മത്താ 5.45, റോ-9.15 സങ്കി. 19.9/ ഏശാ. 45.21/ഉൽ. 18.25...

ഏകത്വമായി പ്രവർത്തിക്കുന്നു

1. സൃഷ്ടിയിൽ-ഉൽ. 1.3/യോഹ. 1.1
2. മനുഷ്യാവതാരത്തിൽ-യോ. 3.16/ലൂ. 1.35, 3.16
3. രക്ഷാപ്രവർത്തനത്തിൽ-എബ്രാ. 8.10/9.14
4. പ്രാർത്ഥനയിൽ-യോ. 16.23/റോ. 8.26
5. മഹത്വത്തിൽ-1 കൊ.2.7/ഫിലി.3.21
6. വീണ്ടും ജനനത്തിൽ-ലൂ.10.21/യോഹ. 3.3-6

ത്രിത്വവും വൈശിഷ്ട്യങ്ങളും

	പിതാവ്	പുത്രൻ	വി. റൂഹാ
1. സർവ്വശക്തൻ	1 പത്രോ. 1.5	2 കൊരി.12.9	റോ. 15.18
2. നിത്യൻ	സങ്കീ. 90.2	വെളി. 11,17	എബ്രാ. 9.14
3. സർവ്വജ്ഞൻ	ഏറ. 17.10	വെളി. 2.23	1 കൊരി 2.11
4. സർവ്വവ്യാപി	ഏറ. 23.24	മത്താ. 18.20	സങ്കീ.138.7
5. വിശുദ്ധൻ	വെളി. 15.4	അ.പ്ര. 3.14	ലൂ. 1.35

ത്രിത്വം ഒന്നിൽ മൂന്നും - മുന്നിൽ ഒന്നുമാകുന്നു. സാരാംശത്തിലും ബഹുമാനത്തിലും ഒന്നായിരിക്കുന്നു. ത്രിത്വം ഏക പ്രവർത്തനവും - ഏകശക്തിയും, ഏക അധികാരവും ഏക ഇഷ്ടവുമുള്ള

നിത്യനാകുന്നു. ത്രിത്വത്തിനു മൂന്നു ആളത്തമില്ലാതെ - ഒരാൾക്കു തന്നെ ചിലപ്പോൾ പുത്രൻ എന്നും റൂഹാ എന്നും പറയുന്നത് അബദ്ധോപദേശമാകുന്നു. അതിനെ ഞങ്ങൾ നിരസിക്കുന്നു. സാരാംശത്തിൽ ഒന്ന് - എങ്കിലും മൂന്നു ക്നൂമാകൾക്കു വ്യത്യസ്ത ലക്ഷണമുണ്ടെന്നു ഞങ്ങൾ ഏറ്റു പറയുന്നു. ത്രിത്വം സുഗ്രാഹ്യമല്ല. പിതാവ് പുത്രനായൊ, റൂഹായായൊ പുത്രൻ പിതാവായൊ റൂഹായായൊ - റൂഹാ പിതാവായൊ പുത്രനായൊ മാറ്റപ്പെടാവുന്നതല്ല. ത്രിത്വമല്ലാത്തത് ഒന്നും ആരാധ്യമല്ല. 3. ദേവന്മാർ എന്നോ 3 സ്വഭാവങ്ങൾ എന്നോ പറയുന്നവരെ തിരുസഭ തിരസ്കരിക്കുന്നു. പിതാവിനു ജനകത്വവും - പുത്രനു ജനനവും വി. റൂഹായ്ക്ക് പിതാവിൽനിന്നുള്ള പുറപ്പാടും പുത്രനിൽ നിന്നുള്ള എടുക്കലും ലക്ഷണമാകുന്നു. പുത്രൻമൂലം പിതാവിനെയും റൂഹായെയും ഞങ്ങൾ വന്ദിക്കുന്നു. പിതാവും പുത്രനും പ. റൂഹായുമായ ഏക ദൈവം അനാദ്യന്തമായ ഏകസ്വഭാവവും ഏക ഇഷ്ടവും ഏക അധികാരവും സത്യൈക ദൈവവും അനാദ്യന്ത നിത്യനും - ക്നൂമാകളുമായി വന്ദിക്കപ്പെടുകയും ദൈവമായി സ്തുതിക്കപ്പെടുകയും ചെയ്യുന്ന ഏകപരിശുദ്ധൻ.

വീണ്ടും ത്രിത്വത്തെക്കുറിച്ച് തിരുവെഴുത്ത്

1. ഏകദൈവം മാത്രം. (മർക്കോ. 12.30)
2. പിതാവ് ദൈവം. (യോഹ. 6.27)
3. പുത്രൻ ദൈവം. (യോ. 1.1)
4. പരിശുദ്ധാത്മാവ് ദൈവം (മർ. 3.23-29)
5. പിതാവിനു വ്യക്തിത്വം (യോഹ 15.9)
6. പുത്രനു വ്യക്തിത്വം (മർ. 14.62)
7. വി. റൂഹായ്ക്ക് വ്യക്തിത്വം (റോമ. 8.26)
8. മൂന്നും ഒന്ന് - ത്രിത്വം - ഏകത്വം (മത്താ. 28.19)

ത്രിത്വസൂചന ആദ്യപുസ്തകത്തിൽ

1-26, 3.22, 11.7, എബ്രായ ഭാഷയിൽ ദൈവത്തിനുപയോഗിച്ചിരിക്കുന്ന പദം ഏലോഹീം - എന്ന ബഹുവചനമാണ്.

ത്രിത്വം സംബന്ധിച്ച് 5 വിശദീകരണങ്ങൾ

(1) ഒരു ദൈവമേ ഉള്ളൂ (2) ദൈവത്വത്തിൽ അനാദ്യന്തമായ ഒരുപോലുള്ള 3 ആളത്തമുണ്ട്. (3) പുത്രന് അനാദിയായ പിതാവിൽ

നിന്ന് ജാതനായി പ. റൂഹാ അനാദിയായി പിതാവിൽനിന്ന് പുറപ്പെടുന്നു. (4) പിതാവ് - സ്രഷ്ടാവ്-പുത്രൻ-രക്ഷകൻ പരിശുദ്ധ റൂഹാ വിശുദ്ധീകരിക്കുന്നവൻ-ഈ വ്യാഖ്യാനാതീതമായ സത്യത്തിന് ഏറ്റം സുപ്രധാന ആധാരം പിതാവിനെയും-തന്നെയും-പ. റൂഹായെയുംകുറിച്ചുള്ള തിരുവചനങ്ങൾ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ഈ വേദാനുസരണ സ്തുതിപ്പിനെ വ്യത്യാസപ്പെടുത്തുവാൻ വേദവിപരീതിയായ അറിയോസ് ശ്രമിച്ചു നോക്കി. സഭ അയാളെ ബഹിഷ്കരിച്ചു. പുത്രന്റെ ദൈവത്വം-പരിശുദ്ധാത്മാവിന്റെ എന്നിവയ്ക്കെതിരായി അബദ്ധോപദേശം നടത്തിയ അറിയോസിനെയും മക്കദോനിയോസിനെയും സംഭവ വികാസങ്ങളെയുംപറ്റി വിശദമായി പിന്നാലെ പ്രസ്താവിക്കും.

സർവ്വശക്തനായ ദൈവം ത്രിത്വമാകുന്നു

വേദതെളിവുകൾ - നമ്മുടെ കർത്താവിന്റെ ഉത്പാദനത്തെക്കുറിച്ചുള്ള ഗബ്രിയേലിന്റെ പ്രസ്താവനകൾ (1) അത്യുന്നതന്റെ (2) പുത്രൻ (3) പരിശുദ്ധാത്മാവ് നിന്റെ മേൽ ആവസിക്കും.

(3) നമ്മുടെ കർത്താവിന്റെ മാമോദീസാ സമയം: 1. പിതാവിന്റെ ശബ്ദം, (2) പുത്രന്റെ സ്നാനം (3) പരിശുദ്ധാത്മാവിന്റെ ആവാസം (4) പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ (നമ്മുടെ കർത്താവിന്റെ കല്പന മത്തായി 28.19,20) (5) വി. യോഹന്നാന്റെ സുവിശേഷം 13, 14, 15 അദ്ധ്യായങ്ങളിലെ നമ്മുടെ കർത്താവിന്റെ പ്രസ്താവനകൾ (6) പിതാവ് തന്റെ പുത്രനെ ലോകത്തിലേക്കയച്ചു. (7) സർവ്വോപരി, വി. യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായം 2-ാം വാക്യം മുതൽ ആദിയിൽ വചനം ഉണ്ടായിരുന്നെന്നും ആ വചനം ദൈവം ആയിരുന്നെന്നും ആ വചനമാണ് മനുഷ്യാവതാരം ചെയ്തതെന്നും സസ്പഷ്ടം പ്രസ്താവിച്ചിരിക്കുന്നു. ആ വചനമാണ് പരിശുദ്ധാത്മാവിനെക്കുറിച്ച് സ്പഷ്ടമായി സാക്ഷിച്ചിരിക്കുന്നത്.

പ. ത്രിത്വം

1) ദൈവത്വത്തിൽ പിതാവ്, പുത്രൻ, വി. റൂഹാ എന്ന 3 ആളുകൾ ഉണ്ട്. ദൈവം പറഞ്ഞു നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക. (ഉല്പ. 1:26) ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും വി. റൂഹായുടെയും നാമത്തിൽ അവരെ മാമോദീസാ മുക്കുവിൻ, (മത്താ. 28:19) പുത്രന്റെ മാമോദീസാ

സമയത്ത് പിതാവിന്റെ ശബ്ദം, പ. റൂഹായുടെ ആവാസം (മത്താ. 3:16,17) (ഇവയ്ക്കും പുറമെ, യോ. 14:14-17, 26 നോക്കുക.)

2) ദൈവം ഏക ദൈവമാകുന്നു. പരിപൂർണ്ണരായ 2 ദൈവങ്ങൾ എന്നു ചിന്തിക്കാൻ യുക്തിപോലും സമ്മതിക്കയില്ല. അതിനും പുറമെ ദൈവം ഏകനാകുന്നുവെന്നതിന് ദൈവിക വെളിപാടുമുണ്ട്. ആവ. 4:35. ഏശാ. 44.6-7, 45:5; മർക്കൊ. 12.29.

3) ദൈവത്തിൽ 3 ആളുകൾ ഉണ്ട്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, ദൈവിക വെളിപാടുകൂടാതെ മനുഷ്യമനസ്സിനു ഗ്രഹിക്കാൻ സാദ്ധ്യമല്ലാത്ത ഒരു ദൈവിക രഹസ്യയമാണിത്. തന്റെ ഏകജാതനായ പുത്രനെ അനാദിയായി ജനപ്പിച്ചതിനാൽ പിതാവ് എന്നു വിളിക്കപ്പെടുന്നു. ദൈവത്തിൽ 1-ാമത്തെ ആളായി പിതാവിനെ പറയുന്നതിൽനിന്നും പുത്രനെയൊ റൂഹായേക്കാൾ വലിയവനൊ പ്രായം കൂടിയവനൊ എന്നർത്ഥമില്ല, പ്രത്യുത താൻ ജനകനാണ്, ജാതനല്ല എന്നതുകൊണ്ടാണ് (യോഹ. 5.18, 2 കൊരി. 1.3). ത്രിത്വത്തിലെ 2-ാമത്തെ ആൾ പുത്രൻ എന്നു വിളിക്കപ്പെടുന്നു. കാരണം താൻ മാത്രമാണ് അനാദിയായി പിതാവിൽനിന്നു ജാതനായവൻ. പിതാവിൽനിന്നു ജാതനായ പുത്രൻ പിതാവിന്റെ വചനം ആകുന്നു (മത്താ. 11.27, യോഹ. 1.1, 10.30, 1 യോഹ. 5.20). ത്രിത്വത്തിൽ മൂന്നാമൻ വി. റൂഹാ എന്നു വിളിക്കപ്പെടുന്നു. താൻ പിതാവിൽനിന്നും അനാദിയായി പുറപ്പെടുകയും പുത്രനിൽനിന്ന് എടുക്കുകയും ചെയ്യുന്നു (അ.പ്ര. 2.33; 1 കൊരി 3.16). പെന്തക്കൊസ്തി ശുശ്രൂഷാക്രമത്തിൽ ഇക്കാര്യം സ്പഷ്ടമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

മോർ മൂശെ ബർകീപ്പാ തന്റെ കുർബാനവ്യാഖ്യാനത്തിൽ പറയുന്നു: പിതാവ് എന്നു വിളിക്കുന്നു. കാരണം (1) ഭൗമിക പുത്രരെപ്പോലെ താൻ മറ്റാരുടെയും പുത്രനല്ല. (2) നമ്മുടെ കർത്താവ് യേശു മിശിഹായുടേതല്ലാതെ മറ്റാരുടെയും പിതാവുമല്ല. പുത്രൻ എന്നു വിളിക്കുന്നു. കാരണം, തങ്ങളുടെ പിതാക്കന്മാരുടെ പുത്രരും അവരുടെ മക്കളുടെ പിതാക്കന്മാരും എന്നതുപോലെയല്ലാതെ താൻ മറ്റാരുടെയും പുത്രനല്ലാത്തതിനാൽ. റൂഹാ പിതാവിൽനിന്നു പുറപ്പെടുകയും പുത്രനോടു സാരാംശത്തിൽ ഒന്നായിരിക്കുന്നവനുമാകുന്നു. പിതൃപുത്രപരിശുദ്ധാത്മാവിന് ഏക സ്വഭാവവും വ്യത്യസ്ത ലക്ഷണങ്ങളുമാകുന്നു. (അതായത് ജനകത്വം, ജനനം - പുറപ്പാട്)

ഈ 3 ആളുകളും 3 ആളുകളെങ്കിലും ഏക സാരാംശമാകുന്നു. പിതാവിന്റെ സാരാംശം തന്നെയാണ് പുത്രനും റൂഹായ്ക്കും പുത്രന്റേതുതന്നെയാണെന്ന് പിതാവിനും റൂഹായ്ക്കും റൂഹായുടെതു തന്നെയാണ് പിതാവിനും പുത്രനും ഈ 3 ആളുകളും സമന്മാരാ

കുന്നു. എന്തെന്നാൽ അത് സത്യ ഏകദൈവമാകുന്നു. കാലത്തിലൊ അധികാരത്തിലൊ ഒന്ന് ഒന്നിനെ മുമ്പിടുന്നില്ല. എല്ലാം ഒരുപോലെ. അനാദ്യന്തവും ഒരുപോലെ അധികാരമുള്ളതും ഏകദൈവസാരാം ശവുമാകുന്നു. ഇക്കാര്യം നമുക്കു പൂർണ്ണമായി മനസ്സിലാക്കാവുന്ന ഒന്നല്ല. എന്തെന്നാൽ അത് ഒരു പ്രകൃത്യാതീതമായ മർമ്മം ആകുന്നു. (Super Natural Mystery) പ്രകൃത്യാതീതമായ മർമ്മം എന്നുപറ ഞ്ഞാൽ, നമുക്കു പൂർണ്ണമായി ഗ്രഹിക്കാൻ അസാദ്ധ്യവും എന്നാൽ നാം പൂർണ്ണമായി വിശ്വസിക്കുന്നതുമായ സത്യമാകുന്നു. എന്തെ ന്നാൽ, നമുക്ക് അതിനാധാരമായി ദൈവത്തിന്റെ വചനമുണ്ട്. ദൈവം വെളിപ്പെടുത്തിത്തന്ന സത്യമാണത്. വെറും മനുഷ്യ വാക്കു കളുടെ വെളിച്ചത്തിൽ പലതും നാം വിശ്വസിക്കുന്നത് യൗക്തിക മെങ്കിൽ ദൈവവചന വെളിപാടിൽ വിശ്വസിക്കുന്നതും യൗക്തികം തന്നെ.

ഏകത്വത്തിൽ ത്രിത്വം, ത്രിത്വത്തിൽ ഏകത്വം എന്ന വിശ്വാസ സത്യം ദൈവത്തെക്കുറിച്ചുള്ള സത്യം ദൈവംതന്നെ മനുഷ്യാവതാരം, പെന്തിക്കൊസ്തി, വി. റൂഹായുടെ നടത്തിപ്പ് എന്നിവയിലൂടെ പ്രസ്പഷ്ടമാക്കിയിട്ടുള്ള ആത്യന്തികമായ സത്യമാണ്. ത്രിത്വം എന്ന വാക്ക് വേദപുസ്തകത്തിൽ കാണുകയില്ലെങ്കിലും ത്രിത്വ സംബന്ധമായ എല്ലാം അതിൽകാണാം.

പുത്രൻ

1. ത്രിത്വത്തിൽ ഒരുവനായി പിതാവിന്റെ വചനവും പുത്രനുമാ യവൻ അനാദിയായി പിതാവിൽനിന്നു ജനിച്ചവൻ. യോഹ. 1.1, 14.
2. സാരാംശത്തൽ പിതാവിനും വി. റൂഹായ്ക്കും സമനും സൃഷ്ടി യല്ലാത്തവനും. യോഹ. 10.30
3. താൻ ദൈവിക സ്ഥിതിയിൽനിന്നു യാതൊരു ഭേദവും കൂടാതെ തന്റെയും തന്റെ പിതാവിന്റെയും വി. റൂഹായുടെയും ഇഷ്ടപ്ര കാരം മനുഷ്യരുടെ രക്ഷയ്ക്കായി വെടിപ്പുള്ള കന്യകയിൽ നിന്നു ജഡമെടുത്തു മനുഷ്യനായിത്തീർന്നു. മത്താ. 1:20-23, എബ്രാ. 2.14, യോഹ. 1.14.
4. ജഡത്തിൽ സത്യമായി കഷ്ടം അനുഭവിച്ചു. അ.പ്ര. 1:3, മത്താ. 5:6
5. കുരിശിൽ തറയ്ക്കപ്പെട്ടു (മർക്കോ. 15:24) മരിച്ചു (റോ. 5.6)
6. കബറടക്കപ്പെട്ടു. 1 കൊരി. 15.4
7. പാതാളത്തിലേക്ക് ഇറങ്ങിച്ചെന്ന് പാതാളത്തിലുള്ളവരോടു പ്രസംഗിച്ചു. 1 പത്രോ. 3.19
8. 3-ാം ദിവസം ഉയിർത്തെഴുന്നേറ്റു. അ.പ്ര. 2:32, ലൂ. 24:39

9. ഉയിർപ്പിനുശേഷം 40 ദിവസം അപ്പോസ്തലന്മാർക്ക് പലപ്പോഴായി പ്രത്യക്ഷപ്പെട്ട് ദൈവരാജ്യസംബന്ധമായ കാര്യങ്ങളെക്കുറിച്ച് അവരോടു സംസാരിച്ചു. അ.പ്ര. 1.2
10. ഉയിർപ്പിനു ശേഷം 40-ാം ദിവസം സ്വർഗ്ഗാരോഹണം ചെയ്ത് മഹത്വത്തിൽ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കയും ചെയ്തു. (ലൂക്കോ 24.51)
11. താൻ മനുഷ്യനായിത്തീർന്നു എന്നുള്ളത് കന്യകയിൽനിന്നു ജനിച്ച ഒരു നീതിയുള്ള മനുഷ്യനിൽ വസിച്ചു എന്നല്ല. പ്രത്യുത സാക്ഷാൽ ദൈവമായ താൻ പുരുഷസംബന്ധം കൂടാതെ വി. റൂഹായാൽ കന്യകമറിയാമിൽനിന്നു ജഡമെടുത്ത്, സാക്ഷാൽ മനുഷ്യനായിത്തീർന്നു എന്നാണ്. (എബ്രാ. 2.17, യോഹ. 1.14, ഏശാ. 7.14)
12. തന്റെ ദൈവസ്വഭാവം ഭേദപ്പെട്ട് മനുഷ്യസ്വഭാവമായിത്തീരുകയൊ, മനുഷ്യസ്വഭാവം ഭേദപ്പെട്ട് ദൈവസ്വഭാവമായിത്തീരുകയൊ, തമ്മിൽ സമ്മിശ്രപ്പെടുകയൊ, കൂടിക്കലർന്ന് വേറൊരു വസ്തുവായിത്തീരുകയൊ, ഒന്നിനാൽ ഒന്നു നശിച്ചു പോകുകയൊ ചെയ്യാതെ - ദൈവത്വവും മനുഷ്യത്വവും എന്നു രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർപിരിയപ്പെടാത്തപ്രകാരം, ദൈവത്വത്തിന്റെയും പാപമൊഴികെ മനുഷ്യത്വത്തിന്റെയും പൂർണ്ണലക്ഷണങ്ങളോടുകൂടി യോജിപ്പിക്കപ്പെടുകയും ചെയ്തു. ഈ യോജിപ്പ് മഹാ അത്ഭുതമാകുന്നു (കൊലോ. 2.9; എബ്രാ 2.9; തീത്തോ 2.14,1 തിമോ. 3.16; എബ്ര 1.2).
13. യോജിപ്പിന്റെ ശേഷം രണ്ടു സ്വഭാവങ്ങളായൊ രണ്ട് ക്നൂമാകളായൊ (ആളുകൾ) വേർതിരിയപ്പെടാവുന്നതല്ല. എന്നാലൊ ഏകസ്വഭാവവും ഏക ആളും ഏക പർസൂപ്പായും (മുഖം) ഏക ഇഷ്ടവും ഏക വ്യാപാരവുമാണ്. താൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു (എഫേ. 4.5,1 കൊരി 1.13).
14. തന്റെ മരണസമയം ആത്മാവ് ശരീരത്തിൽനിന്നു വേർപിരിഞ്ഞപ്പോൾ തന്റെ ദൈവത്വം ആത്മാവിൽനിന്നും ശരീരത്തിൽനിന്നും വേർപിരിയാതെ അവ രണ്ടിനോടുംകൂടെ ഉണ്ടായിരുന്നു (യോഹ. 19.34).
15. താൻ വഴിയും സത്യവും ജീവനുമാകയാൽ തന്നാൽ അല്ലാതെ യാതൊരു ജഡവും രക്ഷിക്കപ്പെടുന്നതല്ല (യോഹ. 14.6; അ.പ്ര. 4:12).
16. ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാനായി തന്റെ വലിയ മഹത്വത്തോടെ രണ്ടാമതും താൻ വരും (അ.പ്ര. 17:31).

സത്യവിശ്വാസത്തിന്നെതിരായ വേദവിപരീതങ്ങൾ

1. മിശിഹായുടെ തുടക്കം യൗസേപ്പിൽനിന്നും മറിയാമിൽനിന്നും ആകുന്നു. (അബിയൂന്യർ)
2. മിശിഹായുടെ ജനനം മനുഷ്യനടപടിപ്രകാരം ഉണ്ടായതാകുന്നു. (കുറിന്തോസ്)
3. താൻ മനുഷ്യനായിത്തീരുകയൊ കഷ്ടമനുഭവിക്കുകയൊ ചെയ്തില്ല. മായക്കാഴ്ചയായി അപ്രകാരം കാണപ്പെട്ടതേയുള്ളൂ. (മർക്കിയാൻ)
4. മിശിഹാ ഒരു സാധാരണ മനുഷ്യൻ ദൈവകൃപയ്ക്കു യോഗ്യനായിത്തീർന്നവൻ തന്റെ തുടക്കം മറിയാമിൽനിന്നാകുന്നു. (ശ്മീശത്തുകാരൻ പൗലേ)
5. നമ്മുടെ കർത്താവിന് ആത്മാവും ശരീരവും ഉണ്ടായിരുന്നില്ല എന്നാലൊ താൻ കാണപ്പെട്ടതും കഷ്ടതയനുഭവിച്ചതും മായക്കാഴ്ചയായിട്ടായിരുന്നു. (മാനി)
6. പുത്രൻ എടുത്ത ശരീരം ആത്മാവില്ലാത്തതാണ്. ആത്മാവിനു പകരം ദൈവത്വമാകുന്നു. (അറിയോസ്)
7. മിശിഹാ സൃഷ്ടിക്കപ്പെട്ടവനത്രെ. തന്റെ ശരീരം ആകാശത്തിനടുത്തതത്രെ. താൻ കഷ്ടമനുഭവിക്കാതെ കഷ്ടമനുഭവിച്ചതായും, കുരിശിൽ തറയ്ക്കപ്പെട്ടതായും കാണപ്പെട്ടതേയുള്ളൂ. (നവാദി)
8. തന്റെ സ്വഭാവം കൂടിക്കലർന്നു സമ്മിശ്രമായ ഒരു സ്വഭാവമാകുന്നു. (നാറിയോസ്)
9. വചനമായ ദൈവം കന്യകമറിയാമിൽനിന്നും യാതൊന്നും എടുത്തില്ല. തന്റെ ശരീരം നമ്മുടെ സ്വഭാവപ്രകാരമുള്ളതല്ല. തന്റെ സ്വഭാവം സമ്മിശ്രപ്പെട്ടതും പകരപ്പെട്ടതുമായ ഏകസ്വഭാവമാകുന്നു. (എവുത്തിക്കോസ്)
10. നമ്മുടെ കർത്താവിന്റെ ശരീരം ഒന്നിപ്പിന്റെ കാരണത്താൽ ദൈവസ്വഭാവമായി പകരപ്പെട്ടുപോയി എന്നും അതിനാൽ താൻ നമ്മുടെ സ്വഭാവപ്രകാരമുള്ളവനല്ല. കഷ്ടാനുഭവം, മരണം എന്നീ സർവ്വ വ്യാപാരങ്ങളും മായക്കാഴ്ചയാകുന്നു. (യൂലിയാനാ)
11. തനിക്കു മനുഷ്യനു ചേർന്ന ആത്മാവില്ലായിരുന്നു. അതിന്റെ സ്ഥാനത്ത് തന്റെ ദൈവത്വമായിരുന്നു. (അപ്പൊലിനാരിയസ്)
12. ക്രിസ്തു മനുഷ്യനായി മാത്രം ജനിച്ചു. രണ്ടുമാസം പ്രായമുള്ള കുഞ്ഞിനെ ദൈവമെന്നു ഞാൻ വിളിക്കുകയില്ല.

13. ക്രിസ്തുവിൽ 2 സ്വഭാവവും 2 ആളത്തവുമുണ്ട് (നെസ്തോർ)
14. ക്രിസ്തുവിൽ 1 ആളത്തവും 2 സ്വഭാവവുമുണ്ട്. (ലേയോൻ) മുൻ പറഞ്ഞവയിൽ 12 വരെയുള്ള ചിന്താഗതികൾ തീരെ ഇല്ലാതായിരിക്കുന്നു.

ത്രിത്വം എന്നത് വ്യാഖ്യാനാതീതമായ ഒരു വസ്തുതയാണ്. ത്രിത്വത്തെക്കുറിച്ച് വളരെയേറെ ചിന്തിച്ച ഒരു വിശുദ്ധൻ ചിന്താകുഴപ്പത്തിലായപ്പോൾ ഉണ്ടായ ഒരു ദർശനത്തെപ്പറ്റി: "സമുദ്രതീരത്ത് ഒരു ബാലൻ ചെറുകുഴി കുഴിച്ച് സമുദ്രജലം കോരി ഒഴിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധൻ: 'കുഞ്ഞേ നീ എന്തു ചെയ്യുന്നു?' ബാലൻ: 'ഈ സമുദ്രജലമെല്ലാം ഈ കുഴിയിൽ നിറയ്ക്കാൻ ശ്രമിക്കുകയാണ്.' 'കരകാണാത്ത സമുദ്രത്തിലെ ജലം നിന്റെ ചെറുകുഴിയിൽ നിറയ്ക്കുമെന്ന്?' - 'ഭോഷാ', മറുപടി: കടലിനും എവിടെയെങ്കിലും ഒരു കരയില്ലേ? അതിരുള്ള കടലിലെ വെള്ളം എന്റെ ചെറുകുഴിയിൽ നിറയ്ക്കാൻ നോക്കുന്നത് ഭോഷത്വമെങ്കിൽ - അതിരില്ലാത്ത ദൈവത്തെ - ത്രിത്വത്തെ - താങ്കളുടെ ചെറിയ തലയ്ക്കുള്ളിൽ ഒതുക്കാമെന്നു വിചാരിക്കുന്ന താങ്കളാണോ ഞാനാണോ കൂടുതൽ ഭോഷൻ?'

ത്രിത്വമാകുന്ന ദൈവത്തിനു സമർപ്പിച്ച മഹനീയ വ്യക്തികൾ (വിശദീകരിക്കുന്നില്ല)

1. അബ്രഹാം - വിശ്വാസികളുടെ പിതാവ്
2. മോശ - വിശ്വാസികളുടെ നായകൻ
3. ശമുവേൽ - വിശ്വാസികളുടെ ന്യായാധിപനും നേതാവും
4. വി. കന്യക മറിയാം - വിശ്വാസികളുടെ മാതാവ്, ദൈവമാതാവ്
5. വി. പൗലോസ് - തന്റെ നിസ്തുലനായ പ്രചാരകൻ
6. രക്തസാക്ഷികൾ - അവരുടെ രക്തമാണ് വി. സഭയുടെ വളർച്ചയ്ക്കു വളമായത്

ദൈവത്തിന്റെ മനുഷ്യനെക്കുറിച്ചുള്ള കരുതൽ

സൃഷ്ടി മുതൽ ദൃശ്യമാകുന്ന ഒരു വലിയ കാര്യമാണിത്. സൃഷ്ടികളിൽ പ്രമുഖസ്ഥാനം മനുഷ്യൻ ആണ്. എന്നാൽ സൃഷ്ടിപ്രക്രിയയിൽ ഏറ്റവും അവസാനവും. എന്താണ് കാരണം?

1. മനുഷ്യനു ശ്വസിക്കാനുള്ള വായു - ഭക്ഷണ പാനീയങ്ങൾക്കുള്ള വസ്തുക്കൾ, പാർക്കാനുള്ള സ്ഥലം ആദിയായ മനുഷ്യ

ജീവിതത്തിന് ആവശ്യമായ സർവ്വവും കരുതിയശേഷം മനുഷ്യനെ സൃഷ്ടിച്ചു.

2. മറ്റൊരു സൃഷ്ടിക്കും ഇല്ലാത്ത (Memory Understanding) ഓർമ്മ ഗ്രഹണം, (Will) തീരുമാനശക്തി എന്നിവ മനുഷ്യനു മാത്രം നൽകപ്പെട്ടിരിക്കുന്നു.

3. മൃഗങ്ങളെപ്പോലെ നാലുകാലിയായി മനുഷ്യനെ സൃഷ്ടിച്ചിരുന്നെങ്കിൽ - വംശവർദ്ധനവിന് ആവശ്യമായവ നൽകിയില്ലായിരുന്നുവെങ്കിൽ - ഭൂമിക്കുതാഴെ വെള്ളം കരുതിയില്ലായിരുന്നെങ്കിൽ - പിൽക്കാലത്ത് ആവശ്യമായ കൽക്കരി, എണ്ണകൾ, സ്വർണ്ണം, അയിര്, വിത്തുകൾ, ഓരോ തലമുറയിലും കോടാനുകോടി ജനത്തിനു ശ്വസിച്ചു ജീവിക്കുവാനുള്ള ഓക്സിജൻ, മനുഷ്യനുവേണ്ടി കരുതിയില്ലായിരുന്നുവെങ്കിൽ, സൂര്യനിൽ നിന്ന് എന്നപോലെ ചന്ദ്രനിൽനിന്നും ചൂടും വെളിച്ചവും ആറു മാസം ഇരുളുമായി ക്രമീകരിച്ചിരുന്നുവെങ്കിൽ, സമുദ്രത്തിലെപ്പോലെ കരയിലും ലവണജലമായിരുന്നെങ്കിൽ, ചിന്തിക്കുക - ദൈവകരുതൽ ഗ്രഹിക്കുക.

4. നല്ലവരുടെയും അല്ലാത്തവരുടെയുംമേൽ കരുതലുള്ളവൻ: അവൻ നല്ലവരുടെയും ദുഷ്ടന്മാരുടെയുംമേൽ വെയിൽ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്നു.

ദൈവം കരുതിയ ചിലർ

നോഹ, അബ്രഹാം - മോശ (ജനനം മുതൽ മരണം വരെ) ഏലിയാ - ഇസ്രയേൽ -(വെള്ളം - മന്നാ - വിജയം) ദാനിയേൽ - ഹാനനിയാ മുതലായവർ - അപകടങ്ങളിൽ ശ്ലീഹന്മാരെ - ഗത്ശമനിൽ ശ്ലീഹന്മാരെ - രോഗികളെ - വചന കേൾവിക്കാരെ - (5 അപ്പം) നിരാധാരരെ - (മാർത്ത, മറിയം, വിധവ...)

അല്ലാത്തവരിൽ ചിലർ

ആദാം, കായേൻ - യോനാ.

7
ദൈവം പിതാവ്

നമ്മുടെ കർത്താവാണ് ഈ അതിമഹത്തായ സത്യം ലോകത്തിനു നൽകിയത്. യഹൂദരുടെ പൊതു ചിന്താഗതി 'ദൈവം സൈന്യങ്ങളുടെ യഹോവ', 'ശിക്ഷിക്കുന്ന ന്യായാധിപൻ', 'അടുക്കാവതല്ലാത്ത വിശുദ്ധൻ' എന്നെല്ലാമായിരുന്നു. ദൈവത്തെ സ്നേഹിക്കുന്നതിലുപരി ദൈവത്തെ ഭയപ്പെടുക എന്നായിരുന്നു പൊതു ചിന്താഗതി (ദൈവം സംരക്ഷകൻ, സഹായി, കാരുണ്യവാൻ ശിക്ഷിക്കുന്നവൻ ആദിയായ ചിന്താഗതികളും സങ്കീർത്തനങ്ങളിൽ - പ്രത്യേകിച്ചും കാണാവുന്നതാണ്).

എന്നാൽ സ്നേഹിക്കുകയും മനുഷ്യരെ മക്കളെപ്പോലെ കരുതുകയും ചെയ്യുന്ന പിതാവ് ആകുന്നു ദൈവം എന്ന മഹത്സത്യം ലോകത്തിന് ഇദം പ്രഥമം നൽകിയത് നമ്മുടെ കർത്താവാണ്, ശ്ലീഹന്മാരെ താൻ പഠിപ്പിച്ച പ്രാർത്ഥനയിലൂടെ ദൈവപിതൃത്വവും തദ്വാരാ മനുഷ്യസാഹോദര്യവും (Fatherhood of God and brotherhood of man) ലോകത്തിനു നവമായി താൻ പ്രദാനം ചെയ്തു.

1. അനാദ്യന്തനായ ആ പിതാവിന്റെ പുത്രനാണ് താനെന്നും (2) ആ ദൈവത്തിന്റെ പുത്രനാണ് തന്നിൽ വിശ്വസിക്കുന്നവർ എന്നും (3) ദൈവം തന്റെ മക്കളെ എപ്പോഴും കരുതുന്നവനാണെന്നും ഹൃദയം കലങ്ങാതിരിക്കണമെങ്കിൽ ആ പിതാവിലും പുത്രനായ തന്നിലും വിശ്വസിക്കണമെന്നും എപ്പോഴും വിശ്വാസിയെ വഴി നടത്തുവാനായി തന്നിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യുമെന്നും നമ്മുടെ കർത്താവ് പഠിപ്പിച്ചു. ദൈവം പിതാവാണ് എന്ന മഹൽസത്യം കർത്താവ് പഠിപ്പിച്ച വേദഭാഗങ്ങൾ സുവിശേഷങ്ങളിൽ പ്രത്യേകം ശ്രദ്ധാപൂർവ്വം പഠിക്കുമ്പോൾ കാണാം. ഈ പിതാവാണ് ആകാശത്തിന്റെയും ഭൂമിയുടെയും ദൃശ്യങ്ങളും അദൃശ്യങ്ങളുമായ എല്ലാറ്റിന്റെയും സ്രഷ്ടാവെന്നും താൻ പഠിപ്പിച്ചു. ആദിയിൽ വചനം - ആ വചനം ദൈവം - ദൈവത്തോടുകൂടെയായിരുന്നു ആ വചനം - സൃഷ്ടിയെല്ലാം ആ വചനം മൂലമായിരുന്നുവെന്നും ആ വചനം ജഡം ധരിച്ചുവെന്നും നമ്മോടുകൂടെ വസിച്ചുവെന്നും വി. യോഹന്നാൻ പ്രസ്പഷ്ടമാക്കിത്തരുന്നുമുണ്ട്.

താൻ കരുതലും സംരക്ഷണവും നൽകുന്ന പിതാവാണെന്നു വ്യക്തമാക്കിയിട്ടുണ്ടല്ലോ. താൻ പാപിയുടെ മാനസാന്തരത്തിനും

തിരിച്ചുവരവിനുമായി ആകാംക്ഷയോടെയിരിക്കുന്ന പിതാവാണെന്നു ധൂർത്ത പുത്രന്റെയും കടങ്ങൾ കരുണയോടെ ക്ഷമിക്കുന്നവനാണെന്നു കടക്കാരന്റെയും ഉണർവ്വുള്ളവരല്ലാതെയും പല അവസരങ്ങൾ നൽകിയിട്ടും ആഗമിക്കാത്തവരെയും നിഷ്കരുണം നശിപ്പിക്കുമെന്ന്, പത്തുകന്യകമാർ, രാജപുത്രന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവരുടെയും ദുഷ്ടദാസന്മാരുടെയും ഉപമകൾ വഴിയായും അല്ലാതെയും നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചു. കരുണയുള്ള പിതാവാണ് ദൈവമെങ്കിലും മനഃപൂർവ്വം അവനിൽ നിന്നകലുന്നവൻ ശിക്ഷിക്കപ്പെടുന്നു. ദൈവം എപ്പോഴും നമ്മെ കരുതി നമ്മോടു കൂടെയുണ്ട്. (God is with us always - The real problem is whether we are with God) പിതാവിനെ ധിക്കരിച്ച ശിംശോന്റെയും അബ്ശാലോമിന്റെയും അന്ത്യം നമുക്കു സുപരിചിതമാണല്ലോ.

ശിശു സമാനമാകാത്തവർക്കു സ്വർഗ്ഗരാജ്യമില്ല. എന്താണ് ശിശു സ്വഭാവം? (1) പിതാവിലുള്ള പരിപൂർണ്ണ വിശ്വാസം, (2) പരിപൂർണ്ണ ആശ്രയം, (3) പരിപൂർണ്ണ സ്നേഹം, (4) പരിപൂർണ്ണ അനുസരണം, (5) അന്യൻ മോഹനീയ സമ്മാനം കാണിച്ചാകർഷിച്ചാലും അവഗണിച്ച് പിതൃജനത്തോടു പറ്റിച്ചേരൽ, (6) കർമ്മ പാപമില്ലായ്മ.

പിതാവ് എന്നു പറയുന്നത് എന്തുകൊണ്ട്? മുൻപ്രസ്താവിച്ചതുപോലെ (1) താൻ മറ്റാരുടെയും പുത്രൻ അല്ലാത്തതിനാൽ (2) തന്നിൽനിന്ന് അനാദിയായി ജനിച്ച പുത്രന്റെ പിതാവാകയാൽ (3) താൻ സൃഷ്ടിച്ചു ഭരിക്കുന്ന എല്ലാവരുടെയും (4) വീണ്ടും ജനനമാകുന്ന മാമോദീസായാൽ ദൈവത്തിൽനിന്നു ജനിച്ചവരുടെയും (1 യോഹ 5) പിതാവാകയാൽ (5) നമ്മുടെ കർത്താവ് വയലിലെ പുഷ്പങ്ങളെ അലങ്കരിക്കുകയും പക്ഷിജാലങ്ങളെപ്പോലും സംരക്ഷിക്കുന്നവനും ആകയാൽ, പുത്രനെപ്പോലെ മനുഷ്യനെ കരുതുന്ന സ്വർഗ്ഗസ്ഥ പിതാവാകയാൽ.

മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ - ഭക്തന്മാരിൽ പിതാവാം ദൈവം കൃപ ചെയ്യും. അഗ്നിയിൽനിന്ന്, പ്രളയത്തിൽനിന്ന്, സിംഹക്കുഴിയിൽനിന്ന് നിന്നെ രക്ഷിക്കും. കോട്ടകൾ തകർത്തു തരും. 91, 121 സങ്കീർത്തനങ്ങൾ ശ്രദ്ധയോടെ വായിക്കുക. ഈ ദൈവത്തോടു നമുക്കുള്ള കടമകൾ നേരത്തേ വ്യക്തമായിട്ടുണ്ടല്ലോ.

(3) ഈ പിതാവ് സകലത്തിന്റെയും സ്രഷ്ടാവ്... ഈ വിശേഷണം ശ്രദ്ധേയമാണ്. എന്റെ ദൈവം-എന്റെ സ്രഷ്ടാവാണ്. ഞാൻ എഴുതുന്ന പേനയ്ക്കും ഒരു സ്രഷ്ടാവുണ്ട്. പേനയുടെ സ്രഷ്ടാവ് ഉണ്ടാക്കി എന്നല്ലാതെ അത് എവിടെയാണ്, ആരുടെ കൈവശം എന്നൊന്നും അറിയുന്നില്ല. അതല്ല, സ്രഷ്ടാവായ ദൈവത്തിൽ

എന്റെ സ്ഥിതി, തന്റെ സൃഷ്ടിയാകുന്ന ഞാൻ എവിടെ? എന്തു ചെയ്യുന്നു? എന്താണെനിക്ക് ആവശ്യം? ഏതാണു ഞാൻ പോകേണ്ട വഴി എന്നെല്ലാം പ്രതിനിമിഷം എന്റെ സ്രഷ്ടാവ് അറിഞ്ഞ് ആവ ശ്യമായതു പ്രവർത്തിച്ചു വരുന്നു. ബാറ്ററിയിൽനിന്ന് ആലക്തിക ശക്തി - എന്നതുപോലെ എന്നെ അറിഞ്ഞു പ്രവഹിപ്പിക്കുന്നു. യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർക്കുക (സഭാപ്രസംഗി 12:1). ഭൂരിഭാഗം യുവജനങ്ങൾ - അറിഞ്ഞിട്ടില്ലാത്ത വാക്യം!!! താൻ ഉണ്ടാക്കിയ വാച്ച് എവിടെയാണെന്നുപോലും അറിയാത്ത Marker നെപ്പെലെയല്ല എന്റെ Marker- ലോകത്തിന്റെ Creator (1) സത്യഏകദൈവത്തിൽ വിശ്വസിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രഹാം സത്യ ഏകദൈവത്തിൽ വിശ്വസിച്ചു. സന്തതി പരമ്പരയും - മോശയുടെ കുലം മുതൽ അവർ സത്യ ഏകദൈവത്തിൽ വിശ്വസിച്ചു വന്നു. നിരാശമൂലം പിറു പിറുപ്പും കാളക്കുട്ടിദേവനെ നിർമ്മിക്കലും മറ്റുമുണ്ടെങ്കിലും അതി നുള്ള ശിക്ഷയേൽക്കലുമെല്ലാം ഉണ്ടായെങ്കിലും ഏകദൈവവിശ്വാ സവും തദനുസരണമുള്ള ആരാധനകളും അവർ നടത്തിയിരുന്നു.

8
ദൈവത്തിന്റെ ഏകപുത്രൻ

നമ്മുടെ കർത്താവിനെപ്പറ്റി സൂചിപ്പിക്കുമ്പോൾ എല്ലാം ദൈവത്തിന്റെ ഏകപുത്രൻ (യിഹീദോയോ ബ്രോ) (only begotten son) എന്നുപയോഗിക്കുന്നു. ഇതുപോലെ പുത്രത്വം മറ്റാർക്കുമില്ല. മത്താ. 11:27; യോ. 1:18; 1 യോ. 5:13 മുതലായ ഭാഗങ്ങളിൽ കാണുന്ന പുത്രൻ ഈ ഏകജാതനായ പുത്രൻ ആണ്

നാമും ദൈവത്തിന്റെ പുത്രന്മാരല്ലേ? അതെങ്ങനെ? ഗലാ. 4:5. പുത്രസ്വീകാരം മൂലം വി. മാമോദീസാ - വീണ്ടും ജനനം മൂലം, നാം പുത്രന്മാരായി സ്വീകരിക്കപ്പെടുന്നു. അങ്ങനെയെങ്കിൽ സ്മരണീയ 3 വാക്യങ്ങൾ താഴെക്കാണുക.

1. ദൈവത്തിൽനിന്നു ജനിച്ചവരാരും പാപം ചെയ്യുന്നില്ല.
2. അവനു പാപം ചെയ്യാൻ കഴിയില്ല
3. അവൻ സ്വയം സൂക്ഷിക്കുന്നു.

ദുഷ്ടൻമാർപോലും തങ്ങളുടെ-മക്കൾക്ക് നല്ല ദാനങ്ങൾ കൊടുക്കുന്നുവെങ്കിൽ - സ്വർഗ്ഗസ്ഥപിതാവ് എത്ര അധികം? പുത്രൻ എങ്കിൽ - അവകാശിയുമാകുന്നു. ദൈവത്തിന്റെ പുത്രന്മാർ അവനിൽ ആശ്രയിക്കും-അനുസരിക്കും-ആരാധിക്കും-അനുകരിക്കും-കല്നകൾ ആചരിക്കും.

താൻ ദൈവത്തിന്റെ പുത്രൻ തന്നെ (തിരുവചനങ്ങൾ)

ത്രിത്വത്തെക്കുറിച്ചുള്ള ചർച്ചയിൽ പൂർവ്വോക്തമായിട്ടുള്ളതിനും പുറമെ നമ്മുടെ കർത്താവു തന്നെ - തന്റെ പുത്രത്വത്തെക്കുറിച്ചുള്ള സ്പഷ്ടമായി കല്പിച്ചവയിൽനിന്ന് (വേദഭാഗങ്ങൾ മാത്രം)

യോഹ. 10.18	യോഹ. 4.34	യോഹ. 5.21, 22
" 5.22, 25, 26	" 5.27	" 5.30
" 6.33	' 6.35-48	" 6.38
" 6.53 - 59	" 6.62-69	" 14.6
" 9.36	" 12.45	" 14.10
" 15.15	" 16.15	" 16.28
" 16.32		
" 17.5, 17.22		

വി. ശ്ലീഹായുടെ സാക്ഷ്യം യോഹ. 1.1-5/ 1 യോഹ. 1.3, 7/2.14.27/ യോഹ. 21.25/ 3.6, 23/4.9, 12, 13, 20/ 2യോഹ. 1.7

വി. സ്നാപകന്റെ സാക്ഷ്യം - മത്താ. 3:11-17
വി. പത്രോസ് ശ്ലീഹായുടെ സാക്ഷ്യം - മത്തായി. 16:16
വി. തോമാ " " - യോഹ. 20:28
വി. ഗബ്രിയേലിന്റെ " " - അറിയിപ്പ്
വി. മാലാഖമാരുടെ - ജനനസമയം
പിശാചുക്കളുടെ - (ഗദരാ)
റോമൻ ശതാധിപന്റെ - മത്തായി 27:54-55
നഥാനിയേലിന്റെ - യോഹ. 1:49
മാർത്തയുടെ - യോഹ. 11:27
വി. പത്രോസ് വീണ്ടും - അ.പ്ര. 4.12
വി. പൗലോസിന്റെ - അ.പ്ര. 20.28
(വേറെയും അനേക ഭാഗങ്ങളിൽ)

പുത്രനാം ദൈവത്തെക്കുറിച്ചുള്ള വേദത്തെളിവുകൾ

1. യേശുക്രിസ്തു ദൈവമാകുന്നു. അവൻ എല്ലാറ്റിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതുമാകുന്നു. യേശുമ്ശിഹാ എന്ന ഏക കർത്താവ് നമുക്കുണ്ട്. അവൻമൂലം സകലവും അവൻ മുഖാന്തിരം നാമും ആകുന്നു. 1 കൊരി 8.6.

2. ദൈവനാമത്തിൽ വെളിപ്പെട്ടു. ആത്മാവിൽ നീതികരിക്കപ്പെട്ടു. ദൂതന്മാർക്കു പ്രത്യക്ഷനായി. ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു. തേജസിൽ എടുക്കപ്പെട്ടു 1 തിമോ 3.16 പഴയ മലയാളഭാഷയിൽ ദൈവം എന്നല്ല അവൻ എന്നാണ്. എന്നാൽ ഇംഗ്ലീഷിൽ GOD എന്നാണ്.

1. ദൈവത്തിന്റെ ഏകപുത്രൻ (യോഹ 3.16, 36 മത്താ 3.17, 10.33 17.6, യോഹ 5.32, 37 റോമ 1.4.)
2. സർവ്വലോകങ്ങൾക്കും മുമ്പ് പിതാവിൽനിന്നു ജനിച്ചവനും (കൊലോ. 1.14-17).
3. പ്രകാശത്തിൽ നിന്നുള്ള പ്രകാശവും (യോഹ. 1:1-10, 8.12).
4. സത്യ ദൈവത്തിൽനിന്നുള്ള സത്യ ദൈവവും (1 യോഹ. 5.20).

5. ജനിച്ചവനും സൃഷ്ടിയല്ലാത്തവനും (യോ. 1.14).
6. സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും (കൊലോ. 1.15; ഫിലി. 2.6; 2 കൊ. 4.4; എബ്രാ. 1.3).
7. അവനാൽ സർവ്വവും നിർമ്മിക്കപ്പെട്ടവനും (യോഹ. 1.3; 1 കൊ. 8.5; കൊലോ 1.16).
8. മനുഷ്യരായ നമുക്കും നമ്മുടെ രക്ഷക്കുംവേണ്ടി തിരുവിഷ്ട പ്രകാരം സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി (മത്താ 1.21; ലൂ. 2.11; ഫിലി. 2:6-8; 2 കൊ. 8.9; യോഹ. 3.13).
9. വി. റൂഹായിൽനിന്നും ദൈവമാതാവായ വി. കന്യകമറിയാമിൽ നിന്നും ശരീരമെടുത്തു മനുഷ്യനായി (ലൂ 1.35, 48; ഏശാ. 7:14; എബ്രാ. 4:15; യോഹ 19-5; മത്താ. 8:20, 13:14.
10. പൊന്തിയോസ് പീലിത്തോസിന്റെ കാലത്ത് കുരിശിൽ തറയ്ക്കപ്പെട്ടു (മത്താ. 27.19, 26-35, 50, 60, ലൂ. 3.1; 1 കൊരി 15.4; റോ. 5:18-19).
11. കഷ്ടം അനുഭവിച്ചു മരിച്ച് അടക്കപ്പെട്ടു (1 പ. 3.18, 2.21, 4.1; കൊലോ 1.20).
12. 3-ാം ദിവസം ഉയിർത്തെഴുന്നേറ്റു (മത്താ 28, 6.7; 1 കൊ. 15:4, 12).
13. സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്തിരുന്നവനും (അ.പ്ര. 1.9, 7.55, 56; എബ്ര. 10.12).
14. ജീവനുള്ളവനും വരുവാനിരിക്കുന്നവനും (2 പത്രോ. 3, 13-16; മത്താ. 25:32-40; 2 തീമോ. 4:1).
15. തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനും (ലൂക്കോ. 1:33; എഫേ. 5.5; 2 പത്രോസ് 1:11).
16. യേശുമ്ശീഹായായ ഏകാത്മാവ് (1 കൊ. 8,6).

നമ്മുടെ കർത്താവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ

ക്രിസ്തു ഇസ്രയേലിൽ നിന്നുവരും	-	സംഖ്യ 24.17-18
ദാവീദ് കുടുംബത്തിൽ നിന്ന്	-	ഉൽ-49:10; ഏശ. 11.1
ബേത്‌ലഹേമിൽ ജാതനാകും	-	മീഖാ 5.2
കന്യകയിൽനിന്നു ജാതനാകും	-	ഏശ. 7.13
തനിക്കൊരുമുന്നോടിയുണ്ടായിരിക്കും	-	ഏശ. 40.3
താൻ ദൈവം തന്നെ	-	ഏശാ. 9.6

ശൈശവത്തിന്റെ ഒരു ഭാഗം മെസ്രേനിൽ	-	ഹോശ. 11.1
താൻ കഷ്ടമനുഭവിക്കും	-	ഏശ. 53:4-9
കഴുതപ്പുറത്തു യറുശലേമിൽ പ്രവേശിക്കും	-	സഖ. 9-9
കഷ്ടാനുഭവസമയത്തു കൈപ്പും ചൊറുക്കായും നൽകപ്പെടും	-	സങ്കീ. 69.21
അസ്ഥികൾ തകർക്കപ്പെടുകയില്ല	-	സങ്കീ. 34-20
തന്റെ കുപ്പായത്തിനു ചീട്ട് ഇടും	-	സങ്കീ. 22-18
കഷ്ടാനുഭവസമയത്ത് ചിലവാക്കുകൾ ഉച്ചരിക്കും	-	സങ്കീ. 22-1

നമ്മുടെ കർത്താവിനെക്കുറിച്ചുള്ള 2-ാം ഖണ്ഡിക

താൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി. ത്രിത്വത്തിൽ രണ്ടാമനായ കർത്താവ് സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി എന്നു പറയുമ്പോൾതന്നെ ഞാനും എന്റെ പിതാവും ഒന്നാകുന്നു. പിതാവ് എന്നിലും ഞാൻ പിതാവിലും ആകുന്നു എന്ന കർത്തൃവചനപ്രകാരം താൻ ഇവിടെ കന്യകയുടെ ഗർഭത്തിൽ ബേത്ലഹേമിൽ യോർദാനിൽ കരയിൽ- കടലിൽ പ്രവർത്തനരംഗങ്ങളിൽ ചുരുക്കിപ്പറഞ്ഞാൽ തന്റെ സ്വർഗ്ഗാരോഹണംവരെയും താൻ ഇവിടെ ആയിരിക്കുമ്പോൾതന്നെ അവിടെയും ആയിരുന്നുവെന്ന് വിശ്വാസപ്രഖ്യാപനമായ ആമോലോഗിയായിലും പെരുനാൾക്രമ പുസ്തകത്തിലും സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. അതിൽനിന്ന് കുറെ ഉദ്ധരണികൾ താഴെച്ചേർക്കാം.

1. യൽദൊ(ജനന)ക്രമത്തിൽനിന്ന്: സകലത്തിന്റെയും സ്രഷ്ടാവും കർത്താവും കാരണവുമായിരിക്കുന്നവൻതന്നെ ബേത്ലഹേമിൽ ജാതനായിരിക്കുന്നു. തന്റെ പിതാവിനോടുകൂടിയും വി. റൂഹായോടുകൂടിയും സ്തുതിക്കപ്പെടുന്ന വിശുദ്ധൻതന്നെ, കന്യകയുടെ ഗർഭപാത്രത്തിൽ വസിച്ചു. തന്റെ തിരുവിഷ്ടത്തിന്റെ ആംഗ്യത്താൽ ലോകത്തെ പോറ്റുന്നവൻതന്നെ-മനുഷ്യപുത്രിയിൽനിന്നു മുലപ്പാൽ കുടിക്കുന്നു. മൂന്നു വി. ക്നൂമാകളായി ഏകസാരാംശമായി തന്റെ പിതാവിനോടും വി. റൂഹായോടും ഒരുമിച്ച് സ്ഥിതിചെയ്തുകൊണ്ട് വി. കന്യകയുടെ മടിയിൽനിന്നുദയം ചെയ്തു. ഇന്ന് ലോകങ്ങളുടെ അധിപനായിരിക്കുന്നവനെ കന്യക പ്രസവിച്ചു. ദൈവം ഇന്ന് ലോകത്തിന്മേൽ ഉദയംചെയ്തു. തന്റെ ആംഗ്യത്താൽ സൃഷ്ടികളെ ചലിപ്പിച്ചുകൊണ്ടിരിക്കുന്നവൻ, ശിശുവിനെപ്പോലെയായി. മനുഷ്യനെപ്പോലെ നിസ്സാരനായിരിക്കുന്നെങ്കിലും അഗ്നിമയന്മാർ അവനാൽ

വിറച്ചുകൊണ്ടുനിൽക്കുന്നു. സ്വർഗ്ഗീയരുടെ രഥത്തിന്മേൽ ഇരിക്കുന്നവനെ കന്യക എളിയിൽ എടുത്തു. അവൻതന്നെ ഇവനും. സ്വർഗ്ഗീയ മാലാഖമാർ ദർശനത്തിൽ ചുളുങ്ങിപോകുന്നവർ ജഡിക ഉദരത്തിൽ വസിച്ചു വാനവനായിരിക്കെതന്നെ താഴെ ഉള്ളവനായിത്തീർന്നു. സ്വഭാവത്തിൽ ദൈവമായിരിക്കുമ്പോൾത്തന്നെ തിരുവിഷ്ടത്താൽ മനുഷ്യനുമായി. താൻ മുഴുവനുമായി ഉന്നതത്തിലായിരിക്കെ താൻ താഴെയുമായി മാലാഖവൃന്ദങ്ങൾ താൻ മനുഷ്യനായി ജനിച്ചതുകണ്ട് ബഹുമാനിക്കാൻ ഇറങ്ങിവന്നു. തന്റെ ശോഭയാൽ ദഹിച്ചുപോകാതിരിപ്പാൻ മുഖം മൂടി. ആരാധിച്ചുകൊണ്ടിരിക്കുന്നവനെ ദരിദ്രരുടെ പുത്രി മടിയിലിരുത്തി താരാട്ടുപാടുന്നു. തന്റെ സന്നിധിയിൽ ഭൂമി വിറയ്ക്കുകയും പർവ്വതങ്ങൾ ഇളകുകയും ചെയ്യുമ്പോൾ ദൈവം തന്റെ കൃപയാൽ ബാലികയുടെ ഉദരത്തിൽ വസിച്ചു. സർവ്വസൃഷ്ടികളെയും വഹിച്ചുകൊണ്ടിരിക്കുന്നവനെ കന്യക ഉദരത്തിൽ വഹിച്ചു. സ്വർഗ്ഗത്തിൽ ജനകന്റെ മടിയിൽ നിന്നും മാറാതെ വാഴുന്നവൻതന്നെ സുന്ദരിയായ കന്യകയിൽ ജഡധാരണം ചെയ്തു. ഉയരങ്ങളിൽ സ്തുതിച്ചുകൊണ്ടിരിക്കുമ്പോൾ താഴെ ഇടയന്മാർ സ്തുതിക്കുന്നു. മാലാഖമാർ ഭയഭക്തിയോടെ നിൽക്കുമ്പോൾ പുൽക്കൂട്ടിൽ ശിശുവിനുതുല്യം കരഞ്ഞുകൊണ്ട് താൻ പിറന്നു. നിന്റെ ദൈവത്തിന്റെ സ്വഭാവത്തിൽനിന്നും വിട്ടുമാറാതെ തന്നെ നീ മനുഷ്യനായിത്തീർന്നു. ദൈവത്തെപ്പോലെ സ്ഫടിക സിംഹാസനത്തിന്മേൽ ആഘോഷിക്കപ്പെടുന്ന നീ ശിശുവിനെപ്പോലെ മടിയിൽ വളർത്തപ്പെട്ടു. കാദീശ് പാടി സ്രോപ്പേന്മാർ സ്തുതിക്കുകയും ക്രൂബേന്മാർ പുകഴ്ത്തുകയും ചെയ്തുകൊണ്ടിരിക്കുന്നവനു മറിയാം മുലപ്പാൽ കൊടുത്തു. തന്നിലും പ്രായമേറിയവനെ, തന്റെ പിതാവിൽനിന്നും ഒരു കുറവുമില്ലാത്തവനെ ചെറുബാലിക പ്രസവിച്ചു. മാലാഖമാർ ആരുടെ മുമ്പിൽ വിറയ്ക്കുന്നുവൊ അവൻ കുഞ്ഞിനെപ്പോൽ മുലപ്പാൽ കുടിക്കുന്നു. സ്നാപക യൂഹാനോൻ ചിന്തിക്കുന്നതായി ഭക്തികവി പാടുന്നു. ഞാൻ ആരുടെ തിരുനാമത്തിൽ മാമോദീസാ നൽകേണ്ടൂ. താതൻ തൻ നാമം ചൊന്നാൽ - താതൻ നിന്നിൽ സ്ഥിതിചെയ്വൂ. നാമം തനയന്റേതായാൽ- നീയേകൻ തനയൻ -നൂനം. റൂഹായുടെ പേരാകുമ്പോൾ - താതസുതാമലറൂഹായാം ത്രിത്വത്തിൻ പൊരുളൊന്നല്ലോ. തന്റെ സ്വഭാവത്തിൽ ദൈവമായിരിക്കെത്തന്നെ യോർദാനിൽ യോഹന്നാനിൽനിന്ന് സ്നാനമേറ്റു. നീയോ സംക്ഷേപിക്കപ്പെടുവാൻ പാടില്ലാത്തവനും ആരംഭമില്ലാത്തവനും വ്യാഖ്യാനാതീതനുമായ, ദൈവമായി സ്ഥിതിചെയ്തുകൊണ്ടു ഭൂമിയിൽ പ്രത്യക്ഷനായി ദാസവേഷം സ്വീകരിച്ചു.

ദൈവത്തിന്റെ ഏകപുത്രൻ

1. അമ്മാനുവേൽ ആകുന്ന ദൈവമാണ് ക്രൂശിന്മേൽ തൂക്കപ്പെട്ടത്, ദൈവപുത്രൻ തന്നെയാണ് തല ചായിച്ചു മരിച്ചത്. പൂർവ്വിക ദീർഘദർശിമാരാൽ സൂചിപ്പിക്കപ്പെട്ടവനും പാളയമദ്ധ്യത്തിൽ നാട്ടിയ പിത്തള സർപ്പം മൂലം ദൃഷ്ടാന്തപ്പെടുത്തിയവനുമായ ദൈവം തന്നെയാണ് ക്രൂശിക്കപ്പെട്ടത്.

ക്രൂബേന്മാർ ഭ്രമമോടെ തന്നെ വഹിച്ചിരിക്കുമ്പോൾ തന്നെയാണ് കുരിശു തന്നെ വഹിച്ചത്. തിരുവിഷ്ടപ്രകാരം മനുഷ്യാവതാരത്തിനായി ഇറങ്ങിവന്നപ്പോഴും സർവ്വോപരിസ്ഥനായ ദൈവം എന്ന സ്ഥിതിയിൽനിന്ന് അകലാതിരുന്നവന് ഊശാന. അഗ്നിമയ സേനകളാൽ സദാ വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നവനാണ് ശിശുക്കളാൽ സ്തുതിക്കപ്പെട്ടത്. മാലാഖമാർ സ്തുതിക്കുന്നവനും ക്രൂബേന്മാർ പുകഴ്ത്തുന്നവനും സ്രോപ്പേന്മാർ കാദിശു പാടുന്നവനും അഗ്നിമയന്മാർ ഹാലേലൂയ്യാ പാടുന്നവനും ആത്മീയന്മാർ ശ്ലാഘിക്കുന്നവനും മൺമയന്മാർ ആരാധിക്കുന്നവനും മേലുള്ളവർ പുകഴ്ത്തുന്നവനും മദ്ധ്യസ്ഥർ കീർത്തിക്കുന്നവനും താഴെയുള്ളവർ ആഘോഷിക്കുന്നവനുമായ ദൈവമാണ് ക്രൂശിക്കപ്പെട്ടത്. തന്റെ ജനകന്റെ മടിയിൽ അദൃശ്യനായിരിക്കുന്നവനാണ് തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയത്. മാലാഖമാർ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നവനാണ് ശിഷ്യപാദങ്ങൾ കഴുകിയത്. സർവ്വനാഥനായവൻ, പാദപ്രക്ഷാളനം നടത്തുന്നത് സ്വർഗ്ഗവും ഭൂമിയും കണ്ട് അത്ഭുതം കൂറി. ജീവനുള്ളവരുടെ തലവനും സകലത്തിന്റേയും ദൈവവുമത്രെ കാൽ കഴുകി മാതൃക കാണിച്ചത്. ദൈവവും ദൈവപുത്രനും സ്വർഗ്ഗീയരും ഭൗമികരും ആരാധിച്ചുകൊണ്ടിരിക്കുന്നവൻതന്നെയാണ് കാൽ കഴുകിയത്; മാതൃകകാണിച്ചത്. മനമേ, നീ എവിടെ നോക്കുന്നു? ക്രൂബകളുടെ ഭയങ്കര രഥത്തിൽ ഇരിക്കുന്നവനെയൊ, അതേസമയവും തന്നെ ശിഷ്യന്മാരുടെ പാദം കഴുകുന്നവനെയൊ ഗബ്രിയേലും മിഖായേലും തങ്ങളുടെ നാഥന്റെ ഈ പ്രവൃത്തികണ്ട് അത്ഭുതം കൂറി.

വലിയ അത്ഭുതം! ആശ്ചര്യം! ദൈവം ക്രൂശിൽ തൂങ്ങിക്കിടക്കുന്നു. അനീതിക്കാരാൽ ആക്ഷേപിക്കപ്പെട്ടു. ശാരീരികമായി ക്രൂശിൽ തൂക്കപ്പെട്ടിരിക്കുന്നു. ദൈവം എന്ന നിലയിൽ ജീവനുള്ളവനായിരിക്കുന്നു. ശാരീരികമായി ക്രൂശിൽ തറയ്ക്കപ്പെട്ടിരിക്കുന്നെങ്കിലും അതേ സമയം ദൈവമെന്ന നിലയിൽ ജീവനുള്ളവനായിരിക്കണം.

നീ ഉയരവും ആഴവും ഭരിക്കുമ്പോൾ തന്നെ നീ ഭൂസീമകളെ നീ ഭരിക്കുമ്പോൾത്തന്നെ സ്കീപ്പോ നിന്നെ വഹിച്ചു.

സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിയത് എന്തിന്?

1. പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ
2. ജീവനും സമൃദ്ധിയായ ജീവനും നൽകുവാൻ
3. നീതിമാന്മാരെയല്ല-പാപികളെ വിളിക്കാൻ
4. ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷ ചെയ്യുവാനും അനേകർക്കു വേണ്ടി തന്റെ ജീവനെ വിലയായി നൽകുന്നതിനും.
5. ദൈവത്തെക്കുറിച്ചുള്ള പൂർണ്ണവെളിപ്പാടിന് എബ്രാ 1:18
6. പ്രാണനെ നശിപ്പിക്കുവാനല്ല, ജീവിപ്പിക്കുവാൻ
7. കാണാതെ പോയതിനെ അന്വേഷിക്കുവാൻ
8. പിതാവിൽനിന്നും കേട്ടതെല്ലാം അറിയിക്കുവാൻ
9. മനുഷ്യനു നഷ്ടപ്പെട്ട ദിവ്യസ്വരൂപം വീണ്ടെടുത്തു കൊടുക്കുവാൻ (വി. ഐറേനിയോസ്)
10. മനുഷ്യനെ ദൈവികൻ ആക്കുവാൻ — ദൈവം മനുഷ്യനായി (വി. ഗ്രീഗോറിയോസ് തേവോലോഗോസ്)
11. സഭ സ്ഥാപിക്കുവാൻ. മത്താ. 16.18
12. രക്ഷാമാർഗ്ഗങ്ങൾ (കൂദാശകൾ) സ്ഥാപിക്കുവാൻ
13. നിത്യജീവനായി വി. ശരീരരക്തങ്ങൾ നൽകുവാൻ
14. പരിശുദ്ധാത്മദാനം വഴിയുള്ള തന്റെ സ്ഥാനപതിത്വം മനുഷ്യനു നൽകുവാൻ (വചനം പ്രസംഗിക്കുവാൻ-രോഗികളെ സൗഖ്യമാക്കുവാൻ നമ്മുടെ കർത്താവ് ദൈവമായിരിക്കെത്തന്നെ മനുഷ്യനായി ജനിച്ചു എന്ന വേദാനുസരണമായ നിത്യസത്യത്തെ അവഗണിച്ച വേദവിപരീതികൾ ആദ്യകാലം മുതൽ തന്നെ ഉണ്ടാകുവാനിടയായി.

4-ാം നൂറ്റാണ്ടിനു മുമ്പായി രംഗപ്രവേശം ചെയ്ത വേദവിപരീതികളായ ശീമോൻ-മഗ്ദോസ്, സൂത്രീനോസ്-അബിയൂന്യർ-കുറിയാന്തോസ്-മർക്കിയാൻ മുതലായവരെക്കുറിച്ച് പൂർവ്വോക്തമായിട്ടുണ്ട്. എന്നാൽ 4-ാം നൂറ്റാണ്ടിലുണ്ടായ അറിയോസിന്റെ വേദവിപരീതം കർത്താവിന്റെ വി. സഭയെ പിടിച്ചു കുലുക്കുക മാത്രമല്ല അനേകം ജീവഹാനിക്കു കാരണമാകുകയും ചെയ്തു. അതിനാൽ സഭാചരിത്രപരമായ പഠനം ഏറ്റവും ആവശ്യമാണ്.

(അതിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് - വിശ്വാസപ്രമാണത്തിലെ വിശുദ്ധറൂഹായാൽ, വി. റൂഹായിൽനിന്നും എന്നു ചില പുസ്തകങ്ങളിൽ (നമ്മുടെ അല്ല) കാണുന്നത് സ്വീകാര്യമല്ല.

നമ്മുടെ കർത്താവിന്റെ ജനനം പ. റൂഹായിൽനിന്നും പ. മറിയാമിൽനിന്നും ആണെന്നുള്ള സത്യത്തിലും 1-ാം അദ്ധ്യായത്തിൽ സുസ്പഷ്ടമാകുന്നുണ്ടല്ലോ.

ദൈവമാതാവായ വി. കന്യകമറിയാമിൽനിന്നും എന്നുള്ള ഭാഗവും പ്രത്യേകം പഠിക്കേണ്ടിയിരിക്കുന്നു. പുത്രനാം ദൈവത്തിന്റെ ദൈവത്വത്തെക്കുറിച്ചുള്ള അറിയോസിന്റെ വേദവിപരീതംപോലെതന്നെ സഭയെ പിടിച്ചു കുലുക്കിയ മറ്റൊരു വേദവിപരീതമായിരുന്നത്. കുസന്തീനോപോലീസ് അദ്ധ്യക്ഷൻ ആയിരുന്ന നെസ്തോറിന്റെ വേദവിപരീതം.

നമ്മുടെ കർത്താവിന്റെ ജനനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ-ദൃഷ്ടാന്തങ്ങൾ

1. കുഞ്ഞാടിനെ വഹിച്ചിരുന്ന മരം - അബ്രഹാം.
2. അവന്റെ ജന്മദിനം കാണുവാൻ വിജാതീയർ പ്രതീക്ഷിച്ചും... യാക്കൂബ്.
3. എന്റെ രക്ഷകൻ ജീവനുള്ളവനാകുന്നു-സക്കറിയാ, അവസാനം അവൻ ഭൂമിയിൽ പ്രത്യക്ഷനാകും - ഈയോബ്.
4. വി. കന്യകയുടെ ഗർഭത്തിൽ വസിച്ചിട്ടും ദിവ്യാഗ്നിയാകുന്ന ഈ ശിശുവിനെ മുൾപ്പടർപ്പിൽ വസിച്ചിട്ടും അതു ദഹിച്ചുപോകാതിരുന്നു - മോശ കണ്ടു.
5. ഈ പരിശുദ്ധ ശിശുവിനെപ്പറ്റി - ഏശായ 7:14.
6. 4 മുഖങ്ങളുള്ള രഥത്തിന്മേൽ മുൻകൂട്ടി ദർശിച്ചിട്ട് ജഡികമായി ഇവൻ ലോകത്തിനു പ്രത്യക്ഷനാകും എന്ന് - ഹസ്കിയേൽ.
7. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ദൈവവും മനുഷ്യനുമാകയാൽ അത്ഭുതമെന്നു വിളിക്കപ്പെടും.
8. വി. കന്യകയാകുന്ന രോമക്കെട്ടിന്മേൽ മഴപോലെ അവൻ ഇറങ്ങും. നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു. - ദാവീദ്.
9. കർത്താവ് ദാവീദിന് ഒരു കിരണത്തെ എഴുന്നേൽപിക്കും - ഏറമിയ.
10. കൈകൾ കൂടാതെ വെട്ടപ്പെട്ട ശില-ദാനിയേൽ.
11. സകല സൃഷ്ടികളുടെയും രക്ഷകൻ നിന്നിൽനിന്നും ഉദിക്കും - ഗബ്രിയേൽ.
12. രക്ഷകൻ-എന്നു മാലാഖ. ഇസ്രയേൽ രാജാവിന്റെ നക്ഷത്രം-വിദ്വാന്മാർ.
13. വൃദ്ധനായ ശെമഓന്റെ അപേക്ഷ.
14. വലതുഭാഗത്തിരിക്കുന്ന പുത്രൻ എന്ന ദാവീദിന്റെ വിളി.

ജന്മദിനത്തിൽ

ദൈവം ഭൂമിയിൽ ജാതനായി. ബേത്‌ലഹേമിൽനിന്നു ജീവന്റെ അപ്പം പുറപ്പെട്ടു. ഇന്നു വാതിലും അതിൽക്കൂടെ പ്രവേശിക്കുന്ന കർത്താവും പ്രത്യക്ഷപ്പെട്ടു.

വിശുദ്ധാത്മാവിൽനിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽനിന്നും ശരീരമെടുത്തു മനുഷ്യനായി

വളരെയേറെ വാഗ്വാദങ്ങൾക്കും കലാപങ്ങൾക്കും സഭയിൽ പിളർപ്പുണ്ടാകത്തക്ക പരിതസ്ഥിതിയ്ക്കും കാരണമായ ഈ വിശ്വാസസത്യത്തെക്കുറിച്ചുള്ള വിശദമായ പ്രതിപാദനത്തിനു മുമ്പായി വി. കന്യകമാതാവിനെക്കുറിച്ച് വി. സഭയുടെ സീമാതീതമായ ബഹുമാനവും ഭക്തിയും പ്രസ്പഷ്ടമാക്കുന്ന ചില ഉദ്ധരണികൾ താഴെ ചേർക്കുന്നു.

നിത്യ കന്യകയും ഭാഗ്യവതിയും ദൈവമാതാവും കറയില്ലാത്ത മാണിക്യം, കറയില്ലാത്ത കന്യക, ദൈവപുത്രന്റെ മാതാവ്, പ. റൂഹായുടെ മണവാട്ടി, ദൈവത്വത്തിന്റെ ആലയം, കഷ്ടതകളാകുന്ന കത്തികൊണ്ടു കുത്തേറ്റ മാതാവ്, സൃഷ്ടികളുടെ നാഥയും ഗുരുനാഥയും സ്വർഗ്ഗത്തിലും ഭൂമിയിലും കാര്യസാദ്ധ്യത്തിനു പ്രാപ്തി ലഭിച്ചിട്ടുള്ള മാതാവ്, സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ, മന്നാ സൂക്ഷിച്ച ചെപ്പ്, അഹറോന്റെ തളിർത്ത വടി, നിയമ പെട്ടകം, സർവ്വ സൃഷ്ടികളുടെയും നാഥനാകുന്ന 'മാലൂമി'യെ വഹിച്ച പടക്, പിതാവ് ജനിപ്പിച്ചവനെ, മറിയം ജഡത്തിൽ പ്രസവിച്ചു, പ്രവാചകന്മാരുടെ നാഥനെ വഹിക്കുന്നവളായ ദീർഘദർശിനി.

കന്യക പ്രസവിക്കുകയോ? എന്നു സംശയിക്കുന്നവരോടുള്ള മൂന്നു പ്രത്യുത്തരങ്ങൾ: മരത്തിനു കുഞ്ഞാടിനെ ജനിപ്പിക്കാമോ? കരിമ്പാറയ്ക്കു വെള്ളം ഒഴുക്കാമോ? മത്സ്യത്തിന്റെ വായിൽ നിന്നു എസ്തീറാ ഉണ്ടാകുമോ? ഇവയെല്ലാം സംഭവിക്കാമെങ്കിൽ? മുൾമരമെരിയതെരിതീ തൻ നടുവിൽ കണ്ടതുപോൽ-മറിയാമിൽ വസിച്ചു.

സ്വർഗ്ഗത്തിൽനിന്നിറങ്ങി വന്ന ദൈവപുത്രൻ - ക്രിസ്തുവിനെപ്പറ്റി വി. ഗ്രന്ഥം

1. രക്ഷകൻ (2 പത്രോസ്. 2:20) സർവ്വശക്തനായ ദൈവമായ കർത്താവ്, (വെളി. 15:3) മറുവിലയായവൻ (1 തീമോ. 2:6) ഏകജാതൻ (യോഹ. 1:14 പുനരുത്ഥാനവും ജീവനും (യോഹ. 11:25) മദ്ധ്യസ്ഥൻ (1 തീ. 2:5) സർവ്വശക്തനായ ദൈവമായ കർത്താവ് (വെളി. 15:3) ദൈവത്തിന്റെ കുഞ്ഞാട് (യോഹ. 1:29-36) ലോക

ത്തിന്റെ വെളിച്ചം (യോഹ. 8:12) രാജാധിരാജാവ് (1തീ. 6:15) സകലത്തിനും അവകാശി (എബ്രാ. 1:2) മഹാപുരോഹിതൻ (എബ്രാ, 4:14) നല്ല ഇടയൻ (യോഹ. 10:11) സഭയുടെ തല (എഫെ. 5:23, കൊലോ. 1:18) സർവ്വശക്തൻ (വെളി. 1:8) വിശ്വാസത്തിന്റെ നായകൻ (എബ്രാ. 12:2) ജീവന്റെ അപ്പം (യോ. 6:35) രക്ഷാനായകൻ (എബ്രാ. 2:10) ഇടയശ്രേഷ്ഠൻ (1 പത്രോ. 2:6) ഉയരത്തിൽനിന്നുള്ള ഉദയം (ലൂ. 1:79) വിടുവിക്കുന്നവൻ (റോമ. 8:16) വാതിൽ (യോഹ. 10:7) അമ്മാനുവേൽ (മത്താ. 1:23) നിത്യജീവൻ (1 യോഹ. 1:2) ആദ്യനും അന്ത്യനും (വെളി. 1:17) മരിച്ചവരിൽ ആദ്യജാതൻ (വെളി, 1:5) മഹാപുരോഹിതൻ (എബ്രാ. 6:20) ദൈവം (യോഹ. 20:28) എല്ലാറ്റിലും മുമ്പൻ (1കൊരി. 11:3) ശ്ലീഹന്മാരെ നിയോഗിച്ചു (മത്താ. 10:1, 20:28) കൂദാശകൾ സ്ഥാപിച്ചു. (മത്താ. 26:28, ലൂക്കോ 22:19, 20)

ക്രിസ്തു തന്റെ ആടുകളെ അറിയുന്നു. യോഹ. 10:14,2.

ക്രിസ്തു തന്റെ ആടുകളെ നടത്തുന്നു. സങ്കീ. 23:3, യോ. 10:3

ക്രിസ്തു തന്റെ ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്നു. യോഹ. 10:11.

ക്രിസ്തു ദൈവംതന്നെ

മത്താ. 3:3,	1 കൊരി. 1:30	യോഹ. 3:31
സങ്കീ. 102:24, 27	എബ്രാ. 1:8	റോമർ/എബ്രാ.10:12
തീത്തോ. 2:12	റോമ. 9:5	1 യോഹ. 5:20
1 കൊരി. 4:5	2 കൊരി. 5:10	മത്താ. 4:1
മത്താ. 1:21	അ.പ്ര. 3:13	1 കൊരി. 15:47
മത്താ. 26:63-67	യോഹ. 1:14-18	അ.പ്ര. 20:28

പിതാവിനോട് ഒന്നായിരിക്കുന്നവൻ - യോഹ. 10:30

പിതാവിനെപ്പോലെ ബഹുമാനിക്കപ്പെടുന്നവൻ - യോഹ. 5:23

" " എല്ലാറ്റിന്റെയും ഉടയവൻ

" " കൃപയുടെ ഉറവ - 2 തെസ്സ. 3:11

" " സ്രഷ്ടാവ് - യോഹ. 1:13

" " പരിപാലകൻ - എബ്രാ. 1:3

" " സർവ്വ സമ്പൂർണ്ണൻ - കൊലോ. 2:9

" " മരിച്ചവരെ ഉയിർപ്പിക്കുന്നവൻ - യോഹ. 5:21

തന്നെത്താൻ ഉയിർപ്പിച്ചവൻ - 1 കൊരി. 15:4

നിത്യൻ - യോഹ. 1:1

സർവ്വശക്തൻ - ഫിലി. 3:21, വെളി. 1:8

സർവ്വജ്ഞൻ - യോഹ 16: 30, 21:17

ഹൃദയചിന്ത അറിയുന്നവൻ - ലൂ. 5:22, യോ. 2:24

പാപമോചനശക്തിയുള്ളവൻ - കൊലോ. 3:13

സഭയ്ക്കു സ്ഥാനികളെ നൽകുന്നവൻ - എഫേ. 4:11,13

സഭയുടെ കർത്താവാകുന്നവൻ - കൊലൊ. 1:18

സഭയെ ശുദ്ധീകരിക്കുന്നവൻ - തീത്തോ. 2:11

ശ്ലീഹന്മാർ ദൈവമായിതന്നെ അംഗീകരിച്ചു - യോഹ. 20: 28

ക്രിസ്തുമാത്രം ദൈവത്തെ അറിയുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു - മത്താ. 11:27

തന്റെ ഉപദേശം പിതാവിന്റെ ഉപദേശമായി പ്രഖ്യാപിച്ചു - യോഹ. 8:26-28

തന്റെ മാത്രം ദൈവത്തെ യഥാവിധി അറിഞ്ഞു വെളിപ്പെടുത്തുന്നു. മത്താ. 11:27, യോഹ. 3:3, 13,14, 17:7, 14:26

തന്റെ ഉപദേശം പിതാവിന്റേതായി പ്രഖ്യാപിച്ചു - യോഹ. 8:26-28, 12:49-50, 14:10, 24

വരുവാനുള്ളതു മുന്നറിയിച്ചു - മത്താ. 24:3-35

തന്നെ ശ്രദ്ധിപ്പാൻ ദൈവം കല്പിക്കുന്നു - അ.പ്ര. 3.22

തന്നെക്കുറിച്ചുള്ള പ്രവചനങ്ങളും പൂർത്തീകരണവും

1. ഏശാ. 53:3, മത്താ. 27:26-30
2. സങ്കീ. 41:9, യോ. 6:14
3. സഖ. 11:12 മത്താ. 26:15
4. ഏശാ. 53:7, മത്താ. 26:63
5. സങ്കീ. 22:6, മത്താ. 27:44
6. സങ്കീ. 68:18; ലൂ. 24:50; ദാനി. 7:13; മത്താ. 24:30 സത്യമായും ഈ ആൾ ദൈവപുത്രൻ തന്നെ. മത്താ. 27:54-5.
7. ഏശാ. 53:12, മത്താ. 27:38
8. സങ്കീ. 22:16 യോഹ. 20:27
9. സങ്കീ. 69:21, യോഹ. 19:29
10. സഖ. 12:10, യോഹ.19:34-37
11. സങ്കീ, 22:18, മർ. 15:24
12. ഏശാ. 53:5, 1 പത്രോ. 2:24

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ പുത്രൻ ദൈവമല്ലെന്ന്

അറിയോസിന്റെ വേദവിപരീതമാണ് ക്രൈസ്തവസഭയെ ബാധിച്ച പ്രഥമ വേദവിപരീതം. അറിയോസ് ആഫ്രിക്കയിലെ

ലിബിയ സ്വദേശിയും പണ്ഡിതനുമായിരുന്നു. അയാളുടെ വാദം. പുത്രനായ ദൈവം സൃഷ്ടിക്കപ്പെട്ടവൻ ദൈവസൃഷ്ടിക്കും മുമ്പ് പുത്രനെ സൃഷ്ടിച്ചു. പുത്രനെക്കൊണ്ട് സർവ്വവും സൃഷ്ടിപ്പിച്ചു. പുത്രൻ ഒരിക്കലും പിതാവിനോടു സമനല്ല. വി. റൂഹായും സമനല്ല. പുത്രന്റെ ശരീരം ആത്മാവില്ലാത്തതത്രെ. ആത്മാവിനു പകരം ദൈവത്വമായിരുന്നു. പിതാവിനും പുത്രനും വി. റൂഹായ്ക്കും സ്തുതി എന്നത് വി. റൂഹായാൽ പുത്രൻമൂലം ദൈവത്തിനു സ്തുതി എന്നു വ്യത്യാസപ്പെടുത്തി പഠിപ്പിച്ചു വന്നു. അറിയോസിന്റെ ഭരണാധിപൻ വി. പത്രോസ് അയാളെ മുടക്കി. വ്യാജ അനുതാപം കാണിച്ച് സഭയിൽ പ്രവേശിച്ചെങ്കിലും പിന്നെയും വേദവിപരീതിയായി മുടക്കപ്പെട്ടു. അറിയോസിന്റെ സ്വാധീനംമൂലം തടവിൽക്കിടന്നാണ് വിശുദ്ധൻ (വി.പത്രോസ്) മരിച്ചത്. തുടർന്നുവന്ന അലക്സന്ത്രയോസ് എപ്പിസ്കോപ്പായ്ക്കും അറിയോസ്യരിൽനിന്നും ഭയങ്കര പീഡയുണ്ടായി. ഈജിപ്റ്റ്, ലിബിയ രാജ്യങ്ങളിൽ സത്യവിശ്വാസികൾക്കു ഭയങ്കര പീഡയുണ്ടായി.

റോമിലെ കുസ്തന്തീനോസ് ചക്രവർത്തിയുടെ മുമ്പാകെ സത്യവിശ്വാസികൾ സങ്കട നിവൃത്തിക്കായി അപേക്ഷിച്ചതിന്റെ ഫലമായി -നിഖ്യായിൽ ആലോചനായോഗം കൂടുവാൻ കുസ്തന്തീനോസ് ചക്രവർത്തി എഴുത്തുകൾ അയച്ചു.

318 എപ്പിസ്കോപ്പന്മാർ എല്ലാ ഭാഗങ്ങളിൽനിന്നും ആഗതരായി. ചരിത്രത്തിൽ പറയുന്നു. അവരിൽ ചിലരുടെയൊക്കെ കൈ അറുത്തും കണ്ണുകൾ ചൂഴ്ന്നും എടുത്തിരുന്നു. ചിലരുടെ മോണകളോടുകൂടി പല്ലുകൾ പറിയ്ക്കപ്പെട്ടിരുന്നു. കൈകാലുകൾ നഷ്ടപ്പെട്ടവരും ചങ്കിൽ കുത്തേറ്റവരും ഉണ്ടായിരുന്നു. ഇവരിൽ പ്രധാനമായ എപ്പിസ്കോപ്പാ അനുഭവിച്ചിരുന്ന പീഡകൾ അതിഭീകരമായിരുന്നു. ഉദ്ധരിക്കട്ടെ: "അദ്ദേഹത്തിന്റെ ചെവികളും മൂക്കും ചുണ്ടും ഛേദിക്കപ്പെട്ടിരുന്നു. മോണകളോടുകൂടി പല്ലുകൾ പറിയ്ക്കപ്പെട്ടിരുന്നു. കൈകൾ രണ്ടും ഛേദിക്കപ്പെട്ടിരുന്നു. ശത്രുക്കൾ തന്നെ തടവിലടയ്ക്കുകയും ഓരോ വർഷം ഓരോ അവയവം വീതം ഖണ്ഡിച്ചും വന്നിരുന്നു. നമ്മുടെ കർത്താവിന്റെ ദൈവത്വം സമർത്ഥിക്കുവാൻ പാടുപെട്ട--ഇതുപോലുള്ള പിതാക്കന്മാർ വളർത്തിയ സഭയ്ക്ക് എതിരായി വിശ്വാസത്തിനെതിരായി ആധുനികകാലത്ത് പ്രചാരണം നടത്തുന്നവരും—വി. സഭയാണ്--നമ്മുടെ കർത്താവിന്റെ ദൈവത്വം എന്ന മഹൽ സത്യം പീഡകളേറ്റു സംരക്ഷിച്ചതെന്നു വിസ്മരിക്കുന്നത് ഹൃദയഭേദകമാണ്. ഈ പീഡിതനും പുണ്യവാനുമായ പിതാവിനെ സുന്നഹദോസിൽ കണ്ടപ്പോൾ—കുസ്തന്തീനോസ് ചക്ര

വർത്തി സിംഹാസനത്തിൽ നിന്നിറങ്ങി അനേകം കിരീടങ്ങളാൽ അലങ്കരിക്കപ്പെട്ടതും മശിഹായുടെ സഹദാ ആയുള്ളോവേ, ഞാൻ അങ്ങയെ വണങ്ങുന്നു എന്നു പറഞ്ഞു സാഷ്ടാംഗം വീണു നമസ്കരിച്ചതിനും പുറമെ വ്രണങ്ങളെയെല്ലാം അദ്ദേഹം മുത്തുകയും ചെയ്തു. മോർ അപ്രേം മുതലായവർ നടത്തിയിരുന്ന ഈ സുന്നഹദോസിന്റെ ഒരു പ്രധാനഭാരവാഹി—അന്ത്യോക്യായുടെ മോർ ഒസ്താത്തിയോസ് പിതാവായിരുന്നു. അറിയോസിനെതിരെ ആദ്യ യുദ്ധ ശബ്ദം പുറപ്പെടുവിച്ച കാഹളം എന്നാണ് വി.ജറോം അദ്ദേഹത്തെപ്പറ്റി എഴുതിയിരിക്കുന്നത്.

അറിയോസ് വിസ്താരവേളയിൽ ആവർത്തിച്ചു:

(1) പുത്രൻ ഒരു സൃഷ്ടിയാണ്. (2) അവൻ സ്ഥിതിചെയ്യാതിരുന്ന ഒരു കാലമുണ്ട്. (3) അവൻ പെരുമയിൽനിന്നു സൃഷ്ടിക്കപ്പെട്ടു. (4) അവനു ഭേദപ്പെടാം. അത് വേദവിപരീതിയായവരുടെ വാക്കുകൾ കേട്ട് വി. പിതാക്കന്മാർ ചെവി പൊത്തി. അവർ വി. വേദവാക്യങ്ങളുദ്ധരിച്ച് അവന്റെ വാദം ഖണ്ഡിച്ചു. പ്രധാനവാക്യം ഞാനും എന്റെ പിതാവും ഒന്നാകുന്നു എന്നാണ്. സുന്നഹദോസ് നിശ്ചയിച്ചു രേഖപ്പെടുത്തി. സർവ്വശക്തിയുള്ള പിതാവായി, ദൈവത്തിന്റെ ഏകപുത്രനും പിതാവിൽനിന്നു ജനിച്ചവനും സത്യദൈവവും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും (ഒന്നായിരിക്കുന്നവനും) തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും ആയി യേശുമിശിഹാ ആയ ഏക കർത്താവിലും... വിശുദ്ധ റൂഹായിലും... ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനു മാമോദീസാ... നോക്കിപ്പാർക്കുന്നു. സുപ്രധാനമായ ഈ പ്രഖ്യാപനത്തിനു പുറമെ സഭാഭരണം-മാമോദീസാ-ഉയിർപ്പു പെരുനാൾ മുതലായവയെക്കുറിച്ചും തീരുമാനങ്ങൾ ചെയ്തു. അവ എന്റെ 'സഭാചരിത്ര'ത്തതിൽ (സെമിനാരി പബ്ലിക്കേഷൻസ്) സവിസ്തരം കാണാം.

വി റൂഹായിൽ നിന്നും ദൈവമാതാവായ വി. കന്യക മറിയാമിൽ നിന്നും - ലൂക്കോ. 1:26-56

1. വി. റൂഹായെക്കുറിച്ച് വിശ്വാസപ്രമാണത്തിന്റെ 3-ാം ഖണ്ഡികയിൽ സവിസ്തരം എഴുതുവാൻ ദൈവത്തിൽ പ്രത്യാശിക്കുന്നതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല.
2. വി. കന്യകമറിയാമിന്റെ ജനനം നമ്മുടെ കർത്താവിന്റെ ജനനം എന്ന രണ്ടു ചെറു ഗ്രന്ഥങ്ങൾ

അറിയോസിന്റെ അന്ത്യം

കുസ്തന്തീനോസിന്റെ കാലശേഷം തന്റെ 2-ാമത്തെ പുത്രനായ കുസ്തന്തീനോസ്, അറിയോസ് പക്ഷക്കാരനായി മാറി. കുസ്തന്തീനോപ്പോലീസിലെ മെത്രാസനപള്ളികളിൽ അറിയോസിനെ പ്രവേശിപ്പിക്കുവാൻ നിശ്ചയിച്ചു. അവിടുത്തെ അദ്ധ്യക്ഷനായിരുന്ന അലക്സന്ത്രയോസിന് സഹിക്കാവുന്നതിലുമപ്പുറമായിരുന്ന ഈ തീരുമാനത്തിൽ അദ്ദേഹം മനമുരുകി—ഒന്നുകിൽ തന്റെയൊ അല്ലെങ്കിൽ അറിയോസിന്റെയൊ ജീവൻ എടുക്കണമെ എന്നു പ്രർത്ഥിച്ചുകൊണ്ടിരുന്നു. അറിയോസ് സന്തുഷ്ടനായി അലംകൃതനായി പള്ളിയിലേക്കു യാത്ര തിരിച്ചു. അരമനയ്ക്കു സമീപമെത്തിയപ്പോൾ പെട്ടെന്ന് ഒരു സംഭ്രമമുണ്ടായി. വെളിക്കുപോയിരിക്കുമ്പോൾ കുടൽ പുറത്തു വന്ന് അരിഷ്ടനായി മരിച്ചു. അറിയോസിന്റെ മരണം രാജാവിന്റെ മാനസാന്തരത്തിനും സത്യവിശ്വാസികളുടെ ഉയർച്ചയ്ക്കും ബഹിഷ്കരിക്കപ്പെട്ടവരുടെ തിരിച്ചുവരവിനും കാരണമായി.

9
മറിയാമിന്റെ ജനനത്തിന്റെ സുവിശേഷം*

ദാവീദിന്റെ രാജകുടുംബത്തിൽനിന്നും വംശത്തിൽനിന്നും ഉൽഭവിച്ച ഭാഗ്യവതിയും നിത്യമഹനീയയായവളുമായ കന്യകമറിയം നസ്രേത്തു നഗരത്തിൽ ജാതയായി. യറുശലേമിൽ കർത്തൃദൈവാലയത്തിൽ വിദ്യാഭ്യാസം നിർവ്വഹിച്ചു. അവളുടെ പിതാവിന്റെ പേര് യുയാക്കീം. മാതാവിന്റെ പേര് ഹന്നാ. അവളുടെ പിതാവിന്റെ കുടുംബം ഗലീലയിൽ നസ്രേത്തുനഗരത്തിലും. അവളുടെ മാതാവിന്റെ കുടുംബം ബേത്‌ലഹേമിലും ആയിരുന്നു. അവരുടെ ജീവിതം ദൈവദൃഷ്ടിയിൽ വിശുദ്ധവും കുറ്റമറ്റതും മനുഷ്യദൃഷ്ടിയിൽ ഭക്തിസമ്പൂർണ്ണവും കുറ്റമറ്റതുമായിരുന്നു. എന്തെന്നാൽ, അവരുടെ സ്വത്തുക്കൾ മൂന്നായി അവർ ദാനം ചെയ്തിരുന്നു. ധനം ഒരംശം ദൈവാലയത്തിനും, ദൈവികശുശ്രൂഷയ്ക്കും മറ്റൊന്ന് അഗതികൾക്കും ദരിദ്രർക്കും ഭാഗിച്ചുകൊടുത്തു. മൂന്നാം ഭാഗം അവർക്കും കുടുംബസന്ധാരണത്തിനും ഉപയോഗിച്ചു. അവർക്കു മക്കളില്ലായിരുന്നു. മകനൊ, മകളൊ ജനിക്കുന്ന പക്ഷം അതിനെ ദൈവശുശ്രൂഷയ്ക്കായി സമർപ്പിച്ചുകൊള്ളാമെന്ന് നേർച്ചനേർന്നു. ഇതിനായി വർഷം തോറുമുള്ള പെരുനാളുകളിൽ സംബന്ധിക്കുവാൻ ദൈവത്തിന്റെ ആലയത്തിൽ പൊയ്ക്കൊണ്ടിരുന്നു. പ്രതിഷ്ഠാപെരുനാൾ സമാഗതമായപ്പോൾ, യുയാക്കീം തന്റെ വംശത്തിൽപ്പെട്ടവരായ ചിലരുമൊത്ത് യറുശലേമിലേക്കു കരേറിപ്പോയി. അക്കാലത്ത് മഹാപുരോഹിതൻ ഇസഖാർ ആയിരുന്നു.

തന്റെ അയൽക്കാരുമൊത്ത് യുയാക്കീം നേർച്ച കാഴ്ചകളുമായി വരുന്നതുകണ്ടപ്പോൾ, യുയാക്കീമിനെയും തന്റെ വഴിപാടുകളെയും പുഛിച്ചുകൊണ്ടു പുരോഹിതൻ ചോദിച്ചു: “മക്കളില്ലാത്തവനായ നീ, മക്കളുള്ളവരുമൊരുമിച്ച് സമാഗതനാകുവാൻ എങ്ങനെ ധൈര്യപ്പെട്ടു? തുടർന്നു പറഞ്ഞത് മക്കളുണ്ടാകുവാൻ യോഗ്യതയില്ലാ

* ഈ അധ്യായം വിശുദ്ധ കന്യകമറിയാമിന്റെ ജീവചരിത്രം, അപ്രമാണിക കൃതികളായ Lost Book of the Bible തുടങ്ങിയ കൃതികളിൽനിന്നുമുള്ള ആശയങ്ങളും അടങ്ങിയിരിക്കുന്നു. അതോടൊപ്പംതന്നെ വിശ്വാസപ്രമാണത്തിൽ വിശുദ്ധ മറിയാമിനെക്കുറിച്ചു പറയുന്ന വിശേഷണങ്ങളുടെ ആധികാരികതയും ശക്തമായി പ്രതിപാദിക്കുന്നുണ്ട്.

ത്തവൻ എന്നു ദൈവം വിധിച്ചിരിക്കുന്ന നിന്റെ കാഴ്ചവസ്തുക്കൾ നിശ്ചയമായും ദൈവത്താൽ അംഗീകരിക്കപ്പെടുകയില്ല. തിരുവെഴുത്തുപറയുന്നില്ലയോ—ഇസ്രയേലിൽ ഒരു ആൺപ്രജയെ ജനിപ്പിക്കാത്തവൻ ശപിക്കപ്പെട്ടവനാകുന്നു എന്ന്." തുടർന്നുപറഞ്ഞു: "ആദ്യമായി ചെയ്യേണ്ടത് ഒരു സന്തതിയെ ഉൽപ്പാദിപ്പിക്കുക എന്നതാണ്. പിന്നീട് അയാളുടെ കാഴ്ചവസ്തുക്കളുമായി ദൈവമുമ്പാകെ വരിക." ഈ വിധമായ അധിക്ഷേപം മൂലമുണ്ടായ ലജ്ജ നിമിത്തം, പുൽപ്പുറങ്ങളിൽ ആടുമേച്ചുകൊണ്ടിരുന്ന ഇടയന്മാരുടെ അടുക്കലേക്കുപോയി. എന്നെക്കാൾ പ്രധാനിയായവൻ എന്നെ അധിക്ഷേപിച്ചപ്പോൾ സ്ഥലത്തുണ്ടായിരിക്കുകയും എല്ലാം കേൾക്കുകയും ചെയ്ത അയൽവാസികളും അതേവിധംതന്നെ അധിക്ഷേപിക്കുമെന്നും വിചാരിച്ചതുമൂലം സ്വഗൃഹത്തിലേക്ക് പോകുവാൻ ആഗ്രഹിച്ചില്ല.

അടയാളം നൽകുന്നു — അപ്രത്യക്ഷനാകുന്നു

യുയാക്കീം വയലിലിരിക്കുമ്പോൾ ഒരു ദിവസം, അദ്ദേഹം തനിച്ചിരിക്കെ, ദൈവത്തിന്റെ മാലാഖ അത്യധിക ശോഭയോടെ അദ്ദേഹത്തിന്റെ സമീപം നിന്നു. ഈ പ്രത്യക്ഷതയിൽ അത്ഭുത സ്തബ്ധനായിനിന്ന അദ്ദേഹത്തിനു മനസ്സുറപ്പു നൽകുവാനായി, മാലാഖ പറഞ്ഞു: "യൂയാക്കീമേ! പരിഭ്രമിക്കേണ്ട. എന്നെക്കണ്ടു ഭയപ്പെടേണ്ട. എന്തെന്നാൽ ദൈവം നിന്റെ അടുക്കലേക്കയച്ച മാലാഖയാണു ഞാൻ! നിന്റെ പ്രാർത്ഥനകൾ കേൾക്കപ്പെട്ടിരിക്കുന്നുവെന്നും നിന്റെ ദാനധർമ്മങ്ങൾ ദൈവസന്നിധിയിലേക്ക് ഉയർന്നിരിക്കുന്നുവെന്നും അറിയിക്കാനാഗ്രഹിക്കുന്നു. ദൈവം നിന്റെ ലജ്ജ കണ്ടിരിക്കുന്നു. മക്കളില്ലായെന്ന് അന്യായമായി നിന്നെ അധിക്ഷേപിച്ചിട്ടുള്ളതു കേട്ടുമിരിക്കുന്നു. ദൈവം പാപത്തിനു പ്രതികാരം ചെയ്യുന്നവനാണ്, പ്രകൃതിക്കല്ല. ആകയാൽ ഉടൻ വരുമെങ്കിലും നടക്കുമ്പോൾ വരവിന്റെ ഉദ്ദേശ്യം; കൂടുതൽ വിശദമായ രീതിയിൽ നിന്നെ അറിയിക്കുവാനും ജാതമാകുന്നത് മോഹത്തിന്റെ ഫലമായിട്ടല്ല, പ്രത്യുത ദൈവത്തിന്റെ ദാനമാണെന്നും കാണിക്കുവാനുമാണ്.

എന്തെന്നാൽ നിങ്ങളുടെ ജാതിയിൽ ഒന്നാമത്തെ അമ്മയായ സാറാ, 80 വയസ്സുവരെ വന്ധ്യയല്ലായിരുന്നോ? അവളുടെ വാർദ്ധ്യകൃത്തിന്റെ അന്ത്യത്തിൽ എല്ലാ ജാതികൾക്കുമനുഗ്രഹത്തിന്റേതായ ഇസഹാക്കിനെ അവൾ പ്രസവിച്ചു. അതുപോലെ ദൈവമുമ്പാകെ വാത്സല്യം കണ്ടെത്തിയവളും വിശുദ്ധനായ യാക്കോബിന്റെ വാത്സല്യഭാജനവുമായിരുന്ന റാഹേലും - വളരെക്കാലം വന്ധ്യയാ

യിരുന്നു. എന്നാൽ പിന്നീട്, മിസ്രയീമിന്റെ ഭരണാധിപൻ എന്ന നിലയിൽ മാത്രമല്ല-പട്ടിണികൊണ്ട് ഉന്മൂലനാശം വരാതെ അനേകം ജനതയെ ത്രാണനം ചെയ്തവൻ എന്ന നിലയിലും ശോഭിച്ചില്ലയോ? ന്യായാധിപന്മാരിൽ ശിംശോനെക്കാൾ വീരനായവനും ശമുവേലിനെക്കാളും വിശുദ്ധന്മാരുണ്ട്. ഇരുവരുടെയും അമ്മമാർ വന്ധ്യകളല്ലായിരുന്നോ? എന്റെ വാക്കുകളുടെ സത്യാവസ്ഥ, യുക്തി നിന്നെ ബോധ്യപ്പെടുത്തുന്നില്ലെങ്കിൽ വാർദ്ധക്യത്തിൽ ഗർഭം ധരിച്ച് അവർക്കു തന്നെ അത്ഭുതമുളവാക്കിയ പല സന്ദർഭങ്ങളുണ്ട്. ആകയാൽ നിന്റെ ഭാര്യ ഹന്ന നിനക്കൊരു മകളെ പ്രസവിക്കും. അവൾക്കു മറിയം എന്നു നീ പേരിടണം.

നിന്റെ നേർച്ചപ്രകാരം ശൈശവം മുതൽ അവൾ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെടണം. അവൾ പരിശുദ്ധാത്മാവ് നിറഞ്ഞവളായിരിക്കും. അങ്ങനെ അവൾ തിന്മയുടെ ഒരു കുറ്റാരോപണത്തിനും സംശയത്തിനും പാത്രമാകാതിരിക്കും.

അങ്ങനെ വർഷങ്ങൾ പുരോഗമിക്കുമ്പോൾ അവൾ ഒരു വന്ധ്യയിൽനിന്ന് എങ്ങനെ അത്ഭുതകരമായി ജാതയായോ അതേപ്രകാരം, സാമ്യാതീതമായ വിധത്തിൽ അവൾ കന്യകയായിരിക്കുമ്പോൾതന്നെ മഹോന്നതനായ ദൈവത്തിന്റെ പുത്രനെ അവൾ പ്രസവിക്കും. അവന് യേശു എന്നു പേരുവിളിക്കും. പേരു സൂചിപ്പിക്കുന്നതുപോലെ അവൻ സർവ്വജാതികളുടെയും രക്ഷകൻ ആകയാൽ യേശു എന്നു പേരുവിളിക്കും. ഞാൻ നിന്നോടു പ്രസ്താവിക്കുന്ന കാര്യങ്ങൾക്ക് ഒരു അടയാളമായിരിക്കും. അതായത്, യെരുശലേമിന്റെ സ്വർണ്ണവാതിൽക്കൽ എത്തുമ്പോൾ നിന്റെ ഭാര്യ ഹന്നായെ നീ അവിടെ കാണും. അതുവരെ മനഃപ്രയാസപ്പെട്ടിരിക്കുന്ന അവൾ, നീ അധികതാമസം കൂടാതെ തിരിച്ചെത്തിയതിൽ, നിന്നെക്കണ്ടു സന്തോഷിക്കും. മാലാഖ ഇതുപറഞ്ഞശേഷം അവന്റെ അടുക്കൽ നിന്നും തിരികെപ്പോയി. അവൾ സമർപ്പിക്കപ്പെടും. അവൾ കന്യകയായിരിക്കെത്തന്നെ പുരുഷനെ അറിയാതെ കർത്താവിനെ പ്രസവിക്കും."

പിന്നീട് മാലാഖ യുയാക്കീമിന്റെ ഭാര്യയ്ക്കു പ്രത്യക്ഷീഭവിച്ചു പറഞ്ഞു: "ഭയപ്പെടേണ്ട, നീ കാണുന്നത് ഒരത്ഭുതമാണെന്നും വിചാരിക്കേണ്ട. എന്തെന്നാൽ നിന്റെ പ്രർത്ഥനകളും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ സമർപ്പിച്ച ഒരു മാലാഖയാണു ഞാൻ. നിനക്കും ഒരു പുത്രി ജാതമാകുമെന്നും അവൾ സർവ്വസ്ത്രീജനങ്ങൾക്കും ഉപരിയായിരിക്കുമെന്നും നിന്നെ അറിയിക്കുവാൻ ഇപ്പോൾ നിന്റെ അടുക്കലേക്ക് അയയ്ക്കപ്പെട്ടിരിക്കയാണ്. അവൾ ജനനം കഴിഞ്ഞാലുടനെ, ദൈവകൃപനിറഞ്ഞവളായിരിക്കും.

മുലകുടി പ്രായമാകുന്ന മൂന്നുവർഷത്തിനുശേഷം ദൈവശുശ്രൂഷയ്ക്കു സമർപ്പിതയായ അവൾ ദൈവാലയത്തിൽനിന്നും തിരിച്ചറിവിന്റെ പ്രായമാകുന്നതുവരെ യാഹിനെ തിരയും. ഒറ്റവാക്കിൽ പറഞ്ഞാൽ, അവൾ അവിടെ രാവും പകലും ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ ദൈവത്തെ സേവിച്ചുകൊണ്ടിരിക്കും. അവൾ അശുദ്ധമായ സകലത്തിൽനിന്നും വിട്ടുമാറിയിരിക്കും. ഒരിക്കലും അവൾ പുരുഷനെ അറിയുകയില്ല. എന്നാൽ നിസ്തുലമായവണ്ണം ഒരു അശുദ്ധിയും കറയും പറ്റാതെ, കന്യക ദൈവത്തെ (The Lord) പ്രസവിക്കും. അദ്ദേഹം തന്റെ കൃപയാലും നാമത്താലും പ്രവൃത്തികളാലും ലോകത്തിന്റെ രക്ഷകനായിരിക്കും. നീ എഴുന്നേറ്റ് യറുശലേമിലേക്കു പോകുക. അവിടെ സ്വർണ്ണവാതിൽ എന്നു വിളിക്കുന്നിടത്തു (അതു സ്വർണ്ണം പൂശിയതാണ്) നീ എത്തുമ്പോൾ, ഞാൻ നിന്നോടു പറഞ്ഞിരിക്കുന്നത് അടയാളമായി ആരുടെ സുരക്ഷയെപ്രതി നീ ഉത്കണ്ഠയോടിരുന്നോ, ആ നിന്റെ ഭർത്താവിനെ നീ കണ്ടുമുട്ടും. ഇക്കാര്യമെല്ലാം സംഭവിച്ചുകാണുമ്പോൾ, ഞാൻ നിന്നോടറിയിച്ച മറ്റു കാര്യങ്ങളും സംശയലേശമന്യേ സംഭവിക്കുമെന്നു വിശ്വസിച്ചുകൊള്ളുക.

അങ്ങനെ മാലാഖയുടെ കല്പനാനുസരണം, അവരിരുവരും അവരായിരുന്ന സ്ഥലങ്ങൾ വിട്ട് മാലാഖയുടെ മുന്നറിയിപ്പിൽ നിർദ്ദേശിച്ചിരുന്ന സ്ഥലത്തു പരസ്പരം കണ്ടുമുട്ടി. അങ്ങനെ ഇരുവർക്കുമുണ്ടായ ദർശനത്തിൽ ആഹ്ലാദിച്ചും, ഒരു ശിശു ജാതനാകുമെന്നുള്ള വാഗ്ദാനത്തിൽ പൂർണ്ണ സംതൃപ്തരായും താഴ്മയുള്ളവനെ ഉയർത്തുന്നവനായ കർത്താവിന് ഉചിതമായ കൃതജ്ഞത സമർപ്പിച്ചു. ദൈവത്തിനു സ്തുതിയർപ്പിച്ചശേഷം അവർ ഭവനത്തിലേക്കു തിരികെപ്പോയി, ദൈവ വാഗ്ദാനത്തിൽ സുനിശ്ചിതമായ പ്രത്യാശയോടെ സന്തുഷ്ടരായി ജീവിച്ചു. അങ്ങനെ ഹന്നാ ഗർഭിണിയായി—ഒരു പുത്രിയെ പ്രസവിച്ചു. മാലാഖയുടെ കല്പനാനുസരണം, മാതാപിതാക്കൾ, കുഞ്ഞിനു മറിയാം എന്നു പേരിട്ടു. മൂന്നുവർഷം കഴിഞ്ഞപ്പോൾ, മുലകുടിമാറിയപ്പോൾ, അവർ കന്യകയെ ദൈവാലയത്തിൽ വഴിപാടുകളുമായികൊണ്ടുവന്നു. അവിടെ പതിനഞ്ചു സങ്കീർത്തനങ്ങൾക്കനുസരണമായി, ദൈവാലയത്തിലേക്കു കയറുവാൻ പതിനഞ്ചു പടികൾ ഉണ്ടായിരുന്നു. ദൈവാലയം മലമേൽ സ്ഥാപിതമായിരുന്നതിനാൽ വെളിയിൽ സ്ഥാപിതമായ ദഹനയാഗപീഠത്തിങ്കൽ പടികൾ കയറിയല്ലാതെ എത്തുവാൻ സാധ്യമല്ലായിരുന്നു. അനുഗ്രഹീത കന്യകയായ, ശിശുവിനെ മാതാപിതാക്കൾ ഈ പടികളിലൊന്നിൽ നിറുത്തി. എന്നാൽ അവർ യാത്രയിൽ ധരിച്ചിരുന്ന വസ്ത്രങ്ങൾ മാറ്റി ആചാരമനുസരിച്ച് കൂടുതൽ

വെടിപ്പും ശുദ്ധിയുമുള്ള വസ്ത്രങ്ങൾ അവർ ധരിക്കുന്ന സമയത്ത് കർത്താവിന്റെ കന്യക, അവളെ വഴി കാണിക്കാനൊ എടുത്തു കൊണ്ടുനടപ്പാനൊ ആരുമില്ലാതിരിക്കെ ഒന്നൊന്നായി എല്ലാ പടികളും പരസഹായം കൂടാതെ കയറുന്നതുകാണുന്ന ആർക്കും അവൾ പ്രായപൂർത്തി വന്നവൾ എന്നു തോന്നുമായിരുന്നു. കർത്താവ്, കന്യകയുടെ ശൈശവത്തിൽ ഈ അസാധാരണ പ്രവൃത്തിമൂലം, ഭാവിയിൽ അവൾ എത്ര വലിയവളാകും എന്നതിന് സാക്ഷിയായി പ്രവർത്തിച്ചു. മാതാപിതാക്കൾ തങ്ങളുടെ കാഴ്ച (നിയമത്തിന്റെ ആചാരമനുസരിച്ച്) നേർച്ച നിവർത്തിച്ച ശേഷം കന്യകയെ, ദൈവാലയത്തിലെ പ്രത്യേകമുറികളിൽ ഉള്ള കന്യകമാരോടുകൂടെ വിട്ടിട്ടു സ്വഗൃഹത്തിലേക്കു തിരികെപ്പോയി.

എന്നാൽ, കർത്താവിന്റെ കന്യക പ്രായത്തിൽ വളർന്നു വന്നതോടൊപ്പം, പൂർണ്ണതയിലും വളർന്നു. സങ്കീർത്തനക്കാരൻ പറയുംപോലെ; അവളുടെ പിതാവും മാതാവും അവളെ ഉപേക്ഷിച്ചു. എന്നാൽ കർത്താവ് അവളെ സംരക്ഷിച്ചു. അവളോട് എല്ലാ ദിവസവും മാലാഖമാർ സംസാരിച്ചുകൊണ്ടിരുന്നു. എല്ലാ ദിവസവും ദൈവസന്നിധിയിൽനിന്നുള്ള സന്ദർശകരെ സ്വീകരിച്ചിരുന്നു. അങ്ങനെ എല്ലാവിധത്തിലുള്ള തിന്മകളിൽനിന്നും അവൾ പരിരക്ഷിതയും അഥവാ നന്മകൾ നിറഞ്ഞവളുമായിത്തീരുവാൻ ഇടയായി. അങ്ങനെ അവൾ പതിനാലാം വയസ്സിലെത്തിയപ്പോൾ, ശാസനക്കർഹമായ യാതൊരു കുറ്റവും ദുർമ്മാനസർക്ക് അവളിൽ കണ്ടെത്താൻ കഴിയാതിരിക്കെ അവളെ അറിയാമായിരുന്ന എല്ലാ നല്ല ആളുകളും അവളുടെ ജീവിതരീതിയെയും സംഭാഷണത്തെയും ഏറെ പുകഴ്ത്തിവന്നു.

അക്കാലത്തു മഹാപുരോഹിതൻ ഒരു കല്പന പുറപ്പെടുവിച്ചു. ദൈവാലയത്തിൽ താമസമുള്ളവരും ഈ പ്രായത്തിലെത്തിയവരും സ്വഭവനങ്ങളിലേക്കു തിരിച്ചുപോകണമെന്നും അവർ ഇപ്പോൾ ഈ പ്രായത്തിലെത്തിയിരിക്കയാൽ, രാജ്യത്തെ ആചാരമനുസരിച്ച്, വിവാഹിതരാകുവാൻ ശ്രമിക്കണമെന്നുമായിരുന്നു. ഈ കല്പന മറ്റെല്ലാ കന്യകമാരും ഉടൻതന്നെ അനുസരിച്ചെങ്കിലും, ദൈവത്തിന്റെ കന്യകയായ മറിയാം മാത്രം, അവൾക്ക് ഈ കല്പനയ്ക്കു വഴങ്ങുവാൻ നിവൃത്തിയില്ല എന്നറിയിച്ചു. അതിനു പറഞ്ഞ കാരണങ്ങൾ; താനും തന്റെ മാതാപിതാക്കന്മാരും, തന്നെ ദൈവസേവനത്തിനായി നേർന്നിരിക്കയാണെന്നും അതിനുപുറമെ താൻ തന്നെത്തന്നെ ദൈവത്തിന്റെ കന്യകയായി നേർന്നിരിക്കയാണെന്നും ഒരു പുരുഷനുമൊത്തു ശയിച്ച് ആ നേർച്ച ഒരിക്കലും ലംഘിക്കയില്ല എന്നു ശക്തമായ തീരുമാനം എടുത്തിട്ടുണ്ട് എന്നുമായിരുന്നു.

അങ്ങനെ, മഹാപുരോഹിതൻ ഒരു വിഷമസന്ധിയിലായി. നേർച്ചയെ ലംഘിക്കുവാൻ ആജ്ഞാപിക്കുവാനൊ നേർച്ചനേർന്നത് എടുക്കണം എന്ന തിരുവെഴുത്ത് അനുസരിക്കുവാനൊ തനിക്കു സാദ്ധ്യമല്ല. അതിനും പുറമെ, ജനങ്ങൾക്കു അപരിചിതമായ ഒരാചാരം നടപ്പിലാക്കുവാനൊ അദ്ദേഹത്തിനു കഴിയാതെയായി. തന്മൂലം അദ്ദേഹം കല്പിച്ചു. അടുത്തുവരുന്ന പെരുനാളിൽ യറുശലേമിലെയും പരിസരങ്ങളിലെയും പ്രധാനികൾ വന്നു ചേരണമെന്നും, ഈ വിഷമം നിറഞ്ഞ പ്രശ്നം എങ്ങനെ ഭംഗിയായി കൈകാര്യം ചെയ്യണമെന്നുള്ള ഉപദേശം നൽകണമെന്നും ആവശ്യപ്പെട്ടു. ആജ്ഞാനുസരണം ഉടൻ യോഗം കൂടിയപ്പോൾ, ദൈവേഷ്ടം അന്വേഷിച്ച് ഇക്കാര്യത്തിൽ എന്തുവേണമെന്ന് ഉപദേശം ആരായണമെന്ന് ഏകകണ്ഠമായി നിശ്ചയിച്ചു.

അവരെല്ലാം പ്രാർത്ഥനയിൽ ഉറ്റിരിക്കെ, മഹാപുരോഹിതൻ പതിവുപോലെ ദൈവത്തിന്റെ നിർദ്ദേശമറിയുവാൻ പോയി. ഉടനെ നിയമപെട്ടകത്തിൽനിന്നും കൃപാസനത്തിൽനിന്നും ഒരു അത്ഭുതമുണ്ടായി. അത് എല്ലാവരും കേട്ടു. അതായത് ഏശായായുടെ പ്രവചനത്തിൽനിന്നും ഈ കന്യകയെ ആരെ ഏല്പിക്കണമെന്നും വിവാഹനിശ്ചയം ചെയ്യണമെന്നുമുള്ള കാര്യം നിശ്ചയിക്കണമെന്ന്. എന്തെന്നാൽ ഏശായ പറയുന്നു: "ഇശ്ശായിയുടെ കുറ്റിയിൽനിന്നും ഒരു മുള പുറപ്പെടും, വേരിൽനിന്നും ഒരു പുഷ്പം മുളച്ചുവരുമെന്നും. കർത്താവിന്റെ ആത്മാവ് അവന്റെമേൽ വസിക്കും. വിജ്ഞാനത്തിന്റെയും തിരിച്ചറിവിന്റെയും ആത്മാവ്, ഉപദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്, അറിവിന്റെയും ഭക്തിയുടെയും ആത്മാവ്, ദൈവഭക്തിയുടെ ആത്മാവ് അവനിൽ നിറയും എന്ന്. അങ്ങനെ ഈ പ്രവചനവെളിച്ചത്തിൽ ദാവീദിന്റെ വംശത്തിലും കുടുംബത്തിലുംപെട്ടവരായ അവിവാഹിതരും വിവാഹിതരുമായ എല്ലാ പുരുഷന്മാരും അവരുടെ വടികൾ യാഗപീഠത്തിങ്കൽ കൊണ്ടുവരണമെന്നും കൊണ്ടുവന്നവയിൽ ആരുടെ വടിയിൽ ഒരു പുഷ്പം മുളയ്ക്കുകയും അതിന്മേൽ കർത്താവിന്റെ ആത്മാവ് പ്രാവിന്റെ രൂപത്തിൽ വന്നിരിക്കുകയും ചെയ്യുന്നുവൊ അയാൾക്ക് കന്യകയെ വിവാഹം നിശ്ചയിച്ചു നൽകണമെന്നും അദ്ദേഹം കൽപനയായി.

ഈ കൂട്ടത്തിൽ ദാവീദിന്റെ വംശജനും കുടുംബത്തിൽപെട്ടവനും വളരെ പ്രായംചെന്നവനുമായ ഒരാളുണ്ടായിരുന്നു. അയാൾ മറ്റെല്ലാവരും അവരുടെ വടികൾ ഏൽപിച്ചപ്പോൾ തന്റെ വടി പിൻവലിച്ചു. സ്വർഗ്ഗീയശബ്ദാനുസരണം ഒന്നും സംഭവിക്കാതെ വന്നപ്പോൾ കർത്താവിന്റെ ആലോചന വീണ്ടും ചോദിക്കുവാൻ മഹാപുരോഹിതൻ നിശ്ചയിച്ചു. ആഗതരായവരിൽ തന്റെ വടി ഏൽപ്പിക്കാതി

രുന്ന ഏക ആളിനു കന്യക വിവാഹം നിശ്ചയിക്കപ്പെടണമെന്ന് നിർദ്ദേശം ലഭിച്ചു. അങ്ങനെ യൗസേഫ് കണ്ടുപിടിക്കപ്പെട്ടു. അദ്ദേഹം തന്റെ വടി കൊണ്ടുവന്നു വച്ചയുടൻ, സ്വർഗ്ഗത്തിൽനിന്നും (Heaven) ഒരു പ്രാവ് അതിന്മേൽ ഇറങ്ങി വന്നിരിക്കുന്നത് എല്ലാവരും നന്നായി കണ്ടാറെ, അദ്ദേഹത്തിനു കന്യകയെ വിവാഹനിശ്ചയം ചെയ്യണമെന്ന് തീരുമാനമായി. തദനുസരണം വിവാഹനിശ്ചയ ചടങ്ങുകൾ കഴിഞ്ഞതോടെ അദ്ദേഹം സ്വന്തം നഗരമായ ബേത്‌ലഹേമിലേക്കു തിരികെപ്പോയി, വീടെല്ലാം ക്രമീകരിക്കുവാനും വിവാഹത്തിനുവേണ്ടുന്ന കാര്യങ്ങൾ ഒരുക്കുന്നതിനും. എന്നാൽ കർത്താവിന്റെ കന്യകയായ മറിയാമും ഒരേകാലത്തു മുലകുടിമാറിയവരും മറിയാമിനെ പരിചരിക്കുവാൻ പുരോഹിതനാൽ നിയമിതരുമായിരുന്ന മറ്റ് ഏഴു കന്യകമാരും ഗലീലയിൽ പിതൃഭവനത്തിലേക്കു പോയി.

ഗലീലയിലേക്കുള്ള അവളുടെ ആദ്യസമാഗമനസമയത്ത് നമ്മുടെ രക്ഷകനെ അവൾ ഗർഭം ധരിക്കുമെന്നും അത് എപ്രകാരമായിരിക്കുമെന്നും അവളോട് അറിയിക്കുവാനായി ദൈവസന്നിധിയിൽ നിന്നും ഗബ്രിയേൽ അയയ്ക്കപ്പെട്ടു. തദനുസരണം അവളുടെ അടുക്കലെത്തിയ മാലാഖ അവർ സ്ഥിതിചെയ്തിരുന്ന സ്ഥലം അത്യുജ്ജ്വലപ്രകാശപൂരിതമാക്കി, വളരെ വിനീതമായി അവൾക്കു സമാധാനം ചൊല്ലി പറഞ്ഞു: "മറിയാമേ, അത്യധികസ്വീകാര്യയായ കന്യകയേ. കൃപനിറഞ്ഞ കന്യകയേ! സമാധാനം. കർത്താവ് നിന്നോടുകൂടെ. എല്ലാസ്ത്രീകളിലുംവച്ച് നീയാണു വാഴ്ത്തപ്പെട്ടവൾ. ഇതുവരെ ജാതരായ എല്ലാപുരുഷന്മാരെക്കാളും സ്ത്രീകളെക്കാളും നീയാണു ഭാഗ്യവതി!" മാലാഖമാരുടെ ഛായയുമായി നേരത്തെതന്നെ സുപരിചിതയും സ്വർഗ്ഗത്തിൽനിന്നുള്ള അസാധാരണ പ്രകാശധോരണി മുമ്പും കണ്ടിട്ടുള്ളവളുമായ കന്യക മാലാഖയുടെ ദർശനത്തിൽ സംഭീതയാവുകയൊ, പ്രകാശാധിക്യത്തിൽ അത്ഭുതപ്പെടുകയൊ ചെയ്തില്ല; മാലാഖയുടെ വാക്കുകളിലാണ് അവൾ ഭയപ്പെട്ടത്. പ്രത്യുത, ഈ അസാധാരണമായ സമാധാനം ചൊല്ലലിന്റെ അർത്ഥമെന്താണ്? ഇതിന്റെ ഉദ്ദേശ്യം എന്ത്? ഇതിന്റെ പര്യവസാനം ഏതുവിധം? എന്നാണവൾ ചിന്തിച്ചത്. ഈ വിചിന്തനത്തിന്, മാലാഖ, ദിവ്യാവേശത്തോടെ ഉത്തരം പറഞ്ഞ: "മറിയാമേ, നിന്റെ ഈ സമാധാനാർപ്പണത്തിൽ നിന്റെ ചാരിത്ര്യത്തിനു ചേരാത്ത എന്തോ ആണ് ഞാൻ ഉദ്ദേശിച്ചതെന്ന് നീ ഭയപ്പെടേണ്ട. കന്യാവ്രതം വ്രതമായി നീ സ്വീകരിച്ചിരിക്കയാൽ ദൈവസന്നിധിയിൽ നീ പ്രീതി കണ്ടെത്തിയിരിക്കുന്നു. ആകയാൽ നീ കന്യകയായിരിക്കെത്തന്നെ, പാപരഹിതമായി നീ ഗർഭിണിയാകും; ഒരു പുത്രനെ പ്രസവിക്കും. അവൻ വലിയവനായിരിക്കും. എന്തെന്നാൽ

അവൻ സമുദ്രംമുതൽ സമുദ്രംവരെയും, നദിമുതൽ ഭൂലോകസീമയോളവും വാഴും. മഹോന്നതന്റെ പുത്രൻ എന്ന് അവൻ വിളിക്കപ്പെടും. എന്തെന്നാൽ താണനിലയിൽ ഭൂമിയിൽ ജാതനാകുന്ന അവൻ മഹോന്നതാവസ്ഥയിൽ സ്വർഗ്ഗത്തിൽ വാഴുന്നു. കർത്താവ് അവന്റെ പിതാവിന്റെ സിംഹാസനം അവനു നൽകും. അവൻ യാക്കോബിൻ ഗൃഹത്തിന്മേൽ എന്നേക്കും വാഴും. അവന്റെ രാജ്യത്തിന് അന്ത്യമുണ്ടാവുകയില്ല. എന്തെന്നാൽ അവൻ രാജാധിരാജനാണ്! അവന്റെ സിംഹാസനം ശാശ്വതമായതാണ്.” മാലാഖയുടെ ഈ സംഭാഷണത്തിന് കന്യക മറുപടി പറഞ്ഞില്ല. അത് അവിശ്വസിച്ചതുകൊണ്ടല്ല; പ്രത്യുത അതെങ്ങനെയായിരിക്കുമെന്ന് അറിയുവാനായിരുന്നു. അവൾ പറഞ്ഞു: “ഇതെങ്ങനെയാണ് സംഭവിക്കുന്നത്? എന്റെ നേർച്ച വ്രതാനുസരണം ഞാൻ ഒരു പുരുഷനെയും അറിഞ്ഞിട്ടില്ല. ഒരു പുരുഷബീജം കൂടാതെ ഞാനെങ്ങനെ പുത്രനെ ഗർഭം ധരിക്കും?” ഇതിനു മറുപടിയായി മാലാഖ പറഞ്ഞു: “മറിയാമേ, നീ സാധാരണ രീതിയിൽ ഗർഭിണിയാകുമെന്ന് വിചാരിക്കേണ്ട, എന്തെന്നാൽ പുരുഷനെ അറിയാതെതന്നെ നീ ഗർഭിണിയാകും; കന്യകയായിരിക്കത്തന്നെ, നീ പ്രസവിക്കും. കന്യകയായിരിക്കെത്തന്നെ നീ മുലകുടിപ്പിക്കും. എന്തെന്നാൽ പരിശുദ്ധാത്മാവ് നിന്റെമേൽ വരും. മഹോന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. മോഹത്തിന്റെ യാതൊരു ലാഞ്ചനയുമില്ലാതെ! അങ്ങനെ നിന്നിൽനിന്നു ജാതനാകുന്നവൻ പരിശുദ്ധനായിരിക്കും. എന്തെന്നാൽ അവൻ മാത്രമാണ് പാപം കൂടാതെ ഗർഭം ധരിക്കപ്പെട്ടത്. ജാതനായിക്കഴിയുമ്പോൾ അവൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും.” അപ്പോൾ മറിയാം —കൈയുയർത്തിക്കൊണ്ട്, സ്വർഗ്ഗത്തിലേക്കു ദൃഷ്ടി പതിച്ചുകൊണ്ടു—പറഞ്ഞു: “ഇതാ ഞാൻ കർത്താവിന്റെ ദാസി! നിന്റെ വചനംപോലെ എനിക്കു സംഭവിക്കട്ടെ.”

തനിക്കു വിവാഹനിശ്ചയിച്ച കന്യകയെ വിവാഹം ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ട് യൗസേഫ് യഹൂദ്യയിൽനിന്ന് ഗലീലയ്ക്കു പോയി. വിവാഹനിശ്ചയം കഴിഞ്ഞ് അപ്പോൾ മൂന്നു മാസം കഴിഞ്ഞിരുന്നു. അവൾ ഗർഭവതിയെന്നു കാണാവുന്ന അവസ്ഥയിലായിരുന്നതിനാൽ യൗസേഫിന് നിഗൂഢമാകുവാൻ ഇടയായില്ല. വിവാഹനിശ്ചയം ചെയ്യപ്പെട്ടവൾ എന്ന നിലയിൽ സ്വാതന്ത്ര്യത്തോടെ അവളുടെ അടുത്തെത്തി സ്വാതന്ത്ര്യമായി സംസാരിക്കവെ, അവൾ ഗർഭിണിയായിരിക്കുന്നത് അദ്ദേഹം കണ്ടു. തന്മൂലം അദ്ദേഹത്തിന്റെ മനസ്സു വിഷമിച്ചു. സംശയാലുവായി. എന്താണ് ചെയ്യേണ്ടതെന്നു നിശ്ചയമില്ലാത്ത അവസ്ഥയിലായി! എന്നാൽ അദ്ദേഹം നീതിമാനായിരുന്നതിനാൽ, അവളെ പരസ്യമാക്കുവാൻ മനസ്സാ

യില്ല. ഒരു വ്യഭിചാരിണി എന്നുള്ള സംശയത്തോടെ അവളെ അപകീർത്തിപ്പെടുത്തുവാനും മനസ്സുവന്നില്ല. എന്തെന്നാൽ അദ്ദേഹം ഒരു ഭക്തനായിരുന്നു. ആകയാൽ അവരുടെ വിവാഹനിശ്ചയത്തിനു അന്ത്യം വരുത്തി, രഹസ്യമായി അവളെ ഉപേക്ഷിക്കാമെന്ന് നിശ്ചയിച്ചു. അദ്ദേഹം ഇങ്ങനെ ചിന്താവിഷ്ടനായിരിക്കുമ്പോൾ, ഇതാ കർത്താവിന്റെ മാലാഖ, നിദ്രാ സമയത്തു പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "ദാവീദിന്റെ മകനായ യൗസേഫേ, ഭയപ്പെടേണ്ട. കന്യക വ്യഭിചാര കുറ്റത്തിൽപെട്ടവളാണെന്നൊ, അവളെപ്പറ്റി തെറ്റിദ്ധാരണയൊ അരുത്. അവളെ ഭാര്യയായി സ്വീകരിക്കുന്നതിന് ഭയവും വേണ്ട. എന്തെന്നാൽ ഇപ്പോൾ നിന്റെ മനസ്സിനെ അലട്ടുന്നതുപോലെയല്ല; ഇപ്പോൾ അവളിൽ ജാതമായിരിക്കുന്നവൻ, മനുഷ്യപ്രവർത്തനമല്ല; പ്രത്യുത പരിശുദ്ധാത്മാവിൽ നിന്നത്രേ. സർവ്വ സ്ത്രീകളിലും ഉപരിയായി ദൈവത്തിന്റെ പുത്രനെ പ്രസവിക്കുന്നത് അവൾ മാത്രമാണ്. യേശു എന്നവനു പേരിടണം. അതായത്, രക്ഷകൻ, എന്തെന്നാൽ അദ്ദേഹം തന്റെ ജനത്തെ പാപങ്ങളിൽനിന്നും രക്ഷിക്കും.

അതേത്തുടർന്ന്, യൗസേഫ്, മാലാഖയുടെ കല്പനാനുസരണം കന്യകയെ വിവാഹം ചെയ്തു. എന്നാൽ അദ്ദേഹം അവളെ അറിഞ്ഞില്ല. കന്യാവ്രതത്തിൽതന്നെ അവളെ സംരക്ഷിച്ചു. അവൾ ഗർഭിണിയായി. ഒൻപതുമാസമായപ്പോൾ യൗസേപ്പ് തന്റെ ഭാര്യയെ കൂട്ടിക്കൊണ്ട് അത്യാവശ്യ സാധനങ്ങൾ സംഭരിച്ചുകൊണ്ട് താൻ എവിടെനിന്നുവന്നുവൊ, ആ ബേത്‌ലഹേമിലേക്കു തിരികെപ്പോയി. അവർ അവിടെ ആയിരിക്കവെ, അവളുടെ പ്രസവദിവസം ആയി. വി. ഏവൻഗേലിയോൻ (സുവിശേഷകർ) പഠിപ്പിച്ചിരിക്കുന്നതുപോലെ, അവളുടെ ആദ്യജാതനെ, നമ്മുടെ കർത്താവ് യേശുക്രിസ്തുവിനെ പ്രസവിച്ചു. താൻ പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നെന്നേക്കുമായി ഭരണം നടത്തുന്നു. പുരാതനകാലങ്ങളിൽ ഈ പേരിൽ ഒരു സുവിശേഷത്തിൽനിന്ന് സഭാപിതാവായ വി.ജറോം (ഉദ്ദേശം 4-ാം നൂറ്റാണ്ട്) ഉദ്ധരിച്ചിട്ടുണ്ട്. സമകാലീനന്മാരായിരുന്ന എപ്പിഫാനസ് (സലാമീസ് മെത്രാപ്പോലീത്താ) ഉദ്ധരിച്ചിട്ടുണ്ട്.

ക്രിസ്തുവിന്റെ ജനനം
തന്റെ മാതാവായ നിത്യകന്യക മറിയാം

ഗ്രന്ഥകാരൻ: നമ്മുടെ കർത്താവിന്റെ സഹോദരൻ യറുശലേമിലെ ക്രൈസ്തവരുടെ ഒന്നാമത്തെ ബിഷപ്പ്, വി.യാക്കോബ്. ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ ചരിത്രത്തിൽ യൂയാക്കീം എന്നു പേരുള്ള ഒരാളെക്കുറിച്ചു നാം വായിക്കുന്നുണ്ട്. വലിയ ധനികനാ

യിരുന്ന അദ്ദേഹം ഇരട്ടി കാഴ്ചനേർച്ചകൾ ദൈവത്തിനു സമർപ്പിച്ചിരുന്നു. എന്റെ സമ്പത്ത് സർവ്വ ജന നന്മകൾക്കായി ഉപയോഗിക്കും എന്നു നിശ്ചയിച്ചിരുന്നു. എന്നാൽ കർത്താവിന്റെ ഒരു വലിയ പെരുനാളിൽ ഇസ്രയേൽ മക്കൾ അവരുടെ വഴിപാടുകൾ അർപ്പിക്കുമ്പോൾ യുയാക്കീമും സമർപ്പിച്ചു. അപ്പോൾ പ്രധാന പുരോഹിതൻ അദ്ദേഹത്തെ തടഞ്ഞുപറഞ്ഞു: നീ ഇസ്രയേലിൽ ഒരു സന്തതിയെ ജനിപ്പിച്ചിട്ടാല്ലത്തവനാകയാൽ, നിന്റെ കാഴ്ച സമർപ്പിക്കുവാൻ നിയമം അനുവദിക്കുന്നില്ല.

ഇതിങ്കൽ അതീവ ദുഃഖിതനായ യുയാക്കീം ഞാൻ ഒരുവൻ മാത്രമാണോ, ഇസ്രായേലിൽ അനപത്യൻ എന്നറിവാൻ രേഖകൾ പരിശോധിക്കുവാൻ പോയി. പരിശോധനയിൽ, സർവ്വനീതിമാൻമാരായവരും ഇസ്രയേലിൽ സന്തതിയുൽപ്പാദനം നടത്തിയവർ എന്നു കണ്ടു. അപ്പോൾ പിതാവായ അബ്രഹാമിന്റെ കാര്യം ഓർമ്മയിൽ വന്നു. ജീവിതകാലാവസാനത്തിങ്കിൽ അദ്ദേഹത്തിനു ദൈവം മകനായി ഇസഹാക്കിനെ നൽകിയത് ഓർമ്മ വന്നു. അപ്പോൾ അദ്ദേഹത്തിനു മഹാസങ്കടം വന്ന്, തന്റെ ഭാര്യയെ കാണേണ്ട എന്നു നിശ്ചയിച്ചു. വിജനപ്രദേശത്തുപോയി കൂടാരത്തിൽ പാർത്തുകൊണ്ട് നാല്പതു പകലും നാൽപതു രാവും ഉപവസിച്ചു. എന്റെ ദൈവമായ കർത്താവ് എങ്കലേക്കു തിരിഞ്ഞ് എന്നെ നോക്കുന്നതുവരെ ഞാൻ ഭക്ഷിക്കുകയൊ, പാനം ചെയ്യുകയൊ ചെയ്യുകയില്ല; പ്രാർത്ഥന മാത്രമായിരിക്കും എന്റെ ഭക്ഷണപാനീയങ്ങൾ എന്നു സ്വയം നിശ്ചയിച്ചു.

ഇതേസമയത്ത് തന്റെ ഭാര്യ ഹന്നാ, രണ്ടു കാര്യങ്ങൾ നിമിത്തം മനസ്സുവിഷമിച്ചുകരഞ്ഞു. എന്റെ വൈധവ്യം എന്റെ വന്ധ്യത; ഓർത്തു ഞാൻ വിലപിക്കും എന്നു പറഞ്ഞു. അങ്ങനെയിരിക്കെ കർത്താവിന്റെ വലിയപെരുനാൾ സമാഗതമായി. അവളുടെ ഒരു ദാസി യൂദിത്ത് അവളോട്; എത്രകാലമാണ്, ഇങ്ങനെ സ്വയം പീഡിപ്പിച്ചു കഴിയുന്നത്? കർത്താവിന്റെ പെരുനാൾ സമാഗതമായിരിക്കുന്നു. അക്കാലത്ത് അത്യന്തം കരഞ്ഞു കഴിച്ചുകൂട്ടുന്നതു ശരിയല്ല. ഇതുപോലുള്ള സാധനങ്ങൾ നിർമ്മിക്കുന്ന ഒരുവൻ എനിക്കു തന്ന ഈ അങ്കി എടുത്താലും. ഒരു ദാസിയായ ഞാനല്ല അതു ധരിക്കേണ്ടത്, ഉന്നത നിലയിലുള്ള അവിടുത്തേക്ക് ഇതു ചേർച്ചയായിരിക്കും എന്നു പറഞ്ഞു. എന്നാൽ ഹന്നാ നീ എന്നെ വിട്ടുപോകുക. ഇങ്ങനെയുള്ളവ ഞാൻ ഉപയോഗിക്കുകയില്ല. തന്നെയുമല്ല ദൈവം എന്നെ അത്യധികം താഴ്ത്തിയുമിരിക്കുന്നു. ഏതോ ദുരുദ്ദേശ്യമുള്ള വ്യക്തി നിനക്കു ഇതു തന്നതായിരിക്കും. പാപം കൊണ്ടു എന്നെ അശുദ്ധയാക്കാനാണ് നീ വന്നിരിക്കുന്നത് എന്നു പറഞ്ഞു.

അപ്പോൾ ദാസി യൂദിത്ത്-എന്നെ ശ്രദ്ധിക്കാത്ത ആൾക്ക് എന്തു തിന്മയാണ് ഞാൻ ചിന്തിക്കുന്നത് ഇപ്പോൾ കഴിയുന്ന ശാപത്തേക്കാൾ വലിയ എന്തു ശാപമാണു ഞാൻ വരുത്തുന്നത്? അവിടുന്നു ഇസ്രയേലിൽ ഒരു അമ്മയാകാത്തവണ്ണം ഗർഭപാത്രം അടച്ചിരിക്കുകയല്ലേ? എന്നു പറഞ്ഞു. ഇതിൽ ഹന്നാ അത്യധികം മനം കലങ്ങി. അവളുടെ വിവാഹവസ്ത്രം ധരിച്ചുകൊണ്ട് ഏതാണ്ട് 3 മണി സമയത്ത് അവളുടെ ഉദ്യാനത്തിൽ നടക്കുവാനിറങ്ങി. അവൾ ഒരു വൃക്ഷച്ചുവട്ടിലിരുന്നു പ്രാർത്ഥിച്ചു: എന്റെ പിതാക്കന്മാരുടെ ദൈവമേ, എന്നെ അനുഗ്രഹിക്കേണമേ. പ്രാർത്ഥന കേൾക്കേണമേ! അങ്ങ് സാറായുടെ ഗർഭപാത്രത്തെ അനുഗ്രഹിച്ച് അവൾക്കൊരു പുത്രനെ ഇസഹാക്കിനെ നൽകിയല്ലോ. അവൾ സ്വർഗ്ഗത്തിലേക്ക് ദൃഷ്ടിയുയർത്തിയപ്പോൾ വൃക്ഷത്തിൽ ഒരു കുരികിലിന്റെ കൂടുകണ്ടു. അതിവേദനയോടെ അവൾ പറഞ്ഞു: ഹാ, എനിക്കു കഷ്ടം! എനിക്കു ജന്മം തന്നതാര്? എന്നെ വഹിച്ച ഗർഭപാത്രവും ഏത്? ഇസ്രയേൽ മക്കളുടെ ദൃഷ്ടിയിൽ ഞാൻ ഇത്രയേറെ അപമാനിതയായല്ലോ? എന്റെ ദൈവത്തിന്റെ ആലയത്തിൽവച്ചുപോലും എന്നെ അധിക്ഷേപിച്ചുവല്ലോ. എന്നെ എന്തിനോട് സാമ്യപ്പെടുത്താം! സുബോധമില്ലാത്ത മൃഗങ്ങളോടുപോലും എന്നെ സാമ്യപ്പെടുത്തുവാൻ സാദ്ധ്യമല്ലല്ലോ. അവപോലും തിരുമുമ്പിൽ ഫലവത്താണല്ലോ. എന്നെ എന്തിനോട് സാമ്യപ്പെടുത്താം! എനിക്കു കഷ്ടം! ഈ വെള്ളത്തിനോടുപോലും എനിക്കു സാമ്യമില്ലല്ലോ. അതുപോലും ഫലദായകമാണല്ലോ! എന്നെ എന്തിനോട് സാമ്യപ്പെടുത്താം! എനിക്കു കഷ്ടം! കടലിലെ തിരമാലകളോടുപോലും എനിക്കു സാമ്യമില്ല. അവ ശാന്തമായും പ്രക്ഷുബ്ധമായും ഇരിക്കുമ്പോൾ, അവയിലുള്ള മത്സ്യങ്ങളൊത്തു നാഥാ നിന്നെ സ്തുതിക്കുന്നു... എന്നെ എന്തിനോട് സാമ്യപ്പെടുത്താം! ഇക്കാണാവുന്ന ഭൂമിയോടുപോലും എന്നെ സാമ്യപ്പെടുത്താവുന്നതല്ലല്ലോ. അതു ഫലങ്ങളുൽപാദിപ്പിക്കുകയും നാഥാ, അങ്ങയെ പ്രകീർത്തിക്കുകയും ചെയ്യുന്നു.

അപ്പോൾ കർത്താവിന്റെ ഒരു മാലാഖ അടുത്തുവന്ന് അവളോടു പറഞ്ഞു: "ഹന്നാ!, ഹന്നാ! കർത്താവ് നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നീ ഗർഭവതിയാകും. നിന്റെ ആ സന്താനത്തെപ്പറ്റി ലോകമാകെ സംസാരിക്കപ്പെടും." ഹന്നാ പ്രതിവചിച്ചു; "എന്റെ ജീവനുള്ള ദൈവമായ കർത്താവേ, ഞാൻ പ്രസവിക്കുന്നത് ആണായാലും പെണ്ണായാലും അതിനെ എന്റെ ദൈവമായ കർത്താവിനു സമർപ്പിക്കും. അതു ജീവിതകാലം മുഴുവനും വിശുദ്ധകാര്യങ്ങളിൽ നിനക്കു ശുശ്രൂഷ ചെയ്യും." അപ്പോൾ രണ്ടു മാലാഖമാർ പ്രത്യക്ഷപ്പെട്ട്

പ്രസ്താവിച്ചു! ഇതാ നിന്റെ ഭർത്താവ് ഇടയന്മാരുമൊത്തു വരുന്നുണ്ട്. എന്തെന്നാൽ കർത്താവിന്റെ ഒരു മാലാഖ അദ്ദേഹത്തിന്റെ അടുക്കലും വന്നിരുന്നു. ദൈവമായ കർത്താവ് നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. വേഗം വീട്ടിലേക്കു പോകുക, നിന്റെ ഭാര്യ ഹന്നാ ഗർഭിണിയാകും എന്നു പറഞ്ഞു. യൂയാക്കീം താഴോട്ടുവന്ന് തന്റെ ഇടയന്മാരെ വിളിച്ച് പറഞ്ഞു: "കറയും അശുദ്ധതയുമില്ലാത്ത പത്തു പെണ്ണാട്ടിൻ കുട്ടികളെ കൊണ്ടുവരിക. അവ എന്റെ ദൈവമായ കർത്താവിനുള്ളതാകുന്നു. കറയില്ലാത്ത പത്തു കിടാവുകളെയും കൊണ്ടു വരുവിൻ. അവ പുരോഹിതന്മാർക്കും മൂപ്പന്മാർക്കും ജനങ്ങൾക്കായി നൂറു കോലാടുകളെയും കൊണ്ടുവരുവീൻ." അങ്ങനെ യൂയാക്കീം ഇടയന്മാരുമൊരുമിച്ച് താഴോട്ടു വന്നു. ഹന്നാ പടിവാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. യുയാക്കീമും ഇടയന്മാരും വരുന്നത് അവൾ കണ്ടു. ഹന്നാ ഓടിച്ചെന്ന് അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു. കർത്താവ് എന്നെ അത്യധികമായി അനുഗ്രഹിച്ചിരിക്കുന്നുവെന്ന് ഇപ്പോൾ ഞാനറിഞ്ഞിരിക്കുന്നു. കണ്ടാലും ഞാനൊരു വിധവയായിരുന്നു. ഞാൻ ഇനിയും വിധവയല്ല. വന്ധ്യയായിരുന്ന ഞാൻ ഗർഭണിയാകും. യുയാക്കീം ഒന്നാംദിവസം തന്റെ ഭവനത്തിൽ പാർത്തു. പ്രഭാതത്തിൽ തന്റെ വഴിപാടുകളുമായി വന്നു പറഞ്ഞു: കർത്താവ് എന്നിൽ പ്രീതനാകുന്നുവെങ്കിൽ പുരോഹിതന്റെ നെറ്റിമേലുള്ള പ്ലേറ്റ് (പു: 28,30) പ്രസ്പഷ്ടമാക്കട്ടെ. അങ്ങനെ പുരോഹിതൻ ധരിച്ചിരുന്ന ആ ഫലകത്തോട് ആലോചന ചോദിച്ചു: അവനിൽ പാപം കണ്ടില്ല എന്ന് അതിൽനിന്നും ഗ്രഹിച്ചു. അപ്പോൾ യുയാക്കീം പറഞ്ഞു: "കർത്താവ് എങ്കൽ പ്രീതനായിരിക്കുന്നുവെന്നും എന്റെ പാപങ്ങളെല്ലാം മായിച്ചിരിക്കുന്നുവെന്നും ഞാനറിയുന്നു." അങ്ങനെ നീതീകരിക്കപ്പെട്ടവനായി ദൈവാലയത്തിൽനിന്നും അയാൾ സ്വഭവനത്തിലേക്കുപോയി.

ഒൻപതുമാസം കഴിഞ്ഞപ്പൾ ഹന്നാ പ്രസവിച്ചു. ഞാൻ ആരെയാണ് പ്രസവിച്ചതെന്ന് ധാത്രിയോടു ചോദിച്ചു. ഒരു പെൺകുഞ്ഞിനെ എന്നവൾ ഉത്തരം പറഞ്ഞു. അപ്പോൾ ഇന്നു കർത്താവ് എന്നെ വലിയവളാക്കിയിരിക്കുന്നുവെന്നു പറഞ്ഞ് കുഞ്ഞിനെ ശയ്യമേൽ കിടത്തി. അവളുടെ ശുദ്ധീകരണ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൾ കുഞ്ഞിനെ മുല കുടിപ്പിച്ചു. മറിയാം എന്നു പേരും വിളിച്ചു. ശിശു പ്രതിദിനം ശക്തിപ്രാപിച്ചുവന്നു. കുഞ്ഞിന് ഒൻപതുമാസം പ്രായമായപ്പോൾ, അവൾ നിൽക്കുമൊ എന്നറിയുവാൻ കുഞ്ഞിനെയെടുത്ത് അവളെ നിലത്തുനിറുത്തി. ഒൻപതടി വച്ചശേഷം കുഞ്ഞ് അമ്മയുടെ മടിയിലേക്കുവന്നു. അപ്പോൾ അമ്മ അവളെ എടുത്തുയർത്തിക്കൊണ്ട് ജീവനുള്ള ദൈവത്തിന്റെ മുമ്പിൽ ഞാൻ പറയുന്നു:

ഞാൻ ദൈവാലയത്തിലേക്ക് ഒരു കുഞ്ഞിനെ കൊണ്ടുവരുന്നതു വരെ ഈ സാധാരണ നിലത്ത് നടക്കുകയില്ല. അങ്ങനെ അവളുടെ മുറി ഒരു വിശുദ്ധ സ്ഥലമാക്കിത്തീർത്തു. അസാധാരണമൊ അശുദ്ധമൊ ആയ യാതൊന്നും അവിടെ കൊണ്ടുവരുവാൻ സമ്മതിച്ചില്ല. എന്നാൽ ഇസ്രയേൽ പുത്രിമാരിൽ അശുദ്ധപ്പെടാത്ത ചിലരെ വിളിച്ചുവരുത്തി, അവളുടെ അടുത്താക്കി. കുഞ്ഞിന് ഒരു വയസ്സു തികഞ്ഞപ്പോൾ, യുയാക്കീം ഒരു വലിയ വിരുന്നൊരുക്കി, അതിലേക്കു പുരോഹിതന്മാരെയും ശാസ്ത്രിമാരെയും മൂപ്പന്മാരെയും ഇസ്രയേൽ മക്കളെയും ക്ഷണിച്ചു. തദനന്തരം യുയാക്കീം ബാലികയെത്തന്നെ ഒരു നേർച്ചയായി പ്രധാന പുരോഹിതർക്കു സമർപ്പിച്ചു. അവർ അവളെ അനുഗ്രഹിച്ചു പറഞ്ഞു: നമ്മുടെ പിതാക്കന്മാരുടെ ദൈവം ഈ ബാലികയെ അനുഗ്രഹിക്കട്ടെ. സർവ്വ തലമുറകളിലും നിലനിൽക്കുന്ന സുപ്രസിദ്ധനാമം ദൈവം ഇവൾക്കു നൽകട്ടെ. ജനമെല്ലാം പ്രത്യുത്തരിച്ചു. ആമേൻ. രണ്ടാമത്, യുയാക്കീം ബാലികയെ പുരോഹിതർ സമക്ഷം സമർപ്പിച്ചു. അവരും അനുഗ്രഹിച്ചു പറഞ്ഞു: മഹോന്നതനായ ദൈവമേ, ഈ ബാലികയെ കരുതണമേ, ശാശ്വതമായ അനുഗ്രത്താൽ അവളെ അനുഗ്രഹിക്കണമേ! തദനന്തരം അവളുടെ അമ്മ അവളെ എടുത്ത് മുല കൊടുത്തശേഷം താഴെ വരുന്ന കീർത്തനം കർത്താവിനു പാടി. എന്റെ ദൈവം എന്നെ ദർശിക്കുകയും, എന്റെ ശത്രുക്കളുടെ ആക്ഷേപത്തെ എന്നിൽനിന്നു നീക്കുകയും, തന്റെ നീതിയുടെ ഫലം നൽകുകയും ചെയ്തിരിക്കുകയാൽ എന്റെ പാട്ട്; ഹന്നാ കുഞ്ഞിനു മുല കൊടുക്കുന്നുവെന്ന് രൂബേന്റെ മക്കളെല്ലാം പറയും. പിന്നീട് അവൾ കുഞ്ഞിനായി ശുദ്ധീകരിച്ചു സമർപ്പിതമായ മുറിയിൽ കിടത്തിയശേഷം പുറത്തുവന്ന് അവർക്കു ശുശ്രൂഷ ചെയ്തു. വിരുന്ന് അവസാനിച്ചപ്പോൾ അവരെല്ലാം ആനന്ദഭരിതരായി ദൈവത്തെ സ്തുതിച്ചുകൊണ്ട് തിരികെ പോയി.

ബാലിക വളർന്നു, അവൾക്കു രണ്ടു വയസ്സുതികഞ്ഞപ്പോൾ യുയാക്കീം ഹന്നായോടു പറഞ്ഞു: നമ്മുടെ നേർച്ച നിർവ്വഹിക്കുവാനായി നമുക്ക് ഇവളെ ദൈവാലയത്തിലേക്കു കൊണ്ടുപോകാം. ദൈവമായ കർത്താവിനോടുള്ള നേർച്ച നിറവേറ്റാം. അല്ലെങ്കിൽ താൻ നമ്മോടു കോപിച്ച് നമ്മുടെ കാഴ്ച വയ്ക്കൽ സ്വീകാര്യമല്ലാതെ വന്നെങ്കിലോ? ഹന്നാ പറഞ്ഞു: 3-ാം വയസ്സുവരെ നമുക്ക് കാത്തിരിക്കാം അല്ലെങ്കിൽ അവൾ പക്ഷേ, അവളുടെ പിതാവിനെ അറിയാതെവന്നെങ്കിലോ! എന്നാൽ നമുക്കു കാത്തിരിക്കാം, യുയാക്കീം പറഞ്ഞു. കുഞ്ഞിനു മൂന്നു വയസ്സുതികഞ്ഞപ്പോൾ യുയാക്കീം പറഞ്ഞു: അശുദ്ധരാകാത്ത എബ്രായപുത്രിമാരെ നമുക്കു

ക്ഷണിക്കാം. അവർ ഓരോരുത്തരും കത്തിച്ച ഓരോ വിളക്കും പിടിക്കട്ടെ. എന്തിനെന്നാൽ, കുഞ്ഞ് പിന്നിലേക്കു നോക്കാതെ അവളുടെ ദൃഷ്ടി സർവ്വദാ ദൈവാലയത്തിലേക്കായിരിക്കുവാനുംതന്നെ. അവൾ ദൈവാലയത്തിലെത്തുന്നതുവരെ അങ്ങനെതന്നെ ചെയ്തു. മഹാപുരോഹിതൻ അവളെ സ്വീകരിച്ചു. അവളെ അനുഗ്രഹിച്ചു പറഞ്ഞു: മറിയാമേ, ദൈവമായ കർത്താവ് നിന്റെ നാമം എല്ലാ തലമുറകളിലും ശ്രേഷ്ഠമാക്കിയിരിക്കുന്നു. കാലാന്ത്യംവരെയും നീ വഴിയായും കർത്താവ് തന്റെ രക്ഷ ഇസ്രയേൽ മക്കൾക്കു കാണിച്ചുകൊണ്ടിരിക്കും. അദ്ദേഹം അവളെ യാഗപീഠത്തിന്റെ മൂന്നാം തട്ടിൽ നിർത്തി. കർത്താവ് അവൾക്കു കൃപനൽകി. സന്തുഷ്ടയായി കാലുകൾ ചവിട്ടി, ഇസ്രയേൽ ഗൃഹം മുഴുവനും അവളെ സ്നേഹിച്ചു. ബാലിക അവളുടെയടുക്കലേക്കു തിരികെ ചെല്ലാതിരുന്നതുമൂലം അവർ അത്ഭുതപ്പെട്ട് ദൈവത്തെ സ്തുതിച്ചുകൊണ്ടു തിരികെപ്പോയി.

മറിയാം ഒരു പ്രാവിനെപ്പോലെ ദൈവാലയത്തിൽ താമസമാക്കി അഭ്യാസം നടത്തി. ഒരു ദൈവദൂതനിൽനിന്ന് അവൾക്ക് ആഹാരം ലഭിച്ചുകൊണ്ടിരുന്നു. അവൾക്ക് പന്ത്രണ്ടു വയസ്സായപ്പോൾ പുരോഹിതന്മാർ യോഗംകൂടിയാലോചിച്ചു. കണ്ടാലും മറിയാമിനു പന്ത്രണ്ട് വയസ്സായല്ലോ, ഇവളെ സംബന്ധിച്ചു നാം എന്താണു ചെയ്യേണ്ടത്? നമ്മുടെ ദൈവമായ കർത്താവിന്റെ ആലയം അശുദ്ധമായെങ്കിലോ, എന്നു നാം ഭയപ്പെടുന്നു. മഹാപുരോഹിതനായ സഖര്യായോട് പുരോഹിതന്മാർ പറഞ്ഞു. താങ്കൾ കർത്താവിന്റെ യാഗപീഠത്തിങ്കൽനിന്നുകൊണ്ട് വിശുദ്ധ സ്ഥലത്തുവച്ച് അവൾക്കുവേണ്ടി പ്രാർത്ഥിച്ചാലും! ദൈവം താങ്കൾക്കു വെളിപ്പെടുത്തുന്ന പ്രകാരം ചെയ്താലും! അപ്പോൾ മഹാപുരോഹിതൻ വിധിയുടെ മാർകവചം എടുത്ത് അതിമഹാവിശുദ്ധസ്ഥലത്തേക്കു കടന്ന് അവളെ സംബന്ധിച്ച് പ്രാർത്ഥന അർപ്പിച്ചു. കണ്ടാലും കർത്താവിന്റെ മാലാഖ അദ്ദേഹത്തെ സമീപിച്ചു പറഞ്ഞു: നീ പോയി ജനത്തിൽ ഭാര്യ മരിച്ച എല്ലാവരെയും വിളിച്ചുകൂട്ടുക. എല്ലാവരും അവരുടെ വടി കൊണ്ടുവരട്ടെ. ഒരു അടയാളം വഴി ദൈവം ആരെ കാണിക്കുന്നുവൊ അവൻ മറിയാമിനു ഭർത്താവാകട്ടെ. വിളിച്ചറിയിക്കുന്നവൻ യഹൂദ്യാ മുഴുവൻ സഞ്ചരിച്ചു. കർത്താവിന്റെ കാഹളം മുഴക്കി. ജനമെല്ലാം ഓടിയെത്തി, ഒരുമിച്ചുകൂടി. ഔസേപ്പും തന്റെ കൊട്ടുവടി മാറ്റി വച്ചിട്ട് അവരെ കാണുവാനെത്തി. എല്ലാവരെയും കണ്ടിട്ട് അവർ മഹാപുരോഹിതസമക്ഷം അവരവരുടെ വടിയുമായെത്തി. മഹാപുരോഹിതൻ അവരുടെ വടികൾ വാങ്ങിയശേഷം പ്രാർത്ഥിക്കുവാൻ ദൈവാലയത്തിൽ പോയി. പ്രാർത്ഥനാനന്തരം അദ്ദേഹം വടികളെല്ലാം എടുത്തുകൊണ്ടുവന്നു തിരികെ വിതരണം

ചെയ്തു. അവയിൽ ഒരത്ഭുതവും ഉണ്ടായില്ല. അവസാനത്തെ വടി യൗസേഫ് എടുത്തു. അപ്പോൾ ഒരു പ്രാവ് യൗസേഫിന്റെ വടിയിൽനിന്നും ഉയർന്നുപറന്ന് യൗസേഫിന്റെ ശിരസ്സിന്മേൽ ഇരുന്നു. അപ്പോൾ മഹാപുരോഹിതൻ പറഞ്ഞു: 'യൗസേപ്പേ, കർത്താവിനായി തന്റെ കന്യകയെ എടുക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ നീയാണ്.' എന്നാൽ യൗസേപ്പ് അതു നിരസിച്ചുകൊണ്ടു പറഞ്ഞു: ഞാനൊരു വൃദ്ധനാണ്. കാഴ്ചയില്ല. മക്കളുമുണ്ട്. ഇവൾ യുവതിയാണ്, ഇസ്രയേലിൽ ഞാൻ പരിഹാസപാത്രമാകുമോ എന്നു ഭയപ്പെടുന്നു. മഹാ പുരോഹിതൻ പ്രതിവചിച്ചു: 'യൗസേപ്പേ, നിന്റെ കർത്താവിനെ ഭയപ്പെടുക. ദാഥാൻ, കോരഹ്, അബിറാം എന്നിവരോട് അവരുടെ എതിർതർക്കം മൂലം ദൈവം ഇടപെട്ടത് എങ്ങനെയെന്ന് ഓർക്കുക. ഭൂമി വായ്പിളർന്ന് അവരെ വിഴുങ്ങിയത് ഓർക്കുക. ആകയാൽ യൗസേപ്പേ, ഇപ്പോൾ നിന്റെ കുടുംബത്തിൽ ഇതുപോലുള്ളവ സംഭവിക്കാതിരിക്കേണ്ടതിന് ദൈവത്തെ ഭയപ്പെടുക.' ഭയചകിതനായ യൗസേപ്പ് അവളെ ഭവനത്തിലേക്കു കൊണ്ടുപോയി. യൗസേപ്പ് മറിയാമിനോടു പറഞ്ഞു: 'മറിയാമേ, നിന്നെ ഞാൻ ദൈവത്തിന്റെ ആലയത്തിൽനിന്നും സ്വീകരിച്ചു. ഇപ്പോൾ ഞാൻ നിന്നെ എന്റെ ഭവനത്തിൽ വിട്ടിട്ട്, ഭവന നിർമ്മാണമെന്ന എന്റെ തൊഴിലിനു പോകേണ്ടിയിരിക്കുന്നു. ദൈവം നിന്നോടു കൂടിയിരിക്കട്ടെ.'

പിന്നെ സംഭവിച്ചതെന്തെന്നാൽ; പുരോഹിതന്മാരുടെ യോഗത്തിൽ അവർ പറഞ്ഞു: ദൈവാലയത്തിനു ഒരു തിരശ്ശീല നമുക്കുണ്ടാക്കാം എന്ന്. മഹാപുരോഹിതൻ പറഞ്ഞു: 'ദാവീദ്വംശത്തിൽപെട്ട കളങ്കപ്പെടാത്ത ഏഴ് കന്യകമാരെ വിളിപ്പിൻ, ഭൃത്യന്മാർ പോയി അവരെ ദൈവാലയത്തിൽകൊണ്ടു വന്നു. മഹാപുരോഹിതൻ അവരോട്, നിങ്ങളിൽ ആരാണ് സുവർണ്ണ നൂൽ, ആരാണു നീല നൂൽ, ആരാണ് ചുവപ്പു നൂൽ, ആരാണ് നേർത്ത വസ്ത്രം, ആരാണ് പർപ്പിൾ എന്നു നിങ്ങൾ ചീട്ടിടുവിൻ. മഹാപുരോഹിതനു മറിയാം ദാവീദ് വംശജയാണെന്ന് അറിയാമായിരുന്നു. അദ്ദേഹം അവളെ വിളിച്ചു, അവൾക്കു ചീട്ടുവീണത് പർപ്പിൾ ആയിരുന്നു. അവൾ ഭവനത്തിലേക്കു തിരികെപ്പോയി. അക്കാലംമുതൽ പ്രധാനാചാര്യനായ സഖറിയാ ഊമനായിത്തീർന്നു. സഖറിയാ സംസാരിക്കുന്നതുവരെ ശമുവേൽ തൽസ്ഥാനത്തു നിയമിതനായി.

മറിയാം വീട്ടിലേക്കു പോയി തയ്യൽപണി എടുത്ത് എഴുന്നേറ്റു. അവൾ ഒരു കുടവുമെടുത്ത് വെള്ളം കോരുവാൻ പോയി. അവളോടു പറയുന്ന ഒരു ശബ്ദം അവൾ കേട്ടു. കൃപനിറഞ്ഞവളേ, നിനക്കു സമാധാനം! കർത്താവ് നിന്നോടുകൂടെ, സ്ത്രീകളിൽ അനുഗ്രഹി

ക്കപ്പെട്ടവൾ നീയാകുന്നു. എവിടെനിന്നാണ് ശബ്ദം വന്നതെന്നറിയുവാൻ അവൾ വലത്തോട്ടും ഇടത്തോട്ടും നോക്കി. വിറയലോടെ സ്വഭവനത്തിലേക്കുപോയി കുടം മാറ്റി വച്ചിട്ട് തന്റെ ചിത്രത്തയ്യൽ പണിയിൽ ഏർപ്പെട്ടു. കർത്താവിന്റെ മാലാഖ അവളുടെ സമീപം നിന്നിരുന്നു. മറിയാമേ, ഭയപ്പെടേണ്ട, എന്തെന്നാൽ ദൈവദൃഷ്ടിയിൽ നീ വാൽസല്യം കണ്ടെത്തിയിരിക്കുന്നു. അവൾ അതു കേട്ടപ്പോൾ ഈ ദൃശ്യമായ സമാധാനം ചൊല്ലുന്നതിന്റെ അർത്ഥമെന്തെന്ന് അവൾ സ്വയം ചിന്തിച്ചു. മാലാഖ അവളോട് കർത്താവ് നിന്നോടുകൂടെയുണ്ട്, നീ ഗർഭവതിയാകും എന്നു പറഞ്ഞു. എന്ത്? ജീവനുള്ള ദൈവത്താൽ ഞാൻ ഗർഭവതിയായി, മറ്റുള്ള സ്ത്രീകളെപ്പോലെ ഞാൻ പ്രസവിക്കുമെന്നോ! എന്നു മറിയാം പറഞ്ഞു. മാലാഖ ഉത്തരം പറഞ്ഞത്: 'അല്ലയോ! മറിയാമേ, പരിശുദ്ധാത്മാവ് നിന്റെമേൽ വന്നാവസിക്കും, മഹോന്നതന്റെ ശക്തി നിന്റെമേൽ നിഴലിക്കും. അതുമൂലം നിന്നിൽനിന്നും ജാതനാകുന്നവൻ പരിശുദ്ധനായിരിക്കും. ജീവനുള്ള ദൈവത്തിന്റെ പുത്രൻ എന്ന് അവൻ വിളിക്കപ്പെടും. നീ അവനെ യേശു എന്ന പേർ വിളിക്കണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും രക്ഷിക്കും. കണ്ടാലും നിന്റെ ചാർച്ചക്കാരി അല്ലേ എലിസബത്ത്? അവളും വാർദ്ധക്യത്തിൽ പുത്രനെ ഗർഭം ധരിച്ചിരിക്കയാണ്. വന്ധ്യ എന്നു വിളിക്കപ്പെട്ടവൾക്ക് ഇത് ആറാം മാസവുമാണ്. എന്തെന്നാൽ ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ.' മറിയാം പറഞ്ഞു, ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനപ്രകാരം എനിക്കു ഭവിക്കട്ടെ.'

അവളുടെ തുന്നൽ പണി പൂർത്തിയായപ്പോൾ അവൾ അതു മഹാപുരോഹിതസമക്ഷം കൊണ്ടുപോയി. മഹാപുരോഹിതൻ അവളെ അനുഗ്രഹിച്ചു പറഞ്ഞു, 'മറിയാമേ, കർത്താവ് നിന്റെ നാമം മഹത്വപൂർണ്ണമാക്കിയിരിക്കുന്നു. ലോകത്തിൽ എല്ലാക്കാലത്തും നീ ഭാഗ്യവതിയായിരിക്കും.' അപ്പോൾ മറിയാം ആനന്ദ സമ്പൂർണ്ണയായി തന്റെ സഹോദരി (Cousin)യുടെ അടുക്കലേക്കു പോയി. വാതിൽക്കൽ മുട്ടി. അതുകേട്ട് എലിസബത്ത് ഓടിവന്നു. അവൾക്കായി വാതിൽ തുറന്നു. അവളെ ഭാഗ്യവതി എന്നു വിളിച്ചുകൊണ്ടു പറഞ്ഞു: 'എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരിക എന്ന ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്? എന്തെന്നാൽ ഹാ, നിന്റെ സമാധാനം എന്റെ ചെവികളിൽ വീണപ്പോൾ എന്റെ ഉദരത്തിലെ പ്രജ തുള്ളി നിന്നെ പുകഴ്ത്തി.' എന്നാൽ മറിയാം പ്രധാന മാലാഖയായ ഗബ്രിയേൽ അവളോടറിയിച്ച വ്യാഖ്യാനാതീതമായ കാര്യങ്ങളെക്കുറിച്ച് പിടികിട്ടാതെ അവളുടെ കണ്ണുകൾ സ്വർഗ്ഗത്തിലേക്കു

യർത്തി, എന്റെ ദൈവമേ, ലോകത്തിലെ സർവ്വ തലമുറകളും എന്നെ ഭാഗ്യവതി എന്നു വിളിക്കത്തക്കവണ്ണം അടിയൻ എന്ത്? എന്നു പറഞ്ഞു. അവൾ പ്രതിദിനം സ്ഥൂലിച്ചു വരുന്നതിൽ ഭയചകിതയായി അവൾ ഭവനത്തിലേക്കു പോയി. ഇസ്രയേൽ മക്കളിൽനിന്നും സ്വയം മറച്ചു കഴിഞ്ഞു. ഇതെല്ലാം സംഭവിക്കുമ്പോൾ മറിയമിനു പതിനാലു വയസ്സു പ്രായമായിരുന്നു.

അവൾക്കു എട്ടാം മാസമായപ്പോൾ, തന്റെ തൊഴിലായ ഭവന നിർമ്മാണാനന്തരം യൗസേഫ് വിദേശത്തുനിന്ന് തിരികെ വന്നു വീട്ടിലേക്കു പ്രവേശിച്ചപ്പോൾ മറിയാമിനെ ഗർഭിണിയായിക്കണ്ടു. സ്വയം മുഖത്തടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: എന്റെ ദൈവമായ കർത്താവിന്റെ സന്നിധിയിലേക്ക് എന്തൊരു മുഖമാണ് ഞാൻ ഉയർത്തേണ്ടത്? ഈ യുവതിയെക്കുറിച്ച് എനിക്കെന്തു പറയാൻ കഴിയും? എന്തെന്നാൽ ഒരു കന്യകയായാണ് ഞാനവളെ എന്റെ ദൈവത്തിന്റെ ആലയത്തിൽനിന്നു സ്വീകരിച്ചത്. അങ്ങനെ അവളെ ഞാൻ സൂക്ഷിച്ചില്ലല്ലോ! ഇവ്വണ്ണം എന്നെ ചതിച്ചതാര്? എന്റെ ഭവനത്തിൽവച്ച് ഈ അശുദ്ധകാര്യം നടത്തിയതാര്? ആദാമിന്റെ മഹത്വാവസ്ഥയിൽ ഇരിക്കുമ്പോൾ തന്നെയല്ലേ സർപ്പം വന്ന് ഹവ്വാ തന്നെയിരിക്കുന്ന സമയത്തല്ലേ അവളെ വശീകരിച്ചത്? അതേപടി തന്നെ എനിക്കും സംഭവിച്ചിരിക്കുന്നു! പിന്നെ യൗസേപ്പ് നിലത്തു നിന്നും എഴുന്നേറ്റ് അവളെ വിളിച്ചിട്ട് ദൈവത്താൽ വളരെയേറെ അനുഗ്രഹീതയായിരുന്ന നീ ഇങ്ങനെയായതെന്ത്? നിന്റെ ആത്മാവിനെ നീ അപമാനിച്ചതെന്ത്? നീ മഹാവിശുദ്ധസ്ഥലത്ത് അഭ്യസനം നടത്തിയവളും മാലാഖമാരുടെ കൈയിൽനിന്നുതന്നെ ആഹാരം കഴിച്ചിരുന്നവളുമല്ലേ എന്നു പറഞ്ഞു. അവൾ കണ്ണുനീർ പ്രവാഹത്തോടെ പറഞ്ഞു: ഞാൻ നിരപരാധിയാണ്. ഒരു പുരുഷനെയും ഞാൻ അറിഞ്ഞിട്ടില്ല! പിന്നെ നീയെങ്ങനെ ഗർഭവതിയായി? എന്നു യൗസേപ്പ് ചോദിച്ചു. മറിയാം പറഞ്ഞു: ജീവനുള്ള ദൈവമാണെ എങ്ങനെയെന്ന് എനിക്കറിഞ്ഞുകൂടാ! അപ്പോൾ യൗസേപ്പ് ഭയം നിറഞ്ഞവനായി അവളുടെ അടുക്കൽനിന്നുപോയി. ഇവളെ സംബന്ധിച്ച് എന്താണു ചെയ്യേണ്ടത് എന്നാലോചിച്ചു. തന്നോടു തന്നെ ചോദ്യം ചെയ്തു. ഞാനവളുടെ പാതകം മറച്ചുവച്ചാൽ കർത്താവിന്റെ നിയമത്തിൻ മുമ്പിൽ ഞാൻ കുറ്റക്കാരനായി കാണപ്പെടും. ഇസ്രയേൽ മക്കളുടെ മുമ്പിൽ ഞാനിവളെ പരസ്യമാക്കിയാൽ മാലാഖയുടെ വാക്കുമൂലം ഇവൾ ഗർഭിണിയായിരിക്കയാൽ ഞാനൊരു നിരപരാധിയെ ഒറ്റികൊടുത്തവൻ ആയിരിക്കും. ആകയാൽ ഞാൻ എന്തു ചെയ്യേണ്ടൂ? രഹസ്യമായി ഞാനവളെ ഉപേക്ഷിക്കാം. രാത്രിയിൽ ഇതാ കർത്താവിന്റെ ഒരു മാലാഖ അയാൾക്കു

സ്വപ്നത്തിൽ പ്രത്യക്ഷീഭവിച്ചിട്ടു പറഞ്ഞു: 'ആ യുവതിയെ സ്വീകരിക്കാൻ ഭയപ്പെടേണ്ട! അവളിൽ ജാതനായവൻ പരിശുദ്ധാത്മാവിൽനിന്നുമാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും.' യൗസേപ്പ് ഉറക്കമുണർന്ന്, ഇസ്രയേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി. താൻ ഇത്രയേറെ കരുണ കാണിച്ചല്ലോ! കന്യകയെ അദ്ദേഹം കാത്തു പരിപാലിച്ചു.

അന്നാസ് എന്ന ശാസ്ത്രി യൗസേപ്പിനെ സന്ദർശിച്ച് നീ പോന്നതിൽപ്പിന്നെ നിന്നെക്കാണാൻ സാധിച്ചില്ലല്ലോ എന്നു പറഞ്ഞു. അതിനു യൗസേപ്പ് ഉത്തരമായി എന്റെ യാത്രാക്ഷീണംമൂലം ഒന്നാം ദിവസം ഞാൻ വിശ്രമിക്കുകയായിരുന്നുവെന്നു പറഞ്ഞു. എന്നാൽ അന്നാസ് തിരിഞ്ഞു നോക്കിയപ്പോൾ മറിയാമിനെ ഗർഭിണിയായിക്കണ്ടു! അയാൾ പുരോഹിതന്റെ അടുത്തെത്തി നിങ്ങൾ വലിയ വിശ്വാസം പുലർത്തിയിരുന്ന യൗസേഫ് അതിനീചകൃത്യം ചെയ്തു കുറ്റക്കാരനായിരിക്കുന്നു. കർത്താവിന്റെ ആലയത്തിൽനിന്ന് അവൻ സ്വീകരിച്ച കന്യകയെ അവൻ അശുദ്ധയാക്കിയിരിക്കുന്നു. അവളെ അവൻ രഹസ്യവിവാഹം നടത്തിയിരിക്കുന്നു. അത് ഇസ്രയേൽ മക്കൾക്ക് വെളിപ്പെടുത്തിയിട്ടുമില്ല! എന്നു പറഞ്ഞു. യൗസേഫ് ഇങ്ങനെ ചെയ്തെന്നോ? എന്നു പറഞ്ഞു. അപ്പോൾ അന്നാസ്, താങ്കൾ സേവകരിൽ ആരെയെങ്കിലും അയച്ചാൽ അവൾ ഗർഭിണിയാണെന്നുള്ളതു അറിയാം എന്നു പറഞ്ഞു. ഭൃത്യന്മാർ പോയി, അയാൾ പറഞ്ഞതുപോലെ തന്നെ കണ്ടു. ഇതിങ്കൽ യൗസേഫിനെയും അവളെയും വിസ്താരത്തിൽ കൊണ്ടുവന്നു. പുരോഹിതൻ അവളോട്, 'മറിയാമേ, നീ എന്താണു ചെയ്തത്? നിന്റെ ആത്മാവിനെ നീ അശുദ്ധമാക്കിയതെന്ത്? മഹാവിശുദ്ധസ്ഥലത്തു വളരുകയും മാലാഖമാരുടെ കൈയിൽനിന്നും നിന്റെ ആഹാരം സ്വീകരിക്കുകയും അവരുടെ ഗാനങ്ങൾ കേൾക്കുകയും ചെയ്തിരുന്ന നീ നിന്റെ ദൈവത്തെ മറന്നതെങ്ങനെ? നീ എന്തുകൊണ്ടു ഇങ്ങനെ ചെയ്തു?' എന്നു ചോദിച്ചു. കണ്ണുനീർ പ്രവാഹത്തോടെ മറിയാം പറഞ്ഞു: 'ജീവനുള്ള ദൈവത്താണെ ഞാനൊരു പുരുഷനെയും അറിഞ്ഞിട്ടില്ലാത്തതിനാൽ, ദൈവദൃഷ്ടിയിൽ ഞാൻ നിരപരാധിയാണ്.' അപ്പോൾ പുരോഹിതൻ യൗസേഫിനോട്, 'നീ എന്താണിങ്ങനെ ചെയ്തത്?' എന്നു ചോദിച്ചു. 'ജീവനുള്ള ദൈവത്താണെ ഞാൻ അവളുമായി ബന്ധപ്പെട്ടിട്ടില്ല!' എന്നു പറഞ്ഞു. എന്നാൽ പുരോഹിതൻ പറഞ്ഞു: 'കള്ളം പറയരുത്-സത്യം തെളിച്ചു പറയുക. നീ അവളെ രഹസ്യമായി വിവാഹം കഴിച്ചു. അക്കാര്യം ഇസ്രയേൽ മക്കളെ അറിയിച്ചിട്ടുമില്ല. നിന്റെ സന്തതി അനുഗ്രഹിക്ക

പ്പെടേണ്ടതിനായി നീ ദൈവസന്നിധിയിൽ സ്വയം താഴ്ത്തിയുമില്ല.' യൗസേഫ് നിശബ്ദനായിനിന്നു. അപ്പോൾ പുരോഹിതൻ യൗസേഫിനോട്, 'നീ എവിടെനിന്നു കന്യകയെ സ്വീകരിച്ചുവൊ ആ ദൈവാലയത്തിൽത്തന്നെ നീ കന്യകയെ തിരിച്ചേൽപിക്കണം എന്നു പറഞ്ഞു.' യൗസേഫ് കൈപ്പോടെ കരഞ്ഞു. അപ്പോൾ പുരോഹിതൻ പറഞ്ഞു: 'നിങ്ങൾ ഇരുവരെയും ഞാൻ ദൈവത്തിന്റെ വെള്ളം (സംഖ്യാ. 5.18) കുടിപ്പിക്കും. അതു പരിശോധനയ്ക്കുള്ളതാണ്. അങ്ങനെ നിന്റെ കുറ്റം നിനക്കു വെളിവാകും.' അനന്തരം വെള്ളമെടുത്ത് യൗസേഫിനെ കുടിപ്പിച്ചു. ഒരു മലയിലേക്കയച്ചു. യൗസേഫ് സുരക്ഷിതനായി തിരികെ വന്നു. അദ്ദേഹത്തിൽ കുറ്റം ഇല്ല എന്നു ബോദ്ധ്യമായി സർവ്വജനവും വിസ്മയരായി. അപ്പോൾ പുരോഹിതൻ പറഞ്ഞു: കർത്താവ് നിന്നിൽ പാപം കാണാഞ്ഞതിനാൽ, ഞാനും നിന്നെ കുറ്റം വിധിക്കുന്നില്ല. അദ്ദേഹം അവരെ തിരികെ അയച്ചു.

അപ്പോൾ യൗസേഫ് മറിയാമിനെയുംകൂട്ടി യിസ്രയേലിന്റെ ദൈവത്തിനു സ്തുതിപാടിക്കൊണ്ട് തന്റെ ഭവനത്തിലേക്കു തിരികെപ്പോയി. അക്കാലത്ത് യഹുദ്യയിലെ ബേത്‌ലഹേമിലെ എല്ലാ യഹൂദരും കരംകൊടുക്കണമെന്ന് ആഗസ്തോസ് കൈസറിന്റെ വിളംബരം പ്രസിദ്ധപ്പെടുത്തി. അപ്പോൾ യൗസേഫ് പറഞ്ഞു: **എന്റെ മക്കൾ** പേർ വഴി ചാർത്തപ്പെടേണ്ടതിനു വേണ്ടതു ഞാൻ ചെയ്യും. എന്നാൽ ഈ യുവതിയെ ഞാനെന്തുചെയ്യും? എന്റെ ഭാര്യ എന്ന വിധത്തിൽ പേർവഴി ചാർത്തുവാൻ എനിക്കു ലജ്ജയുണ്ട്. എന്റെ മകൾ എന്ന വിധത്തിലായാലോ, സർവ്വ ഇസ്രയേലിനും അറിയാം അവൾ എന്റെ മകളല്ല എന്നും എന്ന്! ദൈവം നിശ്ചയിച്ചിരിക്കുന്ന സമയം സമാഗതമാകുമ്പോൾ തനിക്കു തോന്നുന്നത് ദൈവം പ്രവർത്തിക്കട്ടെ. അദ്ദേഹം കഴുതയ്ക്കു കോപ്പിട്ട് മറിയാമിനെ അതിന്മേലിരുത്തി. **യൗസേഫും ശീമോനും** അനുഗമിച്ചു. മൂന്നു മൈൽ അകലെയുള്ള ബേത്‌ലഹേമിൽ എത്തി. യൗസേഫ് നോക്കിയപ്പോൾ മറിയാമിനെ ദുഃഖിതയായിക്കണ്ടു. അവളുടെ ഉദരത്തിലുള്ള പ്രജയെ സംബന്ധിച്ചുള്ള വേദനയായിരിക്കാം എന്നു മനസ്സിൽ പറഞ്ഞു. വീണ്ടും തിരിഞ്ഞുനോക്കിയപ്പോൾ അവൾ ചിരിക്കുന്നതായിക്കണ്ടു! അവളോട് മറിയാമേ, നിന്റെ മുഖത്തു ചിലപ്പോൾ ദുഃഖവും ചിലപ്പോൾ ചിരിയുമായി ഞാൻ കാണുന്നത് എന്തുകൊണ്ട്? എന്നു ചോദിച്ചു. മറിയാം ഉത്തരമായി, ഞാൻ എന്റെ കണ്ണുകൊണ്ടു രണ്ടു ജനതയെക്കാണുന്നു. ഒന്ന്, കരഞ്ഞു വിലപിക്കുന്നു. മറ്റേത്, ചിരിച്ചാനന്ദിക്കുന്നു എന്നു പറഞ്ഞു. അവർ യാത്ര തുടർന്നു. മറിയാം യൗസേഫിനോട് കഴുതപ്പുറത്തുനിന്ന് എന്നെ താഴെയിറക്കുക.

എന്തെന്നാൽ എന്റെ ഉദരത്തിലുള്ളത് പുറത്തുവരുവാൻ ധൃതിപ്പെടുന്നു എന്നു പറഞ്ഞു. യൗസേഫ് അവളോട് എങ്ങോട്ടാണ് ഞാൻ നിന്നെ കൊണ്ടുപോകേണ്ടത്? ഇതു മരുഭൂമിയാണല്ലോ എന്നു പറഞ്ഞു. അപ്പോൾ മറിയാം യൗസേഫിനോട് എന്നെ താഴെയിറക്കുക. എന്തെന്നാൽ എന്റെ ഉദരത്തിലുള്ളവൻ ശക്തിയായി നിർബന്ധിക്കുന്നു എന്നു പറഞ്ഞു. യൗസേഫ് അവളെ താഴെയിറക്കി. അദ്ദേഹം അവിടെ ഒരു ഗുഹ കണ്ടു. അവളെ അതിനുള്ളിൽ പ്രവേശിപ്പിച്ചു.

അവളെയും തന്റെ പുത്രന്മാരെയും ഗുഹയിൽ വിട്ടിട്ട് ഒരു സൂതകർമ്മിണിയെ കണ്ടെത്തുവാൻ പോയി. ഞാൻ പോകുമ്പോൾ (യൗസേഫ് പറഞ്ഞു) ഞാൻ അന്തരീക്ഷത്തിലേക്കു നോക്കി. കാർമേഘങ്ങൾ അത്ഭുതസ്തബ്ധയായി നിശ്ചലമായി നിൽക്കുന്നതും ഞാൻ കണ്ടു. ഞാൻ താഴെ ഭൂമിയിലേക്കു നോക്കി എല്ലാം വിളമ്പിവെച്ച ഒരു മേശ. തൊഴിലാളികൾ അതിനു ചുറ്റുമിരിക്കുന്നു. എന്നാൽ അവരുടെ കൈകൾ മേശപ്പുറത്തിരിക്കയല്ലാതെ എടുത്തുതിന്നുവാൻ അനങ്ങുന്നില്ല! വായിൽ ഭക്ഷണം വച്ചിരുന്നവർ അതു തിന്നുന്നില്ല! ശിരസ്സിലേക്കു കൈകൾ ഉയർത്തിയവർ, അതു തിരികെ താഴ്ത്തുന്നില്ല! വായിലേക്കു കൈകൊണ്ടുപോയവർ, വായിൽ ഒന്നും വയ്ക്കുന്നില്ല! അവരുടെയെല്ലാം മുഖങ്ങൾ മുകളിലേക്കുയർത്തിയിരിക്കുന്നു. ആടുകൾ ചിതറിപ്പോയെങ്കിലും നിശ്ചലമായി നിൽക്കുന്നു. ഇടയൻ അവയെ അടിക്കുവാൻ കൈയുയർത്തിയത് അതേപടി ഉയർന്നു നിൽക്കുന്നു. ഒരു നദിയിലേക്കു ഞാൻ നോക്കി, ആട്ടിൻ കുഞ്ഞുങ്ങൾ വായ് വെള്ളത്തിൽ വച്ചിട്ടുണ്ടെങ്കിലും അവ കുടിക്കുന്നില്ല.

അപ്പോൾ മലയിൽനിന്ന് ഇറങ്ങി വരുന്ന സ്ത്രീയെ ഞാൻ കണ്ടു. അവൾ എന്നോട് ഹേ മനുഷ്യാ, എവിടെപ്പോകുന്നു? എന്നു ചോദിച്ചു. ഞാനൊരു എബ്രായ സൂതികർമ്മിണിയെ തേടിപ്പോകയാണെന്നു ഞാൻ പറഞ്ഞു. അവൾ എന്നോട് പ്രസവം അടുത്ത സ്ത്രീ എവിടെയാണെന്നു ചോദിച്ചു. ആ ഗുഹയിൽ എനിക്ക് വിവാഹം നിശ്ചയിക്കപ്പെട്ടവളാണ് എന്നു ഞാൻ പറഞ്ഞു. സൂതികർമ്മിണി എന്നോട്, അവൾ താങ്കളുടെ ഭാര്യയല്ലേ? എന്നു ചോദിച്ചു. യൗസേഫ് പ്രതിവചിച്ചു, ദൈവാലയത്തിൽ മഹാവിശുദ്ധസ്ഥലത്ത് അഭ്യസിപ്പിക്കപ്പെട്ട മറിയാം ആണവൾ. അവൾ എന്റെ ചുമതലയിൽ ആണ്. എന്റെ ഭാര്യയല്ല. അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു പറഞ്ഞു. അതു സത്യമോ? എന്നു സുതികർമ്മിണി ചോദിച്ചു. വന്നു കാണുക എന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ ആ സൂതികർമ്മിണി അദ്ദേഹത്തോടുകൂടെ പോയി. ഗുഹയിൽനിന്നു.

അപ്പോൾ ഒരു ജലമേഘം ഗുഹയ്ക്കുപരി നിന്നു. അപ്പോൾ സൂതി കർമ്മിണി പറഞ്ഞു: ഇന്ന് എന്റെ ആത്മാവ് മഹിമപ്പെട്ടിരിക്കുന്നു. എന്റെ കണ്ണുകൾ അത്ഭുതകാര്യങ്ങൾ കണ്ടിരിക്കുന്നു. ഇസ്രയേ ലിനു രക്ഷ സമാഗതമായിരിക്കുന്നു. പെട്ടെന്ന് ആ പ്രകാശമേഘം ഗുഹയ്ക്കുള്ളിൽ ഒരു വലിയ പ്രകാശമായി കണ്ടവരുടെ കണ്ണുകൾ അഞ്ചിപ്പോയി. എന്നാൽ കുഞ്ഞ് ജാതമാകുംവരെ പ്രകാശം ക്രമേണ കുറഞ്ഞുവന്നു. കുഞ്ഞ് തന്റെ അമ്മ മറിയാമിന്റെ മുല കുടിച്ചു. അപ്പോൾ സൂതികർമ്മിണി ഉച്ചത്തിൽ പറഞ്ഞു. 'ഈ ദിവസം എത്ര മനോഹരം! എന്റെ കണ്ണുകൾ ഈ ആസാധാരണ കാഴ്ച കണ്ടു വല്ലോ.' സൂതികർമ്മിണി പുറത്തേക്കുപോയി. ശാലോമി അവളെ കണ്ടുമുട്ടി. സൂതികർമ്മിണി അവളോട്-ശാലോമീ, ശാലോമീ ഞാൻ കണ്ട ഒരത്ഭുതകാര്യം നിന്നോടു പറയാം. പ്രകൃതിക്കതീതമായി, ഒരു കന്യക പ്രസവിച്ചിരിക്കുന്നു. ശലോമി മറുപടിയായി: ജീവനുള്ള ദൈവത്താണെ പ്രത്യേകമായ തെളിവുകണ്ടല്ലാതെ ഒരു കന്യക പ്രസവിച്ചു എന്ന കാര്യം ഞാൻ വിശ്വസിക്കുകയില്ല എന്നു പറഞ്ഞു. ശലോമി അകത്തുകടന്നു. സൂതികർമ്മിണി പറഞ്ഞു: 'മറിയാമേ, നിന്നെത്തന്നെ കാണിച്ചുകൊടുക്കുക. നിന്നെ സംബന്ധിച്ച് ഒരു വാദപ്രതിവാദമുണ്ടായിരിക്കുകയാണ്.' ശലോമിക്കും തൃപ്തിയായി. എന്നാൽ അവളുടെ കൈ വരണ്ടുപോയി! അവൾ അതിവേദന യോടെ കരഞ്ഞുപോയി. എന്റെ പാപംനിമിത്തം എനിക്കു അയ്യോ കഷ്ടം. ജീവനുള്ള ദൈവത്തെ ഞാൻ പരീക്ഷിച്ചു. എന്റെ കൈ അറ്റുപോകാൻ തുടങ്ങുന്നു! ഇസ്രയേൽ മക്കളുടെ ഇടയിൽ എന്നെ ഒരു ആക്ഷേപവസ്തുവാക്കരുതേ! എന്റെ പിതൃജനങ്ങളിലേക്ക് എന്നെ സൗഖ്യമായയക്കണമെ, കർത്താവേ, അങ്ങേക്കറിയാമല്ലോ. അങ്ങയുടെ നാമത്തിൽ ഞാൻ ദാനധർമ്മങ്ങൾ നൽകി എന്നും അങ്ങയിൽനിന്നും എനിക്കു പ്രതിഫലം കിട്ടിയെന്നും! അപ്പോൾ കർത്താവിന്റെ ഒരു മാലാഖ ശലോമിയുടെ അടുത്തുനിന്ന് അവ ളോടു പറഞ്ഞു. 'ദൈവമായ കർത്താവ് നിന്റെ പ്രാർത്ഥന കേട്ടിരി ക്കുന്നു. നിന്റെ കൈ കുഞ്ഞിന്റെ നേരെ നീട്ടി അവനെ എടുക്കുക. അപ്പോൾ നീ സുഖപ്പെടും.' അത്യധിക ആഹ്ലാദത്തോടെ കുഞ്ഞിനെ സമീപിച്ച് പറഞ്ഞു: 'ഞാൻ ഇവനെ സ്പർശിക്കും' എന്ന്. അവർ അവനെ വന്ദിച്ചു. ഇത് യസ്രയേലിൽ ജാതനായിരിക്കുന്ന മഹാ രാജാവാണ് എന്നു പറഞ്ഞു.

തൽക്ഷണം അവൾ സുഖം പ്രാപിച്ചു. ദൈവത്താൽ അംഗീകൃ തയായി സൂതികർമ്മിണി ഗുഹയിൽനിന്നും പോയി. കണ്ടാലും! ശലോമി ഒരു ശബ്ദം കേട്ടു. നീ ദർശിച്ച ഈ അസാധാരണ കാര്യ ങ്ങൾ ഈ കുഞ്ഞു യറുശലേമിൽ വരുന്നതുവരെ പ്രസിദ്ധമാക്കരുത്.

ദൈവത്താൽ സ്ഥിരീകരിക്കപ്പെട്ട ഈ സംഭവങ്ങൾക്കുശേഷം ശലോമി തിരികെപ്പോയി. കിഴക്കുനിന്നുവന്ന വിദ്വാന്മാരുടെ വർണ്ണനയെത്തുടർന്ന് ബേത്‌ലഹേമിൽ ഉണ്ടായ സംഭവവികാസങ്ങൾ നിമിത്തം, സ്ഥലം വിടുവാൻ യൗസേഫ് ഒരുക്കങ്ങൾ ചെയ്തു. ആ വിദ്വാന്മാർ ചോദിച്ചു; ജാതനായ യഹൂദന്മാരുടെ രാജാവ് എവിടെ? അദ്ദേഹത്തിന്റെ നക്ഷത്രം കിഴക്കു കണ്ടു. അദ്ദേഹത്തെ വന്ദിക്കാനാണ് ഞങ്ങൾ വന്നത് എന്നു പറഞ്ഞു. ഹെരോദേസ് ഇതുകേട്ട് അത്യധികം പരിഭ്രമിച്ചു. വിദ്വാന്മാരുടെ അടുക്കലേക്ക് ദൂതന്മാരെ അയച്ചു. പുരോഹിതന്മാരെ നഗരാലയത്തിൽ വിളിച്ചുവരുത്തി. ക്രിസ്തുവാകുന്ന രാജാവിനെക്കുറിച്ച് എവിടെയാണ് എഴുതിയിരിക്കുന്നത്? അദ്ദേഹം എവിടെയാണ് ജാതനാകുന്നത്? എന്നു ചോദിച്ചു. അപ്പോൾ അവർ അയാളോട്, 'യഹൂദയിലെ ബേത്‌ലഹേമിൽ' എന്ന് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: യഹൂദയിലെ ബേത്‌ലഹേമേ, യഹൂദ്യപ്രഭുക്കന്മാരിൽ നീ ഒട്ടും കുറഞ്ഞവളല്ല, എന്തെന്നാൽ എന്റെ ജനമായ ഇസ്രയേലിനെ ഭരിക്കുവാനുള്ള രാജാവ് നിന്നിൽനിന്നും വരും. മഹാപുരോഹിതന്മാരെ പറഞ്ഞയച്ചശേഷം നഗരാലയത്തിൽവച്ച് അയാൾ വിദ്വാന്മാരോട് ജാതനായ രാജാവിനെക്കുറിച്ച് എന്ത് അടയാളമാണ് നിങ്ങൾ കണ്ടത്? എന്നു ചോദിച്ചു. അവർ പറഞ്ഞു. മറ്റ് നക്ഷത്രങ്ങളുടെ മദ്ധ്യത്തിൽ ഏറ്റം അസാധാരണമായ ഒരു വലിയ നക്ഷത്രം മറ്റു നക്ഷത്രങ്ങളെ അപ്രത്യക്ഷമാക്കത്തക്ക ഒരു വലിയ നക്ഷത്രം ഞങ്ങൾ കണ്ടു. അങ്ങനെ ഇസ്രയേലിൽ ഒരു വലിയ രാജാവ് ജാതനായിരിക്കുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കി. അദ്ദേഹത്തെ ആരാധിക്കുവാനാണ് ഞങ്ങൾ ആഗതരായിരിക്കുന്നത്. അപ്പോൾ ഹെരോദേസ് അവരോട്, നിങ്ങൾപോയി വിശദമായി അന്വേഷിക്കണം. ശിശുവിനെ കണ്ടുമുട്ടുന്നുവെങ്കിൽ എന്നെ അറിയിക്കണം, എനിക്കും പോയി ആരാധിക്കണം എന്നു പറഞ്ഞു.

അങ്ങനെ വിദ്വാന്മാർ യാത്ര തുടർന്നു. അത്ഭുതം, അവർ കിഴക്കു കണ്ട ആ നക്ഷത്രം ശിശു തന്റെ മാതാവിനോടുകൂടെ ഇരുന്നിരുന്ന സ്ഥലത്ത് എത്തുന്നതുവരെ അവർക്കു മുമ്പായി പോയിക്കൊണ്ടിരുന്നു. പിന്നീട് അവർ അവരുടെ നിക്ഷേപങ്ങളായ പൊന്നും മൂറും കുന്തുരുക്കവും അവനു കാഴ്ച സമർപ്പിച്ചു. യഹൂദ്യായിലെ ഹെരോദോസിന്റെയടുത്ത് എത്തരുതെന്ന് സ്വപ്നത്തിൽ ഒരു മാലാഖയാൽ മുന്നറിയിക്കപ്പെട്ടിരുന്നതിനാൽ, മറ്റൊരു വഴിയായി അവരുടെ സ്വദേശത്തേക്കുപോയി. അപ്പോൾ ഹെരോദോസ് താൻ വിദ്വാന്മാരാൽ ആക്ഷേപിക്കപ്പെട്ടവനായി കാണുകയാൽ അത്യധികം കോപാവിഷ്ടനായി ബേത്‌ലഹേമിൽ രണ്ടു വയസ്സിനു താഴെയുള്ള എല്ലാ

കുഞ്ഞുങ്ങളെയും കൊല ചെയ്യാൻ തന്റെ സേവകരോടു കൽപിച്ചു. കുഞ്ഞുങ്ങളെ കൊല്ലുന്ന വാർത്ത മറിയാം കേട്ടപ്പോൾ തന്റെ കുഞ്ഞിനെയെടുത്ത് തുണിയിൽ പൊതിഞ്ഞ് അവനെ ഒരു കാലി ത്തൊഴുത്തിൽ പുൽക്കൂട്ടിൽ കിടത്തി. വഴിയമ്പലത്തിൽ സ്ഥലമില്ലാ യിരുന്നു.

എലിസബെത്തും തന്റെ മകൻ യോഹന്നാനെയും അന്വേഷി ക്കുന്നു എന്നു കേട്ടപ്പോൾ അവനെയും എടുത്ത് മലകയറി. അവനെ ഒളിപ്പിക്കുവാൻ സ്ഥലം നോക്കി. ഒരു രഹസ്യസങ്കേതവും കണ്ടില്ല. അവൾ മനമുരുകി പറഞ്ഞു. കർത്താവിന്റെ ഗിരിയേ! കുഞ്ഞി നോടുകൂടെ ഇവളെയും സ്വീകരിച്ചാലും. എന്തെന്നാൽ എലിസബെ ത്തിനു തുടർന്നു മല കയറുവാൻ കഴിഞ്ഞില്ല. ഉടനെ മലയിൽ ഒരു വിള്ളലുണ്ടായി അവരെ സ്വീകരിച്ചു. അവരെ കാത്തു രക്ഷിക്കുവാൻ ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു. ഹെരോദേസ് യോഹന്നാനെപ്പറ്റിയും അന്വേഷണം നടത്തി. ഭൃത്യരെ സഖര്യാവിന്റെ അടുത്തേക്കയച്ചു. അപ്പോൾ അദ്ദേഹം യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുകയായി രുന്നു. നിന്റെ മകനെ നീ എവിടെയാണ് ഒളിപ്പിച്ചിരിക്കുന്നത് എന്നു സേവകൻ ചോദിച്ചു. ഞാൻ ദൈവത്തിന്റെ ഒരു ശുശ്രൂഷകൻ, യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നവൻ, എന്റെ മകൻ എവിടെ എന്നു ഞാൻ എങ്ങനെയറിയും? എന്നു പറഞ്ഞു. സേവകർ തിരികെച്ചെന്നു വിവരമെല്ലാം അറിയിച്ചു. ഇതിങ്കൽ കോപാവിഷ്ടനായ ഹെരോദേസ് ഈ മകനല്ലേ ഇസ്രയേലിന്റെ രാജാവാകാനിരിക്കുന്നവൻ? അയാൾ വീണ്ടും സേവകരെ സഖറിയാ യുടെ അടുത്തയച്ചു പറയിച്ചു: എന്നോടു സത്യം പറയണം. നിന്റെ മകൻ എവിടെ? നിന്റെ ജീവൻ എന്റെ കൈയിലാണെന്ന് അറിഞ്ഞു കൊള്ളുക. സേവകർ വീണ്ടും ചെന്ന് ഇതെല്ലാം അറിയിച്ചു. അപ്പോൾ സഖറിയാ ഉത്തരമായി ഞാൻ ദൈവത്തിന് ഒരു രക്തസാക്ഷി. അയാൾ എന്റെ രക്തം ചിന്തുകയാണെങ്കിൽ ദൈവം എന്റെ ആത്മാ വിനെ സ്വീകരിച്ചുകൊള്ളും. അതിനും പുറമെ നിങ്ങൾ ചിന്തുന്നത് കുറ്റമില്ലാത്ത രക്തം ആണെന്നും അറിഞ്ഞുകൊൾവിൻ. ഏതായാലും ആലയകവാടത്തിനും യാഗപീഠത്തിനും മദ്ധ്യേവച്ചു സഖറിയാ വധിക്കപ്പെട്ടു. എന്നാൽ അദ്ദേഹം കൊല്ലപ്പെട്ടത് എപ്പോഴെന്ന് ഇസ്ര യേൽ മക്കൾ അറിഞ്ഞില്ല. വചനാർപ്പണസമയത്ത് പുരോഹിതന്മാർ ദൈവാലയത്തിലേക്കുവന്നു. പ്രമാണാനുസരണം സഖറിയാ അവ രെക്കണ്ട് അനുഗ്രഹിച്ചില്ല. അദ്ദേഹം വന്ന് അവരെ അനുഗ്രഹിക്കുവാൻ പിന്നെയും കാത്തുനിന്നു. ഏറെ നേരമായിട്ടും അദ്ദേഹം വരുന്നി ല്ലെന്നു കണ്ടിട്ട് യാഗപീഠം സ്ഥിതിചെയ്തിരുന്ന മഹാവിശുദ്ധ

സ്ഥലത്തേക്കു കടക്കുവാൻ ധൈര്യപ്പെട്ടു. അവിടെ അവർ കണ്ടത് നിലത്തു രക്തം മറഞ്ഞുകിടക്കുന്നതാണ്. അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദമുണ്ടായി, സഖറിയാ വധിക്കപ്പെട്ടിരിക്കുന്നു. അവന്റെ രക്തത്തിനു പ്രതികാരം ചെയ്യുന്നവൻ വരുന്നതുവരെ, അവന്റെ രക്തം തൂത്തുമാറ്റപ്പെടുകയില്ല. അയാളിതുകേട്ടു ഭയപ്പെട്ടു. പുറത്തുവന്നു താൻ കണ്ടതും കേട്ടതുമെല്ലാം അറിയിച്ചു. അവരെ ല്ലാവരും അകത്തുകടന്ന് സംഗതികൾ അറിഞ്ഞു. അപ്പോൾ ദൈവാ ലയത്തിന്റെ മേൽക്കൂര ഒരു ശബ്ദത്തോടെ മുകൾ മുതൽ അടിവരെ വിണ്ടുകീറി. സഖറിയാവിന്റെ ജഡം കാണാൻ അവർക്കു സാധിച്ചില്ല. എന്നാൽ രക്തം കല്ലുപോലെ കട്ടിയായി കിടക്കുന്നത് അവർ കണ്ടു. അവർ പോയി സഖറിയാ കൊല്ലപ്പെട്ടു എന്നു പറഞ്ഞു. ഇസ്രയേ ലിന്റെ സർവ്വഗോത്രങ്ങളെയും അറിയിച്ചു. അദ്ദേഹത്തെ ഓർത്തു കരഞ്ഞു. മൂന്നു ദിവസത്തെ വിലാപം നടത്തി.

പിന്നീട് അദ്ദേഹത്തിന്റെ പിൻഗാമിയുടെ കാര്യത്തിനായി ആലോ ചനായോഗം കൂടി. ശീമോനും മറ്റു പുരോഹിതന്മാരും ചീട്ടിട്ടു. ചീട്ട് ശീമോനു വീണു. എന്തെന്നാൽ-മശീഹാ ജഡത്തിൽ വരുന്നതു കാണുന്നതുവരെ അദ്ദേഹം മരിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് അദ്ദേഹത്തോട് ഉറപ്പായി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. യാക്കോബ് ആകുന്ന ഞാൻ ഈ ചരിത്രം യരുശലേമിൽ വച്ച് എഴുതി കലഹ ങ്ങൾ ഉണ്ടായപ്പോൾ ഞാൻ വിജനപ്രദേശത്തുപോയി. ഹെരോദേ സിന്റെ മരണംവരെയും കലാപങ്ങൾ അവസാനിച്ചു. ആത്മികരും ദൈവത്തെ സ്നേഹിക്കുന്നവരുമായി നിങ്ങൾക്കായി ഇതെഴുതു വാൻ വിജ്ഞാനം നൽകിയ ദൈവത്തെ ഞാൻ മഹത്വപ്പെടുത്തുന്നു. തനിക്കു മഹത്വവും പ്രതാപവും എന്നേക്കും ഉണ്ടായിരിക്കട്ടെ.

* * *

വി.കന്യകയെ ദൈവമാതാവ് എന്നു സംബോധന ചെയ്യുന്നതു ശരിയല്ല എന്ന നേസ്തോറിന്റെ അഭിപ്രായത്തെ വി. സഭ നിഷ്കാ സനം ചെയ്തെങ്കിലും ആധുനികകാലത്തും ഈ ചിന്താഗതിക്കാർ -വ്യക്തികളും(സഭ) സമൂഹങ്ങളുമുണ്ട്. എന്നാൽ, വേദവാക്യം കൊണ്ടു തദനുസരണം ഇന്നും കാണുന്നവയുടെ അടിസ്ഥാന ത്തിൽ സൂചിപ്പിക്കുന്നു. വി.ഗബ്രിയേൽ മാലാഖ "മഹോന്നതന്റെ (ദൈവത്തിന്റെ) പുത്രൻ" എന്ന് അവൻ വിളിക്കപ്പെടും. കന്യകമറി യാമിനെ മാലാഖ ഗ്രഹിപ്പിക്കുന്നു: അതു വി. റൂഹാമൂലമാണെന്ന് മറിയാമിനുള്ള മാലാഖയുടെ വിശേഷങ്ങൾ: "കൃപനിറഞ്ഞവൾ" (ലഭിച്ചവൾ അല്ല) കൃപ "grace" നിറഞ്ഞയാൾ സാധാരണവ്യക്തിയല്ല.

(2) വി. മാതാവിന്റെ അമ്മയുടെ ഒരു സഹോദരിയായിരുന്ന എലിസബേത്ത് "പരിശുദ്ധാത്മാവ് നിറഞ്ഞവളായി" സംബോധന ചെയ്യുന്നത് എന്റെ ദൈവത്തിന്റെ അമ്മ "MY LORD'S Mother" എന്നാണ്. ഇംഗ്ലീഷ് ബൈബിളുകളിൽ "ദൈവ"(LORD)ത്തിനു എന്നു മാത്രമാണ്. യഹോവ അല്ല. (3) ആരംഭത്തിൽ കാണിച്ച ജനസംഖ്യാ പട്ടികയിൽ ആകെയുള്ള ക്രൈസ്തവർ അവരിൽ ഭൂരിഭാഗവും. വി. മറിയാമിനെ ദൈവമാതാവ് എന്നു സംബോധന ചെയ്യുന്നവരും വി. മാതാവിനോടു പ്രാർത്ഥിക്കുന്നവരുമാണ്.

'കന്യക പ്രസവിച്ചു' എന്നു പറയുന്നത് മിഥ്യയല്ലേ എന്നാണു മറ്റു ചിലരുടെ (മുൻ കാണിച്ച ആദ്യകാല വേദവിപരീതികൾ ഉൾപ്പെടെ) സംശയം. സാധാരണഗതിയിൽ അസംഭവ്യം-എന്നാൽ "ദൈവത്തിനു സർവ്വവും സാദ്ധ്യമത്രേ" എന്ന ഗബ്രിയേലിന്റെ വാക്കുകളും വി. ഗ്രന്ഥവും വിശ്വസിക്കുന്നവർക്ക് ഇതിൽ അത്ഭുതമൊ, അവിശ്വാസമൊ വരാവുന്നതല്ല. വി. പിതാക്കന്മാർ ചോദിക്കുന്നു.

1. വൃക്ഷത്തിന് എങ്ങനെ കുഞ്ഞാടിനെ ജനിപ്പിക്കാം.
2. കരിമ്പാറയ്ക്ക് എങ്ങനെ വെള്ളത്തെ ജനിപ്പിക്കാം.
3. മത്സ്യത്തിന് എങ്ങനെ എസ്തീറായെ (നാണയത്തെ) ജനിപ്പിക്കാം.
4. മുൾമരമെരിയാതെ എങ്ങനെ എരിതീ ഉണ്ടാകും?

ഒരു ഭക്തകവിയായ പിതാവ് ചോദിക്കുന്നു. ദാവീദുപുത്രീ! അങ്ങയെ ഞാനെങ്ങനെ സംബോധന ചെയ്യണം. "കന്യക" എന്നു പറഞ്ഞാൽ - മകൻ നിന്നിൽനിന്നു പാൽ നുണയുന്നു. "അമ്മ" എന്നു പറഞ്ഞാൽ നീ പിന്നെയും "കന്യക"യാണല്ലോ. അതിനാൽ താത്വികർ ലജ്ജിക്കത്തക്കവണ്ണം നിന്നെ ഞാൻ "ദൈവമാതാവ്" എന്നു സംബോധന ചെയ്തുകൊള്ളട്ടെ. വി. മാതാവിനെ വി. സഭയിലെ ഭക്തപിതാക്കന്മാർ 'കറയില്ലാത്ത കന്യക', 'സ്വർഗ്ഗത്തിലേക്കു കരേറ്റുന്ന ഗോവണി', 'പിതാവായ ദൈവത്തിന്റെ ഇഷ്ടപുത്രി', 'ദൈവപുത്രന്റെ മാതാവ്', 'പ. റൂഹായുടെ മണവാട്ടി', 'ദൈവപുത്രന്റെ ആലയം', 'സ്വർഗ്ഗീയ രാജാവിന്റെ അമ്മ.'

മുൾമരമെരിയാതെരിതീതൻ നടുവിൽ കണ്ടതുപോൽ-
ചിന്മയനാമറിയാമിൽ വസിച്ചു ശരീരം പൂണ്ടു
അതിനാൽ ഭംഗവുമാകന്യാ വ്രതമുദ്രയ്ക്കുണ്ടായില്ല.

മന്നാ സൂക്ഷിച്ചിരുന്ന നിയമപെട്ടകംപോലെ, സ്വർഗ്ഗീയ അപ്പത്തെ തന്നിൽ സൂക്ഷിച്ചിരുന്നവൾ. ക്രൂശാരോഹണ സമയത്തും നമ്മുടെ കർത്താവ് "അമ്മ"യെ മറന്നില്ല. "ഇതാ നിന്റെ അമ്മ" എന്നു

യോഹന്നാനോട് കല്പിച്ചത്, യോഹന്നാനെപ്പോലെ കർത്താവിനെ സ്നേഹിക്കുന്ന എല്ലാവരുടെയും "അമ്മ" എന്ന വിധത്തിലാണെന്നു വ്യാഖ്യാതാക്കൾ പറയുന്നു. ശ്ലീഹന്മാർ കർത്താവിന്റെ മരണശേഷം പ. മാതാവിനോടൊത്ത് വസിച്ചിരുന്നത്. വി. മാതാവിന്റെ മരണം വരെയും വി.യോഹന്നാൻ വി. മാതാവിനെ സംരക്ഷിച്ചിരുന്നു. വി. മാതാവിന്റെ സ്മരണയെ ശ്ലൈഹികകാലം മുതൽ ആണ്ടിൽ മൂന്നു പ്രാവശ്യം ആഘോഷിച്ചുവന്നിരുന്നു. ജനുവരി 15, ആഗസ്റ്റ് 15, ഡിസം. 26 (പുകഴ്ചപെരുന്നാൾ (വാങ്ങിപ്പ്) അതിനുപറമെ വി. മാതാവിന്റെ ജനനപ്പെരുനാളും ആഘോഷിച്ചുവരുന്നു. ജനനപ്പെരുനാൾ ആഘോഷിക്കപ്പെടുന്നത് മറ്റൊന്ന്, വി. യോഹന്നാൻ സ്നാപകന്റെതുമാത്രമാണ്. അതായത്, "നിന്നെ പ്രസവിച്ചവളായ മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും"!

വി. മാതാവിന്റെ സ്വർഗ്ഗാരോപണം*(വാങ്ങിപ്പ്)

വി. സഭ ആഗസ്റ്റ് 15 പെരുനാളായി ആഘോഷിക്കുന്നു. വി. മാതാവ് അന്ത്യസമയത്ത് വിവിധ സ്ഥലങ്ങളിലായിരുന്ന ശ്ലീഹന്മാരെ ആത്മാവ് യരുശലേമിൽ എത്തിച്ചുവെന്നും അവർ വി.മാതാവിനെ സീയോനിൽ ഇന്ന് കാണുന്ന കബറിൽ സംസ്കരിച്ചുവെന്നും മോർ തോമാശ്ലീഹായെ ആത്മാവ് കൊണ്ടുവരുന്നവഴിക്ക് മാലാഖമാർ വി. മാതാവിനെ സംവഹിച്ചു കൊണ്ടുപോകുന്നതുകണ്ട് അമ്മേ, എനിക്കൊന്നുമില്ലേ? എന്നു കരഞ്ഞു ചോദിച്ചുവെന്നും വി. മാതാവിന്റെ "സൂനോറൊ" ഇടക്കെട്ടു താഴോട്ട് ഇട്ടുവെന്നും അതുമായി ശ്ലീഹാ മറ്റു ശ്ലീഹന്മാരെ കണ്ടുവെന്നും-എല്ലാവരും ചെന്നുനോക്കിയപ്പോൾ കബറിൽ ശരീരം ഇല്ലായിരുന്നുവെന്നുമാണ് ഇതുസംബന്ധമായ വിവരണം. ചിലർ ഇതൊരു കെട്ടുകഥ (Legend) ആയി വിചാരിക്കുന്നു. ദൈവിക വിവരണങ്ങൾ വിശ്വസിക്കുന്നവർക്കുള്ള വിശ്വസനീയമായ വസ്തുതയാണ്. പീലിപ്പോസിനെ ആത്മാവ് എടുത്തുകൊണ്ടുപോയി. ശ്ലീഹന്മാരെയും എടുത്തുകൊണ്ടുപോകാവുന്നതല്ലേ? ഏലിശായെ ഉയരത്തിലേറ്റി രഥത്തിൽ കൊണ്ടുപോകാമെങ്കിൽ വി. ദൈവമാതാവിനെയും കൊണ്ടുപോകാവുന്നതല്ലേ? ഏലിശായ്ക്കു പുതപ്പ്(മേലങ്കി) താഴോട്ട് ഇടാമെങ്കിൽ ദൈവമാതാവിനും സാദ്ധ്യമല്ലേ? അതു ഏലിശായുടെ കൈകളിൽ വീഴാമെങ്കിൽ

* ആരോഹണം സ്വയം ചെയ്യുന്നതാണ്. ദൈവപുത്രൻ പറുദീസായിലേക്ക് (സ്വർഗം-ദൈവസാന്നിധ്യത്തിലേക്ക്) കരേറ്റുന്നത് ആരോപണമാണ്. മറ്റൊരാൾ എടുത്തുവയ്ക്കുന്നതാണ്, 'വാങ്ങിപ്പ്', അതായത് സുറിയാനിഭാഷയിൽ 'ശൂനോയൊ.'

ഇടക്കെട്ട് വി. തോമായുടെ കൈയിൽ വീഴാവുന്നതല്ലേ? അതുപോലെ തിരുവെഴുത്തു പരിശോധിക്കാതെ തെറ്റായ അനുമാനങ്ങൾ എടുക്കരുത്. വി. കന്യകമറിയാമിൽനിന്നു ശരീരമെടുത്തു എന്ന് *ഗാശാം* എന്നാണു സുറിയാനി അർത്ഥം. take a body സാധാരണ ജനിച്ചു എന്നതിന് ഏസിലേദ് എന്നാണ്. നമ്മുടെ കർത്താവിന്റെ ജനനത്തിന് ജഡധാരണം എന്നു പറയുന്നു. Becoming flesh (Latin-" carnis" (of flesh) നമ്മുടെ കർത്താവ് പരിശുദ്ധാത്മാവിൽനിന്നും ദൈവമാതാവായ "വി. കന്യകമറിയാമിൽനിന്നും ശരീരമെടുത്തു" എന്നു പറയുമ്പോൾ ഒരു കാര്യം സ്പഷ്ടം. അതായത് ആ ശരീരവും വി. കന്യക മറിയാമിന്റെ ശരീരവുമായുള്ള അവിഛേദ്യബന്ധം! ആ ശരീരവുമായിട്ടാണ് നമ്മുടെ കർത്താവിന്റ സർവ്വ പ്രവർത്തനവും ക്രൂശാരോഹണവും എല്ലാം. ഈ ദൈവമാതാവിനെ വിശുദ്ധന്മാർ സംബോധനചെയ്യുന്ന വാക്കുകൾ (The Golden key to Divine Worship) എന്ന അപ്രേം പ്രഥമൻ പാത്രീയർക്കീസ്ബാവായുടെ ഗ്രന്ഥത്തിലെ ലുത്തിനിയായിൽനിന്നും. Mother of God-എല്ലാ രഹസ്യങ്ങളുടെയും ആലയം മഹിമയേറിയതുമാണ്. പ്രശോഭിത ചന്ദ്രൻ ദിവ്യപ്രകാശത്തിന്റെ വിളക്ക്, പൗരോഹിത്യം അതിൽനിന്നു പുറപ്പെട്ട നീരുറവ, മേലുള്ള പറുദീസായുടെ പടിവാതിൽ തുറന്നു തന്നവൾ, വിശുദ്ധരിൽ പ്രഥമയായവൾ, എല്ലായിടത്തും ക്രിസ്ത്യാനികളുടെ പ്രശംസയും എല്ലാ വിശ്വാസികളുടെയും കിരീടവും: സമാധാന തുറമുഖം, ദൈവിക വചനമായവൻ അവളിൽനിന്നും "ജന്മം എടുത്ത" മഹാധന്യ ദർശിച്ച മുൾപ്പടർപ്പ്-മനുഷ്യരിൽ ഏറ്റം മഹോന്നത എന്നു പ്രവാചകന്മാർ പ്രവചിച്ചവൾ, നിയമപെട്ടകം, മന്നാ സൂക്ഷിച്ച ചെപ്പ്, അഹറോന്റെ തളിർത്ത വടി, ദൈവത്തിന്റെ തിരുനിവാസം, മഹോന്നതന്റെ സിംഹാസനം, ലോകസ്രഷ്ടാവിനെ ഉദരത്തിൽ വഹിച്ചവൾ, മനുഷ്യവർഗ്ഗരക്ഷകനു മുലപ്പാൽ കൊടുത്തവൾ, യാതൊരു നാവിനും വിവരിക്കുവാൻ സാദ്ധ്യമല്ലാത്തവൾ, അനുഗ്രഹത്തിന്റെ മാതാവ്, വിശുദ്ധിയുടെ നീരുറവ, സ്വർഗ്ഗീയ കൂടാരം, എല്ലാ നന്മകളുടെയും ഉദ്യാനം, ലോകങ്ങളുടെ ഉടയവന്റെ സിംഹാസനം. എല്ലാം വിശുദ്ധരിലും അനുഗ്രഹീത ലോകം മുഴുവനിലും തന്റെ വാഴ്ത്തപ്പെട്ട പുത്രൻ മഹിമപ്പെടുത്തിയ അമ്മ, മാനുഷികമായി വിശുദ്ധികൊണ്ടു നിന്നവൾ.

വി. പിതാക്കന്മാർ

വി. യൂസ്തീനോസ് (ക്രി. 120-166) 'ഹാവാ നിർമ്മലയായിരുന്നപ്പോൾ പിശാചിന്റെ വാക്കുകേട്ട് അനുസരണക്കേടുമൂലം പാപവും മരണവും വരുത്തി. വി. കന്യകമറിയാം സദ്വാർത്ത അറിയിച്ച

മാലാഖയിൽ വിശ്വാസം അർപ്പിച്ച് മനുഷ്യകുലരക്ഷ വരുത്തി.' തെർത്തുല്യൻ (160-210) 'ഹാവാ കന്യകയായിരിക്കെത്തന്നെ സാത്താന്റെ വാക്ക് അവളിൽ കടന്നുചെന്നു മരണത്തിനു കാരണമായിത്തീർന്നതുപോലെ, ജീവദായകമായ ദൈവവചനം, വി. കന്യകയിലേക്കും പ്രവേശിക്കേണ്ടിയിരുന്നു. എന്തെന്നാൽ, സ്ത്രീവർഗ്ഗം മൂലം വന്ന നാശം സ്ത്രീവർഗ്ഗംമൂലം തന്നെ മാറി രക്ഷ വരേണ്ടിയിരുന്നു. ഹാവാ സർപ്പത്തെ വിശ്വസിച്ചു. മറിയാം ഗബ്രിയേലിനെ വിശ്വസിച്ചു. പിശാചിന്റെ വാക്കു വിശ്വസിച്ചതിനാൽ ഹാവാ വരുത്തിക്കൂട്ടിയ പാപം ഗബ്രിയേലിന്റെ വാക്കുകേട്ടു മറിയാം വിശ്വസിച്ചതിനാൽ കഴുകപ്പെട്ടു.' വി. യുസ്തീനോസ് (ക്രി. 140-202) വി. മറിയാം ദൈവദൂതന്റെ വചനം സ്വീകരിച്ചതുമൂലം ദൈവവചനത്തോടുള്ള അനുസരണയുള്ള പുത്രനെ പ്രസവിപ്പാൻ പ്രാപ്തയായിത്തീർന്നു. 1-ാമത്തെ കന്യകമൂലം മനുഷ്യവർഗ്ഗമെല്ലാം കറപിടിച്ചുവെങ്കിൽ 2-ാമത്തെ കന്യകമൂലം മനുഷ്യവർഗ്ഗം ശുദ്ധീകരിക്കപ്പെട്ട് രക്ഷിക്കപ്പെട്ടു. ഇവളുടെ അനുസരണംമൂലം അവളുടെ അനുസരണക്കേട് നിഷ്കാസിതമായി... വി. കന്യക ദൈവത്തെ അനുസരിച്ചതുമൂലം അവളുടെയും എല്ലാ തലമുറയിലുള്ള മനുഷ്യവർഗ്ഗത്തിന്റെയും രക്ഷയ്ക്ക് കാരണക്കാരിയായി. ഹാവായുടെ അനുസരണക്കേടുമൂലമുണ്ടായ ആ ബന്ധനം വി. മറിയാമിന്റെ അനുസരണംമൂലം അഴിക്കപ്പെട്ടു...' ഓറിജൻ (185-253) "കണ്ടാലും നിന്റെ മാതാവ്" എന്ന് നമ്മുടെ കർത്താവ് പറഞ്ഞു. ആകയാൽ ആരിലെല്ലാം ക്രിസ്തു വസിക്കുന്നുവൊ അവരെല്ലാം വി. മറിയാമിന്റെ മക്കളാകുന്നു. 3-ാം നൂറ്റാണ്ടിൽ വി. ബസേലിയോസും വി. ഗ്രിഗോറിയോസും എഴുതിയിരിക്കുന്നവ പിന്നാലെ ഉദ്ധരിക്കുന്നതാണ്. യെറുശലേമിലെ വി. കൂറിലോസ് (315-386) കന്യകയായ ഹാവായിൽകൂടി സകല മനുഷ്യവർഗ്ഗത്തിന്മേലുമുള്ള മരണം വന്നതുപോലെ വി. കന്യകയിൽകൂടി ഒന്നുകൂടി തെളിച്ചു പറയുന്നപക്ഷം വി. കന്യകയിൽനിന്ന് ജീവൻ പ്രത്യക്ഷീഭവിക്കേണ്ടതും 1-ാമത്തെ കന്യകയെ സർപ്പം വഞ്ചിച്ചതിനു പകരം 2-ാമത്തെ കന്യകയ്ക്ക് ദൈവത്തിന്റെ സന്നിധിയിൽ നിന്ന് പ്രധാന ദൂതനായ ഗബ്രിയേൽ സദ്വാർത്ത കൊണ്ടുവരേണ്ടതും ന്യായമാകുന്നു. വി. എപ്പിഫാനിയോസ് (320-400) "വി. മറിയാം മനുഷ്യജാതി മുഴുവന്റെയും മാതാവാകുന്നു. ഹാവാ എല്ലാവരുടെയും മരണത്തിന്റെ കാരണക്കാരി. മറിയാമൊ ജീവന്റെ കാരണക്കാരി." വി. ജറോം (331-420) 'വി. മറിയാം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ മാതാവാകുന്നു. സ്ത്രീമൂലം മരണം അധികാരപ്പെട്ടതുപോലെ സ്ത്രീമൂലം ജീവൻ പ്രദാനം ചെയ്യപ്പെട്ടു.' വി ആഗുസ്തീനോസ് (354-430) 'വി. മറിയാമിൽകൂടി ദൈവം ഭൂമിയിലേക്ക് ഇറങ്ങി

വരുന്നതുപോലെ അവൾ വഴിയായി മനുഷ്യന് സ്വർഗ്ഗത്തിലേക്കു കരേറുവാൻ യോഗ്യതയുണ്ടാകുന്നു.'

ദൈവം മനുഷ്യനെ രക്ഷിക്കുന്ന രീതിയെക്കുറിച്ച് ഒരുവൻ വിശദമായി മനസ്സിലാക്കുമ്പോഴാണ്, മനുഷ്യരക്ഷയ്ക്കായി വി. മാതാവ് നിർവ്വഹിച്ച പങ്കിന്റെ മാഹാത്മ്യം മനസ്സിലാകുന്നത്. 'മനുഷ്യൻ തന്റെ സ്വാതന്ത്ര്യത്തെ നന്മയിൽകൂടി പെരുമാറണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അല്ലാതെ ബലപ്രയോഗത്താൽ ഒരുവനെക്കൊണ്ടു നന്മയൊ തിന്മയൊ ചെയ്യിച്ച്, രക്ഷയൊ ശിക്ഷയൊ പ്രതിഫലം നൽകുന്നില്ല. 'നമ്മുടെ രക്ഷയ്ക്ക് നമ്മുടെ പൂർണ്ണ മനസ്സോടുകൂടിയ അനുസരണത്തെ താൻ പ്രതീക്ഷിക്കുന്നു. ദൈവം വാതിൽക്കൽ മുട്ടി വിളിച്ചുകൊണ്ട് നില്ക്കുന്നു. മനുഷ്യൻ ആ ശബ്ദം ശ്രവിച്ച് വാതിൽ തുറക്കുമ്പോൾ മാത്രം താൻ അകത്തുപ്രവേശിക്കുന്നു. 'ഞാൻ വാതില്ക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽചെന്ന് അവനോടും അവൻ എന്നോടുമൊന്നിച്ച് അത്താഴം കഴിക്കും' (വെളി. 3.20). രക്ഷയുടെ മൂലസ്ഥാനമായ മനുഷ്യാവതാരം സംഭവിച്ചത് വി. മറിയാമിലേക്കുള്ള വി. റൂഹായുടെ ബലബന്ധത്തോടുകൂടിയുള്ള ഒരു പ്രവേശനം മൂലമല്ല: പ്രത്യുത ആ വചനപ്പിൽ അന്തർഭവിച്ചിരിക്കുന്ന ദൈവേഷ്ടത്തെ വി.മറിയാം കണ്ടറിഞ്ഞ് പരിപൂർണ്ണ വിശ്വസത്തോടും, കീഴ്വഴക്കത്തോടുംകൂടി 'കണ്ടാലും ഞാൻ ദൈവത്തിന്റെ ദാസി' എന്ന വിനയപൂർവ്വമുള്ള അവളുടെ സമ്മതത്തിനു ശേഷമാണ്. ആകയാൽ മനുഷ്യാവതാരവും രക്ഷയും ദൈവത്തിന്റെ ഇഷ്ടം കൊണ്ടെന്നപോലെതന്നെ വി. മാതാവിന്റെ അനുകൂലമായ കീഴ്പ്പെടൽ മൂലമാകുന്നു. മനുഷ്യകുല രക്ഷ മനുഷ്യാവതാരം ചെയ്ത പുത്രൻതമ്പുരാൻ മൂലമാണെന്നുള്ള പരമസത്യം നിലനിൽക്കുന്നിടത്തോളംകാലം ആയതിൽ വി. മാതാവിനുള്ള പങ്കും സ്പഷ്ടമായിത്തന്നെയിരിക്കും. യാക്കൂബ് സ്വപ്നത്തിൽ കണ്ട ഗോവണിയോട് വി. മാതാവിനെ സാമ്യപ്പെടുത്തി. 'സ്വർഗ്ഗത്തിലേക്കു കരേറ്റുന്ന ഗോവണി' എന്ന് വി. മാതാവിനെ വി. പിതാക്കന്മാർ സ്തുതിക്കുന്നതിൽ ഇതു തെളിയുന്നു. ഭാഗ്യവതിയായ വി. മാതാവ്. "കണ്ടാലും ഇതുമുതൽ സകലവംശങ്ങളും എനിക്കു ഭാഗ്യംതരും." എന്ന വി. മാതാവിന്റെ പ്രസ്താവന പരിശോധിക്കാം. "ഇപ്പോൾ മുതൽ" എന്ന വി. മാതാവിന്റെ പദപ്രയോഗം എത്ര അർത്ഥഗർഭമാണ്. "ഇപ്പോൾ മുതൽ ദൈവപുത്രനെ ഗർഭം ധരിച്ചതുമുതൽ എല്ലാവരും "ഭാഗ്യവതി" എന്നു തന്നെ പുകഴ്ത്തും എന്നാണ്. വി. മാതാവിന്റെ കാലം മുതൽതന്നെ പുകഴ്ത്തൽ കാണുന്നു. "നിന്നെ വഹിച്ച ഉദരത്തിനും നിന്നെ കുടിപ്പിച്ച മുലകൾക്കും ഭാഗ്യം."

അതായത്, നിന്റെ അമ്മ ഭാഗ്യവതി! എന്നു നമ്മുടെ കർത്താവിനോട് ഒരു സ്ത്രീ വിളിച്ചു പറയുന്നു.

മ്ശീഹായുടെ സ്വർഗ്ഗാരോഹണശേഷം വി.മാതാവിനെ ശ്ലീഹന്മാർ യെറുശലേമിൽ സ്ഥാപിച്ചത് എത്ര അർത്ഥവത്തായിരിക്കുന്നു! "ശ്ലീഹന്മാരുടെയും 72 അറിയിപ്പുകാരുടെയും കൈയൊപ്പുണ്ടായിരുന്നതും വി. മാതാവിന്റെ വാങ്ങിപ്പ് ഈഗുപ്തായകാലം 345-ന് യൗനായകാലം 374-ന് മ്ശീഹാക്കാലം 63-ാമാണ്ടായിന്നുവെന്നും മറ്റുമുള്ള വിവരങ്ങൾ അടങ്ങിയതും വി.യൂഹാനോൻ സൂക്ഷിച്ചിരുന്നതുമായ പുസ്തകം, വി. യൂഹാനോൻ എഫേസൂസിലേക്കു കൊണ്ടുചെന്നപ്പോൾ ആ പ്രദേശം മുഴുവനിലും മഞ്ഞു വർഷിച്ചുവെന്നും വി.മാതാവിന്റെ ഓർമ്മ ആണ്ടിൽ മൂന്നുപ്രാവശ്യം നടത്തണമെന്ന് അതിൽ എഴുതിയിരുന്നുവെന്നും മറ്റും." "ബ്കൂലോ അറങാ ദെഫേസൂസ് താലോ റെസ്മാസ്" എന്നു തുടങ്ങുന്ന ഗീതത്തിൽ കാണാം. ശ്ലീഹാന്മാർ വി.മാതാവിനെ ഭാഗ്യവതി എന്നു വിളിക്കുകയും പുകഴ്ത്തുകയും ചെയ്തിരുന്നു. 1-ാം നൂറ്റാണ്ടിൽ വി.ഇഗ്നാത്യോസ് നൂറാനോയുടെ എഴുത്തുകളിൽ വി.മാതാവിനെ ഭാഗ്യവതി എന്നു പുകഴ്ത്തി എഴുതിയിരിക്കുന്നതായി വിരോധികൾപോലും സമ്മതിക്കുന്നു. (Mariolatory P.7) രണ്ടും നാലും നൂറ്റാണ്ടുകളിലെ പിതാക്കന്മാരിൽ ചിലർ പറയുന്നത് മുൻ 1-ാം ഖണ്ഡികയിൽ നാം കണ്ടു. 3-ാം നൂറ്റാണ്ടിൽ വി.ഗ്രിഗോറിയോസ് വി.മാതാവിനെ പുകഴ്ത്തുന്നതു കാണുക... വി. മറിയാമേ! പിതാക്കന്മാരിൽ നിന്നും ദീർഘദർശിമാരിൽനിന്നും മറഞ്ഞിരുന്നത് ഭവതി അറിഞ്ഞു. കന്യകയേ! മാലാഖമാർക്കുപോലും അജ്ഞാതമായിരുന്നത് നീ പ്രാപിച്ചു. ഏറ്റം വിശുദ്ധയേ! ദൈവഭക്തന്മാർക്കുപോലും കേൾക്കാൻ സാധിക്കാത്ത വാക്കുകളല്ലോ നീ കേട്ടത്!... തന്റെ പുത്രനിൽ വിശ്വസിക്കുന്നവരെ പ്രകാശിപ്പിക്കുന്ന പ്രകാശകേന്ദ്രമേ! ഏറ്റവും അനുഗ്രഹിക്കപ്പെട്ടവളേ! ആത്മാക്കളെ ഇമ്പപ്പെടുത്തുന്നവളേ! രണ്ടാമത്തെ ആകാശമേ! വിശുദ്ധസ്ഥലമേ! ജഡത്തിലുള്ള കൊട്ടാരമേ! എന്നെല്ലാം അദ്ദേഹം സംബോധന ചെയ്തു പുകഴ്ത്തുന്നു. വി. ബസേലിയോസ് "ഇപ്പോൾമുതൽ സകലവംശങ്ങളും എനിക്കു ഭാഗ്യം തരും" എന്നു പറഞ്ഞിരിക്കുന്നത് ഒരു പ്രവചനമാണെന്നും അവൾ സർവ്വതലമുറകളാലും മഹത്വപ്പെടുമെന്നും പറയുന്നു. 4-ാം നൂറ്റാണ്ടിലെ പിതാക്കന്മാരുടെ സ്തുതിപ്പുകൾ നാം മുമ്പു കണ്ടു കഴിഞ്ഞു.

5-ാം നൂറ്റാണ്ടിൽ അലക്സാന്ത്രിയായിലെ വി.കൂറിലോസ് (444*) "ദൈവമാതാവായ മറിയാമേ! മഹത്വമുള്ളവളേ? ലോകത്തിന്റെ ശ്രീഭണ്ഡാരമേ! ഒരിക്കലുംകെടാത്ത ദീപമേ! കന്യാവ്രതത്തിന്റെ

കിരീടമേ! സത്യവിശ്വാസത്തിന്റെ സ്തംഭമേ! നശിപ്പിക്കാവതല്ലാത്ത ദൈവാലയമേ! അപരിമേയന്റെ വാസസ്ഥാനമേ! സന്തോഷിക്കുക... അമ്മേ, കന്യകയേ! നിന്നോടുകൂടെ മാലാഖമാർ സന്തോഷിക്കുന്നു. നിന്റെ കരുണയാൽ പിശാചുക്കൾ ആട്ടിപ്പായിക്കപ്പെടുന്നു... വീണുപോയ സൃഷ്ടികൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തപ്പെടുന്നു. (എഫേസോസ് സുന്നദോസിൽവച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്ന്)

ചിലർ വി.മാതാവിനെ നിർഭാഗ്യവതിയാക്കുന്നില്ലയോ? ചിന്തിക്കുക; അവരുടെ വാദങ്ങൾ: "സ്ത്രീയേ! എനിക്കും നിനക്കും തമ്മിൽ എന്ത്? (പ്രോട്ടസ്റ്റന്റ് മലയാളം) അത്സോ മോ ലീ ഉലേക്ക്" (പ്ശീത്താസുറിയാനി) "സ്ത്രീയേ! എനിക്കും നിനക്കും എന്ത്?" (യഥാർത്ഥ സുറിയാനി പരിഭാഷ) മുൻപറഞ്ഞ രീതിയിൽ നമ്മുടെ കർത്താവ് പറഞ്ഞിട്ടുണ്ടെങ്കിൽ നമ്മുടെ കർത്താവിനെപ്പോലെ നിഷിദ്ധനായ ഒരു പുത്രനും വി. മാതാവിനെപ്പോലെ നിർഭാഗ്യവതിയായ ഒരു അമ്മയോട് "നമുക്കു തമ്മിൽ എന്തു ബന്ധം" എന്നു നമ്മുടെ കർത്താവ് ചോദിക്കുമെന്നോ? എന്നാൽ ഇതേ വാചകത്തെക്കുറിച്ച് സുറിയാനി ഭാഷാ പണ്ഡിതരും പ്രോട്ടസ്റ്റന്റ് വേദശാസ്ത്ര പണ്ഡിതരുമായ മൂന്നുപേർ പറയുന്നത് ഇവിടെ ഉദ്ധരിക്കാം: 1) What is that to me and thee-i.e. never mind, don't be worried (Burkitt) എനിക്കും നിനക്കും അതിലെന്ത്-അതായത്-സാരമില്ല-ഇതിൽ വിഷമിക്കേണ്ട എന്നു ചുരുക്കം, (ബർകിറ്റ് വ്യാഖ്യാനം) 2) What is a little thing like that to you and me (Souter) ഇതുപോലൊരു നിസ്സാരകാര്യം: എനിക്കും നിനക്കും എന്ത്-(സൗട്ടർവ്യാഖ്യാനം) 3) മോ ലീ ഉലേക്ക്- What to me and to thee- എനിക്കും നിനക്കും എന്ത്-(സുറിയാനി വൈയാകരണനായ ജോർജ്ജ് ഫിലിപ്സ് എം.എ.) പ്രോട്ടസ്റ്റന്റുകാർ കൊടുക്കുന്ന ഈ നിർഭാഗ്യാവസ്ഥ പൂർവ്വകാല വേദവിപരീതികൾപോലും കൊടുത്തിട്ടില്ലായെന്ന് ഓർക്കണം. "സ്ത്രീയേ" എന്ന വിളിയിൽനിന്നും ധ്വനിക്കുന്നത് അനാവശ്യമായി തന്നോട് ഇടപെട്ട നീരസം കൊണ്ടാണെന്നും അവർ പറയുന്നു. എന്നാൽ ക്രൂശിൽ തൂങ്ങിക്കിടക്കുന്ന അവസരത്തിലും "സ്ത്രീയേ, ഇതാ നിന്റെ മകൻ" എന്നു പറയുന്നു. ഇതിൽനിന്നും ഒന്നുകിൽ കാനാവിൽവച്ച് അമ്മയോടുണ്ടായ നീരസം മാറിയിട്ടില്ലെന്നു വരണം. അല്ലെങ്കിൽ അത് സ്ഥലഭാഷയ്ക്കനുസരണമായ ഒരു പ്രയോഗമാണെന്നു വരും. "തന്നെ ക്രൂശിക്കുന്നവരോടുപോലും ക്ഷമിക്കണമേ എന്നപേക്ഷിക്കുന്ന നമ്മുടെ കർത്താവിന് മരണ നാഴികയിൽപോലും തന്റെ അമ്മയോട് നീരസമായിരുന്നുവെന്നോ?

മഹാപണ്ഡിതനായ (Lecturer in New Testment Language and Literature and in Hellenic Greek in the University of /Glasgow) റവ. വില്യം ബാർക്ലേ D.D. The daily study Bible ൽ പറയുന്നത് എത്രയും ശ്രദ്ധേയമാണ്. ഇംഗ്ലീഷിൽ തന്നെ പകർത്തുന്നു: The Authorised Version Translations of Jesus' reply makes it sound very discourteous. It makes him say. "Woman, what have I to do with the." That is indeed a translation of the words; but it does not in any way give the tone... It means Don't worry; you don't quite understand what is going on; leave things to me and I will settle term in my own way"... "The word woman is also misleading. It sounds to us very rough abrupt. But it is the same word as Jesus used when on the Cross He addressed Mary as He left her to the care of John... So far from being rough and discourteous way of address it was a title of respect. We have no way of speaking in English, which exactly renders it, but it is better to translate it "Lady... അവൻ അവരോട് 'എന്റെ അമ്മയും സഹോദരന്മാരും ആർ?' എന്നു പറഞ്ഞിട്ട് ചുറ്റിലും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് 'ഇതാ എന്റെ അമ്മയും സഹോദരന്മാരും. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നെ എന്റെ സഹോദരന്മാരും സഹോദരിയും അമ്മയും ആകുന്നു' എന്നു പറഞ്ഞു. (മർക്കോ. 3.32-34) എല്ലാവരേയുംപോലെ ഒരാൾ എന്ന നിലയിലപ്പുറമായി വി.മാതാവിനെ നമ്മുടെ കർത്താവ് ഗണിച്ചില്ലെന്നു കാണിപ്പാൻ, ഈ വാക്യം അവർ ഉദ്ധരിച്ചിരിക്കുന്നതും നമുക്കു പരിശോധിക്കാം. 'എന്റെ അമ്മയും സഹോദരന്മാരും ഇതാ' എന്ന് ജനക്കൂട്ടത്തെനോക്കി താൻ പറഞ്ഞുവെങ്കിൽ അവിടെ ഇരിക്കുന്നവരിൽ ദൈവത്തിന്റെ ഇഷ്ടം ചെയ്യാത്തവരുണ്ടെങ്കിൽ നമ്മുടെ കർത്താവിന്റെ ഈ വചനങ്ങൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടവയല്ല. ആരെല്ലാം അക്ഷരാർത്ഥത്തിൽ തന്റെ മാതാവും സഹോദരന്മാരും ആയിത്തീർന്നാലും തന്റെ മാതാവിന്റെ മഹിമ നഷ്ടപ്പെടുന്നില്ല. കാരണം:

a)ഏതെല്ലാം അർത്ഥത്തിൽ വ്യാഖ്യാനിച്ചാലും തന്നെ പ്രസവിച്ചവൾ തന്റെ മാതാവാണ്. b) ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്ന ആളിന് തന്റെ മാതാവിന്റെ സ്ഥാനമുണ്ടെങ്കിൽ, ആ രീതിയിൽ വി. മാതാവിനെപ്പോലെ പ്രസ്തുത സ്ഥാനത്തിനർഹതയുള്ളവർ മറ്റാരുമില്ല. എന്തെന്നാൽ മനുഷ്യകുലരക്ഷയ്ക്കായുള്ള ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിച്ചതിൽ സുപ്രധാന പങ്കുവഹിച്ചത് വി. മാതാവല്ലാതെ മറ്റാരാണ്? ഇതു പറയുമ്പോൾ പുരുഷാരത്തിൽനിന്നും ഒരു സ്ത്രീ ഉച്ചത്തിൽ അവനോട് 'നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ' എന്നു പറഞ്ഞു. അതിന് അവൻ 'അല്ല;

ദൈവത്തിന്റെ പ്രമാണം കേട്ട് പ്രമാണിക്കുന്നവരത്രേ ഭാഗ്യവാന്മാർ.' (ലൂ.27-28) ഈ ഭാഷാന്തരം തെറ്റാണ്. സുറിയാനിയിൽ 'അല്ല' എന്ന വാക്ക് കാണുന്നേയില്ല. 'അത്രേ' എന്നുള്ള വാക്കും ഇല്ല. പ്രോട്ട സ്റ്റന്റുകാർ... അച്ചടിച്ച സുവിശേഷങ്ങളിൽ സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, എന്നീ ഭാഷകളിലും 1897-ലും 1904-ലും കോട്ടയം C.M.S പ്രസ്സിൽ അച്ചടിച്ച മലയാള വേദപുസ്തകത്തിലും 'അല്ല', 'അത്രേ' എന്നീ പദങ്ങൾ ഇല്ലെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

ആകയാൽ വി. മാതാവിന്റെ ഭാഗ്യാവസ്ഥയെ തുഛീകരിപ്പാൻ വിരോധികൾ കൊണ്ടുവരുന്ന തെളിവുകളെല്ലാംതന്നെ നിരർത്ഥക ങ്ങൾതന്നെ. വിശുദ്ധയായ ദൈവമാതാവ്, തമ്പുരാനെ പെറ്റ അമ്മ വിശുദ്ധയാണെന്ന് വേദവിപരീതികൾപോലും സമ്മതിക്കുന്നു. കർത്താവിന്റെ പാത്രങ്ങൾ വഹിപ്പാൻ തക്കവണ്ണം നിങ്ങൾ ശുദ്ധിയു ള്ളവരായിരിപ്പിൻ-ഏശാ. (52:11) എന്നുപറയുന്ന സ്ഥിതിക്ക് ദൈവ പുത്രനെ വഹിച്ചവൾ എത്രമാത്രം വിശുദ്ധയാണ് 4-ാം നൂറ്റാണ്ടിൽ ചില മതഭ്രാന്തന്മാർ വിശുദ്ധമാതാവിനെ ദൈവതുല്യമായി കരുതി വേദവിപരീതത്തിൽ വീണു. ഇവർക്കെതിരെ കപ്രോസിലെ വി. എപ്പിഫാനിയോസ് ഇങ്ങനെ എഴുതി: 'അതിവിശുദ്ധയായ കന്യ കയായ മാതാവിനെ നാം സ്തുതിക്കണം. പിതാവിനെയും പുത്ര നെയും വി.റൂഹായെയും നാം ആരാധിക്കണം' വി. എപ്പിഫാനിയോസ് മഹാ വലിയ ദൈവമാതാ ഭക്തനത്രേ. 4-ാം നൂറ്റാണ്ടിലുണ്ടായ വേദ വിപരീതം മുളയിൽതന്നെ അറുക്കപ്പെട്ടു. എന്നാൽ 19-ാം നൂറ്റാണ്ടിൽ ഇതു മറ്റൊരു രീതിയിൽ ആവിർഭവിച്ചു. റോമാസഭ ദൈവമാതാവ് അമലോത്ഭവയാണെന്നു വിശ്വസിക്കുന്നു. എന്നാൽ 19-ാം നൂറ്റാണ്ടി ലുണ്ടായ ഈ അമലോത്ഭവഭാവം തെറ്റാണെന്നു വി. പിതാക്കന്മാ രുടെയും റോമാസഭയിലെ ചില അധികൃതരുടെയും പ്രസ്താവന കൾ കൊണ്ടു കാണാം. 1854 ഡിസംബർ 8-ാം തീയതി വി.മാതാ വിന്റെ അമലോത്ഭവം ജന്മപാപമില്ലാതെയുള്ള ജനനം രക്ഷപ്പെട ണമെന്ന് ആഗ്രഹിക്കുന്ന ഏവരും വിശ്വസിപ്പാൻ ചുമതലയുള്ള ഒരു വിശ്വാസസിദ്ധാന്തമായി 9-ാം പീയുസ് പാപ്പാ തീർപ്പു ചെയ്തു. വി. സഭയുടെ വിശ്വാസത്തിൽനിന്നും ഇന്നുവരെ കൂട്ടിച്ചേർത്ത വിശ്വാസങ്ങളിൽ ഇതിപ്പോൾ അവസാനത്തേതാണ്.

എന്നാൽ വി.സഭയുടെ പൂർവ്വ പിതാക്കന്മാർ പറയുന്നു: വി. ഗ്രീഗോറിയോസ് തേവാലോഗോസ് 'കന്യക ഗർഭം ധരിച്ചു. അതിനു മുമ്പായി അവളുടെ ശരീരവും ആത്മാവും വി. റൂഹായാൽ ശുദ്ധീ കരിക്കപ്പെട്ടു. 'ഇസഹാക്ക് വാഗ്ദത്തപ്രകാരം ജാതനായതുപോലെ വി.മറിയാം ഭാര്യാ ഭർത്താക്കന്മാരിൽനിന്നും ജാതയായവളാണ്'. (വി. എപ്പിഫാനിയോസ്) 'ദൈവം മാത്രമാണ് പാപമില്ലത്തവൻ.

ഭാര്യാഭർത്തൃ സംസർഗ്ഗത്തിൽനിന്നും ജാതരാകുന്നവരെല്ലാം പാപത്തിനു വിധേയരാണ്' (അംബ്രോസ് 397). റോമാക്കാരുടെ അമലോത്ഭവവാദം മുഴുവൻ സ്ഥിതിചെയ്യുന്നത് 'ദൈവത്തിന്റെ പ്രത്യേക കൃപ മുഖാന്തിരം ജന്മപാപമില്ലാതെ വി. മാതാവിനെ മുൻകൂട്ടി കരുതിയിരുന്നു' എന്ന ഒറ്റ വാചകത്തിൻമേലാണ്. ദൈവത്തിന് ഇതു സാദ്ധ്യമാണ്. അതിനാൽ ദൈവം ഇപ്രകാരം ചെയ്തുവെന്നാണവരുടെ വിശ്വാസം. എന്നാൽ ദൈവത്തിനു ചെയ്വാൻ അസാദ്ധ്യമായി ഒന്നുമില്ലെന്നും എങ്കിലും താൻ ഒരിക്കലും ചെയ്യാത്ത സംഗതികൾ പലതുമുണ്ടെന്നുമാണ് ഇതിനുള്ള മറുപടി. 1. 'എല്ലാ മനുഷ്യരും പാപം ചെയ്തുപോയി.' 2. 'മനുഷ്യപുത്രിയുടെ ഉദരത്തിൽ ജനിക്കുന്നത് നിന്ദ്യമായി താൻ കരുതിയില്ല.' 3. 'വി. കന്യക മറിയാമിന്റെ ഗർഭപാത്രം വെടിപ്പാക്കി-നിർമ്മലമാക്കി-താൻ അതിൽ വസിച്ചു.' (യൽദൊക്രമം) 4. 'വി. മാതാവ് ജന്മനാ കന്മഷഹീനയായിരുന്നുവെങ്കിൽ അത് അമാനുഷവും നമ്മുടെ കർത്താവ് മാതാവിൽനിന്നും സ്വീകരിച്ച മനുഷ്യത്വം ഒരു പ്രത്യേകതരം മനുഷ്യത്വവും ആയിത്തീരും.' 5. 'ജന്മസഹജവും ജന്മശേഷവുമുള്ള പാപങ്ങളിൽനിന്ന് ഒഴിവുള്ള ഒരാളല്ല. പ്രത്യുത, രണ്ടുപേരാണ് എന്ന് വാദത്തിൽനിന്നും തെളിയുന്നു.' 6. 'മനുഷ്യനു രക്ഷ വരുത്തുവാൻ ദൈവം തിരഞ്ഞെടുത്ത ഏക മാർഗ്ഗം, തന്റെ പുത്രന്റെ മനുഷ്യാവതാരവും രക്ഷണ്യപ്രവൃത്തികളുമാണ്. അങ്ങനെയല്ലാതെയും താൻ ചെയ്യുന്നുവെന്ന വാദം മനുഷ്യാവതാരത്തെ അന്തസ്സാരവിഹാനമാക്കുന്നു.' 7. 'വി. റൂഹാ നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും.' (ലൂ. 1:35-38) ദൈവപുത്രന്റെ മാതാവാകാൻവേണ്ടി ദൈവത്തിന്റെ പ്രത്യേക കരുതൽമൂലം ജന്മപാപമില്ലാതെയാണ് വി. മാതാവ് ഉരുവായെങ്കിൽ, ഇപ്പറഞ്ഞതൊന്നും വി. റൂഹായുടെ വരവും ശക്തി നിഴലിടീലും ആവശ്യമില്ലായിരുന്നുവല്ലോ. ആകയാൽ ദൈവമാതാവ് ജന്മപാപമില്ലാതെ ഉരുവായതിനാലല്ല, പ്രത്യുത, അവൾ മനുഷ്യസാധാരണമായ രീതിയിൽ ഉരുവായി, വി. റൂഹാ അവളുടെമേൽ നിഴലിട്ട് അവളെ കന്മഷഹീനയാക്കിത്തീർത്തതിനാലാണ് അവൾ ദൈവപുത്രന്റെ മാതാവായിത്തീർന്നതെന്നു സ്പഷ്ടമാകുന്നു: 'ആകയാൽ' എന്ന പദം അമലോത്ഭവ തത്വത്തെ പാടെ ദുർബ്ബലമാക്കുന്നു. വി. മാതാവിന്റെ മനുഷ്യത്വം നമ്മുടെ കർത്താവിനെ അവൾ ധരിപ്പിച്ചതോടുകൂടിത്തന്നെ താൻ മ്ശിഹായെ ധരിക്കുകയും വിശുദ്ധീകൃതയാവുകയും ചെയ്തു. എല്ലാ മനുഷ്യരിലുംവച്ച് ജന്മപാപത്തിൽനിന്നും ഒന്നാമതായി വിശുദ്ധീകൃതയായത് വി. മാതാവാകുന്നു. പിന്നീടുള്ള എല്ലാവരും മാമോദീസായുടെ കൃപമൂലം

ജന്മപാപത്തിൽനിന്നും നിർമ്മലരായിത്തീരുന്നു. 'പുരുഷനെ അറിയാത്തവളും ദൈവഭക്തയും... ആയ നിർമ്മലകന്യക മറിയാമിൽ കൂടി മ്ശീഹാ വന്നപ്പോൾ താൻ അവളുടെ സ്ത്രീത്വത്തെ വെടിപ്പാക്കി വിശുദ്ധീകരിച്ചു' എന്ന് വി. ഗ്രീഗോറിയോസ് തേവാലോഗോസ് പറയുന്നു. വി. മാതാവിന്റെ വിശുദ്ധിയോടു തുല്യമായ വിശുദ്ധിയുള്ളവർ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയില്ല. എന്തെന്നാൽ അവൾ ദൈവമാതാവാകുന്നു. 'കറയില്ലാത്ത കന്യക'യെന്ന് വി. സഭ പറയുന്നതിൽ അമലോത്ഭവതത്വം അന്തർഭവിച്ചിരിക്കുന്നുവെന്ന് റോമാസഭ പറയുന്നതിലെ യുക്തിഹീനതയും മുൻപറഞ്ഞ ഭാഗങ്ങൾ കൊണ്ടു തെളിയുന്നു.

നിത്യകന്യക A) വി. മാതാവിന്റെ നമ്മുടെ കർത്താവിനെ ഗർഭം ധരിച്ചതും പ്രസവിച്ചതും കന്യാവ്രതത്തിന് അശേഷം ഭംഗം വരാതെയാണെന്ന് എല്ലാവരും സമ്മതിക്കുന്നു. വി. ലൂക്കോസിന്റെ സുവിശേഷം 1-ാം അ. 27-ം 28-ം വാക്യങ്ങൾ ഇത് അസന്നിഗ്ദ്ധമായി തെളിയിക്കുന്നു. മറിയാം മാലാഖയോട്, 'ഞാൻ പുരുഷനെ അറിയായ്കയാൽ ഇതെങ്ങനെ സംഭവിക്കും?' എന്നു ചോദിച്ചു. സ്പഷ്ടമായ തെളിവുകൾ ഉണ്ടായിട്ടും ഇതു സംഭവ്യമോ എന്നു സംശയിക്കുന്നവരെ ഉദ്ദേശിച്ച് വിശുദ്ധനായ ഒരു പിതാവ് 3 ഉദാഹരണങ്ങൾ പറയുന്നു.

1. കുഞ്ഞാടിനെ ഉത്ഭവിപ്പിച്ച വൃക്ഷം
2. വെള്ളം പുറപ്പെടുവിച്ച കരിമ്പാറ
3. എസ്തീറാ ഉത്ഭവിപ്പിച്ച മത്സ്യം

B) ക്രിസ്താബ്ദം 1-ാം നൂറ്റാണ്ടിൽത്തന്നെ ഒന്നുരണ്ട് വേദവിപരീതികൾ ഉണ്ടാവുകയും കന്യകയിൽനിന്നുള്ള നമ്മുടെ കർത്താവിന്റെ ജനനത്തെ അവിശ്വസിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ ഭയങ്കര വേദവിപരീതങ്ങൾ മുളയിൽത്തന്നെ കരിഞ്ഞുപോയി. 'കന്യകയിൽനിന്നുള്ള നമ്മുടെ കർത്താവിന്റെ ജനനം സത്യമായിത്തന്നെ വിശ്വസിച്ച് കിഴക്കും പടിഞ്ഞാറും സഭകളിലെ വിശ്വാസപ്രമാണങ്ങളിൽ 1-ാം നൂറ്റാണ്ടുമുതൽത്തന്നെ പ്രധാന സത്യമായി കരുതിയിരുന്നു.' വി. മോർ ഇഗ്നാത്യോസ് നൂറോനോയുടെ വാക്കുകൾ നോക്കുക! വി. മറിയാമിന്റെ കന്യകാത്വം, ഗർഭധാരണം, നമ്മുടെ കർത്താവിന്റെ മരണം എന്നിവയാണ് ഏറ്റവും അപരിമേയമായ 3 രഹസ്യങ്ങൾ.' 2-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽത്തന്നെ നാം അറിയുന്ന വിശ്വാസസത്യങ്ങളിൽനിന്നും മനസ്സിലാകുന്നത്, 'അക്കാലത്തുതന്നെ വി. മറിയാമിന്റെ നിത്യകന്യകാത്വം ഉറച്ച ക്രിസ്തീയ വിശ്വാസസത്യമായിരുന്നു'വെന്നാണ്.

C) വി. മാതാവിന്റെ നിത്യകന്യകാത്വത്തിൽ സംശയം പ്രകടിപ്പിച്ചവരിൽ ഏറ്റവും പ്രധാനി 'ഹെൽവദ്യോസ്' എന്നൊരു വേദവിപരീതിയായിരുന്നു (ക്രി. 380) നമ്മുടെ കർത്താവിനെ മറിയാമിന്റെ 'ആദ്യജാതൻ' എന്നു പറയുന്നതിനാൽ പിന്നീടും ചിലരെല്ലാം ജാതരായിട്ടുണ്ടെന്നും 2) അവൾ അവളുടെ ആദ്യജാതനെ പ്രസവിക്കുംവരെ അവൻ അവളെ അറിഞ്ഞിട്ടില്ല.' (മത്താ. 1:25) എന്നും പറയുന്നതിനാൽ പിന്നീട് അറിഞ്ഞുവെന്നാണ് ഇവന്റെ വാദം. ('ആദ്യജാതനെ' എന്ന പദം ഇപ്പോഴത്തെ C.M.S. മലയാളത്തിൽ ഇല്ല). ഇവന്റെ ശിഷ്യനായ 'ജോവിനയൻ' മുതലായവരെപ്പോലെ വി. മാതാവിന്റെ നിത്യകന്യകാത്വത്തെ അപലപിക്കുന്നവർ ഇന്നും പ്രോട്ടസ്റ്റന്റ് വിഭാഗത്തിലുണ്ട്. നമുക്ക് ഇതിനെ പരിശോധിക്കാം. 1) സഭയുടെ ആദ്യകാലം മുതൽ വി. മറിയാം 'ദൈവമാതാവ്' എന്നു വിളിക്കപ്പെട്ടിരുന്നു. വൈവാഹികബന്ധത്തിൽ പിന്നീട് സന്തതിയുണ്ടായ ഒരു സ്ത്രീയെ ദൈവമാതാവെന്നന് ആർക്കു വിളിക്കുവാൻ സാധിക്കും? ദൈവത്തിന്റെ ഒരു ഭാജനം ആയിരിക്കുവാൻ ഒരിക്കൽ പ്രതിഷ്ഠിക്കപ്പെട്ട ആ ഏറ്റവും വിശുദ്ധമായ പാത്രം മനുഷ്യോപയോഗത്താൽ പിന്നെ അശുദ്ധമാക്കപ്പെടുകയൊ ദുഷിപ്പിക്കപ്പെടുകയൊ ചെയ്തുവെന്ന് മര്യാദയുള്ളവർക്ക് ഊഹിപ്പാൻപോലും പാടില്ലാത്തതാകുന്നുവെന്ന് ഒരു പ്രോട്ടസ്റ്റന്റ് ബിഷപ്പായിരുന്ന ബുൾപോലും പറയുന്നു. ഗ്രോട്ടിയസ്, കാൽവിൻ നിത്യകന്യകാത്വത്തെ ആദരിക്കുന്നവരാണ്. 2) "പുരുഷനെ അറിയായ്കയാൽ ഇതെങ്ങനെ സംഭവിക്കും" എന്നുള്ള വി.മാതാവിന്റെ ചോദ്യം തന്റെ നിത്യകന്യകാത്വത്തിന് വലിയൊരു തെളിവാണ്. കാരണം വി. ഗ്രിഗോറിയോസ് പറയുന്നു: "യൗസേപ്പിന് അവൾ വിവാഹം നിശ്ചയിക്കപ്പെട്ടത് കന്യകയെ കന്യാവ്രതനൈർമ്മല്യത്തിൽ സൂക്ഷിക്കുവാനായിരുന്നു... ആർക്കുവേണ്ടിയാണ് അവൾ സൂക്ഷിക്കപ്പെട്ടത്? അവൾ ദൈവത്തിനായി സൂക്ഷിക്കപ്പെട്ടു" നമ്മുടെ കർത്താവിന്റെ ജനനംവരെ അവൾ പുരുഷനെ അറിഞ്ഞില്ലാ എന്നുള്ളത് മുൻവാക്യത്തിൽനിന്നും തെളിയുന്നു. ദൈവപുത്രന്റെ മാതാവായവൾ പിന്നീട് പുരുഷനെ അറിഞ്ഞുവെന്നുപറയുവാൻ എങ്ങനെ ആർക്കു സാധിക്കും? 3) "വിശ്വാസപ്രമാണ"ത്തിൽ എന്തു പറയുന്നു? "...സ്വർഗ്ഗത്തിൽ നിന്നിറങ്ങി... ദൈവമാതാവായ വി.കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്നു..." എന്ന് കാണുന്നതിൽനിന്നും നമ്മുടെ വി.മാതാവ് നിത്യകന്യക അല്ലായിരുന്നുവെങ്കിൽ, വി. സുന്നഹദോസുകളിലെ വിശുദ്ധരായ പിതാക്കന്മാർ ഈ വിശേഷണം വി.മാതാവിനു ഉപയോഗിക്കയില്ലായിരുന്നു. "മറിയാം ഒരു വലിയ സന്തതി സമൂഹത്തിന്റെ അമ്മയായിരുന്നുവെങ്കിൽ "കന്യക"എന്ന വിശേഷണം ഒരു

ശാശ്വത വിശേഷണമായി വയ്ക്കുക സാദ്ധ്യവും സംഭവ്യവുമോ എന്ന് ഒരു പണ്ഡിതൻ ചോദിക്കുന്നുണ്ട്. (Dimont) 4) നമ്മുടെ കർത്താവിന്റെ സഹോദരന്മാർ (മത്താ. 12:46; 13:55, 56) 'നമ്മുടെ കർത്താവിന്റെ ജനനശേഷം യൗസേപ്പിന്റെയും മറിയാമിന്റെയും മക്കളായി ജനിച്ചവരായിരുന്നു' എന്ന് പൈശാചികനായ ഹെൽവെദ്യോസ് സമർത്ഥിച്ചുകൊണ്ടാണ് വി. മാതാവിന്റെ നിത്യകന്യകാത്വത്തെ എതിർത്തിരുന്നത്. വി.ജെറോം, വി.എപ്പിഫാനിയോസ് എന്നിവർ ഈ സഹോദരന്മാരെക്കുറിച്ചു പറയുന്നത്: വി.മാതാവിന്റെ സഹോദരിയായ ക്ലേയോപ്പായുടെ മറിയാമിന്റെ മക്കളെക്കുറിച്ചാണ് 'സഹോദരന്മാർ' എന്നു പറഞ്ഞിരിക്കുന്നതെന്ന് വി.ജെറോമും, വി.യൗസേപ്പിന്റെ വിഗതയായ ഭാര്യയിൽ ഉണ്ടായിരുന്ന മക്കളെക്കുറിച്ചാണ് 'സഹോദരന്മാർ' എന്നു പറയുന്നതെന്നു വി. എപ്പിഫാനിയോസും പറയുന്നു. ഈ രണ്ടാമത്തെ അഭിപ്രായത്തോട് അലക്സാന്ത്ര്യായിലെ വി. ക്ലീമിസ്, ഒറിജൻ, വി.അംബ്രോസ് എന്നിവർ യോജിക്കുന്നു. 5) വീണ്ടും വി. യൗസേപ്പിനെക്കുറിച്ച് 'യേശുവിന്റെ പിതാവ്' എന്ന് വി.ലൂക്കോസിന്റെ സുവിശേഷം 2:48-ൽ കാണാം. എന്നാൽ ടി. അദ്ധ്യായം 33, 41, 43 വാക്യങ്ങളിൽ 'അമ്മയപ്പന്മാർ' എന്ന് സി.എം.എസ്. മലയാളത്തിൽ കാണുന്നത് സുറിയാനിയിലും ഇംഗ്ലീഷിലും 'മാതാവും യൗസേപ്പും' 'സ്വന്ത ആളുകൾ' യൗസേപ്പും തന്റെ മാതാവും എന്നിങ്ങനെയാണ്) യേശു യൗസേപ്പിന്റെ മകനെന്ന് ജനം വിചാരിച്ചിരുന്നു. (ലൂ. 3:23) എന്ന് വി.ലൂക്കോസ് പറഞ്ഞിരിക്കുന്നതുപോലെതന്നെ വി.യൗസേപ്പിന്റെ പൂർവ്വമക്കളെ നമ്മുടെ കർത്താവിന്റെ സഹോദരന്മാർ എന്നും പറഞ്ഞുവന്നിരുന്നു. 6) വി. മാതാവിനെ ഹെൽവെദ്യോസും മറ്റും പറയുന്നതുപോലെ വേറെ മക്കളുണ്ടായിരുന്നുവെങ്കിൽ—നിത്യകന്യക അല്ലായിരുന്നുവെങ്കിൽ നമ്മുടെ കർത്താവ് ക്രൂശിൽ കിടക്കുമ്പോൾ തന്റെ മാതാവിനെ വി. യൂഹാനോനെ ഏല്പിക്കാതെ ആ സഹോദരന്മാരെ ഏല്പിക്കുമായിരുന്നില്ലേ? 7) 'ആദ്യജാതനെ പ്രസവിക്കുംവരെ' എന്നതിലെ 'ആദ്യജാതൻ' എന്ന പദമാണ് ഹെൽവെദ്യോസിന്റെ മറ്റൊരു വാദമുഖം. എന്നാൽ ഈ പദംകൊണ്ട് അയാൾക്ക് ഒന്നും സാധിക്കാനില്ല. കാരണം, യഹൂദന്മാർ തങ്ങളുടെ പ്രഥമപുത്രന് 'ആദ്യജാതൻ' എന്നു പറയുക സാധാരണമാണ്. വേറെ മക്കളുണ്ടെങ്കിലും ഈ പദം അവർ ഉപയോഗിക്കുമായിരുന്നു. 8) പിന്നെയും എബ്രായ 1:6 വാക്യം നോക്കുക: 'ആദ്യജാതനെ ഭൂതലത്തിലേക്കു പ്രവേശിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ സ്മരിക്കണമെന്ന് താൻ അരുളിച്ചെയ്യുന്നു.' ഇവിടെ ദൈവത്തിന്റെ ആദ്യജാതൻ എന്നതിൽനിന്ന് പിന്നെയും ദൈവത്തിനു പുത്രനുണ്ടെന്നു വ്യാഖ്യാനി

ക്കാമോ? അതു സാദ്ധ്യമല്ലെങ്കിൽ മറിയാമിന്റെ ആദ്യജാതൻ എന്നു പറയുമ്പോൾ ദുർവ്യാഖ്യാനമെന്തിന്? 'താൻ മഹോന്നതന്റെ ആദ്യജാതനായിരിക്കെ സ്നേഹംമൂലം മറിയാമിന്റെ ആദ്യജാതനായി.' എന്ന് വിശുദ്ധസഭയുടെ 'യൽദൊക്രമ'ത്തിൽ പറഞ്ഞിരിക്കുന്നത് എത്ര ചേർച്ചയായിരിക്കുന്നു. 9) 'പ്രസവിക്കുംവരെ...' എന്നതിലെ 'വരെ'യാണ് മറ്റൊരു പദപ്രശ്നം ഇതിന്റെ നിരർത്ഥകതയും താഴെ പറയുന്ന 5 വാക്യങ്ങൾകൊണ്ടു തെളിയും. a) '... ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുംവരെ എന്റെ വലത്തുഭാഗത്തിരിക്ക...' (സങ്കീ.110) എന്നതിൽനിന്നും പാദപീഠമാക്കിക്കഴിഞ്ഞാലുടൻ വലത്തുഭാഗത്തുനിന്നും മാറ്റിക്കളയും എന്നു ധ്വനിക്കുമോ? b) 'ശമുവേൽ പിന്നെ ശൗലിനെ അവന്റെ മരണദിവസംവരെ കണ്ടില്ല' (1 ശമു. 15:34) പിന്നെ കണ്ടുവെന്ന് ധ്വനിക്കുമോ? c) 'മീഖൾ മരിക്കുന്നതുവരെ പ്രസവിച്ചില്ല' പിന്നെ പ്രസവിച്ചെന്നു ധ്വനിക്കുമോ? d)'മലങ്കാക്കവെള്ളം വറ്റിപ്പോയതുവരെ തിരിച്ചു വന്നില്ല' (ആ.പു.8:7) പിന്നെ വന്നുവോ? ഇവയിൽ നിന്നൊന്നും പിന്നീട് സംഭവിച്ചുവെന്ന് ധ്വനിക്കുന്നില്ലെങ്കിൽ വി.മാതാവിന്റെ കാര്യത്തിൽ മാത്രം ദുർവ്യാഖ്യാനമെന്തിന്? 'വിശേഷസംഗതിയോടുകൂടി നിഷേധിക്കപ്പെട്ട ഒരു കാര്യം ആ സംഗതി അവസാനിക്കുമ്പോൾ നേരെ വിരുദ്ധമായ ഒരു അനുകൂലാർത്ഥമുള്ളതായിരിക്കണമെന്നു നിർബന്ധം പിടിച്ച് വി. കന്യകയുടെ ബഹുമാനത്തിനു വിരോധമായി വ്യാഖ്യാനിച്ച് വി.മത്തായിയുടെ ഈ വചനങ്ങളെ വേദവിപരീതികൾ വല്ലാതെ ദുഷിച്ചു. മലങ്കാക്ക തിരിച്ചുവന്നുവെന്ന് യാതൊരു സൂചനയും ഇല്ലത്തതുപോലെതന്നെ നമ്മുടെ കർത്താവിന്റെ ജനനശേഷം മറ്റുവിധത്തിൽ സംഭവിച്ചുവെന്ന ധ്വനി ആ വാക്യത്തിലില്ല.' 'അപ്പോൾ യഹോവ എന്നോടരുളിചെയ്തു, ഈ ഗോപുരം തുറക്കാതെ അടച്ചിരിക്കണം. ആരും അതിൽകൂടി കടക്കരുത്. ഇസ്രയേലിന്റെ ദൈവമായ കർത്താവ് അതിൽകൂടി വന്നതുകൊണ്ട് അതും അടച്ചിരിക്കണം എന്ന ഹസ്കിയേൽ 44:2-ൽ പറയുന്നു. തുറക്കപ്പെടാതെ അടയ്ക്കപ്പെട്ട വാതിലായി വി.മാതാവിനെ വി. രാജാക്കന്മാർ പുകഴ്ത്തുന്നു. 'യേശുവിന്റെ അമ്മയായ മറിയാമിനോടും അദ്ദേഹത്തിന്റെ സഹോദരന്മാരോടും കൂടി ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചുപോന്നു'. (പ്രക്. 1:14) വി.മാതാവിനു മറ്റു മക്കളുമുണ്ടായിരുന്നു: അവരായിരുന്നു നമ്മുടെ കർത്താവിന്റെ സഹോദരന്മാരായിരുന്നതെങ്കിൽ ഇവിടെയും മറ്റു സ്ഥാനങ്ങളിലും 'യേശുവും അവന്റെ സഹോദരന്മാരും അവരുടെ മാതാവും' എന്നോ, 'യേശുവിന്റേയും മറ്റും അമ്മ' എന്നോ ഉപയോഗിക്കാമായിരുന്നു.

ദൈവമാതാവ്

ആദിമനൂറ്റാണ്ടുകളിൽ വി. മറിയാം ദൈവമാതാവെന്നു വിളിക്കപ്പെട്ടു. അമ്മാനുവലിനെ—അത്യുന്നതന്റെ പുത്രനെ പ്രസവിച്ചവൾക്ക് ദൈവമാതാവ് എന്നല്ലാതെ മറ്റെന്തു പേർ വിളിപ്പാൻ സാധിക്കും? ക്രിസ്തു ദൈവമെങ്കിൽ മറിയാം ദൈവമാതാവുതന്നെ. a) 'എന്റെ കർത്താവിന്റെ അമ്മ' എന്ന് ഏലിശ്ബാ വി. മാതാവിനെ വിളിക്കുന്നു: (ലൂ.1:43) എല്ലാവിധത്തിലും ലൗകികമായി മറിയാമിനേക്കാൾ ഉയർന്നവളായ ഏലിശ്ബാ വി. റൂഹായാൽ പ്രേഷിതയായി ഈ പേർ പറഞ്ഞത് എത്രയൊ അർത്ഥവത്ത്! b) വി. മോർ ഇഗ്നാത്യോസ്, എഫേസ്യാ സഭയ്ക്കെഴുതിയ ലേഖനത്തിൽ 'വി.മറിയാം ദൈവത്തെ പ്രസവിച്ചു എന്നു പറഞ്ഞിരിക്കുന്നു. c) തെർത്തുല്യനും വി. മാതാവിനെ 'ദൈവജനനി' എന്നു പറയുന്നുണ്ട്. d) വി.മോർ ഗ്രിഗോറിയോസ് 'തന്റെ വചനത്തിൽ ശക്തിയാൽ സർവ്വവും സഹിച്ചിരിക്കുന്നവനെ വഹിച്ചവൾ അവൾ മാത്രമാകുന്നു' എന്നു പറയുന്നു. e) വി. മറിയാമിൽനിന്നും ദൈവപുത്രൻ ജാതനായി എന്ന് വി.ബസേലിയോസ് പറയുന്നു. (373) f) അശുദ്ധമായ ദൈവദൂഷണത്തിലേക്കു നാം വീണുപോകാതിരിക്കേണ്ടതിനായി വിശുദ്ധയും നിത്യകന്യകയുമായ മറിയാം സത്യമായും ദൈവമാതാവാകുന്നു എന്ന് ഏറ്റു പറയേണ്ടതാകുന്നു. എന്തെന്നാൽ 'വി. കന്യക സത്യമായും ദൈവജനനിയാണെന്ന സത്യത്തെ എതിർക്കുന്നവർ അവിശ്വാസികളും പരീശരുടെയും സദൂക്യരുടെയും ശിഷ്യന്മാരുമാകുന്നു എന്ന് വി.മോർ അപ്രേം പറയുന്നു. (378) g) അതിവിശുദ്ധ കന്യകയായ മറിയാമിനെക്കുറിച്ച് ദൈവത്തിന്റെ മാതാവിനെക്കുറിച്ച്—കേവലം മനുഷ്യന്റെ മാതാവ് എന്നു പറവാൻ ആർക്കു ധൈര്യമുണ്ടാകും? എന്ന് വി.ഗ്രിഗോറിയോസ് പറയുന്നു. h) കന്യകപ്രസവിച്ചത് ദൈവത്തെയാണെന്ന് എന്റെ അസ്ഥികൾ കബറിൽനിന്നുപോലും വിളിച്ചുപറയും. എനിക്കതിൽ സംശയമുണ്ടാകുന്നുവെങ്കിൽ സത്യത്തിൽനിന്നും ഞാൻ ഉരിയപ്പെടും. അതിന് ഹൃദയത്തിൽ സന്ദേഹമുണ്ടാകുമെങ്കിൽ നെസ്തോറിനോടുകൂടെ ഞാൻ നരകത്തിൽ തള്ളപ്പെടട്ടെ" (പ്രാർത്ഥനാക്രമം) i) പിതാവ് ഒരുവനെ ജനിപ്പിക്കുകയും മറിയാം മറ്റൊരുവനെ പ്രസവിക്കുകയുമല്ല ചെയ്തത്. പിതാവ് ജനിപ്പിച്ചവനെ തന്നെ കന്യക പ്രസവിച്ചു. 'ആത്മീയനായ പിതാവ് അവനെ ജനിപ്പിച്ചു: ജഡത്തിൽ കന്യക അവനെ പ്രസവിച്ചു (പ്രാർത്ഥനാക്രമം) j) ദാവീദുപുത്രിയേ! നിന്നെ (ഭവതിയെ) എന്തു പേർ വിളിക്കണമെന്ന് എനിക്കറിഞ്ഞുകൂടാ... 'കന്യക' എന്നു ഞാൻ വിളിച്ചാലോ? പക്ഷേ പുത്രൻ നിന്നിൽനിന്നും മുലപ്പാൽ കുടിക്കുന്നു. അമ്മ എന്നു വിളിക്കാമെന്നുവച്ചാൽ നിന്റെ

കന്യകാവ്രതം നിലനിൽക്കുകയും ചെയ്യുന്നു. ആകയാൽ നിന്നെ ദൈവമാതാവെന്നല്ലാതെ ഒന്നും വിളിപ്പാൻ ഞാൻ കാണുന്നില്ല. (പ്രാർത്ഥനാക്രമം) k) ദൈവമാതാവാണ് വി. മറിയാമെങ്കിൽ അവൾ ഒരു ദേവിയല്ലേ എന്ന് ആ ഷണ്ഡന്മാർ ചോദിച്ചിരുന്നു. എന്നാൽ മറിയാം ദൈവത്തെ പ്രസവിച്ചുവെന്നു പറയുമ്പോൾ അതു ദൈവ പുത്രന്റെ പിതാവിൽനിന്നുള്ള അനാദിയായ ജനനത്തെയല്ല, കാല ത്തികവിങ്കൽ ജഡത്തിലുള്ള തന്റെ ജനനത്തെയാകുന്നുവെന്ന് വി. കൂറിലോസ്, വി. സേവേറിയോസ് മുതലായ പിതാക്കന്മാർ വിശദമായി പ്രസ്താവിച്ചിരിക്കുന്നു. 'കൃപനിറഞ്ഞ മറിയമേ!' എന്ന പ്രാർത്ഥന വി. മാതാവിനോടു പ്രാർത്ഥിക്കേണ്ടത് ആവശ്യവും പ്രയോജന പ്രദവും പൂർവ്വകാലംമുതൽ നടപ്പിലിരുന്നതുമാണ്. ഇന്നും എണ്ണ മില്ലാത്ത അനേകർക്ക് അനുഗ്രഹപ്രദമായിരുന്നുവെങ്കിലും പ്രോട്ട സ്റ്റന്റ് സമുദായങ്ങൾ ഇതിനെ പുച്ഛിക്കുന്നു. പ്രസ്തുത പ്രാർത്ഥന പരിശോധിക്കാം. ഈ പ്രാർത്ഥനയുടെ ഭൂരിഭാഗവും വി. വേദ പുസ്തകത്തിലെ വാക്യങ്ങളാണ്. i) "കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം: നമ്മുടെ കർത്താവ് നിന്നോടുകൂടെ." (ലൂ. 1:28) വി. ഗബ്രിയേലിന്റെ ഈ വാക്യങ്ങൾ വഴിയായി വി. ദൈവമാതാ വിനെ സ്തുതിക്കാമെങ്കിൽ നമുക്ക് അതെങ്ങനെ നിഷിദ്ധമാകും? ii) "നീ സ്ത്രീകളിൽ അനുഗ്രഹക്കപ്പെട്ടവൾ; നിന്റെ ഉദരഫലവും അനുഗ്രഹിക്കപ്പെട്ടത്" എന്ന് വി. ഏലിശ്ബ വിശുദ്ധാത്മാ നിറ വോടെ പറയുന്നു. (ലൂ. 1:41-42) iii) ദൈവമാതാവായ വി. 'കന്യക' മർത്തമറിയമേ! എന്ന സംബോധന എത്ര വേദാനുസരണമെന്ന് മുമ്പ് കാണിച്ചിട്ടുണ്ടല്ലോ. iv) 'പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പു രാനോടപേക്ഷിച്ചുകൊള്ളേണമെ" എന്ന യാചന വളരെ ഫലവത്തും വേദാനുസരണവുമാണ്. വി. ദൈവമാതാവിനെക്കുറിച്ച് പഴയനിയ മത്തിലെ മുൻ കുറിപ്പുകൾ: മുൾപ്പടർപ്പ് (പുറ.3:2) ഗോവണി (ഉ. 28:10-18) ന്യായപ്രമാണപെട്ടകം (പുറ. 15:10) മന്നാ സൂക്ഷിച്ചുവച്ച ചെപ്പ് (പുറ. 16:33) അഹറോന്റെ തളിർത്ത വടി (സംഖ്യാ. 17:8) ഗെദ്ഓന്റെ രോമക്കെട്ട് (ന്യായ. 6:37) ഏലീശായുടെ പുതിയ മൺകുടം (2 രാജാ. 2: 19-22).

വി. മാതാവിന്റെ സൂനോറോ

വി. മാതാവിന്റെ ഏക തിരുശേഷിപ്പ് നമ്മുടെ കൈവശമാണ്. സിറിയായിൽ ഹോംസിലെ നമ്മുടെ പരിശുദ്ധമായ സുനോറോ പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന വി.മാതാവിന്റെ ഇടക്കെട്ടാണ്. ഈ പരിശുദ്ധമായ തിരുശേഷിപ്പു കണ്ടെടുത്ത വിവരം 1953-ൽ തന്നെ

ഇവിടെ മലങ്കരയിൽ പ്രസിദ്ധമായതാണ്. പുണ്യശ്ലോകനായ പ. ഇഗ്നാത്യോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ്ബാവാ പുരാതന രേഖകൾ പരിശോധിച്ചു വരവെ, തുകലിൽ പൊതിഞ്ഞു സൂക്ഷിച്ചിരുന്ന എഴുത്തുകളുടെ ഒരു സഞ്ചയം കണ്ടെത്തി. അക്കൂട്ടത്തിൽ ഹോംസിലെ സഭാംഗങ്ങൾ മർദീനിലെ സഭാംഗങ്ങൾക്ക് എഴുതിയ ലേഖനത്തിന്റെ പകർപ്പു കണ്ടെത്തി. അതിൽ 1852-ൽ ഈ ഇടക്കെട്ട് കണ്ടെത്തിയെന്നും മദ്ബഹായിൽ ത്രോണോസിൽ അതു വീണ്ടും നിക്ഷേപിച്ചിട്ടുണ്ടെന്നും എഴുതിയിരുന്നു. ഇതനുസരിച്ച് പ. ബാവാ തിരുമനസ്സുകൊണ്ട് ത്രോണോസുപൊളിച്ചു. അപ്പോൾ അതാ ഒരു മാർബിൽ തളിരം. അതിൽ ഗർഗൂനിയിൽ ഇപ്രകാരം എഴുതിയിരുന്നു, 'ക്രി 59-ൽ മാലായ (ഈലിയ) എന്ന സുവിശേഷകന്റെ കാലത്ത് ഈ പള്ളി പണിയപ്പെട്ടു.' പിന്നീട് ഒരു കല്പകപാത്രവും അതിനുള്ളിൽ ഒരു വെള്ളിപാത്രവും അതിനുള്ളിൽ "ഇടക്കെട്ടും" കാണപ്പെട്ടു! ജാതിമതഭേദമന്യെ ഹോംസു നിവാസികളും അനേകായിരങ്ങളും അവിടേക്കാകർഷിക്കപ്പെട്ടു. പുരാണവസ്തു ഗവേഷകന്മാരായ വിവിധ മതസ്ഥരുടെ കൂലങ്കഷമായ പരിശോധയിൽ അതിന്റെ സത്യാവസ്ഥയും പൗരാണികത്വവും അവർക്കു ബോദ്ധ്യമായി. ഇപ്പോൾ അത് പള്ളിയകത്ത് പ്രത്യേകസ്ഥാനത്ത് വളരെ ബഹുമാനപൂർവ്വം സൂക്ഷിച്ചിരിക്കുന്നു. അനേകായിരങ്ങൾ "സൂനോറോ" മാതാവിന്റെ പള്ളിയിൽ തീർത്ഥാടകരായി വന്നുകൊണ്ടിരിക്കുന്നു. 1966 സെപ്തം. 28-ന് പ്രസ്തുത പള്ളിയിൽ വി. കുർബാന അർപ്പിക്കുവാനുള്ള മഹാഭാഗ്യം ഇതെഴുതുന്ന മാതൃഭക്തനുണ്ടായി.

വി. മാതാവ് 51-ാം വയസ്സിൽ യറുശലേമിൽവച്ച് നിര്യാണം പ്രാപിച്ചുവെന്നും ശ്ലീഹന്മാർ അവരുടെ വേലസ്ഥലങ്ങളിൽനിന്നു മാതൃസവിധത്തിൽ അത്ഭുതകമായി വന്നെത്തിയെന്നും അവർ ബഹുമതിപൂർവ്വം ഗത്സമനതോട്ടത്തിൽ നമ്മുടെ കർത്താവ് പ്രാർത്ഥിച്ച സ്ഥലത്തോട് അധികം അകലെയല്ലാത്ത സ്ഥലത്ത് വി. മാതാവിനെ സംസ്കരിച്ചെന്നും അതിന്റെ മൂന്നാം ദിവസം അവളുടെ പുത്രന്റെ കല്പനപ്രകാരം മാലാഖമാരാൽ അവളുടെ ശരീരം ഉയരത്തിലേക്ക് എടുക്കപ്പെട്ടുവെന്നും മോർ തോമാശ്ലീഹാ ഇൻഡ്യയിൽനിന്ന് എത്തിയത് അപ്പോഴാണെന്നും സങ്കടത്തോടെ അനുഗ്രഹത്തിനായി നിലവിളിച്ച മോർ തോമായുടെ കൈയിൽ വി. മാതാവിന്റെ ഇടക്കെട്ടും മുഖശീലയും വന്നുപതിച്ചുവെന്നും അദ്ദേഹം അതു മറ്റു ശ്ലീഹന്മാരെയും കാണിച്ചുവെന്നും വി.മാതാവിന്റെ ഉന്നതത്തിലേക്കുള്ള വാങ്ങിപ്പിന്റെ പ്രത്യക്ഷ ലക്ഷ്യമായി അതു തീർന്നുവെന്നും മോർ തോമാശ്ലീഹാ ആ ഇടക്കെട്ടുമായി വീണ്ടും ഇന്ത്യയിൽ

പോയെന്നും വളരെ അത്ഭുതങ്ങൾ പ്രവർത്തിച്ചുവെന്നും കാലാന്തരത്തിൽ ഈ തിരുശേഷിപ്പ് ഉറഹായിലേക്കും പിന്നീട് ഹേംസിലേക്കും മാറ്റപ്പെടുകയും ചെയ്തുവെന്നുമാണ് പാരമ്പര്യം. വി.മാതാവിന്റെ ശരീരം ഉയരത്തിലേക്ക് എടുക്കപ്പെട്ടു: ശ്ലീഹന്മാർ വി. ആത്മാവുമൂലം വിവിധസ്ഥലങ്ങളിൽനിന്നു വന്നുകൂടി—മുകളിൽനിന്ന് ഇടക്കെട്ടു താഴോട്ടു വീണുകിട്ടി ആ വി. വസ്തുമൂലം അത്ഭുതങ്ങൾ നടന്നു. എന്നീ പ്രസ്താവനകളെ പുച്ഛത്തോടെ വീക്ഷിക്കുന്ന ക്രിസ്ത്യാനികൾ ഉണ്ടായിരിക്കാം. അവർ വി. വേദപുസ്തകത്തെ ബഹുമാനിക്കുന്നവരെങ്കിൽ രണ്ടുവാക്ക്. 1. ഏലിയാ ദീർഘദർശിയെ ഉടലോടെ ഉയരത്തിലേക്ക് എടുക്കാമെങ്കിൽ (2 രാജാ. 2:1) ദൈവപുത്രനെ പ്രസവിച്ചവളെ അങ്ങനെ എടുത്തുകൂടയോ? 2. പീലിപ്പോസിനെ ആത്മാവ് എടുത്തു ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്താക്കിയെങ്കിൽ (അപ്പോ. 8:39) ശ്ലീഹന്മാരെ അങ്ങനെ എത്തിച്ചുകൂടെ? 3. ഏലിയാ ദീർഘദർശിയുടെ പുറംകുപ്പായം ഉയരത്തിലേക്കുപോയ ഏലിയാവിൽനിന്നു ഏലീശായ്ക്കു താഴോട്ടു വീണു കിട്ടാമെങ്കിൽ (2 രാ. 2:13) ദൈവപുത്രന്റെ ശിഷ്യന് ഇടക്കെട്ട് എന്തുകൊണ്ടു കിട്ടിക്കൂടാ? 4. ഏലിയാവിന്റെ പുറംകുപ്പായംകൊണ്ട് യോർദാനിലെ വെള്ളത്തെ വിഭാഗിക്കാമെങ്കിൽ (2 രാജാ. 2:14) പൗലൂസിന്റെ ഉറുമാൽകൊണ്ട് രോഗസൗഖ്യം വരുത്തിയെങ്കിൽ (അപ്ര. 19:12) ദൈവപുത്രന്റെ അമ്മയുടെ ദേഹത്തുപയോഗിച്ചിരുന്ന ഇടക്കെട്ടുകൊണ്ട് എന്തുകൊണ്ട് അത്ഭുതങ്ങൾ പ്രവർത്തിച്ചുകൂടാ?

പ. മാതാവിന്റെ മദ്ധ്യസ്ഥതക്കായി നമുക്കപേക്ഷിക്കാം.

ശുദ്ധമതിയേ! ഞങ്ങൾക്കൊ-
യുള്ളർത്ഥന നീ മുടക്കരുതേ
തൃക്കരൾ ഞങ്ങളിലലിവാൻ നിൻ
പുത്രനോടർത്ഥന ചെയ്യേണമെ

മനുഷ്യനായി

മനുഷ്യനായി ജനിച്ചു എന്നുപറയുമ്പോൾ നെസ്തേറിന്റെ അഭിപ്രായപ്രകാരം കേവലം മനുഷ്യനായി എന്നല്ല. താൻ ജാതനായപ്പോഴും ദൈവപുത്രനുമായിരുന്നുവെന്നും പാപമൊഴികെ ഒക്കെയും മനുഷ്യനോടു സദൃശ്യനായിരുന്നുവെന്ന സത്യം വിസ്മരിക്കാവുന്നതല്ല. മാലാഖമാരുടെ പാട്ടിൽ "രക്ഷകൻ" എന്ന വാക്കാണ്. ജനനപ്പെരുനാളിന്റെ പ്രാർത്ഥനകളിൽ ഈ മന്നിൽ സത്യം പ്രസ്പഷ്ടമാക്കിയിരിക്കുന്നതുമായ ഈ ജനനം പൗരസ്ത്യ വിശുദ്ധന്മാർക്ക് നക്ഷത്രംമൂലം പ്രത്യക്ഷമായി ആ ജനനം. തന്റെ രക്തം (1) മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാൻ: ഗലാ 3-13; 1 പത്രോ. 1:19, എഫേ 3-7,

കൊലോ 1-14, ഗലാ. 1-14, വെളി. 7:14, 12:11, ലൂക്കോ 22-20, കോരിന്ത്യ 1:18-23, അ.പ്ര 15-20, 5-25, വെളി. 3:20 (2) രക്ഷിപ്പാൻ-മത്താ 1:21; 18-14, അ.പ്ര 4-12, 1 തിമോ. 1-15. ജനനസ്ഥലം ബേത്‌ലഹേം. ദാവീദിന്റെ പട്ടണം തന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും. അവനിലെ ദൈവനടത്തിപ്പിനുള്ള നടപടി തന്നെ. ...പേർവഴിചാർത്താൻ അന്നല്ലായിരുന്നുവെങ്കിൽ യഹൂദ്യാ യിലെ ബേത്‌ലഹേമിൽ അല്ല. ഗലീലിയായിലെ ബേത്‌ലഹേമേ.... നിന്നിൽ നിന്നു വരും ....എന്ന പ്രവചനം സ്മരിക്കുക. ദൈവാലയ ത്തിലെ കാഴ്ചവയ്ക്കൽ- (ലൂ. 2:23-24) ലേവ്യ. 12-8 ലെ നിയമപ്ര കാരം ഉള്ള ശീമോൻ (ചരിത്രം എന്റെ പുതിയനിയമ വ്യാഖ്യാന ത്തിൽ) എടുത്തു പരിശുദ്ധാത്മാവ് നിറഞ്ഞവനായി ഇപ്പോൾ എന്റെ കണ്ണുകൾ നിന്റെ രക്ഷയെ കണ്ടിരിക്കുന്നു. കുഞ്ഞിനെക്കുറിച്ചുള്ള പ്രവചനം ലൂക്കോ. 2:34. അഭൂതപൂർവ്വമായ ഈ സംഭവം-യൗസേ ഫിനെയും മറിയാമിനെയും വിസ്മയഭരിതരാക്കി. 12-ാം വയസ്സിലെ യറുശലേമിലെ പെസഹാപെരുനാൾ സംഭവവും (പുതിയനിയമ വ്യാഖ്യാനം) ബാലനായ യേശുവിന്റെ ദൈവപുത്ര ബോധത്തി നനുസരണമായ തെളിവുതന്നെ. (ലൂ. 2-41-51) എന്റെ പിതാവ് എന്നെ ഏല്പിച്ചതായും യോഹ 9-4-ൽ കാണാം. എന്നെ അയച്ചവന്റെ ജോലി പകലുള്ളിടത്തോളം ഞാൻ ചെയ്തതാകണം ഈ ബോദ്ധ്യം എപ്പോഴും തന്നിൽ സ്ഥിതി ചെയ്തിരുന്നു. ഈ എന്റെ പിതാവു പ്രയോഗം പല ഭാഗത്തും കാണാം. എന്റെ പിതാവ് എന്നെ അയച്ചത് ലോകത്തെ വിധിപ്പാനല്ല. എന്റെ പിതാവും ദൈവവും ഒന്നാകുന്നു.

എന്റെ പിതാവിന്റെ ഭവനം-നിങ്ങൾ കള്ളന്മാരുടെ ഗുഹയാക്കി.

എന്റെ പിതാവേ! അങ്ങ് എന്റെ ശബ്ദം കേൾക്കുന്നുണ്ടോ

എന്റെ പിതാവിന്റെ ഭവനത്തിൽ പലഅറകളുണ്ട്.

എന്റെ പിതാവേ! ഇവരോടു ക്ഷമിക്കേണമേ.

എന്റെ പിതാവ് പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു.

എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയ യ്ക്കുന്നു.

കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിക്കുന്നവനല്ല സ്വർഗ്ഗ സ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ

എന്റെ പിതാവ് സർവ്വവും എങ്കൽ ഭാരമേല്പിച്ചിരിക്കുന്നു...

എന്റെ പിതാവിന്റെ ഇഷ്ടം പുത്രനെ നോക്കിക്കണ്ടു...

എന്റെ പതൃസന്നിധിയിലേക്കു ഞാൻ പോകുന്നു.

എന്റെ പിതാവിനോടു ഞാൻ അപേക്ഷിക്കുന്നു... അയച്ചുതരും

സ്മരണീയമായ തിരുമൊഴികൾ

മാനസാന്തരം - മത്താ. 4-17 ലൂ. 13-24 മത്താ. 6-33

വിശ്വാസം - മർക്കോ. 1-15-യോഹ 14-16-24

പുതുജനനം - യോ. 3-7 ലു. 10-20 മത്താ. 12-33

വിശുദ്ധാത്മസ്വീകരണം യോ. 20, 22

പിന്തുടരുക. യോ. 12-26 - 21-23 ലൂ. 7-23

പ്രാർത്ഥന ലൂ. 21-26, 22-40

പൂർണ്ണദൈവസ്നേഹം മർ. 12-30, മത്താ. 4-10

മറ്റുള്ളവരോടു മത്താ. 19-19, ലൂ. 6-21

ദൈവത്തിനു സ്തുതി

ബേത്‌ലഹേം (അപ്പത്തിന്റെ വീട്)

യഹൂദിയാ പ്രവിശ്യയിൽ ആദ്യപേര് എഫ്രാത്ത്, യറുശലേമിന് അഞ്ചു മൈൽ തെക്ക്, റാഹേലിന്റെ കല്ലറ ഇവിടെയത്രേ! (ഉൽ. 35, 16-19) ദാവീദിന്റെ പട്ടണം എന്നു പറയപ്പെടുന്നു. ഇവിടെവച്ചാണ് ദാവീദ് ശമുവേലിനാൽ അഭിഷിക്തനായത് (ശമു. 16, 1-13) പേർവഴി ചാർത്തപ്പെടുവാൻ യൗസേഫും മറിയാമും ഇവിടെയെത്തി. അവിടെ വച്ചു രക്ഷകൻ ജാതനായി. ബേത്‌ലഹേമിനെപ്പറ്റി രൂത്ത് 1-1; 2-4; 2 ശമു. 23: 14-16; മീഖാ 5-2; മത്താ. 2-1, 5, 6, 8; ലു. 2-4-15 അപ്പത്തിന്റെ ഭവനത്തിൽനിന്നു ജീവന്റെ അപ്പം ഉദയം ചെയ്തു. ജാതനായ ഉടൻതന്നെ സ്വർഗ്ഗത്തിൽ നിന്നുണ്ടായ പ്രഖ്യാപനത്തിൽ (ഇടയന്മാരോടു) താൻ മ്ശീഹായാണ് കർത്താവാണ് രക്ഷകനാണ് സർവ്വ ലോകത്തെയും സന്തോഷിപ്പിക്കുന്നവനാണ് എന്നുള്ള പ്രഖ്യാപനവും.

ലോകോത്തരമായ ദിവ്യദാനവും: അത്യുന്നതങ്ങളിലെ ദൈവത്തിനു മഹത്വം. ഭൂമിയിൽ സമാധാനം മനുഷ്യർക്കു സംപ്രീതി. 2000-ത്തോളം വർഷമായി ഈ മാനവഗാനം മാനവർ പാടുന്നു. എന്നാൽ സമാധാനമില്ല; സംപ്രീതിയുമില്ല. കാരണമെന്ത്? അത്യുതനായ ദൈവത്തിനു മഹത്വം കൊടുക്കാതെ സമാധാനത്തിനും സംപ്രീതിക്കുമായുള്ള പരക്കംപാച്ചിൽ.

നമ്മുടെ കർത്താവിന്റെ-അത്ഭുതങ്ങൾ

1. രാജഭൃത്യന്റെ മകനെ സൗഖ്യമാക്കിയത്, 2. വെള്ളം വീഞ്ഞാക്കിയത്, 3. കപ്പർന്നഹോം പള്ളിയിൽ ഭൂതബാധിതനെ സൗഖ്യമാക്കിയത്, 4. പത്രോസിന്റെ അമ്മാവി അമ്മയ്ക്കു സൗഖ്യം, 5. കുഷ്ഠരോഗിക്കു സൗഖ്യം, 6. വരണ്ട കൈയുള്ളവനു സൗഖ്യം,

7. മതാധിപന്റെ വാല്യക്കാരനു സൗഖ്യം, 8. വിധവയുടെ മകനെ ഉയിർപ്പിച്ചത്, 9. കുരുടനും ഊമനുമായവനു സൗഖ്യം, 10. കടലിനെ ശാന്തമാക്കിയത്, 11. ലെഗ്യോൻ ബാധിച്ചവനെ സൗഖ്യമാക്കിയത്, 12. രക്തസ്രാവക്കാരിക്കു സൗഖ്യം, 13. യായീറോസിന്റെ മകളെ ഉയിർപ്പിച്ചത്, 14. രണ്ടു അന്ധന്മാർക്കു കാഴ്ച, 15. ഊമനു സംസാര ശക്തി, 16. 5000 പേരെ പോഷിപ്പിച്ചത്, 17. വെള്ളത്തിനുമേൽ നടന്നത്, 18. കനാന്യസ്ത്രീയുടെ മകളെ സൗഖ്യമാക്കിയത്, 19. 4000 പേരെ പോഷിപ്പിച്ചത്, 20. കുരുടനു കാഴ്ചകൊടുത്തത്, 21. മത്സ്യവായിൽ നിന്നു തലവരിപ്പണം, 22. പിറവിക്കുരുടൻ കാഴ്ച, 23. ഊമനെ സംസാരിപ്പിച്ചത്, 24. അത്തിവൃക്ഷത്തെ ഉണക്കിയത്, 25. കൂനിക്ക് സൗഖ്യം, 26. ലാസറിനെ ഉയിർപ്പിച്ചത്, 27. വിധവയുടെ മകനെ ഉയിർപ്പിച്ചത്, 28. കുഷ്ഠരോഗികൾക്കു സൗഖ്യം, 29. ബർതീമായ്ക്കു കാഴ്ച, 30. വി. പത്രോസ് കാതറുത്തവന്റെ കാത് സൗഖ്യമാക്കിയത്.

ഉപമകൾ

1. വിതയ്ക്കുന്നവന്റെ, 2. വിത്തു-കളകൾ, 3. കടുകുമണി, 4. പുളിച്ചമാവ്, 5. വിളക്ക് വിളക്കുതണ്ടിന്മേൽ, 6. നിധി, 7. മുത്ത്, 8. വല-മത്സ്യം, 8. കരുണയില്ലാത്ത ദാസനും, യജമാനനും, 10. താലന്തുകളുടെ ഉപമ, 11. ഇല്ലാമറിയക്കാരൻ, 12. വലിയവിരുന്ന്, 13. രണ്ടു പുത്രന്മാരുടെ വേല, 14. കാണാതെപോയ ആട്, 15. കാണാതെ പോയ നാണയം, 16. മുടിയനായ പുത്രൻ, 17. അനീതിയുള്ള ഗൃഹ വിചാരകൻ, 18. ധനവാനും ലാസറും, 19. പരീശനും ചുങ്കക്കാരനും, 20. മുന്തിരിത്തോട്ടത്തിലെ വേലക്കാരൻ, 21. പത്തു കന്യകമാർ, 22. ചെമ്മരിയാടും കോലാടും.

നമ്മുടെ കർത്താവിന്റെ കാലത്തെ യഹൂദപരവും രാഷ്ട്രീയസാഹചര്യവും

നമ്മുടെ കർത്താവിന്റെ ചരിത്രത്തിൽ ഇവയ്ക്കു ഗണ്യമായ സമാനമുള്ളതിനാൽ ഒരു ചുരുങ്ങിയ വിവരണം ആവശ്യമാണ്. 1. പ്രധാനാചാര്യൻ റോമാഭരണം ആവിർഭവിച്ചതുമുതൽ ഇവരുടെ നിയമനം നീക്കം എന്നിവയിൽ റോമൻ ഭരണകൂടം കൈകടത്തിയിരുന്നു. കർത്താവിന്റെ പരസ്യ ശുശ്രൂഷാകാലത്തെ പ്രധാനാചാര്യൻ “കൈയ്യാപ്പ” ആലോചനാസംഘം സൻഹദ്രിൻ, ബാബേൻ പ്രവാസം കഴിഞ്ഞു വന്നശേഷം രൂപീകൃതമായ ഒരു സംഘടനയായിരുന്നത്. (വിശദമായി എന്റെ പുതിയനിയമ വ്യാഖ്യാനത്തിൽ), 3. ഒരു ആലോചനാ സംഘം 4. ശാസ്ത്രികൾ 5. പരീശന്മാർ. ഈ രണ്ടു കൂട്ടരെയും നമ്മുടെ കർത്താവു ശക്തിയായി വിമർശിച്ചത് (മത്താ. 23-ൽ വിശദമായി കാണാം), 5. സാദൂക്യർ മരിച്ചവരുടെ പുനരുത്ഥാന

ത്തിൽ ഇവർ വിശ്വസിച്ചിരുന്നില്ല. ഈ സംഘടനകൾ പലപ്പോഴും നമ്മുടെ കർത്താവിനെ വാക്കിൽ കുടുക്കുവാൻ ശ്രമിച്ചതായും സുവിശേഷങ്ങളിൽ കാണാം. 6. നാടുവാഴി-ഗവർണ്ണർ-പൊന്തിയോസ് പീലാത്തോസ്. ക്രി. 26-30ൽ ഇവർ യഹൂദ്യസമര്യ ഇദുവിയ പ്രവിശ്യകളുടെ ഗവർണ്ണറായി റോമൻ ചക്രവർത്തിയാൽ നിയമിക്കപ്പെട്ടു. ആ സ്ഥാനം സമര്യായിൽ ആയിരുന്നെങ്കിലും, ഉത്സവകാലങ്ങളിൽ യറുശലേം ആസ്ഥാനത്തിൽ ക്യാമ്പ് ചെയ്യുമായിരുന്നു. ദ്രവ്യാഗ്രഹിയും ക്രൂരനുമെന്നു പറയപ്പെടുന്നു. പ്രക്ഷോഭണം നടത്തിയ കുറെ യഹൂദന്മാരെ നിഷ്കരുണം വധിച്ച വിവരം ലൂക്കോ 13-1 ൽ കാണാം. കുറ്റക്കാരെ അടിക്കാനല്ലാതെ-മരണശിക്ഷ വിധിപ്പാനുള്ള അധികാരം യഹൂദന്മാർക്കു റോമാ നൽകിയിരുന്നില്ല. അതിനാലാണ് രക്തദാഹികൾ യേശുവിനെ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കിയത്. പീലാത്തോസിന്റെ വീചാരണയെപ്പറ്റി മത്താ. 27, മർക്കോ. 15, ലൂ.23, യോ.18 അദ്ധ്യായങ്ങളിൽ കാണുന്നു.

vi. വേദപുസ്തകം

പഴയനിയമപുസ്തകങ്ങൾ ഒന്നായി എഴുതിച്ചേർത്തു. യഹൂദസഭയിൽ യഹൂദവേദപുസ്തകത്തിൽ പഴയനിയമത്തിലുള്ള പുസ്തകങ്ങളെ മൂന്നായി തരംതിരിച്ചിട്ടുണ്ട്, അവ; 1) 'തോറാ' എന്ന ന്യായപ്രമാണം, ഉല്പത്തി, പുറപ്പാട്, ലേവ്യാ, സംഖ്യാ, ആവർത്തനം എന്ന അഞ്ചുപുസ്തകങ്ങളും മോശതന്നെ എഴുതി എന്നു യഹൂദന്മാർ വിശ്വസിച്ചു. 2) 'നെബിയം' എന്ന പ്രവചനപുസ്തകങ്ങൾ

a) മുൻപ്രവാചകന്മാർ; യോശുവ, ന്യായാധിപന്മാർ 1,2 ശമുവേൽ 1, 2 രാജാക്കന്മാർ ഇവ ചരിത്ര പുസ്തകങ്ങളാണെങ്കിലും ഇസ്രായേല്യരുടെ ചരിത്രങ്ങളിലൂടെ വെളിപ്പെട്ട ദൈവേഷ്ടത്തെ പ്രസ്താവിക്കുന്നവയാകയാൽ ഇവർക്കും പ്രവചനങ്ങൾ എന്നു പറയും.

b) പിൻ പ്രവാചകന്മാർ: 1) പ്രവാസത്തിനുമുമ്പ്, പേര്, ഏകദേശ കാലം യോനാ. 840-700 B.C; യോവേൽ, 790-760B.C; ആമോസ് 780-760 B.C; ഹോശയാ. 785-725 B.C; ഏശായാ 750-695 B.C; മീഖാ 745-725 B.C; 2) പ്രവാസത്തിനു തൊട്ടുമുമ്പും പ്രവാസകാലത്തും-നാഹും 660-630 സെഫനിയാ 630-620 ഹബ്കുക് 620-610 ഏറമിയ 626-588.

10
മനുഷ്യാവതാരത്തിലെ സുപ്രധാനസംഭവങ്ങൾ

വി. കുർബാനസ്ഥാപനം

മനുഷ്യരക്ഷാർത്ഥം താൻ ക്രൂശിക്കപ്പെടുന്നതിനുമുമ്പായി പരസ്യശുശ്രൂഷയിലെ ഏറ്റം മഹത്തായ കാര്യമാണ് താൻ ഏല്പിക്കപ്പെടുന്ന രാത്രിയിൽ സന്ധ്യാ സമയത്ത് താൻ നിർവ്വഹിച്ചത്. ദൈവപുത്രനായ താൻ പഠിപ്പിച്ച അതിമഹത്തായ കാര്യങ്ങൾ ആചരിച്ചുകൊള്ളണം എന്നു മറ്റു മതസ്ഥാപകരെപ്പോലെ നിർദ്ദേശിക്കുക മാത്രമല്ല, തന്റെ യഥാർത്ഥ ശരീരവും രക്തവും സഹ ശിഷ്യന്മാർക്കു നൽകുക മാത്രമല്ല, ലോകാവസാനംവരെ ഈ വിലയേറിയ ദാനം വിശ്വാസികൾക്കു നൽകിക്കൊണ്ടിരിക്കുകയും ചെയ്യണമെന്നു കല്പിക്കുകയും ചെയ്തു. അഥവാ വി. കുർബാനയെ സാക്ഷിപ്പിച്ച കാര്യം വി. പിതാക്കന്മാർ പ്രസ്താവിക്കുന്നുണ്ട്. വി. കുർബാന സ്ഥാപനത്തിനുമുമ്പായി യഹൂദപെസഹാ തന്റെ ശ്ലീഹന്മാരുമൊത്ത് താൻ ആചരിച്ചു. അതേക്കുറിച്ച് ഹാശാ ആഴ്ചയിലെ പ്രുമിയോനിലുള്ളത് ഉദ്ധരിക്കുന്നു. "ന്യായപ്രമാണനിയമത്തെ നിന്റെ ശരീരത്തിൽ നീ കാണിച്ചു." മാർഗ്ഗത്തിന്റെ ആരംഭത്തിൽ നീ ചേലാകർമ്മം കഴിച്ച് അബ്രഹാം ഭവനക്കാരുടെ അടയാളം നീ വഹിച്ചു. സകല പാപങ്ങളിൽനിന്നും അകന്നിരിക്കുന്നവനായ നീ പരസ്യ ശുശ്രൂഷയുടെ മദ്ധ്യത്തിൽ നീ തനിയെ നിവർത്തിക്കുവാനായി അനുതാപത്തിന്റെ മാമോദീസാ സദയം സ്വീകരിച്ചു, സകല വ്യാപരത്തിന്റെയും അവസാനത്തിൽ മോശൈക പെസഹാ കഴിപ്പാൻ നിനക്കിഷ്ടമായി. കുഞ്ഞാടിനെ നിന്റെ ശിഷ്യരുമൊത്തു ഭക്ഷിപ്പാൻ നീ ആഗ്രഹിച്ചു... ന്യായപ്രമാണത്തിലുള്ള സകലവും പൂർണ്ണമായി നിവർത്തിപ്പാനും- ഞങ്ങൾക്കു പുതുമ നൽകുവാനും നീ ആഗ്രഹിച്ചു. ആ പഴയ നിയമ അത്താഴമാണ് തിരുവത്താഴം. വീണ്ടും: "ലോകത്തിന്റെ പാപത്തെ കുരിശുകൊണ്ടേറ്റെടുത്ത ലോക കുഞ്ഞാടാകുന്ന നീ നിന്റെ ശിഷ്യന്മാരോടുകൂടി ന്യായപ്രമാണത്തിലെ ആട്ടിൻകുട്ടിയെ ഭക്ഷിച്ചു." ഈ സമയംമുതൽ പഴയതെല്ലാം അവസാനിച്ചു. സകലവും പുതിയതായിത്തീർന്നു. വീണ്ടും: "വി. കുർബാനതക്സാ ഹുത്തോമോ ഉയിരുള്ളോർക്കും മൃതിയായോർക്കും ഹനിയാകുന്നോൻ മാളിക തന്നിൽ ശിഷ്യർ സമേതം പെസഹാ ഭുജിച്ചു. മർക്കോസിന്റെ ഗൃഹമതിലെല്ലാ പഴമകളെയും നിറവേറ്റി. മൃഗബലിയെ ആ രാത്രിയിൽ നീക്കി. ഇങ്ങനെ യഹൂദ-മോശൈക പെസഹ ഭക്ഷിച്ചതിനുശേഷമാണ്

നമ്മുടെ കർത്താവ് വി കുർബാന സ്ഥാപിച്ചത്. യോഹന്നാൻ. 13-2. **"അത്താഴം കഴിഞ്ഞശേഷം"** താൻ എഴുന്നേറ്റു വസ്ത്രംമാറ്റി. ശിഷ്യങ്ങളുടെ കാലുകഴുകി. Last Supper കഴിഞ്ഞ് മേൽപ്പറഞ്ഞ വയ്ക്കുശേഷമാണ് The Lord's Supper സ്ഥാപിച്ചത്. (ലു. 22-19 മത്താ. 26-29, മർക്കോ. 14-22-25) 'അപ്പം' വാഴ്ത്തി 'വീഞ്ഞ്' വാഴ്ത്തി, "എന്റെ ശരീരം" "എന്റെ രക്തം" എന്നു കല്പിച്ച ക്ഷണ ത്തിൽതന്നെ അവ ശരീരവും രക്തവുമായിത്തീർന്നു. (വെള്ളത്തെ വീഞ്ഞാക്കിയവന് വീഞ്ഞിനെ രക്തമാക്കുവാൻ സാദ്ധ്യമാണ്). അതിനുംപുറമെ, എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം നിങ്ങൾ ഞാൻ വരുന്നതുവരെ (നിങ്ങളുടെ പിൻഗാമികളും) ചെയ്തുകൊള്ളണ മെന്ന് ആജ്ഞാപിക്കുകയും ചെയ്തു. ഇതാണ് വി. കുർബാന സ്ഥാപനം. യോ. 6-ാം അദ്ധ്യായത്തിൽ ഈ ശരീരരക്തത്തോടെയ ല്ലെങ്കിൽ ജീവനില്ലെന്നും "ശിക്ഷാവിധി" ഭക്ഷിക്കുകയും കുടിക്കു കയുമാണെന്ന് വി.പൗലോസ് മുന്നറിയിപ്പും തരുന്നുണ്ട് (1 കൊരി. 11:29). വി. കുർബാനയെപ്പറ്റി കൂടുതൽ വിവരങ്ങൾ എന്റെ "സഭാ ചരിത്രം-വിശ്വാസാചാരങ്ങൾ" എന്ന പുസ്തകത്തിൽ കാണാം. ഒരു കാര്യം പ്രത്യേകം സ്മരണീയമാണ്. അതായത്-പെസഹാ-പുളിപ്പി ല്ലാത്ത അപ്പത്തിന്റെ (Feast of the unleavened bread) വി. കുർബാന സ്ഥാപനത്തിൽ കർത്താവ് എടുത്തുവാഴ്ത്തിയത് 'ലഹ്മോ' പുളി പ്പുള്ള അപ്പമാണ്. പ്രത്യേകം സ്മരണീയമാണ്. ഇംഗ്ലീഷിലും മല യാളത്തിലും രണ്ടിനും BREAD എന്നു പറയാം. (2) നമ്മുടെ കർത്താ വുമൊരുമിച്ചു ആ സന്ദർഭത്തിലുണ്ടായിരുന്ന വി. യോഹന്നാൻ ശ്ലീഹായുടെയും 12 ശ്ലീഹന്മാരുടെയും കുർബാന (ക്രമം) അവർ സ്പഷ്ടമായി പറയുന്നുണ്ട്. വി. കുർബാനസ്ഥാപനം അത്താഴം കഴിഞ്ഞതിനുശേഷമാണ് എന്ന്. വി.മർക്കോസിന്റെ ക്രമത്തിലും അങ്ങനെതന്നെ. മോർ മത്തായി റോയോയുടെ ക്രമത്തിൽ 'പുളി പ്പുള്ള അപ്പം' എന്നു പ്രത്യേകം പറയുന്നുണ്ട്. ഈ വി. കുർബാന നമ്മുടെ കർത്താവുതന്നെയാണ്. "അഗ്നിമയന്മാർ ആരെ നോക്കിൽ വിറച്ചീടുന്നു. അവനെ മേശയിൽ അപ്പം വീഞ്ഞായ് നീ കാണുന്നു. ആരെ മിന്നലുടുത്തവർ നോക്കിൽ എരിയുന്നുടനെ അവനെ മൺമയർ ഭക്ഷിച്ചുമുഖം തെളിയുന്നേറ്റം."

I. വി. കുർബാന

വി. കുർബാനയെപ്പറ്റി പുതിയനിയമം 3 കാര്യങ്ങൾ പ്രസ്താ വിക്കുന്നു. 1. വി. കുർബാന നൽകപ്പെടുമെന്നുള്ള വാഗ്ദാനം. 2. കുർബാന സ്ഥാപിച്ചതോടുകൂടി നടന്ന വാഗ്ദാന പൂർത്തീക രണം. 3. ഇക്കാര്യത്തെപ്പറ്റി ശ്ലൈഹികസഭയുടെ വിശ്വാസം.

(1,2) വി. കുർബാന സ്ഥാപിക്കുന്നതിനുമുമ്പുതന്നെ അതേപ്പറ്റി വാഗ്ദാനം ചെയ്തിരുന്നു. അതിന്റെ സ്വഭാവം, ശക്തി, ആവശ്യകത എന്നിവയെപ്പറ്റി താൻ പ്രസ്താവിച്ചിരുന്നു. ശാരീരിക ഭക്ഷണത്തിൽ നിന്നും അവരുടെ ബോധത്തെ ആത്മിക ഭക്ഷണത്തിലേക്കുയർത്തുവാൻ താൻ തിരുമനസ്സായി... വി.യോഹന്നാൻ 6-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ, അയ്യായിരംപേരെ പോഷിപ്പിച്ചതും വെള്ളത്തിന്മീതെ നടന്നതുമായ രണ്ടത്ഭുതങ്ങൾ 26-ാം വാക്യംവരെ പ്രതിപാദിച്ചിരിക്കുന്നു. 26 മുതൽ 59 വരെയുള്ള വാക്യങ്ങൾ തന്നിലുള്ള വിശ്വാസം തന്റെ തിരുശരീരക്തങ്ങൾ എന്നിവയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. 48 മുതൽ 59വരെയുള്ള വാക്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക,

ദൈവികമായ ഈ രഹസ്യം ഏറ്റം പ്രധാനമായ ഒരവസരത്തിൽ ചെയ്യുവാൻ താൻ നിശ്ചയിച്ചു. പഴയനിയമപെരുനാളുകളിൽ പ്രധാനമായ പെസഹാ ദിനം അടുത്തിരുന്നു. ലോകാരംഭംമുതൽ നിശ്ചിതമായിരുന്ന രക്ഷയിൽ കുഞ്ഞാടിനെ ഈ പെസഹാ ദൃഷ്ടാന്തീകരിച്ചിരുന്നു (റോ. 13:8), ലോകത്തിന്റെ പാപത്തെ വഹിക്കാനിരുന്ന ദൈവകുഞ്ഞാടിന്റെ (യോഹ. 1:29 ആ സത്യബലി നടത്തുന്നതിനുള്ള സമയവും അടുത്തിരുന്നു. താൻ ഏല്പിക്കപ്പെടുന്ന രാത്രിയിൽ പന്തിരുവരോടുകൂടി സെഹിയോൻ മാളികയിൽ താൻ ആഗതനായി (1 കൊ. 11:24). ആദ്യമായി പഴയനിയമ പെസഹായെ നിവർത്തിച്ചു. ലൂ. 22:15. അതിനുശേഷം താഴ്മയുടെയും പരസ്പര സ്നേഹത്തിന്റെയും സുകൃതം അവരെ പഠിപ്പിക്കുവാൻ ശ്ലീഹാന്മാരുടെ കാലുകൾ കഴുകി (യോ. 13;24-35); തന്റെ കഷ്ടാനുഭവത്തെക്കുറിച്ച് താൻ മുമ്പു പറഞ്ഞവ അവരെ ഓർമ്മിപ്പിച്ചുകൊണ്ട് തന്നെ ഒറ്റികൊടുക്കുന്നവൻ ആരെന്ന് അവരെ കാണിച്ചു. മത്താ. 26: 21-25. ഇതിനുശേഷം വി. കുർബാന താൻ ശ്ലീഹന്മാർക്ക് ഏല്പിച്ചുകൊടുത്തു. മത്താ. 26:20 മർക്കോ. 14:22-24. 1 കൊ. 11: 22-27. ലൂ. 22:19-20 ഇങ്ങനെ ദൃഷ്ടാന്തപരമായ പഴയനിയമ പെസഹാ നിവർത്തിച്ചശേഷം, രക്തം കൂടാത്ത പുതിയനിയമത്തിൽ സത്യബലിയാകുന്ന സാക്ഷാൽ പെസഹാ അവർക്കു ഏല്പിച്ചുകൊടുത്തു. ലോകാവസാനംവരെ ഇതിനാൽ തന്റെ ഓർമ്മയെ നിവർത്തിക്കുവാൻ താൻ അവരോടു കല്പിക്കുകയും ചെയ്തു. ഇതെല്ലാം യഹൂദന്മാരുടെ പെസഹാദിനമായ മേടമാസം 14 ന് നിർവഹിച്ചു.

യോഹന്നാൻ 6-ൽ 7 വാക്യങ്ങളിലായി (52, 54, 55-59) തന്നെത്തന്നെയും തന്റെ മാംസത്തെയും രക്തത്തെയും അനുഭവിക്കണമെന്ന് കർത്താവ് ആവർത്തിച്ചുപറയുന്നു. ഈ വാക്കുകൾ അക്ഷരാർത്ഥത്തിലാണോ മനസ്സിലാക്കേണ്ടത്? പൂർവ്വികസഭകളെല്ലാം അവയെ അക്ഷരാർത്ഥത്തിൽ മനസ്സിലാക്കുന്നു. ആഗ്ളിക്കൻ സഭയുടെ

വിശ്വാസം (King's Highway) താഴെ പറയും പോലെയാണ്. He did not say, this represents my body or this is a symbol in my body; but "This is my body" Nor did He say "Take this bread and it will become My body to those who receive it with faith, nor take this bread and the act of taking it, will help you to spiritual communion with me. the plain meaning of his words is: This bread which I hold in my hands, is my body by virtue of my creative word; therefore take it and eat it. This is the only way in which Catholic Church has understood our Lord's words ever since St.Paul taught. We cannot explain 'how' the bread and wine become his body and blood, any more than we can explain how the divine and human were made out in the Babe of Bethlehem. "Christ took the bread and break it. His was the word that spake it; And what that word doth make it, that I believe and take it." ഇതിനും പുറമെ 28-ാം Article of Religion നിലും ഈ വിധം പ്രസ്താവിച്ചിരിക്കുന്നു. പ്രോട്ടസ്റ്റന്റുസഭയും മറ്റു വിഭാഗങ്ങളും രൂപകാർത്ഥത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു. ഈ പ്രഭാഷണത്തിന്റെ സ്വാഭാവികതയിൽനിന്നും, അക്ഷരാർത്ഥത്തിൽതന്നെയാണ് നാം വിശ്വസിക്കേണ്ടതെന്നു സ്പഷ്ടമാകുന്നു. കാരണം 1. താൻ പറയുന്നകാര്യം ഉറപ്പിക്കുന്നതിനുവേണ്ടി സത്യമായിട്ട് എന്ന പദം ആവർത്തിച്ചുപയോഗിക്കുന്നു. 2. അക്ഷരാർത്ഥത്തിൽ ഗ്രഹിച്ച ശ്രോതാക്കളിൽ ചിലർ ഇതു കഠിനവാക്ക് എന്നു പറഞ്ഞ് പിൻവാങ്ങിപ്പോയിട്ടും തന്റെ വാക്കുകളുടെ ഗൗരവം താൻ ലാഘവപ്പെടുത്തിയില്ല (യോ. 6:61-67). 3. രൂപകാർത്ഥങ്ങളെ സൂചിപ്പിക്കുന്ന പദപ്രയോഗങ്ങൾ കേൾവിക്കാർ അക്ഷരാർത്ഥത്തിൽ ഗ്രഹിച്ചിട്ടുള്ളപ്പോഴെല്ലാം ആ തെറ്റിദ്ധാരണയെ താൻ നീക്കിയിരുന്നു. (1) വീണ്ടും ജനിക്കൽ (2) ശിഷ്യന്മാർ 'അറിയാത്ത ഭക്ഷണം' (3) യഹൂദന്മാരെ സ്വതന്ത്രരാക്കുന്ന സത്യം (4) ലാസറിന്റെ ഉറക്കം (5) പരീശസാദൂക്യന്മാരുടെ പുളിച്ച മാവ് മുതലായവ (യോ. 3:3, 4:32, 8:32, 11:11 മത്താ. 16:6)

3. അപ്പോസ്തലകാലത്തെ വിശ്വാസം. 1) 1 കൊരി 11:18-30. വി. പൗലൂസ് ഈ ഭാഗത്ത് 'ശരീരവും രക്തവും' അനുഭവിക്കുന്നവർ കർത്താവിന്റെ മരണമാണ് ഓർമ്മിക്കുന്നതെന്നും അയോഗ്യതയോടുള്ള അനുഭവം അപരാധമാണെന്നും അനുഭവത്തിനുമുമ്പ് സ്വയപരിശോധന വേണമെന്നും അതു കൂടാതെയെങ്കിൽ ശിക്ഷാവിധിക്കു പാത്രമാകുമെന്നും സ്പഷ്ടമായിപ്പറയുന്നു. (2) 1 കൊ. 10: 15-17 ഭാഗത്തുനിന്നും 'സ്തോത്രത്തിന്റെ പാനപാത്രം' ക്രിസ്തുവിന്റെ രക്തത്തിലും 'മുറിക്കുന്ന അപ്പം' ക്രിസ്തുവിന്റെ ശരീരത്തിലും പങ്കുകൊള്ളലാകുന്നുവെന്നും സുസ്പഷ്ടം കാണിക്കുന്നു.

II. സഭാപിതാക്കന്മാർ

വി. ഇഗ്നാത്യോസ് നൂറോനോ (+ 107) വി. പത്രോസ് അന്ത്യോക്യാ സിംഹാസനത്തിലേക്ക് വാഴിച്ച വി. ഇഗ്നാത്യോസ് വേദവിപരീതി കൾക്കെതിരായി പറയുന്നു. അവർ കുർബാനയിൽനിന്നും വിരമി ച്ചിരിക്കുന്നു. എന്തെന്നാൽ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതും പിതാവും തന്റെ കാരുണ്യത്താൽ ഉജ്ജീവിപ്പിച്ചതുമായ നമ്മുടെ കർത്താവേശു മിശിഹായുടെ ശരീരമാണ് കുർബാന എന്ന് അവർ ഏറ്റുപറയുന്നില്ല. (സ്മിർണ്ണാലേഖനം) 2) വി. യുസ്തീനോസ്. (100-167) ഇവയെ സാധാരണ അപ്പമായും സാധാരണ പാനീയവു മായിട്ടല്ല ഞങ്ങൾ സ്വീകരിക്കുന്നത്, പ്രത്യുത ദൈവത്തിന്റെ വചന ത്താൽ ഞങ്ങളുടെ രക്ഷകനായ മിശിഹാ ശരീരമെടുത്തതുപോലെ ഈ ആഹാരവും അവന്റെ വാക്കുകൾ അടങ്ങിയിരിക്കുന്ന പ്രാർത്ഥന കൾക്കുശേഷം, മനുഷ്യാവതാരം ചെയ്ത യേശുവിന്റെ മാംസവും രക്തവുമാണെന്നു ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു. 3) വി. അത്താനാ സ്യോസ്. (295-373) അപേക്ഷകൾ നടത്താത്ത സമയംവരെയുള്ള അപ്പവും വീഞ്ഞും സാധാരണമായവതന്നെ. എന്നാൽ മഹത്തും അത്ഭുതകരവുമായ പ്രാർത്ഥനകൾ അവസാനിപ്പിച്ചു കഴിയുമ്പോൾ അപ്പം കർത്താവിന്റെ ശരീരവും രക്തവുമായിത്തീരുന്നു. 4) യറുശ ലേമിലെ വി. കൂറീലോസ് (313-386) ക്രിസ്തു തന്നെ, അപ്പത്തെപ്പറ്റി ഇതെന്റെ ശരീരമാകുന്നു എന്ന് കല്പിച്ചിരിക്കെ ഇനി ആരു സംശ യിക്കാൻ ധൈര്യപ്പെടും. ഇതെന്റെ രക്തമാകുന്നുവെന്നത് ആരെ ങ്കിലും സംശയിക്കുമോ? കാനാവിൽവച്ച് വെള്ളത്തെ വീഞ്ഞാക്കി ത്തീർത്തു. ആകയാൽ താൻ വീഞ്ഞു രക്തമാക്കിത്തീർത്തത് നമുക്ക് വിശ്വസിക്കരുതോ? 5) 2) വി. മോർ ഇവാനിയോസ്. (344-407) കാസാ യിൽ ഉള്ള ഇത് തന്റെ വിലാവിൽനിന്ന് ഒഴുകിയ രക്തംതന്നെ ആകുന്നു. നാം അതിന്റെ ഭാഗഭാക്കുകളാകുന്നു. ഈ ശരീരം ആണി കളാൽ തുളയ്ക്കപ്പെട്ടു ചമ്മട്ടി അടിയേറ്റു. സ്നേഹാധിക്യം നിമിത്തം ഈ ശരീരം എടുക്കുന്നതിനും ഭക്ഷിക്കുന്നതിനും അവൻ നമുക്കു നൽകിയിരിക്കുന്നു. 6) വി. അപ്രേം. (306-373) വി. കുർബാനയുടെ സ്ഥാപനവേളയിൽ ക്രിസ്തു കല്പിച്ച വാക്കുകളെ വ്യാഖ്യാനിച്ചു കൊണ്ട് താൻ ശിഷ്യന്മാരോട് ഇങ്ങനെ പറയുന്നതായി എഴുതുന്നു: ഇപ്പോൾ ഞാൻ നിങ്ങൾക്കു തന്നത് അപ്പമായി നിങ്ങൾ വിചാരിക്ക രുത്... എന്റെ ശരീരം എന്നു ഞാൻ വിളിച്ചത് യഥാർത്ഥത്തിൽ ശരീരം തന്നയാകുന്നു... ഇതിനെ അവഗണിക്കയൊ നിന്ദിക്കുകയൊ അധിക്ഷേപിക്കയൊ ചെയ്യുന്നവൻ, അതിനെ ശരീരമെന്നു വിളി ക്കുകയും യഥാർത്ഥമായി തന്റെ ശരീരമാക്കിത്തീർക്കയും ചെയ്ത

പുത്രനെ അധിക്ഷേപിക്കുന്നു. (താഴെ ഓരോ സന്ദർഭങ്ങളിലായി പിതാക്കന്മാരുടെ പ്രസ്താവനകൾ കൂടുതൽ വരുന്നതാണ്)

III ആദ്യനൂറ്റാണ്ടുകളിലെ വിശ്വാസം (സുറിയാനിസഭ)

നിശ്ചിത പ്രാർത്ഥനകളുടെശേഷം സത്യമായും വി. കുർബാനയിൽ അപ്പവും വീഞ്ഞും അദൃശ്യമായി തിരുശരീരരക്തങ്ങളായി വ്യത്യാസപ്പെടുന്നു. വി. കന്യകയിൽനിന്നും വി. റൂഹായുടെ ശക്തിയാൽ മിശിഹാ ജഡരക്തങ്ങൾ സ്വീകരിച്ചതുപോലെതന്നെ. ഇതിനുശേഷം സാധാരണ ഭക്ഷണവും പാനീയവുമായി അവ പരിഗണിക്കപ്പെടുന്നില്ല. (മോർ ഇഗ്നാത്യോസ്, വി. യൂസ്തീനോസ്, വി. ക്ലീമീസ്, വി. സിപ്രിയൻ-തെർത്തുല്യൻ) ഈ വിശേഷത ഒരിക്കലും ഭേദപ്പെടുന്നില്ല. വി. കുർബാന ആത്മാവിന് പുലർച്ച നൽകി, വിശ്വാസിയെ ശക്തിപ്പെടുത്തുകയും ആത്മശരീരങ്ങളെ വിശുദ്ധീകരിക്കുയും ചെയ്യുന്നു. വിപരീത ശത്രുക്കളുമായുള്ള പോരാട്ടത്തിൽ അവരെ അജയ്യരാക്കുന്നു. (വി.സിപ്രിയൻ) മരണമില്ലായ്മയുടെ ഔഷധം, നിത്യജീവന്റെ അച്ചാരവുമാകയാൽ (വി.ഇഗ്നാത്യോസ്) വി. കുർബാനാനുഭവശേഷം വിശ്വാസികളുടെ ശരീരങ്ങൾ നാശരഹിതമായിത്തീർന്ന് ജീവനിലേക്കുള്ള പുനരുത്ഥാനം അവർക്കു സിദ്ധിക്കുകയും ചെയ്യുന്നു. (വി. യൂസ്തിനോസ്)

IV വി. കുർബാനയുടെ നാമങ്ങൾ

1. ക്നുശിയോ (ഏകീകരണം) ഭിന്നിച്ചുപോയ നമ്മുടെ ചിന്തകൾ നിത്യജീവങ്കലേക്ക് ഈ കൂദാശയാൽ ഏകീകരിക്കപ്പെടുന്നു. 2. ശൗത്തോപ്പൂസോ (സംബന്ധം) മിശിഹായുടെ ശരീരത്തോട് നാം സംബന്ധികളായിത്തീരുന്നു. തന്നോടൊന്നിച്ച് ഒരു ശരീരമായിത്തീരുന്നു. 3. കുറോബോ (അടുപ്പം) ഇതിനാൽ ദൈവവും നാമും പരസ്പരം അടുത്തുവരുന്നു. 4. കുർബോനൊ ഇതിനാൽ ജീവനുള്ള ബലിയെ ദൃഷ്ടാന്തീകരിക്കുന്നു. 5. റോസെ-രഹസ്യങ്ങൾ-മാളികയിൽവച്ച് വി. രഹസ്യം എന്ന നിലയിൽ ഇതു നൽകപ്പെട്ടു. 6. ഗ്മീറുസ് ഗ്മീർവോസൊ-(പൂർണ്ണതകളുടെ പൂർണ്ണത), സകലത്തിലും പൂർണ്ണനായവനോട് ഇതിനാൽ നാം ഏകമായിത്തീരുന്നു. ദൈവിക കൂദാശകളൊന്നും ഇതുകൂടാതെ പൂർണ്ണമാകുന്നില്ല. (സൽഗാ, മൂശെബർകീപ്പാ) 7. എവുക്കാറിസ്തിയ-(നല്ലദാനസ്തോത്രം). നിത്യജീവനെ ദൃഷ്ടാന്തീകരിക്കുന്നതിനാലും (റോമ. 6:23) സത്യദാനവും സർവദാനങ്ങളും നൽകുന്നവനുമായ മിശിഹാ ഇതിൽ സ്ഥിതിചെയ്യുന്നതിനാലും നൽകുന്നതിനാലും നല്ലദാനം എന്നു വിളിക്കപ്പെടുന്നു. വി. സഭ ഈ ബലി നിവർത്തിക്കുമ്പോൾ

നമ്മോടുള്ള ദൈവത്തിന്റെ സർവ്വ നന്മകൾക്കുമായി തന്നെ സ്തോത്രം ചെയ്യുന്നു. കൃപയിൻ ദാനങ്ങൾക്കുവേണ്ടി തന്നെ സ്തോത്രം ചെയ്യുന്നു. 5. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രഹസ്യം; ഇതിനാൽ മിശിഹായോടു നമ്മെ യോജിപ്പിക്കുകയും അന്യോന്യം നിരപ്പാക്കുകയും ഏകശരീരത്തിന്റെ അംശികളായിത്തീരുകയും ചെയ്യുന്നു. 9. കർത്തൃമേശ. (1 കൊ. 10:22) തിരുശരീരരക്തങ്ങൾ രക്ഷാകര ഭക്ഷണപാനീയങ്ങളായി അർപ്പിക്കപ്പെടുന്നു. 10. വഴിയാഹാരം. ഈ ലോകത്തിൽ നാം പോഷിക്കപ്പെടുന്ന ആത്മികാഹാരവും നിത്യമഹത്വത്തിലേക്കുള്ള വഴിയിൽ നമ്മെ കാത്തുകൊള്ളുന്നതും ആകയാൽ, ഈ കൂദാശ പ്രാപിക്കാതെ വാങ്ങിപ്പോകരുത് എന്നൊരു പതിവ് ആദിമുതലേ സഭയിൽ ഉണ്ടായിരുന്നു. നിഖ്യാ 13-ാം കാനോൻ ഇതു സ്ഥിരപ്പെടുത്തുന്നുണ്ട്. 11. ആത്മികപോഷണം. **വിശുദ്ധകുർബാന-അതിന്റെ ദൃശ്യഭാഗം.** 3. കാര്യങ്ങൾ ഇവിടെ ചിന്തനീയമാണ്. 1. പദാർത്ഥം 2. ശുശ്രൂഷ 3. പ്രത്യേക വചനങ്ങൾ 1. പദാർത്ഥവും-അപ്പവും വീഞ്ഞും. അപ്പം ഗോതമ്പു കൊണ്ടുള്ളതായിരിക്കണം. കാരണം (1) കർത്താവ് ഉപയോഗിച്ചത് അതായിരുന്നു. (2) സഭയുടെ ആരംഭം മുതൽ ഉപയോഗിച്ചുവന്നതും സഭ കല്പിച്ചിരിക്കുന്നതും അതാണ്. (വി. ഐറേനിയോസ് കാർത്തേജ് സുന്നഹദോസ്) (3) പുളിപ്പുള്ളതായിരിക്കണം. (ഹമീറാ) കർത്താവ് അതാണുപയോഗിച്ചത്. വി.സഭ ആദ്യം മുതൽ ഉപയോഗിച്ചതും അതാണ്. 'Other notable custom peculiar to the East is the use of the leavened bread as it was in the West for centuries എന്നാണ്. പത്തീറാ (പുളിപ്പില്ലാത്ത അപ്പം) ഉപയോഗിക്കുന്ന റോമാ സഭയിലെ പണ്ഡിതന്മാർ - പറയുന്നത്. 'വീഞ്ഞു' മുന്തിരിങ്ങായിൽനിന്നുള്ളതായിരിക്കണം- കാരണം - 1. കർത്താവ് അപ്രകാരം പ്രവർത്തിച്ചു. (2) വി. സഭ ആരംഭം മുതൽ അതാണുപയോഗിച്ചത്. (3) വി. ശ്ലീഹന്മാർ ഭാരമേൽപ്പിച്ചതനുസരിച്ച് വെള്ളവുമായി കലർത്തപ്പെട്ടതായിരിക്കണം. (ശ്ലീ. കല്പനകൾ 8: 22) മോർ ബാറെബ്രായ പറയുന്നതും അതുതന്നെ. (മ്നാറസ് കുദ്ശേ) വീഞ്ഞും വെള്ളവും ഒഴുകി. രക്തം മാത്രമല്ല എന്നത്രെ. (കാസായിൽ വീഞ്ഞും വെള്ളവും കലർത്തുമ്പോൾ പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥനയിൽ ഇക്കാര്യം പറയുന്നുണ്ട്. തന്റെ ജീവാവസ്ഥയെ വീഞ്ഞും മരണാവസ്ഥയെ വെള്ളവും കാണിക്കുന്നു. സ്കീപ്പായിൽവെച്ച് തിരുവിലാവിൽ നിന്ന് ഒഴുകിയതുപോലെതന്നെ എന്നു മോർ ബാറെബ്രായ (മ്നാറസ്...)യും, 'കാസായിലുള്ള വീഞ്ഞു വെള്ളത്തോടു കലർത്തപ്പെടുമ്പോൾ ജനം മിശിഹായോടു യോജിക്കുന്നുവെന്നു വി. കുപ്രിയാനോസും പറയുന്നു. The custom of mixing water with wine... has been common

in the Christian Church from the earliest period, it is attested by all the early fathers and it may have been practised by our Lord himself at the institution of the Eucharist. (Bk. of Com. Prayers) ദൃശ്യമായ ഭാഗം കുർബ്ബാനയുടെ ശുശ്രൂഷ 3 ഭാഗമായി ഇതു നാം മനസ്സിലാക്കണം. 1. ബലിയിൽ (കാഴ്ച) ശുശ്രൂഷ ഈ ഭാഗത്ത് കൂദാശയ്ക്ക് ആവശ്യമായ പദാർത്ഥം ഒരുക്കുന്നു. (തുയോബൊ)

ക്രൂശാരോഹണം

ദുഃഖവെള്ളിയുടെ ശുശ്രൂഷാക്രമത്തിലെ ഗീതത്തിൽ കാണാം. അമ്മാനുവേൽ ആകുന്ന ദൈവം ക്രൂശിന്മേൽ തൂക്കപ്പെട്ടു. പരാക്രമശാലിയായവന്റെ പുത്രൻ തലചായ്ച് മരിച്ചു. അപ്പോൾ ആത്മാവിനെ മാത്രമെ ക്രൂശിൽവച്ച് കൈവിട്ടുള്ളൂ! തന്റെ നിത്യതയാകട്ടെ തന്റെ ശരീരത്തിൽനിന്ന് വേർപെട്ടില്ല. മാനുഷിക ജീവൻ മാത്രമല്ലാതെ തന്റെ നിത്യജീവാവസ്ഥ ഉപേക്ഷിച്ചില്ല. ഇതിനുംപുറമെ സഭാ വേദശാസ്ത്രജ്ഞന്മാർ ദീവന്നാസിയോസ് ബർസ്ലീബി ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ താഴെ കാണുംപ്രകാരം. "വചനമായ ദൈവം ഇപ്രകാരം സത്യമായും ജഡത്തിൽ കഷ്ടതയനുഭവിക്കുകയും ബലിയർപ്പിക്കപ്പെടുകയും കുരിശിൽവച്ച് ഖണ്ഡിക്കപ്പെടുകയും ചെയ്തു. തന്റെ ആത്മാവ് ശരീരത്തിൽനിന്നും വേർപെട്ടു... തന്റെ ആത്മാവിൽനിന്നൊ ശരീരത്തിൽനിന്നൊ തന്റെ ദൈവത്വം വേർപെട്ടില്ല. തന്റെ വിലാവിൽ കുന്തംകൊണ്ട് കുത്തുകയും ലോകം മുഴുവനും പാപപരിഹാരപ്രദമായ രക്തവും വെള്ളവും അതിൽനിന്ന് ഒഴുകി തന്റെ ശരീരം മുഴുവനും അതിൽ മുക്കുകയും ചെയ്തു. ലോകം മുഴുവന്റെയും പാപത്തിനുവേണ്ടി പുത്രൻ കുരിശിൽ മരിച്ചു. വീണ്ടും ആത്മാവ് വന്ന് തന്റെ ശരീരത്തോട് ചേരുകയും ഇടത്തേതിനടുത്ത ജീവിതരീതിയിൽനിന്ന് വലത്തേതിനടുത്തതിലേക്ക് ഞങ്ങളെ തിരിക്കുകയും ചെയ്തു.

തന്റെ രക്തംമൂലം സമാധാനം സ്ഥാപിക്കുകയും സ്വർഗ്ഗീയരെയും ഭൗമികരെയും സ്വജാതിയരെയും വിജാതിയരെയും ആത്മാവിനെയും ശരീരത്തെയും തമ്മിൽ യോജിപ്പിക്കുകയും ചെയ്തിട്ട് മൂന്നാംദിവസം കബറിൽനിന്ന് ഉത്ഥാനം ചെയ്തു. അവിഭാജ്യമായ ആ സംയോജനത്തിനുശേഷം അമ്മാനുവേൽ ഏകൻ മാത്രമാകുന്നു. രണ്ടു സ്വഭാവങ്ങളായി വിഛേദിക്കപ്പെട്ടുകൂടാ. ഇപ്രകാരം ഞങ്ങൾ വിശ്വസിക്കുന്നു. ഇങ്ങനെ ഞങ്ങൾ ഏറ്റുപറയുന്നു. ഇങ്ങനെ ഞങ്ങൾ ഉറപ്പിച്ചുപറയുകയും ചെയ്യുന്നു. ഈ ശരീരം ഈ രക്തത്തിന്റേതാകുന്നു. ഈ രക്തം ഈ ശരീരത്തിന്റേതാകുന്നു.

തന്നിൽനിന്നും "ദൈവത്വം" വിട്ടുമാറിയില്ല എന്നതിന് ഉയിർപ്പു ദിവസത്തെ പ്രാർത്ഥനയും സാക്ഷ്യം നൽകുന്നു...- "ദൈവം ഉയിർത്തു മഹത്വത്തോടാദാമിനെയും തൻ മക്കളെയും ജീവിപ്പിച്ചു..." ദുഃഖവെള്ളി. പ്രാർത്ഥനയിൽ: ക്രൂശിലെ മരണസമയത്തെ —തന്റെ ദൈവത്വത്തെപ്പറ്റി സ്പഷ്ടമായി പറയുന്നു: "അമ്മാനുവേൽ ആകുന്ന ദൈവം ക്രൂശിന്മേൽ തൂക്കപ്പെട്ടു. സർവ്വശക്തനായ ദൈവത്തിന്റെ പുത്രൻ-തലചായിച്ചു മരിച്ചു. ക്രൂശിൽവച്ചുതന്റെ ആത്മാവ് വേർപെട്ടതെയുള്ളൂ. തന്റെ നിത്യത ശരീരത്തിൽനിന്നും വേർപെട്ടില്ല." അതായത് മരിച്ചപ്പോഴും തന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ വേർപെട്ടില്ല. നമ്മുടെ കർത്താവ് ജനിച്ചപ്പോഴും മാമോദീസാ ഏറ്റപ്പോഴും പ്രവർത്തിച്ചപ്പോഴും മരിച്ചപ്പോഴും സംസ്കരിക്കപ്പെട്ടപ്പോഴും ഉയിർത്തപ്പോഴും താൻ പൂർണ്ണദൈവവും മനുഷ്യനുമായിരുന്നു.

മരണസമയത്തെ അത്ഭുതങ്ങൾ

ക്രൂശിൽതറയ്ക്കൽ

ഇത് റോമൻ നിയത്തിലെ കടുത്ത ശിക്ഷയായിരുന്നു. ക്രൂശിൽ തറയ്ക്കാൻ കൊണ്ടുപോകുമ്പോൾ - കുറ്റവാളിയുടെ കുറ്റം എഴുതിയ പലക കഴുത്തിൽ തൂക്കിയിട്ടിരിക്കും. ഈ രീതിയിലുള്ള പലകയാണ് പീലാത്തോസ് എഴുതി കുരിശിന്റെ മുകളിൽ വച്ചിരുന്നത് (മത്താ. 27.37; മർ. 15-26; ലൂ. 23-38; യോ. 19-19). **കുരിശ് എന്നതിന്റെ ആത്മിക അർത്ഥം** -(1) കർത്താവ് കുരിശിന്മേൽ മരിച്ചതിനാൽ-രക്ഷയെ പ്രഖ്യാപനം ചെയ്യുന്ന സുവിശേഷം തന്നെ. (1 കൊരി. 1-18). (2) ക്രിസ്തു നമുക്കായി സമ്പാദിച്ച രക്ഷയ്ക്കും നമുക്കായി സ്ഥാപിച്ച സഭയ്ക്കും മതത്തിനും അടയാളമായിത്തീർന്നു. (3) താൻ അനുഭവിച്ച കഷ്ടതകൾക്കും മരണത്തിനും കുരിശ് അടയാളമാകയാൽ—ക്രിസ്ത്യാനിക്കുണ്ടാകാവുന്ന ഏതു ഉപദ്രവത്തെയും മാനഹാനിയെയും കുറിക്കുന്നു. (2) യേശു നമ്മുടെ രക്ഷയ്ക്കായി ക്രൂശിക്കപ്പെട്ടു. (യോ. 3.16; റോ. 5:8-10; യോ. 4-10; ഏശാ. 53.4-5) (3) സുറിയാനിക്കാരൻ വി. മോർ ഇസഹാക്ക് പറയുന്നു: "Is it just that God should suffer for us. what nest of justice is it? We sinned and He gave His only begotten son on the cross. It is not so much God's Justics as his love that speaks from the cross-on which he was crucified for our salvation", "ക്രൂശാരോഹണസമയത്തെ അത്ഭുതങ്ങൾ മാലാഖമാരുടെ ധ്യാനവും യൗസേഫിന്റെയും നീക്കോദിമോസിന്റെയും പ്രതിപാദനവും പൂർവ്വോക്തമായിട്ടുണ്ട്. (2) ദൈവാലയത്തിന്റെ വാതിൽ മറ കീറി (1) റൂഹാ അവിടെനിന്നും

വിട്ടുപോയി. ഇനി അവിടെ ആവാസമില്ല. (2) ദൈവവും മനുഷ്യ നുമായുള്ള പ്രതിബന്ധം മാറിയിരിക്കുന്നു. (3) ദൈവസാന്നിദ്ധ്യ ത്തിനുള്ള മാർഗ്ഗം എല്ലാവർക്കുമായി തുറന്നിരിക്കുന്നു. 3. സൂര്യൻ അന്ധകാരപ്പെട്ടു (4.) ഭൂമി കുലുങ്ങി (5) കബറുകൾ തുറന്നു. അതാ യത് ഭൂമിക്ക് ഉയരെ, ഭൂമിയിൽ, ഭൂമിക്ക് താഴെ! ഇവയെല്ലാം നമ്മുടെ കർത്താവ് സർവ്വാധിനാഥൻ എന്നു കാണിക്കുന്നു. വിശുദ്ധരുടെ ശരീരങ്ങൾ ഉയിർത്തെഴുന്നേറ്റു. ഇവരെപ്പറ്റി മോർ ദീവന്നാന്യോസ് ബർസ്ലീബി: 1. അവർ കർത്താവിന്റെ പരസ്യശുശ്രൂഷാകാലത്ത് വിശ്വസിച്ചു മരിച്ചുപോയവർ 2. തന്റെ വരവിനെ മുൻകൂട്ടി കണ്ടവരും കാണാനാഗ്രഹിച്ചവരും ഇവർ യറുശലേമിൽ മൂന്നു ദിവസം കാണ പ്പെട്ടുവെന്നും സ്വന്തക്കാർ അവരെ തിരിച്ചറിഞ്ഞുവെന്നും ഭക്ഷണ മൊന്നും കഴിച്ചില്ലെന്നും കബറുകളിലേക്ക് പ്രത്യാഗമിച്ചുവെന്നും ആണ്.

ക്രൂശിൽനിന്നും ഏഴു ചെറിയ തിരുമൊഴികൾ

- എന്റെ ദൈവമേ, ... മത്താ. 27-46
- പിതാവേ, ഇവരോടു ക്ഷമിക്കേണമേ............ലൂ. 23:34
- നീ ഇന്ന് എന്നോടുകൂടെ.........................ലൂ. 23:43
- എനിക്കു ദാഹിക്കുന്നു .... യോ. 19-28
- സ്ത്രീയേ, ഇതാ അങ്ങേ പുത്രൻ........... യോ.19:26,27
- എല്ലാം നിവർത്തി ആയിരിക്കുന്നു ....യോ. 19:30
- എന്റെ പിതാവേ! എന്റെ ആത്മാവിനെ....ലൂ. 23:46

നമ്മുടെ കർത്താവിനെ തൂക്കിയ കുരിശ് കണ്ടെടുക്കപ്പെട്ടു

റോമാധിപനായിരുന്ന കുസ്തന്തീനോസ് ചക്രവർത്തി ശത്രുവു മായുള്ള യുദ്ധകാലത്ത് ഒരത്ഭുത കാഴ്ച കാണാനിടയായി. ഇതി നാൽ നീ വിജയിക്കും എന്ന അടിക്കുറിപ്പോടുകൂടി ആകാശത്തിൽ ഒരു ദർശനമുണ്ടായതിന്റെ ഫലമായി യുദ്ധോപകരണങ്ങളിലും കുരിശു കാണത്തക്കരീതിയിൽ നിർമ്മിച്ചു. യുദ്ധത്തിൽ അദ്ദേഹം പരിപൂർണ്ണ വിജയം നേടി. ക്രിസ്തുമതസംരക്ഷകനായി. പീഡകൾ അവസാനിച്ചു. കർത്തൃദിനമായ ഞായറാഴ്ച പരസ്യാരാധന പ്രചാര ത്തിലായി. ക്രിസ്തുമതം വളരുവാനും തുടങ്ങി. ചക്രവർത്തിയുടെ അമ്മ ഹെലെനി രാജ്ഞിക്ക് യറുശലേമിലെ തിരുകബറിങ്കൽ നിന്ന് അനുഗ്രഹം പ്രാപിക്കണമെന്നും നമ്മുടെ കർത്താവിനെ തൂക്കിയ കുരിശ് കണ്ടെടുക്കണമെന്നുമുള്ള ആഗ്രഹം ഉണ്ടാകയാൽ

അവിടേക്കു തീർത്ഥയാത്ര നടത്തി. പരിവാരസമേതം ചക്രവർത്തിനിയുടെ അന്വേഷണത്തിൽ—യഹൂദന്മാരുടെ ഏറ്റം പ്രായംകൂടിയ മൂപ്പനായ ശെമഓൻ എന്നയാൾക്കു അറിവുകാണുമെന്നു മനസ്സിലായതോടെ—അയാളെ വിളിപ്പിച്ചു, സൗമ്യമായി കാര്യം പറഞ്ഞപ്പോൾ ഒഴിഞ്ഞുമാറിയെങ്കിലും അവസാനം, ക്രൂശുകൾ മറച്ചുവച്ചിരുന്ന സ്ഥലം കാണിച്ചു. മൂന്നു കുരിശുകൾ! ഇവയിൽ നമ്മുടെ കർത്താവിന്റേത് ഏത്? ആ സമയത്ത് ഒരു മൃതദേഹം അവിടെ കൊണ്ടുവന്നിരുന്നു. രണ്ടുകുരിശുകളിൽ ഒന്നിൽ മൃതദേഹം വച്ചുവെങ്കിലും 3-ാമത്തേതു സ്പർശിച്ചപ്പോൾ മൃതൻ ജീവിച്ചെഴുന്നേറ്റു! രാജാക്കന്മാർ ദൈവാലയ നിർമ്മാണത്തിനുവേണ്ടതെല്ലാം ചെയ്യുകയും കൊടുക്കുകയും ചെയ്തശേഷം രാജ്ഞി റോമിലേക്കു കുരിശുമായി യാത്രയായി. രാജ്യമെല്ലാം റോമാസാമ്രാജ്യത്തിലായിരുന്നതിനാൽ ആഘോഷപൂർവ്വമായ സ്വീകരണമാണ് എല്ലായിടത്തുമുണ്ടായിരുന്നത്. റോമിലെത്തിയപ്പോൾ ചക്രവർത്തി വന്ന് നിലം പരിചെ കുമ്പിട്ടുവണങ്ങി യഥോചിതം അലംകൃതമായ സ്ഥാനത്ത് കുരിശിനെ സ്ഥാപിച്ചു. ഈ സംഭവത്തെ അനുസ്മരിച്ച് വി. സഭ സ്ലീബാ പെരുനാൾ ഇന്നും ആഘോഷിക്കുന്നു (സെപ്തം. 14). നമ്മുടെ കർത്താവിന്റെ കുരിശിന്റെ ഒരു ഭാഗം അന്നത്തെ യറുശലേം മെത്രാപ്പോലീത്തായിരുന്ന വി. കൂറിലോസിനു രാജ്ഞിയിൽനിന്നു ലബ്ധമായി. വിവിധരാജ്യക്കാർ അതിൽനിന്നും ചെറു ഭാഗങ്ങൾ കൊണ്ടുപൊയ്ക്കൊണ്ടിരുന്നു എന്ന് അദ്ദേഹത്തിന്റെ കൃതികളിൽ പ്രസ്താവിച്ചിട്ടുണ്ട്.

കുരിശുവരയ്ക്കൽ

ആന്തരാർത്ഥം: ദൈവപുത്രൻ മനുഷ്യരക്ഷാർത്ഥം സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്ക് ഇറങ്ങി: നെറ്റിയിൽ നിന്നു നെഞ്ചിലേക്ക് ഇടത്തേതിന്റെ (പിശാചിന്റെ) മക്കളെ വലത്തേതിന്റെ മക്കളാക്കി—ഇടത്തെ തോളിൽനിന്നു വലത്തെ തോളിലേക്ക്. ഈ കുരിശുവരയ്ക്കൽ രണ്ടാംനൂറ്റാണ്ടുമുതൽ തന്നെ നിലവിൽവന്നു. 2-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തെർത്തുല്യൻ എന്ന പണ്ഡിത പിതാവ് പറയുന്നത്: 1. ഞങ്ങൾ ഉറങ്ങുമ്പോഴും കുളിക്കുന്നതിനുമുമ്പും യാത്ര ഇറങ്ങുമ്പോഴും അവസാനിക്കുമ്പോളും ഭക്ഷണത്തിനുമുമ്പും-പിമ്പും പ്രാർത്ഥനാസമയത്തു പലപ്പോഴും കുരിശുവരയ്ക്കുന്നു. 2. Soon after Baptism; the sign of the cross in drawn on our forehead length of perfumed blessed oil (വി.മൂറോൻ).

പീലാത്തോസിന്റെ നാളുകളിൽ വിശ്വാസപ്രമാണത്തിൽ വിജാതീയന്റെ പേര് എടുത്തുപറയാൻ കാരണമെന്ത്? റോമാസാമ്രാജ്യ

ഭരണത്തിലിരുന്ന പ്രവിശ്യകൾക്കു ഗവർണ്ണർമാരെ നിയമിക്കുന്നത് പതിവായിരുന്നതുപോലെ നിയമിതനായിരുന്ന പീലാത്തോസ്-പെരുനാളുകളിൽ യറുശലേമിൽ ഉണ്ടായിരിക്കണം എന്ന പതിവുണ്ടായിരുന്നു. ക്രി. 36-ൽ ഇദ്ദേഹം വലിയ അക്രമങ്ങൾ ചെയ്തതിനെക്കുറിച്ചു വിസ്തരിക്കുവാൻ റോമിലേക്കു തിരിച്ചു വിളിക്കപ്പെട്ടു. പീലാത്തോസിനെപ്പറ്റി ഒരു പാരമ്പര്യമുണ്ട്. ഇദ്ദേഹവും ഭാര്യയും അവസാനം ക്രിസ്ത്യാനികളായെന്നും പട്ടാളക്കാർ കീറാതെ എടുത്തിരുന്ന കർത്താവിന്റെ അങ്കി ഇയാൾ ധരിച്ചിരുന്നുവെന്നും തന്റെ മഹാപാപമോർത്ത് ആത്മഹത്യചെയ്തെന്നും ഒരു തടാകത്തിൽ മൃതദേഹം ഇട്ടുവെന്നും പലപ്പോഴും അടുത്തുള്ള മലമുകളിൽ കയറി കൈ കഴുകുന്നതായി കാണപ്പെട്ടിരുന്നുവെന്നും മറ്റുമത്രേ. (അവലംബം- Lost Books of the Bible)

ഈ ആളുടെ പേര് എടുത്തുപറയുവാൻ കാരണം - It is to impress upon us, that the whole life and death and resurrection is not a myth-but an actual historical event that took place at a specific time in history. The name of Pilot in mentioned to emphasise that Jesus was a true historical person.

ജനനം ആഗസ്തോനോസ് കൈസറിന്റെ കാലത്ത്, ക്രൂശിക്കൽ-പീലാത്തോസിന്റെ കാലത്ത്. അതിനുംപുറമെ Gnostics and Docetists പഠിപ്പിച്ചിരുന്നത് സ്വർഗ്ഗീയനായ ക്രിസ്തു മനുഷ്യനിലേക്കു വന്നത് സ്നാന സമയത്തായിരുന്നു. അത് ക്രൂശാരോഹണസമയത്ത് വിട്ടുപോകുകയും ചെയ്തു. മനുഷ്യനായ യേശു കഷ്ടമനുഭവിച്ചപ്പോൾ-ദിവ്യനായ ക്രിസ്തു-ഒന്നും സഹിച്ചില്ല. മുൻപെ വേദവിപരീതികളുടെ അബദ്ധോപദേശങ്ങളും ഖണ്ഡിക്കുവാൻ ചരിത്രപരമായ തെളിവിനു സാധിക്കുമല്ലോ. കബറടക്കസമയത്തെ അത്ഭുതം നമ്മെ ഗ്രഹിപ്പിക്കുന്നു: പൂർവ്വിക ക്രിസ്തീയസഭകൾ എല്ലാം-എല്ലാ പ്രാർത്ഥനയിലും ശുശ്രൂഷകളിലും, നിർബന്ധമായി, പലപ്രാവശ്യം അർപ്പിക്കുന്ന സ്തുതി: ദൈവമേ! നീ പരിശുദ്ധനാകുന്നു; ബലവാനേ! നീ പരിശുദ്ധനാകുന്നു; മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു; എന്നിത്രയും അവിടെ സന്നിഹിതരായ മാലാഖമാർ പാടിയതാണ്. അവരോട് ചേർന്ന് യൗസേപ്പും, നിക്കോദിമോസും ഏറ്റു പാടിയതാണ്, 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ! ഞങ്ങളോടു കരുണ ചെയ്യേണമേ' എന്നത്.

കബറടക്കം മുതൽ പുനരുത്ഥാനം വരെ

നമ്മുടെ കർത്താവിന്റെ പാതാളപ്രവേശനത്തെപ്പറ്റിയുള്ള വേദ തെളിവുകൾ: 1 പത്രോ. 3.19; അ.പ്ര. 2-27; റോമാ. 10-7; എഫേ. 4-9;

ഫിലി. 2-10. **നമ്മുടെ കർത്താവിന്റെ കബറടക്കം-പാതാളപ്രവേശനം എന്നിവയെപ്പറ്റി-ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയിൽ കബറടക്കം കഴിഞ്ഞുള്ള** പ്രൂമിയോനിലും ഗീതത്തിലും സവിസ്തരം എഴുതിയിട്ടുള്ളതിനാൽ ഇവിടെ പകർത്തുന്നില്ല. എന്നാൽ മരണാനന്തരാവസ്ഥയെക്കുറിച്ചുള്ള ഒരു പരമസത്യം ഇവിടെക്കാണാം. നമ്മുടെ കർത്താവ് മരിച്ചവരോടു പ്രസംഗിച്ചതിനാൽ മരിച്ചവർക്കു ദൈവപുത്രന്റെ ശബ്ദം കേൾക്കാം!!

"പാതാളം പുക്കിടയൻ വിഗ്രഹസേവവിടർത്തി-തന്നുടെ സഭയെ രക്ഷിച്ചു. ജീവിച്ചു മഹത്വത്തോടെഴുന്നറ്റതിനെ ശക്ത്യാ, ശത്രുക്കളിൽനിന്നും വീണ്ടു" (കൃംതാ പ്രാർത്ഥന).

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം

St.Chrysostom emphasizes that had allowed Jesus to remain in the time (not our day) last 3 days to convincing that he was indeed dead.

3 ദിവസം കഴിഞ്ഞാലെ പൂർണ്ണമായി മരിക്കൂ എന്നും ആ സമയത്ത് ആത്മാവ് ആ പരിസരത്തുണ്ടായിരിക്കുമെന്നും യഹൂദർ വിശ്വസിച്ചിരുന്നു. ധൂപ സുഗന്ധ കൂട്ടുകളോടുകൂടി പോയ മറിയാമിനെയും മറ്റും കുറിച്ചു നാം വായിക്കുന്നുണ്ടല്ലോ. വി. സഭയുടെ പ്രാർത്ഥനക്രമത്തിൽ-(സുറിയാനി) "അയോ ദൊ ഇസ് വൊ ല് കീനെ"... അതായത് ആരംഭകാലം മുതൽ പരേതർക്കായി 3 ദിവസം ധൂപാർപ്പണം നടത്തുന്ന പതിവ് ആരംഭകാലംമുതൽ നീതിമാന്മാർക്ക് ഉണ്ടായിരുന്നു. നമ്മുടെ കർത്താവ് മരിച്ച് വി. റൂഹായാലും ഈറേന്മാരാലും മനുഷ്യരാലും സംസ്കരിക്കപ്പെടുമ്പോൾ - ആ ജീവനുള്ളത് ആദമിനെ മണ്ണിൽനിന്നു മറഞ്ഞവന് അവർ ധൂപാർപ്പണ്ണം ചെയ്തു.

3-ാം ദിവസത്തെ പുനരുത്ഥാനം

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനമാണ് ക്രിസ്തുമതത്തിന്റെ അതുല്യപ്രാധാന്യം (uniqueness). അതാണ് വി. പൗലോസ് കോരിന്ത്യരോട് ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം-നിങ്ങളുടെ കേൾവിയും വ്യർത്ഥം എന്നു സ്പഷ്ടമായി പറഞ്ഞിരിക്കുന്നത്. തന്റെ ഉയിർപ്പിനെക്കുറിച്ചു പ്രവാചകന്മാർ- സങ്കീ. 16:10 അ.പ്ര. 13.34. താൻതന്നെ മുന്നറിയിച്ചു. മത്താ. 20-19; മർ. 9-9; 14-28, യോ. 2:19-22 പുനരുത്ഥാനം തന്റെ ദൈവത്വത്തിന് തെളിവ്. അ.പ്ര. 13.33, റോ. 1:3, തന്റെ സഹനശക്തിയാൽ- യോ. 2:19-20 പരിശുദ്ധാത്മ - 1 പത്രോ. 3-18.

ഉയിർപ്പിനുശേഷമുള്ള പ്രത്യക്ഷതകൾ

1) മഗ്ദലനമറിയം (മർ. 16.9-യോഹ. 20.18. 2) സ്ത്രീകൾക്ക് മത്താ. 28-9. 3) പത്രോസിന് (ലൂ. 24-34) രണ്ടു ശിഷ്യന്മാർക്ക് (ലൂ. 24.13-31) ശ്ലീഹന്മാർക്ക് (യോ. 20:19-24) വീണ്ടും യോഹ. 26. തീബേരിയോസ് കടൽക്കരെ (യോ. 21-1), ഗലീലയിൽ വച്ച് (മത്താ. 28-14, 17); യാക്കോബിന് (1 കൊരി. 15-7); എല്ലാ ശ്ലീഹർക്കും (ലൂ. 24-36) **പ്രതിരൂപമായ ദൃഷ്ടാന്തങ്ങൾ**-ഇസഹാക്ക് (ഉൽ. 22-13 യോന. (2-10) മത്താ. 12-40 തന്റെ പുനരുത്ഥാനത്താൽ-ജീവനുള്ള പ്രത്യാശയ്ക്കായി ഇതിനാൽ വീണ്ടും ജനിപ്പിക്കപ്പെട്ടിരിക്കുന്നു. 1 പത്രോ. 1-4; 21 ഇതിന്റെ സാദൃശ്യത്തിൽ ഉയിർക്കും. റോ. 6-5, 1 കൊരി. 15-49. ഫിലി. 3-21. നമ്മുടെ ഉയിർപ്പിന്റെ ആദ്യഫലം അ.പ്ര 26-13, 1 കൊരി. 1:15-20. ഈ ഉയിർപ്പിന്റെ പ്രത്യാശയാണ് സഹദേന്മാരെ ഈ തൽകാലജീവിതം ഉപേക്ഷിപ്പാൻ പ്രേരിപ്പിച്ചത്. ഒരു സഭാ പിതാവ് പറയുന്നു: could the head rise and leave his members dead? നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റതിനാൽ നാമും പുതിയജീവനിൽ നടക്കണം എന്നു വി. പൗലോസ് നിർദ്ദേശിക്കുന്നു. പീഡകനായ ശൗലിനെ - പീഡിതനായ പൗലോസാക്കിയത് ഈ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ശബ്ദമല്ലയോ? ഉയിർപ്പിനെപ്പറ്റി ശ്ലീഹന്മാർ ശക്തിയായി പ്രസംഗിച്ചു. (1 കൊരി. 15-14) ക്രിസ്തുവിന്റെ നിസ്തുലതയ്ക്ക് തെളിവ്.

സ്വർഗ്ഗാരോഹണം

പിതാവ് പുത്രനെ ലോകത്തേക്കയച്ചത് ലോകത്തെ വിധിപ്പാനല്ല-താൻമൂലം ലോകം രക്ഷിക്കപ്പെടേണ്ടതിനാണ് എന്നരുളിയ നമ്മുടെ കർത്താവ് തന്റെ ജീവിതം, ഉപദേശങ്ങൾ-പ്രവർത്തനങ്ങൾ -വി. രഹസ്യങ്ങളുടെ സ്ഥാപനം മുതലായവയിലൂടെ തന്റെ ആഗമനോദ്ദേശ്യം പൂർണ്ണമായി നിറവേറ്റിയശേഷം - എന്നെ അയച്ചവന്റെ അടുക്കലേക്ക് ഞാൻ തിരികെപ്പോകും-വിശുദ്ധാത്മാവിനെ അയച്ചുതരും എന്നാദിയായി മുൻ പ്രസ്താവിച്ചതനുസരിച്ച് തന്റെ ശ്ലീഹന്മാരെ കൂട്ടിക്കൊണ്ട് ഒലിവുമലയിലേക്കു പോകുകയും അവിടെ നിന്നു സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്യുകയും ചെയ്തു. (ആ സ്ഥലത്തുള്ള ചെറിയ ദൈവാലയത്തിൽ നാം ഉൾപ്പെടെയുള്ള പൂർവ്വിക സഭക്കാർക്കു അവകാശമുണ്ടായി, 1) രംഗം: ഒലിവുമല 2) മാലാഖമാരുടെ സന്ദേശം: 3) നമ്മുടെ കർത്താവ് ശ്ലീഹന്മാരെ അനുഗ്രഹിച്ചു (ലൂ. 24:50-51). താഴെക്കാണുന്ന വേദഭാഗങ്ങൾ നോക്കുക: ഏഫേ. 2:7-8/ നമ്മുടെ കർത്താവ് മുന്നറിയിച്ചു

(യോ. 6-62) വിവരണം (അ.പ്ര.1:9-12) ശ്ലീഹന്മാരെ ശെമ്മാശന്മാരായും മാളികയിൽവച്ച് ഊതിയപ്പോൾ - കാശീശന്മാരായും-കൈ ഉയർത്തി അനുഗ്രഹിച്ചപ്പോൾ - എപ്പിസ്കോപ്പന്മാരായും നിയമിച്ചു എന്ന് മോർ ഗ്രിഗോറിയോസ് ബാർ എബ്രായ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം - ശ്ലീഹന്മാർതന്നെ (1) സ്തുതിച്ചും (2) പുകഴ്ത്തിയുംകൊണ്ട് (3) എപ്പോഴും ദൈവാലയത്തിൽ ആയിരുന്നു. “ഉയരത്തിൽനിന്നുള്ള ശക്തി” ലഭിക്കുവാൻ ക്രൈസ്തവനുള്ള മൂന്നു മാർഗ്ഗങ്ങൾ - പൂർണ്ണ ദൈവമായവൻ ഇറങ്ങിവന്നു - പൂർണ്ണ ദൈവവും മനുഷ്യനുമായവൻ സ്വർഗ്ഗാരോഹണം ചെയ്തു. "The Son of God descended to become one of us and ascended to enable us to ascend with Him." "He ascended to show that we can now ascend with him" വ്യാഖ്യാനാതീതമായ നാല് അത്ഭുതങ്ങളാണ് നമ്മുടെ കർത്താവിന്റെ ജനനം; ഉയിർപ്പ്; സ്വർഗ്ഗാരോഹണം; പുനരാഗമനം, സ്വർഗ്ഗാരോഹണചരിത്രം (അ.പ്ര. 1. 9-11) ചുരുക്കംപറഞ്ഞാൽ താൻ ലോകത്തിലേക്കു ഒരു സാധാരണ ശിശുവായി വന്നു. മഹോന്നതനായി വിജയശ്രീലാളിതനായി ലോകം വിട്ട് പോയി! താൻ വാസമൊരുക്കുവാനും മദ്ധ്യസ്ഥതയ്ക്കുമായി പോയി. വിവരണം. അ. പ്ര. 1. 9-11

സ്വർഗ്ഗാരോഹണം വേദതെളിവുകൾ സങ്കീ. 68-18/110-1/ ലൂ. 9-51/ യോ. 6.62, യോ. 14.28, യോ. 20. 17. നാല്പതു ദിവസം ലോകത്തിൽ കഴിഞ്ഞതിന്റെ ഉദ്ദേശ്യം 1. താൻ സത്യമായും “ഉയിർത്തെഴുന്നേറ്റു” എന്ന് ലോകം ഗ്രഹിക്കുവാനും 2) “സ്വർഗ്ഗരാജ്യത്തെ”ക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശ്ലീഹന്മാർക്കു നൽകുവാൻ അ.പ്ര. 1-3. സ്വർഗ്ഗാരോഹണസമയത്ത് കൈ ഉയർത്തി ശ്ലീഹന്മാരെ വാഴ്ത്തി. (ഉദ്ദേശ്യം പൂർവ്വോക്തമായിട്ടുണ്ടല്ലോ) സ്വർഗ്ഗാരോഹണ ആവശ്യം യോ. 14-28, 3. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുമുമ്പ് താൻ സ്വർഗ്ഗാരോഹണം ചെയ്യണം (യോ. 16-7) (3). തന്റെ ഭക്തർക്കു വാസമൊരുക്കുവാൻ. സ്വർഗ്ഗാരോഹണ ഉദ്ദേശ്യം: (യോ. 17- 1 അ.പ്ര. 5-31; എബ്രേ. 6-20; യോ. 14-2; എബ്രാ. 10-12, 13; എഫേ. 4-10) താൻ നമുക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ (പിതൃസന്നിധിയിൽ)- 2 കൊരി, 12-9 യോഹ. 12-11, 15/1 യോഹ. 1-9/ അ.പ്ര. 1-8/റോ. 8-29. ആകയാൽ നമുക്കാശ്വസിക്കാം.

1. മനഃപീഡയുടെ കാലത്ത് - ദൈവസന്നിധിയിൽ നമുക്കൊരു യഥാർത്ഥ സ്നേഹിതനുണ്ട്. 2. നമ്മുടെ സ്വന്ത പ്രതിനിധിയായി/ താൻ ദൈവസന്നിധിയിലുണ്ട്. **പിതാവിന്റെ വലതുഭാഗത്ത്.** മഹത്തായ ഈ സത്യം- ഈ ദർശനം ഒന്നാമതായി കാണുവാൻ ഭാഗ്യമുണ്ടായത് ഒന്നാമത്തെ സഹദായായ വി. സ്തേപ്പാനോസിനാണ്.

അ.പ്ര. 7-56 നോക്കുക. 1 യോഹന്നാൻ 1-2 ൽ കാണാം - പിതാവിന്റെ അടുക്കൽ യോശുമ്ശിഹാ എന്ന ഏക മദ്ധ്യസ്ഥൻ-(Advocate) നമുക്കുണ്ട്. മദ്ധ്യസ്ഥനെപ്പറ്റി എബ്രാ. 7.25/ 8.2-6/ 9-15/ 12-24 കാണുക. ഈ മദ്ധ്യസ്ഥതയാണ് പാപിയായ എന്നെ -ശിക്ഷയിൽനിന്നും, സദാ രക്ഷിച്ചുകൊണ്ടിരിക്കുന്നത് എന്നു സദാ സ്മരിക്കുക. പത്മോസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ട വി യോഹന്നാൻ ശ്ലീഹായ്ക്കും ഈ മഹത്തായ കാഴ്ച പിതൃസന്നിധിയിലുള്ള നമ്മുടെ കർത്താവിനെ കാണുവാനുള്ള മഹാഭാഗ്യമുണ്ടായതായി വെളിപാട് 1-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. താൻ ദൈവമായിരിക്കെതന്നെ- മനുഷ്യനായി നമ്മോടുകൂടെ ഇരുന്നതുപോലെ തന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നവരുടെ മദ്ധ്യത്തിൽ ഇന്നും സ്ഥിതിചെയ്യുന്നുണ്ട്. ദൈവം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു; നമ്മോടുകൂടെ ഇരുന്നു - സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തിരിക്കുന്നവൻ തന്റെ സഭാമക്കളുമൊരുമിച്ചു ലോകത്തിലും സന്നിഹിതനായിരിക്കുന്നു. എത്ര വലിയരഹസ്യം! എത്ര ശ്രേഷ്ഠഭാഗ്യം! **<u>ന്യായവിധിക്കുള്ള ആഗമനം ഒന്നാമത്തെ വരവിൽ</u>** കർത്താവ് അരുളിച്ചെയ്തു. പിതാവ് തന്റെ പുത്രനെ ലോകത്തിലേക്കയച്ചതു ലോകത്തെ വിധിപ്പാനല്ല. അവൻമൂലം ലോകം രക്ഷപ്പെടേണ്ടതിനാണ്.

പുനരാഗമനം

രണ്ടാം വരവിനെപ്പറ്റി ദാനി. 7-13. മത്താ. 25-31/1 തിമോ. 6. 14/ അ.പ്ര 10-11 ആ ദിവസം ആർക്കും അറിഞ്ഞുകൂടാ - മത്താ. 24-36. വരുന്നതിന്റെ ഉദ്ദേശ്യം - തെസ്സ. 1-10/ കൊ. 4-5/ തിമോ. 4-1/ വെളി. 11-15/ കൊ. 15.25, 26 വരുന്നതിന്റെ രീതി- 1 തെസ്സ. 5-2/ മത്താ. 24-44/ 24-50/ വെളി. 1-7/ മത്താ 24-30/ മത്താ. 16-27/25-31/2 തെസ്സ. 1:8/ അ.പ്ര. 1:9-11/ 1 തെസ്സ. 4.16/ 3-6 മത്താ. 16-27/ 13-36/ വരവിനെപ്പറ്റി 2 തിമോ. 3:1-7ൽ 23 കാര്യങ്ങൾ തന്റെ ആഗമനത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. ഉപമകൾ: കള്ളനെപ്പോലെ അറിയാത്തനാഴികയിൽ-പത്തുകന്യകമാരുടെ ഉപമ-ദാസന്മാരുടെ ഉപമകൾ -അവിചാരിതസമയത്തെ ആ ഗമനത്തെപ്പറ്റി ഉപമകൾ. "ഒരേ രംഗത്തുള്ളവരിൽ ഒരാൾ സ്വീകൃതനാകും ഒരാൾ ഉപേക്ഷിക്കപ്പെടും" കാരണം ജോലിരംഗം ഒന്ന്; പക്ഷേ, പ്രവർത്തന രീതി വ്യത്യസ്തം. ഒരാൾ സ്വപ്രവൃത്തിരംഗത്ത് ആത്മാർത്ഥതയോടെ സത്യസന്ധമായി ദൈവാശ്രയത്തോടെ, നല്ല മനസ്സാക്ഷിയോടെ, ഉത്തരവാദിത്തബോധത്തോടെ പ്രവർത്തിച്ചു. മറ്റെയാൾ വികാരത്തിന് - ജഡത്തിന് - പണത്തിന് കീഴ്പെട്ട്. ദൈവത്തെ മറന്ന് മനുഷ്യനെ കരുതാതെ

അഹംഭാവം, അക്രമം, അനീതി, വക്രത, വഷളത്വത്തോടെ ജീവിച്ചു പ്രവർത്തനത്തിനു തക്ക പ്രിതിഫലം ഇരുകൂട്ടർക്കും ലഭിച്ചു. (1) നമ്മുടെ കർത്താവിന്റെ ആദ്യത്തെയും അവസാനത്തെയും ആഗ മനം (2) ജനനം പുൽക്കൂട്ടിൽ - വളർച്ച തച്ചന്റെ ഭവനത്തിൽ - ആദ്യ സന്ദർശകർ, ആട്ടിയന്മാർ. ലോകം അറിഞ്ഞേയില്ല. നാടുവിട്ട് ഓടേണ്ടിവന്നു. മനുഷ്യപുത്രനു തലചായ്ക്കാൻ സ്ഥലമില്ലാത്തവൻ! നാലുസൂസാ കൊടുക്കുവാൻ പണമില്ലാത്തവൻ-സഹചാരികൾ വെറും സാധാരണക്കാർ മാത്രം, സ്വന്തക്കാർ ഭ്രാന്തനെന്നും മറ്റു പലരും പിശാചുക്കളുടെ തലവന്റെ പിണയാൾ എന്നും വിളിച്ചു. സ്വജനങ്ങൾ കല്ലെറിയാൻ ശ്രമിച്ചു. വാഹനം-അന്യന്റെ കഴുത! പെസഹാ കഴിപ്പാൻ അന്യന്റെ വീട്-കബറടക്കത്തിന് അന്യന്റെ കല്ലറ-ചെകിട്ടത്തും ദേഹത്തും അടിയേറ്റു-മുഖത്തു തുപ്പൽ! കുറ്റ വാളികൾക്കുള്ള മരണം - ഗെദരാ-ശമരിയാക്കാർ നാട്ടിൽനിന്ന് ഓടിച്ചു! കുറ്റക്കാരോട്-പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട്-യൂ ദായോട്-ശീമോനോട്-ക്രൂശകരോട് ക്ഷമ- പിതാവ് തന്റെ പുത്രനെ ലോകത്തിലേക്കയച്ചതു ലോകത്തെ വിധിപ്പാനല്ല അവൻമൂലം ലോകം രക്ഷപ്പെടുവാനത്രേ എന്നരുളിച്ചെയ്വാൻ.

പുനരാഗമനം വി. പൗലോസ് തെസ്സലനോക്യരോട് (1 തെ. 4-16,17) വിശദമായി പറയുന്നു. കർത്താവ് അധികാര ശബ്ദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളധ്വനിയോടും കൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരും. മ്ശീഹായിൽ മരണമടഞ്ഞ വർ ആദ്യമെ ഉയിർത്തെഴുന്നേൽക്കും. ജീവനോടെ ശേഷിച്ചിരിക്കു ന്നവരും അവരോടൊത്ത് കർത്താവിനെ എതിരേൽപാൻ മേഘങ്ങ ളിൽ എടുത്തുകൊള്ളപ്പെടും. അങ്ങനെ നാം എപ്പോഴും നമ്മുടെ കർത്താവിനോടുകൂടെ ആയിരിക്കും.

ന്യായവിധി

ദൈവം തന്റെ ഏകജാതനെ ലോകത്തിലേത്തയച്ചത് ലോകത്തെ വിധിപ്പാനല്ല. അവൻ മൂലം ലോകം രക്ഷ പ്രാപിക്കുവാനാണ് എന്ന് ആദ്യ വരവിൽ അരുളിയ നാഥൻതന്നെ താൻ നിശ്ചയമായും ലോകത്തെ വിധിക്കും-എന്നു കല്പിച്ചു. എന്താണു കാരണം? 1. താൻ പാപിയുടെ രക്ഷയ്ക്കുവേണ്ടി ജീവിച്ചു മരിച്ചു. 2. താൻ പാപിയുടെ രക്ഷയ്ക്കുവേണ്ടിയുള്ള സഭയും കൃപാമാർഗ്ഗങ്ങളും നിശ്ചയിച്ചു നിയമിച്ചു. 3. എന്റെ വചനംകേട്ട് എന്നെ അനുഗമിക്കുന്ന വനു നിത്യജീവനുണ്ട് എന്നു സ്പഷ്ടമായി അറിയിച്ചു. 4. മനുഷ്യ രുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ പിതാവിന്റെ മുമ്പിൽ

ഞാനും തള്ളിപ്പറയും എന്നു മുന്നറിയിപ്പു നൽകി. 5. വഴിയും സത്യവും ജീവനുമാകുന്ന എന്നിൽകൂടെ അല്ലാതെ ആരും പിതൃ സന്നിധിയിൽ എത്തുകയില്ല എന്നു മുന്നറിയിപ്പുനൽകി. 6. അനു സരിക്കാത്തവർക്ക് ശിക്ഷാവിധിയുണ്ടാകും എന്നു മുന്നമെ അറി യിച്ചു. 7. നിങ്ങളും അനുതപിച്ചില്ലെങ്കിൽ നശിച്ചുപോകും- എന്നു സ്പഷ്ടമായി കല്പിച്ചു. (1) ഇതുപോലുള്ള മുന്നറിയിപ്പുകൾ അനേകം താൻ തന്നെ കല്പിച്ചു. (2) വി. ശ്ലീഹന്മാർ ജീവൻ പണയം വച്ചും ഈ സത്യങ്ങൾ വാക് രൂപേണയും ലേഖനരൂപേണയും പ്രചരിപ്പിച്ചു. (3) ഓരോ തലമുറയിലും ജീവൻ വെടിഞ്ഞും രക്ത സാക്ഷികൾ ഈ സത്യങ്ങൾ പ്രചരിപ്പിച്ചു. (4) തന്റെ തിരുവചന ങ്ങൾ നിറഞ്ഞ തിരുവെഴുത്തുകൾ - അച്ചടിയിൽ - വിശുദ്ധഗ്രന്ഥം - എല്ലാഭവനങ്ങളിലുമെത്തി. (5) തന്റെ തിരുശരീരരക്തങ്ങൾ അനു ഭവിപ്പാൻ ലോകമെങ്ങും കോടിക്കണക്കിന് ആരാധനാലയങ്ങൾ ഉയർന്നു. (6) തന്റെ തിരുഹിതം അറിയിക്കുവാൻ ലോകമെങ്ങും കോടാനുകോടി പുരോഹിതന്മാരെയും പ്രസംഗകരെയും നൽകി. ദൈവത്തെ അറിഞ്ഞു-സ്നേഹിച്ച്-ആരാധിച്ച്-ദൈവേഷ്ടം ചെയ്ത് ദൈവസന്നിധിയിലെത്തുവാൻ - ആഗ്രഹമുള്ളവർക്ക് എല്ലാ പരി തഃസ്ഥിതിയും താൻ നൽകി. എന്നാൽ "പന്നികളുടെ മുമ്പിലെ രത്നങ്ങൾ" അവ ചവിട്ടുന്നതുപോലെ - അറിയാതെയല്ല-അറി ഞ്ഞിട്ടും അവഗണിക്കുന്നവരെ ശിക്ഷിക്കുന്നത് - ശിക്ഷിക്കുന്നത് മനുഷ്യ നീതിയല്ലേ? ദൈവ നീതിയല്ലേ? യരുശലേമിനെ നോക്കി കരഞ്ഞു കർത്താവ് കല്പിച്ച വാക്കുകൾ ഓർക്കുക! കോറസീനേ! ബെത് സൈദായേ! -കരുണയുള്ള ദൈവം നീതിമാനും നീതി മാനായ ദൈവം കരുണാപൂർണ്ണനാണെന്ന് ഓർത്തു ജീവിക്കാം. നീതിയുള്ളവരെ നിത്യ സൗഭാഗ്യത്തിലേക്കും, അനീതിയുള്ളവരെ നിത്യ ദിരുതത്തിലേക്കും വിധിക്കും.

ഇതേസംബന്ധിച്ചുള്ള വേദഭാഗങ്ങൾ-പഴയനിയമത്തിൽ - 1 ദിന. 16.13/ സങ്കീ. 2-7/ 96-13 സുവിശേഷത്തിൽ അടിസ്ഥാനപ്രമാണം. എബ്രാ. 6-2 സമയം നമുക്കറിഞ്ഞുകൂടാ. മർ. 13.32/ കർത്താവ് വിധിക്കും. യോ. 5-22, 27/ അ. പ്ര 10-42 റോ. 14-10/ 2 കൊ. 5-10 തന്റെ വരവിങ്കൽ - മത്താ. 25-31/ 2 തീ. 4-1 ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കും 2 തീ. 4-1 വിധിക്കപ്പെടുന്നത് വാക്കുകൾ- മത്താ. 12:36,37 പ്രവൃത്തികൾ വെളി. 20-13, വിചാരങ്ങൾ 1 കൊ. 4:15 വിശുദ്ധന്മാർക്കു പ്രതിഫലം 2 തീ. 4-8 ദുഷ്ടർക്കു ശിക്ഷ മത്താ. 13-40-42; 25-40 അവസരം നിരസിച്ചാൽ ശിക്ഷ വർദ്ധിക്കും- മത്താ. 11-20-24.

ന്യായവിധിക്കുള്ള രണ്ടാം വരവ്-
കൂടുതൽ ചിന്തകൾ

1. ഈ വരവിന്റെ സമയം എല്ലാവർക്കും അജ്ഞാതമെന്നു കർത്താവ് കല്പിച്ചു. ഈ വരവിനെപ്പറ്റി വി. പൗലോസ് സൂചിപ്പിക്കുന്നു (1 തെസ്സ. 4:14-17) കർത്താവുതന്നെ അരുളിച്ചെയ്യുന്നു. (മത്താ. 25-31, 32) (1) മഹത്വത്തോടെവരും (2) മാലാഖമാരുടെ അകമ്പടിയോടെ (3) മഹത്വ സിംഹാസനത്തിൽ ഇരിക്കും (4) തിരുമുമ്പിൽ എല്ലാവരും കൂട്ടപ്പെടും (5) നല്ലവർ, ദുഷ്ടന്മാർ വേർതിരിക്കപ്പെടും (ശവസംസ്കാരശുശ്രൂഷ നോക്കുക)

ആദ്യവരവ്	-	രണ്ടാംവരവ്
കുറെ ആളുകൾ മാത്രം കണ്ടു. ആക്ഷേപിക്കപ്പെട്ടു. തിരസ്കരിക്കപ്പെട്ടു		മനുഷ്യവർഗ്ഗം മുഴുവൻ കാണും എല്ലാ മുഴങ്കാലുകളും അവന്റെ മുമ്പിൽ കുമ്പിടും.
തിരസ്കൃതനായി	-	താൻ ദൈവമെന്ന് എല്ലാ നാവും ഏറ്റുപറയും
12 പേർ മാത്രമെ അനുഗമനത്തിനുണ്ടായിരുന്നുള്ളൂ	-	സ്വർഗ്ഗീയഗണം എണ്ണമില്ലാതെ അകമ്പടി സേവ.
ഒരു സാധുവിനെപ്പോലെ പുൽകൂട്ടിൽ ജാതനായി	-	രാജാധിരാജനും കർത്താധികർത്താവുമായിരിക്കുന്നവൻ
മഹാപാപികളോടുപോലും കരുണാപൂർവ്വം ക്ഷമിക്കുന്നവൻ	-	തന്റെ സ്വർഗ്ഗീയ ഉപദേശങ്ങളും മാതൃകയും എല്ലാമുണ്ടായിരുന്നിട്ടും മനംതിരിയാതിരുന്നവരെ മുഖപക്ഷമില്ലാതെ ശിക്ഷിക്കും

തന്റെ രണ്ടാംവരവിനെപ്പറ്റി താൻ പ്രസ്താവിച്ചത് നമ്മെ ഭയപ്പെടുത്തുവാനല്ല. പ്രത്യുത ഞാനിരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിനു എനിക്കായി നിങ്ങളെ ഞാൻ എടുക്കും (യോ. 14.3). ഇപ്പോൾ നാം അവനെ സ്നേഹിച്ചാൽ-അനുസരിച്ചാൽ-അനുകരിച്ചാൽ-അനുഭവിച്ചാൽ-അനുഗമിച്ചാൽ-അറിയിച്ചാൽ-ആശ്രയിച്ചാൽ-ആരാധിച്ചാൽ അപ്പോൾ കർത്താവ് നമ്മെ സ്നേഹിക്കും-സ്വീകരിക്കും-അനന്തമായി ആനന്ദിപ്പിക്കും. രണ്ടാംവരവിലെ നമ്മുടെ അനുഭവം. ദൈവം ഇറങ്ങി വന്നു. ദൈവവും മനുഷ്യനുമായി (God-man) ആരോഹണം ചെയ്തു. നമ്മിൽ ഒരുവനെപ്പോലെയാകുവാൻ വന്നവൻ തന്നോടുകൂടെ കരേറുവാൻ നമ്മെ ശക്തരാക്കി. നമ്മുടെ കർത്താവിന്റെ മനുഷ്യത്വം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതുപോലെ നമ്മുടെ മനുഷ്യത്വവും എടുക്കപ്പെടും. "The Ascension

is proof that man was made for heaven-not for the grave." സ്വർഗ്ഗാരോഹണസമയത്ത് ശ്ലീഹന്മാർക്കു നൽകിയ അനുഗ്രഹമാണ് - വി. കുർബാനയിൽ പട്ടക്കാരൻ നൽകുന്നത്. നിങ്ങൾക്കു സമാധാനമുണ്ടായിരിക്കട്ടെ. "മാലാഖമാർ ദൈവപുത്രന്റെ അടുക്കലേക്ക് ഇറങ്ങുന്നതും കയറുന്നതും നിങ്ങൾ കാണും." എന്ന തിരുവചനം നമ്മുടെ ജീവിതത്തിലും പ്രതിദിനം ഉണ്ടാകണം. നമ്മുടെ പ്രാർത്ഥനകളുമായി മാലാഖമാർ കയറുന്നു. അനുഗ്രഹമറുപടിയുമായി ഇറങ്ങി വരുന്നു. തന്റെ സ്വർഗ്ഗാരോഹണംമൂലം നമുക്കും തന്നോടുകൂടെ കരേറാമെന്ന് കാണിച്ചുതന്നു. (എഫേ. 1. 20-23 വായിച്ചാലും)

തന്റെ രാജ്യത്തിന് അവസാനമില്ല

1. ശൈശവത്തിൽ തന്നെ വധിപ്പാൻ ശ്രമിച്ചു. ശ്രമിച്ചവൻ മരിച്ചു. ശിശു ജീവിച്ചു. 2. പരസ്യ ശുശ്രൂഷാകാലത്ത് ചിലർ തന്റെ രാജ്യം നശിപ്പിക്കാൻ തന്നെ വധിച്ചു. എന്നാൽ താൻ ഉയിർത്തു. 3. യഹൂദന്മാർ തന്റെ രാജ്യം നശിപ്പിക്കുവാൻ ശ്ലീഹന്മാരെ കൊന്നു. പക്ഷേ, അവർ മൂലം തന്റെ രാജ്യം വളർന്നു. "രക്തസാക്ഷികളുടെ രക്തം സഭയുടെ വളർച്ചയ്ക്കു വളം." 4. റോമാ ചക്രവർത്തിമാർ: സഭയെ നശിപ്പിക്കുവാൻ ഭയങ്കര പീഡകൾ നടത്തി. അവസാനം ചക്രവർത്തി തന്നെ ക്രിസ്ത്യാനിയായി. ക്രിസ്തുവിന്റെ രാജ്യം വളർന്നു. 5. വേദവിപരീതികൾ ശ്രമിച്ചു നിഷ്ഫലമായി. സഭ വളർന്നു. 6. നിരീശ്വരവാദി പ്രമുഖർ ശമിച്ചു. സഭ പിന്നെയും വളർന്നു. 7. വിപുല രാഷ്ട്രങ്ങൾ-റഷ്യ-ചൈന-ശ്രമിച്ചു. റഷ്യ തോറ്റു. സർവ്വമതസമ്മേളനം പോലും അവിടെ സമ്മേളിച്ചു. 8. ലോകജനസംഖ്യയിൽ ക്രിസ്ത്യാനികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 9. യഹൂദന്മാർ ക്രിസ്തുവിനെ കൊന്നു. ഏതാണ്ട് 40 കൊല്ലം കഴിഞ്ഞപ്പോൾ തീത്തൂസ് അവരെ നശിപ്പിച്ചു. നാടുവിട്ടോടി. ദൈവാലയം-പ്രധാനാചാര്യത്വം-ബലി എല്ലാം ഇല്ലാതായി. ലോകമെങ്ങും ചിതറി! അവർക്കൊരു രാജ്യം ഇസ്രയേൽ ഉണ്ടാക്കിക്കൊടുത്തത്, അവരുടെ പൂർവ്വികർ കൊന്നുകളഞ്ഞ ക്രിസ്തുവിന്റെ അനുയായികൾ-അമേരിക്കാ-ആണെന്ന് പ്രത്യേകം ശ്രദ്ധിക്കുക. സൂര്യനും ചന്ദ്രനും ഉള്ള കാലത്തോളം - ആചന്ദ്രതാരം അവന്റെ രാജ്യത്തിനു അവസാനമുണ്ടാകയില്ല.

11
പരിശുദ്ധാത്മാവ്

വിശ്വാസപ്രമാണത്തിന്റെ 3-ാം ഖണ്ഡികയിൽ വി. റൂഹായിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നു. ക്രിസ്തീയജീവിത വിജയത്തിനു സുപ്രധാന പഠനവിഷയമാണ് പരിശുദ്ധാത്മാവിനെപ്പറ്റിയുള്ളത്. 1. നമ്മുടെ കർത്താവ് മനുഷ്യാവതാരം ചെയ്തതിന്റെ സുപ്രധാന ഉദ്ദേശ്യങ്ങളിലൊന്ന്, സ്വർഗ്ഗാരോഹണത്തിന്റെ സുപ്രധാന ഉദ്ദേശ്യങ്ങളിലൊന്ന് നമുക്കു റൂഹായെ നൽകുവാനായിരുന്നു. നമ്മോടുകൂടെ എപ്പോഴും ഇരിക്കുവാൻ പ. റൂഹായെ അയക്കുവാനായിരുന്നു (യോ. 14:16-17). നാം വിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടതിന് ദൈവം മനുഷ്യനായി എന്നു വി. അത്താനാസ്യോസ് പ്രസ്താവിച്ചിട്ടുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യാവതാരത്തിന്റെ സുപ്രധാന ഉദ്ദേശ്യം പരിശുദ്ധാത്മാവിനെ അയയ്ക്കാൻ ആയിരുന്നു. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടതും കഴുകപ്പെട്ടതുംമൂലം നാം വിശുദ്ധാത്മസ്വീകരണത്തിനു ഒരുക്കപ്പെട്ടു. ലോകാന്ത്യംവരെയും വി. റൂഹാ നമ്മിൽ വസിച്ചുകൊണ്ടിരിക്കുന്നു. തന്റെ ശരീരമാകുന്ന സഭയുടെ 'ശിരസ്സ്' കർത്താവെങ്കിൽ, വി. റൂഹാ നമ്മെ നിറയ്ക്കുകയും പ്രവർത്തന നിരതമാക്കുകയും ചെയ്യുന്നു. "Christmas is God with us. Good Friday is God for us. Pentecost is God in us" 1. കൊരി. 6-19 ൽ നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയം പ. റൂഹാ 'ജീവൻ നൽകുന്നവൻ' ഉൽ. 1-2; സങ്കീ. 33-6, 104-30; ഈയോ. 33-4 ഹസ്ക്കീയേൽ 37:1-14 "The spirit was, and ever shall be the giver of life" പരിശുദ്ധാത്മാവ് "സത്യത്തിന്റെ ആത്മാവാകുന്നു. (യോ. 14-17, 16-13) 2. പിതാവിൽനിന്നു പുറപ്പെടുന്നവനാണ് വി. റൂഹാ, എന്ന നിഖ്യാവിശ്വാസപ്രമാണം, വേദവാക്യാടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. പാശ്ചാത്യസഭ 9-ാം നൂറ്റാണ്ടിൽ - പുത്രനിൽ നിന്നും എന്നുകൂടി കൂട്ടിച്ചേർത്തതിന്റെ പേരിൽ (Filioque) റോമിലെ സഭയും ഗ്രീക്കു സഭയും അതുവരെയുണ്ടായിരുന്ന ബന്ധം വിച്ഛേദിച്ചതു ചരിത്രവസ്തുതയാണല്ലോ. 'വി. റൂഹാ' പിതാവിൽനിന്നും പുറപ്പെടുകയും പുത്രനിലൂടെ അയയ്ക്കപ്പെടുകയും ചെയ്യുന്നു. വി. റൂഹാ പിതാവിനോടും പുത്രനോടുംകൂടി വന്ദിക്കപ്പെടുന്നു. അ.പ്ര. 5:1-6-ൽ അനന്യാസിന്റെ വഞ്ചനയെ പരിശുദ്ധാത്മാവിനോടുള്ള-ദൈവത്തോടുള്ള വഞ്ചനയായി വി. പത്രോസ് പ്രസ്താവിക്കുന്നു.

യോഹ. 16-13, 1 കൊരി. 2-10. 2-ാം നൂറ്റാണ്ടിലെ വി. ഐറനിയോസ് ത്രിത്വത്തെ ഇങ്ങനെ ചിത്രീകരിച്ചിട്ടുണ്ട്. അതായത് പിതാവ് രണ്ടു കൈകളും നീട്ടിയിരിക്കുന്നു. ഒന്നു ക്രിസ്തു-മറ്റേത് വി. റൂഹാ. തങ്കലേക്ക് അടുക്കുവാൻ താൻ ക്ഷണിക്കുന്നു.

പരിശുദ്ധാത്മാവിനെക്കുറിച്ച് തിരുവെഴുത്തുകളിൽ

സൃഷ്ടിക്കുകയും ജീവൻ നൽകുകയും ചെയ്യുന്നു: റോ. 6-19. സഭാ ശുശ്രൂഷകരെ നിയമിക്കുന്നു. അ.പ്ര 13-2 - 20:2; 8.29 16.67. പ്രവാചകന്മാർ മുഖാന്തിരം സംസാരിച്ചു. ലൂ. 1-67 - അ. പ്ര. 1-16, 1 പത്രോ, 1-11, 12.2 പത്രോ-1-21. നമ്മുടെ ബലഹീനതയിൽ സഹായിക്കുന്നു. റോ. 8-26: ഉപദേശിച്ച് വഴി നടത്തുന്നു. യോഹ. 14-26: 16.13: വിശുദ്ധന്മാരോടുകൂടെ വസിക്കുന്നു. യോഹ. 14-17; ദുഷ്ടന്മാർ റൂഹായോട് എതിർക്കുന്നു. പരീക്ഷിക്കുന്നു. അ. പ്ര. 7-5; 5-9: പിതാവിൽനിന്നു പുറപ്പെടുന്നു. യോഹ. 15-26: ക്രിസ്തുവിന്റ മദ്ധ്യസ്ഥതയാൽ (യോ. 14-16) മദ്ധ്യസ്ഥൻ എന്ന നിലക്കു വിശുദ്ധർക്കു സന്തോഷം നൽകും-സഭയ്ക്കു ആത്മിക വർദ്ധന നൽകും. ദൈവസ്നേഹവും പ്രത്യാശയും നൽകും-വിശുദ്ധന്മാരോടുകൂടെ ഇരിക്കും. ദൈവകാര്യങ്ങൾ വെളിപ്പെടുത്തും-നമ്മുടെ കർത്താവിന്റെ വാക്കുകൾ സൃഷ്ടിക്കുകയും ജീവൻ നൽകുകയും (റോ. 8-11) സഭാപ്രവർത്തകരെ നിയോഗിക്കുകയും എവിടെ പ്രസംഗിക്കണം-എന്തു പ്രസംഗിക്കണം എന്നു നിർദ്ദേശിക്കുകയും (അ.പ്ര. 8-24: മർക്കോ, 13-11; 1 കൊരി. 2-4) ചെയ്യുന്നു. താൻ പ്രവാചകന്മാർ വഴി സംസാരിച്ചു. ലൂ. 1-67, അ. പ്ര. 1-6/1 പത്രോസ്. 1-12; 2 പത്രോ 1-21 ഉപദേശിക്കുന്നു. യോ. 14-26 വഴി നടത്തുകയും (യോ. 15-26) മഹത്വപ്പെടുത്തുകയും ചെയ്യുന്നു. (യോ. 16-14) വിശുദ്ധന്മാരോടുകൂടെ വസിക്കുന്നു (യോ. 14-17). പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാം (എഫേ. 4-30). പരിശുദ്ധാത്മാവിനെ പരീക്ഷിക്കാം (അ. പ്ര. 5-91) യോഹ. 25-26/14-16/15-26 ഭാഗങ്ങളിൽനിന്നും താൻ പിതാവിൽനിന്നു പുറപ്പെടുന്നു. ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയാൽ ക്രിസ്തു നാമത്തിൽ മന്നിൽ അയയ്ക്കപ്പെടുന്നു എന്നു കാണാം. താൻ സഭയ്ക്കു ആത്മീയ വളർച്ച നൽകുന്നതായും ക്രിസ്തുവിനെ സാക്ഷിക്കുന്നതായും പ്രത്യാശ നൽകുന്നതായും ഉപദേശിക്കുന്നതായും അ. പ്ര. 9-31/ യോ. 15-26/ 14-26 ലും കാണാം. താൻ വിശുദ്ധന്മാരോടുകൂടെയിരിക്കുന്നു (യോ. 14-16) വിശുദ്ധർതന്നെ അറിയുന്നു (യോ. 14-17)

വീണ്ടും വിശുദ്ധാത്മാവാണ് ദൈവകാര്യങ്ങളെ വെളിപ്പെടുത്തുന്നതും (യോ. 16.14) ഓർമ്മിപ്പിക്കുന്നതും, ഉപദ്രവിക്കുന്നവരോടു

മറുപടി പറയുവാൻ പഠിപ്പിക്കുന്നു. മർ. 13-11 താനാണ് വീണ്ടും ജനനത്തിന്റെ കർത്താവ് (യോ. 3.5-6) സ്നാനത്തിന്റെ ഉറവ. 1 കൊ. 12-9 സഭയെ വിശുദ്ധീകരിക്കുന്നവൻ. റോ. 15-15. വിശുദ്ധാത്മാവില്ലാത്തവൻ ജഡമയൻ (യൂദാ. 19). ക്രിസ്തു ഇല്ലാത്തവൻ. (റോ. 8-9: ജഡസ്വഭാവം പരിശുദ്ധാത്മാവിനും വിരുദ്ധം (ഗലാ. 5-17) പരിശുദ്ധാത്മാവിനെതിരായി ദൂഷ്യം പറയുന്നതു അക്ഷന്തവ്യം (മത്താ. 12. 31-32)

പരിശുദ്ധാത്മാവ് ആവസിച്ചു: 1. വി. കന്യകയുടെ മേൽ (2) നമ്മുടെ കർത്താവിന്മേൽ (3) പ. ശ്ലീഹന്മാരുടെ മേൽ (4) അവരുടെ കൈവെപ്പുമൂലം മറ്റുള്ളവരുടെ മേൽ (5) നമ്മുടെ കർത്താവിന്റെ ഊത്തുമൂലം ശ്ലീഹന്മാരുടെമേൽ, ഇന്ന് വി. മൂറോനഭിഷേകം മൂലം (മാമോദീസാ ഏറ്റവരിൽ-(2) മഹാപുരോഹിതന്റെ കൈവെപ്പുമൂലം - പൗരോഹിത്യ സ്ഥാനമേൽക്കുന്നവരുടെമേൽ. പരിശുദ്ധാത്മാവാകുന്ന മഹാനിധിയെ പ്രാപിച്ചവരായ യഥാർത്ഥ ക്രിസ്ത്യാനികൾ പാപംമൂലം പരിശുദ്ധാത്മാവിനെ അവഗണിച്ചിട്ടുണ്ടെങ്കിൽ:- പരിശുദ്ധാത്മാവിനെ നമ്മിൽ പുതുക്കണം. പ്രവർത്തിക്കുവാൻ അനുവദിക്കണം. കർത്താവേ! നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ പുതുക്കണമെ എന്ന ദാവീദിന്റെ (51-ാം സങ്കീ.) പ്രർത്ഥന നമ്മിൽ എപ്പോഴും ആവശ്യമാണ്. അപ്പോൾ മാത്രമെ ജീവിതവിജയം കാണുകയുള്ളൂ. 1. നിന്റെ വിശുദ്ധാത്മാവ് എന്നെ താങ്ങണമേ! 2. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും- (3) (അപ്പോൾ) പാപികൾ നിങ്കലേക്കു തിരിയും. (cause-course-effect) ഗലാത്യലേഖനത്തിൽ കാണുന്ന; 7 ആത്മാവിന്റെ ഫലങ്ങൾക്കാണോ? അതോ-അതേ ലേഖനത്തിൽ പറയുന്ന 19 പാപങ്ങളാണോ? നമ്മിൽ ആധിപത്യം? എന്നു സ്വയം പരിശോധിക്കേണ്ടതല്ലേ? പരിശുദ്ധാത്മാവിനെ വിലയ്ക്കുവാങ്ങാൻ ശ്രമിച്ച സീമോന്റെയും-കബളിപ്പിക്കുവാൻ കള്ളത്തരം കാണിച്ച അനന്യാസിനെയും ഓർക്കുന്നത് നന്ന്.

പരിശുദ്ധാത്മാവിനെതിരായ വേദവിപരീതം

പുത്രനാം ദൈവത്തിന്റെ ദൈവത്വത്തെ തള്ളിപ്പറഞ്ഞ അറിയോസിന്റെ ചരിത്രം പൂർവ്വോക്തമായിട്ടുണ്ടല്ലോ. 325-ലെ പ. സഭയുടെ സുന്നഹദോസ് (നിഖ്യാ) പ്രസ്തുത പാഷണ്ഡതയെ ഉന്മൂലം നശിപ്പിച്ചു. വി. റൂഹായുടെ ദൈവത്വത്തെ തിരസ്കരിച്ചു പഠിപ്പിച്ചുവന്ന മക്കദോനിയോസിന്റെ വേദവിപരീതം പരിശുദ്ധാത്മാവിന്റെ ദൈവത്വനിഷേധം ക്രി. 381-ൽ കുസ്തന്തീനോപോലീസിൽ കൂടിയ വി. സഭയുടെ പൊതുസുന്നഹദോസ് ശപിച്ച് നിഷ്കാസനം ചെയ്തു.

(വേദവിപരീതം വരുമ്പോൾ - തിരുവെഴുത്തുകളും സംഭവങ്ങളും വിസ്മൃതമാകുന്ന സ്വന്ത ചിന്തയും വ്യാഖ്യാനവും വരുന്നത് അന്ന ത്തെപ്പോലെ ഇന്നും സാധാരണ ദൃശ്യമാണല്ലോ? പരിശുദ്ധാത്മാ വിന്റെ ദൈവത്വം പ്രസ്പഷ്ടമാക്കുവാൻ പുതിയ നിയമത്തിൽ നമ്മുടെ കർത്താവും ശ്ലീഹന്മാരും പറഞ്ഞിരിക്കുന്നവ ശ്രദ്ധിച്ചാലും. ദൈവം. അ.പ്ര. 5:3-4 - പരിശുദ്ധാത്മാവ് (സങ്കീ. 51-11. ദൈവത്തിന്റെ പരിശുദ്ധാത്മാവ് എഫേ. 4.30 കർത്താവ് 2 തെസ്സ 3-5/ ദൈവത്തിന്റെ ആത്മാവ് 1 കൊ. 2-11/ പിതാവിന്റെ ആത്മാവ് മത്താ. 10-20/ ക്രിസ്തുവിന്റെ ആത്മാവ് 1 പ. 1-11/ ജീവന്റെ ആത്മാവ് റോ. 8-2/ ഇവയ്ക്കു പുറമെ ആത്മാവ്/കൃപയുടെ/പുത്രത്വത്തിന്റെ/ജ്ഞാന ത്തിന്റെ/ബലത്തിന്റെ/പരിജ്ഞാനത്തിന്റെ/യഹോവാഭക്തിയുടെ/ സത്യത്തിന്റെ/ന്യായവിധിയുടെ/വിശുദ്ധിയുടെ/മഹത്വത്തിന്റെ/etc. ആത്മാവ്. വേദ പഠിതാക്കൾക്കു സുപരിചിതമാണല്ലോ. നമ്മുടെ കർത്താവ്-അനേകം പ്രാവശ്യം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും കാര്യങ്ങൾ കല്പിച്ച് ശ്ലീഹന്മാർ ലേഖന ങ്ങളിൽ പ്രസ്പഷ്ടമായി കാണിച്ചു.

വി. സഭ വി. മൂറോൻ കൂദാശയിലും വി. മാമോദീസായിലും വി. കുർബാനമേലും വി. പൗരോഹിത്യ ദാനസമയത്തും-പള്ളികൂദാശ സമയത്തും പരിശുദ്ധാത്മാവിന്റെ ആഗമനത്തിനും പ്രവർത്തന ത്തിനും അനുഗ്രഹത്തിനുമായി പ്രാർത്ഥിക്കുന്നു.

12
വിശുദ്ധ സഭ

1) സ്ഥാപകൻ നമ്മുടെ കർത്താവ് - ഞാൻ എന്റെ സഭയെ പണിയും. മത്താ. 16.18. 2) ഉയിർപ്പിനുശേഷം സഭയുടെ ഭരണാധിപനായി വി. പത്രോസിനെ നിയമിച്ചു. (യോ. 21) 3) എല്ലാ ശ്ലീഹന്മാർക്കും മാളികയിൽവച്ച് പാപമോചനാധികാരം നൽകി. (യോ. 20-21). 4) എല്ലാ ശ്ലീഹന്മാർക്കും ത്രിത്വനാമത്തിൽ വി. മാമോദീസാ നടത്തുവാനുള്ള അധികാരം നൽകി. 5) ആ സഭയിലെ ശ്ലീഹന്മാരാണ് അന്നറിയപ്പെട്ടിരുന്ന മൂന്നു ഭൂഖണ്ഡങ്ങളിലും ക്രിസ്തുവിനുശേഷം പ്രചരിപ്പിച്ചത്. 6) കർത്താവിന്റെ സഭയുടെ ആദ്യകാല ചരിത്രമാണ് അപ്പോസ്തലപ്രവൃത്തികൾ. 7) പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തിനെതിരായ വേദവിപരീതം പാടെ നശിപ്പിച്ചു. സത്യവിശ്വാസം നിലനിർത്തിയത് വി. സഭയാണ്. 8) റോമൻ ചക്രവർത്തിമാർ സഭയുടെ വിശുദ്ധഗ്രന്ഥങ്ങൾ പാടെ നശിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ ആഫ്രിക്കയിൽ കാർത്തേജിൽ സുന്നഹദോസുകൂടി പുസ്തകങ്ങൾ ശേഖരിച്ച് പ്രാർത്ഥനാ പൂർവ്വമായ പരിശോധനയുടെ ഫലമായി ചിലതെല്ലാം spurious (വ്യാജനിർമ്മിതം മറ്റു ചിലതു (of doubtful origin) എന്നു നിശ്ചയിക്കുയും ചെയ്തു. Helps to the study of the Bible-ൽ പറയുന്നു- Thus, at the synod of Carthage the canonical Books of the New Testament were finally decided by the church, 9) 4-ാം നൂറ്റാണ്ടിനു മുൻപുതന്നെ ഈ സഭയ്ക്ക് അന്ത്യോക്യ, റോമാ, അലക്സാന്ത്ര്യ, കുസ്തന്തീനോപോലീസ് എന്നീ നഗരങ്ങളിൽ ഭരണാധിപ സിംഹാസനങ്ങൾ ആവിർഭവിച്ചു. 10) കർത്താവിന്റെ സഭയുടെ വിശ്വാസം നിലനിർത്തുവാൻ സംഖ്യയില്ലാതെ രക്തസാക്ഷികൾ മരണം വരിച്ചു. എന്നാൽ മാർട്ടിൻ ലൂതറിന്റെ നേതൃത്വത്തിലുണ്ടായ Reformation സഭയുടെ വിശ്വാസം തകിടം മറിക്കാനിടയായി. (അതുമൂലമുണ്ടായ സഭകളെപ്പറ്റി കൂടുതൽ ഗ്രഹിക്കണമെന്ന് ആഗ്രഹമുള്ളവർ വിപുലമായ എന്റെ *മലങ്കര സഭാചരിത്രവും വിശ്വാസസത്യങ്ങളും* നോക്കുക) എങ്കിലും ചുരുക്കമായി പ്രസ്താവിക്കുന്നു: Church of England, Congregationalists, 7th methodists, Baptist, Ana Baptists, Presbyterian-യൂണിറ്റേറിയൻ etc. ചിലതിന്റെ സ്ഥാപനം താഴെ കാണുക.

'സഭ'	വർഷം	സ്ഥാപകൻ
പ്രൊട്ടസ്റ്റന്റ് സഭ	1524	പ്രധാനസ്ഥാപകൻ-മാർട്ടിൻ ലൂതർ
പ്രസ്ബിറ്റിറിയൻ	1560	ജോൺ നോക്സ്
ബാപ്റ്റിസ്റ്റ്	1600	ജോൺ സ്മിത്ത്
കോൺഗ്രഗേഷനൽ	1600	റോബർട്ട് ബ്രൗൺ
ക്വെയിക്കേഴ്സ്	1647	ജോർജ്ജ് ഫോക്സ്
മെത്തഡിസ്റ്റ്	1739	ജോൺവെസ്ലി
ബ്രദറൺ	1800	ജോൺ ഡാർബി & എഡ്വേഡ് ക്രോനിൻ
ക്രിസ്തുശിഷ്യർ	1827	ബാർട്ടൺ സ്റ്റോൺ & തോമസ് കാംബെൽ
രക്ഷാസൈന്യം	1865	വില്യംബുത്ത്
ക്രിസ്ത്യൻ സയൻസ്	1879	മേരി ബേക്കർ എഡി
ശാബത്	1844	വില്യംമില്ലർ
പെന്തക്കൊസ്ത്	1884	ജി. സ്പെർലിംഗ്
യഹോവാസാക്ഷികൾ	1900	സി.റ്റി. റസൽ
ദൈവസഭ	1884	ഡാനിയേൽ വേർനൺ

(ക്രിസ്തുമതപ്രകാശിക. 107)

"വി സഭ മാതാവല്ലാത്തവന് ദൈവം പിതാവല്ല" വി. ഇഗ്നാത്യോസ് നൂറോനോ. വി. സഭയുടെ പ്രധാന ഉദ്ദേശ്യങ്ങൾ:-

1. വിശ്വാസസംരക്ഷണവും അദ്ധ്യാപനവും 2. രക്ഷാമാർഗ്ഗങ്ങളായ കൂദാശ(Sacrament)കളുടെ അനുഷ്ഠാനം 3) ദൈവാരാധന 4) സുവിശേഷഘോഷണം 5) സാധു സംരക്ഷണം മനുഷ്യൻ പാപത്തിൽ പതിച്ച് ദൈവത്തിൽനിന്നകന്നുപോയതിനുശേഷം, മനുഷ്യവർഗ്ഗത്തെ തങ്കലേക്കു പുനരാനയിക്കുവാനായി ദൈവം ഓരോ തലമുറയിലും പ്രവർത്തിച്ചുകൊണ്ടിരുന്നു. തന്റെ ജനമായി അഭ്യസിപ്പിച്ചുകൊണ്ടുവരുവാൻ ദൈവം നോഹിനെയും കുടുംബത്തെയും ജലപ്രളയത്തിൽനിന്നു രക്ഷിച്ചു. പിന്നീട് അബ്രഹാം, ഇസഹാക്ക് യാക്കോബ് എന്നിവരെ തിരഞ്ഞെടുക്കുകയും യാക്കോബിന് ഇസ്രയേൽ എന്നുള്ള മഹനീയനാമം നൽകുകയും ചെയ്തു. അവന്റെ സന്തതി പരമ്പരയെ-ഇസ്രയേല്യരെ, ഭൂമിയിലെ പല ജാതികളിൽവെച്ച് തന്റെ സ്വന്തജനമായി തിരഞ്ഞെടുത്തുവെന്നുള്ളതാണ് മ്ശീഹയെ സ്വീകരിപ്പാൻ പ്രധാനമായ സംഗതി. എല്ലാ ജാതികളിലും തന്റെ പൊതുവായ സ്നേഹവും കരുണയുമുണ്ടെന്നുള്ളതു

പരമാർത്ഥം തന്നെ. ദൈവദത്തമായ ഏതെങ്കിലും ഒരു വൈശിഷ്ട്യം കൊണ്ട് ഒരു ജാതി മറ്റൊരുജാതിയെ അതിശയിക്കുന്നതായി ചരിത്രം പറയുന്നു. തത്വശാസ്ത്രം, തർക്കശാസ്ത്രം മുതലായവയിൽ ഗ്രേക്കർ പ്രമാണികളായിരുന്നുവെങ്കിൽ ഭരണകാര്യത്തിൽ റോമാക്കാർ പ്രധാനികളായിരുന്നു. എന്നാൽ ദൈവം ഇസ്രയേൽ ജനതയ്ക്കു സർവ്വോപരിയായിതന്നെ അന്വേഷിക്കുവാനും അറിയുവാനുമുള്ള ഒരാഗ്രഹമനഃസ്ഥിതി മറ്റെല്ലാ ജാതിയെക്കാളും അധികമായി നൽകി. താൻ അവരുമായി ഉടമ്പടി ചെയ്തു. അവരുടെ മിത്ഥ്യാ ദേവന്മാരെ ഉപേക്ഷിച്ച് സത്യേക ദൈവത്തെ ആരാധിച്ച്: തന്നോടനുസരണമുള്ളവരായി അവർ വർത്തിക്കുമെങ്കിൽ, അവരുടെ പിതാവും സർവ്വസ്വവുമായ ദൈവത്തിന്റെ സഹായം അവർക്കുണ്ടാകുമെന്നുള്ളതായിരുന്നു ഉടമ്പടി. താനവർക്കു ന്യായപ്രമാണത്തെ നൽകിയും ന്യായാധിപന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ മുതലായവരാൽ അവരെ നയിക്കുകയും പ്രവാചകന്മാർ മുഖാന്തിരമായി അവരെ തന്റെ തിരുവിഷ്ടം ഗ്രഹിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. മനുഷ്യവർഗ്ഗത്തിനു താൻ വാഗ്ദാനം ചെയ്തിരുന്ന പുത്രന്റെ - സ്ത്രീയുടെ സന്തതിയുടെ-രൂപം നിഴലെന്നവണ്ണം തന്റെ ഭക്തന്മാരിൽ ചിലർക്കെല്ലാം കാണിക്കയും ചെയ്തിരുന്നു. ഹാബേലിനും നോഹിനും മൽക്കിസദേക്കിനും തന്റെ രഹസ്യത്തെ കാണിക്കുകയും മോശയ്ക്കും അഹറോനും ശ്മുയേലിനും തന്റെ ഇഷ്ടത്തെ വരച്ചുകാണിക്കുകയും ചെയ്തു. (പ്രുമി. കുർബാന). ദൈവം പണ്ട് ഭാഗം ഭാഗമായും വിവിധമായും ദീർഘദർശിമാർ മുഖാന്തിരം സംസാരിച്ചു തന്നെ മുഴുവനായി വെളിപ്പെടുത്തിക്കൊടുക്കുവാൻ കാലമായിരുന്നില്ല. 'കാലത്തിന്റെ തികവു' വന്നപ്പോൾ താൻ തന്റെ പുത്രനെ പറഞ്ഞയച്ചു. ഗലാ.4:4-5. ആയതുതന്റെ സ്വന്തജനമായ ഇസ്രായേലിനെ നശിപ്പിപ്പാനല്ല; അതിന്റെ പ്രമാണങ്ങളെ നീക്കിക്കളവാനുമല്ല; പ്രത്യുത, അതിനെ, കുറേക്കൂടി ഉന്നതമായ അവസ്ഥയിലേക്കാനയിക്കാനും അതിന്റെ പ്രമാണങ്ങളെ വേണ്ടവണ്ണം പൂർത്തിയാക്കുവാനും അന്ധകാരത്തെയും അജ്ഞതയെയും തെറ്റിനെയും, മനുഷ്യഹൃദയത്തിൽനിന്നുനീക്കി സത്യം വെളിപ്പെടുത്തുവാനുമായിരുന്നു. പുത്രൻ തന്റെ അവതാരത്തിന്റെ ഉദ്ദേശ്യം; പിതാവിന്റെ ഹിതപ്രകാരം പൂർത്തീകരിച്ചു. അവനെ കൈക്കൊണ്ട് അവനിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കളാകുവാനുള്ള അവകാശവും യോ. 1:12 സിദ്ധിച്ചു. ആകയാൽ വാഗ്ദത്തമിശിഹായിൽ - അവന്റെ സത്യത്തിൽ - വിശ്വസിച്ചവൻ ഒരു പുതിയ ജാതിയായി തീരുകയല്ല ചെയ്തത്. പിന്നെയൊ, ദൈവപുത്രനിൽ വിശ്വസിച്ചവൻ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായിത്തീരുകയും, വിശ്വസിക്കാ

തിരുന്നവർ തള്ളപ്പെടുകയുമാണുണ്ടായത്. ക്രിസ്തീയസഭ പഴയ ഇസ്രയേലിൽനിന്ന് പുതിയ ഇസ്രയേലായി ഉത്ഭൂതമായി. പഴയനിയമസഭ പുതിയനിയമസഭയുടെ നിഴലിലായിരുന്നു. പുതിയ നിയമം പഴയനിയമത്തിൽ അന്തർഭവിച്ചിരിക്കുന്നു. പഴമ പുതുമയിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. വി. ആഗുസ്തീനോസ് അതിലെ ദൃഷ്ടാന്തങ്ങൾ ദീർഘദർശനങ്ങൾ മുതലായവ കർത്താവിലും തന്റെ സഭയിലും പൂർത്തിയായി. പഴയനിയമബലികൾ കർത്താ വിലും തന്റെ സഭയിലും പൂർത്തിയായി. പഴയനിയമബലികൾ മ്ശീഹായുടെ സ്ലീബാമേലുള്ള ബലിയുടെയും അതിന്റെ തുടർച്ചയാ കുന്ന വി. കുർബാനയുടെയും നിഴലിലായിരുന്നു. പഴയ പൗരോ ഹിത്യത്തെ മഹാ പുരോഹിതനായ മ്ശീഹായിൽ പൂർത്തിയാക്കി അഹറോന്യ പിൻതുടർച്ചാവകാശത്തെ അപ്പോസ്തലപിൻതുടർച്ച യായി മാറ്റി. പരിച്ഛേദന, വി. മാമോദീസായുടെ മുൻകുറി ആയിരു ന്നുവെന്നു കാണിച്ചു. യഹൂദസഭയുടെ ആധാരങ്ങളായ ന്യായപ്ര മാണത്തെയും പ്രവചനങ്ങളെയും താൻ രണ്ടുവാചകങ്ങളിൽ സംഗ്രഹിച്ച് അവയെ വിശദീകരിച്ചു. മ്ശീഹായുടെ മനുഷ്യാവതാര കാലത്ത് കൃപയും സത്യവും താൻ മനുഷ്യർക്കു നൽകിക്കൊണ്ടി രുന്നത് തന്റെ മനുഷ്യാവതാരത്തോട് അവരെ അടുപ്പിക്കുന്നതുമൂ ലമായിരുന്നു. ഇപ്പോൾ കൃപയും സത്യവും താൻ നൽകുന്നത് ദൃശ്യമായ തന്റെ സഭയുമായുള്ള ഐക്യത്തിലേക്ക് അവരെ ആന യിക്കുന്നതുമൂലമാകുന്നു. സഭ മനുഷ്യാവതാര തുടർച്ചയാണെന്നു പറയാം. മ്ശീഹാ എങ്ങനെയൊ അതുപോലതന്നെയാണ് സഭ. അതായത്, കൃപയുടെ ഭണ്ഡാരം, സത്യത്തിൻ കേന്ദ്രം. ലോക ത്തിന്റെ പാപത്തിൽനിന്നു രക്ഷപെട്ടോടിവരുന്നവർക്കു അഭയം പ്രാപിക്കാനുള്ള രക്ഷാപ്രദായിനിയായ പെട്ടകം! മ്ശീഹാ വഴിയും സത്യവും ജീവനുമാകുന്നു. തന്നിൽകൂടെയല്ലാതെ ആരും പിതാവിങ്ക ലേക്ക് വരുന്നില്ല. എല്ലാവരും രക്ഷപെടേണ്ടതിന് സത്യവും ജീവനും പ്രകാശവും കൃപയും ദൈവത്തിൽനിന്നു സ്വീകരിക്കുന്നതിനുമുള്ള വഴിയാണ് വി. സഭ. എന്തെന്നാൽ, സഭ നമ്മുടെ കർത്താവിന്റെ ശരീരമാകുന്നു. അതായത്, ശരീരത്തിലെ അവയവങ്ങൾ ശിരസ്സി നോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവൊ, അതുപോലെ അത്ര സത്യമായും കൃത്യമായും സഭ മ്ശീഹായോടു ബന്ധപ്പെട്ടിരിക്കുന്നു. മ്ശീഹായും സഭയും തമ്മിൽ വേർതിരിക്കപ്പെടുവാൻ പാടില്ലാത്ത വിധത്തിൽ ഒന്നാകുന്നു. ഇതേപ്പറ്റി വി. പൗലൂസ് പറയുന്നത് (1 കൊ. 12:12-27) ഈ അവസരത്തിൽ പ്രത്യേകം സ്മർത്തവ്യമാണ്.

ഞാൻ മുന്തിരിവള്ളിയാകുന്നു. നിങ്ങൾ ചില്ലികളുമാകുന്നു. ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ അവൻ

വളരെ ഫലം പുറപ്പെടുവിക്കും. എന്തെന്നാൽ എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ സാദ്ധ്യമല്ല. മുന്തിരിവള്ളിയിൽ പല ചില്ലികളുമുണ്ടാകുന്നതിനു മുമ്പും അതു മുന്തിരി തന്നെയാകുന്നു. ചില്ലികൾ മുന്തിരിയുടെ ചില്ലികളാകുന്നതുതന്നെ അവയ്ക്ക് ആ മുന്തിരിവള്ളിയുടെ ജീവൻ ഉള്ളതുകൊണ്ടാകുന്നു. ഒരു ശരീരമാകട്ടെ മുന്തിരിവള്ളിയാകട്ടെ, അതു നിലനിൽക്കുന്നിടത്തോളം കാലം, അതു മുഴുവനായ ഒന്നുതന്നെ. അപ്രകാരം സഭയും എന്നന്നേക്കും മുഴുവനായ ഒന്നുതന്നെയാകുന്നു. എന്തെന്നാൽ സഭ ഒരിക്കലും ഇല്ലാതായിപ്പോകയില്ലെന്നുള്ള വാഗ്ദാനം നിലനിൽക്കുന്നു. ഒരു ശരീരത്തിലെ അവയവങ്ങൾ ഒരു കുടുംബത്തിലെ അംഗങ്ങൾ ഒരു മുന്തിരയുടെ ചില്ലികൾ, ഇവ ശരീരത്തിൽ നിന്നൊ, കുടുംബത്തിൽനിന്നൊ, വള്ളിയിൽനിന്നൊ, ഛേദിക്കപ്പെടാതെ, അവയിൽ നിന്ന് ജീവൻ അനുഭവിച്ചുകൊണ്ടിരിക്കുന്നത്രകാലം അവ മുൻപറഞ്ഞ ഒന്നിൽപെട്ടവയായിരിക്കും. അവ്വണ്ണംതന്നെ, സഭയുടെ അംഗങ്ങളാക്കിത്തീർക്കപ്പെട്ടശേഷം, സഭയിൽനിന്ന് സ്വയം മാറിയൊ മാറ്റപ്പെട്ടൊ, സഭയുടെ ജീവനിൽനിന്ന് അന്യരാകാത്ത കാലത്തോളം സഭയിലെ അംഗങ്ങളായിത്തന്നെയിരിക്കുന്നു. മാറ്റപ്പെടുമ്പോൾ ശേഷിക്കുന്ന അംഗത്വമൊ, മുന്തിരിവള്ളിയിൽനിന്ന് ഒരു ചില്ല ഛേദിച്ചുകളഞ്ഞാലും അതു മുന്തിരിവള്ളിയുടെ ചില്ലയായിരുന്നുവെന്നൊ, വീട്ടിൽനിന്നു ബഹിഷ്കൃതനാക്കി അവകാശഹീനനാക്കിയ ഒരംഗം കുടുംബത്തിലെയായിരുന്നുവൊന്നൊ പറയുന്നതുപോലെ മാത്രമാണ്. എന്നാൽ എന്തെങ്കിലും ഗുണത്തെയൊ, പ്രയോജനത്തെയൊ സംബന്ധിച്ചിടത്തോളം അവർക്ക് അഥവാ അവയ്ക്കു സ്ഥാനമില്ല. എന്തെന്നാൽ അവർ ആ ഒന്നിൽനിന്ന് അറ്റുപോയി. ആ മുഴുവന്റെയും ഐക്യത്തിൽനിന്നും അതിന്റെ ജീവന്റെ ഉറവയിൽനിന്നും അവ ഛേദിക്കപ്പെട്ടുപോയി. ചുരുക്കിപ്പറഞ്ഞാൽ സഭയുടെ അംഗത്തിനുള്ള ഗുണങ്ങളൊ പ്രയോജനങ്ങളൊകൂടാതെ അർത്ഥമില്ലാതെ, സഭയുടെ അംഗം എന്നുപറയാം. ലോകത്തിലെ സഭയിലെ വിശ്വാസികളായിരുന്ന് ഈ ലോകം കടന്നുപോയ എല്ലാ വിശ്വാസികളും ശരീരത്തിന്റെ ശിരസ്സാകുന്ന മ്ശീഹായോടു ചേർന്നു. അവന്റെ ജീവൻമൂലം ജീവിച്ചുകൊണ്ട് ഇപ്പോഴും സഭയുടെ അംഗങ്ങളാകുന്നു. മനുഷ്യൻ സഭയുടെ ഐക്യത്തിൽനിന്നു വിട്ടുപിരിഞ്ഞുപോയേക്കാം. എന്നാൽ അതുമൂലം ഏക സഭയെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല. സഭ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പുതിയ ജനമാകുന്നു. 1 പത്രോ. 2:10-18 അതിനായി മ്ശീഹാ മരിച്ചു. അതിനെ താൻ രക്ഷിച്ചു. അതിനു താൻ ജീവനെ നൽകുന്നു. നമ്മെ ആ കുടുംബത്തിലെ അംഗങ്ങളാക്കിത്തീർത്തുകൊണ്ട് ആളാം പ്രതിയായും

രക്ഷിക്കുന്നു. ഏവംവിധം മഹത്വമുള്ള സഭയിൽ അംഗത്വം പ്രാപിച്ചിരിക്കുന്നതിനാൽ, രക്ഷ, വിശുദ്ധീകരണം എന്നിവ നമുക്കു സ്വായത്തമാകുന്നു. ആകയാൽ താൻ ചെയ്യുന്നത് ഇന്നതെന്ന് അറിഞ്ഞുകൊണ്ട് സഭയിൽനിന്നും കൂദാശകളിൽനിന്നും മനഃപൂർവ്വമായി പിന്തിരിഞ്ഞുപോകുന്നവന്, മ്ശീഹാ ലോകത്തിലായിരുന്നപ്പോൾ, തന്റെ അടുക്കലേക്കു തിരിയുവാൻ മനസ്സില്ലാതിരുന്നവർക്ക് ദൈവത്തിന്റെ കൃപയും സത്യവും പ്രാപിപ്പാൻ സാധിക്കാതിരുന്നതുപോലെ അവ പ്രാപിപ്പാൻ സാദ്ധ്യമല്ലതന്നെ. "ഈ പാറമേൽ ഞാൻ എന്റെ സഭ പണിയും, പാതാളവാതിലുകൾ അതിനെ ജയിക്കയില്ല" മത്താ. 16:18 മ്ശീഹാ പിതാവിനെ വെളിപ്പെടുത്തിക്കാണിച്ചു. സത്യം അറിയിച്ചു. താൻ വെളിപ്പെടുത്തിയ സത്യത്തെ ലോകാന്ത്യത്തോളം നിലനിർത്തുന്നതിനായും, സത്യത്തിന്റെ പരിജ്ഞാനത്താൽ സർവ്വരും രക്ഷ പ്രാപിക്കേണ്ടതിനുമായി താൻ സഭ സ്ഥാപിച്ചു. പാതാള ഗോപുരങ്ങൾക്ക്- സാത്താനും അനുയായികൾക്കും- അതിന്മേൽ യാതൊരു വിജയവും കൊള്ളാൻ നിവൃത്തിയില്ലാത്ത വിധത്തിൽ-അതത്ര ഉറപ്പുള്ളതും ബലവത്തുമായ അടിസ്ഥാനത്തിന്മേലാണ് താൻ സഭ സ്ഥാപിച്ചത്. മ്ശീഹാ സഭയെക്കുറിച്ച് ആദ്യമായി പ്രസ്താവിക്കുന്ന സന്ദർഭം ഇതാണ്: ശ്ലീഹാ പ്രമുഖനായ വി. പത്രോസ് മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെ വിശ്വസിച്ച് ഏറ്റുപറഞ്ഞു. അതായത് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശീഹായാകുന്നു." തന്റെ സഭയുടെ അടിസ്ഥാനം സത്യത്തിന്മേൽ ആയിരിക്കേണ്ടതിനും അതു പരമസത്യമാണ് എന്ന് അതു ഗ്രഹിച്ചിരിക്കുന്നവർക്ക് പരിപൂർണ്ണവിശ്വാസം ഉണ്ടായിരിക്കേണ്ടതിനുമായിട്ടാണ് താനാരെന്നു ജനങ്ങൾ പറയുന്നുവെന്ന് ശിഷ്യന്മാരോട് താൻ ചോദിക്കുന്നത്. സ്വശിഷ്യന്മാർക്ക് തന്റെ മനുഷ്യാവതാര സത്യത്തിൽ പരിപൂർണ്ണമായ വിശ്വാസം ഉണ്ടെന്നു പത്രോസ് ഏറ്റുപറഞ്ഞതിനുശേഷമാണ് താൻ സഭയുടെ കാര്യം പ്രസ്താവിക്കുന്നത്. താനാരാണെന്നുള്ളതു പരിപൂർണ്ണമായി വിശ്വസിക്കാതെ അത്യുത്തമനായ ഒരു ലോകഗുരുമാത്രം എന്ന രീതിയിൽ തന്നെ ശിഷ്യന്മാർ മനസ്സിലാക്കി അവർ മുമ്പോട്ടുപോകുന്നപക്ഷം സത്യത്തിന്റെ കലവറയായിരിക്കേണ്ട തന്റെ സഭയ്ക്ക് ശക്തിയുണ്ടാകയില്ലായിരുന്നു. പാതാളവാതിലുകൾക്ക് അതിനെ നിഷ്പ്രയാസം ജയിക്കാനിടയാകുമായിരുന്നു. എന്നാൽ അചഞ്ചലവും പാറപോലെ ഉറപ്പുള്ളതുമായ വിശ്വാസത്തിന്മേൽ തന്റെ സഭയാകുന്ന സൗധം ഉയർത്തപ്പെടുന്നപക്ഷം എത്ര ഘോരമായ കാറ്റും മഴയും പ്രളയവും വന്നാലും അതിന്മേൽ തട്ടിമുട്ടിപ്പോകാമെന്നല്ലാതെ തന്റെ സഭയാകുന്ന സൗധത്തെ മറിക്കുവാനൊ, ജയിക്കുവാനൊ സാദ്ധ്യമല്ലെന്ന്

താൻ നിശ്ചയിക്കുകയും തന്റെ അനുചരന്മാരുടെ വിശ്വാസത്തെപ്പറ്റി ചോദിക്കുകയും വി. പത്രോസ് മനുഷ്യാവതാര രഹസ്യത്തെ ഏറ്റു പറയുകയും അങ്ങനെ അവരിൽ സംജാതമായ സത്യവിശ്വാസത്തിന്മേൽ കർത്താവ് തന്റെ സഭയെ പണിയുകയും ചെയ്തു. സഭയെക്കുറിച്ച് ചിലർക്ക് ചില തെറ്റിദ്ധാരണകൾ ഉണ്ട്.

1. ദൈവത്തിനുമാത്രം അവരുടെ പേരുകൾ അറിയാവുന്ന തിരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു സമൂഹം. 2) യേശുക്രിസ്തുവിനെ സ്നേഹിക്കുന്നവരുടെ ഒരു സമൂഹം. ഈ രണ്ടഭിപ്രായങ്ങളും ശരിയല്ല. ഇങ്ങനെയായിരുന്നെങ്കിൽ വി. പൗലൂസ് സഭയെ ഒരു ശരീരത്തോടു സാമ്യപ്പെടുത്തുകയില്ലായിരുന്നു. ഒരു ശരീരം ക്രമീകൃതമാണ്. ഓരോ അംഗത്തിനും അതിന്റെ ജോലിയുണ്ട്. എല്ലാ അംഗവും തലയ്ക്ക് കീഴ്പെട്ടിരിക്കുന്നു. അപ്പോസ്തലികകാലം മുതൽ എന്നാളും വിശ്വസിക്കപ്പെട്ടിരിക്കുന്നത് സഭ കാണപ്പെടാവുന്ന ഒന്നാണെന്നും കൂടെയാണ്, വി. പൗലൂസും വി. യോഹന്നാനും ഇങ്ങനെ വിശ്വസിച്ചിരുന്നു. (1 കൊ. 5:12–13, 12:12, യോഹ. 2:19, 1 തീമോ. 1:20) ഈ സഭയിലേക്കു പ്രവേശനം മാമോദീസാ വഴിമാത്രവും വി. പത്രോസിന്റെ തലവൻസ്ഥാനത്തിൻ കീഴിൽ മറ്റ് ശ്ലീഹന്മാരും അവരുടെ കീഴിൽ പ്രാദേശികാധികാരികളും ആദ്യം മുതൽ കാണാം.

സഭയുടെ 4 ലക്ഷണങ്ങൾ

(1) "കാതോലികവും (2) ശ്ലൈഹികവുമായ (3) ഏക (4) വിശുദ്ധ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു." (വിശ്വാസപ്രമാണം). ഇവയിൽ ഒന്നിന്റെയെങ്കിലും അഭാവം യഥാർത്ഥ സഭയുടെ സ്വഭാവത്തെയല്ല കാണിക്കുന്നത്. സർവ്വ മനുഷ്യരുടെയും രക്ഷയ്ക്കായി ഇറങ്ങിവന്ന് കർത്താവ് സ്ഥാപിച്ചസഭ, കാതോലികമായിരിക്കണം. ശ്ലീഹന്മാർ കർത്താവിന്റെ ശിഷ്യന്മാരും തന്നാൽ നിയുക്തമായിരുന്നതിനാലും അവർ വഴിയല്ലാതെ ശ്ലൈഹിക പിൻതുടർച്ചയുണ്ടാവാൻ സാദ്ധ്യമല്ലാത്തതിനാലും അവർ പഠിപ്പിച്ച വിശ്വാസംമാത്രം സത്യമാകയാലും സഭ ശ്ലൈഹികമായിരിക്കണം. ഏക ദൈവത്തിന്റെ ഏക പുത്രൻ സ്ഥാപിച്ച സഭ ഏകമാകുന്നു. വിശുദ്ധിപൂർണ്ണനായ മിശിഹായാൽ സ്ഥാപിതവും വിശുദ്ധിയുടെ ഉത്ഭവസ്ഥാനവുമായതുകൊണ്ട് സഭവിശുദ്ധമാണ്.

1. കാതോലികം

സഭ കാതോലികം Catholic-എന്ന് ആദ്യം എഴുതിയത് തീക്കടുത്ത മോർ ഇഗ്നാത്യോസ് (A.D. 110) ആണ്. 'മിശിഹാ എവിടെയൊ

അവിടെ കാതോലിക സഭ' ഉണ്ടെന്ന് അദ്ദേഹം എഴുതി. കാതോലികം എന്ന ഗ്രീക്കുപദത്തിനു സാർവ്വത്രികം എന്നർത്ഥമുള്ളതിനാൽ, എല്ലാ ഭൂഖണ്ഡങ്ങളിലും വ്യാപിച്ചുകിടക്കുന്ന സഭയാണ് കാതോലികം എന്നു ചിലർ പറയാറുണ്ട്. ആ വാദഗതി രണ്ടു കാരണങ്ങളാൽ നിരർത്ഥകമാണ്. (1) മോർ ഇഗ്നാത്യോസിന്റെ കാലത്ത് സഭ ലോകം മുഴുവനിലും വ്യാപിച്ചിരുന്നില്ല. (2) കാതോലികം എന്ന പദത്തിനു താഴെക്കാണുന്ന നിർവചനം കൊടുത്ത ഊർശ്ലേമിന്റെ മോർ കൂറിലോസിന്റെ കാലമായ ആദ്യ നൂറ്റാണ്ടുകളിലും സഭ സർവ്വത്ര വ്യാപിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ നിർവ്വചനം സഭ 'കാതോലികം' എന്നു പറയുന്നതിൽനിന്നും 1) അതു എല്ലാവർക്കുംവേണ്ടിയുള്ളതാണ്. 2) അതു പൂർണ്ണ സത്യത്തെ പഠിപ്പിക്കുന്നതാകുന്നു. 3) നാനാ മനുഷ്യവർഗ്ഗത്തെ ഭരിക്കുന്നതാകുന്നു. 4) ആത്മശരീരങ്ങളുടെ എല്ലാവിധ രോഗങ്ങളെയും ചികിത്സിച്ചു സുഖപ്പെടുത്തുന്നതാകുന്നു. 5) അതിൽ ആത്മികമായ എല്ലാ നൽവരങ്ങളുമുള്ളതാകുന്നു, "സകലസത്യങ്ങളും പഠിപ്പിക്കുന്നതും എല്ലാ ജാതികളെയും ചേർക്കുന്നതും സകല സ്ഥലങ്ങളിലും വ്യാപിക്കുന്നതുമായ സഭ" എന്നാണ് ഇതിന്റെ അർത്ഥം. (സുറി. ഓർത്ത. സഭയുടെ ചെറിയ ചോദ്യോത്തരം by H.H. മോർ അപ്രേം I പാത്രിയർക്കീസ് ബാവാ) The Church is Catholic. She teaches the whole truth to the whole world, She omits no part of God's revelation to man: she does not confine to any nation or race or colour or class or sex. The Church of the old Covenant was Hebrew, the Church of the New Covenant is Catholic; and seeks to being every human being into its fold. This does not mean that she is working in every country. She was not the less Catholic on the day of Pentecost, because she was confined to Jerusalem" (the Christian faith. 258.S.P.C.K) വി. സഭ കാതോലികം എന്നതിന് വേദ തെളിവുകൾ താഴെക്കാണുക. സങ്കീ. 22:25-31, മലാ. 1:11 മത്താ. 28:19 മർക്കോ. 16:15, അ.പ്ര. 1:8 റോമാ. 10:18

സഭയുടെ കാതോലികത്വത്തെപ്പറ്റി സഭാപിതാക്കന്മാർ:

1. **ജസ്റ്റിൻ** (യൂസ്തീനോസ്) 2-ാം നൂറ്റാണ്ട്. മനുഷ്യരിൽ ബർബരന്മാരുടെയൊ, ഗ്രീക്കുകാരുടെയൊ മറ്റേതെങ്കിലും ജനതയുടെയൊ ഇടയിൽ ക്രിസ്തുവിന്റെ നാമം അറിയപ്പെടാത്ത ഒരു ജാതിയുമില്ല. 2. ലോകത്തിലെ ഭാഷകൾ വിഭിന്നമെങ്കിലും സഭയുടെ പ്രബോധനം ഒന്നുതന്നെയാണ്. സഭ-സത്യത്തിന്റെ വിജ്ഞാനത്തിലേക്കു വരുന്ന എല്ലാവരെയും പ്രബുദ്ധരാക്കിത്തീർക്കുന്നു. വി. ഐറെനിയോസ് (2-ാം നൂറ്റാണ്ട് അവസാനം). 3. ഞങ്ങൾ ഇന്നലെയുണ്ടായവരെങ്കിലും നിങ്ങളുടെ നഗരങ്ങളും ആലോചനാശാലകളും നിയമ

നിർമ്മാണ മന്ദിരങ്ങളും കൂടാരങ്ങളും അരമനകളും വ്യാപാര ശാലകളും ഞങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. (തെർത്തുല്യൻ. 2-ാം നൂറ്റാണ്ട് അവസാനം) 4. നമ്മുടെ ഗുരുവിന്റെ വി. വചനം ഗ്രീസിലെ തത്വശാസ്ത്രംപോലെ യഹൂദിയായിൽ മാത്രമല്ല; പിന്നയൊ എല്ലാ ജാതിയിലേക്കും ഗ്രാമത്തിലേക്കും പട്ടണത്തിലേക്കും ഭവനത്തി ലേക്കും എന്നുവേണ്ട എല്ലാ തത്വശാസ്ത്രകാരന്മാരിലും ചെന്നെ ത്തുകയും ചെയ്തു. (വി. ക്ലീമീസ്-അലക്സാന്ത്രിയ. 2-ാം നൂറ്റാണ്ട് അന്ത്യം) 5. ഗ്രീക്കുകാരും പുറജാതികളും ബുദ്ധിയുള്ളവരും ബുദ്ധി യില്ലാത്തവരും യേശുവിന്റെ മതത്തെ ആശ്ലേഷിച്ചു. അതിനാൽ അതു പ്രകൃത്യാതീതമായ മതമാണ്. (ഒറിജൻ. 3-ാം നൂറ്റാണ്ട് ആരംഭം)

2. ശ്ലൈഹികം (Apostolic)

“വി.സഭയ്ക്ക് അപ്പോസ്തലിക പിൻതുടർച്ചയും ശരിയായ കൈ വെപ്പും ഉണ്ടായിരിക്കുകയും (2) അപ്പോസ്തലിക ഉപദേശം അതു സ്വീകരിക്കുകയും ചെയ്യുന്നുവെന്ന് സഭ **ശ്ലൈഹികം** എന്നു പറയു ന്നതിൽനിന്നും നാം ഗ്രഹിക്കണം (സൂറി. ഓർത്ത. ചോദ്യോ.)

കൈവെപ്പിനെപ്പറ്റിയും പിൻതുടർച്ചയെപ്പറ്റിയും വി. പൗലൂസ് സ്പഷ്ടമായി പ്രസ്താവിക്കുന്നു:-

1. പിൻതുടർച്ചക്കാർ എങ്ങനെയയുള്ളവരായിരിക്കണം. 1. തീമോ. 3:12. തീത്തോ. 1:5-9.
2. പിൻതുടർച്ച എങ്ങനെ? കൈവെപ്പിനാൽ.

എന്റെ കൈവെപ്പിനാൽ നിന്നിലുള്ള കൃപാവരം ജ്വലിപ്പിക്കണം. 2 തീമോ 1:6 ആരുടെമേലും ധൃതിയായി കൈവെപ്പു നടത്തരുത് 1 തീമോ. 5:22

സഭ ശ്ലൈഹികമായിരിക്കണമെങ്കിൽ:-

1. ശ്ലൈഹിക കൈവെപ്പു മുടക്കമില്ലതെ തുടർച്ചയായി ഉള്ളതായി രിക്കണം.
2. ശ്ലീഹന്മാരുടെ വിശ്വാസം, ഉപദേശം എന്നിവയെ പാലിച്ചു വരു ന്നതായിരിക്കണം.
3. കൈവെപ്പുണ്ടായിരുന്നെങ്കിലും ശ്ലൈഹികവിശ്വാസത്തിന് വിപ രീതം വന്നാലും, വിശ്വാസമുണ്ടായിരിക്കാമെങ്കിലും കൈവെപ്പു ഇല്ലാതെ വന്നാലും അത് ശ്ലൈഹിക സഭ എന്ന പേരിന് അർഹ മല്ലാതായിത്തീരും. 2-ാം നൂറ്റാണ്ടിൽ തെർത്തുല്യൻ പറയുന്നു: “It remains therefore we show whether this four doctrine, the rule of which we have above declared, be derived from the tradition of the Apostles and form this very fact whether the other doctrines

come of falsehood. we have communion with Apostolic Churches because we have no doctrine differeing from them. This is evidence of truth... We may say, let them make known the origins of their Churches; let them unfold the roll of their bishops so coming down in succession from the beginning that their first bishop had for his ordainer and predecessors, someone of the 'apostles or Apostolic men."

സഭ ഏകമാകുന്നു

ഏകദൈവത്തിന്റെ ഏകപുത്രൻ സ്ഥാപിച്ച സഭ ഏകമാകുന്നു. ഏക മ്ശീഹായുള്ളതുപോലെ-ഏകരക്ഷകനുള്ളതുപോലെ-തന്റെ ശരീരമാകുന്ന സഭയ്ക്കും ഏകമായിരിപ്പാനേ സാധിക്കൂ-അതിൽ ഏകവിശ്വാസമേ ഉണ്ടാകാവൂ-ഏക വിശ്വാസത്തിൽ സ്ഥിതിചെയ്യുമ്പോൾ സഭ ഏകമാകുന്നു. വിവിധ പേരുകളോടും വിവിധ രാജ്യങ്ങളിലും വിവിധ ആചാരങ്ങളോടുംകൂടി സഭകൾ സ്ഥിതിചെയ്താലും അവ ഏകസത്യസഭയോടും അതിന്റെ തലവനോടും ബന്ധപ്പെട്ടിരിക്കുമ്പോൾ ഏക വിശുദ്ധസഭയിലെ ഘടകങ്ങളാകുന്നു. ഏക സഭയേ ഉള്ളൂ. മ്ശീഹായുടെ ഏക ശരീരമേ ഉള്ളൂ. ഈ ഏക സഭ മ്ശീഹാ ആദ്യമെന്നിൽത്തന്നെ ലീനമാക്കിയിരുന്നതും പിന്നീടു താൻ തിരഞ്ഞെടുത്ത ശ്ലീഹന്മാരിലും അവസാനമായി എല്ലാ ജാതിയിൽനിന്നും മ്ശീഹായോടു കൂട്ടിച്ചേർക്കപ്പെട്ടവരിലുംകൂടി ആയിരുന്നതുമാകുന്നു. മ്ശീഹായിലും സഭയിലും ഏകജീവൻ ഇരിക്കുന്നതിനാലും സഭയുടെ അംഗമായിത്തീരുന്നവനെല്ലാം മ്ശീഹായുടെ അവയവമായിരുന്നതിനാലും അവർ തമ്മിൽ തമ്മിൽ അവയവങ്ങളാകുന്നു. മ്ശീഹായും തന്റെ ഈ ഓരോ അവയവവും തമ്മിൽ ആത്മിക ഐക്യമുണ്ട്. അതിനാൽ ഒരവയവത്തിന് മറ്റു സർവ്വ അവയവങ്ങളോടും ആത്മികൈക്യമുണ്ട്. ജീവനോടിരിക്കുന്നവരോടും വാങ്ങിപ്പോയവരോടുമുണ്ട്.

വിശ്വാസത്തിലും അനുസരണത്തിലും ആരാധനയിലും സാഹോദര്യത്തിലും ഐക്യമുള്ളതായി, വിയോജനമില്ലാതെ ഭൂതലമാകെ തന്റെ സഭ ഒന്നായിരിക്കണമെന്നു ദൈവം ഇഷ്ടപ്പെടുന്നു. താൻ തന്റെ സഭയെ കാതോലികമായി സ്ഥാപിച്ചു. അതിൽനിന്ന് ഐക്യവും ഉണ്ടാകുവാൻ താൻ ഇഷ്ടപ്പെട്ടു. തന്റെ സഭ മനുഷ്യന്റെ സാഹോദര്യത്തിന്റെ അടിസ്ഥാനമായിരിക്കണമെന്നും മനുഷ്യനും മനഷ്യനും തമ്മിലുള്ളതായ പാപപതനാനന്തരമുള്ളതായ ആ വിരോധത്തെ തന്മൂലം നീക്കണമെന്നും മനുഷ്യന്റെ സ്വാർത്ഥതയും അഹങ്കാരവും മൂലമുണ്ടായ തടസ്സങ്ങളെ നീക്കി ഒന്നാക്കണമെന്നും താൻ ഇഷ്ടപ്പെട്ടു.

"ഏകദൈവത്തെ ആരാധിക്കയും ഏകവിശ്വാസത്തെ പാലിക്കുകയും കൃപാമാർഗ്ഗങ്ങളായ കൂദാശകൾ ഒന്നുതന്നെയാകകൊണ്ടും ഏക ആശയിലേക്കു നോക്കിപ്പാർക്കുന്നതിനാലും ഏക ആത്മാവിനാൽ നയിക്കപ്പെടുന്നതിനാലും സഭ ഏകമാകുന്നു" ശ്ലൈഹിക കാലംമുതൽ ലോകാവസാനംവരെയും സഭയുടെ വിശ്വാസം ഏകമായിരിക്കേണ്ടതാകുന്നു; കാരണം വി. സഭയുടെ വിശ്വാസം ക്രോഡീകരിപ്പിച്ചവൻ വി. റൂഹായാകുന്നു. ഒരിക്കൽ വി.റൂഹായുടെ നിയോഗാനുസൃതം നിശ്ചയിക്കപ്പെട്ട വിശ്വാസസത്യങ്ങൾ, പിന്നീടൊരിക്കൽ അതേ വിശുദ്ധ റൂഹായാൽ ദുർബലീകരിക്കപ്പെടുകയില്ല. വിശ്വാസസത്യങ്ങൾക്കു ഏതെങ്കിലും വ്യത്യാസങ്ങൾ വരുത്തുന്ന സമൂഹത്തിന് സത്യസഭ എന്ന വിശേഷണത്തിനർഹതയില്ല.

ശ്ലൈഹിക സത്യവിശ്വാസത്തിൽ വ്യത്യാസങ്ങൾ വരുത്തുമ്പോൾ, ആ പ്രവൃത്തികൊണ്ടുതന്നെ അങ്ങനെയുള്ളവർ സഭയ്ക്കിതരന്മാരായിത്തീർന്നു പോകുന്നു. എന്തെന്നാൽ വി. റൂഹായോടാണ് അവർ എതിർക്കുന്നത്. അനന്യാസിനും ഭാര്യയ്ക്കും ലഭിച്ച അതേ ശിക്ഷ തന്നെ വിശ്വാസത്യാഗികൾക്കും ഉണ്ടാകുന്നു. അപ്പോൾ മുതൽ അവർ സഭയ്ക്കു മൃതരാണ്. സഭയുടെ ജീവൻ വിശുദ്ധറൂഹായാണ്. വി. റൂഹായുടെ വ്യാപാരത്താൽ നിർമ്മിതങ്ങളായ വേദസത്യങ്ങളെ വിശ്വാസത്യങ്ങളെ ഒരുവനൊ ഒരു സമൂഹമൊ വ്യത്യാസപ്പെടുത്തുമ്പോൾ അതു മഹാപാപമായി-ഇഹത്തിലും പരത്തിലും മോചനമില്ലാത്ത പാപമായിത്തീരുന്നു. ഇപ്രകാരം വിശ്വാസവ്യത്യാസങ്ങൾ വരുത്തുന്നവരെ വേദവിപരീതികളെന്നു വിളിക്കുന്നു. എന്നാൽ മറ്റു ചിലർ ഏക വിശുദ്ധസഭയിൽ നിന്നു വേർപെട്ടുനിന്നുകൊണ്ട് ഏക സഭയുടെ തലവനെ അനുസരിക്കാതെയിരിക്കുമ്പോൾ അവരെ ശീശ്മക്കാർ (Schismatics) എന്നു വിളിക്കുന്നു. വേദവിപരീതികളുടെ നിലയാകട്ടെ ശീശ്മക്കാരുടെ നിലയാകട്ടെ ദൈവഹിതത്തിനു യോജിച്ചതല്ല. തന്റെ സഭ എന്നേക്കും ഏകമായിരിക്കണമെന്നു താൻ ഇച്ഛിക്കുന്നു. എന്നാൽ സ്വാർത്ഥത, ലോകബഹുമാനാകാംക്ഷ മുതലായവയാൽ സഭയിൽ പിളർപ്പുണ്ടാക്കുകയും അങ്ങനെ കാലക്രമത്തിൽ വേദവിപരീതമുത്ഭവിപ്പിക്കയും ചെയ്യുന്നവർ, ഏകമ്ശീഹായുടെ ശരീരത്തെ മുറിക്കുന്നവരാണ്; ശീശ്മ, വേദവിപരീതത്തിലേക്ക് മനുഷ്യനെ ആനയിക്കുന്ന പാതയാകുന്നു.

ഏകസഭയുടെ സത്യഅംഗങ്ങൾ ഏകമായ സത്യവിശ്വാസത്തിനു വേണ്ടി പോരാടുവാൻ, മരിച്ചാൽപോലും ചുമതലയുള്ളവരാകുന്നു. അങ്ങനെ ചെയ്യുമ്പോൾ അവർ മ്ശീഹായ്ക്കുവേണ്ടിയാണ് പോരാടുന്നത്. അസത്യത്തിനും തെറ്റിനും എതിരായി അവർ സ്ഥിരതയോടെ യുദ്ധം ചെയ്യേണ്ടതാകുന്നു. ശീശ്മയിലൊ വേദവിപരീത

ത്തിലൊ, പെട്ടുനിൽക്കുന്നവരുടെ ശുശ്രൂഷകളിലും പ്രത്യേകിച്ചു കുർബാനയിലും സത്യവിശ്വാസികൾ സംബന്ധിച്ചുകൂടാ; കാരണം, അങ്ങനെ സംബന്ധിക്കുന്നതുമൂലം, കാതോലികമായ ഏകവിശുദ്ധ സഭയുടെ സത്യത്തെ അവർ നിഷേധിക്കയായിരിക്കും ചെയ്യുന്നത്.

വേദവിപരീതികളുടെ മാമൂദീസയെ വകവച്ചു സ്വീകരിക്കുന്നവൻ എപ്പിസ്കോപ്പായാണെങ്കിലും കാശീശയാണെങ്കിലും മുടക്കപ്പെടണം (കാനോൻ. ശ്ലീഹെ). 'ചിലർ പറയുന്നു, മാമൂദീസാ ഒന്നു മാത്രമാകയാൽ വേദവിപരീതികളിൽനിന്നും തിരിച്ചുവരുന്നവരെ മാമൂദീസാ മുക്കേണ്ടതില്ലായെന്ന്. എന്നാൽ ഏക മാമൂദീസാ എന്നത് കതോലിക സഭയിലെ മാമൂദീസായാണെന്ന് അവർ ധരിക്കുന്നില്ല. വേദവിപരീതികളിൽനിന്ന് സ്നാനമേറ്റവർ വീണ്ടും മാമൂദീസാ മുക്കപ്പെടുകയല്ല ചെയ്യുന്നത് പിന്നയൊ ആദ്യമായി മാമൂദീസാ മുക്കപ്പെടുകയാണ്. എന്തെന്നാൽ ഒന്നുമില്ലാത്തിടത്തുനിന്ന് ഒന്നും എടുപ്പാൻ ആർക്കും സാദ്ധ്യമല്ല.' കുപ്രിയാനോസ്. വേദവിപരീതികളുടെ കുർബാനയിൽനിന്ന് മരണകരമായ വിഷത്തിൽ നിന്നെന്നപോലെ ഓടി ഒളിച്ചുകൊള്ളണം. 'വേദവിപരീതികളുടെ സമീപത്തുവച്ച് വി. കുർബാന അർപ്പിക്കരുത്.' തീമോത്തേവോസ് പാത്രിയർക്കീസ്. വേദവിപരീതികൾക്കു വി. കുർബാന കൊടുക്കുന്ന പട്ടക്കാരൻ മുടക്കപ്പെടണം. ഗേവർഗി: കാനോൻ.

വിശ്വാസി വേദവിപരീതിയാൽ സംസ്കരിക്കപ്പെടരുത്. അത്യാവശ്യം വരികയും സത്യവിശ്വാസിയായ പട്ടക്കാരൻ ഇല്ലാതെ വരികയും ചെയ്യുന്ന പക്ഷം വിശ്വാസികളാൽ (അത്മായക്കാരാൽ) അവൻ സംസ്കരിക്കപ്പെടട്ടെ. ബാറെബ്രായ: വേദവിപരീതിക്കു വേണ്ടി ഓർമ്മകുർബാന അർപ്പിക്കുവാൻ സത്യവിശ്വാസിയായ പട്ടക്കാരനു ന്യായമില്ല. ലീസോസോ.

വേദവിപരീതികളുടെ കബറിങ്കൽ, പ്രാർത്ഥനയ്ക്കൊ, രോഗശാന്തിക്കോ ആയി പോകുവാൻ വി. സഭയുടെ മക്കൾക്കനുവാദമില്ല. അപ്രകാരം ചെയ്യുന്നവന് ഒരു നിശ്ചിതകാലത്തേക്ക് വി. കുർബാന കൊടുത്തുകൂടാ. അവൻ പാപം ചെയ്തുപോയി എന്ന് അനുതപിച്ച് ഏറ്റുപറയുമ്പോൾ സ്വീകരിക്കപ്പെടാം. ലേവോദൊക്യാ 9-ാം നിശ്ചയം. വേദവിപരീതികളോടൊ, ശീശ്മക്കാരോടൊ, ഒരുമിച്ചു നിന്നു പ്രാർത്ഥിപ്പാൻ പാടില്ല. ടി. 33-ാം നിശ്ചയം.

വാക്കുകൊണ്ടൊ പ്രവൃത്തിയാലൊ സഭാമക്കൾ വേദവിപരീതികളോടിടപെടരുത്. റാബൂലെ (76). വേദവിപരീതി, ദയറായിൽ ഇരിപ്പാൻ സമ്മതിക്കരുത്. അവൻ വി. കുർബാനയോട് അടുക്കയുമരുത്. ടി. 77.

വേദവിപരീതികളുടെ പുസ്തകങ്ങളെ എല്ലാ സ്ഥലത്തും അന്വേഷിപ്പിൻ. എവിടെയെങ്കിലും കണ്ടെത്തിയാൽ നമ്മുടെ അടുക്കൽ കൊണ്ടുവരുവിൻ. അല്ലെങ്കിൽ ദഹിപ്പിച്ചു കളവീൻ. ടി. 78. സത്യവിശ്വാസികളായ പട്ടക്കാരും ശെമ്മാശന്മാരും വേദവിപരീതികളോടുകൂടെ ഭക്ഷിപ്പാൻ ന്യായമില്ല. അങ്ങനെ ചെയ്യുന്നതായി കാണപ്പെട്ടാൽ അവരുടെമേൽ കുറ്റം ചുമത്തപ്പെടണം. പൗരസ്ത്യരുടെ (35). നിങ്ങൾ വേദവിപരീതികളോടുകൂടി ഭക്ഷിക്കരുത്. അവരിൽനിന്നും നിങ്ങൾ അനുഗ്രഹം വാങ്ങരുത്. എന്തെന്നാൽ 'അവരുടെ കൈ അനീതിയുടെ വലങ്കൈയാകുന്നു'. നിങ്ങൾ അവർക്കു അനുഗ്രഹം കൊടുക്കരുത്. എന്തെന്നാൽ 'അനീതിക്കാരൻ അനുഗ്രഹിക്കപ്പെടുന്നത് കർത്താവ് കണ്ടു കോപിക്കുന്നു.' എന്ന് എഴുതപ്പെട്ടിരിക്കുന്നു. (തെല്ല. യൂഹോനോൻ). വേദവിപരീതികളുടെയും ശീശ്മക്കാരുടെയും പ്രയത്നംമൂലം എത്ര പിളർപ്പുണ്ടായാലും മ്ശീഹായുടെ സഭ എന്നും ഏകമായി സ്ഥിതിചെയ്യും. എന്നാൽ സഭയുടെ ശിരസ്സാകുന്ന മ്ശിഹാ ആഗ്രഹിക്കുന്നത്, സത്യവിശ്വാസത്തിൽ അപ്പോസ്തലികമായ വിശ്വാസവും കൈവെപ്പുമുള്ള സഭയിൽ എല്ലാവരും ഒന്നായി നിൽക്കണമെന്നാണ്. ആടുകൾ വി. സഭയുടെ നാഥനെ 'അറിയുന്നവരും അവന്റെ ശബ്ദം കേൾക്കുന്നവരുമായി' വർത്തിക്കണം. അർമ്മനായക്കാരും, ഈഗുപ്തായക്കാരും കൂശായക്കാരും നാമും (സുറിയാനിക്കാരും) വിശ്വാസത്തിൽ ഐക്യമുള്ളവരും, പരസ്പരം ശുശ്രൂഷകളിൽ സംബന്ധിക്കുകയും അനുഭവിക്കുകയും ചെയ്യുന്നവരുമാകുന്നു. (മതോ. സാരം)

സഭ വിശുദ്ധമാകുന്നു

വിശുദ്ധിയുടെ കേന്ദ്രമാകുന്ന മ്ശീഹാ സഭ സ്ഥാപിച്ചു. താൻ എങ്ങനെയൊ, അപ്രകാരം തന്റെ ശരീരവും ആകുന്നു. അവൻ അതിനെ ജലസ്നാനത്താലും വചനത്താലും വെടിപ്പാക്കി **വിശുദ്ധീകരിക്കേണ്ടതിനും** കറ ചുളുക്കം മുതലായവ ഒന്നുമില്ലാതെ സഭയെ വിശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ നിർത്തേണ്ടതിനായി അതിനുവേണ്ടി തന്നെത്തന്നെ ഏൽപ്പിച്ചുകൊടുത്തു (എഫേ. 5:27). മ്ശീഹാ പറഞ്ഞിട്ടുള്ളവയെ ശിഷ്യന്മാരെ ഓർമ്മപ്പെടുത്തുവാനും അവരെ സർവ്വസത്യത്തിലും വഴി നടത്തുവാനുമായി (യോ. 16:13) പെന്തിക്കോസ്തി ദിവസം വി. റൂഹായെ താൻ അവർക്കയച്ചുകൊടുത്തു. തദനന്തരം അവർ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തവയെല്ലാം വി. റൂഹായുടെ പ്രവർത്തനംമൂലമാണ്. വി. റൂഹാ സഭയിൽ പ്രവർത്തിക്കുന്നു. കൂദാശകളുടെ പൂർത്തീകരണം വി. റൂഹായുടേതാകുന്നു.

കൂദാശകൾ ഇല്ലെങ്കിൽ സഭയില്ല. ആകയാൽ വി. റൂഹാ പ്രവർത്തനം നടത്തുന്ന 'സഭ വിശുദ്ധമാകുന്നു.' പാപത്താൽ ക്ഷയിച്ചുപോയ മനുഷ്യസ്വഭാവത്തെ പുതുക്കുവാനും, മനുഷ്യന്, മുമ്പുണ്ടായിരുന്ന വിശുദ്ധിയിലേക്ക് അവനെ ഉയർത്തുവാനുമായിരുന്നു പുത്രനാം ദൈവം മനുഷ്യാവതാരം ചെയ്തത്. തദർത്ഥം തന്നെ തന്റെ മനുഷ്യാവതാരത്തിൻ തുടർച്ചയാകുന്ന സഭയെയും താൻ സ്ഥാപിച്ചു. **ഒരു വിശുദ്ധജനവും രക്ഷപെട്ട ഗണവും ആകുന്ന സഭയാണ് തന്റേത്, വിശുദ്ധിയിലേക്ക് കടക്കാനും, വിശുദ്ധിയിൽ വളരാനുമുള്ള മാർഗ്ഗങ്ങളും സഭയിൽ താൻ നിശ്ചയിച്ചു.**

സഭ വിശുദ്ധിയെ പ്രവഹിപ്പിക്കുന്ന ഉറവയാകുന്നു. അത് അതിലെ അംഗങ്ങളെ വിശുദ്ധിയിൽ വളർത്തുന്ന ധാത്രിയാകുന്നു. അതിനാൽ സഭ വിശുദ്ധമാകുന്നു. സഭ സ്ഥാപിതമായിരിക്കുന്നത് **സത്യവിശ്വാസമാകുന്ന പാറമേൽ** ആകുന്നു. മനുഷ്യാവതാര രഹസ്യത്തിലുള്ള വിശ്വാസത്തിൽ അതു സ്ഥിതിചെയ്യുന്നു. അബദ്ധോപദേശങ്ങളെ അതു ബഹിഷ്കരിക്കുന്നു. ഓരോ കാലത്തുണ്ടായ പാഷണ്ഡോപദേശങ്ങളെ അത് ഉന്മൂലം പറിച്ചുകളഞ്ഞ് അതിന്റെ വിശ്വാസത്തെ വിശുദ്ധമാക്കി വച്ചുകൊണ്ടിരിക്കുന്നു. തന്മൂലം അതിന്റെ **വേദസത്യങ്ങൾ സദാ കറകൂടാതെയും നിർമ്മലവും വിശുദ്ധവുമായി സ്ഥിതിചെയ്യുന്നു.** കളങ്കപങ്കിലമൊ, അശുദ്ധമൊ, അബദ്ധമൊ ആയ വിശ്വാസം അതിനില്ലാത്തതിനാൽ സഭ വിശുദ്ധമാകുന്നു. **സഭ അതിന്റെ ആരംഭം, സ്വഭാവം, ഉദ്ദേശ്യം ഇവയിൽ വിശുദ്ധമാകുന്നു.** അതു ദൈവത്തിന്റെ വി. റൂഹായുടെ നിവാസകേന്ദ്രമാകയാൽ, അതിലേക്കുള്ള പ്രവേശനം മനുഷ്യനെ പാപത്തിൽനിന്നും വിശുദ്ധീകരിക്കുന്നു. പാപത്തിന് എതിരായി അത് ഒരു കോട്ടപോലെ നിൽക്കുന്നു. അതിലെ അംഗത്വം പ്രാപിച്ചവർ, തന്മൂലം ദൈവത്തെ അറിയാതിരിക്കുന്ന ലോകത്തിൽനിന്നു വേർപിരിഞ്ഞ് വിശുദ്ധി പ്രാപിച്ചവരായിരിക്കുന്നു. ആകയാൽ വി. സഭയിലെ അഗങ്ങൾ വിശുദ്ധരാകുന്നു. "നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നുവെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ?" 1 കൊരി. 3.16 **പുതിയനിയമത്തിൽ പല സ്ഥലങ്ങളിലും ക്രിസ്ത്യാനികളെ 'വിശുദ്ധർ' എന്നു സംബോധന ചെയ്തിട്ടുണ്ട്.** ഇത് അവർ വിശുദ്ധനായ ദൈവത്തിന്റെതാകുന്നുവെന്നും തന്റെ വിശുദ്ധ ജനത്തിലെ വ്യക്തികളാകുന്നുവെന്നും തന്റെ വി. റൂഹായെ പ്രാപിച്ചവരാകുന്നുവെന്നും കാണിക്കുവാനും ജീവിതവിശുദ്ധികൊണ്ട് അവർ യഥാർത്ഥ വിശുദ്ധിയെ പ്രകടിപ്പിക്കുവാൻ ചുമതലയുള്ളവരാണെന്ന് ഓർമ്മിപ്പിക്കുവാനും ആണ്. ഏതാദൃശമായ ഒരുസഭയും അതു വേലചെയ്യുന്ന ലോകവും

വിപരീത സ്വഭാവമുള്ളവയാകയാൽ അവ തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടാകാതെ തരമില്ല. എങ്കിലും സഭയുടെ പ്രധാന ചുമതല അതിനെ ഏല്പിച്ചിട്ടുള്ള വിശ്വാസവും ജീവനും കറകൂടാതെ സൂക്ഷിക്കുക എന്നതാകുന്നു. അതിനായി അതു ലോകത്തിൽനിന്നും സ്വയം പിൻവലിയേണ്ടിയിരിക്കുന്നുവെങ്കിലും ലോകം അതിനു തോന്നുന്ന വഴിക്കുപോകട്ടെ എന്നു വിചാരിപ്പാനും സഭയ്ക്കു സാദ്ധ്യമല്ല. 'സഭ വിശുദ്ധമാകുന്നു' എന്നു പറയുന്നതിൽനിന്ന് സഭയിലെ ഓരോ വ്യക്തിയും യഥാർത്ഥത്തിൽ വിശുദ്ധനാകുന്നുവെന്നർത്ഥമില്ല. 'വിശ്വാസികൾ' മൂലമായിത്തന്നെ ദൈവനാമം പുറജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു.

റോ. 2:24 1 തീ. 6: 1, 1 തീ. 2:1 സഭയിലെ ഓരോ വ്യക്തിയുടെയും യഥാർത്ഥത്തിലുള്ള വിശുദ്ധിമൂലം ഉണ്ടായിട്ടുള്ള ഒരു വിശേഷണമല്ല, 'വിശുദ്ധ'മെന്നത്, പ്രത്യുത അതു ദൈവത്തിനായി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്നതും തന്റെ വി. റൂഹായോടുള്ള ആത്മാർത്ഥമായ കീഴ്‌വഴക്കം വഴിയായി ദൈവം ആവശ്യപ്പെടുന്ന വിശുദ്ധജീവിതത്തെ പ്രായോഗികമാക്കുവാൻ ചുമതലയുള്ളതുമാകുന്നു എന്നാണ്. സഭ അതിന്റെ അംഗങ്ങളുടെ ഭവനമായും അവർ വിശുദ്ധിയിൽ വളരാൻ പഠിക്കുന്ന അഭ്യസനകേന്ദ്രമായും കൃപ പ്രാപിക്കുവാനുള്ള ഉപാധിയായും സ്ഥിതിചെയ്യുന്നു. സഭാചരിത്രത്തിൽ സഭയുടെ വിശുദ്ധിയെ അന്ധകാരമയമാക്കുന്ന പല സംഭവങ്ങളും ഉണ്ടായേക്കാമെങ്കിലും അതുമൂലം ദൃശ്യമായ വിശുദ്ധസഭയില്ലെന്ന് അനുമാനിക്കുകയൊ, അംഗങ്ങളുടെ ജീവിതം മുഴുവനായി വി. റൂഹായിൽ നിയന്ത്രിക്കപ്പെടുന്ന ഒരു ശുചിയായ സഭയാണ് വിശുദ്ധസഭ എന്നു സ്ഥാപിക്കാൻ ശ്രമിക്കയൊ ചെയ്യുന്നതു ശരിയല്ല. കാരണം, അതു സാദ്ധ്യമല്ല. മത്താ. 13:47-48. മ്ശീഹായും തന്റെ ശിഷ്യന്മാരും മാത്രമുണ്ടായിരുന്നപ്പോൾ അത് സഭയായിരുന്നു. സർവ്വ ലക്ഷണസംയുക്തയായ സഭയായിരുന്നു. പരിപൂർണ്ണവിശുദ്ധിയാൽ നിറഞ്ഞതുമായിരുന്നു. വി. സഭ എന്ന് അതിനെ നാമകരണം ചെയ്യാൻ സാദ്ധ്യമല്ലെന്ന് ഒരുവനും പറയുവാൻ സാദ്ധ്യമല്ലാത്ത രീതിയിൽ അത്ര വിശുദ്ധമായിരുന്നു അത്. എന്നാൽ അതിന്റെ വിശുദ്ധി അതിന്റെ അംഗങ്ങൾ എല്ലാവരും വിശുദ്ധരായിരുന്നതുകൊണ്ടാണെന്നു വരുന്നില്ല. എന്തെന്നാൽ അതിൽ യഹൂദ സ്കറിയോത്ത എന്ന കള്ളൻ (യോ. 12:6) ഉണ്ടായിരുന്നു. ആകയാൽ കള്ളനും നന്ദിയില്ലാത്തവനും വഞ്ചകനുമായവൻ ഉണ്ടായിരുന്നതിനാൽ മ്ശീഹായുടെ സഭ വിശുദ്ധ സഭയല്ല എന്നു വരുന്നില്ല. ക്രിസ്ത്യാനികളെ 'വിശുദ്ധർ' എന്നു വിളിച്ചിരിക്കുന്നതിനെപ്പറ്റി മുൻ പ്രസ്താവിതമായിട്ടുണ്ട്.

എന്നാൽ ഓരോ വ്യക്തിയും നിശ്ചയമായും വിശുദ്ധരായിരുന്നെങ്കിലേ അങ്ങനെ നാമകരണം ചെയ്യപ്പെടാവൂ എന്നില്ലെന്ന് താഴെപ്പറയുന്ന സംഗതി തെളിയിക്കുന്നു. വി. പൗലൂസ് ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും അവിടെയും ഇവിടെയും എവിടെയും നമ്മുടെ കർത്താവേശുമിശിഹായുടെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടുംകൂടെ വിളിക്കപ്പെട്ടവരായ 'വിശുദ്ധന്മാർക്ക്' എഴുതുന്നത് 1 കൊ. 1:2 എന്നു മുഖവുര പറഞ്ഞുകൊണ്ടാണ് കോരിന്ത്യർക്കു ലേഖനമെഴുതുന്നത്. കോരിന്ത്യസഭയെ ആകമാനമായി വിശുദ്ധം എന്നു വിളിക്കുന്നു. എന്നാൽ പ്രസ്തുതലേഖനത്തിലെ 3, 4, 5 അദ്ധ്യായങ്ങൾ വായിക്കുമ്പോൾ അവിടെ വിശുദ്ധിയുടെ ലക്ഷണം മാത്രമല്ല; പ്രത്യുത കക്ഷി വൈരാഗ്യം, കലഹം, അശുദ്ധി മുതലായ പുറജാതികൾക്കുള്ള സർവ്വദോഷങ്ങളും ഉള്ളതായിക്കാണുന്നു. ഈവിധം അശുദ്ധർ കോരിന്തിൽ ഉണ്ടായിരുന്നിട്ടും സഭയെ ആകമാനം വിശുദ്ധം എന്നു വിളിക്കുന്നു. മ്ശീഹാ സഭ സ്ഥാപിച്ചപ്പോൾ അതുവിശുദ്ധമായിരിക്കണമെന്ന് താൻ നിശ്ചയിച്ചു. എന്നാൽ അതിലെ ഓരോ വ്യക്തിയും ഭേദമെന്യേ വിശുദ്ധനായിരുന്നുകൊള്ളുകയില്ലെന്നും തനിക്കറിയാമായിരുന്നു. ഈ പരമാർത്ഥത്തെ താൻ മുൻകൂട്ടി ഉപമാരൂപത്തിൽ പ്രസ്താവിച്ചിരുന്നു. മുൻപു സൂചിക്കപ്പെട്ട വിത്തുകളുടെയും കളകളുടെയും ഉപമ ഇതിനു സാക്ഷ്യമാകുന്നു. 'നല്ല വിത്തുവിതച്ച വയലിൽ കള എവിടെനിന്ന്? എന്നാണ് യജമാനനോട് ദാസന്മാർ ചോദിക്കുന്നത്. അഥവാ വിശുദ്ധിയിൽ സ്ഥാപിതമായ സഭയിൽ അശുദ്ധി എവിടെനിന്ന്? യജമാനന്റെ മറുപടി "ഇതു ശത്രുചെയ്തതാകുന്നു" സഭാംഗങ്ങളുടെ ഇടയിൽ അശുദ്ധി കാണപ്പെട്ടേക്കാം. എന്തെന്നാൽ ശത്രുവായ പിശാച് അതു വിതയ്ക്കുവാൻ ധൃതിപ്പെടുന്നവനാണ്. അവൻ വിതയ്ക്കുകയും ചെയ്യും. അങ്ങനെ സഭാംഗങ്ങളുടെ ഇടയിൽ അശുദ്ധപാപികൾ വളർന്നുനിൽക്കുകയും ചെയ്തേക്കാം. പിന്നെയും സ്വർഗ്ഗരാജ്യം കടലിൽ ഇടുന്നതും എല്ലാവക മീനും പിടിക്കുന്നതുമായ വലയോടു സദൃശം. നിറഞ്ഞപ്പോൾ അതുവലിച്ചു കരയ്ക്കു കയറ്റിയിരുന്നുകൊണ്ട് നല്ലതു പാത്രങ്ങളിൽ കൂട്ടിവച്ചു. ചീത്ത എറിഞ്ഞുകളഞ്ഞു. സമുദ്രമാകുന്ന ലോകത്തിൽനിന്നു വീശിയെടുത്ത സഭയിൽ നല്ലവരും ദുഷ്ടന്മാരും ഉണ്ടായിരിക്കും എന്നതിന് ഈ ഉപമയും തെളിവാകുന്നു. എന്നാൽ മുൻപറഞ്ഞ കളകൾക്കും ചീത്ത മത്സ്യങ്ങൾക്കും സംഭവിക്കുന്ന അന്ത്യം സഭയിലുള്ള അശുദ്ധർക്കും ഉണ്ടാകുമെന്നുള്ളത് സർവ്വദാ, സ്മരണീയമാണ്. വിശുദ്ധസഭയുടെ ഉപദേശം, കൂദാശകൾ മുതലായവ വഴിയായി വിശുദ്ധിയിൽ സഭാംഗം വളരുവാൻ ഉള്ള പരിസ്ഥിതി ദൈവം മനുഷ്യനു പ്രദാനം

ചെയ്തിരിക്കുന്നു. മിശീഹായിലുള്ള ജീവിതംമൂലം സഭയുടെ ലക്ഷണമാകുന്ന വിശുദ്ധി ഓരോ സഭാംഗത്തിന്റെയും ലക്ഷണമാക്കുവാൻ പ്രയാസമുള്ളതല്ല. സുറിയാനിയിൽ ദൈവത്തിന്റെ സമൂഹം എന്നർത്ഥമാകുന്ന “ഈത്തോ” ആണ് സഭ. എല്ലാ സമൂഹവും സഭയല്ല, എന്നാൽ സഭ എപ്പോഴും ദൈവതിരുനാമമഹത്വത്തിനുള്ള സമൂഹമായിരിക്കുന്നതാകുന്നു. ആധുനികരിൽ ചിലർ, സഭയുടെ ആവശ്യം എന്താണെന്നു ചോദിക്കുന്നുണ്ട്. മതമെന്നാൽ വ്യക്തിപരമായ ഒരു കാര്യമാണെന്നും അവരവർ കണ്ടുപിടിച്ച “സത്യങ്ങൾ” പറഞ്ഞു ഫലിപ്പിച്ച് മനസ്സുള്ളവരെ അതിലേക്കാകർഷിപ്പാനായി ഏകാഭിപ്രായമുള്ള വ്യക്തികളുടെ ഒരുസംഘം ഉണ്ടായിരിക്കുന്നതിൽ അബദ്ധമില്ലെന്നുമാണ് അവരുടെ ചിന്താഗതി. അതല്ലാതെ, ഇന്നയിന്ന വിശ്വാസ സത്യങ്ങൾ-വ്യത്യാസപ്പെടുത്താൻ പാടില്ലാത്ത സത്യങ്ങൾ-സഭയ്ക്ക് ഉണ്ടായിരിക്കണമെന്നൊ അവ വഴി മാത്രമാണ് നിത്യരക്ഷ പ്രാപിക്കുന്നതെന്നൊ അവർ സമ്മതിക്കയില്ല. എന്നാൽ മനുഷ്യജിവിതത്തെ പൊതുവെ നോക്കുമ്പോൾ മനുഷ്യവർഗ്ഗത്തെ പൊതുവെ ബാധിക്കുന്ന ചില നിയമങ്ങൾക്കനുയോജ്യമായിത്തന്നെയാണ് സഭവഴിയായി ദൈവം തന്റെ ഉദ്ദേശ്യത്തെ നിവർത്തിക്കുന്നതെന്നു കാണാവുന്നതാണ്. മനുഷ്യൻ നൈസർഗ്ഗികമായി ഒരു സാമൂഹികമനസ്ഥിതിയുള്ളവനാണ്. വി. വേദത്തിലും. വി. സഭാപാരമ്പര്യത്തിലും ദൈവത്തിന്റെ പ്രവർത്തനങ്ങൾ ഒരു സഭ വഴിയായിട്ടാണ് നടത്തുന്നതെന്ന് കാണാൻ സാധിക്കും. പുതിയ നിയമത്തിൽ സഭ ഉദ്ദേശിക്കുന്നത്, വരാനിരിക്കുന്ന ആ രാജ്യത്തിലെ അവകാശികളായിത്തീരുവാനുള്ളവരുടെ ആ സംഘത്തെയാകുന്നു. സഭ ദൈവം തനിക്കായിത്തന്നെ ഒരു ജനസംഘത്തെ നിർമ്മിക്കുന്നതാകുന്നു. അവർ ദൈവത്തിന്റെ “പുതിയ ഇസ്രയേൽ” ആകുന്നു. അത് ഇസ്രയേലിന്റെ പൂർത്തീകരണമാകുന്നു. പഴയനിയമത്തിൽ ദൈവത്തിന്റെ ജനം എന്ന രീതിയിൽ ഇസ്രയേലിനെക്കുറിച്ചുപയോഗിച്ചിരിക്കുന്ന പ്രയോഗങ്ങളും വാക്കുകളും പുതിയതും രക്ഷപ്പെട്ടതുമായ ഇസ്രയേൽ എന്ന രീതിയിൽ പുതിയ നിയമത്തിൽ സഭയെക്കുറിച്ചും ഉപയോഗിച്ചിരിക്കുന്നുവെന്നുള്ളത്, അർത്ഥഗർഭമാകുന്നു. സഭ ദൈവത്തിന്റെ ഇസ്രയേലും (ഗലാ. 6:16) തെരഞ്ഞെടുക്കപ്പെട്ട കൂട്ടവും (1 പത്രോ. 2:9,10; ആവർത്തനം 10:15) രാജകീയ ആചാര്യഗണവും (പുറ. 19:6) വിശുദ്ധ ജാതിയും (ആവ. 7:6) ദൈവത്തിന്റെ സ്വന്തമായ ജനവും (പുറ. 19:5) ആകുന്നു. എന്നാൽ പഴയ ഇസ്രയേൽ-ജഡത്തിലുള്ള ഇസ്രയേൽ-വാഗ്ദത്തത്തിലെ അവകാശങ്ങൾ നശിപ്പിച്ചുകളഞ്ഞു. ദൈവത്തിന്റെ ജനമെന്നുള്ള ഇസ്രയേലിന്റെ നാമം ആരിലും ആർമൂലവുമാണോ പൂർത്തീകരിക്കപ്പെടേണ്ടത്;

ആ മ്ശീഹാ സ്വശിഷ്യന്മാരാൽപോലും പരിത്യക്തനായി, ഏക നായി മഹാപുരോഹിതന്റെ മുമ്പിൽ നിൽക്കുമ്പോൾത്തന്നെയുള്ള ആ ഉപേക്ഷ, മ്ശീഹായ്ക്കും തന്നെ ഉപേക്ഷിച്ചവർക്കും ഒരു നവീ നാദ്ധ്യായം കുറിക്കുകയായിരുന്നു. സഭയുടെ ജീവൻ ഈ ലോക ത്തിന്റെയൊ കാലത്തിന്റെതൊ മാത്രമല്ല; വരാനിരിക്കുന്ന ദൈവ രാജ്യത്തെ അവകാശിക്കാനുള്ളവരുടെ സമൂഹമാകുന്ന സഭയുടെ വേര് നിത്യതയിൽ സ്ഥിതിചെയ്യുന്നു. അതിന്റെ പൗരാവകാശം സ്വർഗ്ഗത്തിലാകുന്നു. ഫിലി. 3:20 "പാതാളവാതിലുകൾ അതിനെ ജയിക്കയില്ല" സഭ സഭാംഗത്തിന് അന്തർദർശനത്തെ നൽകുന്നതാ കുന്നു. അതിനു ചരിത്രമുണ്ടെങ്കിലും അതു പ്രധാനമായി ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമാകുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും മറ്റുമുള്ള ചോദ്യങ്ങൾക്ക്, ദൈവത്തെക്കുറിച്ച് മനുഷ്യനറിയേണ്ട സത്യത്തിന്റെ പരിപൂർണ്ണ വെളിപ്പെടുത്തലാണ് മ്ശീഹാ എന്നുള്ള മറുപടിയിൽ നിന്നും സഭ യുടെ അർത്ഥം സുഗ്രാഹ്യമായിത്തീരുന്നു. "എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു," "ആരും എന്നിൽക്കൂടെയല്ലാതെ പിതാവിങ്കലേക്കു വരുന്നില്ല." മ്ശീഹായുടെ സഭയിലെ കൂട്ടായ്മ യെന്നാൽ പുത്രനായ യേശുമശീഹാവഴിയായി നമുക്കു പിതാവി നോടുള്ള കൂട്ടായ്മ എന്നാകുന്നു. രക്ഷപ്രാപിച്ച മനുഷ്യവർഗ്ഗമാകുന്നു സഭ. സഭയ്ക്കു ഗ്രീക്കുഭാഷയിൽ 'എക്ലെസിയാ' എന്നു പറയുന്നു. അതിനു സുറിയാനിയിൽ 'വിലയ്ക്കു വാങ്ങപ്പെട്ടത്' എന്നും, അറബി യിൽ 'ക്രയവിക്രയസ്ഥലം' എന്നും അർത്ഥമുണ്ട് 1. മ്ശീഹാ തന്റെ രക്തം മുറവിലയായി കൊടുത്ത് സൃഷ്ടികളെ വിലയ്ക്കു വാങ്ങി. 2. തന്നിൽ വിശ്വസിക്കാതിരുന്ന ജനത്തെവിട്ട് ജാതികളിൽനിന്ന് വിശ്വാസികളെ വാങ്ങി. 3. പുണ്യവാന്മാർ പ്രാർത്ഥനകൾ വിലയാ യിക്കൊടുത്ത് സ്വർഗ്ഗരാജ്യത്തിൽ അവകാശം പ്രാപിക്കുന്നു. 4. പശ്ചാത്താപം വിലയായിക്കൊടുത്ത് പാപമോചനം പ്രാപിക്കുന്നു. "നീ സഭയെന്നു പറയുമ്പോൾ അസംഖ്യം വിശുദ്ധരെക്കുറിച്ചാണ് നീ പറയുന്നതെന്നറിക. വിശ്വാസികളുടെ ആത്മാക്കളെ എല്ലാം കൂട്ടിയാണ് സഭയെന്നു പറയുന്നത്." എന്നു വി. കുറിലോസ് പറയുന്നു: സഭയെന്നാൽ പെരുനാൾ (ഈത്തോ=ഈദോ) എന്നർത്ഥ മാകാം എന്നു മറ്റുചിലർ പറയുന്നു. വീണ്ടും, സഭ, പറുദീസായുടെ ദൃഷ്ടാന്തമാണെന്നു പറയപ്പെടുന്നു. പറുദീസായിൽ വിവിധ വൃക്ഷ ങ്ങൾ ഉണ്ടായിരുന്നതുപോലെ ദീർഘദർശിമാർ, ശ്ലീഹന്മാർ, സഹ ദേന്മാർ ആദിയായവരും, വിവിധ ഫലങ്ങൾക്കു പകരം, ഇവരുടെ വിവിധ ഉപദേശങ്ങളും പുറപ്പെടുന്ന നാലു നദികൾ മ്ശീഹായിൽ നിന്നു പുറപ്പെടുന്ന നാല് ഏവൻഗേലിസ്തന്മാരും അറിവിന്റെയും

ജീവന്റെയും വൃക്ഷങ്ങൾ സഭയിൽ നൽകപ്പെട്ടിരിക്കുന്ന പ്രമാണ ങ്ങളും കല്പനകളും എന്ന രീതി തന്നെ (സീമോസൊ). മനുഷ്യൻ പ്രകൃത്യാ പാപത്തിലേക്കു പതിക്കുവാനഭിരുചിയുള്ളവനാകയാൽ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം-തിരുസഭ, അതിലെ അംഗങ്ങൾക്കു പാപത്തിലേക്കു ചായാനുള്ള മനസ്ഥിതി വരുത്താതിരിക്കയും പാപത്തോടു പോരാടുവാനുള്ള ശക്തി നൽകുകയുമില്ല. മനുഷ്യ സ്വഭാവം ദുർബലമാണ്. ആകയാൽ സ്വഭാവാതീതമായ ശക്തി മനുഷ്യനു ലഭിച്ചെങ്കിലെ പാപത്തോടുള്ള പോരാട്ടം വിജയപ്രദമാ കാൻ വഴിയുള്ളു. സ്വഭാവാതീതമായ ശക്തി നൽകുവാൻ സ്വഭാവാ തീതനായ ദൈവത്തിനു മാത്രമെ സാദ്ധ്യമാകു. മനുഷ്യന് അസാ ദ്ധ്യമായത് ദൈവസന്നിധിയിൽ സദ്ധ്യമാണ്. ആകയാൽ ദൈവത്തെ അറിഞ്ഞ് സ്നേഹിച്ചാരാധിക്കുവാൻ-പൂർണ്ണമായ രീതിയിൽ അവ ചെയ്‌വാൻ-ദൈവസ്വഭാവമുള്ളവരായിത്തീരേണ്ടതിന് കൃപാവര ങ്ങളെ ദൈവം നൽകുന്നത് വി. സഭവഴിയാകുന്നു. കൃപ അദൃശ്യ മാണ്. മനുഷ്യൻ ദൃശ്യനാണ്. പദാർത്ഥമയനായ മനുഷ്യന് അദൃ ശ്യമായ കൃപയെ പ്രാപിപ്പാൻ ദൃശ്യമായ വഴികൾതന്നെ ഉണ്ടായിരി ക്കേണ്ടതും ആവശ്യമാകുന്നു. അതിനാൽ, കൂദാശകളാകുന്ന കൃപാവരങ്ങളെ താൻ സഭയിൽ സ്ഥാപിച്ചു. “സഭ” എന്നാൽ “കൂദാശകളുടെ കേന്ദ്രം” എന്നും “കൃപയുടെ കലവറ”യെന്നും സഭയിൽ സ്ഥിതിചെയ്യുന്ന അവർക്കു നിശ്ചയമായ കൃപാവരസിദ്ധി യുണ്ടെന്നും സഭയിൽകൂടെയല്ലാതെ കൃപാവരലബ്ധിയുണ്ടാകുന്ന തല്ലെന്നും കൂദാശകൾ ഇല്ലെങ്കിൽ സഭയില്ലെന്നും സ്പഷ്ടമാകുന്നു. പുത്രനാം ദൈവത്തിന്റെ മനുഷ്യാവതാരം മനുഷ്യനു കൃപചെയ്‌വാ നായിരുന്നതിനാൽ, തന്റെ മനുഷ്യാവതാര തുടർച്ചയാകുന്ന സഭയും കൃപയുടെ ഭണ്ഡാരമാകുന്നു. “ഞാൻ വഴിയും, സത്യവും, ജീവനു മാകുന്നു.” ഭാഗം ഭാഗമായും വിവിധമായും ദൈവം വെളിപ്പെടുത്തി ക്കൊണ്ടിരുന്ന സത്യത്തിന്റെ പരിപൂർണ്ണമായ വെളിപ്പെടുത്തൽ മ്ശീഹായിൽ പൂർത്തിയായി. വെളിപാടിന്റെ പരിപൂർണ്ണത മ്ശീഹാ യിൽ ആകുന്നു. വംശങ്ങളിൽനിന്നും തലമുറകളിൽനിന്നും ഗൂഢ മായിരുന്ന സത്യം ദൈവം വെളിപ്പെടുത്തി. മ്ശീഹാ ആ സത്യത്തെ സഭയ്ക്ക് ഏല്പിച്ചു. ദൈവത്തിന്റെ ഗഹനമാനങ്ങളായ കാര്യങ്ങളെ എല്ലാവർക്കും ക്ഷണേന ഗ്രഹിപ്പാൻ സാദ്ധ്യമല്ല. അവ മനുഷ്യർക്കു തുറന്നു കാണിച്ചുകൊടുക്കുന്നത് സഭയിൽകൂടി വി. റൂഹായാകുന്നു. ഓരോരുത്തൻ പ്രത്യേകം പ്രത്യേകം നോക്കിക്കാണുന്നത് ശരിയാ യിരിക്കണമെന്നില്ല. എന്നാൽ സഭ നോക്കുമ്പോൾ വ്യക്തികളുടെ നോട്ടത്തിലുള്ള തെറ്റു തിരുത്തുവാനും സഭയിൽ എന്നുമെന്നും സ്ഥിതിചെയ്യുന്ന വി. റൂഹായുടെ ശക്തിയാൽ വേണ്ടതു വേണ്ടപോലെ

കാണുവാനും സാധിക്കുന്നു. തന്മൂലമാണ് വി. വേദത്തിന് വ്യക്തി പരമായ വ്യാഖ്യാനങ്ങൾ വി. സഭ അനുവദിക്കയില്ലാത്തത്. സഭ സത്യമാകയാൽ സഭ നിശ്ചയിച്ചതിനു വിപരീതമായ എന്തെങ്കിലും ആവിർഭവിപ്പിക്കുന്നുവെങ്കിൽ അത് അസത്യമായിരിക്കണം. എന്തെന്നാൽ സത്യം ഒന്നേയുള്ളൂ. ദൈവത്തിന്റെ റൂഹാ തലമുറതോറും വിപരീതമായി പഠിപ്പിക്കുന്നവനല്ല. ഓരോ മനുഷ്യന്റെയും ഹൃദയത്തിലേക്ക് അവർ മറ്റുള്ളവരാൽ ഉപദേശിക്കപ്പെടാതെ തന്നെ തന്റെ സത്യം ഗ്രഹിപ്പാനുള്ള ശക്തി അവർക്കു സ്വാഭാവികമായി ദൈവം നൽകാതിരിക്കുമോ എന്നു സംശയമുണ്ടാകാം. എന്നാൽ ദൈവം മനുഷ്യനെ ജ്ഞാനസമ്പന്നനാക്കുന്ന രീതി അതല്ല. നമുക്കു സ്വാഭാവികജ്ഞാനം നൽകുന്നതിനായി ദൈവം ഉപയോഗിക്കുന്ന മാർഗ്ഗങ്ങളാണ് സ്വാഭാവാതീതമായ ജ്ഞാനം നൽകുന്ന കാര്യത്തിലും ഉപയോഗിക്കുന്നത്. അതായത്, മറ്റുള്ളവർ വഴിയായി. പുത്രനാം ദൈവം അവതരിച്ചത് മനുഷ്യത്വത്തിൽ തന്നെത്തന്നെയും തന്നിൽ ദൈവത്തെയും മനുഷ്യർക്കു കാണിച്ചുകൊടുക്കുവാനായിരുന്നു. എന്നാൽ താൻ തന്നെത്തന്നെ, ഒരു നാട്ടിലും ഒരു തലമുറയ്ക്കും മാത്രമല്ലേ കാണിക്കയുണ്ടായുള്ളൂ? മനുഷ്യരോട് അവർക്കറിയാവുന്ന ഭാഷയിൽ സംസാരിച്ചു പഠിപ്പിപ്പാനായി താൻ വന്നു. എന്നാൽ താൻ ഓരേ ഒരു ഭാഷയിൽ മാത്രം (Aramiac-സുറിയാനി) സംസാരിച്ചു. തന്റെ പരിപൂർണ്ണമായ ഉപദേശം ആ തലമുറയിൽ ഉണ്ടായിരുന്ന സകലമാനപേർക്കും ലഭിച്ചുമില്ല. താൻ ആ ചുരുങ്ങിയ ശിഷ്യവർഗ്ഗത്തോട് "സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിവാൻ നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു. എന്നാലോ ഈ സംഘത്തിനു നൽകപ്പെട്ടിട്ടില്ല." അവർ ഗ്രഹിച്ചതു മറ്റുള്ളവരെ ഗ്രഹിപ്പിക്കുവാനായി കുറച്ചുപേരെ പഠിപ്പിക്കുവാൻ താൻ തിരുമനസ്സായി. അവരാൽ ലോകം ഉപദേശിക്കപ്പെടേണ്ടതിനായി അവരെ താനുപദേശിച്ചു. മറ്റുള്ളവർ അവരിൽനിന്ന് ഗ്രഹിക്കണമെന്നു താൻ തിരുവിഷ്ടപ്പെട്ടു. കൃപാദാനത്തിനെന്നപോലെതന്നെ സത്യത്തെ നൽകുന്നതിനും മനുഷ്യനെ താൻ അധികാരപ്പെടുത്തി. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ആകയാൽ നിങ്ങൾപോയി... ഉപദേശിച്ചുകൊണ്ട്... മാമ്മൂദീസാ മുക്കുവിൻ" എന്ന നമ്മുടെ കർത്താവിന്റെ അന്ത്യശാസനത്തിൽ ഈ രണ്ടുകാര്യങ്ങളും സ്പഷ്ടമായിക്കാണാം. അവരെ അധികാരപ്പെടുത്തിയതോടൊരുമിച്ചുതന്നെ വാഗ്ദാനവുമുണ്ട്. "കണ്ടാലും ഞാൻ... നിങ്ങളോടുകൂടെയുണ്ട്". ശ്ലീഹന്മാർ സത്യത്തെ സ്വീകരിച്ചതും അവർ മറ്റുള്ളവർക്ക് അതു നീട്ടിക്കൊടുത്തതും വെറും യാന്ത്രികമട്ടിലല്ലായിരുന്നു. വിശുദ്ധാത്മശക്തി വഴിയായി അവരിൽ മിശിഹായുടെ

അനവരതസാന്നിദ്ധ്യമുണ്ടായിരുന്നു. സത്യം ഒരു നിർജ്ജീവ നിക്ഷേപമായിട്ടിരിക്കാനല്ലായിരുന്നു; സത്യത്തിന്റെ ആത്മാവ് അതിനെ സജീവമായി സദാ സൂക്ഷിച്ചിരുന്നു. യോ. 14:17, 15:26, 14 മ്ശീഹാ പ്രഖ്യാപിച്ച സത്യം അവസാനത്തോളം പരിപൂർണ്ണവുമാകുന്നു. താൻ പിതാവിൽനിന്ന് കേട്ടതു സർവ്വവും അറിയിച്ചു. വി. റൂഹായുടെ ജോലി ഒരു നവമായ വെളിപ്പെടുത്തലല്ല; പ്രത്യുത. മ്ശീഹായിൽ ഒരിക്കലായി വെളിപ്പെടുത്തപ്പെട്ടവയെ സ്വീകരിച്ചു ഗ്രഹിപ്പാൻ മനുഷ്യഹൃദയങ്ങളെയും ആത്മാക്കളെയും ത്വരിപ്പിക്ക എന്നതാകുന്നു. വി. റൂഹായുടെ പ്രവർത്തനം ഇല്ലായിരുന്നുവെങ്കിൽ, സജീവമായ സത്യം കറകൂടാതെ ഇരിക്കയില്ലായിരുന്നു. മനുഷ്യനു സ്വയമായി അതു കറകൂടാതെ പാലിക്കാൻ സാദ്ധ്യമാവുകയില്ലായിരുന്നു. എന്നാൽ വി. റൂഹായാകുന്ന ദൈവം വി. സഭയിൽ വസിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആദ്യം ശ്ലീഹന്മാരിൽ തുടങ്ങി വി. റൂഹായാൽ സജീവമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന വി. സഭയാകുന്നു, സത്യത്തിന്റെ തൂണായി സ്ഥിചെയ്യുന്നത്. 1 തീ. 3:15 ദൈവത്തിന്റെ കൃപയുടെതെന്നപോലെ സത്യത്തിന്റെയും പ്രഥമകാര്യസ്ഥന്മാർ ശ്ലീഹന്മാരായിരുന്നു. അവരുടെ ഉപദേശത്താൽ മറ്റുള്ളവരെ സത്യത്തിൽ പരിജ്ഞാനത്തിലേക്കു വരുത്തുവാൻ അവർ നിയോഗിക്കപ്പെട്ടു. പിതാവ് മിശിഹായെ ലോകത്തിലേക്കയച്ചതുപോലെ അവരുടെ വചനം വഴിയായി മനുഷ്യർ തന്നിൽ വിശ്വസിക്കേണ്ടതിനായി മ്ശീഹാ ശ്ലീഹന്മാരെയും നിയോഗിച്ചു. യോ. 17:18:20. അവർ അവരുടെ ജോലി യഥാവിധി നിർവ്വഹിച്ചുവെന്ന് പുതിയനിയമ പുസ്തകങ്ങൾ സാക്ഷിക്കുന്നു. ശ്ലീഹന്മാരിൽനിന്നും വിശ്വാസത്തിന്റെ പാരമ്പര്യ ഉപദേശം സ്വീകരിച്ചവർ മറ്റുള്ളവർക്ക് സത്യത്തിന്റെ ഉപദേഷ്ടാക്കന്മാരായിത്തീർന്നു. 2 തീ. 1: 13-14 ഒരുവനു സഭയിൽ പ്രവേശിക്കണമെങ്കിൽ പ്രഥമകാര്യം വിശ്വാസം സ്വീകരിക്ക എന്നതാകുന്നു. സഭയുടെ കൂട്ടായ്മയിൽ സ്ഥിതിചെയ്യണമെങ്കിൽ ശ്ലീഹന്മാരുടെ ഉപദേശത്തോടു വിശ്വസ്തരായിരുന്നേ മതിയാകൂ. സത്യവിശ്വാസത്തെ ഭക്തിയോടെ കാത്തുകൊള്ളണമെന്ന് സഭ അവരോടുപദേശിക്കുന്നു. അബദ്ധോപദേശങ്ങൾക്കു ചെവികൊടുക്കരുതെന്നും ശാസിക്കുന്നു. വി. പൗലൂസ് പറയുന്നു, "ഒരു കർത്താവ്, ഒരു വിശ്വാസം, ഒരു മാമൂദീസാ" എഫേ. 4:5 "നിങ്ങൾ വിശ്വാസത്തിലാകുന്നുവോ എന്നു സ്വയം പരിശോധിപ്പിൻ" 1 കൊ. 13:5. സഭാചരിത്രത്തിൽകൂടെ ഈ വിഷയത്തെ ദീർഘിപ്പിക്കണമെന്നില്ല. നാമെവിടെ നോക്കിയാലും അപ്പോസ്തലിക കാലത്തെപ്പോലുള്ള സംഭവങ്ങൾ കാണാം. ലോകത്തിലെ അന്ധകാരത്തിന്റെ മദ്ധ്യത്തിൽ പ്രകാശിക്കുന്ന വെളിച്ചംപോലെ വി. സഭയുടെ സത്യവിശ്വാസത്തെ

കാണാം. ചുറ്റുമുള്ള അന്ധകാരത്താൽ അതു സദാ പീഡിപ്പിക്കപ്പെടുന്നു. എന്നാൽ അതു ജയിക്കപ്പെടുന്നില്ല. കള്ളപ്രകാശങ്ങൾ അല്പനേരത്തേക്കുമാത്രം നിലനിൽക്കുകയും പിന്നീട് അവ എവിടെനിന്നുത്ഭവിച്ചോ ആ അന്ധകാരത്തിൽ ലയിക്കുകയും ചെയ്യുന്നു. വി. പുതിയ നിയമപുസ്തകങ്ങളിൽനിന്ന് യാതൊരുവനും പരസഹായംകൂടാതെ സർവ്വസത്യവും ഗ്രഹിക്കത്തക്കരീതിയിൽ അത്ര ലളിതമല്ല അവയെന്നു 2 പത്രോ. 3:16. അതിനാൽ അവ വ്യാഖ്യാനിക്കാൻ ആളുവേണമെന്നും ആ ആൾ അല്ലെങ്കിൽ മുഖാന്തിരം തെറ്റാൻ പാടില്ലാത്തതായിരിക്കണമെന്നും തെറ്റാത്ത മനുഷ്യരില്ലാത്തതിനാലും വി. സഭയിൽ വി. റൂഹാ സ്ഥിതിചെയ്തു സത്യത്തിൽകൂടെ നടത്തുന്നതിനാൽ സഭയ്ക്കു തെറ്റുപറ്റുവാൻ നിവൃത്തിയില്ലാത്തതിനാലും അപ്പോസ്തലിക കാലംമുതലുള്ള സർവ്വ ഉപദേശങ്ങളും തദനുസരണമായ ആചാരങ്ങളും സത്യവും സത്യമാകുന്ന മിശിഹായിലേക്കു നയിക്കുന്നവയുമായിരിക്കുമെന്നു നാം വിശ്വസിക്കുന്നു. പുരാതന വിശ്വാസാചാരങ്ങളെല്ലാം അടിച്ചുടച്ചയാളും റോമാലേഖനം 3:28 ൽ വിശ്വാസത്താൽ മാത്രം എന്ന വാക്ക് കുത്തിച്ചെലുത്തിയപ്പോൾ അതിനെ വിമർശിച്ചവർക്കെതിരായി Dr. Martin Luther will have it so എന്ന് സഗർവ്വം പറഞ്ഞയാളുമായ ലൂതർ (Rebuilding a lost faith) പോലും 1525-ൽ പറയുന്നു. "There are as many sects and beliefs as there are heads. This fellow will have nothing to do with Bapitsm, another denies the Sacrament, a third believes that there is another World between this and the last day. Some teach that Christ is not God. Some say this, some that. there is no rustic so rude but that, if he dreams or fancies anything it must be the whisper of the Holy Ghost and he himself a prophet. Griser, Luther IV, 386."

വി. സത്യത്തെ ഉപദേശിക്കുവാനും പഠിപ്പിക്കുവാനുമുള്ള അധികാരം വി. സഭയ്ക്കാകുന്നു - വി. സഭയിലെ പിതാക്കന്മാർക്കാകുന്നു. അവരിൽനിന്നും സ്ഥാനാഭിഷേകസമയത്തു പട്ടക്കാർ പ്രസ്തുത അധികാരവും പ്രാപിക്കുന്നു. വി. സഭയുടെ ഉപദേശത്തെ വിവരിച്ച് ഗ്രഹിപ്പിക്കുകയാണ് അവരുടെ കർത്തവ്യങ്ങളിൽ ഒന്ന്. വി. സഭയുടെ ശ്ലൈഹികമായ വിശ്വാസം, വി. വേദം മുതലായവ സഭയുടെ ഉപദേശാനുസരണം വ്യാഖ്യാനിച്ചു പഠിപ്പിക്കുവാൻ അധികാരമുള്ളവർ അവർ മാത്രമാണ്. എങ്കിലും വി. സഭയുടെ വിശ്വാസം നന്നായി അറിവുള്ളവരെന്ന് പരിശോധിക്കപ്പെട്ടവരും വിശുദ്ധ ജീവിതം നയിക്കുന്നവരുമായ വിശ്വാസികൾക്കും പ്രത്യേക കൈവെപ്പുവഴിയായി അതിനുള്ള അധികാരം നൽകപ്പെടുന്നുണ്ട്.

എന്നാൽ കൈവെപ്പൊ അനുവാദമൊ ഇല്ലാത്തവർ അവർ-എത്ര പണ്ഡിതരും വിശുദ്ധരുമായിരുന്നുകൊള്ളട്ടെ-സഭയിൽ ഉപദേശിപ്പാനൊ പഠിപ്പിപ്പാനൊ അവകാശവും അധികാരവുമില്ല. കാരണം, അവരിൽനിന്നും ചിലപ്പോൾ അജ്ഞതമൂലവും ചിലപ്പോൾ ധിക്കാരം മൂലവും അബദ്ധോപദേശങ്ങൾ പുറപ്പെടാവുന്നതുകൊണ്ടുമാത്രമല്ല; പിന്നെയൊ ദൈവത്തിന്റെ വചനത്തിന്റെ വ്യാഖ്യാനാധികാരം, ദൈവത്തിൽനിന്ന് അതിനധികാരം പ്രാപിച്ചിട്ടുള്ളവർ വഴിയായിരിക്കണെന്നുള്ളതുകൊണ്ടുമാണ്. ദൈവവചനത്തെ ദൈവം നിയോഗിക്കാത്ത ആൾ വ്യാഖ്യാനിച്ചതാണ് ആദ്യപാപത്തിന്റെ കാരണം എന്ന് ഉൽപത്തി പുസ്തകത്തിന്റെ ആരംഭം വായിച്ചാലറിയാം. ദൈവകല്പനയെ സാത്താൻ വ്യാഖ്യാനിച്ചു. ഹാവാ കേട്ടു-തദനുസരണം പ്രവർത്തിച്ചു. പാപവും പ്രവേശിച്ചു. ഉപദേശാധികാരം പ്രാപിച്ചവർക്കും വി. സഭയുടെ വിശ്വാസം പഠിപ്പിക്കുവാനല്ലാതെ, അതിനനുയോജ്യമല്ലാത്ത സ്വന്തം വ്യാഖ്യാനങ്ങൾ പ്രയോഗിക്കുവാനധികാരമില്ല. ഇക്കാരണങ്ങളാലാണ് വി. സഭയുടെ വിശ്വാസത്തിന് എതിരായി നിൽക്കുന്ന സമൂഹങ്ങളിലെ അംഗങ്ങൾ വി. സഭയിൽ ഉപദേശിപ്പാൻ അനുവദിക്കപ്പെടാതിരിക്കുന്നത്. മോർ ഇഗ്നാത്യോസ് നൂറോനൊ നൽകുന്ന ഒരുപദേശത്തിൽനിന്നും ഇവിടെ ഉദ്ധരിക്കാം. "യേശു മിശിഹായിൽ നിന്നല്ലാതെ ഒരുവൻ നിങ്ങളോടു സംസാരിക്കുമ്പോൾ നിങ്ങൾ ബധിരരെപ്പോലാകുവിൻ... ആകയാൽ മരണത്തിന്റെ ഫലങ്ങളെ പുറപ്പെടുവിക്കുന്ന ദുഷിച്ച നടുതലകളിൽ നിന്നും നിങ്ങൾ ഓടിപ്പോകുവിൻ. എന്തെന്നാൽ അവയിൽനിന്നും ഭക്ഷിക്കുന്നവനെല്ലാം ഉടൻ മരിച്ചുപോകും. എന്തെന്നാൽ അവർ പിതാവിന്റെ നടുതലകളല്ല. അവർ പിതാവിന്റെ നടുതലകളായിരുന്നെങ്കിൽ ക്രൂശിന്റെ ശാഖകളായി അവർ കാണപ്പെടുമായിരുന്നു." പരിശുദ്ധ സുന്നഹാദോസിന്റെ നിശ്ചയമാവാമിത്" പരിശുദ്ധ റൂഹായാൽ നിഖ്യായിൽ കൂടിയ പിതാക്കന്മാരാൽ നിശ്ചയിക്കപ്പെട്ട വിശ്വാസമല്ലാതെ വേറൊരു നിശ്ചയം എഴുതുകയൊ, നിശ്ചയിക്കയൊ, പഠിപ്പിക്കുകയൊ ചെയ്‌വാൻ ആർക്കും അധികാരമില്ല. എന്നാൽ മറ്റൊരു വിശ്വാസമുണ്ടാക്കുവാൻ ആരെങ്കിലും മുതിരുകയൊ, പുറജാതികളിൽനിന്നൊ യൂദന്മാരിൽനിന്നൊ സത്യപരിജ്ഞാനത്തിലേക്കു വരാനാഗ്രഹിക്കുന്നവരെ തിരിച്ചുകളകയൊ ചെയ്യുന്നുവെങ്കിൽ ആയവർ എപ്പിസ്കോപ്പന്മാരൊ പട്ടക്കാരൊ ആണെങ്കിൽ അവർ അവരുടെ സ്ഥാനങ്ങളിൽനിന്നും അന്യരായിത്തീർന്നുപോകുന്നതാണ്. ദയറാക്കാരൊ അത്മായക്കാരൊ എങ്കിൽ അവർ ശപിക്കപ്പെട്ടവരായിരിക്കും. എപ്പിസ്കോപ്പായൊ, പട്ടക്കാരനൊ, ദയറാക്കരനൊ ആത്മായനൊ വേദവിപരീതോപദേശങ്ങൾ പഠിപ്പിക്കുന്നു

വെങ്കിൽ പ. പൊതുസുന്നഹദോസിന്റെ ശിക്ഷയ്ക്ക് അവർ പാത്രമാകും. എപ്പിസ്കോപ്പന്മാരോ പട്ടക്കാരോ എങ്കിൽ അവർ മുടക്കപ്പെടണം... അവർ മഹറോൻ ചൊല്ലപ്പെടണം. ദയറാക്കാരോ ആത്മായക്കാരോ എങ്കിൽ അവരും മഹറോൻ ചൊല്ലപ്പെടണം. (എഫേ. സുന്ന. 2-ാം കാനോൻ) വേദവിപരീതമാകുന്ന അന്യായമൂലത്തിൽ നിന്ന് നിങ്ങൾ ഓടി ഒളിക്കുവിൻ. അവർ വിശ്വസിക്കപ്പെടേണ്ടതിന് യേശു മിശിഹായിൽ അവർ തങ്ങളെത്തന്നെ കൂട്ടിക്കലർത്തുന്നു. അത് വീഞ്ഞിലൊ, തേനിലൊ, വിഷം കലർത്തുന്നതുപോലെതന്നെ. അങ്ങനെ അതറിയാത്തവർ മരണം വരിക്കുന്നു. ഇങ്ങനെയുള്ളവരിൽ നിന്നു സൂക്ഷിച്ചുകൊള്ളുവിൻ. നിഖ്യായിൽവച്ച് 318 പിതാക്കന്മാർ സുന്നഹദോസുകൂടി പരിശുദ്ധ റൂഹാമൂലം നിശ്ചയിച്ച് ആകാശത്തിൻകീഴിലുള്ള സർവ്വസഭകൾക്കും ഭരമേൽപിച്ച വിശ്വാസത്തിനനുസരണമായി നിങ്ങളുടെ മതത്തെ കാത്തുകൊൾവിൻ. സഭയാൽ കുറ്റപ്പെടുത്തപ്പെട്ടിട്ടുള്ള സർവ്വവേദവിപരീതികളെയും വി. ശ്ലീഹന്മാരുടെ കാലം മുതൽ നമ്മുടെ വി. പിതാക്കന്മാരായ അന്ത്യോക്യാ പാത്രിയർക്കീസ് മോർ സേവേറിയോസ്, മാബൂഗിലെ മോർ പിലക്സിനോസ് എപ്പിസ്കോപ്പാ എന്നിവരുടെ കാലംവരെയുള്ള സർവ്വവേദവിപരീതങ്ങളെയും-പ്രത്യേകിച്ചു കൽക്കിദോൻ സുന്നഹദോസിനെയും ലേയോന്റെ തുംസായെയും, ഇലികർ നാസോസിലെ യൂലിയാനായുടെ വേദവിപരീതത്തെയും നിങ്ങൾ ശപിച്ചു തള്ളുന്നവരായിരിപ്പിൻ. അവയെ സ്വീകരിച്ചിരിക്കുന്നവരോട് നിങ്ങൾക്ക് ഒരു ബന്ധമുണ്ടാകരുത്. സത്യത്തിനുവേണ്ടി സർവ്വ ഞെരുക്കങ്ങളും-മരണംവരെയും-അനുഭവിപ്പാൻ നിങ്ങൾ ഒരുക്കമുള്ളവരായിരിപ്പിൻ. നമ്മുടെ വിശ്വാസത്തിന്റെ ശിരസ്സായും പൂർത്തീകാരകനുമായി യേശു മ്ശീഹായെ നിങ്ങൾ നോക്കിക്കണ്ട് ശ്ലൈഹിക വചനമനുസരിച്ച് ദീർഘക്ഷമയോടെ ഈ പോരാട്ടത്തെ നിങ്ങൾ നിവർത്തിക്കുവിൻ. (തെല്ലയിലെ മോർ യൂഹാനോൻ - പട്ടക്കാരോട്) ഇത്ര സൂക്ഷ്മതയോടും കരുതലോടുംകൂടി ദൈവവചനത്തെ-വി. സഭയുടെ വിശ്വാസത്തെ പഠിപ്പിക്കേണ്ടവരായ സഭയുടെ അംഗീകൃത ഉപദേഷ്ടാക്കൾക്ക് യോഗ്യമായ പരിശീലനവും വേദസത്യങ്ങളെക്കുറിച്ചുള്ള പരിപൂർണ്ണവും യഥാർത്ഥവുമായ അദ്ധ്യാപനവും നൽകേണ്ടത് സഭയുടെ പ്രധാന ചുമതലകളിൽ ഒന്നാണ്. എന്തെന്നാൽ "കുരുടൻ കുരുടനെ വഴികാട്ടിയാൽ ഇരുവരും കുഴിയിൽ വീഴുകയില്ലയോ?" മത്താ. 15:14 "ജനത്തെ ദൈവഭക്തി വിശ്വാസങ്ങൾ പഠിപ്പിക്കുന്നതിൽനിന്നും ഉദാസീനനായിരിക്കുന്ന പട്ടക്കാരൻ മുടക്കപ്പെടണം"എന്നാണ് ശ്ലീഹന്മാരുടെ കാനോൻ ആവശ്യപ്പെടുന്നത്. കാനോ. 7:4.

വി. സഭയെപ്പറ്റി തിരുവനചനങ്ങൾ

ദൈവത്തിന്റെ സഭ	-	1 തീമോ.3-15; അ.പ്ര. 20.28
ജീവനുള്ള ദൈവത്തിന്റെ സഭ	-	”
സത്യത്തിന്റെ അടിസ്ഥാനം	-	”
ക്രിസ്തുവിന്റെ ശരീരം	-	എഫേ. 1-23
ക്രിസ്തു അതിന്റെ തല	-	എഫേ. 1-22
ക്രിസ്തു അതിന്റെ മൂലക്കല്ല്	-	1 കൊ. 3-11
ദൈവം തന്റെ രക്തത്താൽ അതിനെ വിലക്കുവാങ്ങി	-	അ. പ്ര. 20.28
ക്രിസ്തു സഭയെ സ്നേഹിക്കുന്നു	-	എഫേ. 5-25
ക്രിസ്തുവിനു സഭ കീഴ്പ്പെട്ടിരിക്കുന്നു	-	എഫേ. 5-24
ദൈവം കാത്തുസൂക്ഷിക്കുന്നു	-	മത്താ. 16-18
” സഭയ്ക്കുള്ള ശുശ്രൂഷകരെ നിയമിക്കുന്നു	-	എഫേ. 4-11
” സഭയെ തിരഞ്ഞെടുത്തു	-	1 പത്രോ. 5-13
” വിശ്വാസികളെ ചേർത്തുകൊണ്ടിരിക്കുന്നു	-	അ.പ്ര.2.47
വി. സഭ ഒന്നുമാത്രം, ഏകം	-	റോ. 12-5; 1 കൊ. 12-12; ഗലാ. 3-28
” യെ മേയ്പാൻ കല്പിക്കുന്നു	-	അ.പ്ര. 20-28
” യെ ദുഷ്ടന്മാർ പീഡിപ്പിക്കുന്നു	-	അ.പ്ര. 8-3
” യെ തുഛീകരിക്കരുത്	-	1 കൊ. 11-22

വി. സഭയുടെ സ്ഥാനങ്ങളും പേരുകളും

ക്രിസ്തുവിന്റെ ശരീരം	-	എഫേ. 1-23, കൊലോ. 1-24
ക്രിസ്തുവിന്റെ മണവാട്ടി	-	വെളി. 21-9
ദൈവത്തിന്റെ സഭ	-	അ.പ്ര. 20.28
ജീവനുള്ള ദൈവത്തിന്റെ സഭ	-	1 തീമോ. 3-15
ആദ്യജാതന്മാരുടെ സഭ	-	എബ്രാ. 12-23
സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള കുടുംബം	-	എഫേ. 3-18-20
ദൈവത്തിന്റെ ആട്ടിൻകൂട്ടം	-	1 പത്രോ. 5-2

ദൈവത്തിന്റെ ഗൃഹം - 1 കൊ. 3-9
ദൈവത്തിന്റെ ഇടവക - 1 പത്രോ. 5-3
ദൈവത്തിന്റെ നിവാസം - എഫേ. 2-22
ദൈവത്തിന്റെ ആലയം - എബ്രാ 10-21
സ്വർഗ്ഗീയ യറുശലേം - ഗലാ. 4-26 എബ്രാ. 3-6
കുഞ്ഞാടിന്റെ കാന്ത - വെളി 19-7
സീയോൻ പർവ്വതം - എബ്രാ. 12-22
സത്യത്തിന്റെ അടിസ്ഥാനവും തൂണും - 1 തീമോ. 3-15
ദൈവത്തിന്റെ മന്ദിരം - 1 കൊ. 3-16, 17

നമ്മുടെ കർത്താവ് സ്ഥാപിച്ച ഏക സഭയ്ക്കല്ലാതെ ഇന്നലെ ഉണ്ടായ 'സഭ'കൾക്ക് ഈ വിശേഷണങ്ങൾ പറയുവാൻ സാധിക്കുമോ എന്നു അവർ ചിന്തിക്കേണ്ടതല്ലേ?

വി. സഭയുടെ പുരോഗമനം

നിസ്സാരരെങ്കിലും പരിശുദ്ധാത്മാവാസം പ്രാപിച്ച പന്ത്രണ്ടു പേർ വഴിയായി അന്നറിയപ്പെടുന്ന യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക ഭൂഖണ്ഡങ്ങളിൽ വി. സഭ വ്യാപിച്ചതു അത്ഭുതകരംതന്നെ. **താഴെക്കാണുന്ന പട്ടിക:**

1. വി. പത്രോസ്: 37-ൽ അന്ത്യോക്യാ സിംഹാസനം സ്ഥാപിച്ചു. ഏവദ്യോസിനെയും ഇഗ്നാത്തിയോസ് നൂറോനെയും പിൻഗാമികളായി വാഴിച്ചു. ക്രി. 67-ൽ റോമിൽവച്ച് നീറോ കുരിശിൽ തറച്ചു കൊന്നു. അതിനുമുമ്പ് തന്റെ സഹചാരിയായിരുന്ന മർക്കോസിനെ വാഴിച്ച് അലക്സാന്ത്ര്യ (ആഫ്രിക്ക)യിലേക്കയച്ചു. അവിടുത്തെ പൗരോഹിത്യം അദ്ദേഹത്തിൽനിന്നാരംഭിച്ചു.

2. അന്ത്രയോസ് സുവിശേഷിച്ച സ്ഥലങ്ങൾ: ഏഷ്യാ മൈനർ, കപ്പദോക്യാ-ബിഥുന്യാ-ഗലാത്യ ബുസന്നിയ, ആവാ മുതലായവ. അന്ത്യം, ക്രൂശിക്കൽ

3. വി. യാക്കോബ്: യഹൂദിയ ശമരിയാ-സ്പെയിൻ-വധിക്കപ്പെട്ട കബറിടം-സ്പെയിനിൽ.

4. വി. യൂഹാനോൻ: പ്രവർത്തനം ഏഷ്യാമൈനർ-എഫസോസ്, ബർഗാമോസ് - തീയത്തീറ ഫിലദൽഫിയ, സ്മിർണാ-തിളച്ച എണ്ണയിൽ ഇടപ്പെടുക മുതലായ പീഡകൾ സഹിച്ചു. പത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു. അപ്പോഴാണ് (ക്രി.96) വെളിപാടു പുസ്തകനിർമ്മാണം BC-100 വരെ ജീവിച്ചിരുന്നു.

5. ഫിലിപ്പോസ്: പേർഷ്യാ - ഏഷ്യാമൈനർ-ഫ്രുഗിയ, ഹിറോപ്പോലീസ് - ക്രൂശിക്കപ്പെട്ടു മരിച്ചു.

6. വി. ബർതുൽമായി: നാഥാനിയേൽ ഇദ്ദേഹമാണെന്നു പറയപ്പെടുന്നു. പ്രസംഗം: യമൻ, അറേബിയ, അർമ്മേനിയ, ലൂക്കാനിയാ- ജീവനോടെ തൊലിയുരിച്ച് തലകീഴായി തൂക്കിക്കൊന്നു.

7. വി. മത്തായി: പ്രവർത്തനം: യഹൂദ്യാ, മക്കദോന്യ, പാർത്ഥ്യ, മേദിയ, പേർഷ്യ, ആഫ്രിക്കയിലെ കൂശ് (എത്യോപ്യാ), ബെസ്കർബീൻ, കൂശിൽവച്ച് വി. കുർബാനാർപ്പണസമയത്തു രാജകല്പന പ്രകാരം വധിക്കപ്പെട്ടു.

8. വി. തോമാ: (അറിയിപ്പുകാരനായ വി. ആദായി ഇരട്ടസഹോദരൻ) പ്രവർത്തനം: പാലസ്തീൻ ദേശങ്ങൾ, മേദിയ, പാർത്ഥ്യ, ഹിന്ദുദേശം (ഇന്ത്യാ).

9. അല്ഫായി പുത്രൻ യാക്കോബ്: പ്രവർത്തനം: ഹാബാ, സൂർ, അറേബ്യൻ പ്രദേശങ്ങൾ, ഈജിപ്റ്റ് അവിടെവച്ചു ക്രൂശിക്കപ്പെട്ടു.

10. ക്നാനായക്കാരൻ ശെമഓൻ: സിറിയാ, ആലപ്പോ, ശാബൂഗ് ക്ലേവോദിയ - ഇദ്ദേഹവും ക്രൂശിക്കപ്പെട്ടു.

11. യഹൂദാശ്ലീഹ: യഹൂദിയ-ശമറിയ, ഗലീല, ഏദോമ്യ, അറേബ്യൻ പ്രദേശങ്ങൾ, മെസൊപൊട്ടേമ്യാ, പേർഷ്യ-ഇദ്ദേഹത്തെ യർവാദ്വീപിൽ കല്ലെറിഞ്ഞുകൊന്നു.

12. വി.മത്തിയാസ് ശ്ലീഹ: പാലസ്തീൻ, കപ്പദോക്യാ, അബിസീനിയ, യറുശലേമിൽവച്ച് യഹൂദന്മാർ കല്ലെറിഞ്ഞുകൊന്നു.

വി.യോഹന്നാനൊഴികെ മറ്റെല്ലാവരും സാക്ഷിമരണം സഭയുടെ പ്രചാരണത്തിനും വളർച്ചയ്ക്കും വേണ്ടി സഹിച്ചു. മുൻ പറഞ്ഞതുപോലെ **കുസ്തന്തീനോസ് ചക്രവർത്തി**യുടെ കാലംവരെ വി. സഭ തീയിലാണു വളർന്നത്.

കാലക്രമേണ റോം- അന്ത്യോക്യാ അലക്സാന്ത്ര്യാ, കുസ്തന്തീനോപോലീസ് നഗരങ്ങൾ കേന്ദ്രങ്ങളായി പ. പാത്രിയർക്കീസുമാർ വി. സഭയെ വളർത്തി.

4-ാം ഖണ്ഡിക

1. പാപമോചനത്തിനു മാമൂദീസാ ഒന്നുമാത്രം. മാമൂദീസാ എന്ന ഒറ്റക്കാര്യം മാത്രമാണ് പാപമോചനത്തിനുള്ളത് എന്നു തെറ്റായി ധരിക്കുന്ന കുറേപ്പേരെങ്കിലും കണ്ടേക്കാം. എന്നാൽ ഇതിനൊരു പശ്ചാത്തലം സഭാ ചരിത്രപരമായി ഉള്ളത്. എന്റെ സഭാ ചരിത്രത്തിൽ വിശദമായി ഉള്ളതിനാൽ (പുറം 41) ചുരുക്കമായി മാത്രം ഇവിടെ പ്രസ്താവിക്കുന്നു. നിഖ്യാസുന്നഹദോസിൽ അറിയോസിന്റെ വേദവിപരീതം ശപിച്ചുതള്ളിയതിനും പുറമെ ഭരണപരമായും (സിംഹാസനങ്ങൾ) ആചാരപരമായും വിശ്വാസപരമായും ചില നിശ്ചയങ്ങൾകൂടി എടുത്തിട്ടുണ്ട്. അവയിൽ ഒന്നാണ് മാമൂദീസായെക്കുറിച്ചുള്ളത്.

വിശ്വാസവിപരീതത്തിലേക്കുപോയവർ തിരികെവരുമ്പോൾ വീണ്ടും സ്നാനപ്പെടുത്തണമെന്ന് ഒരു വിഭാഗവും - വിശ്വാസവിപരീതം തള്ളിപ്പറയിച്ചാൽ മതി-എന്ന മറ്റൊരു വിഭാഗവും ശക്തിയായി വാദിച്ചുകൊണ്ടിരുന്നു. ആ തർക്കത്തിനുണ്ടായ തീരുമാനം:

ശ്മിശ്ത്തായക്കാരൻ പൗലേയുടെ അനുയായികളിൽനിന്നും (മ്ശീഹായുടെ ദൈവത്വത്തെ നിഷേധിക്കുന്നവ) മറ്റുമായി വരുന്നവരെ വി. സഭയിൽ സ്വീകരിക്കുമ്പോൾ മാമൂദീസാ മുക്കേണ്ടതാകുന്നു. എന്തെന്നാൽ പ. ത്രിത്വത്തിലുള്ള വിശ്വാസവും വേണ്ട കാര്യങ്ങളും കൂടാതെയാണ് മാമൂദീസ നടത്തിയിട്ടുള്ളത്. എന്നാൽ വി. സഭയിൽ മാമൂദീസാ ഏറ്റതിനുശേഷം വേദവിപരീതികളായി ത്തീർന്നവരെ തിരിച്ചെടുക്കുമ്പോൾ മാമൂദീസാ മുക്കേണ്ട ആവശ്യമില്ല. മാമൂദീസാ ഒന്നേയുള്ളൂ. (വേദവിപരീതം തള്ളിപ്പറയിക്കണം).

അതുപോലെ March-21 കഴിഞ്ഞുവരുന്ന വെളുത്തവാവിനു ശേഷമുള്ള ഒന്നാമത്തെ ഞാറാഴ്ച ആയിരിക്കണം ഉയിർപ്പു ഞായറാഴ്ച.

13
വിശുദ്ധ മാമ്മൂദീസാ

മനുഷ്യരായ നമ്മുടെ രക്ഷയ്ക്കുവേണ്ടി യേശുക്രിസ്തുവിന്റെ യോഗ്യത മുഖേന ദൈവം നമുക്കു നൽകുന്നു. പ്രകൃത്യാതീതാനുഗ്രഹമാണ് ദൈവവരപ്രസാദം. (Divine grace) മനുഷ്യനു സ്വശക്തിയാൽ ഇതു ലഭിക്കുവാൻ അസാദ്ധ്യമാകയാലാണ് പ്രകൃത്യാതീതം എന്നു പറയുന്നത്.

1. ദൈവവരപ്രസാദം കൂടാതെ ആത്മരക്ഷയ്ക്കായി എന്തെങ്കിലും ചിന്തിക്കുവാനൊ പ്രവർത്തിക്കുവാനൊ സാദ്ധ്യമല്ല. 2 കൊ. 5:5, ഫില. 2:13, യോഹ. 15:5 നോക്കുക.

2. ഈ വരപ്രസാദം ലഭിക്കുന്നതിനുള്ള മാർഗ്ഗം കൂദാശസ്വീകരണമാണ്.

3. ദൈവം പരിശുദ്ധമായ ഒരവസ്ഥയിൽ മനുഷ്യനെ സൃഷ്ടിച്ചു. എന്നാൽ അവൻ അനുസരണാരാഹിത്യം മൂലം നീതിയുടെ ഉന്നതനിലയിൽ നിന്നു വീണുപോകുകയും ആത്മാവ് പാപപങ്കിലമാകുകയും മരണത്തിനു വിധേയനാകുകയും സ്വർഗ്ഗീയാവകാശം നഷ്ടപ്പെടുത്തുകയും ചെയ്തു. തന്മൂലമുള്ള ശിക്ഷ അവനുമാത്രമല്ല: തലമുറതലമുറയായി ലോകാവസാനംവരെ നിലനിൽക്കുന്നു. ആദിമാതാപിതാക്കന്മാരിൽനിന്നുത്ഭവിച്ചതാകയാൽ 'ജന്മപാപം' എന്നത് വിളിക്കപ്പെടുന്നു. വി. പൗലൂസ് സ്പഷ്ടമായി അതേപ്പറ്റി റോമാലേഖനം 5:12 ൽ പറഞ്ഞിരിക്കുന്നു. എഫേസ്യലേഖനത്തിലും (2:3) നമുക്കുകാണാം. ഇയ്യോബ് 14:4 സങ്കീ. 51:4-5 മുതലായ ഭാഗങ്ങളും ഇക്കാര്യംതന്നെ കാണിക്കുന്നു. ആകയാൽ ആദി മാതാപിതാക്കന്മാരുടെ ലംഘനത്തിനു നാമും അവകാശികളായിത്തീരുന്നുവെന്ന് സ്പഷ്ടമാകുന്നു. തിരുവെഴുത്തുകൾക്കും പുറമെ, നമ്മിലേക്കു നാം നോക്കുന്ന പക്ഷവും പ്രകൃത്യായുള്ള നമ്മുടെ സ്വഭാവത്തിന് എന്തോ തകരാറുണ്ടെന്നു ബോദ്ധ്യമാകും. നമ്മുടെ ബലഹീനതകളും നന്മയിലേക്കല്ല തിന്മയിലേക്കുള്ള ചായ്വും മനസ്സിന്റെ കുടിലതയും, ഹൃദയത്തിൽ പോരാട്ടം നടത്തുന്ന വികാരങ്ങളുടെ ബലപ്രയോഗവുമെല്ലാം മുൻപറഞ്ഞ 'കുറവിന്റെ' ഫലങ്ങളാണ്.

4. കർത്താവിന്റെ മനുഷ്യാവതാരം നമ്മുടെ ആത്മാക്കളിൽ നിന്നും പാപമാലിന്യങ്ങളെ നീക്കിക്കളയുന്നതിനും പാപംമൂലം

നമുക്കു നഷ്ടപ്പെട്ടിരിക്കുന്നത് വീണ്ടും നൽകുന്നതിനുംവേണ്ടി യായിരുന്നു. ഒന്നാമത്തെ ആദാമിന്റെ അനീതി പരിഹരിക്കുവാൻ വേണ്ടി ജന്മമെടുത്ത 2-ാം ആദാമായിരുന്നു ക്രിസ്തു. നാം ദൈവ വുമായി രമ്യതപ്പെടുന്നതിനുള്ള വ്യവസ്ഥകൾ നിർമ്മിക്കുവാ നുള്ള അധികാരവും അവകാശവും നമ്മുടെ രക്ഷകന്റേതാണ്. പാപമാലിന്യം കഴുകിക്കളയുവാൻ സ്ഥാപിതമായ പ്രധാന മാർഗ്ഗ വും, സഭയിലേക്കുകടക്കുന്നതിനുള്ള കവാടവും മാമൂദീസായാ ണെന്നാണ് താൻ കല്പിച്ചിരിക്കുന്നത്. (യോ. 3:5) ദൈവകുടുംബ ത്തിലേക്കു നാം ദത്തെടുക്കപ്പെടുന്നു. (റോ. 8:15, 16. ഗലാ. 4:4-7, എഫേ. 1:5) നമ്മുടെ സ്വാഭാവിക ജനനംമൂലം നാം സ്വർഗ്ഗത്തിന്റേ തായിത്തീരുന്നു. നമ്മുടെ യഥാർത്ഥ ഭവനം സ്വർഗ്ഗമാണ്. നാം ഇവിടെയായിരിക്കുമ്പോൾതന്നെ അതിന്റെ പൗരന്മാരുമാണ് (ഫിലി. 3:20).

5. നമ്മുടെ പഴയ ജീവിതത്തിന്റെ മരണവും സ്വർഗ്ഗീയ ജീവി തത്തിലേക്കുള്ള ജനനവുമാണ്-അതായത്, ഒരു പുതിയ ആരംഭ മാണ് മാമൂദീസായാലുളവാകുന്നത്. (റോമാ 6:4. കൊലോ- 2:12 നോക്കുക)

6. സ്ഥാപനം മത്താ 28:18,19 ൽ കാണുന്ന പ്രകാരം പുനരു ത്ഥാനം ചെയ്ത കർത്താവ് തന്റെ സ്വർഗ്ഗാരോഹണത്തിനുമുമ്പ് ഈ കൂദാശ സ്ഥാപിച്ചു. പെന്തിക്കൊസ്തിദിവസത്തിൽ ഈ കൂദാശ പ്രയോഗത്തിൽ വന്നതായും നാം കാണുന്നു. അ.പ്ര. 2:37-39 തുടർന്ന്, അ.പ്ര. 16:15, 16:34, 8:34, 9:18, 1 കൊ 1:16. ഈ ഭാഗങ്ങളി ലെല്ലാം മാമൂദീസ നടത്തിയ സന്ദർഭങ്ങളത്രെ. സഭയിലേക്കുള്ള പ്രവേശനം മാമൂദീസാ വഴി മാത്രമെന്നു അ.പ്ര. 10:47, 19:5, റോമ, 6:3 ഭാഗങ്ങളിലും കാണാം. വി. പൗലൂസ്, സഭ അതിനാൽ ശുദ്ധീ കരിക്കപ്പെടുന്നുവെന്നും (എഫേ. 5:26) വീണ്ടും ജനത്തിന്റെ സ്നാന മെന്നും പരിശുദ്ധാത്മാവിന്റെ പുതുക്കമെന്നും (തീത്തോ. 3:5) വി. പത്രോസ് അത് ജഡത്തിന്റെ അഴുക്കുകളയാനല്ലെന്നും... രക്ഷിപ്പാ നാണെന്നും (1 പത്രോ. 3-21) പറയുന്നു. പഴയനിയമസഭയിലേക്കുള്ള പ്രവേശന മാർഗ്ഗം ചേലാകർമ്മം ആയിരുന്നു. ക്രിസ്തീയസഭ ചേലാ കർമ്മത്തെ പാടെ ഉപേക്ഷിച്ചു (ഗലാ. 5:2).

7. വി. യോഹന്നാന്റെ മാമൂദീസാ യോഹന്നാൻ സ്നാപകന്റെ മാമൂദീസായുടെ ആരംഭം സ്വർഗ്ഗത്തിൽ നിന്നായിരുന്നുവെങ്കിലും അതു മിശിഹായെ സ്വീകരിക്കുന്നതിന് യഹൂദന്മാരെ പ്രത്യേകം ഒരുക്കിക്കൊണ്ടിരുന്നു. അതു അനുതാപത്തിന്റെ മാമൂദീസാ ആയി രുന്നു. (മർക്കോ. 1:4) മാമൂദീസാ മുങ്ങുന്നവന് പരിശുദ്ധാത്മകൃപയാൽ

വീണ്ടും ജനനം നൽകുവാൻ അതിനു കഴിഞ്ഞിരുന്നില്ല. ആകയാൽ യോഹന്നാന്റെ വീണ്ടുംജനന സ്നാനം ഏറ്റവർ പിന്നീട് മിശിഹൈക മാമൂദീസാ ഏല്ക്കേണ്ടത് അത്യന്താപേക്ഷിതമായിരുന്നു (അ.പ്ര. 19:2-6). സ്വർണ്ണനാവുകാരൻ മോർ ഈവാനിയോസ് പറയുന്നു. യോഹന്നാന്റെ മാമൂദീസായാൽ പാപമോചനം സിദ്ധിച്ചിരുന്നില്ല. ആയത് അതുവരെയും നമുക്കുവേണ്ടിയുള്ള ബലി അർപ്പിക്കപ്പെട്ടിട്ടില്ലാതിരുന്നതിനാലും പ. റൂഹാ നൽകപ്പെട്ടിട്ടില്ലാതിരുന്നതിനാലും പാപം അഴിഞ്ഞുപോകുകയോ ശാപം മാഞ്ഞുപോകയൊ ചെയ്തിട്ടില്ലാതിരുന്നതിനാലും ആകുന്നു. അതുവരെയും ഇവ സംഭവിച്ചിട്ടില്ലാതിരുന്നതിനാൽ, പാപമോചനം എങ്ങനെ നൽകപ്പെടും? യോഹന്നാന്റെ മാമൂദീസാ മിശിഹായാൽ നൽകപ്പെടുന്ന നമ്മുടെ മാമൂദീസായിലേക്കുള്ള വഴി തെളിയിച്ചു തരുന്നതായിരുന്നു. (വി. മത്തായി - വ്യാഖ്യാനം)

8. രക്ഷിക്കപ്പെടുവാൻ വിശ്വാസംമാത്രം മതിയോ? കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും, എന്ന വാക്യം ആധാരമായി എടുത്ത് മാമൂദീസായെ നിസ്സാരമാക്കുന്ന വിഭാഗങ്ങളുണ്ട്. മുമ്പു നാം കണ്ട വേദഭാഗങ്ങളിലെല്ലാം വിശ്വസിച്ചവർ - മാമൂദീസാ മുങ്ങിയതായി നാം കാണുന്നുണ്ട്. അതിനുംപുറമെ വി. പൗലൂസ് ശ്ലീഹായും മിശിഹായിലുള്ള വിശ്വാസം എന്നാൽ പിതാവിലും വി. റൂഹായിലും ഉള്ളത് അതിൽ അടങ്ങിയിരിക്കുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാ, 3:26, 27), ഒന്ന് മറ്റതിനെ അനുഗമിക്കുന്നു.

9. മാമൂദീസാ എന്താകുന്നു? പൈതൃകമായ പാപത്തോടെ ജനിച്ച മനുഷ്യൻ (പ്രായമുള്ളവനെങ്കിൽ) മ്ശിഹായിലുള്ള വിശ്വാസം അഭ്യസിച്ചതിന്റെശേഷം ത്രിത്വനാമത്തിൽ വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും (1) വീണ്ടും ജനനം പ്രാപിക്കുകയും (2) ദൈവിക കൃപമൂലം സർവ്വപാപങ്ങളിൽനിന്നും വെടിപ്പാക്കപ്പെടുകയും നീതീകരിക്കപ്പെട്ട് വിശുദ്ധീകരിക്കപ്പെട്ട് പുതുമനുഷ്യനായിത്തീരുകയും ചെയ്യാനുള്ള കൂദാശയാകുന്നു. ഈ കൂദാശമൂലം ദൈവിക കൃപയും പാപങ്ങളുടെ മോചനവും നൽകപ്പെടുകയും പിതാവായ ദൈവത്തിനു മക്കളും യേശുമിശിഹായ്ക്ക് സഹോദരന്മാരെന്നും ഉള്ള സ്ഥിതിക്ക് കൃപയാൽ അർഹരാകുകയും ചെയ്യുന്നു. ആ രണ്ടാംജനനം ജനിക്കാതെയും വി. റൂഹായുടെ ദാനങ്ങളെ

പ്രാപിക്കാതെയും ഇരിക്കുന്നവനു ദൈവരാജ്യം അനുഭവമാക്കാൻ കഴികയില്ല. സ്ത്രീയിൽനിന്നുള്ള ജനനംമൂലം ദൃശ്യലോകം കാണുന്ന പ്രകാരംതന്നെ മാമൂദീസായിൽനിന്നുള്ള ജനനത്താൽ സ്വർഗ്ഗരാജ്യത്തെ കാണാൻ കഴിവുണ്ടാകുന്നു. കർത്താവ് നീക്കോദിമോസിനോടു പറഞ്ഞ വാക്കുകൾ-യോ. 3:5 ശ്രദ്ധിക്കുക.

ഇതേപ്പറ്റി സഭാ പിതാക്കന്മാർ പറയുന്നു:

1. മനുഷ്യൻ ശരീരവും ആത്മാവുള്ളവനാകുന്നു. ഒന്ന്, ദൃശ്യം, സ്പർശനീയം-മറ്റേത്, അദൃശ്യം. മനുഷ്യൻ രണ്ടിൽനിന്നും ഉള്ളവനാകയാൽ രണ്ടുതരം പ്രവർത്തനങ്ങൾ അവനിലുണ്ടാകണം - ആത്മാവിനുതകുന്ന ശാരീരികവും അതിനാൽ കർത്താവ് മനുഷ്യനെ വെടിപ്പാക്കുന്നതിന് ഇരട്ടിയായി വ്യാപരിച്ചു - വെള്ളത്താലും ആത്മാവ് ആദ്യജീവനിലേക്ക് ആത്മാവിനെ പുതുക്കുന്നു.
2. മനുഷ്യനു വെള്ളം മൂലമുള്ള ശരീരത്തിന്റെ കഴുകലും ആത്മവുമൂലമുള്ള ആത്മാവിന്റെ കഴുകലും ആവശ്യമാകുന്നു.
3. ദൈവം ആദിയിൽ മനുഷ്യനെ മണ്ണിൽനിന്നും മെനഞ്ഞുണ്ടാക്കി; അവനുനൽകിയ ആത്മാവിനാൽ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും അവനെ സൃഷ്ടിച്ചു. അവനൊ പാപം ചെയ്തു നശിച്ചു. ക്ഷയിച്ചുപോയ തന്റെ സ്വരൂപത്തെ വെള്ളത്താലും ആത്മാവാലും പുതുക്കുവാൻ കർത്താവ് നിശ്ചയിച്ചു. മോർ ഐറേനിയോസ് പറയുന്നു: മാമൂദീസാ ദൈവത്തിന്റെ മുദ്രയാകുന്നു. ആദ്യമനുഷ്യൻ ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരുന്ന പ്രകാരം തന്നെ, വി. റൂഹായോടു ചേരുന്നവൻ, അവനാൽ മുദ്ര കുത്തപ്പെടുകയും സ്രഷ്ടാവിന്റെ രൂപത്തെ പ്രാപിക്കുകയും ചെയ്യുന്നു.
4. മിശിഹായുടെ മാമൂദീസാ സമയത്ത്, റൂഹാ തന്റെ ശിരസ്സിന്മേൽ ഇറങ്ങിയതുപോലെ മാമൂദീസാ വെള്ളത്തിന്മേൽ വി. റൂഹാ ഇറങ്ങുന്നതുകൊണ്ട് തന്റെ കൃപയാൽ വെള്ളത്തെ ശുദ്ധീകരിച്ച്, മനുഷ്യനു രൂപാന്തരം നൽകി, സ്വർഗ്ഗീയ പിതാവിനു മകനായും സ്വർഗ്ഗരാജ്യാവകാശിയായും അവനെ ആക്കിത്തീർക്കുന്നു. b) മാമൂദീസാ 7 കൂദാശകളിൽ 1-ാമത്തേതാകുന്നു. വെള്ളത്തിൽനിന്നും... കഴികയില്ല - എന്നു പറഞ്ഞിരിക്കുന്നതിനാൽ, മാമൂദീസാ മനുഷ്യൻ സഭയിലേക്കു പ്രവേശിക്കുന്ന വാതിൽ എന്നവണ്ണം ആണ്. സഭാസ്ഥാപനംമുതൽ

ഇന്നെയോളം ഈ കൂദാശ മറ്റെല്ലാ കൂദാശകൾക്കും മുമ്പായി നൽകപ്പെടുന്നു. മാമൂദീസാ സ്വീകരിക്കാത്തവന് സഭയിലെ മറ്റു കൂദാശകളിൽ സംബന്ധിപ്പാൻ പാടില്ല.

10. മാമൂദീസായ്ക്കുള്ള പ്രത്യേക പേരുകൾ: വെള്ളത്താൽ ശരീരത്തിന്റെ അഴുക്കിനെ കഴുകിക്കളയുന്ന പ്രകാരം സത്യവിശ്വാസത്തോടും ഭക്തിയോടുംകൂടി മാമൂദീസാ കൈക്കൊള്ളുവർ ആത്മാവിന്റെ പാപക്കറകളെ കഴുകിക്കളയുന്നതിനാൽ 'സ്നാനം' എന്നർത്ഥമുള്ള മാമൂദീസാ എന്നും (മുൻഉദ്ധൃത വാക്യങ്ങൾ) അറിവില്ലായ്മയുടെ അന്ധകാരത്തിൽനിന്ന് ദൈവിക അറിവിന്റെ പ്രകാശത്തിലേക്കു അടുത്തുവരുന്നതിനാൽ പ്രകാശമെന്നും (1 പ. 2:9) സ്ത്രീയുടെ ഗർഭപാത്രത്തിൽനിന്ന് ജനിച്ചവർ രണ്ടാമതും മാമൂദീസായാകുന്ന ഗർഭപാത്രത്തിൽനിന്നും കൃപയുടെ മക്കളായി ജനിക്കുന്നതിനാൽ വീണ്ടും ജനനമെന്നും പറയുന്നു.

11. ലോകമൊക്കെക്കുംവേണ്ടിയുള്ളതാകുന്നു; മാമൂദീസാ- ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും... സകലജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ (മത്താ. 28:19) മർക്കോ. 16:16 ഉം ഇതോടൊപ്പം ചിന്തിക്കുക. ഇതിൽനിന്നും സ്പഷ്ടമാകുന്ന കാര്യങ്ങൾ: (1) മാമൂദീസാ സകല മനുഷ്യർക്കുംവേണ്ടിയുള്ളതാകുന്നു. (2) അതു യഹൂദന്മാർക്കു മാത്രം വേർതിരിച്ചു വെക്കുന്നതല്ല. (3) ഇതു ലോകാവസാനംവരെ നിവർത്തിക്കേണ്ടതായ കൂദാശയാകുന്നു. അല്ലാതെ ഒരു നിശ്ചിത കാലത്തേക്കുമാത്രമുള്ളതല്ല. (4) നിത്യരക്ഷപ്രാപിപ്പാൻ ഇതുകൂടാതെ ആർക്കും സാദ്ധ്യമല്ല. (5) ഈ കൂദാശ എല്ലാവർക്കും അനുഷ്ഠിപ്പാൻ അവകാശമില്ല. ഉയരത്തിൽനിന്നു ശക്തി ധരിച്ചവർക്കുമാത്രമെ (ലൂക്കോ. 24:49) ശക്തി ധരിച്ചവരായ ശ്ലീഹന്മാരിൽനിന്നു അധികാരം പ്രാപിച്ചവർക്കു മാത്രമെ അതിനധികാരമുള്ളൂ. (6) സഭയിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവന് ഇതുമൂലം മാത്രമെ പാപമോചനവും പരിശുദ്ധാത്മാവെന്ന ദാനവും ലഭിക്കൂ എന്ന് വി. പത്രോസ് പെന്തിക്കൊസ്തിദിനത്തിൽ പ്രഖ്യാപിച്ചു. (അ. പ്ര. 2:38) (7) അന്നുമുതൽ ഇത് ആരംഭിച്ചു. a) 3000 പേർ അന്നുതന്നെ (വി. സഭയിലേക്കു ചേർക്കപ്പെട്ടു. അ.പ്ര. 2:41. b) ഫീലിപ്പോസ് ഷണ്ഡനെ മാമൂദീസാ മുക്കി - 8:39. c) കൊർന്നോലിയോസിനെയും കുടുംബത്തെയും വി. പത്രോസ് സ്നാനപ്പെടുത്തി -10: 1-48. d) പ. പൗലൂസ് ലുദിയായെയും (16:15) കാരാഗൃഹപ്രമാണിയെയും (16:34) ക്രിസ്പോസിനെയും കുടുംബത്തെയും മറ്റും (18:18) സ്നാനപ്പെടുത്തി.

12) മാമൂദീസാ നടത്തിപ്പ് മാമൂദീസാ മുങ്ങുന്നയാളിന് (1) ജീവന്റെ പ്രത്യാശയ്ക്കും പാപങ്ങളുടെ മോചനത്തിനുമായി

(2) പിതാവിന്റെയും പുത്രന്റെയും പ. റൂഹായുടെയും നാമത്തിൽ - ഇന്നാര്- മാമൂദീസാ മുങ്ങുന്നു. ഇതിൽ പ്രധാനമായി 2 കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാം.

I) **പദാർത്ഥം -** വെള്ളം.

a) നമ്മുടെ കർത്താവ് ഈ പദാർത്ഥത്തെയാണു നിശ്ചയിച്ചത് യോ. 3:5

b) ശ്ലീഹന്മാർ സ്നാനപ്പെടുത്തിയതും വെള്ളത്തിൽ തന്നെ, (അ.പ്ര. 2:36:38, 10:47-48) പൂർവ്വിക പിതാക്കന്മാർ ഇതേപ്പറ്റി പറയുന്നുണ്ട്.

1. വി. യുസ്തിനോസ് (Justin) (2-ാം നൂ.) ഞങ്ങൾ പഠിപ്പിക്കുന്നത് സത്യമെന്നു വിശ്വസിക്കുന്നവരും അപ്രകാരം ജീവിക്കാമെന്നു വാഗ്ദാനം ചെയ്യുന്നവരുമായ എല്ലാവരും അവരുടെ ആദ്യ പാപങ്ങളുടെ മോചനത്തിനായി ദൈവത്തോട് ഉപവാസത്തോടെ പ്രാർത്ഥിക്കണണമെന്ന് ഞങ്ങൾ ഉപദേശിക്കുന്നു. അതിനുശേഷം വെള്ളത്തിൽ ഞങ്ങളുടെ ആവർത്തിക്കപ്പെട്ടതുപോലെയുള്ള ആ ജനനാവർത്തനംമൂലം അവരുടെ ജനനം ആവർത്തിക്കപ്പെടുകയും അവർ ത്രിത്വ നാമത്തിൽ സ്നാനം ചെയ്യപ്പെടുകയും ചെയ്യുന്നു. 2) മൂശെബർകീപ്പ (9-ാം നൂ. 813-903) മറ്റു സാധനങ്ങളൊന്നുമില്ലാതെ മിശിഹാവെള്ളത്തിൽനിന്നു മാമൂദീസായെ ക്രമീകരിച്ചതെന്ത്? ഇസ്രയേൽ രാജാക്കന്മാരും പുരോഹിതരും എണ്ണയാൽ അഭിഷേകം ചെയ്യപ്പെട്ടിരുന്നതുപോലെ ഇതും എണ്ണകൊണ്ടാകാമായിരുന്നു. താഴെപ്പറയുന്ന കാരണങ്ങളാൽ വെള്ളത്തിൽ ക്രമീകരിച്ചു.

1. മാമൂദീസാക്കുപയോഗിക്കുന്ന വസ്തു എല്ലാ സ്ഥലത്തും പ്രയാസമെന്യെ സുലഭമായിരിക്കേണ്ടതാണ്. മറ്റു വസ്തുക്കളായിരുന്നെങ്കിൽ തടസ്സം ഉണ്ടാകുമായിരുന്നു. മാമൂദീസായുടെ പദാർത്ഥം കിട്ടാൻ വിഷമിച്ച് ആത്മാക്കളുടെ രക്ഷ തടയപ്പെടാതിരിപ്പാൻ.
2. മനുഷ്യനെ ആദിയിൽ മെനഞ്ഞ ആ വെള്ളമാകുന്ന പദാർത്ഥത്താൽ മാമൂദീസായാകുന്ന ഈ 2-ാം മെനച്ചിലിനെയും മെനഞ്ഞു.
3. രണ്ടു നിയമങ്ങളുടെയും കർത്താവ് മിശിഹാ ആകുന്നുവെന്ന് ഏറ്റു പറയപ്പെടുവാൻ അതായത്, ന്യായപ്രമാണാനുഷ്ഠാനകരെ വെള്ളത്താൽ വെടിപ്പാക്കി വെള്ളത്താൽതന്നെ ഏവൻഗേല്യോൻ അനുസരിച്ചു ജീവിക്കുന്നവരെയും വെടിപ്പാക്കുന്നു.

4. വെള്ളം ശാരീരികമായ അഴുക്കിനെ കഴുകി വെടിപ്പാക്കുന്നതുപോലെ മാമൂദീസാ ആത്മാവിന്റെ അഴുക്കാകുന്ന പാപങ്ങളെ കഴുകി വെടിപ്പാക്കുന്നു.

5. വെള്ളത്തിൽ ഒരുവൻ നോക്കുമ്പോൾ അവന്റെ രൂപം അതിൽ കാണുന്നു. വെള്ളത്തിൽ ഇറങ്ങുമ്പോൾ അവനുപകരം മറ്റൊരുവൻ കയറിവരുന്നുവെന്ന് മനസ്സിലാക്കുവാൻ-പഴയമനുഷ്യൻ ഇറങ്ങുന്നു. പുതിയമനുഷ്യൻ കയറിവരുന്നു. പാപി ഇറങ്ങുന്നു; വിശുദ്ധൻ കേറി വരുന്നു.

6. വെള്ളത്തെ മാമൂദീസായ്ക്കു ദൃഷ്ടാന്തമായി കാണിച്ചിരുന്നതിനാൽ, അവസാനം അതിനാൽതന്നെ മാമൂദീസാ നൽകി. a) റിബേക്കാ, റാഹേൽ, സിഫോറാ, ആദിയായവർ വെള്ളത്തിങ്കൽ വെച്ച് വിവാഹം നിശ്ചയിക്കപ്പെട്ടു. മാമൂദീസായുടെ വെള്ളത്താൽ സഭ വിവാഹം നിശ്ചയിക്കപ്പെട്ടു. ഇസ്രയേൽക്കാരുടെ സമുദ്രത്തിൽ കൂടെയുള്ള കടന്നുപോക്ക്. ഹസ്കിയേൽ കണ്ടതായ തോട്. നയമാന്റെ യോർദാൻ സ്നാനം (ദനഹായെക്കുറിച്ചുള്ള 4-ാം അദ്ധ്യായം)

II) **ത്രീത്വനാമത്തിൽ** കർത്താവ് ശ്ലീഹന്മാരോടു കല്പിച്ച പ്രകാരം ത്രിത്വനാമത്തിൽതന്നെ മാമൂദീസാ മുക്കണം. വി. ശ്ലീഹന്മാരുടെ കാനോനുകൾ ഇതു സ്പഷ്ടമായി നിർദ്ദേശിക്കുന്നു. യേശുമിശിഹായിൽ (1 കൊ. 1:2) യേശുമിശിഹായുടെ നാമത്തിൽ (അ.പ്ര. 2:38 8:16) എന്നീ പ്രയോഗങ്ങൾ കാണാം. ത്രിത്വനാമത്തെ ഉപേക്ഷിച്ച് യേശുവിന്റെ നാമത്തിൽ മാത്രം മാമൂദീസാ മുങ്ങിയാൽ മതി എന്നല്ല അതിന്റെ ധ്വനി, പ്രത്യുത, ത്രിത്വത്തിലെ 2-ാം ക്നൂമായുടെ മനുഷ്യാവതാരം മുഖാന്തരമാണ് ഈ രക്ഷാകര കൂദാശ ലഭ്യമായത് എന്നു മാത്രമെ അതിൻനിന്നു മനസ്സിലാക്കുവാനുള്ളൂ എന്നു വിശുദ്ധപിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. ആകയാൽ യേശുമിശിഹായിൽ മാമൂദീസയല്ല മിശിഹൈക മാമൂദീസയാണു വേണ്ടതെന്നും നിർദ്ദേശിക്കുന്നു. വി. മത്തായി 28:19 ലും സഭാപിതാക്കന്മാർ എഴുതിയ ഗ്രന്ഥങ്ങളിലും നോക്കുമ്പോൾ ത്രീയേകദൈവത്തിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുന്നതാണ് പുരാതന സമ്പ്രദായമെന്നു സിദ്ധിക്കുന്നു. (ബൈബിൾ ഡിക്ഷ്ണറി.)

13. മാമൂദീസായിലെ വാഗ്ദാനങ്ങൾ: മാമൂദീസാ ഏല്പിക്കുന്ന ആളൊ, ശിശുക്കളെങ്കിൽ സ്നാനപിതാക്കളോ (തലതൊടുന്നവർ) 2 വാഗ്ദാനങ്ങൾ ചെയ്യുന്നു.

1. പിശാചിനെയും അവന്റേതായ എല്ലാറ്റിനെയും ഉപേക്ഷിക്കുന്നു.
2. മിശിഹായിലും... ദൈവികമായി തന്നാൽ ഭാരമേൽപിക്കപ്പെട്ടിട്ടുള്ള സർവ്വ ഉപദേശങ്ങളിലും വിശ്വസിക്കുന്നു.

ഈ രണ്ടു വാഗ്ദാനങ്ങളുടെയും വെളിച്ചത്തിൽ ജീവിക്കുമെന്നുള്ള വാഗ്ദാനം അവയിൽ അന്തർലീനമായിരിക്കുന്നു. ഈ സ്പഷ്ടമായ വ്യവസ്ഥയിലാണ് നാം സഭയുടെ അംഗത്വത്തിലേക്കു പ്രവേശിക്കപ്പെട്ടിരിക്കുന്നത്. ദൈവം നമ്മെ ഒരുടമ്പടിയിലേക്ക് ആനയിച്ചു. ഏതുടമ്പടിയും രണ്ട് പാർട്ടികളും വ്യവസ്ഥകളും വാഗ്ദാനങ്ങളുമുണ്ട്. ക്രിസ്തീയജീവിതം നയിക്കുമെന്നുള്ള വാഗ്ദാനം ചെയ്കയാൽ, നമ്മുടെ വാഗ്ദാനം നിറവേറ്റാൻ താൻ കൗദാശിക കൃപ നൽകുകയും ചെയ്യുന്നു. നാം ക്രിസ്തീയജീവിതം നയിച്ചേ മതിയാകൂ-കാരണം ദൈവത്തിന്റെ കൃപയാൽ നമുക്കത് സാദ്ധ്യമാണ്.

14. ജ്ഞാനസ്നാനപിതാക്കൾ (പുരുഷന്മാർക്കു) പുരുഷന്മാരും സ്ത്രീകൾക്കു സ്ത്രീകളും) മാമ്മൂദീസായിൽ മദ്ധ്യസ്ഥനെ നിർത്തുന്നത്. (1) രക്ഷയ്ക്കായി തങ്ങളുടെ വാഞ്ഛയെ കാണിപ്പാനും- 2) പൈതങ്ങളുടെ മാമ്മൂദീസായിൽ പൈതങ്ങൾ ഏറ്റുപറയേണ്ടതായ സംഗതികൾ അവർക്കു പകരം പ്രതിനിധികളായി നിന്നുകൊണ്ടു നടത്തുവാനും 3) അവരെ സത്യവിശ്വാസം പഠിപ്പിക്കുവാൻ ചുമതലക്കാരായിരിക്കേണ്ടതിനും ആകുന്നു. 4) അവർ വി. സഭയുടെ സജീവ അംഗങ്ങളും സന്മാർഗ്ഗജീവിതവും ഉള്ളവരായിരിക്കണം. 5) മദ്ധ്യസ്ഥർക്ക് മാമ്മൂദീസാ ഏറ്റ ആളോടും മാതാപിതാക്കളോടും ഒരു ആത്മികബന്ധം ഉണ്ട്. ജ്ഞാനസ്നാന പിതാക്കളെ നിർത്തുന്ന പതിവ് ശ്ലീഹന്മാരുടെ കാലം മുതൽതന്നെ ഉണ്ടായിരുന്നുവെന്നും അവരിൽ നിന്ന് സഭയ്ക്ക് ഇതു ഭാരമേൽപിക്കപ്പെട്ടുവെന്നും അറിയോസ്പാഗോസിലെ വി. ദീവന്നാസ്യോസ് (1-ാം നൂറ്റാണ്ട്) പറയുന്നു.

15. മാമ്മൂദീസായിൽ നൽകുന്ന പേര് ഒരു പുണ്യവാന്റെയൊ, പുണ്യവതിയുടെയൊ ആയിരിക്കണം. 3 കാരണങ്ങൾ: 1. വിശുദ്ധനായ ആ മദ്ധ്യസ്ഥന്റെ പ്രത്യേക സംരക്ഷണയിൽ വയ്ക്കുന്നത്. 2. വിശുദ്ധനായ ആ മദ്ധ്യസ്ഥന്റെ ദൃഷ്ടാന്തത്തെ അനുകരിപ്പാനും അനുഗമിക്കാനും പ്രചോദനവും ധൈര്യവും നൽകുന്നതിന്. 3. ആ മദ്ധ്യസ്ഥന്റെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ അഭയം പ്രാപിക്കുവാൻ.

16. മാമ്മൂദീസായുടെ ഫലങ്ങൾ മാമ്മൂദീസായാൽ 1) പുത്രസ്വീകാരം. (ഗലാ 3:26, 29 യോഹ. 3:5. 2) പാപമോചനം. 3) വി. റൂഹാ

യുടെ ദാനം. അ.പ്ര. 22:16 2:38. 4) ദൈവപുത്രന്മാരുടെ സംഘത്തിലുള്ള സംബന്ധം (1 കൊ. 12:13) എന്നിവ ലബ്ധമാകുന്നു. മാമൂദീസാ മുതലായ കൂദാശകളിൽ ഉപയോഗിച്ചുവരുന്ന, മൂറോൻ, സൈത്ത്, വെള്ളം മുതലായ സാധനങ്ങളും വിശ്വാസം ഏറ്റുപറയിക്കുക, ഊതുക, നെറ്റിമേൽ കുരിശടയാളം വരയ്ക്കുക മുതലായ കർമ്മങ്ങളും 1) ദൈവത്തിൽ നിന്നു നാം കൈക്കൊള്ളുന്ന നൽവരങ്ങളെയും 2) നാം വിശ്വസിക്കേണ്ടവയും പ്രവർത്തിക്കേണ്ടവയുമായ മുറകളെയും 3) മിശിഹ പ്രവർത്തിക്കുകയും ദൈവാത്മാവ് അപ്രത്യക്ഷമായി പ്രവർത്തിക്കുന്ന ഓരോ വ്യാപാരങ്ങളെയും ദൃഷ്ടാന്തപ്പെടുത്തി കാണിക്കുന്നവയാകുന്നു. മാമൂദീസായാൽ നാം മരിച്ചു ക്രിസ്തുവിൽ ഉയിർക്കുന്നു. അതായത്, പുതിയ ജീവനിൽ പ്രവേശിക്കുന്നു. സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തോട് ഐക്യപ്പെടുന്നു. ആകയാൽ പാപത്തിനുമോചനവും - (അഥവാ പാപത്തിൽ നിന്നു പുണ്യത്തിലേക്കു-ദൈവിക കുടുംബത്തിലേക്കുള്ള സ്വീകരണവും-(അഥവാ പുത്രത്വത്തിലേക്ക് ആത്മാവിന്റെ ശുദ്ധീകരണവും-നിത്യജീവനുള്ള ഉടമ്പടിയും (അഥവാ മരണാവസ്ഥയിൽനിന്ന് സ്വർഗ്ഗീയാവകാശ പദവിയിലേക്ക്) നാം ഉയരുകയും ചെയ്യുന്നു. മാമൂദീസാ ശുദ്ധീകരണ വരപ്രസാദം നൽകുകയും പാപം മോചിക്കുകയും ക്രിസ്തീയ മുദ്ര പതിക്കുകയും നമ്മെ ദൈവത്തിന്റെ മക്കളും വി. സഭയുടെ അംഗങ്ങളും സ്വർഗ്ഗാവകാശികളുമാക്കുകയും മറ്റു കൂദാശകൾ സ്വീകരിപ്പാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. വിശ്വാസി മാമൂദീസായുടെ വെള്ളത്തിൽ മുങ്ങുകയും പിതാവിന്റെയും പുത്രന്റെയും പ. റൂഹായുടെയും നാമത്തിൽ ഇന്നാർ മാമൂദീസാ മുങ്ങുന്നു എന്നു പട്ടക്കാരൻ പറയുകയും ചെയ്യുന്ന അതേ അവസരത്തിൽതന്നെ ദൈവിക കൃപ മുങ്ങുന്ന ആളിന്റെ എല്ലാ പ്രകൃതത്തിലും അദൃശ്യമായ പ്രവൃത്തി നടത്തി ഫലം പ്രദാനം ചെയ്യുന്നു. ഈ കൂദാശയുടെ കൃപയിൽ (1) രണ്ടാം ജനനം (2) നീതീകരണം (3) പുത്രസ്വീകാരം (4) ദൈവരാജ്യാവകാശം എന്നിവയാണ്. ഇവ നാലും അന്യോന്യം ബന്ധിതമാണ്. കാരണം മാമൂദീസായിൽ ദൈവകൃപ മനുഷ്യന്റെ ജനനം ആവർത്തിക്കുമ്പോൾ സകല പാപങ്ങളിൽനിന്നും അവനെ വെടിപ്പാക്കി, നീതീകരിച്ചു ശുദ്ധീകരിക്കുന്നു. പാപങ്ങളിൽനിന്നു വെടിപ്പാക്കപ്പെടുമ്പോൾ നിത്യശിക്ഷയിൽനിന്നും രക്ഷിക്കപ്പെടുന്നു. ദൈവമുമ്പാകെ നീതീകരിക്കപ്പെടുമ്പോൾ ദൈവത്തിനു പുത്രനും യേശുമിശിഹായുടെ ശരീരത്തിന് അവയവവും നിത്യജീവന് അവകാശിയുമായിത്തീരുന്നു (കൂദാശകൾ).

ഇതേപ്പറ്റി സഭാപിതാക്കന്മാർ പറയുന്നു:

1. വി. യുസ്തീനോസ്: പാപങ്ങളുടെ മോചനം പ്രാപിക്കുന്നതിനും... പ്രത്യാശ സമ്പാദിക്കുന്നതിനും ഒരു മാർഗ്ഗം മാത്രമെയുള്ളൂ. അതായത് യേശുവിനെ അറിയുകയും പാപമോചനത്തിനായി കഴുകപ്പെടുകയും ചെയ്യണം. ഇങ്ങനെ നാം വിശുദ്ധിയിൽ ജീവിക്കുന്നതിന് ആരംഭിക്കുന്നു.
2. അലക്സാന്ത്ര്യയിലെ മാർക്സിമീസ്, (3-ാം നൂറ്റാണ്ട്) നാം മാമൂദീസാ ഏൽക്കുമ്പോൾ പ്രശോഭിതരായിത്തീരുന്നു. പ്രശോഭിതരാകുമ്പോൾ മരണമില്ലാത്തവരും ആയിത്തീരുന്നു. നിങ്ങൾ ദൈവങ്ങൾ ആകുന്നുവെന്നും അത്യുന്നതന്റെ മക്കൾ ആകുന്നുവെന്നും സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നു. നമ്മുടെ പാപം അതുമൂലം കഴുകിക്കളയുന്നതിനാൽ സ്നാനമെന്നും നമ്മുടെ പാപങ്ങളുടെ ശിക്ഷ അതുമൂലം ക്ഷമിക്കപ്പെടുന്നതുകൊണ്ട് കൃപ എന്നും അതുമൂലം വിശുദ്ധവും രക്ഷാകരവുമായ പ്രകാശനം നാം കാണുന്നതിനാൽ പ്രകാശനമെന്നും പറയുന്നു. 3. മോർ ഈവനിയോസ് (സെ. ജോൺ ക്രിസോസ്റ്റം) - ഒരുവൻ നശിച്ചവനും വിഗ്രഹാരാധിയും അശുദ്ധജീവിതക്കാരനുമായിരുന്നാലും കൃപയിൽ മാമൂദീസാ അവനെ വെടിപ്പാക്കുന്നു. പാപത്തിൽ എത്ര നിമഗ്നനായാലും മാമൂദീസാ വെള്ളത്തിൽ പ്രവേശിച്ച് അതിൻനിന്നും കയറുമ്പോൾ സൂര്യകിരണത്തെക്കാൾ വെടിപ്പുള്ളവനായിത്തീരുന്നു. മാത്രമല്ല വിശുദ്ധനും പുണ്യവാനുമായിത്തീരുന്നു... മാമൂദീസാമൂലം പാപങ്ങളുടെ മോചനവും തിന്മകളിൽനിന്നുള്ള വെടിപ്പും വീണ്ടും ജനനവും പ്രാപിക്കുന്നു.

17. മാമൂദീസാ ഒരിക്കൽ മുങ്ങിയവൻ അവന്റെ മാമൂദീസാ ആവർത്തിക്കരുത്. കാരണങ്ങൾ (1) ഈ കൂദാശ മനുഷ്യനെ ആത്മിക ജീവിതത്തിലേക്കു ജനിപ്പിക്കുന്നതാകുന്നു (യോ. 3:5). മനുഷ്യൻ ഒന്നിൽകൂടുതൽ പ്രാവശ്യം ജനിക്കുന്നില്ലാത്തതുപോലെ ആത്മികജീവിതത്തിലും ഒരിക്കൽമാത്രം ജനിക്കുന്നു. 2) നാം സ്വാഭാവിക ജനനത്തിൽ പ്രകൃത്യാ ഒരു പ്രത്യേക രൂപവും ഛായയും പ്രാപിക്കുകയും അത് ആയുഷ്കാലമെല്ലാം നിലനിൽക്കുകയും ചെയ്യുന്നതുപോലെ ആത്മിക ജനനത്തിലും ഉണ്ടാകുന്നു. എന്തെന്നൽ, ആയുഷ്കാലമെല്ലാം നിലനിൽക്കുന്ന-മായിക്കപ്പെടാൻ പാടില്ലാത്ത ഒരു മുദ്രയെ മാമൂദീസാ എന്ന കൂദാശവരയ്ക്കുന്നു. 3) മോർ ഈവാനിയോസ് പറയുന്നു: മാമൂദീസായാൽ അവനോടുകൂടെ കബറടക്കപ്പെട്ടു. മിശിഹാ വീണ്ടും ക്രൂശിക്കപ്പെടുവാൻ സാദ്ധ്യമ

ല്ലാത്തപ്രകാരം ഒരിക്കൽ മാമൂദീസാ ഏറ്റവൻ വീണ്ടും മാമൂദീസാ ഏല്ക്കുവാൻ സാദ്ധ്യമല്ല.

ആകയാൽ സഭ നിശ്ചയിച്ചിരിക്കുന്നു:

1. ഒരുവൻ മാമൂദീസാ കൈക്കൊണ്ടശേഷം മിശിഹായിലുള്ള വിശ്വാസം ഉപേക്ഷിക്കുകയും വീണ്ടും വിശ്വസിച്ചുവരികയും ചെയ്താൽ അവനെ രണ്ടാമതും മാമൂദീസാ മുക്കുവാൻ ആവശ്യമില്ല. അനുതാപത്താൽ മാത്രം കൈക്കൊള്ളേണ്ടതാകുന്നു.
2. എന്നാൽ വി. സഭയുടെ സത്യവിശ്വാസത്തിൽനിന്നു തെറ്റിയവരും പട്ടത്വത്തിന്റെ ശരിയായ കൈവപ്പ് ഇല്ലാത്തവരുമായ വേദവിപരീതികളാൽ കഴിക്കപ്പെടുന്ന മാമൂദീസാ പൂർണ്ണതയുള്ളതെന്നു വിചാരിക്കാതെ ഹൂദായകാനോനിൽ വിവരിച്ചരിക്കുന്ന പ്രകാരം (2-ാം കെപ്പാലയോൻ) അതതു വേദവിപരീതികളുടെ വിശ്വാസസ്ഥിതിനോക്കി; a) ചിലരെ തൈലാഭിഷേക ശുശ്രൂഷ കഴിച്ച് വി. മൂറോൻ പൂശുകയും, b) ചിലരെക്കൊണ്ട് അവരുടെ വേദവിപരീതങ്ങൾ ഉപേക്ഷിക്കുകമാത്രം ചെയ്യിച്ചും c) ചിലരെ മാമൂദീസായുടെ ശുശ്രൂഷമുഴുവനും തികച്ച് മാമൂദീസാ മുക്കുകയും ചെയ്യേണ്ടതാകുന്നു (മതസംഗതി)

18. മാമൂദീസായുടെ പൂർത്തീകരണം മുറോനഭിഷേകത്താൽ ഹൂദായകാനോൻ 2-ാം കൈപ്പലയോൻ 3-ാം പോസുക്കോ-ലേവോദോക്യാ-മാമൂദീസാ ഏൽക്കുന്നവർ, മാമൂദീസാ സ്വീകരിച്ചശേഷം സ്വർഗ്ഗീയതൈലത്താൽ അഭിഷേകം ചെയ്യപ്പെട്ട് നമ്മുടെ ദൈവമായ മിശിഹായുടെ രാജ്യത്തിൽ പങ്കാളികളാകണം.

തെല്ലയുടെ യുഹാനോൻ - മുറോൻ കൂടാതെ മാമൂദീസാ ഒരിക്കലും പൂർണ്ണമാകുന്നില്ല. പ്രാർത്ഥനാതൈലം കൊണ്ടു മാത്രവും പൂർണ്ണമാകുന്നില്ല. കുറിയാക്കോ-മാമൂദീസാ മുങ്ങുന്നയാള് മുറോനാൽ മുദ്രയിടപ്പെടേണ്ടതു ന്യായമാകുന്നു.

ശിശുസ്നാനം

ശിശുസ്നാനം അപ്പോസ്തലികകാലത്തു പതിവായിരുന്നു:

a) കൊർന്നല്യോസ് സ്നാനമേറ്റപ്പോൾ അവന്റെ ചാർച്ചക്കാരും അടുത്ത സ്നേഹിതരും സ്നാനമേറ്റു (അ.പ്ര. 10:48). b) ലൂദിയാ സ്നാനമേറ്റപ്പോൾ അവളുടെ ഭവനക്കാരും സ്നാനമേറ്റു (16:15). c) ഫിലിപ്പി പട്ടണത്തിലെ കാരാഗൃഹപ്രമാണി സ്നാനമേറ്റപ്പോൾ അവന്റെ വീട്ടിലുള്ള എല്ലാവരും സ്നാനമേറ്റു. 16:34. d) പള്ളിപ്രമാ

ണിയായ ക്രിസ്പോസ് തന്റെ സകലകുടുംബത്തോടുംകൂടി കർത്താവിൽ വിശ്വസിച്ചു സ്നാനമേറ്റു. e) സ്തേപ്പാനോസിന്റെ ഭവനക്കാരെയും ഞാൻ സ്നാനം കഴിപ്പിച്ചു (1 കൊ. 1:16).

ഈ ഭവനങ്ങളിലൊന്നും ശിശുക്കൾ ഇല്ലായിരുന്നുവെന്നു നമുക്ക് എങ്ങനെ പറവാൻ കഴിയും? ഈ വാക്യങ്ങളിൽ കാണുന്ന ഗ്രീക്കു പദങ്ങൾ, മുതിർന്നവരെയും ശിശുക്കളെയും വേലക്കാരെയും അടിമകളെയും പൊതുവ കുറിക്കുന്നു. ഇതെല്ലാം നോക്കി നാം പുതിയ നിയമത്തെ പാരായണം ചെയ്യുമ്പോൾ ആദ്യ ക്രിസ്ത്യാനികൾ ശിശുക്കളെ സ്നാനം കഴിപ്പിച്ചുവെന്ന് തെളിവായി പറഞ്ഞിട്ടില്ലെങ്കിലും അവർ ശിശുക്കൾക്ക് സ്നാനം കൊടുക്കാറില്ലായിരുന്നുവെന്ന് പറയുന്നതിന് പൂർണ്ണമായ ആധാരമില്ല. രണ്ടാം നൂറ്റാണ്ടു മുതൽ ശിശുസ്നാനം നടത്തിവന്ന ക്രിസ്ത്യാനികൾ പുതിയ നിയമോപദേശങ്ങളെ ലംഘിച്ചിട്ടില്ലെന്നും പറയേണ്ടിയിരിക്കുന്നു. (ബൈബിൾ ഡിക്ഷ്ണറി).

ശിശുക്കളുടെ മാമൂദീസാ ശ്ലൈഹിക പാരമ്പര്യമായിരുന്നു (സുറിയാനി സഭ. 589) കുടുംബം ശിശുക്കൾ ഉൾപെട്ടതാണ് എന്നതിന് അനേകം തെളിവുകൾ ഉണ്ട്. ഉല്പ. 17:12-23, 27. പുറ. 12:27, 30. പഴയനിയമത്തിൽ പരിഛേദനയ്ക്കുപയോഗിക്കുന്ന 'കുടുംബം മുഴുവനും' എന്ന പദപ്രയോഗമാണ് മാമൂദീസായ്ക്ക് അതിപുരാതനമായി ഉപയോഗിച്ചുവന്നിട്ടുള്ളത് എന്നു കാണുമ്പോൾ, അതിൽ കൊച്ചുകുട്ടികളെയും വ്യക്തമായും ഉൾപ്പെടുത്തിയിരുന്നുവെന്നു മനസ്സിലാക്കാം (N.T. theology, 161). പുതിയനിയമസഭയുടെ തുടക്കം മുതൽതന്നെ സഭ ശിശുസ്നാനം നടപ്പാക്കിയിരുന്നു. ഇത് നിയമപരമായിരുന്നുവെന്നുമാത്രമല്ല രക്ഷയ്ക്ക് അത് അത്യാവശ്യമായിരുന്നു എന്നുകൂടി സഭ പഠിപ്പിച്ചു (New Cath. Encycl, Vol.II. 69). കുടുംബം അപ്പോസ്തലിക കാലത്ത് എങ്ങനെ വീക്ഷിച്ചിരുന്നു വി. ഇഗ്നാത്യോസിന്റെ സ്മിർണ്ണാക്കാർക്കുള്ള ലേഖനത്തിൽ സഹോദരന്മാർക്ക് അവരുടെ ഭാര്യമാരും കുഞ്ഞുങ്ങളും ഉൾപ്പെടെ കുടുംബത്തോടെ വന്ദനം (13:1). മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ (കൊലോ. 3:20) എന്നു വി. പൗലൂസ് പറയുന്നതിൽനിന്നും കുടുംബത്തിലും സഭയിലും കുഞ്ഞുങ്ങൾ ഉൾപ്പെട്ടിരുന്നുവെന്നും വി. പൗലൂസിന്റെ കാലത്തുതന്നെ ശിശുസ്നാനം നടപ്പിലിരുന്നുവെന്നും F.W. Flemington സമർത്ഥിക്കുന്നു.

c. ശിശുസ്നാനം അപ്പോസ്തലിക പിതാക്കന്മാരുടെ കാലത്തു നടപ്പിലിരുന്നു:

വി. യോഹന്നാന്റെ ശിഷ്യനായിരുന്ന വി. പോളിക്കാർപ്പിന്റെ ശിഷ്യനായ വി. ഇറാനിമുസ് എഴുതിയിരിക്കുന്നു. ക്രിസ്തു വന്നത്

അവൻമൂലം എല്ലാവരെയും രക്ഷിക്കുന്നതിനുവേണ്ടിയായിരുന്നു. അതെ, പുതിയതായി ജനിക്കയൊ ജ്ഞാനസ്നാനം സ്വീകരിക്കുകയൊ ചെയ്തിട്ടുള്ള ശിശുക്കളെയും പൈതങ്ങളെയും ബാലകരെയും യുവാക്കളെയും വൃദ്ധരെയും തന്നെ. (വേദവിപരീതികൾക്ക് എതിരെ ലേഖനം. 2) 3-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒറിഗൻ ശിശുക്കളെ മാമൂദീസാ മുക്കുന്ന പാരമ്പര്യം സഭയ്ക്ക് ശ്ലീഹന്മാരിൽ നിന്നുമാണ് ലഭിച്ചത് (റോമിലേക്കുള്ള 6-ാം ലേഖനം). 3) വി. സിപ്രിയാൻ (കുപ്രിയാനോസ്) അദ്ദേഹത്തിന്റെ കീഴിലുള്ള 66 മെത്രാന്മാരുംകൂടി ആഫ്രിക്കയിൽ കാർത്തേജ് പട്ടണത്തിൽ ക്രി. 253-ൽ ഒരു പ്രാദേശിക സുന്നഹദോസ് നടത്തി. അദ്ദേഹം പറയുന്നത്: മുമ്പ് ദൈവമുമ്പാകെ പാപം ചെയ്തവർ അനേക പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും അവർ വിശ്വസിക്കുകയും പാപങ്ങളുടെ മോചനം പ്രാപിക്കുകയും ചെയ്തതുകൊണ്ട് അവരിൽ ഒരുവനും മാമൂദീസായിൽനിന്നും കൃപയിൽനിന്നും വിരോധിക്കപ്പെടുന്നില്ലെങ്കിൽ ബോധം പ്രകാശിക്കാത്തവരും പാപം ചെയ്യാത്തവരുമായ ശിശുക്കൾ അവരിലുള്ളതായ ജന്മപാപത്താൽ കറപിടിക്കുകയും ആദാമ്യമരണത്തിന് പങ്കാളികളാകുകയും ചെയ്തുകൊണ്ട് അവർക്കും മാമൂദീസാ ആവശ്യമാണ്. എന്തെന്നാൽ മാമൂദീസാ രക്ഷ സമ്പാദിപ്പാനുള്ള വ്യവസ്ഥയും കർമ്മപാപത്തിനുമാത്രമല്ല, ജന്മപാപത്തിനുമുള്ള ലേപനവുമാകുന്നു. ആകയാൽ, സുന്നഹദോസ് താഴെ പറയുംപ്രകാരം നിശ്ചയിച്ചു. ഒരുവനെയും മാമൂദീസായിൽനിന്നും കരുണയുള്ള ദൈവത്തിന്റ കൃപയിൽനിന്നും വിരോധിപ്പാൻ അധികാരമില്ല. എന്തെന്നാൽ മാമൂദീസാ എല്ലാവർക്കും-പ്രത്യേകിച്ച്-ശിശുക്കൾക്കും ഉള്ളതാകുന്നു (59-ാം ലേഖനം). 4) ഇതേപ്പറ്റി വി. ആഗസ്തിനോസ് പറയുന്നത് അപ്പോസ്തലകാലംമുതൽ 3-ാം നൂറ്റാണ്ടുവരെയുള്ള പാരമ്പര്യത്തിന്റെ ഐകകണ്ഠ്യേന അഭിപ്രായവും ഇതായിരുന്നു. 5) അദ്ദേഹംതന്നെ മാമൂദീസാ കൂടാതെ മരിക്കുന്ന ശിശുക്കളെക്കുറിച്ചു പറഞ്ഞിരിക്കുന്നത് അവർ ചില്ലറ വേദനകൾ അനുഭവിക്കേണ്ടിവരും എന്നാണ്. നൂസായിലെ ഗ്രീഗോറിയോസ് (330-395) പറയുന്നത്: ഭാഗ്യാവസ്ഥയ്ക്കും വേദനയ്ക്കും ഇടയ്ക്കുള്ള അവസ്ഥയിൽ അവർ സ്ഥിതി ചെയ്യുന്നു എന്നാണ്. വി. ഗ്രീഗോറിയോസ് തേവോലോഗോസ് പറയുന്നു: മാമൂദീസാ മുക്കപ്പെടാത്ത ശിശുക്കൾ നീതിയുള്ള ന്യായാധിപനാൽ മഹത്വീകരിക്കപ്പെടുകയൊ ദണ്ഡിപ്പിക്കപ്പെടുകയൊ ചെയ്യുന്നില്ല. എന്തെന്നാൽ അവർ മാമൂദീസാ മുഖാന്തിരം പ്രശോഭിക്കപ്പെട്ട്, വിശുദ്ധീകരിക്കപ്പെട്ടില്ലെങ്കിലും വ്യക്തിപരമായ പാപം അവർ ചെയ്തിട്ടില്ല. ആകയാൽ അവർ ബഹുമാനത്തിനൊ

ശിക്ഷയ്ക്കൊ യോഗ്യരല്ല. (മാമൂദീസായെക്കുറിച്ചുള്ള പ്രസംഗം) ശിശുക്കൾക്കു മാമൂദീസാ നൽകിയിരുന്നതുകൊണ്ടാണല്ലോ മാമൂദീസാ ഏൽക്കാതിരുന്നാലുള്ള അവസ്ഥയെക്കുറിച്ച് പറയുന്നത്. 6) പൂർവ്വിക സഭകൾ സുറിയാനി, റോമൻ, ഗ്രീക്ക്, അലക്സാണ്ട്രിയൻ, ഏത്യോപ്യൻ, അർമ്മീനിയൻ-നെസ്തോറിയൻ-ഗഹനങ്ങളായ വിഷയങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസമുള്ളവരെങ്കിലും ശിശുസ്നാന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. അതിൽനിന്നുതന്നെ ഈ ആചാരം അപ്പോസ്തലികമെന്നു തെളിയുന്നു. നെവൊ കെസറിയാ പ്രാദേശിക സുന്നഹദോസിൽ വിശ്വാസം പഠിച്ചുകൊണ്ടിരിക്കുന്നവൾ ഗർഭിണിയാണെങ്കിലും അവൾക്കു മാമൂദീസാ നൽകാം. അനന്തരം ജനിക്കുന്ന ശിശുവും മാമൂദീസാ ഏല്ക്കണം (ഹൂദായ കാനോൻ) 3. ശിശുസ്നാനം പ്രോട്ടസ്റ്റന്റു പിളർപ്പുണ്ടായതിനു ശേഷവും ഇന്നും പ്രധാന വിഭാഗമായ Church of England-ൽ നിലവിലിരിക്കുന്നതുമാകുന്നു. ആ സഭയുടെ ആധികാരികമായ ഒരു ഗ്രന്ഥമാണ് Book of Common Prayers അതിന്റെ 153 മുതൽ 158 വരെയുള്ള പുറങ്ങൾ "The Ministration of public Baptism of infants to be used in the Church" ആകുന്നു. അതിന്റെ നടപടിക്രമത്തിൽ, ഒരാൺകുട്ടിക്ക് 2 മദ്ധ്യസ്ഥന്മാരും (ജ്ഞാനസ്നാനപിതാക്കന്മാർ) ഒരു മദ്ധ്യസ്ഥയും പെൺകുട്ടിക്ക് ഒരു മദ്ധ്യസ്ഥനും 2 മദ്ധ്യസ്ഥകളും വേണമെന്നും പറയുന്നു: പ്രിയരേ, എല്ലാ മനുഷ്യരും പാപത്തിൽ ഗർഭം ധരിക്കപ്പെടുകയും ജനിക്കുകയും ചെയ്യുന്നതിനാലും വെള്ളത്താലും ആത്മാവാലും വീണ്ടും ജനിക്കാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല എന്നു നമ്മുടെ രക്ഷകൻ പറയുന്നതിനാലും ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. പ്രകൃത്യാ ഈ കുഞ്ഞിന് ഇല്ലാത്തതായ ആ കാര്യം ദൈവം തന്റെ ധാരാളമായ കരുണയാൽ ഈ കുഞ്ഞിനു നൽകുവാനും വെള്ളത്താലും ആത്മാവിനാലും അവർ മാമൂദീസാ മുക്കപ്പെട്ട് ക്രിസ്തുവിന്റെ പ. സഭയിലേക്കു സ്വീകരിക്കപ്പെടുവാനും സഭയുടെ ഒരു സജീവാംഗം ആകുവാനും നമ്മുടെ കർത്താവേശുക്രിസ്തുവിലൂടെ പിതാവാം ദൈവത്തോടു നിങ്ങൾ പ്രാർത്ഥിക്കണം. തുടർന്നുള്ള ഉപദേശത്തിൽ മാതാപിതാക്കളോട് വൈദികൻ പറയുന്നു... കർത്താവ് ഈ ശിശുവിനെ സന്തോഷത്തോടെ സ്വീകരിക്കുമെന്നും തന്റെ കരുണാഭുജങ്ങളാൽ അവനെ ആലിംഗനം ചെയ്യുമെന്നും നിത്യജീവന്റെ അനുഗ്രഹം അവനു നൽകുമെന്നും തന്റെ നിത്യരാജ്യത്തിന്റെ അവകാശിയാക്കുമെന്നും നിങ്ങൾ സംശയലേശമെന്യെ വിശ്വസിപ്പിൻ. വീണ്ടുമുള്ള പ്രാർത്ഥനയിൽ ഈ ശിശു വീണ്ടും ജനിക്കുവാനും നിത്യരക്ഷയ്ക്ക് അവൻ അവകാശിയാകുവാനുമായി നാഥാ ഈ

ശിശുവിനു നിന്റെ പരിശുദ്ധാത്മാവിനെ നൽകണമെ. സ്നാനം നൽകിയശേഷം ശിശുവിന്റെ നെറ്റിമേൽ കുരിശുവരയ്ക്കുന്നു. അതിന്റെ ഉദ്ദേശ്യം പറയുന്നു: ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുവാൻ അവൻ ലജ്ജിക്കരുതെന്നും-പാപത്തിനും ലോകത്തിനും പിശാചിനുമെതിരായി തന്റെ കൊടിക്കീഴിൽ അവൻ പൗരുഷത്തോടെ യുദ്ധം ചെയ്യുമെന്നും അവന്റെ ആയുരന്ത്യംവരെ ക്രിസ്തുവിന്റെ വിശ്വസ്തഭടനായി അവൻ തുടരുമെന്നുള്ളതിന്റെ അടയാളമായിട്ട് അവസാനം ഫൂട്ട്നോട്ടായി പറയുന്നു: "It is certain by God's Word that children who are baptised dying before they commit actual sin, are undoubtedly saved."

വേദപരമായ ന്യായങ്ങൾ

1. കർത്താവ് ശിശുക്കളെ വാഴ്ത്തി അനുഗ്രഹിച്ചു. ശിശുക്കൾ സ്വർഗ്ഗരാജ്യത്തിനു യോഗ്യരാണ്. (മത്താ. 19:14) ഇതുപോലുള്ളവരുടേതാണ് സ്വർഗ്ഗരാജ്യം എങ്കിൽ അവർക്കു സ്വർഗ്ഗരാജ്യത്തിനു മാമൂദീസായാകുന്ന വഴിതുറന്നുകൊടുത്തു.

2. ശിശുക്കൾ അവരുടെ മാതൃഗർഭത്തിൽ ആയിരിക്കെ - യാതൊന്നും ഗ്രഹിപ്പാൻ പ്രാപ്തിയില്ലാതിരിക്കെ - ദൈവം അവരെ അനുഗ്രഹിക്കുകയും പരിശുദ്ധാത്മാവുകൊണ്ടു നിറയ്ക്കുകയും ചെയ്തു. ഏറമിയ ദീർഘദർശി-യോഹന്നാൻ സ്നാപകൻ (യറ 1:5, ലൂ. 1:15, 41.

3. അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിച്ചു (സങ്കീ. 51:5) എന്ന് ദാവീദ് പറഞ്ഞിരിക്കുന്നതുപോലെ ശിശുക്കളും പ്രായം ചെന്നവരെപ്പോലെതന്നെ ജന്മപാപസംബന്ധികളാകുന്നു. ആകയാൽ കർത്താവ് പറഞ്ഞിരിക്കുന്നതനുസരിച്ച് (യോ. 3:5) മാമൂദീസാ കൂടാതെ അതിന്റെ കറയിൽനിന്ന് നിർമ്മലരാകുന്നതിനൊ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനൊ സാദ്ധ്യമല്ല.

4. ദൈവം അബ്രഹാമിനും സന്തതികൾക്കും 8-ാം ദിവസം പരിച്ഛേദന നിശ്ചയിച്ചു; ദൈവത്തിന്റെ ഉടമ്പടിയിലേക്ക് അവരെ പ്രവേശിപ്പിച്ചു. ഉല്പ. 17:12, അതു അബ്രഹാമിന്റെ വിശ്വാസത്താൽ നീതീകരണമായിരുന്നുവെന്നു വി. പൗലൂസ് പറയുന്നു (റോ. 4:11). പഴയനിയമത്തിലുണ്ടായിരുന്ന പരിച്ഛേദന, പുതിയനിയമത്തിൽ നമുക്കു നിശ്ചയിച്ചിരിക്കുന്നതായി ദൈവ ഉടമ്പടിയിലേക്ക് അതുമൂലം പ്രവേശിക്കുന്ന മാമൂദീസായുടെ ദൃഷ്ടാന്തമായിരുന്നുവെന്നു അദ്ദേഹം (കൊലോ. 2:11,12) പറയുന്നു. പ. നിയമത്തിൽ ദൈവത്തിന്റെ

ഉടമ്പടിയിലേക്ക് പ്രവേശിക്കാൻ ദൈവം കൃപ നൽകിയെങ്കിൽ പുതിയനിയമത്തിൽ ഈ കൃപയിൽനിന്നും അവരെ വിലക്കി എന്നു വിചാരിപ്പാൻ ന്യായമില്ല. ശിശുക്കൾക്കു വിശ്വസിപ്പാൻ കഴിവില്ലാത്തതുകൊണ്ട് അവരെ മാമൂദീസാ മുക്കുവാൻ പാടില്ലായെങ്കിൽ പഴയനിയമത്തിൽ വിശ്വാസത്തിന്റെ മുദ്രയായിരുന്ന ചേലാകർമ്മം കേവലം എട്ടുദിവസം പ്രായമുള്ള ശിശുക്കൾ എങ്ങനെയാണ് സ്വീകരിച്ചത്? ഇതു സംബന്ധിച്ച് ഒരു കാര്യം സ്മരണീയമാണ്... The Practice of infant baptism is one clear illustration of the Church belief that in all God's dealings with us, the BEGINNING is WITH Him and our PART is TO RESPOND TO THE GRACE GIVEN" (KINGHIGHWAY-80). If God takes the first step in dying for us He also takes the first step in saving through the free gift of regeneration without the pre-condition of faith. Our duty is only to respond and to reciprocate by faith and obedient life (40 Questions Answered).

ശ്ലീഹന്മാർ കുടംബങ്ങളെ മുഴുവനായി മാമൂദീസാ മുക്കി എന്നതിന്റെ തെളിവുകൾ മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്.

6. എല്ലാവരും സമുദ്രത്തിലൂടെ കടന്നു. എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനമേറ്റു. മോശയോടു ചേർന്നു എന്നു വി. പൗലൂസ് പറയുന്നു. 1. കൊ. 10:2 ഇതുനമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു (10:6). അവരുടെ കൂട്ടത്തിൽ ശിശുക്കളും ഉണ്ടായിരുന്നു (പുറ 12:37). എല്ലാവരും സ്നാനമേറ്റു, അതു നമുക്കു ദൃഷ്ടാന്തമാണെന്നു വി. പൗലൂസും പറയുന്നു.

7. പൈതൽ ഉത്ഭവമാകുന്നതിനു മുമ്പും പിമ്പും ദൈവത്തിന്റെ വകയാണ്.

ശിശുസ്നാനം വേദാനുസരണമോ? (സങ്കീ. 22:9.10, 139. 13 ന്യായ 13:25, 1 ശമു. 1:27, ഇയ്യോ. 31:15, ഏശാ. 44:1-2. 49:1, യറ. 1:5, 6,7. ഗലാ. 1:15)

മറ്റുള്ളവരുടെ വിശ്വാസംമൂലം ഒരുവന് അനുഭവമുണ്ടാകാം

1) എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞു പ്രജ തുള്ളി. ലൂ. 1:41.
2) യായീറോസിന്റെ മരിച്ച മകൾ കർത്താവ് വന്നതും തൊട്ടതും അറിഞ്ഞില്ലെങ്കിലും യായീറോസിന്റെ വിശ്വാസം അവളിൽ ഫലമുളവാക്കി. മർക്കോ. 5-41.
3) പക്ഷവാതക്കാരനു പാപമോചനവും രോഗശാന്തിയും നൽകി. അതു അവനെ കൊണ്ടുവന്നവരുടെ വിശ്വാസം കണ്ടിട്ടായിരുന്നു. മത്താ. 9:2.

4) ഊമനും ചെകിടനുമായ ദുരാത്മബാധിതനായ ബാലൻ ഒന്നു മറിഞ്ഞില്ലെങ്കിലും അപ്പന്റെ നിലവിളിയും വിശ്വാസവും മൂലം കർത്താവ് അവനിൽ പ്രവർത്തിച്ചു. മർക്കോ. 9:24
5) ശതാധിപൻ ബാല്യക്കാരനുവേണ്ടി കർത്താവിനോടപേക്ഷിച്ചു. യിസ്രയേലിൽപോലും കണ്ടിട്ടില്ലാത്ത വലിയ വിശ്വാസം കണ്ട വനായ കർത്താവ് സ്ഥലത്തെത്താതെ തന്നെ അവനു സുഖം കിട്ടി. മത്താ. 8:5-13.
6) ഇതുപോലെതന്നെ തന്റെ മകൾക്കുവേണ്ടി നിലവിളിച്ച സ്ത്രീ യുടെ മകളിലും കർത്താവ് രോഗശാന്തി നൽകി. മത്താ. 15:21-28.

ശിശുസ്നാനത്തെപ്പറ്റി ചിന്തിക്കുമ്പോൾ മറ്റൊരു വസ്തുതയും സ്മരണീയമാണ്.

a) ദൈവം നമ്മെ സമീപിക്കുമ്പോൾ നാം ദൈവത്തിനു നമ്മെ ത്തന്നെ സമർപ്പിക്കുന്നു.

1. നാം പാപികളായിരിക്കുമ്പോൾ നമ്മെ രക്ഷിപ്പാൻ ദൈവ പുത്രൻ വന്നു.
2. ദൈവം എന്നെ ഗർഭം മുതൽ വിളിച്ചു. ഏശാ 49:1
3. ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു. യോഹ. 10:14.
4. നിങ്ങൾ എന്നെ തെരഞ്ഞെടുത്തു എന്നല്ല; ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു. യോ. 15:16.
5. അവൻ (ശൗൽ) ഞാൻ തെരഞ്ഞെടുത്ത പാത്രമാകുന്നു. (അ.പ്ര. 9:15,16) എന്റെ ജനനംമുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ എന്നെ വിളിച്ചിരിക്കുന്ന ദൈവം... ഗലാ. 1:15.

മേൽപ്പറഞ്ഞവയുടെ വെളിച്ചത്തിൽ:

ദൈവം മനുഷ്യൻ അറിയാതെതന്നെ പ്രവർത്തിക്കുന്നു. താൻ നമ്മിൽ വസിക്കുന്നതിനു നാം അറിയാതെ നമ്മെ വിളിച്ചു നമ്മിൽ വസിക്കുന്നു. ആ സ്ഥിതിക്ക് പൈതങ്ങൾ അറിയാതെ തന്നെ (അവർ അറിയുന്നുണ്ട്) (എലിസബേത്ത്-യോഹന്നാൻ) ദൈവം അവരിൽ പ്രവർത്തിക്കുന്നതാകുന്നു.

b) മാമൂദീസായിലെ മുഖ്യമായ കാര്യം മനുഷ്യൻ എന്തുചെയ്യുന്നു എന്നല്ല; പിന്നെയൊ മാമൂദീസായിൽ ദൈവം എന്തുചെയ്യുന്നു എന്ന താണ്. മാമൂദീസായുടെ മുദ്രയിൽ ദൈവം സ്നാനപ്പെടുന്ന എല്ലാ വരെയും അവന്റെ സ്വന്തമാക്കുകയും അതുമൂലം ഏല്ലാവരും രക്ഷ യുടെ പുതിയ മാർഗ്ഗത്തിലൂടെ ചരിക്കുകയും ചെയ്യുന്നു. ഇതുമൂല

മാണ് ശിശുക്കളെയും സ്നാനപ്പെടുത്തുന്നത്... മാമൂദീസാജലം എല്ലാവരെയും ദൈവത്തിന്റെതായി വേർതിരിക്കുകയും ക്രിസ്തുവിന്റെ കഷ്ടാനുഭവം എല്ലാവരെയും ദൈവകൃപയ്ക്ക് അർഹരാക്കുകയും ചെയ്യുന്നു. അപ്പോഴാണ് എല്ലാവരും സ്നാനം ഏൽക്കേണ്ട ആവശ്യം മനസ്സിലാകുന്നത്... യേശുക്രിസ്തു എല്ലാവരെയും വീണ്ടെടുത്തു. അതു സാധിച്ചതു മനുഷ്യഭാഗത്തുനിന്നുള്ള ചിന്തയുടെയൊ പ്രവർത്തിയുടെയൊ ഫലമായിട്ടല്ല; മനുഷ്യരുടെ ഭാഗത്തുനിന്നുള്ള വിശ്വാസത്തിന്റെയൊ തീരുമാനത്തിന്റെയൊ പ്രതിധ്വനി കേൾപ്പാൻ കാത്തിരിക്കാതെയും തന്റെ രാജ്യത്തിന്റെ മാഹാത്മ്യം എന്തെന്ന് അടയാളങ്ങളിലൂടെ വ്യക്തമാക്കുവാൻ കാത്തിരിക്കാതെയും തക്ക സമയത്തു രക്ഷാകരമായ പ്രവൃത്തി നിർവ്വഹിക്കയാണ് ചെയ്തത്. ദൈവം നമുക്കുവേണ്ടി എന്തു ചെയ്തു എന്നു മനസ്സിലാക്കി അതിനെ ഉച്ചത്തിൽ ഘോഷിച്ചുകൊണ്ട് നാം ശിശുക്കൾക്ക് മാമൂദീസാ നൽകുന്നു. അവൻ രക്ഷ നൽകിയത് നമ്മുടെ അറിവൊ അർഹതയൊ നോക്കാതെയാണ്. നാം പാപികൾ ആയിരുന്നപ്പോൾ തന്നെ ദൈവം തന്റെ സ്നേഹത്തെ തന്റെ മരണത്തിലൂടെ പ്രദർശിപ്പിച്ചുവെങ്കിൽ അതുതന്നെയാണ് മാമൂദീസായിൽകൂടെയും വെളിപ്പെടുത്തിയിരിക്കുന്നത് (N.T. Doctrine Baptism 137)

ശിശുസ്നാനത്തോട് എതിർപ്പ്

അപ്പോസ്തലികകാലം മുതൽ അനേക നൂറ്റാണ്ടുകൾ യാതൊരു എതിർപ്പുമില്ലാതെ നിലനിന്നതും സഭാ പിതാക്കന്മാർ അതിനുള്ള വിശദീകരണങ്ങൾ നൽകിയിട്ടുള്ളതും പ്രോട്ടസ്റ്റന്റുസഭ ഉണ്ടായിരുന്നതുമുതൽ അതിലും ഇന്നയോളം തുടർന്നു വരുന്നതും വേദതെളിവുകൾ ധാരാളമുള്ളതും യുക്തിക്കു ചേരുന്നതുമായ ശിശുസ്നാനത്തെ കേവലം 150 വർഷങ്ങൾക്കു മുമ്പു മാത്രമാണ് സംഘടിതരായി ചിലർ എതിർത്തുതുടങ്ങിയത്. ഒരു വിശ്വാസസത്യത്തിന് എതിർപ്പുള്ളതുകൊണ്ട് അതു അപ്പോസ്തലികമൊ യഥാർത്ഥമൊ അല്ലാതായിത്തീരുകയില്ല എന്നു മാത്രമല്ല എതിർക്കുന്നവർ വേദവിപരീതികൾ ആയിത്തീരുകയാണ് എന്നു സഭയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

എന്നു മുതൽ ഈ എതിർപ്പുകൾ തുടങ്ങി?

ക്രി 1830-ൽ ഇംഗ്ലണ്ടിൽ പ്ളിമത്ത് എന്ന സ്ഥലത്ത് ജോൺ ബനിയൻ, സ്പർജൻ മുതലായവർ വഴി ഈ ചിന്താഗതിക്ക് കൂടുതൽ പ്രചാരം സിദ്ധിക്കുകയും വിദേശങ്ങളിലും അതിന് അനുയായികൾ ഉണ്ടാകുകയും ചെയ്തു.

സത്യവിശ്വാസസംബന്ധമായ കാര്യങ്ങളിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തവർ ഒരു വശം മാത്രം കേട്ട്-നവീനമായ വേദവിരുദ്ധ ഉപദേശങ്ങളിലേക്കു ആകൃഷ്ടരായിപ്പോകുന്നു.

ഒരു കാര്യംകൂടി ചിന്തനീയമാണ്, അതായത് ഈ നവീനോപദേശം ഉടലെടുത്തത് ക്രൈസ്തവരാജ്യങ്ങളിലാണ്. പ്രോട്ടസ്റ്റന്റുകാരും ശിശുസ്നാനം നടത്തുന്നവരായിരുന്നതിനാൽ-തങ്ങളുടെ അനുയായികൾക്കു വിശ്വാസസ്നാനം വേണമെന്നു നിർദ്ദേശിച്ചതിന്റെ ഒരുദ്ദേശ്യം യഥാർത്ഥമായി തങ്ങളെ അനുഗമിക്കുന്നവരെ മനസ്സിലാക്കുന്നതിനായിരുന്നു. വിദേശത്താകട്ടെ ഇന്ത്യയിലാകട്ടെ-പ്രത്യേകിച്ചും കേരളത്തിൽ അക്രൈസ്തവരിൽനിന്ന് ഏതാദൃശ ഉപദേശക്കാർ സമ്പാദിച്ചവരുടെയും ക്രൈസ്തവരിൽനിന്നും സമ്പാദിച്ചവരുടെയും സംഖ്യയുടെ അനുപാതം അതു തെളിയിക്കുന്നു.

ഇവരുടെ പ്രധാന വാദങ്ങൾ

വി. വേദപുസ്തകത്തിൽ സ്പഷ്ടമായി കാണാത്തവയൊന്നും സ്വീകാര്യമല്ല. 2) മർക്കോസ് 16:16 ൽ കാണുംപോലെ വിശ്വസിച്ചു സ്നാനമേറ്റാൽ മാത്രമെ രക്ഷയുള്ളൂ. ആകയാൽ ശിശുസ്നാനം നിഷിദ്ധമാണ് എന്നത്രെ. ഇവയിൽ 1-ാമത്തേതിനെക്കുറിച്ച് വി. വേദപുസ്തകം എന്ന അദ്ധ്യായത്തിൽ വിശദമായി ഉപന്യസിക്കുന്നതാകയാൽ ഇവിടെ പ്രതിപാദിക്കുന്നില്ല. 2-ാമത്തെ വാദത്തെക്കുറിച്ച് ചിന്തിക്കാം. മർക്കോ: 16:16 "വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. ഇതേപ്പറ്റി ചിന്തിക്കുമ്പോൾ 3 കാര്യങ്ങൾ ശ്രദ്ധേയമാണ്. 1. പ്രസ്തുത വാക്യത്തിന്റെ നിജസ്ഥിതി. 2. നിജമെങ്കിൽ ആരെപ്പറ്റി ഇതു പറയുന്നു. 3. ഇങ്ങനെ വിശ്വസിച്ചു സ്നാനമേൽക്കുന്നവരുടെ പ്രത്യേകതകൾ. 1) ആംഗ്ലിക്കൻ ബിഷപ്പ് ചാൾസ് ഗോർ എഴുതിയ വേദപുസ്തകവ്യാഖ്യാനം പുറം 122. വി. മർക്കോസിന്റെ സുവിശേഷത്തിന്റെ അന്ത്യഭാഗത്തെക്കുറിച്ച് അദ്ദേഹം പറയുന്നത്... "We conclude that it is certain, that the longer ending (16:9-20) is not part of the gospel. 2) Mark. 16:16 is not in all ancient manuscripts. Mark 16:16-19 is a later interpolation, (see brackets of the R.S.V small scripts) 40 questions answered. മലയാള വേദപുസ്തകത്തിൽ (സുറിയാനിയിലും) മർക്കോ. 16:9-20 വാക്യങ്ങൾ ബ്രാക്കറ്റിൽ ഇട്ടിരിക്കുന്നത് അവ ചില കൈ എഴുത്തു പ്രതികളിൽ മാത്രമുള്ളവയെന്ന് കാണിക്കുവാനാണ്. ഏറ്റവും ശരിയായ ഇംഗ്ലീഷുവേദപുസ്തകമെന്നു പരക്കെ സമ്മതമായിരിക്കുന്ന 1952 Revised Standard Version RSV. നോക്കിയാൽ മർക്കോ 16:8 നോടുകൂടി സുവിശേഷം അവസാനിച്ചിരിക്കുന്നതായും ശേഷമുള്ള വാക്യങ്ങൾ ഫൂട്ട്നോട്ടിൽ ചെറിയ

അക്ഷരമായി മാത്രം കൊടുത്തിരിക്കുന്നതും കാണാം. കർത്താവിന്റെ ഈ അന്ത്യശാസനം തന്നെ മത്താ.28-ൽ പറഞ്ഞിരിക്കുന്നിടത്ത് “വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും” എന്നു പറഞ്ഞിട്ടില്ല. അവിടെ സ്നാനമാണ് ആദ്യം പറഞ്ഞിരിക്കുന്നത് ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും... സ്നാനം കഴിപ്പിച്ച്... ഉപദേശിച്ചുകൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. മാർക്കോ. 16:16 അതിപുരാതനമായ കൈയെഴുത്തു പ്രതികളിലും ഇല്ല എന്ന കാരണത്താൽ തന്നെ വിശ്വാസസ്നാനമെന്ന വിഷയത്തിന്റെ നാരായ വേര് അറ്റുപോയിരിക്കുകയാണ്. (3 വിശ്വാസസത്യങ്ങൾ 36-37). മോർ ദീവന്നാസ്യോസ് ബർസ്ലീബി, വേദപുസ്തകവ്യാഖ്യാനത്തിൽ പറയുന്നു. വി. മാർക്കോസിന്റെ സുവിശേഷം 16:9 മുതൽ 20 വരെയുള്ള വാക്യഭാഗങ്ങൾ വി. മാർക്കോസിന്റേതായി അംഗീകരിച്ചിട്ടുമില്ല. നിഖ്യാസുന്നഹദോസിന് മുമ്പ് ആരോ അത് കൂട്ടിച്ചേർത്തുണ്ടാക്കിയിട്ടുള്ളതാകുന്നു. ശിശുസ്നാനവിരോധം ആരും സ്വപ്നം കണ്ടിട്ടില്ലാത്ത മദ്ധ്യനൂറ്റാണ്ടിലാണിതെഴുതിയത് എന്നോർക്കുക.

2. നിജസ്ഥിതി എങ്ങനെയുമാകട്ടെ; കർത്താവ് നിർദ്ദേശിക്കുന്ന സമയത്ത് ക്രിസ്ത്യാനികളില്ലായിരുന്നു. സർവ്വ ജാതികളെയും ക്രിസ്തുവിങ്കലേക്ക് കൊണ്ടുവരാനാണ് നിർദ്ദേശം. അന്യമതത്തിലുള്ള ഒരാൾ ക്രിസ്തുമതത്തിലേക്കു വരുത്തുമ്പോഴുള്ള വ്യവസ്ഥ മാത്രമാണ് അത്. ആ വ്യവസ്ഥ എല്ലാ പുരാതന സഭകളിലും ഇന്നും പാലിക്കുന്നതുതന്നെയാണ്. അതുകൊണ്ട് ക്രൈസ്തവരുടെ മക്കൾ പ്രായമായയെ സ്നാനമേൽക്കാവൂ എന്ന് അശേഷവും ധ്വനിക്കുന്നില്ല. 3. വിശ്വസിച്ചേ സ്നാനമേൽക്കാവൂ എന്നു ശഠിക്കുന്നവർ അതിന്റെ അടുത്തവാക്യം സൗകര്യപൂർവ്വം മറച്ചുവയ്ക്കുന്നു. അഥവാ അവയെ കാര്യമായി എടുക്കുന്നില്ല. 17-ാം വാക്യം.

വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും

എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും. 2. പുതുഭാഷകളിൽ സംസാരിക്കും. 3. സർപ്പങ്ങളെ പിടിച്ചെടുക്കും. 4. മരണകരമായ യാതൊന്നും കുടിച്ചാലും അവർക്ക് ഹാനി വരികയില്ല. 5. രോഗികളുടെമേൽ കൈവച്ചാൽ അവർക്കു സൗഖ്യം വരും. ഈ അടയാളങ്ങൾ നടന്നില്ലായെങ്കിൽ അതിൽനിന്നും സ്പഷ്ടമാകുന്നത് അവർ വിശ്വസിച്ചില്ല എന്നാണല്ലോ. വിശ്വാസസ്നാനക്കാരിൽ ചിലർക്ക് ഇത് കഴിയുമെന്ന് വാദിച്ചാൽ-ശിശുസ്നാനം ഏറ്റ പലർക്കും ഇത് സാധ്യമായിട്ടുണ്ട്-എന്നാണ് അതിനുള്ള പ്രത്യുത്തരം. 7. പതിവിൻ പ്രകാരമുള്ള മാമൂദീസാക്കുപുറമെ പതിവിനപ്പുറമായ മാമൂദീസാ എന്നു വിളിക്കപ്പെടുന്ന ചിലതുണ്ട്.

മിശിഹായുടെ നാമത്തിനുവേണ്ടിയുള്ള സാക്ഷിമരണം അഥവാ രക്തത്തിലുള്ള മാമുദീസാ

വി. സഭ ഈ മാമൂദീസയെ ബഹുമാനിച്ചാദരിക്കുന്നുണ്ട് എന്ന തിന്, ബേത്‌ലഹേമിൽ ഹോരോദേസിനാൽ മിശിഹായെപ്രതി കൊല്ലപ്പെട്ട ശിശുക്കളുടെ ഓർമ്മ കൊണ്ടാടുന്നതിൽനിന്നു മനസ്സി ലാക്കാവുന്നതാണ്. കൂടാതെ, ഇങ്ങനെ സാക്ഷിമരണം പ്രാപിച്ചവരെ വിശുദ്ധരായി സഭ ഗണിക്കുന്നു. കാരണം പീഡാകാലത്ത് അവർ മാമൂദീസാ ഏല്ക്കുന്നതിനുമുമ്പ് മിശ്ഹായിലുള്ള വിശ്വാസം നിമിത്തം സാക്ഷിമരണം പ്രാപിക്കുകയും അങ്ങനെ അവരുടെ രക്തത്തിൽ മ്ശിഹായിലുള്ള മാമൂദീസാ ഏൽക്കുകയും ചെയ്തവ രാണ് (മത്താ. 20:22). ഈ അസാധാരണ മാമൂദീസായുടെ ശക്തി യെയും അതിന്റെ പൂർണ്ണമായ വ്യാപാരത്തെയുംകുറിച്ചു മനസ്സിലാ ക്കുവാൻ കർത്താവിന്റെ തിരുവചനങ്ങൾ നമുക്ക് വഴി കാണിക്കുന്നു. മത്താ. 10:32, 16:25; 10:22, ലൂ. 7:47. യോ. 14:21, 15:13-14 നോക്കുക. ആകയാൽ രക്തത്തിലുള്ള മാമൂദീസാ താൻ പറഞ്ഞ സർവ്വലക്ഷണ ങ്ങളും ഉള്ളതാകുന്നു. സഹദേന്മാർ (രക്തസാക്ഷികൾ) 1. മനുഷ്യ മുമ്പാകെ പൂർണ്ണമായി വിശ്വസിച്ചേറ്റുപറഞ്ഞു. 2. തന്റെ നിമിത്തവും സുവിശേഷം നിമിത്തവും തങ്ങളുടെ ജീവനെ അവർ നശിപ്പിച്ചു. 3. നീതി നിമിത്തമായി പീഡിപ്പിക്കപ്പെട്ടു. മിശിഹായോടുള്ള അവ രുടെ സ്നേഹം പരിപൂർണ്ണമായിരുന്നു.

2. ആശയുടെ മാമൂദീസാ-ഒരുവൻ മാമൂദീസാ ഏല്ക്കുവാൻ ആഗ്രഹിച്ചിട്ട് ലഭിക്കാതെ മരിച്ചുപോയാൽ അവന്റെ ആഗ്രഹം ആശ യുടെ മാമൂദീസായായി സ്വീകരിക്കുന്നു.

18. മാമൂദീസായിലെ സാധനങ്ങളും വ്യാഖ്യാനങ്ങളും

1. **വി. തൈലം.** സാത്താനോടു പോരാടുന്നതിനുള്ള ആയുധം. തൈലം സൈത്തെണ്ണയാകയാൽ, കാട്ടുസൈത്തായിരുന്നവൻ സത്യസൈത്താകുന്ന ക്രിസ്തുവിനോടുചേർക്കപ്പെടുന്നു.
2. **വി. മൂറോൻ.** വിശദമായി അടുത്ത അദ്ധ്യായത്തിൽ കാണുക.
3. **മാമൂദീസാ കല്ല്** തൊട്ടി-മിശിഹായുടെ കബറിന്റെ ദൃഷ്ടാന്തം.
4. **കുരിശ്** ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെ കാണിക്കുന്നു.
5. **ശോശപ്പാ** കബറിന്റെ മൂടിക്കല്ല്
6. **വെള്ളം** ആദ്യസൃഷ്ടിയുടെ സാധനങ്ങളിൽ ഒന്ന് - അതു മൂലം പുതിയസൃഷ്ടിയും നടക്കുന്നതിനാൽ സ്രഷ്ടാവ് ഒരു വൻതന്നെ എന്നു കാണിക്കുന്നു.
7. **ചൂടുവെള്ളം** പ. റൂഹായുടെ ചൈതന്യത്തെ ദൃഷ്ടാന്തീകരി ക്കുന്നു.

14
മരിച്ചവരുടെ ഉയിർപ്പ്

മരിച്ചവരുടെ ഉയിർപ്പ് വിശുദ്ധസഭയുടെ അമൂല്യമായ വിശ്വാസ വിഷയങ്ങളിൽ സുപ്രധാനമായ ഒന്നും-മനുഷ്യൻ മരിക്കുന്നതുവരെ സ്മരിക്കേണ്ടതായ. ഗൗരവമേറിയതായ വസ്തുതയുമാണ്.

കാരണം:

1. നമ്മുടെ കർത്താവിന്റെ സ്പഷ്ടമായ വാക്കുകൾ
2. നമ്മുടെ കർത്താവ് മൃതരായ 3 പേരെ (1) മരിച്ച ഉടനെ (2) സംസ്കാരത്തിനു കൊണ്ടുപോകുമ്പോൾ (3) മരിച്ചിട്ട് 4-ാം ദിവസം (5) 1. നമ്മുടെ കർത്താവിന്റെ ക്രൂശുമരണസമയത്ത് ഉയിർന്നെഴുന്നേറ്റവർ 6) പുതിയ നിയമത്തിൽ വിവിധ ഭാഗങ്ങളിൽ ഈ ഗൗരവവിഷയത്തെപ്പറ്റിയുള്ള പരാമർശം. ഇതു സുവിശേഷത്തിന്റെ ഒരു അടിസ്ഥാന പ്രമാണമാണ്. യഹൂദർ ഇതു പ്രതീക്ഷിക്കുന്നവയായിരുന്നു യോ. 11-24. ഇതിനെ സംശയിക്കുന്നവരെ വി. പൗലോസ് ഭോഷാ എന്നു സംബോധന ചെയ്യുന്നു (കൊരി. 15). സാദൂക്യർ ഇതിനെ നിരാകരിച്ചു (മത്താ. 22-23). വിശ്വാസയോഗ്യമാണ് (മർ. 12-25; അ.പ്ര. 26.8). ഉയിർപ്പിനെക്കുറിച്ചു ശ്ലീഹന്മാർ പ്രസംഗിച്ചു. അ.പ്ര. 4:2, 17:18, 24:15. സർവ്വോപരി കർത്താവിന്റെ ഉയിർപ്പിനാൽ സ്പഷ്ടമാക്കപ്പെട്ടു 1 കൊ. 15. 12-20 ഉയിർപ്പിക്കുന്നത് - പിതൃപുത്രപരിശുദ്ധാത്മ ശക്തിയാൽ (മത്താ. 22-30; യോഹ. 5-28; റോമ. 8:21-25). എല്ലാ മരിച്ചവരും ഉയിർക്കും യോ. 5-28; അ.പ്ര. 24-15; വെളി. 29-13 നിത്യജീവനായി വെളി. 29-13; യോ. 5-29. ഉയിർപ്പിനുശേഷം ക്രിസ്തുവിനോടുകൂടെ മഹിമപ്പെടും - കൊലോ. 3-4 അന്നു ദൈവദൂതരെപ്പോലെയാകും-മത്താ. 22-30 അന്നു ദ്രവത്വമില്ലാത്ത ശരീരം പ്രാപിക്കും - 1 കൊ. 15-43, 44. ക്രിസ്തുവിന്റെ ശരീരത്തോട് അതു രൂപപ്പെടും - ഫിലി. 3-21. അന്നു പ്രതിഫലം പ്രാപിക്കും - ലൂ. 14-14 പ്രത്യാശയോടെ കാത്തിരിക്കണം. ഫി. 3-11.

മരണം എന്നാൽ എന്ത്? മനുഷ്യൻ ശരീരവും ആത്മാവും ഉള്ളവനാണ്. ദൈവകല്പനപ്രകാരം ആത്മാവ് ശരീരത്തിൽനിന്നും വേർപെടുന്ന ആ സ്ഥിതിക്ക് മരണം എന്നുപറയുന്നു. ആത്മാവ്

ഒരിക്കലും മരിക്കുന്നില്ല. മരണത്തിൽ ആത്മാവ് അതിനായി ദൈവം നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തേക്ക്, അഥവാ സ്ഥിതിയിലേക്ക് ആനയിക്കപ്പെടുക മാത്രം ചെയ്യുന്നു.

എന്നാൽ പൂർണ്ണ വെളിപാടില്ലാത്ത മതങ്ങളിൽ, മരണത്തോടുകൂടി സർവ്വവും അവസാനിക്കുന്നുവെന്ന അതിഭയങ്കരമായ ഒരു തെറ്റിദ്ധാരണയുണ്ട്. ക്രിസ്ത്യാനികൾ മരണത്തെ അശേഷം ഭയപ്പെടുന്നില്ല. മരണം വിശ്വാസികൾക്ക് നിദ്ര മാത്രമാകുന്നു എന്നവർ വിശ്വസിക്കുന്നു. യഥാർത്ഥ ക്രിസ്ത്യാനി മരണത്തെക്കുറിച്ച് അല്പവും ശങ്കിക്കുന്നില്ല. വി. പൗലോസിനോടുകൂടി അവർ ചോദിക്കുന്നു: മരണമേ! നിന്റെ മുള്ളെവിടെ? പാതാളമേ! നിന്റെ ജയമെവിടെ? എന്ന് അതിനും പുറമെ സത്യക്രിസ്ത്യാനി അവന്റെ നാഥനാകുന്ന നമ്മുടെ കർത്താവിന്റെ തിരുസന്നിധിയിൽ എത്തിച്ചേരുന്നതിനുള്ള മാർഗ്ഗമായി അതിനെ ഗണിച്ച് അതിൽ സന്തോഷിക്കുന്നതിനു പുറമെ, അതിനായി ആഗ്രഹിക്കപോലുംചെയ്യുന്നു. മരിക്കുന്നത് എനിക്കു നല്ലത് എന്ന് അവർ വിശുദ്ധ പൗലൂസിനോടൊരുമിച്ചു പറയുന്നു. ഒരു ക്രൈസ്തവ ചിന്തകൻ പറയുന്നത് മരിച്ചവർ എന്നു പറയുന്നതിനു പകരം കർത്താവിനൊത്തുള്ള ഭാഗ്യാവസ്ഥ എന്നു കാണണം. ഇത് അത്യുത്തമമായ അവസ്ഥ എന്ന് വി. പൗലോസ് പറയുന്നു (ഫിലിപ്യർ 1:23). മാനസാന്തരപ്പെട്ട കള്ളന് "ഇന്ന് നീ എന്നോടുകൂടി പറുദീസായിലായിരിക്കും എന്നു വാഗ്ദാനം ലഭിച്ചിരിക്കുന്നു. (ലൂക്കോസ് 23:43)

മരിച്ചവരുടെ ഉയിർപ്പ്

മരണം എല്ലാവർക്കുമുള്ളത്. എബ്രാ. 9:28. ഇയോ. 30:21. സങ്കീ. 88:4. സംഖ്യ. 16:29. ആ മരണം സ്വാഭാവികമാണ്. അതായത് ശരീരത്തിൽനിന്നുള്ള ആത്മാവിന്റെ വേർപാട്. അപ്പോൾ ശരീരം മണ്ണിലേക്കും ആത്മാവ് ദൈവത്തിങ്കലേക്കും മടങ്ങും (സഭാപ്രസംഗി 12:7). **3. മരണത്തിന്റെ രണ്ടാമത്തെ വിധം**- പാപമരണം: നീ അതിൽ നിന്നും ഭക്ഷിക്കുന്ന നാളിൽ നീ മരിക്കും. ഉല്പ. 2:17 എന്നു ദൈവം ആദാമിനോടു കല്പിച്ചപ്പോൾ ഇതാരംഭിച്ചു. എന്നാൽ ആദാം പാപത്തിന്റെ ഫലം സ്വീകരിച്ചുകൊണ്ട് (റോ. 6:23) ശാരീരികമായി മരിക്കാതെ ജീവിക്കുന്നതായിക്കാണുന്നു. അങ്ങനെ ആദാമിൽനിന്നു പാപമരണം സർവ്വ മനുഷ്യരിലേക്കും വന്നു (റോ. 5:12). ഇത് രണ്ടാമത്തെ മരണം എന്നു വിളിക്കപ്പെടുന്നു. അതായത് ഉയിർപ്പിനുശേഷമുള്ള നരകയാതന (വെളി. 2:11, 20:14). പാപങ്ങൾ-മരണാർഹം-മരണാർഹമല്ലാത്തത് എന്ന രണ്ടു തരമുണ്ട് (1 യോ. 5:16-17). പാപം ചെയ്തവൻ അനുതപിക്കാതിരുന്നാൽ പാപം ചെയ്യുന്ന ആത്മാവ്

മരിക്കും. (ഹസ്കി. 18: 4-20) എന്ന പ്രകാരം അവൻ മരിക്കതന്നെ ചെയ്യും. ആത്മമരണം അഥവാ പാപത്തിലുള്ള മരണം.

4. ആത്മാവ്: എന്താണെന്ന് ഗ്രഹിച്ചാൽ ആത്മമരണം എപ്രകാരമുള്ളത് എന്നു കാണുവാൻ കഴിയും. 1) ആത്മാവ് ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവുമാണ്. (ഉല്പ. 1:26-27) അതു ജീവാത്മാവാണ്. (ടി. 2:7) മനുഷ്യജീവിതാന്ത്യത്തിൽ അത് അന്ത്യമില്ലാത്തതാകുന്നു. ആത്മാവ് പദാർത്ഥമയമല്ല. പദാർത്ഥമയമായതിനെപ്പോലെ അതിന് അന്ത്യവുമില്ല. അതു വിശേഷബുദ്ധിയുള്ളതാണ്. മറ്റു ജീവികളെപ്പോലെയല്ല. അതു ബോധമുള്ളതാണ്-കാര്യങ്ങൾ വിവേചിക്കുന്നതിനുള്ള കഴിവ് അതിനുണ്ട്. അതു ജ്ഞാനമുള്ളതാണ്. അത് അതിനെത്തന്നെയും മറ്റു കാര്യങ്ങളെയും അറിയുന്നു. വിശ്വാസികളായ നമുക്ക് എല്ലാകാര്യത്തിലും ആധാരമായിരിക്കുന്നത്, മരിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്ത് ഇപ്പോഴും നമുക്കുവേണ്ടി പ്രതിവാദിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ കർത്താവിന്റെ തിരുവചനങ്ങളും തന്നിൽനിന്നും കേട്ടും കണ്ടും പഠിച്ചവരായ ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും വാക്കുകളുമാണ്. നമ്മുടെ കർത്താവ് എന്തുകല്പിക്കുന്നു?

5. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും; അവസാനദിവസം ഞാൻ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും. മറ്റുള്ള തിരുവചനങ്ങൾകൂടി ആധാരമാക്കി എടുത്തില്ലെങ്കിൽപോലും മരണാനന്തരം ജീവിച്ചുതന്നെയിരിക്കുന്നു. 2) വിശ്വാസിയിൽ നമ്മുടെ കർത്താവ് വസിക്കുന്നു. 3-a) ദൈവം മരിച്ചവരുടെ ദൈവമല്ലാതാനും. അങ്ങനെ വരുമ്പോൾ വിശ്വാസിയിൽ നിത്യമായി വസിക്കണമെങ്കിൽ മരിച്ചതിന്റെ ശേഷവും ആത്മാവ് സജീവമായിരുന്നേ മതിയാകൂ. 3-b) ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന ചിലരിൽനിന്നും വരുന്ന ഒരു വാദത്തിനുകൂടി മറുപടി കണ്ടുകഴിയുമ്പോൾ പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ ആവശ്യം മനസ്സിലാക്കുന്നതാണ്. അവരുടെ പ്രധാന വാദമുഖം 115-ാം സങ്കീർത്തനത്തിലെ 17-ാം വാക്യത്തിന്റെ ഉത്തരാർദ്ധമാണ്. അതിൽ ഇങ്ങനെ പറയുന്നു: മരിച്ചവരും മൗനതയിൽ ഇറങ്ങിയവരും യഹോവയെ സ്തുതിക്കുന്നില്ല. ഈ വാചകത്തിൽ അവർ സ്ഥാപിക്കുന്നത് ആത്മാക്കൾ ജീവനോടിരിക്കുന്നുണ്ടെങ്കിലും അവ 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന തരത്തിൽ നിർജ്ജീവമായി നിർബോധമായി സ്ഥിതിചെയ്യുകയാണെന്നും തന്മൂലം പരേതർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും പരേതരായ

വിശുദ്ധരുടെ മദ്ധ്യസ്ഥത യാചിക്കുന്നതും വെറും നിരർത്ഥകമാണെന്നുമാണ്. ഇതിൽ വല്ല കഴമ്പുമുണ്ടോ എന്ന് നമുക്ക് നിഷ്പക്ഷമായി പരിശോധിക്കാം. മേൽവാക്യത്തിന്റെ അപരാർത്ഥം - അവസാനത്ത പകുതി നോക്കുക: എന്നാൽ നാമൊ ഇന്നുമുതൽ എന്നേക്കും യഹോവയെ വാഴ്ത്തും എന്നാണ്, മരിച്ചവർ മൗനത്തിലായിപ്പോയാൽ പിന്നെ എന്നേക്കും വാഴ്ത്താൻ സാദ്ധ്യമല്ലല്ലൊ. എന്നാൽ ദാവീദ് മരിച്ചു. ആ സ്ഥിതിക്ക് ഒന്നുകിൽ അദ്ദേഹം പറഞ്ഞതു തെറ്റ്, അല്ലെങ്കിൽ മരിച്ചാലും വാഴ്ത്താം എന്നു വരുന്നു. പിന്നെ ഇവിടെ മരിച്ചവർ യഹോവയെ സ്തുതിക്കയില്ല എന്ന് അദ്ദേഹം പറഞ്ഞതിൽനിന്നും ഇപ്പറയുന്ന മരണം മറ്റേതൊ തരത്തിലുള്ള മരണമാണെന്നു വരണം. അതേതെന്ന് താഴെപ്പറയാം.

എഫേസ്യ. 2:1 എന്തു പറയുന്നു? അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ജീവിപ്പിച്ചു. കൊലോസ്യരോടു വി. പൗലൂസ് പറയുന്നു: അതിക്രമങ്ങളിലും നിങ്ങളിവിടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടുകൂടെ ജീവിപ്പിച്ചു. (2-13) നമ്മുടെ കർത്താവും കല്പിക്കുന്നു; മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ. ഇതിൽ നിന്നെല്ലാം മൗനത്തിലിറങ്ങുന്ന മരിച്ചവർ എങ്ങനെയുള്ളവരെന്നു കാണാം.

അതിനും പുറമെ, വിലക്കപ്പെട്ട ഫലം ആദാം ഭക്ഷിച്ചു. എന്നിട്ടും പിന്നെ 900 നീണ്ട വർഷങ്ങൾകൂടി ജീവിച്ചിരുന്നല്ലോ. ഭക്ഷിച്ചാൽ മരിക്കുമെന്നു ദൈവകല്പന-ആദാം ഭക്ഷിച്ചു-നൂറു നൂറു വർഷങ്ങൾ പിന്നെയും ജീവിച്ചു! എന്നാൽ കല്പന ലംഘനത്തിനു മുമ്പ്, ദൈവസാന്നിദ്ധ്യം ആദാമിന് ആനന്ദപ്രദമായിരുന്നു. ഉത്തേജകമായിരുന്നു. ദൈവം കല്പിക്കും, ആദാം ചെയ്യും, ദൈവം നിർദ്ദേശിക്കും, ആദാം അനുവർത്തിക്കും, ദൈവം നടത്തും, ആദാം നടക്കും അഥവാ ദൈവ നടത്തിപ്പിൽ ആദാം സ്ഥിതിചെയ്തു. അതാണ് ജീവൻ: പാപംചെയ്തശേഷം; ദൈവശബ്ദം കേട്ടപ്പോൾ ആദാം ഒളിച്ചു. മറ്റൊരുതരത്തിൽ പറഞ്ഞാൽ ദൈവനടത്തിപ്പു നഷ്ടപ്പെട്ടു അതാണാത്മാവിന്റെ മരണം! കൃപനഷ്ടപ്പെട്ട അവസ്ഥയിൽ ഇരിക്കുന്നവൻ ശാരീരിക ജീവനിൽ ഇരിക്കുന്നെങ്കിലും അവൻ ദൈവമുമ്പാകെ മരിച്ചവൻതന്നെ. അതാണ് വി. പൗലോസ് അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെ എന്നു പറയുവാൻ കാരണം.

നമ്മുടെ കർത്താവ് തന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ജീവനുള്ളവരോടു പറകയാണ്: നിങ്ങൾക്കു ജീവൻ ഉണ്ടാകുവാനും... ഞാൻ വന്നുവെന്ന് ജീവനുള്ളവർക്ക് ജീവൻ ഉണ്ടാകുവാൻ കർത്താവ്

വന്നുവെന്ന്! ആകയാൽ അതു ശാരീരിക ജീവനല്ല എന്നു സ്പഷ്ടം. ആ ദൈവിക ജീവൻ നഷ്ടപ്പെട്ട അവസ്ഥയിൽ ഇരിക്കുന്നവൻ ദൈവത്തെ സ്തുതിക്കയില്ല; നിശ്ചയം.

ധൂർത്തടിച്ചശേഷം തിരികെ വന്ന ഇളയമകനെ പ്രതിയുള്ള വത്സല പിതാവിന്റെ സൽക്കാര ഒരുക്കങ്ങൾ മൂത്തമകനെ ദുർമ്മുഖനാക്കി. പിതാവ് പറഞ്ഞു: ഈ എന്റെ മകൻ മരിച്ചവനായിരുന്നു എന്ന്. ധൂർത്തനായ പുത്രൻ എവിടെവച്ചെങ്കിലും മരിച്ചെന്നോ പിന്നെ ഉയിർത്തെഴുന്നേറ്റു പിതൃസന്നിധി പൂകിയെന്നോ അല്ലല്ലോ അതിന്റെ ധ്വനി! പ്രത്യുത ഇവനോടുകൂടെ നടന്നവർക്കെല്ലാം അവൻ ജീവനുള്ളവനായിരുന്നു. അവന്റെ ജനകനായ എനിക്കാകട്ടെ അവൻ മിരിച്ചവനായിരുന്നു. കാരണം; എന്റെ മുഖം അവൻ കണ്ടില്ല. എന്നെ അന്വേഷിച്ചില്ല; ഞാനുമായി സമ്പർക്കം പാലിച്ചില്ല; എന്റെ നടത്തിപ്പിന് വശംവദനായിരുന്നില്ല. അഥവാ ശരീരപ്രകാരം അവൻ ജീവിച്ചിരുന്നില്ലെങ്കിലും അവന്റെ പിതൃദൃഷ്ടിയിൽ അവൻ മരിച്ചവനായിരുന്നു. ദൈവനടത്തിപ്പ് നഷ്ടപ്പെട്ട് മരിച്ചു നീണാൾ ജീവിക്കുന്നതിനേക്കാൾ ഇപ്പോൾതന്നെ ദൈവനടത്തിപ്പിൽ ജീവനിൽ നിത്യമായി ജീവിപ്പാൻ ആഗ്രഹിക്കണം.

6. ശാരീരികമായി മരിച്ചവർക്കു വല്ല ബോധവുമുണ്ടോ? മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കും (യോഹ: 5:25). കർത്താവിന്റെ ശബ്ദം കേൾക്കാനുള്ള കഴിവ് മരിച്ചവർക്കുണ്ടെന്നു നിശ്ചയം. യായിറോസിന്റെ മരിച്ച മകളോട് ബാലേ, നീ ഏഴുന്നേൽക്ക എന്നു കർത്താവ് പറഞ്ഞു. അവൾ കേട്ടു! വിധവയുടെ മരിച്ച മകനോട് കർത്താവ് പറഞ്ഞു: യുവാവേ, നീ എഴുന്നേൽക്കുക എന്ന് അവൻ കേട്ടു, എഴുന്നേറ്റിരുന്നു, സംസാരിച്ചു. മരിച്ച് അടക്കി നാറ്റം പിടിച്ചെന്ന സ്വസഹോദരിപോലും പറയത്തക്ക നിലയിലെത്തിയ ലാസർ. ലാസറെ നീ പുറത്തുവരിക എന്ന കർത്താവിന്റെ ശബ്ദംകേട്ടു പുറത്തുവന്നു. വി. പത്രോസ് പറകയാണ് (1 പ: 4:6) ഇതിനായിട്ടല്ലോ മരിച്ചവരോടും അവൻ സുവിശേഷം അറിയിച്ചത്. മരിച്ചവർക്ക് കേട്ടും കണ്ടും ഗ്രഹിപ്പാനുള്ള ശക്തിയില്ലെങ്കിൽ നമ്മുടെ കർത്താവിന്റെ പതാള പ്രവേശനവും, സുവിശേഷം അറിയിക്കലും വെറും നിരർത്ഥകമല്ലേ?

വാങ്ങിപ്പോയവർക്കു കർത്തൃസന്നിധിയിൽ കാഴ്ചയും കേൾവിയുമുണ്ടെന്ന് മേൽപറഞ്ഞവയിൽനിന്നും സ്പഷ്ടം. അവർക്ക് തന്നോടു വല്ലതും പറയാമോ? നിശ്ചയമായും പറയാം. മറുരൂപമല: നമ്മുടെ കർത്താവ് ധ്യാനനിരതൻ, പത്രോസ്, യാക്കോബ്, യോഹന്നാൻ സമീപസ്ഥൻ-കർത്തൃമുഖം ശോഭിച്ചു! വസ്ത്രം മിന്നി! പത്രോസ് പറയുന്നു; "ഞങ്ങൾ മൂന്നുകുടിലുകൾ ഉണ്ടാക്കട്ടെ. ഒന്നു

നിനക്ക്, ഒന്നു മോശയ്ക്ക്! ഒന്ന് ഏലിയാവിന്!" ശതകങ്ങൾ മുമ്പു മരിച്ചടക്കപ്പെട്ട മോശ മറുരൂപമലയിൽ കർത്താവിനോടുകൂടെ! ഉയരത്തിലേക്കെടുക്കപ്പെട്ട ഏലിയ മറുരൂപമലയിൽ കർത്താവിനോടുകൂടെ! അത്ഭുതംതന്നെ. ആകയാൽ വാങ്ങിപ്പോയവർ നിർജ്ജീവരല്ല; അവർക്കുകർത്തൃസന്നിധിയിൽ ഇരിക്കാം. ഇരിക്കുകമാത്രമൊയറുശലേമിൽ നടക്കുവാനിരുന്ന മഹാ നിര്യാണത്തെപ്പറ്റി അവർ കർത്താവുമായി സംസാരിക്കുകയായിരുന്നു!

7. മരണാനന്തര വ്യവസ്ഥയെക്കുറിച്ച്: പുരാതന ഗ്രീക്കുകാരുടെയും റോമരുടെയും ചിന്താഗതി സോക്രട്ടീസിന്റെയും സിസറോയുടെയും പ്രസ്താവനകളിൽനിന്ന് ഗ്രഹിക്കാമെന്നു തോന്നുന്നു. മരണത്തെ അഭിമുഖീകരിക്കുന്നതിന് അല്പം മുമ്പ് സോക്രട്ടീസ് പറഞ്ഞു: വിഷപാനത്തിനുശേഷം ഞാൻ നിങ്ങളോടുകൂടെയിരിക്കയില്ല. പിന്നെ മരണാനന്തരം ആത്മാക്കൾക്കുള്ള സൗഭാഗ്യസ്ഥലത്തേക്ക് പോകുന്നതായിരിക്കും. സിസറോ പറയുന്നു: വിപത്തുകൾ, പ്രയാസങ്ങൾ എല്ലാം തരണം ചെയ്തു ജീവിക്കുന്നതിന് നമുക്കുള്ള പ്രേരകശക്തി മരണംകൊണ്ട് ജീവിതം അവസാനിക്കുന്നില്ല എന്നുള്ള ആത്മബോധമാകുന്നു എന്ന്, ദൈവചിന്തയും മതമുള്ള ഏതു ജനവിഭാഗവും മരണാനന്തരാവസ്ഥയിലും വിശ്വാസമുള്ളവരാണ്.

8. പരേതർ എവിടെ? വലതു ഭാഗത്ത് തൂക്കപ്പെട്ട മോഷ്ടാവ് വേദനയോട അപേക്ഷിച്ചു: കർത്താവേ, നിന്റെ രാജ്യത്തിൽ നീ വരുമ്പോൾ എന്നെയും ഓർത്തുകൊള്ളേണമെ എന്ന്! അവനു ലഭിച്ച സമാശ്വാസനപരമായ മറുപടി! നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ഇരിക്കും കർത്താവിൽ വിശ്വസിച്ചാശ്രയിച്ച് അവനെ രക്ഷകനായി സ്വീകരിച്ചവർ മരണാനന്തരം എവിടെ? അവനോടുകൂടെ; നിശ്ചയം. വി. പൗലോസ് പറയുകയാണ്, ഈ ശരീരത്തിൽനിന്ന് വേർപെട്ട് കർത്താവിനോടുകൂടെ ഇരിപ്പാൻ അദ്ദേഹം ആഗ്രഹിക്കുന്നുവെന്ന്! ഫിലി. 1:23 കർത്താവിൽ മൃതന്മാർ ഭാഗ്യവാൻമാർ എന്ന പ്രസ്താവന എത്ര സത്യം! ആശ്വാസപ്രദം! (വെളി. 7:14) വെളി. 21:22-26 മുതൽ 17 വരെ വാക്യങ്ങളും ആശ്വാസപ്രദം തന്നെ. ഇവർ മഹാ കഷ്ടത്തിൽനിന്ന് വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അവർ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ ഇരുന്ന് അവന്റെ ആലയത്തിൽ രാപകൽ അവനെ ആരാധിക്കുന്നു. സിംഹാസനത്തിൽ ഇരിക്കുന്നവർ അവർക്ക് കൂടാരമായിരിക്കും. ഇനി അവർക്ക് വിശക്കുകയില്ല; ദാഹിക്കുകയുമില്ല. സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ച്ച് ജീവജലത്തിന്റെ ഉറവുകളിലേക്ക്

നടത്തുകയും ദൈവം അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചു കളയുകയും ചെയ്യും! എത്ര പരമാനന്ദം! അതിനുംപുറമെ വെളി. 6:9-11 കാണുക.

ആകയാൽ 1) ദൈവനടത്തിപ്പ് നഷ്ടപ്പെട്ടവരാണ് മൗനത്തിലിറങ്ങുന്ന മരിച്ചവർ 2) വിശ്വാസി മരിച്ചാലും (ശാരീരികമരണശേഷവും) ജീവിക്കുന്നു. 3) അവൻ കർത്താവിനോടുകൂടെയിരിക്കുന്നു. 4) അവൻ കർത്തൃശബ്ദം കേൾക്കുകയും തന്നെ കാണുകയും ചെയ്യാം. 5) അവനു കർത്താവിനോടുകൂടെ സംസാരിക്കാം. 6) അവനു കർത്താവിനെ ആരാധിക്കാം. 7) ലോകസംഭവങ്ങൾ അറിയാം. 8) കുഞ്ഞാടുപോകുന്നിടത്തൊക്കെയും അവൻതന്നെ അനുഗമിക്കും. വെളി. 14:4. വേദസത്യം ഇതെങ്കിൽ തങ്ങളുടെ പരേതരെക്കുറിച്ച് കരുതലില്ലാതെ ജീവിക്കുന്നത് സങ്കടകരമല്ലേ? മരണം മുതൽ ഉയിർപ്പുവരെയുള്ള അവസ്ഥയെ ഒരു വിത്തിനോടു സാമ്യപ്പെടുത്തി വി. പൗലൂസ് പറയുന്നു: നടപ്പെട്ട ഒരു വിത്ത് ചൈതന്യരഹിതമായി ഇരിക്കുന്നുവെന്ന് ആരും പറകയില്ല. ഇതേരീതിയിൽ മരണാനന്തരം ആത്മാക്കൾ ജീവനോടിരിക്കുന്നുവെന്ന് സമ്മതിക്കുന്നപക്ഷം 2 കാര്യങ്ങൾ സമ്മതിക്കേണ്ടതായിവരും. 1) ജീവനുള്ള ഒന്നിനും ഒരിക്കലും ചൈതന്യരഹിതമായി ഒന്നിനു മറ്റൊന്നിനോട് സംസർഗ്ഗം ചെയ്യാതിരിപ്പാൻ സാദ്ധ്യമല്ല. 2) ജീവനുള്ള ഒന്നിനും ഒരിക്കലും ചൈതന്യരഹിതമായി എന്നും ഒരേ അവസ്ഥയിലും സ്ഥിതിയിലും ഇരിപ്പാൻ സാദ്ധ്യമല്ല. ഒന്നുകിൽ അഭിവൃദ്ധിപ്പെടണം. അല്ലെങ്കിൽ നശിച്ചേ മതിയാകൂ! ഈ തത്വങ്ങൾ വച്ചുകൊണ്ടു നോക്കുമ്പോൾ മരിച്ചവർ ജീവനോടിരിക്കുന്നുവെന്ന് സമ്മതിക്കുന്ന സ്ഥിതിക്ക് അവർക്ക് വളരുവാൻ മാർഗ്ഗമുണ്ടെന്നു സ്പഷ്ടമാണല്ലോ. അതിനുള്ള മാർഗ്ഗമെന്തെന്നു പരിശോധിക്കുമ്പോൾ പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ അർത്ഥം സുഗ്രാഹ്യമാകും. അഞ്ചാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ ദൈവത്തിന്റെ വചനം നിമിത്തവും കുട്ടിയാടിനെക്കുറിച്ചുള്ള തങ്ങളുടെ സാക്ഷ്യം നിമിത്തവും അറുക്കപ്പെട്ടിരിക്കുന്നവരുടെ ആത്മാക്കളെ ബലിപീഠത്തിന്റെ കീഴിലായി ഞാൻ കണ്ടു. അവർ മഹാ ശബ്ദത്തോടെ പരിശുദ്ധനും സത്യവാനുമായ കർത്താവേ! ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെക്കുറിച്ച് അവിടുത്തെ ന്യായം നടത്താതെയും പ്രതികാരം ചെയ്യാതിരിക്കുന്നതെത്ര കാലത്തേക്ക്? എന്ന് അട്ടഹസിച്ചു. അവരിൽ ഓരോരുത്തനും വെള്ളനിലയങ്കി നല്കപ്പെട്ടു. അവരെപ്പോലെ കൊല്ലപ്പെടാനിരിക്കുന്ന അവരുടെ സഹോദരന്മാരായ സഖാക്കൾ കൂടെയും വന്നു തികയുവോളം ഇനി അല്പകാലത്തേക്ക് സ്വസ്ഥമായിരിക്കേണമെന്നവരോടു പറഞ്ഞു (വെളി. 6:9, 10-11). ആകയാൽ

ഈ വാക്യങ്ങളിൽനിന്ന് വ്യക്തമാകുന്നത്, ആ ആത്മാക്കൾ ഒന്നാമതായി ജീവിനുള്ളവയാണ്. തൻനിമിത്തം അവ അട്ടഹസിക്കുന്നു. രണ്ടാമതായി, ഭൂമിയിൽ എന്തു സംഭവിക്കുന്നു എന്നവയറിയുന്നു. തങ്ങളുടെ രക്തത്തിനുവേണ്ടി ന്യായം നടത്തി പ്രതികാരം ചെയ്യണമെന്നപേക്ഷിക്കുന്നതിൽനിന്ന് ഇതു നമുക്കു ഗ്രഹിക്കാം. അവ ജീവനുള്ളവയും ഗ്രഹിക്കുവാൻ കഴിവുള്ളവയും അല്ലായിരുന്നുവെങ്കിൽ ദൈവം തങ്ങളെ പീഡിപ്പിച്ചവരോടതുവരെയും പ്രതികാരം ചെയ്തില്ല എന്നുള്ളതറികയുമില്ലായിരുന്നു. അപ്പോൾ അവർക്കും മറുപടി നൽകപ്പെട്ടു. അവരുടെ സഹോദരന്മാരായ സഖാക്കൾ കൂടെ വന്നു തികയുവോളം എന്നവരോടു പറഞ്ഞു. അതായത് പീഡിപ്പിച്ചവരോട് പ്രതികാരം ചെയ്യും. എന്നാലോ, രക്തസാക്ഷികളുടെ എണ്ണം തികയുവോളം എന്ന്. എന്നാലോ, അവർ ഇപ്പോൾ സന്തോഷത്തോടെ കൈക്കൊള്ളപ്പെട്ടു. അല്പകാലത്തേക്ക് വിശ്രമിച്ച് കാത്തിരിക്കുക എന്നുള്ള ആശ്വാസം അവർക്കു നൽകപ്പെട്ടു. ആകയാൽ നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും ആത്മാക്കൾ അല്പകാലം കഴിഞ്ഞ് അവർ പ്രാപിക്കുവാനിരിക്കുന്നതിനെക്കുറിച്ചുള്ള പ്രത്യാശയിൽ, ആശ്വാസത്തിൽ അനുഭവം കൈക്കൊള്ളുകയാണ്. ആകയാൽ ആത്മാക്കൾ ഇപ്പോൾ ഉയിർപ്പും ന്യായവിധിയും വരെ കാത്തിരിപ്പിലും സ്വസ്ഥതയിലുമാകുന്നു. ഈ ശ്ലീഹാതന്നെ, മിശിഹായിൽ നിദ്രപ്രാപിക്കുന്നവരുടെ ആത്മാക്കളുടെ പ്രതീക്ഷയെയും സ്വസ്ഥതയെയുംകുറിച്ച് ഉറപ്പിക്കുന്നു. അദ്ദേഹം പറയുന്നു. ദൈവത്തിന്റെ കല്പനകളെയും യേശുവിലുള്ള വിശ്വാസത്തെയും കാക്കുന്നവരായ വിശുദ്ധന്മാരുടെ സഹിഷ്ണുത ഇങ്ങനെയാകുന്നു. തെളിയുന്നത്. ആകാശത്തിൽനിന്ന് ഇപ്രകാരം പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു. എഴുതുക, ഇപ്പോൾ മുതൽ ദൈവത്തിൽ മരിക്കുന്നവർ ധന്യർ. ആത്മാവ് പറയുന്നു. ശരി, തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിരമിക്കട്ടെ! അവരുടെ കർമ്മങ്ങൾ അവരെ അനുഗമിക്കുന്നു (വെളി. 14:12, 13). ആകയാൽ കർത്താവിൽ നിദ്രപ്രാപിച്ചവർ അവരുടെ അദ്ധ്വാനങ്ങൾ ഇപ്പോൾ അവസാനിപ്പിച്ചു; അവസാനത്തെ ന്യായവിധിവരെയുള്ള സ്വസ്ഥതയിൽ കഴിയുന്നു; അനന്തരം മിശിഹായോടുകൂടെ അവർ സന്നിഹിതരാകും (1 തെസ്സ. 4:14). മിശിഹാ നിദ്രപ്രാപിച്ചവരിൽ കടിഞ്ഞൂൽ ആകുന്നു (1 കൊരി. 15:20).

പൗലൂസ് ശ്ലീഹാ ഇപ്രകാരം പറയുന്നു. ആ ദിവസത്തിൽ എനിക്കു പ്രതിഫലമായി-നീതി മകുടത്തെ-നീതിഷ്ഠനായ-ന്യായാധിപതിയായിരിക്കുന്ന എന്റെ കർത്താവ് ഇപ്പോഴെനിക്കായി സൂക്ഷിച്ചുവച്ചിരിക്കുന്നു. അത് എനിക്കു മാത്രമല്ല അവിടുത്തെ പ്രത്യക്ഷതയെ സ്നേഹിച്ചവർക്കും ലഭിക്കും (2 തീമോ. 4:8). ആ ദിവസത്തെ

ക്കുറിച്ചു പ്രതീക്ഷിച്ചുകൊണ്ട് ആ പ്രതീക്ഷയിൽ ആനന്ദിക്കുന്നു. നീതിമാന്മാരുടെ ആത്മാക്കൾ ഗ്രഹിച്ചും നിലവിളിച്ചും ജീവിക്കുന്ന വയാണ്. വെളിപാട് 6:9, 10-ാം വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള അവരുടെ അപേക്ഷകൾ പ്രാർത്ഥനകളാകുന്നു. അതായത്, അവർ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് മാലാഖമാരോടു കൂടെ വസിക്കുന്നു. മാലാഖമാർ ദൈവത്തിനു കാദീശ് പാടി മഹത്വം പാടുകയും ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവരുടെ കൈയിൽ ധൂപകലശങ്ങളുണ്ട് (വെളി. 8:3,4). ഇപ്രകാരം മാലാഖമാരോടൊന്നിച്ചു വസിക്കുന്ന ആത്മാക്കളും ചെയ്യുന്നു. തങ്ങളുടെ ശത്രുക്കളോട് പ്രതികാരം ചെയ്യപ്പെടുവാൻ ആത്മാക്കൾ ദൈവത്തോട് അപേക്ഷിക്കുന്ന (വെളി. 6:10)പ്രകാരം അവരുടെ ലോകത്തിലുള്ള സ്നേഹിതന്മാരുടെ രക്ഷയ്ക്കും സഹായത്തിനുംവേണ്ടിയും അവർ പ്രാർത്ഥിക്കുന്നു. അദ്ധ്വാനത്തിലിരിക്കുന്ന സഭയ്ക്കുവേണ്ടി, അത് സാത്താൻ, ശരീരം, ലോകം എന്നീ മൂന്നു ശത്രുക്കളിൽനിന്നും രക്ഷപ്രാപിക്കുന്നതിനു പ്രാർത്ഥിക്കുന്നു. ഉയിർപ്പിനുശേഷം ദൈവരാജ്യത്തിൽ അതിനു ലഭിക്കുവാനിരിക്കുന്ന അന്ത്യമില്ലാത്ത ആനന്ദവും മഹത്വവും അത് സംശയംവിനാ ഗ്രഹിക്കുന്നു. മിശിഹായോടുകൂടെ ആയിരിപ്പാനായി ഈ ശരീരത്തിൽനിന്ന് വേർപെടുവാൻ ഞാൻ ആഗ്രഹിക്കുന്നു (ഫിലി. 1: 23) എന്ന്. ആകയാൽ പുണ്യവന്മാരുടെ ആത്മാക്കൾ ഉയിർപ്പിനുമുമ്പ് - അവർ പദാർത്ഥമയമല്ലാത്തതിനാൽ പദാർത്ഥമയമായ സ്ഥലത്ത് ദണ്ഡിപ്പിക്കപ്പെടുന്നില്ല. എന്നാലൊ, അവർ മാലാഖമാരെപ്പോലെയാണ്.

യൂഹാനോൻ ശ്ലീഹാ അവരെ ബലിപീഠത്തിന്റെ കീഴിൽ കാണുന്നു. ആകയാൽ നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും ആത്മാക്കൾ പള്ളിയിലാണ്. അഥവാ മിശിഹാ എവിടെയായിരിക്കുന്നുവൊ അവിടെയാകുന്നു. നമ്മുടെ പ്രാർത്ഥനകളും കുർബാനകളും അവരും ഗ്രഹിക്കുന്നു. നമ്മുടെ എല്ലാ ശുശ്രൂഷകളിലും നമ്മോടൊന്നിച്ച് അവരും സംബന്ധിക്കുന്നു. എബ്രായ ലേഖനകർത്താവിന്റെ താഴെപ്പറയുന്ന വാക്യങ്ങൾ ഇതിലേക്ക് വെളിച്ചം വീശുന്നുണ്ട്. പിന്നെയൊ, സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യരുശലേമിലും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്കലത്രെ നിങ്ങൾ വന്നിരിക്കുന്നത് (എബ്രാ. 12:22-24). യേശുക്രിസ്തുവാകുന്ന

ശിരസ്സിനെ കേന്ദ്രമാക്കിയുള്ള ജീവനുള്ളവരും വാങ്ങിപ്പോയ വരും ഉൾപ്പെട്ട ഒരു സമൂഹമാണ് സഭ. എന്നാൽ വാങ്ങിപ്പോയവർ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ, കൂടുതലായ ആത്മീയതേജസ്സുള്ള വരും ദൈവമഹത്വം കൂടുതലായി അനുഭവിക്കുന്നവരുമാണ്. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോഴൊ ഞാൻ അറിയപ്പെട്ടതുപോലെതന്നെ അറിയും (1 കൊരി. 13:12). വീണ്ടും അപ്പോസ്തലൻ ഫിലിപ്യർക്കുള്ളലേഖനത്തിൽ പറയുന്നു. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു (ഫിലിപ്യ 1:21). വിശ്വാസികളുടെ ആത്മാക്കൾ ആനന്ദത്തിലും ആഹ്ലാദത്തിലുമാകുന്നു. അവർ ക്രിസ്തുവിനോടുകൂടിയും അബ്ര ഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടികളിലും വസിക്കുന്നു. (വെളി 6:9 ലൂക്കോ. 23:43, 10:22; ഫിലി. 1:23 എന്നീ ഭാഗങ്ങളും കാണുക) വാങ്ങിപ്പോയ ആത്മാക്കൾ സ്വർഗ്ഗീയാനന്ദം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ അവ യവങ്ങളായ അവർ, ഭൗമികരായ നാം ദൈവത്തിന് സമർപ്പിക്കുന്ന ആരാധനകളിൽ വിശിഷ്യ, വി. കുർബാനയിൽ പങ്കുകൊള്ളുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ കാർമ്മികനായ പുരോഹിതൻ വി. ബലിസമയം യാഗപീഠത്തിന്റെ ഇരുവശങ്ങളിലും കുരിശടയാളം വരയ്ക്കുന്നത് വളരെ പ്രസക്തമാണ്. സജീവരായി ആരെയും നാം അവിടെ ദർശിക്കുന്നില്ലെങ്കിലും വി. കുർബാനയിൽ വാങ്ങിപ്പോയ വിശ്വാസികളുടെ ആത്മാക്കൾ പങ്കുകൊള്ളുന്നുവെ ന്നുള്ള വിശ്വാസത്തിന് ഉപോദ്ബലകമാണിത്. ഇങ്ങനെ പരിശുദ്ധ മാലാഖമാരുടെ ഗണങ്ങളോട് ആത്മികമായി സംയോജിച്ചുകൊണ്ട് പരിശുദ്ധാത്മാവിലൂടെയുള്ള സംസർഗ്ഗംവഴിയായി സ്വർഗ്ഗീയ മഹാ പുരോഹിതനായ പുത്രൻതമ്പുരാനിൽകൂടെ സ്വർഗ്ഗസ്ഥപിതാവിന് ഭൗമികരായ നാം അർപ്പിക്കുന്ന ആരാധനയും മദ്ധ്യസ്ഥതയും കൃത ജ്ഞതാസ്തോത്രങ്ങളുമാകുന്ന മഹത്തായ ഈ പ്രാർത്ഥനായജ്ഞ ത്തിൽ ക്രിസ്തുവിന്റെ ശരീരത്തിലെ ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരുമായ ഓരോ അംഗവും അവനവന്റെതായ പങ്ക് വഹിക്കുന്നുണ്ട് (O:P. Taylor. പേജ് 73). സസൂക്ഷ്മം അവലോകനം ചെയ്യുമ്പോൾ ക്രിസ്തുഗാത്രമായ പരിശുദ്ധ സഭയിലുള്ള ഐക്യ ത്തിൽ വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള, സ്മരണ സഭ മുഴുവനും വേണ്ടിയുള്ള സഭ മുഴുവന്റെയും മദ്ധ്യസ്ഥതയാണ്. തന്റെ ശരീരം കബറിൽ വയ്ക്കപ്പെട്ട ദിവസം തന്റെ ആത്മാവ് പാതാളക്കുഴിയിൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളുടെ അടുക്കലേക്ക് അവരോടു പ്രസംഗിക്കുവാൻ പോയി (1 പത്രോ. 3:19). ആകയാൽ ത്രോണോസ് മിശിഹായുടെ കബറാകയാൽ പള്ളി (സഭ) പർദൈസായാണെന്നു

നമുക്കു പറയാം. വി. കുർബാന പർദൈസാമദ്ധ്യത്തിൽ നാട്ടപ്പെട്ടിരിക്കുന്ന ജീവവൃക്ഷവും ആകുന്നു. നമ്മുടെ സ്നേഹത്തിനു പാത്രമായ നീതിമാന്മാരുടെ ആത്മാക്കളെക്കുറിച്ച് ആരായുവാൻ നാം ആഗ്രഹിക്കുമ്പോൾ അവ, വി.യൂഹോനോൻ അവരെ കണ്ട ഇടമായ ദൈവാലയത്തിൽ, ബലിപീഠത്തിങ്കൽ ആണ് നാം അവരെ കാണുന്നത് (2 പത്രോ 3:13). എന്നാൽ ദുഷ്ടന്മാരും പാപികളുമായവരുടെ ആത്മാക്കളെക്കുറിച്ച് നാം എന്താണ് പറയുന്നത്? അപ്പോൾ അതേപ്പറ്റി വി. പത്രോസ് ശ്ലീഹാ പറയുന്നത് ശ്രദ്ധിക്കാം. പാപം ചെയ്ത മാലാഖമാരിൽ ദയവുചെയ്യാതെ ദൈവം അന്ധകാരശൃഖംലകൾ കൊണ്ട് - പാതാളത്തിൽ - ബന്ധിക്കുകയും അവരെ ദണ്ഡവിധിക്കായി സൂക്ഷിക്കപ്പെടുവാൻ വിട്ടുകളകയും ചെയ്തു. പൂർവ്വന്മാരോട് ദയവുചെയ്യാതെ ദുഷ്ടലോകത്തിൽ ജലപ്രളയം വരുത്തിയപ്പോൾ എട്ടുപേരിൽ ഒരുവനും നീതിഭാഷകനുമായ നോഹിനെ കാത്തുകൊണ്ട് ഭാവി ദുഷ്കർമ്മികൾക്ക് ദൃഷ്ടാന്തമാകുമാറ് സോദോം, ആമൂറാ എന്നീ പട്ടണങ്ങളെ ദഹിപ്പിക്കുകയും ഉന്മൂലനത്താൽ ശിക്ഷിക്കുകയും ചെയ്തു. അധർമ്മികളുടെ അശുദ്ധ നടപടികൾമൂലം വിഷമിച്ചിരുന്ന ധാർമ്മികനായ ലോത്തിനെ രക്ഷിച്ചു... കർത്തൃത്വത്തെ നിന്ദിക്കുകയും ചെയ്തവരെ ശിക്ഷാവിധി ദിവസത്തേക്ക് ദണ്ഡനാർത്ഥം സൂക്ഷിക്കും... (പത്രോ. 2:4-9). ഇപ്രകാരം ആദിയിൽ പാപംചെയ്ത മാലാഖമാരും ദണ്ഡവിധിക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ആകയാൽ പാപികളും ദുഷ്ടന്മാരുമായവരുടെ ആത്മാക്കളും ശരീരങ്ങളോടൊന്നിച്ച് അഗ്നിയിലേക്ക് തള്ളപ്പെടുന്നതിനെ പ്രതീക്ഷിച്ച് ന്യായവിധി ദിവസംവരെ കഴിയുന്നു (മത്താ. 24:41). നീതിമാന്മാരുടെ ആത്മാക്കൾ ശരീരങ്ങളോടുകൂടെ സ്വർഗ്ഗരാജ്യത്തിലേക്ക് അയയ്ക്കപ്പെടുന്നതുപോലെതന്നെ (മത്താ. 25:34). അപ്രകാരം തന്നെ യഹൂദാശ്ലീഹായും തന്റെ ലേഖനത്തിൽ ഇത് ഉറപ്പിക്കുന്നു. തങ്ങളുടെ ഉന്നതാവസ്ഥ കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയവരായ മാലാഖമാർ മഹാദിവസത്തിലെ വിധിക്കായി ദൃശ്യമല്ലാത്ത ബന്ധനങ്ങളാൽ അന്ധകാരത്തിൻകീഴിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു (യൂദാ 1:6).

9. പഴയനിയമസഭ എന്തുചെയ്തിരുന്നു? യഹൂദന്മാർ തങ്ങളുടെ മൂന്നു പെരുനാളുകളുടെ അവസാനത്തെ ദിവസം വാങ്ങിപ്പോയവരുടെ ആത്മാക്കളെ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തിയിരുന്നു. ഈ അനുസ്മരണ അവർക്ക് ആശ്വാസദായകമായിരുന്നുവെന്നു തന്നെയല്ല, മരണാനന്തരജീവിതത്തിലെ ഒരു ശക്തി സ്തംഭമായി അവർ പരിഗണിക്കുകയും ചെയ്തിരുന്നു.

പുറജാതികൾ തങ്ങളുടെ വാങ്ങിപ്പോയ പൂർവ്വികരെ ആദരിച്ചുകൊണ്ട് ആത്മീയ പുഷ്പമഞ്ജരികളാകുന്ന പ്രാർത്ഥനകളും ബലികളും സ്വർഗ്ഗത്തിലേക്ക് അർപ്പിച്ചിരുന്നു. അവർ ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു: ദൈവമേ, ഞങ്ങൾ നിനക്കുസമർപ്പിക്കുന്ന ഈ അനുഷ്ഠാനത്തെ കൈക്കൊണ്ട് നിത്യവിശ്രമത്തിലേക്ക് എടുക്കപ്പെട്ടിരിക്കുന്ന ഞങ്ങളുടെ പിതാവിന്റെ ആത്മാവിനെ ആശ്വസിപ്പിക്കുകയും പ്രതിപകരമായി അബ്രഹാം, ഇസഹാക്ക്, യാക്കോബ്, സാറാ, റിബേക്കാ, റാഹേൽ, ലേയാ ആദിയായ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ജീവിതങ്ങളോടൊരുമിച്ച് അവന്റെ ആത്മാവിനെ സംയോജിപ്പിക്കുകയും ചെയ്യണമെ!

പ്രാർത്ഥനയും വി. ബലിയനുഷ്ഠാനവും വഴിയായി വാങ്ങിപ്പോയവരെ സ്മരിക്കുക എന്നത് ആദിമക്രൈസ്തവരുടെ ഇടയിൽ ശക്തിപ്രാപിച്ചിരുന്നതായി വളരെ വ്യക്തമായി കാണാൻ കഴിയും. യേശുക്രിസ്തു ജഡസ്ഥിതനായി ലോകത്തിൽ തന്റെ രക്ഷണീയ വ്യാപാരം നിർവ്വഹിച്ചിരുന്ന കാലത്തും തന്റെ സ്വന്തജനമായ യഹൂദന്മാരുടെ ഇടയിൽ വാങ്ങിപ്പോയവരെ സ്മരിച്ചുകൊണ്ടുള്ള ആചാരാനുഷ്ഠാനങ്ങൾ നിലവിലിരുന്നു. യഹൂദമതത്തിലെ എല്ലാ ആചാരങ്ങളെയും മുക്തകണ്ഠം അപലപിച്ച അവിടുന്ന് വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെയും വിശുദ്ധ ബലിയർപ്പണത്തെയും കുറിച്ച് വിരുദ്ധമായി ഒന്നും പറയുന്നില്ല. യേശുക്രിസ്തുവിന്റെ അംഗീകാരം ഈ ആചാരാനുഷ്ഠാനത്തിന് ഉണ്ടായിരുന്നുവെന്നല്ലയോ ഇതിൽനിന്നും നാം അനുമാനിക്കേണ്ടത്? യഹൂദന്മാർ തങ്ങളുടെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നത്, ക്രിസ്തുവിന്റെ ദൃഷ്ടികളിൽ കുറ്റകരമായിരുന്നുവെങ്കിൽ അവിടുന്ന് അതിനെ അതിരൂക്ഷം വിമർശിക്കുമായിരുന്നു. പ്രസ്തുത ആചാരത്തെ അവിടുന്നു വിമർശിച്ചിരുന്നില്ലെന്നുതന്നെയല്ല അതിനെ അംഗീകരിച്ചിരുന്നുവെന്നതിന്റെ സൂചനയെന്നോണം ലാസറിന്റ കുഴിമാടത്തിങ്കൽപോയി നെടുവീർപ്പോടെ നിലകൊള്ളുന്നു.

പ്രോട്ടസ്റ്റന്റുകാർ അപ്പോക്രീഫാ (ഇതര കാനോനിക കൃതികൾ) ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അവർ പ്രസിദ്ധം ചെയ്യുന്ന വേദപുസ്തകത്തിൽ ഇല്ലാത്തതുമായ മക്കാബ്യരുടെ 2-ാം പുസ്തകം 12:39-45 വരെയുള്ള ഭാഗം യഹൂദന്മാരുടെ ബി.സി. 2-ാം ശതകത്തിലെ വിശ്വാസം പ്രസ്പഷ്ടമാക്കുന്നു. യുദ്ധത്തിൽ മൃതരായവരുടെ ജഡങ്ങൾ ശേഖരിച്ച് ചാർച്ചക്കാരോടുകൂടെ പിതാക്കന്മാരുടെ കല്ലറകളിൽ അടയ്ക്കേണ്ടത് ഇപ്പോഴേക്കും ആവശ്യമായി വരികയാൽ പിറ്റേദിവസം അവർ പുറപ്പെട്ടു. എന്നാൽ നിഹതന്മാരിൽ ഓരോരുത്തന്റെയും അടിക്കുപ്പായത്തിനു കീഴെ, വിഗ്രഹങ്ങൾക്കു

നിവേദിച്ച രക്ഷാകവചങ്ങൾ അവർ കണ്ടെത്തി. ന്യായപ്രമാണം യഹൂദന്മാർക്കു വിലക്കിയിരുന്ന ദൃശ്യവസ്തുക്കളായിരുന്നു അവ. അക്കാരണത്താലാണ് അവർ ആ പാപം സമ്പൂർണ്ണമായി മായിച്ചു കളയണമെ എന്നു പ്രാർത്ഥിച്ചത്. ശ്രേഷ്ഠനായ യൂദാ ജനങ്ങളോട് പാപത്തിൽ നിന്നൊഴിവായിരിപ്പാൻ ആവശ്യപ്പെട്ടു. അവൻ ഓരോരുത്തനു ചുമത്തിയ സംഭാവന പിരിച്ചെടുത്ത് ആകെത്തുകയായ രണ്ടായിരം വെള്ളിദ്രഹ്മ പാപപരിഹാരബലിയായി യറുശലേമിലേക്ക് അയച്ചുകൊടുത്തു. – ഉയിർത്തെഴുന്നേൽപിന് അവൻ യഥാർഹമായ പരിഗണന കൊടുത്ത ഉചിതവും യോഗ്യവുമായ കൃത്യം എന്തെന്നാൽ മൃതന്മാർ ഉയിർക്കുമെന്ന പ്രത്യാശ ഇല്ലായിരുന്നെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് മൗഢ്യവും വ്യർത്ഥകവുമാകുമായിരുന്നു. എന്നാൽ ദൈവഭക്തിയോടുള്ള മരണം മരിക്കുന്നവർക്ക്, സംവരണം ചെയ്തിട്ടുള്ള അത്ഭുത പ്രതിഫലം അവൻ ലക്ഷ്യംകൊണ്ടതിനാൽ അവന്റെ ഉദ്ദേശ്യം വിശുദ്ധവും ഭക്തിക്കു ചേർന്നതുമായിരുന്നു. തന്മൂലമാണ് മരിച്ചവരെ അവരുടെ പാപങ്ങളിൽനിന്ന് മുക്തരാക്കുവാൻ അവൻ പാപപരിഹാര ബലി അർപ്പിച്ചത് (അപ്പോ. 2:69).

10. വിശ്വാസികളായ മരിച്ചുപോയവരോട് കരുണചെയ്യണമെ എന്നാണ് വിശ്വാസികൾ പ്രാർത്ഥിപ്പാൻ സഭ കല്പിക്കുന്നത്. ഇപ്രകാരം ചെയ്യുന്നത് താൻ കരുണചെയ്യുമെന്നുള്ള പരിപൂർണ്ണമായ ഉറപ്പിന്മേലാണ്. വി. വേദപുസ്തകം അതിന് പല സാക്ഷ്യങ്ങൾ നൽകുന്നു. ജീവിച്ചിരിക്കുന്നവരുടെയും മരിച്ചുപോയവരുടെയും കർത്താവ് ദൈവമാകുന്നു. നാം ജീവിക്കുന്നുവെങ്കിലും മരിക്കുന്നുവെങ്കിലും കർത്താവിനുള്ളവർതന്നെ. മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവാകേണ്ടതിനല്ലോ ക്രിസ്തു മരിക്കുകയും ഉയിർക്കുകയും ചെയ്തത് (റോ. 14:8–9). ആകയാൽ ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും നാഥനായ കർത്താവ് ജീവിച്ചിരിക്കുന്നവരോടു കരുണചെയ്യുമെങ്കിൽ മരിച്ചവരോടും കരുണ ചെയ്യും. രൂഥിന്റെ പുസ്തകം 2:20–ൽ പറയുന്നത് കർത്താവ് ജീവനുള്ളവരോടും മരിച്ചവരോടും ദയചെയ്യുന്നവനാണ് എന്നാണ്. വി. ദാവീദ് 88–ാം സങ്കീർത്തനത്തിൽ പറയുന്നു. നീ മരിച്ചവർക്ക് അത്ഭുതങ്ങൾ കാണിച്ചുകൊടുക്കും. മൃതന്മാർ എഴുന്നേറ്റു നിന്നെ സ്തുതിക്കും. അവർ ശവക്കുഴിയിൽ നിന്റെ കൃപയെയും വിനാശത്തിൽ നിന്റെ വിശ്വസ്തതയെയും വർണ്ണിക്കും എന്നാണ്. (ഇതിന് മലയാള വേദപുസ്തകത്തിൽ നേരെ വിപരീതാർത്ഥം വരുന്ന കൊടുക്കുമോ? സ്തുതിക്കുമോ? വർണ്ണിക്കുമോ? എന്ന വാക്കുകൾ ആണ്!) ഇതിൽനിന്നും ശവക്കുഴിയിലും അതായത് മരിച്ചവരോടും

ദൈവം കരുണ ചെയ്യുമെന്നു തെളിയുന്നു. നമ്മുടെ കർത്താവിന്റെ പാതാളപ്രവേശനവും (1 പത്രോ. 3:19) മരിച്ചവരോടുള്ള തന്റെ ദയയെ കാണിക്കുന്നു. ഇങ്ങനെയിരിക്കെ-പൊതുവായ ന്യായവിധി ദിവസംവരെ കൃപയുടെ കാലമായി താൻ നിശ്ചയിച്ചിരിക്കെ-മരിച്ച വരോട് താൻ കരുണചെയ്യുമെന്നത് വി. വേദതെളിവുകൾ ഉള്ള സ്ഥിതിക്ക് മരിച്ചവരോടു കരുണ ചെയ്യണമെ എന്നു നാം പ്രാർത്ഥി ക്കുന്നതിൽ എന്തു തെറ്റ് ആർക്ക് കാണുവാൻ സാധിക്കും?

11. ഇതിനുംപുറമെ നമ്മുടെ കർത്താവ് കാണിച്ച ദൃഷ്ടാന്തവും നമ്മുടെ പരേതരെ നാം വിസ്മരിക്കാതെ അവരോടുള്ള കടമ നിർവ്വഹിക്കണമെന്നുള്ളതാണ്. നമ്മുടെ കാർത്താവ് മനുഷ്യ നായി ജനിച്ചതും നോമ്പുനോറ്റതും തന്നത്താൻ ബലിയായി നൽകിയതും പാതാളത്തിലേക്കിറങ്ങി പ്രസംഗിച്ചതും ഉയിർത്തെഴു ന്നേറ്റ് സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലതുഭാഗത്തിരു ന്നുകൊണ്ട് മധ്യസ്ഥത പറയുന്നതുമായ തന്റെ സകല നടപടികളും ആദ്യംമുതൽ അവസാനനാൾവരെയുള്ള സകലമനുഷ്യർക്കും വേണ്ടിയാണ്. താൻ ഇവയൊക്കെ പ്രവർത്തിച്ചതും പ്രവർത്തിക്കു ന്നതും... സകലമനുഷ്യർക്കും കുറ്റമില്ലാത്തതും കുറവില്ലാത്തതു മായ ഒരു നല്ല ദൃഷ്ടാന്തം നൽകുവാനും ആണ്. ആകയാൽ പൂർണ്ണ സ്നേഹത്തിന്റെ ലക്ഷണപ്രകാരം നാമും താൻ കാണിച്ചിരിക്കുന്ന പ്രകാരം ആദാംമുതലുള്ള സകലമനുഷ്യരുടെയും രക്ഷയ്ക്കു വേണ്ടി ആഗ്രഹിക്കുകയും അപേക്ഷിക്കുകയും ചെയ്യേണ്ടവരാ കുന്നു (മതസംഗതി). നമ്മുടെ കർത്താവ് മരിച്ചവർക്കും ജീവനുള്ള വർക്കുംവേണ്ടി തന്റെ പരസ്യശുശ്രൂഷ നടത്തിയതുപോലെ തന്റെ അവയവങ്ങളായ നാമും നമ്മുടെ പ്രാർത്ഥനകൾ ജീവിച്ചിരിക്കുന്ന വർക്കുവേണ്ടിയും മരിച്ചുപോയവർക്കുവേണ്ടിയും അർപ്പിക്കേണ്ട താകുന്നു.

12. പരേതർക്കുവേണ്ടി അവരുടെമേൽ ദൈവം കരുണ ചെയ്വാൻ നാം പ്രാർത്ഥിക്കുന്നതുമൂലം അവർക്ക് രക്ഷയ്ക്കുള്ള ആശ വർദ്ധിക്കുകയും പാപങ്ങൾ മോചിക്കപ്പെട്ട് ആശ്വാസം ലഭിക്കു കയും ചെയ്യുന്നതാകുന്നു എന്ന് വിശുദ്ധസഭ പഠിപ്പിക്കുന്നു. ആകയാൽ നമുക്ക് പരേതരോടുള്ള പ്രധാനകടമ അവർക്കുവേണ്ടി നാം പ്രാർത്ഥിക്കണമെന്നുള്ളതാകുന്നു. ഈ ചുമതല നാം നിർവ്വ ഹിക്കാതിരിക്കുന്ന പക്ഷം നമ്മുടെ പരേതരുടെ മുമ്പിൽവച്ച് ദൈവ തിരുസന്നിധിയിൽ നാം കണക്കു കൊടുക്കേണ്ടിവരുന്നതാണ്. അവർക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നതിനും പുറമെ ഉപവസിക്കു

ന്നതും പ്രയോജനകരമാണ്. പഴയനിയമകാലത്തും ഈ നടപ്പുണ്ടായിരുന്നു. അവരുടെ അസ്ഥികളെ അവർ എടുത്ത് യാബോശിലെ ചിപുലവൃക്ഷത്തിന്റെ ചുവട്ടിൽ കുഴിച്ചിട്ട് ഏഴു ദിവസം ഉപവസിച്ചു. അവർ ശൗലിനെയും യോനാഥനെയും യഹോവയുടെ ജനത്തെയും ഇസ്രയേൽ ഗൃഹത്തെയുംകുറിച്ച് അവർ വാളാൽ മരിച്ചതുകൊണ്ട് വിലപിച്ചുകരഞ്ഞ് സന്ധ്യവരെ ഉപവസിച്ചു. വീണ്ടും അവരുടെ ഓർമ്മ ദിവസങ്ങളിൽ നമ്മുടെ കർത്താവിന്റെ ബലിയെ ഓർമ്മിച്ച് കൃപ യാചിക്കുന്നതായ വി. കുർബാന അവർക്കുവേണ്ടി നാം അർപ്പിക്കേണ്ടതാകുന്നു. പഴയനിയമകാലത്തും യീഹൂദാ മക്കാബി സ്വജനത്തിൽ ഹതരായവർക്കുവേണ്ടി ബലി അർപ്പിക്കുവാനായി വഴിപാടു സമർപ്പിച്ചതായി 2 മക്കാബി 12:42-45-ൽ തെളിഞ്ഞുകാണുന്നുണ്ട്. നമ്മുടെ പരേതരെപ്രതി ദാനധർമ്മങ്ങൾ കഴിക്കുന്നതും അവർക്ക് അനുഗ്രഹകാരണമാണ്. ദാനിയേൽ ദീർഘദർശി പറയുന്നതു കേൾക്കുക; നീതിയാൽ പാപങ്ങളെയും ദരിദ്രരോട് കൃപകാണിക്കുന്നതിനാൽ അകൃത്യങ്ങളെയും പരിഹരിച്ചുകൊള്ളുക. (4:27) ദാനധർമ്മങ്ങൾ ദൈവതിരുസന്നിധിയിൽ എത്തുന്നുവെന്നതിന് കൊർന്നല്യോസിനോട് ദൈവദൂതൻ പറയുന്നത് ഒരു വലിയ തെളിവാണ്. നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു (പ്രക് 10:4).

13. ആദിമക്രിസ്ത്യാനികൾ എന്തുചെയ്തിരുന്നുവെന്ന് പരിശോധിക്കാം. 2-ാം നൂറ്റാണ്ടിൽ തെർത്തുല്യൻ പറയുന്നു: ഞങ്ങൾ സംവത്സരത്തിലൊരിക്കൽ മരിച്ചവർക്കുവേണ്ടി വി. ബലി അർപ്പിക്കുന്നു എന്ന്. ഈ പതിവ് ഇന്നു വി. സഭയിൽ വലിയനോമ്പാരംഭത്തിനു മുമ്പുള്ള ഞായറാഴ്ച എല്ലാ മരിച്ചവരുടെയും ഓർമ്മ കഴിക്കുന്ന ഞാറാഴ്ചയായി നിലനിന്നുവരുന്നു. നമുക്കു മുൻപായി വാങ്ങിപ്പോയ എല്ലാവർക്കുംവേണ്ടിയാണ് വി. കുർബാന അർപ്പിക്കുന്നതെന്ന് യറുശലേമിലെ വി. കുറിലോസ് പറയുന്നു. വി. ഗ്രീഗോറിയോസ്, കർത്താവേ, സമാധാനത്തോടെ നിദ്രകൊള്ളുന്ന ആത്മാക്കളുടെ ഓർമ്മയ്ക്കായി ഞങ്ങൾ താഴ്മയോടെ നിനക്കർപ്പിക്കുന്ന ഈ കുർബാന കരുണയോടെ സ്വീകരിക്കണമെ. ഞങ്ങളുടെ ഭക്തിപരമായ ഈ നടപടിമൂലം ഞങ്ങൾക്ക് പ്രയോജനമുണ്ടാകുവാനും, പരേതർക്ക് നിത്യമായ ആനന്ദമുണ്ടാകുവാനും കർത്താവേ! കൃപ ചെയ്യണമെ എന്നു പ്രാർത്ഥിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ പുരാതന സഭക്കാരെന്നു പറയപ്പെടുന്ന മറ്റുള്ളവരും ഒന്നാം നൂറ്റാണ്ടു മുതലുള്ള ഈ ആചാരം നിലനിർത്തുന്നു.

14. പ്രോട്ടസ്റ്റന്റ് സമുദായങ്ങളുടെ ആവിർഭാവത്തോടുകൂടിയാണ്, പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന നിരർത്ഥകമാണെന്നുള്ള വാദം ഉണ്ടായത്. എന്നാൽ താഴെപറയുന്ന തെളിവു നോക്കുക. ആഗ്ളേയരുടെ പ്രാർത്ഥനാ ക്രമത്തിൽ (Book of Common Prayers) നിന്നും കർത്താവേ നിന്റെ നിത്യവും ശാശ്വതവുമായ മഹത്വത്തിൽ ഞങ്ങൾക്കും നിന്റെ തിരുനാമത്തിലുള്ള സത്യവിശ്വാസത്തോടുകൂടി വാങ്ങിപ്പോയിട്ടുള്ളവർക്കും ആത്മാവിലും ശരീരത്തിലുമുള്ള പൂർണ്ണ ആനന്ദം അനുഭവിപ്പാൻ സംഗതിയാക്കണമെ. (പു. 198) വീണ്ടും. "The dead are free from temptation and from sin, (റോ. 6:7) St. Matt. 22:32; Heb 12:1, 23 re. 6:9-11 imply that they are conscious: not as some have supposed-asleep. They live in comfort and peace, (Rev. 14:13) They are united with our Lord. (1 തെ. 4:14, 1 കൊ. 5:8, ഫിലി. 1:23) II Tim 1:18 is probably a prayer for the dead. It has been practised in every part of the Church and in every age. It has never been rejected by the Church of England and even the Civil Courts have recognised that it is lawful, It is implied in the Prayer Book and is quite explict in the Revised Prayer Book of 1928, in then Liturgy and in the funeral Service and in other places. (Christian faith) of Common Prayer)

"The value and importance for the faithful had been part of the bequoted with approval the example of Judas Maccabees.......... And they remember before God, their departed with the living at every Mass and also to offer frequently then holy sacrifice with the special intention of the welfare and advancement of those souls. By holy Communion we are renewed in our spiritual union with the departed, who like ourselves are in Christ and live by his life, being still members of his mystical body (King's Highway 255)

15. ബെസ്പൂർക്കാനാ (Purgatory)

ഇതു റോമാസഭയ്ക്കു മാത്രമുള്ള ഒരു വിശ്വാസമാണ്. ട്രെന്റ് സുന്നഹദോസ് മുതൽ അതു വിശ്വാസ സത്യമായി അവർ അംഗീകരിച്ചു. നാം മരിക്കുമ്പോൾ സ്വർഗ്ഗത്തിനർഹരല്ലാത്തതിനാൽ ശുദ്ധീകരണം ആവശ്യമാണെന്നും അതു വളരെ ദണ്ഡനം നിറഞ്ഞതാണെന്നും നരകംപോലെ നിത്യമല്ല എന്ന ഒരു വ്യത്യാസം മാത്രമെയുള്ളൂ എന്നുമാണ് ചുരുക്കം. റോമാസഭയും അംഗീകരിക്കുന്ന സഭാപിതാക്കന്മാരുടെ പ്രാർത്ഥനകളിൽ ഇതു സംബന്ധമായി അശേഷവും പറയുന്നില്ല-സമാധാനത്തിൽ നിദ്രകൊള്ളുന്ന

ആത്മാക്കൾക്കുവേണ്ടി അവർക്ക് ആനന്ദം നൽകുവാൻ ആണ് എല്ലാ പ്രാർത്ഥനയും (കുർബാനതക്സാ-തെർത്തുല്യൻ-നോട്ട് 165). റോമാസഭയുടെ കുർബാനതക്സാകൾ പരിശോധിച്ചതിൽ ദണ്ഡന സ്ഥലവുമായി ഒട്ടും ബന്ധമില്ലാത്ത 63 പ്രാർത്ഥനകളാണ് പണ്ഡി തന്മാർക്കു കാണാൻ കഴിഞ്ഞത്. ആശ്വാസം നൽകണമെ, ശത്രു വിന്റെ കൈയിൽ ഏല്പിക്കരുതെ, എന്നേക്കും വിസ്മൃതരാകരുതെ, നിത്യശിക്ഷ അനുഭവിക്കാതെ നിത്യാനന്ദം പ്രാപിക്കണമെ, പാപ മോചനവും നിത്യജീവനും ലഭിക്കണമെ, വിശുദ്ധരോടുള്ള ബന്ധം, അബ്രഹാം ഇസഹാക്ക് യാക്കോബ്-മടിയിൽ-ഇങ്ങനെയുള്ള പ്രാർത്ഥനകളല്ലാതെ ഒന്നും അവർക്കു കാണാൻ കഴിഞ്ഞില്ല. (ടി.165)

16. നമ്മുടെ പ്രാർത്ഥനകൾകൊണ്ട് ദൈവകരുണക്കർഹരാകു ന്നവർ 1. സത്യ വിശ്വാസികളായിരുന്ന് നിദ്ര പ്രാപിച്ചവർ 2) ദൈവ കൃപയ്ക്കു യോഗ്യരായിരുന്നവർ 3) മരണത്തിനല്ലാതെ പാപങ്ങൾ ചെയ്തുപോയിട്ടുണ്ടെങ്കിലും മിശിഹായാൽ സ്ഥിരമായ വിശ്വാസ ത്തോടെ കൃപയ്ക്ക് അർഹരായി നടന്നവർ, എന്നാൽ പ്രയോ ജനം വരാത്തവർ-മിശിഹായിൽ വിശ്വാസം ഇല്ലാതെയും ദൈവ കൃപയ്ക്കു യോഗ്യരല്ലാതെയും മരിച്ചുപോകുന്നവർക്കുവേണ്ടി നിത്യം കുർബാന ചൊല്ലിക്കയും തങ്ങളുടെ സമ്പത്തു മുഴുവനും ദരിദ്രരെ തീറ്റുകയും ചെയ്താലും അവർക്കു യാതൊരു പ്രയോജ നവും ഉണ്ടാകുന്നതല്ല (മതസം). വേദവിപരീതികൾക്കുവേണ്ടി കുർബാന അർപ്പിക്കുന്നത് ഒട്ടും ന്യായമല്ല (കാനോൻ). മറ്റുള്ളവർ പ്രാർത്ഥിച്ചുകൊള്ളുമല്ലോ എന്നു കരുതി ജഡമയനായി ഒരുവൻ നടന്നാൽ ആയതു മരണത്തിനുള്ള പാപമാകയാൽ... അവൻ കൃപയ്ക്കു യോഗ്യനാകയില്ല (സങ്കീ.109:14 യറ. 15: 1,16). കൃപയറ്റ വനും ആകുന്നു.

17. ശവസംസ്കാരം ഉയിർപ്പിനെക്കുറിച്ചുള്ള പ്രത്യാശയോടെ മരണത്താൽ ആത്മാവും ശരീരവും തമ്മിൽ വേർതിരിക്കുകയും ശരീരം പൂഴിയായിത്തീരുകയും ചെയ്യുന്നു. എങ്കിലും അന്ത്യദിന ത്തിൽ ശരീരം ഉയിർക്കുകയും ആത്മാവും ശരീരവും ഒന്നിച്ചു ചേർന്ന് അക്ഷയത്വം ധരിക്കുകയും നിത്യശിക്ഷയൊ അനുഭവിക്കു കയും ചെയ്യുന്നതാകുന്നു (ഏശാ. 26:19; ദാനി. 12:2; യോഹ. 5:28; റോ. 6:5; 1 കൊരി. 15:13). ഇപ്രകാരമല്ലാതെ ചില വേദവിപരീതിക ളെപ്പോലെയും (സീമോൻ, കർദൂൻ, മർക്കിയാൻ, ബർദൈസാൻ, മാനി, നവാദി) നീതിമാന്മാർക്കു മാത്രമെ ഉയിർപ്പുള്ളൂ എന്നോ, ആത്മാവ് ഒരു ശരീരത്തിൽനിന്ന് വേറൊരു ശരീരത്തിലേക്കു പ്രവേ ശിക്കുകയാണ് എന്നോ വിശ്വസിക്കുവാൻ പാടില്ലാത്തതാകുന്നു.

മനുഷ്യൻ ശരീരത്തോടിരിക്കുമ്പോൾ ചെയ്യുന്ന നന്മയ്ക്കും തിന്മയ്ക്കും ഉയിർപ്പിനുശേഷം പ്രകൃതി വ്യത്യാസത്തോടുകൂടിയെ ങ്കിലും ശരീരത്തോടുകൂടെത്തന്നെ ഭാഗ്യമൊ ശിക്ഷയൊ അനുഭവി ക്കേണ്ടതാകുന്നു. ആകയാൽ മൃതശരീരങ്ങൾ പ്രാർത്ഥനകൂടാതെ കുഴിച്ചിടുന്നത് യോഗ്യമല്ല. നാം ഉയിർപ്പിൻ പ്രത്യാശയുള്ളവരാ കുന്നു (1. തെസ്സ. 4:13). ക്രിസ്ത്യാനികളുടെ കുട്ടികൾ മാമൂദീസാ മുങ്ങാതെ മരിക്കുന്നതിനിടയായാൽ അവർ വിശ്വാസികളുടെ മക്കളാകകൊണ്ട് അവരെയും പ്രാർത്ഥനയോടെ കബറടക്കേണ്ട താകുന്നു (മതസംഗതി).

18. പരേതരോടുള്ള കടമകൾ 1) അവർക്കുവേണ്ടിയുള്ള പ്രാർത്ഥന. 2) അവർക്കുവേണ്ടി ഉപവസിക്കുക. 3) അവരുടെ ഓർമ്മ ദിവസ ങ്ങളിൽ നമ്മുടെ കർത്താവിന്റെ ബലിയെ ഓർമ്മിപ്പിച്ചു കൃപ യാചി ക്കുന്നതായ വി.കുർബാന കഴിപ്പിക്ക (ആവ. 32.6). ഹൂദായകാനോൻ 6:1 ൽ പറയുന്നു. പൗലോസ് കർത്താവ് 3-ാം ദിവസം ഉയിർത്തെ ഴുന്നേറ്റതുകൊണ്ടും പരേതരുടെ 3-ാം ദിവസവും ജീവനുള്ളവരു ടെയും മരിച്ചവരുടെയും ഓർമ്മയെപ്രതി 9-ാം ദിവസവും ജനം മോശയ്ക്കുവേണ്ടി വിലാപം നടത്തിയതനുസരിച്ച് 30-ാം ദിവസവും കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതിനെ പ്രതി 40-ാം ദിവസവും ആണ്ടു തികയുമ്പോഴും മസുമൂറുകളും പ്രാർത്ഥനകളും നിവർത്തി ക്കണം... ദരിദ്രന്മാർക്കു ധർമ്മം കൊടുക്കണം... എല്ലാ വിശ്വാസിക ളുടെയും ഓർമ്മ നടത്തുവാൻ നമുക്കു കടപ്പാടുണ്ട്. പരേതരുടെ വേലക്കാർ രണ്ടാമത്തെയൊ മൂന്നാമത്തെയൊ ദിവസം പള്ളിയിൽ വരികയും കുർബാന നടത്തുകയും മൃതദേഹസംസ്കാരം നടത്തിയ പുരോഹിതന്മാരെ ബഹുമാനിക്കുകയും ചെയ്യുന്ന പതിവുണ്ട് എന്ന് ഉറഹായിലെ മോർ യാക്കോബ് (കാനോൻ) പറയുന്നു. 4) അടിയ ന്തിരം കഴിക്കുക (കാ. 6:2).

15
വരുവാനുള്ള ലോകത്തിലെ പുതിയ ജീവൻ

കണ്ണുകളാൽ കണ്ടിട്ടില്ല-കാതുകളാൽ കേട്ടിട്ടില്ല-ചിത്തെ കല്പിച്ചിട്ടും-ഏതാദൃശ്യമായ ലോകം സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന പുത്രനല്ലാതെ മറ്റാരും സ്വർഗ്ഗത്തിലേക്കു കേറീട്ടില്ല എന്ന തിരുവചനപ്രകാരം സ്വർഗ്ഗത്തിന്റെ വിവരണം ആർക്കും സാദ്ധ്യമല്ല. പുതിയ നിയമം പ്രധാനമായി ഇക്കാര്യത്തിൽ നമ്മെ സഹായിക്കുന്നു.

ദൈവം സൃഷ്ടിച്ചു. ഉൽ. 1.3; അത് നിത്യം. 2 കൊ. 5-1; ദൈവത്തിന്റെ വാസസ്ഥലം - സിംഹാസനം (മത്താ. 6.9; അ.പ്ര. 7.48). ഇതിൽനിന്നും വിധികൾ പ്രസ്താവിക്കുന്നു (റോ. 1.32). ഉയിർത്ത ക്രിസ്തു മദ്ധ്യസ്ഥനായി ഇതിൽ പ്രവേശിച്ചു (എബ്രാ. 6-20). താൻ ഇതിൽ സർവ്വശക്തനാകുന്നു (മത്താ. 28.18). സ്വർഗ്ഗത്തിൽ സംഖ്യാതീതമായി ദൈവദൂതന്മാർ (മാലാഖമാർ) ഉണ്ട് (മത്താ 18.11; 24:36). അവർ 9 ഗണമാണെന്ന് വി.മോർ ഗ്രിഗോറിയോസ് ബാർ എബ്രായ പ്രസ്താവിക്കുന്നു.

1. മാലാഖെ 2. റീശൈ മാലാഖെ 3. റീശനുവോസേ

4. ശുൽത്തോനെ 5. ഹൈലെ, 6. മോറാവോസേ

7. ക്രൂബെ 8. മൗത്ത്ബേ 9. സ്രോഫെ

വിശുദ്ധരുടെ പേരുകൾ ഇവിടെ എഴുതപ്പെട്ടിരിക്കുന്നു ലൂ. 10-20; എബ്രാ. 12-23.

വിശുദ്ധർക്കു പ്രതിഫലം ലഭിക്കും മത്താ 5-12; 1 പത്രോ. 1.4-5.

പാപിയുടെ മാനസാന്തരത്തിൽ ഇവിടെ സന്തോഷമുണ്ട് ലൂ. 15-7. മാംസരക്തങ്ങൾ ഇതിനെ അവകാശിക്കയില്ല 1 കൊ. 15-50.

നിക്ഷേപം ഇവിടെ ആയിരിക്കണം- മത്താ. 6-20.

ഇതിലെ സന്തോഷത്തിന്റെ വിവരണം - വെളി. 7. 16,17

കളപ്പുര (മത്താ. 3-12) ക്രിസ്തുവിന്റെയും ദൈവത്തിന്റെയും വാക്യം എഫേ - 5:5/ പിതാവിന്റെ ഭവനം യോ. 14-2. ദുഷ്ടർക്കു ഇതിൽ പ്രവേശനമില്ല ഗലാ 5-21. എഫേ. 5-5 വെളി-22-15.

സ്വർഗ്ഗവാസികൾ മാലാഖമാരെപ്പോലെ എന്നു നമ്മുടെ കർത്താവ് കല്പിച്ചിരിക്കുന്നു. വെള്ളവസ്ത്രധാരിയുടെ തിരുമുമ്പിൽ മൂപ്പന്മാരുടെ ആരാധന.

സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർ ആർ? പ്രവേശിക്കാത്തവർ ആർ? എന്നുള്ള തിരുവചനങ്ങൾ പൂർവ്വോക്തമായിട്ടുണ്ടല്ലോ.

സ്വർഗ്ഗരാജ്യത്തിൽ പുതിയ ജീവൻ ഉണ്ട് എന്നറിഞ്ഞാലും പ്രത്യാശിച്ചാലും മാത്രം മതിയാകുകയില്ല. ആ രാജ്യപ്രവേശനത്തിനും വാസത്തിനും ആവശ്യമായവ ഇഹത്തിൽ നാമായിരിക്കുമ്പോൾ കരുതേണ്ടതാണല്ലോ! ഉദാഹരണം-ഗർഭലോകത്തിൽ കിടക്കുന്ന കുഞ്ഞിന് അവിടെ കണ്ണ്, മൂക്ക്. ചെവി, കൈകാലുകളുടെ വല്ല ആവശ്യവുമുണ്ടോ? കാണുന്നില്ല-കേൾക്കുന്നില്ല-എടുക്കുന്നില്ല-നടക്കുന്നില്ല എന്നാൽ

1. എന്നും ഗർഭലോകത്തു കഴിയേണ്ടവനല്ല; അവൻ.
2. ഒരു നിശ്ചിത കാലശേഷം ഭൂലോകത്ത് വരേണ്ടവനാണ്.
3. ഭൂലോകത്തുകൈകാലുകൾ മുതലായവ അത്യാവശ്യം.
4. ആ അത്യാവശ്യമായവ ഗർഭലോകത്തുവച്ചു സമ്പാദിക്കുന്നു. അങ്ങനെയെങ്കിൽ.

ഒരു നിശ്ചിത കാലശേഷം പരലോകത്തേക്കുപോകേണ്ടവൻ അവിടേക്കാവശ്യമുള്ളവ ഇവിടെവച്ച് സമ്പാദിക്കേണ്ടതല്ലേ? അതിനായി നമുക്കു രാപകൽ പ്രവർത്തിക്കാം.

കർത്താവിന്റെ വരവിനു കാത്തിരിക്കണം എന്നുള്ളതിനു കർത്താവ് ഉപമാരീതിയിൽ പഠിപ്പിച്ചിട്ടുണ്ട്. 10 കന്യകമാർ ഭവന വിചാരകൻ മുതലായ യജമാനൻ വരുമന്നേര-ത്തുണർവ്വുള്ളോരായിരുന്നാലുള്ള പ്രതിഫലം-പലപ്പോഴും നാം ഉപയോഗിക്കുന്ന ഗീതത്തിൽ കാണാമല്ലോ.

ആ വരവിൽ രണ്ടുപേർ-തിരുകല്ലിങ്കൽ-വയലിൽ-കട്ടിലിൽ എടുക്കപ്പെടും എന്തുകൊണ്ട്? ഒരേ ജോലിയിൽ കഴിയുന്ന ഒരാൾ ഉത്തരവാദിത്തബോധത്തോടെ പ്രവർത്തിക്കുന്നു.

☆

സുറിയാനി ഓർത്തഡോക്സ് സഭയുടെ

വിശുദ്ധ വിശ്വാസപ്രമാണം

ഓർത്തഡോക്സ് (സത്യവിശ്വാസ) വിശ്വാസത്തിന്റെ അടിത്തറ വിശ്വാസപ്രമാണമാണ്. അത് ദൈനംദിനം ഉരുവിട്ടു പ്രാർത്ഥിക്കുന്നതുകൊണ്ട് യാന്ത്രികത കുറേയൊക്കെ ബാധിച്ചിട്ടുണ്ട്. ആഴമായി പഠിക്കുകയും വിചിന്തന ധ്യാനം നടത്തുകയും ചെയ്യുവാൻ സഭാംഗങ്ങളെ പ്രേരിപ്പിക്കുവാൻ സഭ ഉത്സാഹിക്കേണ്ടതുണ്ട്. വിശ്വാസപ്രമാണത്തിലെ ഓരോ അക്ഷരവും മാറ്റിച്ചേർക്കുവാൻ സാധ്യമല്ലാത്തവിധം ദൈവാശ്രയത്തിൽ പരിശുദ്ധ പിതാക്കന്മാർ ക്രോഡീകരിച്ചിരിക്കുന്നു. പുതിയനിയമ ഗ്രന്ഥങ്ങൾ ക്രോഡീകരിക്കുന്ന കാലത്തിനു മുമ്പുതന്നെ (325-ൽ) വിശ്വാസപ്രമാണം ക്രോഡീകരിച്ചിരുന്നു. സഭയുടെ എല്ലാ വിശ്വാസ സംഹിതകളുടെയും ഉരകല്ല് വിശ്വാസപ്രമാണമാണ്.

ഈ പശ്ചാത്തലത്തിലാണ് ഈ കൃതിയുടെ ലഭ്യത ഉറപ്പാക്കുവാൻ മുൻകൈ എടുക്കുന്നത്. വന്ദ്യ കുര്യൻ കണിയാമ്പറമ്പിൽ ആർച്ച്കോർഎപ്പിസ്കോപ്പായുടെ അവസാന കൃതികളിൽ ഒന്നാണിത്.

FRIENDS OF ANTIOCH

Our Mission

Trust in God and the holy apostolic faith of the Syriac Orthodox Church.
firm unflinching loyalty to the Holy throne of Antioch, promote our rich traditions and customs and serve in Christ's love...

FAITH

Declare & promote our unshakable trust and faith in one true God and share with the world His love and life giving good news taught by the one holy and catholic Syriac Orthodox Church.

STUDY

Study and spread the exalted & praiseworthy Syrian Orthodox prayers traditions, rites and customs amongst the faithful which were hitherto not readily available to all.

SERVICE

To serve the society by upholding Christ's love and providing services to the less privileged brethren for the glorification of our Lord and the enrichment of our Christian life.

FRIENDS OF ANTIOCH

www.friendsofantioch.org [illegible] www.facebook.com/friendsofantioch